# PROCEEDINGS

# OF THE

# NINTH KERALA LEGISLATIVE ASSEMBLY

LIBRARY ARCHIVES Kerala Legislative Assembly

## ELEVENTH SESSION

**Wednesday, the 10th August 1994**

## OFFICIAL REPORT

VOLUME XCIII—No. 29

**Price: 50 P.**

©
Government of Kerala
2001

PRINTED BY
THE S.G.P. AT THE GOVERNMENT PRESS, ERNAKULAM—2001

## ഉള്ളടക്കം


പേജ്

I. ചോദ്യോത്തരങ്ങൾ:

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ .. 1

(ii) അടിയന്തിര ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 22

(iii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ .. 26

(vi) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളും ഉത്തരങ്ങളും .. 29

II. ചരമോപചാരം:

ശ്രീ. എ. എസ്. പുരുഷോത്തമന്റെ നിര്യാണം .. 80

III. അടിയന്തിരപ്രമേയം:

ന്യൂനപക്ഷങ്ങൾ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളെ സംബന്ധിച്ച പ്രശ്നാവലിക്ക് സുപ്രീംകോടതിയിൽ ഗവൺമെന്റ് നൽകിയ മറുപടി (അനുമതി നിഷേധിച്ചു.) .. 81

IV. ശ്രദ്ധക്ഷണിക്കൽ:

(1) അംഗൻവാടി വർക്കർമാർ, ഹെൽപ്പർമാർ, എന്നിവർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ—
ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ .. 103

(2) ശുദ്ധജലവിതരണ പദ്ധതികൾ അടിയന്തിരമായി പൂർത്തിയാക്കേണ്ടതിന്റെ ആവശ്യകത—
ശ്രീ. എ. സുജനപാൽ .. 107

V. സബ്മിഷൻ:

(1) പാച്ചല്ലൂർ ശ്രീ. ഭദ്രകാളി ക്ഷേത്രത്തിലെ കവർച്ച—ശ്രീ. ജോർജ് മസ്ക്രീൻ .. 111

(2) പ്രൈമറി ഹെൽത്ത് സെന്ററിന്റെ ശോച്യാവസ്ഥ—
ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി .. 112




LIBRARY ARCHIVES Kerala Legislative Assembly

പേജ്

(3) മയൂര സെക്യൂരിററീസ് ലിമിററഡ് എന്ന സ്ഥാപനത്തിലെ നിക്ഷേപകരെ വഞ്ചിച്ച് വൻതുക തട്ടിയെടുത്ത സംഭവം—ശ്രീ. ടി. കെ. രാമകൃഷ്ണൻ .. 113

(4) കാപ്പി കൃഷിക്കാർ നേരിടുന്ന ബുദ്ധിമുട്ടുകൾ—ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്ററർ .. 114

(5) വെളുത്തേടത്ത് നായർ 'സമുദായത്തെ പട്ടിക ജാതിയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം—ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ .. 116

(6) തിരൂർക്കാട് സ്വദേശി റംലത്തിൻെറ ദുരൂഹമായ മരണം—ശ്രീ. നാലകത്ത് സൂപ്പി .. 117

(7) ചാലിയാർ റഗുലേററർ-കം-ബ്രിഡ്ജിൻെറ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഫണ്ട്—ശ്രീ. സി. പി. ബാലൻ വൈദ്യർ .. 118

(8) കിളിമാനൂർ മണ്ഡലത്തിലെ 110 കെ. വി. സബ്സ്റേറഷൻെറ പണി—ശ്രീ. എൻ. രാജൻ .. 119

(9) കാലവർഷക്കെടുതികൾക്ക് സാമ്പത്തിക സഹായം—ശ്രീ. കെ. കെ. അബു .. 120

(10) അഗളി പഞ്ചായത്തിൽ ഭൂമിയിലുണ്ടായ വിള്ളൽ—ശ്രീ. കല്ലടി മുഹമ്മദ് .. 122

(11) ഒരുമനയൂർ ബ്ലോക്ക് നന്നാക്കണമെന്ന ആവശ്യം—ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ് .. 123

(12) ആലുവ ജല ശുദ്ധീകരണ പ്ലാൻറിലെ തകരാറ്—ശ്രീ. കെ. മുഹമ്മദാലി .. 125

(13) തളിപ്പറമ്പ് മുനിസിപ്പാലിററിയുടെ വികസനത്തിനാവശ്യമായ ഫണ്ട്—ശ്രീ. പാച്ചേനി കുഞ്ഞിരാമൻ .. 127

(14) പ്ലാൻേറഷൻ കോർപ്പറേഷനിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ—ശ്രീ. പി. ജെ. ജോയി .. 128

(15) കല്ലടിയാറിനു കുറുകെ പാലം—ശ്രീ. കെ. പ്രകാശ് ബാബു .. 129

(16) അദ്ധ്യാപകരുടെ ആവശ്യങ്ങൾ—ശ്രീ. എം. പി. താമി .. 130

(17) സിവിൽ സപ്ലൈസ് കോർപ്പറേഷൻ ജീവനക്കാരുടെ ആവശ്യങ്ങൾ—ശ്രീ. പി. രാജു .. 131

LIBRARY ARCHIVES Kerala Legislative Assembly

പേജ്

VI. പ്രളയക്കെടുതിയെപ്പററി റൂൾ 130 അനുസരിച്ച് ചർച്ചചെയ്യണമെന്ന ആവശ്യം—
ശ്രീ. വി. എം. സുധീരൻ .. 133

VII. മേശപ്പുറത്തുവച്ച കടലാസുകൾ .. 134

VIII. റിപ്പോർട്ട് സമർപ്പണം:

(i) 1994-ലെ കേരള സർവ്വേ–അതിരടയാള (ഭേദഗതി) ബില്ലിനെപ്പററിയുള്ള സബ്ജക്ട് കമ്മിററി റിപ്പോർട്ട് .. 135

(ii) പിന്നോക്ക സമുദായ ക്ഷേമസമിതിയുടെ മൂന്നാമത് റിപ്പോർട്ട് .. 135

IX. ധനകാര്യം:

1994–95-ലെ ബഡ്ജററിലേക്കുള്ള ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും .. 135

X. ക്രമപ്രശ്നം:

ഉപധനാഭ്യർത്ഥനകൾ ക്രമപ്രകാരമുള്ളവയാണോ എന്ന് .. 137

XI. റൂളിംഗ്:

ധനകാര്യം—തുടർച്ച .. 149


LIBRARY ARCHIVES Kerala Legislative Assembly

# കേരള നിയമസഭാ നടപടികൾ

## ഒൻപതാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

1994 ആഗസ്റ്റ് 10, ബുധൻ

വാല്യം XCIII] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 29

നിയമസഭ 1994 ആഗസ്റ്റ് 10-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. കെ. നാരായണക്കുറുപ്പിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കററിൽ കാണിച്ചിരിക്കുന്നു.)

### (i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ,.. ....ഓർഡർ........ചോദ്യം 355

### കുടിയേററ കൃഷിക്കാർക്ക് നൽകുന്ന പട്ടയത്തിന് നിയമപരമായ കൈമാററ അവകാശം നൽകാൻ നടപടി

* 1 [355] ശ്രീ. ജോണി നെല്ലൂർ:
,, ടി. കെ. രാമകൃഷ്ണൻ:
,, മാത്യു സ്ററീഫൻ:
,, എം. സി. ചെറിയാൻ:
,, പി. എം. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുങ്ങണ്ടത്തുവച്ച് ഉദ്ഘാടനം ചെയ്യപ്പെട്ട മലയോര കർഷകർക്കുള്ള പട്ടയ വിതരണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

2/414—1.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പട്ടയ വിതരണത്തിനായി എത്ര ഹെക്ടർ ഭൂമിയുടെ ജോയിൻറ് വെരിഫിക്കേഷൻ പൂർത്തിയാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; ഇതിൻെറ ജില്ല തിരിച്ചുള്ള ലിസ്ററ് മേശപ്പുറത്തുവയ്ക്കുമോ;

(സി) സംസ്ഥാനത്തെ കുടിയേററ കൃഷിക്കാർക്ക് നൽകുന്ന പട്ടയത്തിന് നിയമപരമായ കൈമാററ അവകാശം ഇല്ലെന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ പട്ടയം ലഭിച്ചിട്ടുള്ള കൃഷിക്കാർക്ക് ഭൂമി കൈമാററം ചെയ്യുന്നതിനുള്ള പൂർണ്ണ അധികാരം നൽകാൻ നടപടി സ്വീകരിക്കുമോ;

(ഇ) ഇതിനുവേണ്ടി പ്രത്യേക നിയമനിർമ്മാണം ആവശ്യമുണ്ടോ; എങ്കിൽ നിയമനിർമ്മാണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(എഫ്) ഇപ്പോഴ് നൽകുന്ന പട്ടയത്തിന് കൈമാററ അവകാശം ഇല്ലാത്തതിനാൽ ബാങ്കുകളിൽ നിന്നും വായ്പ എടുക്കാൻ കഴിയുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) കൃഷിക്കാർക്ക് വായ്പ ലഭിക്കുന്നതിനായി സർക്കാർ ഗ്യാരണ്ടി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ,

(എ) നടപടിക്രമങ്ങൾ പൂർത്തിയാക്കിയ അപേക്ഷകളിൻമേൽ പട്ടയവിതരണം നടന്നു വരികയാണ്. ഇതിനകം 17325 പേർക്ക് പട്ടയാനുമതി നൽകിയിട്ടുണ്ട്.

(ബി) മൊത്തം 58239.1955 ഹെക്ടർ ഭൂമിയുടെ സംയുക്ത പരിശോധന പൂർത്തിയാക്കിയതിൽ ആകെ 30915·69 ഹെക്ടറിന് അർഹത നിശ്ചയിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള ലിസ്ററ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) വായ്പ എടുക്കുന്നതിനായി ധനകാര്യ സ്ഥാപനങ്ങളിലും മററും പണയപ്പെടുത്താൻ ഇപ്പോഴത്തന്നെ വ്യവസ്ഥയുണ്ട്. എന്നാൽ ഭൂമി പൂർണ്ണമായി അന്യാധീനപ്പെടുത്താൻ ഇപ്പോഴ് വ്യവസ്ഥയില്ല.

(ഡി, ഇ) ഇക്കാര്യം ഗവൺമെൻറ് പരിഗണിക്കുന്നതാണ്. എന്നാൽ അതിലേയ്ക്ക് പ്രത്യേക നിയമനിർമ്മാണം ആവശ്യമില്ല.

(എഫ്) ഇല്ല.

(ജി) പട്ടയം ലഭിച്ച ഭൂമി ബാങ്കിൽ പണയം വച്ച് വായ്പ എടുക്കുന്നതിന് യാതൊരു തടസ്സവുമില്ല. അതിനു റൂളിൽത്തന്നെ വ്യവസ്ഥയുണ്ട്.

ശ്രീ. ജോണി നെല്ലൂർ: പട്ടയം കിട്ടിയ ഭൂമി കൈമാററം ചെയ്യുന്നതിന് നിയമനിർമ്മാണം ആവശ്യമില്ല എന്ന് ബഹുമാനപ്പെട്ട റവന്യു വകുപ്പുമന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അങ്ങനെയാണെങ്കിൽ മന്ത്രി ഇവിടെ വെളിപ്പെടുത്തിയിരിക്കുന്ന കണക്കനുസരിച്ച് ഇപ്പോഴ്

† ലൈബ്രറിയിൽ വെച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പട്ടയം കിട്ടിയിരിക്കുന്ന ആളുകൾക്ക് വളരെ അത്യാവശ്യഘട്ടങ്ങളിൽ പോലും ഭൂമി കൈമാററം ചെയ്യുന്നതിനുള്ള സാഹചര്യം ഇന്നില്ലാതായിരിക്കുന്നു. ഗവൺമെൻറിന് പരിഗണിക്കാവുന്നതേയുള്ളുവെന്ന് മറുപടിയിൽ പറയുന്നുണ്ട്. അങ്ങനെയെങ്കിൽ വളരെ അടിയന്തിരമായി പാവപ്പെട്ട ആളുകൾക്ക് അടിയന്തിര ഘട്ടങ്ങളിൽ കൈമാററം ചെയ്യുന്നതിനുള്ള അനുവാദം കൊടുക്കാൻ ഗവൺമെൻറ് തയ്യാറാകുമോ; അതിനുള്ള നിർദ്ദേശം കൊടുക്കുമോ?

ശ്രീ. കെ. എം. മാണി: നിയമനിർമ്മാണം ആവശ്യമില്ലായെന്ന് ഞാൻ പറഞ്ഞത് ബാങ്കിൽ പണയം വയ്ക്കുന്നതിനെ സംബന്ധിച്ചാണ്. അന്യാധീനപ്പെടുത്തുന്നതിനെ സംബന്ധിച്ചിടത്തോളം, കൈമാററ സ്വാതന്ത്ര്യം കിട്ടുന്നതിനെ സംബന്ധിച്ച് റൂളിൽ ഭേദഗതി ആവശ്യമാണ്. ഇതിനെക്കുറിച്ച് ഞാൻ മുൻപ് ഒരു അവസരത്തിൽ പറയുകയുണ്ടായി. ഇത് പ്രാരംഭ കാലഘട്ടമായതുകൊണ്ട് പട്ടയം കിട്ടിയ ഭൂമി എന്തെങ്കിലും അത്യാവശ്യ കാര്യത്തിനായി കൈമാറി അവർക്ക് നഷ്ടപ്പെടാൻ പാടില്ല എന്ന സദുദ്ദേശത്തോടുകൂടിയാണ് ഈ വ്യവസ്ഥ കൊണ്ടുവന്നത്. അൽപം കഴിയുമ്പോൾ ഈ വ്യവസ്ഥ മാററിക്കൊണ്ട് അവർക്ക് കൈമാററം ചെയ്യുന്നതിനുള്ള സ്വാതന്ത്ര്യം നൽകുന്നതിൽ വിരോധമില്ല. അതിനെപ്പററി ഗവൺമെൻറ് വളരെ ഗൗരവപൂർവ്വം ആലോചിക്കുന്നതാണ്.

ശ്രീ. ജോണി നെല്ലൂർ: പട്ടയവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന അസിസ്റ്റൻറ് ഓഫീസുകളുടെ പ്രവർത്തനത്തെ സംബന്ധിച്ച് അവിടെയിരിക്കുന്ന ഉദ്യോഗസ്ഥൻമാർക്ക് യാതൊരു താൽപര്യവുമില്ല എന്നുള്ള കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഈ ഓഫീസുകളിൽ അപേക്ഷയുമായി ചെല്ലുന്ന കൃഷിക്കാരോട് വളരെ മോശമായി പെരുമാറുകയും കൈക്കൂലിവരെ ചോദിക്കുകയും ചെയ്യുന്ന ഒരു സമ്പ്രദായം അവിടെ നിലനിൽക്കുന്നുണ്ട്. അത് ഇല്ലായ്മ ചെയ്യാൻ കർശനമായ നിർദ്ദേശം കൊടുക്കുമോ? അങ്ങനെയുള്ള ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. എം. മാണി: ഉദ്യോഗസ്ഥൻമാരുടെ ഭാഗത്ത് പൊതുവെ പറഞ്ഞാൽ അനാസ്ഥയില്ല. വളരെയധികം കഷ്ടപ്പാടുകൾ സഹിച്ച് അർപ്പണ ബോധത്തോടുകൂടി ഇടുക്കിയിൽ ഉദ്യോഗസ്ഥൻമാർ നിന്നതുകൊണ്ടാണ് ഇതിനോടകം 17,000-ൽപ്പരം ആളുകൾക്ക് പട്ടയ ഉത്തരവ് കൊടുക്കാൻ കഴിഞ്ഞത്. പക്ഷെ സമൂഹത്തിൽ അഴിമതിയുള്ളതുപോലെ ഉദ്യോഗസ്ഥമണ്ഡലത്തിൽ അഴിമതിയുള്ളതിൻെറ പ്രതിഫലനം ചില ഒററപ്പെട്ട കേസുകളിൽ ചിലപ്പോൾ കണ്ടേക്കാം. അങ്ങനെയുള്ള ഒററപ്പെട്ട കേസുകളെടുത്ത് ജനറലൈസ് ചെയ്യുന്നത് ശരിയല്ല. അങ്ങനെ ഒററപ്പെട്ട കേസുകളുണ്ടെങ്കിൽ അത് ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തിയാൽ ആ വിഷയത്തിൽ കർശനമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: കൈമാററം ചെയ്യാൻ പാടില്ല എന്നു മാത്രമല്ല അത് മാർക്കററിംഗിനും ഉപയുക്തമാക്കാൻ പാടില്ല എന്നുള്ള വ്യവസ്ഥയോടുകൂടിയാണ് ഇപ്പോൾ പട്ടയം നൽകിയിട്ടുള്ളത്. ആ സ്ഥിതിക്ക് ഇപ്പോൾ എവിടെ കൊടുത്താലും ഈ ഭൂമി ഈട് വച്ചാണ് ബാങ്കിൽ നിന്നും കടമെടുക്കുന്നത്. ഈ ഭൂമിയെ ആധാരമാക്കി പണം കൊടുക്കാൻ ബാങ്കിന് അധികാരം വേണം. അങ്ങനെ അധികാരമില്ലാത്തതിൻെറ ഫലമായി ഈ പട്ടയം ബാങ്കിൽ ഈടുവച്ച് പണം കടം വാങ്ങാൻ



LIBRARY ARCHIVES Kerala Legislative Assembly

നിവൃത്തിയില്ല. യഥാർത്ഥത്തിൽ ഒരു കടലാസ് കിട്ടിയെന്ന് അല്ലാതെ അതുകൊണ്ട് യാതൊരു പ്രയോജനവുമില്ല എന്നുള്ള കാര്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് അവസാനിപ്പിക്കാൻ എന്തു നടപടിയാണ് എടുത്തിട്ടുള്ളത്?

ശ്രീ. കെ. എം. മാണി: സംസ്ഥാന നിയമസഭ പാസാക്കിയ ഒരു നിയമത്തിൽ പറഞ്ഞിരിക്കുന്നതനുസരിച്ച് ഒരു റൂൾ നിർമ്മിച്ചു കഴിഞ്ഞാൽ അത് നിയമമാണ്. നിയമത്തിൽ പണയം വയ്ക്കാമെന്ന് പറഞ്ഞിട്ടുണ്ടെങ്കിൽ പണയം വച്ചാൽ നിയമപരമാണ്. അതിന് നിയമപരമായി പണമടച്ചില്ലായെങ്കിൽ നിയമപരമായിത്തന്നെ ബാങ്കുകാർക്ക് നടപടി സ്വീകരിക്കാവുന്നതാണ്. അതിൽ യാതൊരു തെററുമില്ല. ഞാൻ വളരെ വിനയത്തോടുകൂടി പറയട്ടെ—അതിന് യാതൊരു തടസ്സവുമില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഞാൻ വളരെ വിനയത്തോടുകൂടി ചോദിക്കട്ടെ—അങ്ങ് ഈ പറഞ്ഞതല്ല ശരി. അന്യാധീനപ്പെടുത്താൻ പാടില്ല, മാർക്കററിംഗിനും പാടില്ല എന്നുള്ള വ്യവസ്ഥയോടുകൂടിയാണ് പട്ടയം കൊടുത്തിട്ടുള്ളത്. അതിൻെറ കോപ്പി ഞാൻ കഴിഞ്ഞപ്രാവശ്യം കാണിച്ചു. ഇവിടെ പാസാക്കി എന്നു കരുതി ബാങ്കുകാർ കൊടുക്കുകയൊന്നുമില്ല. ബാങ്കുകാർക്ക് ഈ പണം ഈടാക്കാൻ കഴിയാത്ത ഭൂമി ഈടു വച്ചുകൊണ്ട് ചെന്നാൽ അവർ പണം കൊടുക്കുകയില്ല. അതാണ് ഇപ്പോഴത്തെ സ്ഥിതി. ഇത് മാററാൻ എന്തു നടപടിയെടുത്തു എന്നുള്ളതാണ് ചോദ്യം. അതിന് മറുപടി പറയാതെ നിയമമുണ്ട് എന്നു പറഞ്ഞിട്ട് കാര്യമില്ല.

ശ്രീ. കെ. എം. മാണി: റൂൾ 15 (2)-ൽ The assignee may mortgage the land to the Government, Co-operative institutions, Tea Board, Coffee Board or any other institutional credit agencies as security for obtaining loans for agricultural and land improvement purposes or construction or repair of houses under any housing scheme sponsored by Government or for the improvement of business of the assignee എന്ന് നിയമത്തിൽ പറഞ്ഞിരിക്കെ അതിൽ കൂടുതൽ എന്താണ് ചെയ്യേണ്ടത്? അവകാശം നൽകിയിരിക്കുകയാണ്. അങ്ങനെ അവകാശം നൽകിയിരിക്കുന്നതനുസരിച്ച് ബാങ്കിൽ പണയം വച്ചാൽ അതിനെതിരെ വായ്പ കുടിശ്ശിക വന്നാൽ ബാങ്കുകാർക്ക് അതിനെതിരെ നടപടിയെടുക്കാം. അതിൽ യാതൊരു സംശയവുമില്ല. അത് ഇൻഡ്യയാക്ടായിട്ടുള്ള ഗവൺമെൻറിൻെറ ഗ്യാരൻറിയാണ് Government is liable for that. അതിനെപ്പററി യാതൊരു വ്യത്യാസവുമില്ല, നിയമത്തെ സംബന്ധിച്ചിടത്തോളം യാതൊരു കുഴപ്പവുമില്ല. ബാങ്കിൽ പണയം വയ്ക്കാവുന്നതാണ്. പക്ഷെ ബാങ്കുകാർക്ക് പണയം കൊടുക്കുന്ന കാര്യത്തിൽ യാതൊരു ബുദ്ധിമുട്ടും ഇല്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: അത് ഹൗസിംഗിൻെറ കാര്യത്തിൽ ഉണ്ട് എന്നല്ലാതെ അതൊന്നും ഇതിൽപ്പെടുന്നില്ല. സഭയെ തെററിദ്ധരിപ്പിക്കരുത്. പാവപ്പെട്ട ആളുകൾ കടലാസും വച്ചുകൊണ്ട് അങ്ങോട്ടും ഇങ്ങോട്ടും ഓടി നടക്കുകയാണ് ചെയ്യുന്നത്. ഇടുക്കിയിലെ മെമ്പറോട് അങ്ങ് ചോദിച്ചാൽ മതി. അങ്ങയുടെ പാർട്ടിയിൽപ്പെട്ട ഒരാൾ ഇടുക്കിയിലുണ്ടല്ലോ. അദ്ദേഹത്തിനോട് ഒന്ന് അന്വേഷിക്കണം. അതുകൊണ്ട് ഇവർക്ക് ബാങ്കിൽ നിന്നും ഈടുവച്ച് പണമെടുക്കാൻ പററുന്ന രൂപത്തിൽ പട്ടയം കൊടുക്കാൻ എന്താണ് തടസ്സം?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി: ഇൻസ്റ്റിററ്യൂഷണൽ ക്രെഡിററ് ഏജൻസിയിൽ ഇതെല്ലാം വരും. ഒരു കുഴപ്പവുമില്ല.

ശ്രീ. മാത്യു സ്ററീഫൻ: അങ്ങ് ഇവിടെ പറഞ്ഞപ്പോൾ നിയമത്തിൽ ലോൺ കൊടുക്കുന്ന കാര്യത്തിൽ കുഴപ്പമില്ല എന്ന് എഴുതി വച്ചിട്ടുണ്ട് എന്ന് പറഞ്ഞത് ശരിയാണ്. പക്ഷെ നിയമത്തിൽ എഴുതി വച്ചിരിക്കുന്ന കാര്യങ്ങൾ നടപ്പിലാക്കുന്ന കാര്യത്തിൽ വളരെ കുററകരമായ അനാസ്ഥയാണ്. അവിടുത്തെ ബാങ്കുകാർ കാണിക്കുന്നത്. ബഹുമാനപ്പെട്ട ടി. കെ. രാമകൃഷ്ണൻ ചൂണ്ടിക്കാണിച്ച കാര്യം കൃഷിക്കാരൻ ലോൺ എടുക്കുന്നതിനുവേണ്ടി ബാങ്കുകാരെ സമീപിച്ചാൽ പട്ടയത്തിൽ ഹൈക്കോടതിക്ക് വിധേയമായിരിക്കുന്നുവെന്ന് എഴുതിയിരിക്കുന്നതുകൊണ്ട് ലോൺ കൊടുക്കാൻ സാധ്യമല്ല എന്ന് പറഞ്ഞുകൊണ്ട് തിരിച്ചു വിടുകയാണ് ചെയ്യുന്നത് എന്നാണ്. ആ ഒരു സത്യം അവിടെ നിലനിൽക്കുകയാണ്. അങ്ങ് മനസ്സാക്ഷിയനുസരിച്ച്, സത്യസന്ധമായി നിയമത്തിൽ എഴുതി വച്ചിരിക്കുന്നതിനോട് ഞാൻ എതിരല്ല. അങ്ങ് കാണിച്ച ആത്മാർത്ഥതയ്ക്ക് ഞാൻ എതിരല്ല. പക്ഷെ കൃഷിക്കാരിൽ ഒരാൾക്കുപോലും ഇന്നുവരെ ലോൺ എടുക്കാൻ കഴിയുന്നില്ല. അങ്ങനെ ലോൺ കൊടുക്കാത്ത ബാങ്കുകളുടെ പേരിൽ കർശനമായ നടപടി സ്വീകരിക്കാൻ ഗവൺമെൻറ് തയ്യാറാകുമോ?

ശ്രീ. കെ. എം. മാണി: ട്രാൻസ്ഫറബിൾ കേസുകളിൽ പോലും, പരിപൂർണ്ണമായി ട്രാൻസ്ഫർ ചെയ്യാൻ അവകാശമുള്ള ഭൂമി കൈവശമുള്ള ആൾ പോലും ചിലപ്പോൾ ബാങ്കിൽ അപേക്ഷിച്ചാൽ ബാങ്കുകാർ പണം കൊടുക്കുകയില്ലായെന്ന് വരാം. ബാങ്കുകാരെ സംബന്ധിച്ചിടത്തോളം എനിക്ക് അറിയില്ല. പക്ഷെ ഒരു കാര്യം, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഇതിൽ ഒരു കേസിലും ബാങ്കുകാർ പണം കൊടുക്കുന്നില്ലായെങ്കിൽ അതിനെപ്പററി അന്വേഷിക്കാം. ബാങ്കുകാർക്ക് വേണ്ട നിർദ്ദേശം ഗവൺമെൻറിൻെറ ഭാഗത്തുനിന്നും കൊടുക്കാം.

ശ്രീ. മാത്യു സ്ററീഫൻ: സി. എച്ച്. ആർ.-ൽ ഉൾപ്പെടുന്ന ഭൂമിക്കാണ് പട്ടയം കൊടുത്തിരിക്കുന്നത്. സി. എച്ച്. ആർ.-ൽ ഉൾപ്പെടാത്ത വാഴത്തോപ്പ്, കഞ്ഞിക്കുഴി, ഉടുമ്പന്നൂർ, വണ്ണപ്പുറം തുടങ്ങിയ പഞ്ചായത്തുകളിൽ വനവുമായി ബന്ധപ്പെട്ടുകിടക്കുന്ന ഭൂമിക്ക് പട്ടയം കൊടുക്കാൻ കഴിഞ്ഞിട്ടില്ല. ആ പ്രദേശങ്ങളിലെ അസൈൻമെൻറ് ഓഫീസുകൾ പോലും ഇപ്പോൾ അവിടെനിന്നും മാററിയിരിക്കുകയാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഈ കാര്യത്തിൽ പ്രത്യേകമായി താൽപ്പര്യമെടുത്ത് വനഭൂമിയുമായി ബന്ധപ്പെട്ടു കിടക്കുന്ന കൃഷിക്കാരൻെറ കൈവശമിരിക്കുന്ന ഭൂമിക്ക് പട്ടയം കൊടുക്കുന്നതിന് സമയബന്ധിതമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. എം. മാണി: ബഹുമാനപ്പെട്ട മെമ്പർക്ക് തന്നെ നിശ്ചയം കാണും. ബഹുമാനപ്പെട്ട മെമ്പർ വന്നുവെന്നാണ് എൻെറ ഓർമ്മ, ഞാൻ ഇടുക്കിയിൽ വന്നിട്ട് എം. എൽ. എ. മാരെ വിളിച്ചുവരുത്തി കളക്ടറേററിൽ വച്ച് കോൺഫറൻസ് കൂടി. അവിടെ വച്ച് ഫോറസ്ററ് ഭൂമിയെ സംബന്ധിച്ചിടത്തോളം അതിന് പട്ടയം കൊടുക്കുന്നതിനുള്ള സമയബന്ധിത പരിപാടി നിശ്ചയിച്ചതനുസരിച്ചുള്ള നടപടികൾ

നീങ്ങിക്കൊണ്ടിരിക്കുകയാണ്. സി. എച്ച്. ആർ.-ലെ ജോലി ഒട്ടുമുക്കാലും തീരുന്നതോടുകൂടി സി. എച്ച്. ആർ. അല്ലാത്ത ഫോറസ്റ്റ് ഭൂമിയിൽപ്പെട്ട 1-7-1977-ന് മുൻപുള്ള പ്രവേശനത്തെ സംബന്ധിച്ചിടത്തോളം പട്ടയം കൊടുക്കുന്നതിനുള്ള നടപടികൾ തീരുകയാണ്. അതിൽ ഒരു ബുദ്ധിമുട്ടും വരുന്നില്ല.

ശ്രീ. മാത്യു സ്റ്റീഫൻ: അങ്ങനെയാണെങ്കിൽ കഞ്ഞിക്കുഴിയിലും വനപ്രദേശങ്ങളിലും അസൈൻമെന്റ് ഓഫീസുകൾ നിർത്തിവച്ച്, ഉദ്യോഗസ്ഥൻമാർ അവിടെ നിന്നും പോയിക്കഴിഞ്ഞിരിക്കുകയാണ്. അതുകൊണ്ട് ആ സ്ഥലങ്ങളിലെ അസൈൻമെന്റ് ഓഫീസുകൾ നിർത്തിവയ്ക്കാതിരിക്കാനും, അസൈൻമെന്റ് കൃത്യസമയത്ത് നടത്താനുമുള്ള നിർദ്ദേശം കൊടുക്കണം.

ശ്രീ. കെ. എം. മാണി: ബഹുമാനപ്പെട്ട മെമ്പറുടെ നിയോജക മണ്ഡലത്തിൽപ്പെട്ട കഞ്ഞിക്കുഴി മാത്രമല്ല തൊടുപുഴ, വണ്ണപ്പുറം മുതലായ പ്രദേശങ്ങളിലെല്ലാം ഫോറസ്റ്റ് ഭൂമി കിടപ്പുണ്ട്. ഫോറസ്റ്റ് ഭൂമിയുടെ പട്ടയ നടപടി ത്വരിതപ്പെടുത്തുന്നതാണ്. അതിൽ ഒരു ആശങ്കയും വേണ്ട. ഈ നടപടി പൂർത്തീകരിക്കണമെന്നുണ്ടെങ്കിൽ ഫോറസ്റ്റ് ഭൂമിയുടെ പട്ടയം കൂടി കൊടുത്താലേ പറ്റുകയുള്ളൂ.

ശ്രീ. പി. ടി. തോമസ്: പട്ടയവിതരണത്തിൽ ഒരു ചെറിയ തകരാറുള്ളത് ചൂണ്ടിക്കാണിക്കാനാണ് ഞാൻ ആഗ്രഹിക്കുന്നത്. ഉദാഹരണമായി ആദിവാസികൾ കൈവശം വയ്ക്കുന്ന ഭൂമി, ആദിവാസിക്ക് 30 ഏക്കർ, 10 ഏക്കർ, 5 ഏക്കർ സ്ഥലമുണ്ടെങ്കിൽ അതിൽ ഒരു, രണ്ടേക്കർ സ്ഥലം നാട്ടുകാർക്ക് വിറ്റാൽ നാട്ടുകാരുടെ ഭൂമിക്ക് പട്ടയം കൊടുക്കുകയും ബാക്കിയുള്ള ആദിവാസിയുടെ കൈയിലിരിക്കുന്ന, മൂന്നേക്കർ സ്ഥലത്തിന് പട്ടയം കൊടുക്കാതിരിക്കുകയും ചെയ്യുന്ന സ്ഥിതിയുണ്ട്. ആദിവാസി സ്ഥലം വിൽക്കുമ്പോൾ പട്ടയത്തിനുള്ള എഗ്രിമെന്റ് നടക്കുന്നു; എന്നാൽ ആദിവാസിക്ക് കൊടുക്കുന്നില്ല. ഇത് വിരോധാഭാസമാണ്. അതുകൊണ്ട് നാട്ടുകാർക്ക് പട്ടയം കൊടുക്കുന്നതിനോടൊപ്പം തന്നെ ആദിവാസികളായ ആളുകളുടെ കൈവശഭൂമിക്കും പട്ടയം കൊടുക്കാനുള്ള നടപടി സ്വീകരിക്കുമോ; പട്ടയ കാര്യത്തിൽ വളരെ നല്ല കാര്യങ്ങൾ നടന്നിട്ടുണ്ട്; അതിനെ അഭിനന്ദിച്ചുകൊണ്ട് തന്നെ ഈ തെറ്റുകൂടി തിരുത്താൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. എം. മാണി: ആദിവാസികളുടെ ഭൂമിയ്ക്ക് ആദിവാസികളല്ലാത്ത ആളുകളെ സംബന്ധിച്ചിടത്തോളം അവർക്ക് പട്ടയം കൊടുക്കാൻ പാടില്ലായെന്നാണ് പൊതുവായ നിർദ്ദേശം. അതല്ലാതെ മറ്റ് ബുദ്ധിമുട്ടുകളില്ല.

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ: അങ്ങ് മലയോര കർഷകർക്ക് നൽകിയിട്ടുള്ള പട്ടയത്തിൽ പട്ടയം കൈമാറ്റം പാടില്ല എന്ന് എഴുതി വച്ചിട്ടുണ്ട്. കൈമാറ്റം പാടില്ല എന്ന് എഴുതിവച്ചാൽ ആ പട്ടയം കൊടുത്ത് ബാങ്കിൽനിന്ന് വായ്പ മേടിക്കാനൊക്കുകയില്ല. കാരണം വായ്പ തിരിച്ചടച്ചില്ലെങ്കിൽ ബാങ്കുകാർ ആർ. ആർ. നടപടി സ്വീകരിക്കണം. അതിന് സാധിക്കില്ല. കൈമാറ്റം പാടില്ല എന്നു പറയുന്ന ഭൂമിയിൻമേൽ ആർ. ആർ. നടപടി സ്വീകരിക്കാൻ ബാങ്കുകാർക്ക്

കഴിയില്ല എന്നുള്ളതുകൊണ്ട് ഇപ്പോൾ വായ്പ കൊടുക്കുന്നില്ല. അതിനാൽ അവർക്ക് വായ്പ കിട്ടത്തക്ക രീതിയിൽ, പട്ടയം കൈമാററം പാടില്ല എന്ന് കുറിച്ചുവച്ചിട്ടുള്ളത് പിൻവലിച്ചുകൊണ്ട് ഒരു ഉത്തരവ് ഇറക്കാൻ ഗവൺമെൻറ് തയ്യാറാകുമോ?

ശ്രീ. കെ. എം. മാണി: അത് പിൻവലിക്കേണ്ട കാര്യമില്ല. ഇതിനെ സംബന്ധിച്ചിടത്തോളം ഞാൻ വിശദീകരിച്ചു. കൈമാററം പാടില്ല, എന്നാൽ 'ബാങ്കുകളിൽ പണയം വയ്ക്കുന്നതും, ഒരു കൈമാററമാണ്; മോർട്ട്ഗേജ് ചെയ്യുന്നതും വേണമെങ്കിൽ കൈമാററമെന്നു പറയാം. ബാങ്കുകളിൽ പണയം വയ്ക്കുന്നതിനുവേണ്ടിയുള്ള കൈമാററം ആകാവുന്നതാണ്'; എന്നു ചേർക്കുക. പ്രത്യേകമായി ഒരു സബ്ക്ലാസ്സിൽ ചേർത്ത് പറയുന്നുണ്ട്. അതുകൊണ്ട് ഒരു ബുദ്ധിമുട്ടും ബാങ്കുകാരെ സംബന്ധിച്ചിടത്തോളം ഇല്ല. ബാങ്കുകാർ അറച്ചു നിൽക്കുന്നു എങ്കിൽ ബാങ്കുകാരുടെ ഒരു കോൺഫറൻസ് വിളിച്ചുകൂട്ടി അവർക്ക് വേണ്ട നിർദ്ദേശം കൊടുക്കാം. നിയമത്തിൽ അതിന് കുഴപ്പമില്ല. മറെറാരു കാര്യം, ട്രാൻസ്ഫർ ചെയ്യാൻ പൊതുവായിട്ടുള്ള അവകാശം നൽകിയിട്ടില്ല. അതിനെപ്പററി ഗവൺമെൻറ് ആലോചിക്കാം.

ശ്രീ. എ. കണാരൻ: കോഴിക്കോട് ജില്ലയിലെ വടകര താലൂക്കിൽ കാവിലമ്പാറ പഞ്ചായത്തിൽ തോട്ടക്കാട് എന്ന ഒരു പ്രദേശമുണ്ട്. 20 വർഷമായി 400 കുടുംബങ്ങൾ കൈവശം വച്ചുകൊണ്ടിരിക്കുന്ന ഭൂമിയാണ്. അവിടെ തെങ്ങ്, കവുങ്ങ് തുടങ്ങി എല്ലാമുണ്ട്. അവർക്ക് ഏററവും വേഗം പട്ടയം കൊടുക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു എന്നു പറയുന്നതല്ലാതെ ഇതുവരെ പട്ടയം കിട്ടിയിട്ടില്ല. അവിടെ ആളുകൾ കുടുംബസമേതം താമസിക്കുന്നുണ്ട്. അവർക്ക് പട്ടയം കൊടുക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. എം. മാണി: ഇങ്ങനെ ഇൻഡിവിഡ്യൂവൽ കേസ് എടുത്തു പറഞ്ഞാൽ ഒക്കുകയില്ല. അത് ചിലപ്പോൾ റവന്യു പട്ടയമായിരിക്കാം. മലബാറിനെ സംബന്ധിച്ചിടത്തോളം ജോയിൻറ് വെരിഫിക്കേഷൻ നടത്തി ദേശസാൽകൃത വനഭൂമിയിൽ 1-1-1977-ന് മുമ്പ് പ്രവേശിച്ചവരാണെന്ന് സംയുക്ത പരിശോധനയിൽ കണ്ടിട്ടുള്ള മുഴുവൻ ആളുകൾക്കും പട്ടയം കിട്ടും. ഈ പ്രദേശം അതിൽ ഉൾപ്പെടുമോയെന്നുള്ളത് നോക്കിയിട്ട് പറയാം.

ശ്രീ. കെ. രാഘവൻ മാസ്ററർ: മലബാർ മേഖലയിൽ പ്രത്യേകിച്ച് വയനാട് ജില്ലയിൽ ജോയിൻറ് വെരിഫിക്കേഷൻ ശരിയായ രീതിയിൽ നടന്നിട്ടില്ല. 1-1-1977-ലെ കൈവശത്തിൻെറ അടിസ്ഥാനത്തിലുള്ള വ്യക്തമായ ഒരു ജോയിൻറ് വെരിഫിക്കേഷൻ ഇതുവരെ വയനാട്ടിൽ നടന്നിട്ടില്ല. അതുകൊണ്ട് വയനാട്ടിൽ അർഹതപ്പെട്ട പലർക്കും പട്ടയം കിട്ടിയിട്ടില്ല. അതിനാൽ വയനാട് ജില്ലയിൽ പ്രത്യേകമായി ജോയിൻറ് വെരിഫിക്കേഷൻ നടത്താൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. എം. മാണി: മലബാർ മേഖലയിൽ ജോയിൻറ് വെരിഫിക്കേഷൻ നടന്നിട്ടുണ്ട്. ആകെ 2741 കേസ്സുകളിലായി 1567 ഹെക്ടർ ഭൂമിയാണ് 1-1-1977-ന് മുമ്പുള്ള പ്രവേശനമായി കണ്ടിട്ടുള്ളത്. ദേശസാൽകൃത വനഭൂമിയിൽ പ്രവേശിച്ച ആളുകളുടെ ലിസ്ററാണ് ഇത്. അതിൽ വയനാട്ടിൽ ആകെ അപേക്ഷിച്ചവർ 2013 പേർ. പരിശോധന നടത്തിയ 1195 കേസ്സുകളിൽ അർഹതപ്പെട്ട കേസ് ആയി കണ്ടിരിക്കുന്നത് 442 എണ്ണം മാത്രമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഡോ. കെ. സി. ജോസഫ്: വനഭൂമിയിൽ കുടിയേറിയ കർഷകർക്ക് പട്ടയം നൽകുന്നതിനുള്ള കേന്ദ്ര പരിസ്ഥിതി വകുപ്പിന്റെ ക്ലിയറൻസ് ലഭിച്ചത്, ഏതാനും നിബന്ധനകൾക്ക് വിധേയമായിട്ടാണ്. ആ ഉത്തരവിൽ ആ നിബന്ധനകൾ പാലിക്കപ്പെട്ടു എന്നുറപ്പ് വരുത്തിയശേഷമേ സ്ഥിരമായി അത് അനുവദിക്കുകയുള്ളു എന്നു രേഖപ്പെടുത്തിയിട്ടുണ്ട്. ഈ നിബന്ധനകൾ എത്രത്തോളം പാലിക്കാൻ ഇതിനോടകം നടപടി സ്വീകരിച്ചിട്ടുണ്ട്; എന്നത്തേയ്ക്ക് സംസ്ഥാന ഗവൺമെന്റ് ചെയ്യേണ്ട കാര്യങ്ങൾ പൂർണ്ണമായും പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ശ്രീ. കെ. എം. മാണി: നിബന്ധനകളെപ്പററി ഒരു തെററിദ്ധാരണ ഉദ്യോഗസ്ഥതലത്തിലുണ്ട്. ഉദ്യോഗസ്ഥതലത്തിലുള്ള കറസ്പോണ്ടൻസിൽ വന്ന തെററിദ്ധാരണയാണിത്. കണ്ടീഷൻസ് നൽകിയിട്ടുള്ളത് not a condition precedent but it is a condition subsequent .എന്നു പറഞ്ഞാൽ forest afforestation വേണം. 28,000 ഹെക്ടർ സ്ഥലം പട്ടയം കൊടുക്കണമെങ്കിൽ അതിനുപകരം വനഭൂമി വച്ചുപിടിപ്പിക്കണം. നമ്മൾ 10 കൊല്ലത്തെ സ്കീം ഇട്ടിരിക്കുകയാണ്. അപ്പോൾ അത് ചെയ്തിട്ടേ പട്ടയം ആകാവു എന്ന് ഒരിക്കലുമില്ല. അങ്ങനെ ചെയ്തിട്ടേയാകാവൂ എങ്കിൽ 10 കൊല്ലം കഴിഞ്ഞിട്ടേ പട്ടയം കൊടുക്കാനൊക്കുകയുള്ളു. കണ്ടിന്യൂവസ് ആയിട്ടുള്ള കണ്ടീഷൻസ് ആണ്. സബ്സിക്വൻറായിട്ടുള്ള കണ്ടീഷൻസ് ആണ്. അതാണ് കേരളാ ഗവൺമെൻറിന്റെ ഉറച്ച നിലപാട്. ചിലപ്പോൾ അങ്ങോട്ടുമിങ്ങോട്ടും ചില കത്തിനെ സംബന്ധിച്ച് താഴെയുള്ള ചില ഉദ്യോഗസ്ഥൻമാർ എഴുതുന്ന കത്തിൽ ചില ആശയക്കുഴപ്പങ്ങൾ വന്നുകാണും. പക്ഷേ ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം, ഞാൻ ഒന്നു പറയാം, ഡോ. കെ. സി. ജോസഫിന്റെ അറിവിനുവേണ്ടി. ഗ്രൗണ്ട് വെരിഫിക്കേഷൻ നടത്തണം, നടത്തിക്കഴിഞ്ഞു. Detailed map regarding individual possession വേണം. അതെല്ലാം നടത്തിയിട്ട് ഓരോ കേസ്സിലും ആപ്ലിക്കേഷൻ തരുമ്പോൾ മഹസ്സർ തയ്യാറാക്കും, ഇൻഡിവിഡ്യുവൽ മേപ്പ് ഉണ്ടാക്കും. It is a continuing process. അത് കണ്ടിന്യൂവിംഗ് പ്രോസസ് ആണ്; നടന്നുകൊണ്ടിരിക്കുകയാണ്. പെരിയാർ വൈൽഡ്‌ലൈഫ് സാങ്ച്വറിയിൽ കൊടുക്കാൻ പാടില്ല കൊടുക്കുന്നില്ല. Assignment shall be according to rules. റൂൾസ് അനുസരിച്ചാണ്. സോയിൽ കൺസർവേഷൻ അഗ്രോ ഫോറസ്ട്രി സ്കീം വേണം. ഇവിടെ ടൈംബൗണ്ട് പ്രോഗ്രാം ആണ്. നടത്തുന്നുണ്ട്. കോമ്പൻസേററി അഫോറസ്റേറഷൻ വേണം. 10 കൊല്ലംകൊണ്ട് നടത്തുന്നുണ്ട്. അതിനെ സംബന്ധിച്ചിടത്തോളം ഒരു സംശയവുമില്ല. പക്ഷേ ഇങ്ങനെ വന്നത്, ഏതോ ഒരു കത്ത് വന്നപ്പോൾ, നിങ്ങൾ ഇത് നടത്തിയിട്ടേ കൊടുക്കാവൂ എന്ന് അവിടെനിന്ന് ഒരു എഴുത്ത് വന്നിട്ടുണ്ട്, അതുകൊണ്ട് പട്ടയം കിട്ടിയിട്ടില്ല എന്നുള്ള വ്യാഖ്യാനമായി. ഞാൻ പറയുന്നത്, നമ്മൾ നിയമപരമായ, യുക്തമായ പ്രായോഗികമായ നിലപാട് എടുത്തുകൊണ്ട് സംസാരിക്കണം. കേരള ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം അസന്ദിഗ്ദ്ധമായി പറയട്ടെ, കണ്ടീഷൻസ് മുഴുവൻ പാലിക്കുന്നുണ്ട്. ആ കണ്ടീഷൻസ് പാലിക്കേണ്ടത് പാലിച്ചു. പ്രീസിഡൻറായിട്ടുള്ളത് പാലിച്ചു, സബ്സീക്വൻറ് കണ്ടീഷനെ സംബന്ധിച്ചിടത്തോളം പാലിച്ചുകൊണ്ടിരിക്കുകയാണ്. അതിൽ യാതൊരു തകരാറും ആ കാര്യത്തെ സംബന്ധിച്ചിടത്തോളമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇസ്ഹാക്ക് കുരിക്കൾ: 1-1-1977-ന് മുമ്പുള്ള കൈവശക്കാർക്ക് ജോയിൻറ് വെരിഫിക്കേഷൻ കഴിഞ്ഞതിനുശേഷം പട്ടയം നൽകുമെന്ന് മന്ത്രി പറഞ്ഞു. കോട്ടയം, ഇടുക്കി, പത്തനംതിട്ട ജില്ലകളിൽ പട്ടയം നൽകിക്കഴിഞ്ഞു. മലപ്പുറം ജില്ലയിൽ 1-1-1977-ന് മുമ്പ് പട്ടയഭൂമി കൈവശമുള്ള ആർക്കെങ്കിലും ഈ ഗവൺമെൻറ് പട്ടയം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ മലപ്പുറം ജില്ലയിലെ പാവപ്പെട്ട കുടിയേററ കർഷകർ ഉൾക്കൊള്ളുന്ന, മണ്ണിനെ പൊന്നാക്കിമാററുന്ന കർഷകർക്ക് പട്ടയം എന്നത്തേയ്ക്ക് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. എം. മാണി: ബഹുമാനപ്പെട്ട ഇസ്ഹാക്ക് കുരിക്കളിൻെറ വികാരത്തോട് ഗവൺമെൻറ് യോജിക്കുകയാണ്. പാവപ്പെട്ട കൃഷിക്കാർക്ക് പട്ടയം കൊടുക്കണം. അതിനുവേണ്ട ജോയിൻറ് വെരിഫിക്കേഷൻ പൂർത്തിയാക്കി കേന്ദ്ര ഗവൺമെൻറിൻെറ അനുമതിക്കായുള്ള നടപടി സ്വീകരിച്ചിരിക്കുകയാണ്. അനുമതി കിട്ടിക്കഴിഞ്ഞാൽ മലബാറിലെ കൃഷിക്കാർക്ക് പട്ടയം കൊടുക്കാൻ കഴിയും. അത് ഗവൺമെൻറ് കൊടുക്കും.

ശ്രീ. ടി. കെ. ഹംസ: ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞപ്പോൾ കൊടുക്കുന്ന പട്ടയം ബാങ്കിൽ പണയം വയ്ക്കുന്നതിന് കുഴപ്പമില്ല, കൈമാററം ചെയ്യാൻ പാടില്ല എന്നല്ലേ പറഞ്ഞത്. കൈമാററം ചെയ്യാൻ പാടില്ലാത്തത് എങ്ങനെയാണ് പണയം വയ്ക്കുന്നത്? പണയം വയ്ക്കുന്നത് എന്തിനാണ്? കടം വാങ്ങിയ സംഖ്യ ബാങ്കിൽ തിരിച്ചടച്ചില്ലെങ്കിൽ ആ പണയം വച്ച പ്രോപ്പർട്ടി സെയിൽ ചെയ്ത് ബാങ്കിൻേറതാക്കി മാററും. ഇത് കൈമാററം ചെയ്യാൻ പാടില്ല. It is a transfer. ബാങ്ക് സെയിൽ ചെയ്ത് ബാങ്കിൻേറതാക്കി മാററുന്നത് ട്രാൻസ്ഫർ അല്ലേ? ട്രാൻസ്ഫർ ചെയ്യാൻ പാടില്ല sale inalienable എന്നു പറഞ്ഞുകഴിഞ്ഞാൽ, പണയം വയ്ക്കാൻ നിങ്ങൾക്ക് വിരോധമില്ല. എന്നു പറഞ്ഞിട്ട് എന്താ കാര്യം? ബാങ്കിന് തൃപ്തിയാകണ്ടേ? സെയിൽ ചെയ്ത് എടുക്കാൻ . പററുന്നതാണെങ്കിലല്ലേ ബാങ്ക് എടുക്കുകയുള്ളു. പണയം വയ്ക്കുന്നതിൽ നിങ്ങൾക്ക് വിരോധമില്ലായെന്ന് പറഞ്ഞതുകൊണ്ട് കാര്യമില്ല. ബാങ്കിന് തൃപ്തിയാകണം. അത് inalienable property എന്നു പറഞ്ഞാൽ Bank would not be satisfied. അപ്പോൾ ട്രാൻസ്ഫർ ചെയ്യാൻ പാടില്ല എന്നുള്ള നിബന്ധന നീക്കാൻ കഴിയുമോ?

ശ്രീ. കെ. എം. മാണി: ഒരു അഭിഭാഷകൻകൂടിയായ ബഹുമാനപ്പെട്ട ഹംസയോട് ഇതിനൊരു മറുപടി പറയേണ്ടിവന്നതിൽ ദുഃഖമുണ്ട്. കണ്ടീഷണൽ ആണ് ഈ ഗവൺമെൻറിൻെറ റൂൾ 15. The land assigned under these Rules shall be heritable and shall not subject to sub-rule (2)............. രണ്ടാമത്തെ ഉപഖണ്ഡത്തിന് വിധേയമായ, അതൊഴിച്ചു alienable അല്ല. രണ്ടാമത്തെ ഉപക്ലാസ്സിൽ പറയുന്നത് ബാങ്കുകൾക്ക് പണയം വയ്ക്കാം, വായ്പ എടുക്കുന്ന കാര്യത്തിൽ വസ്തു ട്രാൻസ്ഫർ ചെയ്യാം. ഇത് കണ്ടീഷണലായിട്ടാണ് പറഞ്ഞിരിക്കുന്നത് nonalienable എന്ന്. ബാങ്കിൽനിന്ന് വായ്പ എടുക്കുന്നതിനുവേണ്ടി alienate ചെയ്യാം, പണയം വയ്ക്കാം. അത് നിയമത്തിൽ പറഞ്ഞുകഴിഞ്ഞാൽ പിന്നെ എന്താണ് കുഴപ്പം?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ഹംസ: കടം തിരിച്ചടച്ചില്ലെങ്കിൽ കോടതിയിൽ പോയതിനുശേഷം ഈ പ്രോപ്പർട്ടി കച്ചവടം നടത്തി ബാങ്കിന്റേതാക്കാൻ പററുമോ?

ശ്രീ. കെ. എം. മാണി: അതിനെ സംബന്ധിച്ചിടത്തോളം കോടതിയിൽ കേസ് വരുമ്പോൾ കോടതി തീരുമാനിക്കും. ഏലിയനബിൾ ആണെന്ന് തീരുമാനിക്കുന്നത് കോടതിയാണ്. സെക്യൂരിററി ആയിട്ട് കൊടുക്കാം എന്നു പറഞ്ഞാൽ Security property can be bound. അതിന് ഒരു കുഴപ്പവുമില്ല. കോടതി പറയും സെക്യൂരിററി പ്രോപ്പർട്ടി നിയമത്തിൽ ഉണ്ട്, പണയം വയ്ക്കാം എന്ന്. അതുകൊണ്ട് ആ ഭൂമി എടുക്കുന്നതിന്, അററാച്ച് ചെയ്യുന്നതിന്, ഇത് ഓക്ഷനു വയ്ക്കുന്നതിന് ഒരു വിഷമവുമില്ല.

ശ്രീ. മാമൻ മത്തായി: മലയോര കർഷകർക്ക് പട്ടയം കൊടുക്കുന്നത് സംബന്ധിച്ച് ഹൈക്കോടതിയിൽ കേസുകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആ കേസുകളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണ്?

ശ്രീ. കെ. എം. മാണി: ഹൈക്കോടതിയിൽ അഖില തിരുവിതാംകൂർ മലയോര സഭ ഒരു കേസ് കൊടുത്തിരുന്നു. അതിലാണ് ഈ പ്രഖ്യാപിത വന്യജീവി സംരക്ഷണ കേന്ദ്രങ്ങളിൽ പട്ടയം കൊടുക്കരുത്, ഹരിജൻ സെററിൽമെൻറ് കോളനിയിലും പട്ടയം കൊടുക്കരുത് എന്നുള്ള വിധി യുണ്ടായിട്ടുള്ളത്. അത് നമ്മൾ കൊടുക്കുന്നില്ല. രണ്ടാമത് ഇപ്പോൾ നേച്ചർ ലവേഴ്സ് മൂവ്മെൻറ് എന്നൊരു സംഘടന ഒരു കേസ് ഫയൽ ചെയ്തിട്ടുണ്ട്. ഒ.പി. നിലവിലുണ്ട്. ആ ഒ.പി.-യിൽ ഒരു വിധി വന്നത് നിങ്ങൾ പട്ടയം കൊടുത്തോ, കൊടുക്കുകയാണെങ്കിൽ ഒ.പി.-യിൽ അവസാന വിധിക്ക് വിധേയമായിരിക്കും എന്നൊരു ക്ലോസ്സുകൂടി പട്ടയ രേഖയിൽ എഴുതി ചേർക്കണമെന്ന് പറഞ്ഞു. അത് എഴുതി ചേർത്താണ് കൊടുക്കുന്നത്.

ശ്രീ. കെ. ബാബു: ഈ കുടിയേററ മേഖലകളിൽ സ്ഥാപിച്ചിട്ടുള്ള വിദ്യാലയങ്ങളും, അതുപോലെ ദേവാലയങ്ങളും ഒക്കെ സ്ഥിതിചെയ്യുന്ന സ്ഥലത്തിന് പട്ടയം നൽകുന്നതിനെ കുറിച്ച് ഗവൺമെൻറ് അടിയന്തിരമായി ആലോചിക്കുമോ? അതോടൊപ്പം തന്നെ ഒരു കാര്യം കൂടി, എന്റെ നിയോജകമണ്ഡലത്തിലെ തൃക്കാക്കര പഞ്ചായത്തിൽ 900 പേർക്ക് പട്ടയം കിട്ടാനുണ്ട്. ഞാൻ അങ്ങേയ്ക്ക് ഒരു നിവേദനം തന്നിട്ടുണ്ട്. ഈ കാര്യത്തിൽ അടിയന്തിരമായ നടപടി സ്വീകരിച്ച് ഇവർക്ക് പട്ടയം നൽകണമെന്ന് അപേക്ഷിക്കുന്നു.

ശ്രീ. കെ. എം. മാണി: ബഹുമാനപ്പെട്ട മെമ്പറുടെ നിയോജക മണ്ഡലത്തിൽപ്പെട്ട തൃക്കാക്കരയിലെ ഭൂമി കേന്ദ്രാനുമതിയോടെ പട്ടയം കൊടുക്കേണ്ട കേസ് അല്ല; അത് റവന്യൂ ഭൂമിയാണ്. എപ്പോൾ വേണ മെങ്കിലും നമുക്ക് കൊടുക്കാം. നമുക്ക് ഒരു കോൺഫറൻസ് നടത്തി അതിന് തീർച്ചയായിട്ടും പട്ടയം കൊടുക്കാവുന്നതാണ്. ദേവാലയങ്ങളെ സംബന്ധിച്ചിടത്തോളം ആരാധനാലയങ്ങൾ ഇടുക്കി മേഖലയിൽ കുറെ ഉണ്ട്. അവയ്ക്ക് ഒരു ലീഗൽ പേഴ്സൺ എന്നുള്ള നിലയിൽ പട്ടയം കൊടുക്കുന്നതിന് വിരോധമില്ല. പക്ഷെ അതിന് റൂളിൽ ഒരു ക്ലാരിഫിക്കേഷൻ കൊടുക്കേണ്ടതായിട്ടുണ്ട്. ഗവൺമെൻറ് ആലോചിച്ചു കൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കൃഷ്ണൻകുട്ടി: പട്ടയത്തിന്റെ നിയമസാധുതയെ കുറിച്ച് കോടതി തീരുമാനിക്കും എന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. അങ്ങനെ തീരുമാനിക്കുന്ന ഒരു കേസിൽ ഏതെങ്കിലും ബാങ്കുകാർ ലോൺ കൊടുക്കുമോ? ബാങ്കു നടത്തുകയാണെങ്കിൽ ചിലപ്പോൾ കൊടുത്തു എന്നുവരും. അല്ലാതെ ഏതെങ്കിലും ബാങ്കുകാർ കൊടുക്കില്ല. അങ്ങനെ അത് കൊടുക്കാനുള്ള അവസരം ഉണ്ടാക്കണം എങ്കിൽ ഇത് കൈമാററം ചെയ്യാനോ ലേലത്തിൽ വിൽക്കാനോ ഉള്ള അധികാരം കിട്ടണം. ആ അധികാരം കിട്ടാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തി വാങ്ങിക്കുമോ?

ശ്രീ. കെ. എം. മാണി: കോടതിയിൽ ഒരു ജഡ്ജ്മെൻറ് ഉണ്ടായതിന് കേരള ഗവൺമെൻറ് ഉത്തരവാദിയാണോ? കോടതി ഗവൺമെൻറിനോട് പറഞ്ഞിരിക്കുന്നത് പട്ടയം കൊടുത്തത് റദ്ദാക്കണം എന്നാണ്. കേരളാ ഗവൺമെൻറിന് പട്ടയം കൊടുക്കാൻ അവകാശമില്ല; ഇത് നിയമവിരുദ്ധമാണ്; സ്റേറ വേണം എന്നു പറഞ്ഞപ്പോൾ നമ്മൾ വാദിച്ചു. കോടതി സ്റേറ കൊടുത്തില്ല. പക്ഷെ ഒറിജിനൽ കേസ് വാദം കേട്ട് ഡിസ്പോസ് ചെയ്തില്ല. അപ്പോൾ രണ്ടു കൂട്ടർക്കും വിഷമം ഇല്ലാതിരിക്കാൻവേണ്ടി ഞങ്ങൾ പട്ടയം കൊടുത്തു പക്ഷെ അവസാന വിധിക്ക് വിധേയമായിരിക്കും എന്ന് ഒരു വാചകം എഴുതി ചേർക്കണമെന്ന് ഹൈക്കോടതി ഇങ്ങോട്ടു പറഞ്ഞു; അതുകൊണ്ട് എഴുതി ചേർത്തു എന്നുള്ളതേയുള്ളൂ ഹൈക്കോടതിയിൽ ഒരു കേസ് ഉണ്ടായാൽ അതിന്റെ വിധിക്ക് വിധേയമായിട്ടേ ഒക്കൂ. അത് ബാങ്കുകാർ നോക്കണം. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് കോടതിയിൽ ഇങ്ങനെ പറഞ്ഞതു കൊണ്ട് ബാങ്കുകാർ എടുക്കുമോ എന്നാണ്. അത് എന്നോടു ചോദിച്ചാൽ എങ്ങനെയാണ്? കോടതി ഇത് അസാധു ആകും എന്ന് പറഞ്ഞില്ല. കോടതി പറഞ്ഞു പട്ടയം കൊടുത്തുകൊള്ളാൻ. അപ്പോൾ ബാങ്കുകാർ നോക്കേണ്ടത് കോടതിയുടെ അനുവാദത്തോടുകൂടി കൊടുക്കുന്ന പട്ടയമാണിത്, അതുകൊണ്ട് നിയമസാധുത ഉണ്ട് എന്നതാണ്. ഗവൺമെൻറ് കൊടുത്തുകൊള്ളാൻ പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് നിയമസാധുത ഉണ്ട് എന്ന് അവർ ഒരു തീരുമാനം എടുത്തുകൊണ്ട് അത് ധൈര്യമായി കൊടുക്കണം. ധൈര്യമില്ലാത്ത ബാങ്കുകാരെപ്പററി എനിക്കൊന്നും പറയാനില്ല.

## ക്രെഷെ സെൻററുകളുടെ പ്രവർത്തനം

* 2 [356] ശ്രീ. ബി. രാഘവൻ:
,, പി. രാഘവൻ:
,, ടി. ചാത്തു:
,, സി. പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ക്രെഷെകളുടെ പ്രവർത്തനം സർക്കാർ നിർത്തലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇവയുടെ പ്രവർത്തനത്തെപ്പററി സർക്കാർ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ:

LIBRARY ARCHIVES Kerala Legislative Assembly

(സി) ടീച്ചേഴ്സിന്റെയും ആയമാരുടെയും ഓണറേറിയം ഉൾപ്പെടെയുള്ള 1993–94, 1994–95 വർഷങ്ങളിലെ പ്രവർത്തന ചെലവിനുള്ള തുക നൽകിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ 1993–94-ൽ എന്തു തുക നൽകിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ;

(ഇ) ഓണറേറിയം നൽകിയിട്ടില്ലെങ്കിൽ അത് നൽകാനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ,

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) 1993–94 വർഷത്തെ മൊത്തം ചെലവിനുവേണ്ട ധനസഹായം അനുവദിച്ചിട്ടുണ്ട്. 1994–95-ലേക്ക് ധനസഹായം ഗ്രാൻറിന് അപേക്ഷിക്കുമ്പോൾ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്.

(ഡി) രണ്ട് ലക്ഷം രൂപ. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| | | രൂപ |
|---|---|---|
| തിരുവനന്തപുരം | .. | 1,25,000 |
| കൊല്ലം | .. | 15,888 |
| ഇടുക്കി | .. | 2,560 |
| പത്തനംതിട്ട | .. | 4,200 |
| എറണാകുളം | .. | 15,840 |
| തൃശ്ശൂർ | .. | 21,000 |
| കോഴിക്കോട് | .. | 1,059 |
| മലപ്പുറം | .. | 14,453 |

(ഇ) 1994–95 വർഷത്തേക്ക് ഗ്രാൻറ് നൽകുന്നതിന് വിവിധ സംഘടനകൾ നൽകുന്ന അപേക്ഷകൾ പരിശോധിച്ച് ധനസഹായം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. ബി. രാഘവൻ: നമ്മുടെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ക്രെഷെകളുടെ പ്രവർത്തനത്തെ കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ട് എന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വ്യക്തമാക്കിയിട്ടുള്ളത്. അന്വേഷണ റിപ്പോർട്ടുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ട കാര്യങ്ങൾ വ്യക്തമാക്കാൻ കഴിയുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ഇവിടെ ചോദിച്ചിരിക്കുന്നത് വോളൻററി ഏജൻസീസ് നടത്തുന്ന ക്രെഷെകളെ കുറിച്ചാണ്. പ്രധാനമായും ഓരോ സ്ഥലങ്ങളിൽ ഉള്ള ഫാക്ടറിയിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടെ കുട്ടികൾക്ക് അതുപോലെ തന്നെ നിർദ്ധനരായ, നിശ്ചിത വരുമാനത്തിന് താഴെയുള്ള രക്ഷകർത്താക്കളുടെ കുട്ടികൾക്ക് വേണ്ടി വോളൻററി ഏജൻസികൾ നടത്തുന്ന ക്രെഷെകൾ ഐ. സി. ഡി. എസ്.-ന്റെ കീഴിൽ വരുന്നതല്ല. വോളൻററി

LIBRARY ARCHIVES Kerala Legislative Assembly

ഏജൻസികൾ നടത്തുന്ന ക്രെഷെകളെ കുറിച്ചാണ് ഇവിടെ ചോദിച്ചിരിക്കുന്നത്. അതിന് ഗവൺമെൻറ് ഗ്രാൻറ് കൊടുക്കുന്നു. ആ ഗ്രാൻറ് 1990–ൽ അന്നത്തെ ഗവൺമെൻറ് സാമൂഹ്യക്ഷേമ ബോർഡിന് കൊടുക്കാൻ തീരുമാനിച്ചു. ബോർഡ് അത് ഏറെറടുത്തില്ല. പിന്നെ ജില്ലാ കൗൺസിലിന് കൊടുത്തു. ജില്ലാ കൗൺസിലിലും അതിൻെറ കൺഫ്യൂഷൻ കാരണം ഇടക്ക് പ്രോബ്ളം വന്നു. അതിനുശേഷം ഈ ഗവൺമെൻറ് വന്നതിനുശേഷം 1991–ൽ വീണ്ടും അത് ഗവൺമെൻറ് ഏറെറടുത്ത് നടപ്പിലാക്കുകയാണ്. ഇതിൽ ക്രെഷെകളെ പരിപോഷിപ്പിക്കുക എന്നുള്ളതാണ് ഗവൺമെൻറിൻെറ ഇപ്പോഴത്തെ നയം. വോളൻററി ഏജൻസി നടത്തുന്നതിനെ പ്രോത്സാഹിപ്പിക്കുക എന്നുള്ളതാണ്. അതിന് ഗ്രാൻറ് കൊടുക്കാൻ ഗവൺമെൻറ് തയ്യാറാണ്. ഇപ്പോൾ 46 ക്രെഷെകൾ ആണ് ഈ രീതിയിൽ പ്രവർത്തിക്കുന്നത്. കൺഫ്യൂഷൻ കാരണം 1990–91-ൽ കുറെ ക്രെഷെകൾ നിന്നുപോയി. ഇപ്പോൾ വീണ്ടും നാഷണൽ ക്രെഷെ സ്കീം എന്ന് പറഞ്ഞ് ഗവൺമെൻറ് ഓഫ് ഇൻഡ്യയുടെ സ്കീം ഉള്ളത് ഞങ്ങൾ പരിപോഷിപ്പിച്ചു കൊണ്ടു വരികയാണ്.

ശ്രീ. ബി. രാഘവൻ: ക്രെഷെ സെൻററുകളിൽ പ്രവർത്തിക്കുന്ന ജീവനക്കാരായ ടീച്ചർമാരും, ആയമാരും തുച്ഛമായ വരുമാനത്തിൽ ആണ് പ്രവർത്തിക്കുന്നത്. അതുകൊണ്ട് അവരുടെ വേതനം വർദ്ധിപ്പിക്കുന്നതിനെ സംബന്ധിച്ച് ഗവൺമെൻറ് ആലോചിക്കുമോ, അങ്ങനെ കൊടുക്കാൻ വല്ല ഉദ്ദേശവുമുണ്ടോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: പ്രധാനമായും ഐ. സി. ഡി.എസ്.-ൻെറ കീഴിൽ പ്രവർത്തിക്കുന്ന ജീവനക്കാരെ സംബന്ധിച്ച് ആയിരിക്കും ബഹുമാനപ്പെട്ട മെമ്പർ ഉദ്ദേശിക്കുന്നത്. അവരുടെ വരുമാനം വളരെ കുറവാണ്; യാതൊരു സംശയവും ഇല്ല. അവർ നടത്തുന്ന സേവനം വളരെ വലുതുമാണ്. പക്ഷെ ഗവൺമെൻറിന് അവർക്ക് 10 രൂപ വർദ്ധിപ്പിച്ചു കൊടുത്താൽ വരുന്നത് വളരെ വലിയ കമ്മിററുമെൻറാണ്. ഇതാണ് അതിൻെറ ഒരു പ്രശ്നം. എന്നാലും അവർക്ക് ജീവിക്കാൻ ആവശ്യമായ വേതനം കൊടുക്കണം എന്നുള്ളതാണ് ഗവൺമെൻറിൻെറ വീക്ഷണം. ഈയിടെ സംഘടനാ പ്രതിനിധികളുമായി ഒരു ചർച്ച നടത്തിയിരുന്നു. അതുപോലെതന്നെ അവരുടെ നിരാഹാര സമരം ഉണ്ടായിരുന്നു. ബഹുമാനപ്പെട്ട സഭാ നേതാവും അതിൽ ഇടപെട്ടു; വി. എം. സുധീരനും അതിൽ ഇടപെട്ടു. അതിനുശേഷം ചർച്ച നടത്തി. ആ ചർച്ചയിൽ ഉണ്ടായിട്ടുള്ള ഒരു പ്രൊപ്പോസൽ ഗവൺമെൻറിൻെറ പക്കലുണ്ട്. അതിന് ധനകാര്യ വകുപ്പിൻെറ കൂടി അനുമതി കിട്ടിയാൽ ഈ പാവപ്പെട്ട സഹോദരിമാരെ സംബന്ധിച്ചിടത്തോളം കാര്യമായ ഒരു നേട്ടമായിരിക്കും. ധനകാര്യ വകുപ്പിൻെറ അനുമതി കാത്തിരിക്കുകയാണ്.

ശ്രീ. പി. രാഘവൻ: സ്വകാര്യ ഏജൻസികൾ നടത്തുന്ന ക്രെഷെകൾക്ക് ആണല്ലോ സോഷ്യൽ വെൽഫെയർ ഡിപ്പാർട്ട്മെൻറ് സാമ്പത്തിക സഹായം നൽകുന്നത്. നമ്മുടെ സ്റേററിൻെറ പല ഭാഗത്തും യഥാർത്ഥത്തിൽ പ്രവർത്തിക്കാത്ത നിരവധി ക്രെഷെകൾക്ക് വ്യാജമായിട്ട് സൊസൈററികൾ ഉണ്ടാക്കിയിട്ട് ഗ്രാൻറ് വാങ്ങുന്നതായിട്ട് ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന് എതിരായിട്ട് വല്ല നടപടി എടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: അങ്ങനെ ഒന്ന് ഇതുവരെ ശ്രദ്ധയിൽ വന്നിട്ടില്ല. ബഹുമാനപ്പെട്ട മെമ്പർ ഏതെങ്കിലും ഉണ്ടെങ്കിൽ അത് ശ്രദ്ധയിൽപ്പെടുത്തിയാൽ നടപടി എടുക്കാം.

ശ്രീ. പി. രാഘവൻ: 40-ൽ അധികം സ്ത്രീ തൊഴിലാളികൾ പ്രവർത്തിക്കുന്ന ഫാക്ടറിയോട് അനുബന്ധിച്ച് ക്രെഷെകൾ നടത്തണം എന്ന് ഒരു നിബന്ധന ഉണ്ട്. ആ നിലയിൽ കേരളത്തിലെ എത്ര സ്ഥലങ്ങളിൽ ക്രെഷെകൾ പ്രവർത്തിക്കുന്നു എന്നും, ബാക്കിയുള്ള സ്ഥലങ്ങളിൽ കൂടി—ചെറിയ കുട്ടികളെ കൊണ്ടുവരാൻ പ്രയാസമായതുകൊണ്ട് ധാരാളം സ്ത്രീ തൊഴിലാളികൾക്ക് ജോലിയിൽ തുടരാൻ സാധിക്കാത്ത സ്ഥിതിയുണ്ട്—നിർബന്ധമായിട്ടും ഈ നിയമം നടത്താൻ ആവശ്യമായിട്ടുള്ള നടപടി ഗവൺമെൻറ് എടുക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ആവശ്യമായ സ്ഥലങ്ങളിൽ ഇങ്ങനെയുള്ള സന്നദ്ധ സംഘടനകൾ മുന്നോട്ട് വന്നാൽ ഗവൺമെൻറ് സഹായം നൽകും. ഏതെങ്കിലും സന്നദ്ധ സംഘടനകൾ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഉണ്ടെങ്കിൽ അവരെ മുന്നോട്ടു കൊണ്ടുവന്നാൽ മതി. ഗവൺമെൻറ് അവർക്ക് ആവശ്യമായ എല്ലാ സഹായവും നൽകും.

ശ്രീ. ടി. ചാത്തു: തിരുവനന്തപുരത്ത് കഴിഞ്ഞ 40 വർഷമായി പ്രവർത്തിച്ചുവരുന്ന ശ്രീവരാഹം വനിതാ സമിതി നടത്തുന്ന ക്രെഷെ സെൻറർ ഇപ്പോൾ നിർത്തലാക്കി. അതിനെത്തുടർന്ന് അവിടെ സമരവും ബഹളവും ഒക്കെ നടന്നു. അത് സർക്കാരിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് വീണ്ടും നടത്താൻ സർക്കാർ സഹായിക്കുമോ, നടപടി സ്വീകരിക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: അതാണ് ഞാൻ നേരത്തേ പറഞ്ഞത് 1990-ൽ അന്നത്തെ ഗവൺമെൻറ്, ഗവൺമെൻറ് ഇത് നടത്തണ്ട, സാമൂഹ്യ ക്ഷേമ വകുപ്പ് ഇത് നടത്തിയാൽ മതി എന്ന് പറഞ്ഞ് സാമൂഹ്യക്ഷേമ വകുപ്പിന് വിട്ടു കൊടുത്തു. കുറച്ചു കഴിഞ്ഞപ്പോൾ ജില്ലാകൗൺസിലിന് വിട്ടുകൊടുത്തു. ജില്ലാ കൗൺസിൽ ഇത് നടപ്പിലാക്കി വരുന്ന സമയത്ത് പണം കിട്ടാതെ കൺഫ്യൂഷൻ ആയി, അവർക്ക് 2 കൊല്ലം ഗ്രാൻറ് കിട്ടാതായി. 1990–1992 വരെയുള്ള പീരീഡിൽ ഗ്രാൻറ് കിട്ടാതായി. 1992-നു ശേഷം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടപ്പോൾ അതിൻെറ നടപടി എടുത്തു. ഇപ്പോൾ ഗ്രാൻറ് കിട്ടാത്ത പ്രശ്നമില്ല. പക്ഷെ അന്ന് വല്ലതും നിന്നുപോയി എങ്കിൽ, പ്രവർത്തനം നിലച്ചുപോയി എങ്കിൽ, അത് റിവൈവ് ചെയ്യാനുള്ള സഹായം നൽകാൻ ഗവൺമെൻറ് തയ്യാറാണ്.

ശ്രീ. ടി. ചാത്തു: തിരുവനന്തപുരത്ത് ഇത് തുടങ്ങുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: തയ്യാറാണ്.

ശ്രീ. ടി. ചാത്തു: ടീച്ചേഴ്സിനും ആയമാർക്കും കൊടുത്തുകൊണ്ടിരിക്കുന്ന ഓണറേറിയം കുടിശ്ശിക കൊടുക്കാനുണ്ടോ; ഉണ്ടെങ്കിൽ ഓണത്തിന് മുൻപ് കൊടുത്തുതീർക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ആയമാർക്ക് കുടിശ്ശിക കൊടുക്കാനുണ്ടോയെന്നുള്ളത് ശ്രദ്ധയിൽ പെട്ടിട്ടില്ല. സാധാരണ അരിയേഴ്സ് വരാറില്ല. അത് ഗവൺമെന്റ് പരിശോധിക്കാം.

ശ്രീ. വർക്കല രാധാകൃഷ്ണൻ: ഈ ഉത്തരത്തിൽ ഒപ്പിട്ടിരിക്കുന്നത് ഒരു സെക്ഷൻ ഓഫീസറാണ്. സെക്ഷൻ ഓഫീസറോടുള്ള ബഹുമാനത്തോടുകൂടി പറയുകയാണ്; കുറെ കഴിയുമ്പോൾ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരൻ ഒപ്പിട്ട് കടലാസ് വരും. ഈ നടപടി തെററാണ്. സെക്രട്ടറി ലവലിലുള്ള ഒരാൾ ഒപ്പിടണം. ഇതൊരു ഡിസ്ക്രെഡിററാണ്. സെക്ഷൻ ഓഫീസർ ഒപ്പിട്ട് കടലാസ് തന്നാൽ മതിയോ? സെക്ഷൻ ഓഫീസർ കുറഞ്ഞ ഉദ്യോഗമല്ല. നടപടിയനുസരിച്ച് സെക്രട്ടറി ലവലിലുള്ള ഒരാൾ ഒപ്പിടണം. സെക്രട്ടറിക്ക് നേരമില്ലെങ്കിൽ ഇവരെ വേറെ ജോലിക്ക് പറഞ്ഞയക്കണം. ആദ്യം മാപ്പ് പറയണം. പിന്നീട് ചോദ്യം ചോദിക്കാം. ഇത് പാടില്ല.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: അങ്ങ് മുൻപ് സ്പീക്കർ ആയിരുന്ന ആളാണ്. എനിക്ക് ഇന്നലെ രാത്രിയാണ് ചോദ്യം കിട്ടിയത്. ചോദ്യത്തിൽ സംശയമുണ്ടായിരുന്നു. ദിവസവും രാവിലെ വന്ന് ഓരോരോ കാര്യം പറയുമ്പോഴും മാപ്പ് പറയാൻ പററുമോ? ഇത് അസാധാരണമായി സംഭവിച്ചതാണ്. അങ്ങ് പറഞ്ഞത് ശരിയാണ്. ക്രെഷെ എന്നു പറഞ്ഞത് ഫിഷറീസ് വകുപ്പിന്റെ കീഴിൽ ആണെന്ന് വിചാരിച്ച് ഫയൽ അങ്ങോട്ട് പോയി. ഇന്നലെ രാത്രിയാണ് ഫിഷറീസ് വകുപ്പ് വകുപ്പുമന്ത്രി എന്നെ വിളിച്ച് പറയുന്നത് ഇത് ഇവിടെയാണെന്നുള്ളത്. ഇന്ന് രാവിലെയാണ് എനിക്ക് കിട്ടുന്നത്. ഞാൻ സഭയിൽ മറുപടി പറയണമല്ലോയെന്ന് വിചാരിച്ച് ഓടിവന്ന് മറുപടി പറയുകയാണ്. ഇത് ആവർത്തിക്കാതിരിക്കാൻ നോക്കാം.

ശ്രീ. വർക്കല രാധാകൃഷ്ണൻ: സാധാരണ ഗതിയിൽ ഇഗ്നോർ ചെയ്യാവുന്ന കാര്യമല്ല. ക്രെഷെയിൽ ജോലി ചെയ്യുന്ന യുവതികൾ കല്യാണം കഴിച്ചുകൂടാ എന്ന് വല്ല നിബന്ധനയും ഉണ്ടോ? ഇല്ലെങ്കിൽ അവർക്ക് ശമ്പളം കൊടുക്കണം. ആ ജോലിക്ക് വരുന്ന ഒററ ഒരാൾക്കും ശമ്പളം ഇല്ലാത്തതുകൊണ്ട് ഭർത്താക്കൻമാരെ കിട്ടുന്നില്ല. അവർക്ക് ജീവിക്കാൻ ആവശ്യമായ ശമ്പളം കൊടുത്താൽ ആ പെൺകുട്ടികൾക്ക് ഭർത്താക്കൻമാരെ കിട്ടും; അല്ലെങ്കിൽ കല്യാണം കഴിക്കരുതെന്ന് പറയണം.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: നല്ല പ്രപ്പോസൽ അങ്ങ് കൊണ്ടുവന്നാൽ അതിനുവേണ്ട കാർമ്മികത്വം വഹിക്കാം. അങ്ങ് പറഞ്ഞത് വളരെ ശരിയാണ്. ഞാൻ തന്നെ പറഞ്ഞു. അവർ നടത്തുന്ന സേവനം അനുസരിച്ച് അവർക്ക് കൊടുക്കേണ്ട വേതനം ഇപ്പോൾ കൊടുക്കുന്നില്ല. എങ്കിലും ഗവൺമെന്റ് അത് പരിഷ്ക്കരിക്കേണ്ടതാണ്. ഇവരുടെ എണ്ണം കൂടുതലായതുകൊണ്ട് വലിയ കമ്മിററ്മെന്റ് ഉണ്ടാക്കും. അങ്ങ് പറഞ്ഞത് വളരെ കറക്ടാണ്. ജീവിതം മുഴുവൻ സാമൂഹ്യസേവനത്തിനു വേണ്ടി ബലിയർപ്പിച്ചിട്ടുള്ള ഇവർക്ക് ജീവിക്കാനുള്ള വരുമാനവുമില്ല. പ്രായം കൂടുകയും ചെയ്യും, വരുമാനമില്ലാത്തതുകൊണ്ട് നല്ല കല്യാണവും കിട്ടുന്നില്ല. അത് ഗവൺമെന്റ് ശ്രദ്ധിക്കേണ്ടകാര്യമാണ്. തീർച്ചയായും ഞങ്ങളുടെ വകുപ്പ് അത് ടേക്കപ്പ് ചെയ്യാം.

LIBRARY ARCHIVES Kerala Legislative Assembly

## മത്സ്യത്തൊഴിലാളി കുടുംബങ്ങളെക്കുറിച്ച് സർവേ

*3 [357] ശ്രീ. പി. എസ്. ശ്രീനിവാസൻ:
,, ഇ. രാജേന്ദ്രൻ:
,, കൃഷ്ണൻ കണിയാംപറമ്പിൽ:
,, പി. രാജു:
,, എം. നാരായണൻ (ഹോസ്ദുർഗ്):

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി കുടുംബങ്ങളെക്കുറിച്ച് സർവേ നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവസാനമായി സർവേ നടത്തിയതെപ്പോഴാണെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങളുള്ളതായിട്ടാണ് സർവേയിൽ വെളിപ്പെട്ടിട്ടുള്ളത്;

(ഡി) സംസ്ഥാനത്ത് ഇപ്പോൾ എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങളുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) വർദ്ധിച്ചുവരുന്ന ജീവിതാവശ്യങ്ങളുമായി ബന്ധപ്പെടുത്തി മത്സ്യത്തൊഴിലാളികൾക്ക് പുതിയ ക്ഷേമപദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ എന്തെല്ലാം പുതിയ ക്ഷേമപദ്ധതികളാണ് ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം ആരംഭിച്ചിട്ടുള്ളതെന്ന് വിശദീകരിക്കുമോ?

ഫിഷറീസ് വകുപ്പുമന്ത്രി (ശ്രീമതി എം. ടി. പത്മ):

(എ) ഉണ്ട്.

(ബി) 1994 മേയ് മാസത്തിലാണ് അവസാനമായി സർവേ നടത്തിയത്.

(സി) 150,000-ത്തോളം മത്സ്യത്തൊഴിലാളി കുടുംബങ്ങളുണ്ടെന്നാണ് സർവേയുടെ താൽക്കാലിക കണക്കുകൾ കാണിക്കുന്നത്.

(ഡി) താൽക്കാലിക കണക്കുകൾപ്രകാരം സംസ്ഥാനത്ത് ഇപ്പോൾ ഒന്നരലക്ഷത്തോളം മൽസ്യത്തൊഴിലാളി കുടുംബങ്ങൾ ഉണ്ട്.

(ഇ) ഉണ്ട്.

(എഫ്) കടലോര മത്സ്യത്തൊഴിലാളികൾക്കായി 'സേവിംഗ്സ് കം റിലീഫ് സ്കീം' എന്ന പേരിൽ ഒരു ക്ഷേമപദ്ധതി നടപ്പിലാക്കിയതു കൂടാതെ നിലവിലുള്ള ക്ഷേമപദ്ധതികളിൽ നൽകിവരുന്ന ആനുകൂല്യങ്ങളുടെ തോത് വർദ്ധിപ്പിക്കുകയുണ്ടായി. മത്സ്യത്തൊഴിലാളികൾക്കുള്ള വാർദ്ധക്യകാലപെൻഷൻ 1992 ജൂലൈ മുതൽ പ്രതിമാസം 75 രൂപയിൽനിന്നും 85 രൂപയായി ഉയർത്തി. അപകട മരണം സംഭവിക്കുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്കുള്ള

LIBRARY ARCHIVES Kerala Legislative Assembly

ഇൻഷ്വറൻസ് ആനുകൂല്യം 21,000 രൂപയിൽനിന്നും 25,000 രൂപയായി ഉയർത്തുകയും ചെയ്തു. കൂടാതെ മത്സ്യത്തൊഴിലാളികൾക്കുള്ള ഭവന നിർമ്മാണ സഹായപദ്ധതിപ്രകാരം നൽകിയിരുന്ന തുക 15,000 രൂപയിൽനിന്നും 35,000 രൂപയാക്കി ഉയർത്തുകയും ചെയ്തിട്ടുണ്ട്. ഈ ഭവനനിർമ്മാണ ധനസഹായ പദ്ധതിയുടെ ആനുകൂല്യം ഉൾനാടൻ മേഖലയിലെ മത്സ്യത്തൊഴിലാളികൾക്കും ഇപ്പോൾ ലഭ്യമാക്കിയിട്ടുണ്ട്. വനിതാ മത്സ്യത്തൊഴിലാളികൾക്കായി വനിതാ ബാങ്കുകൾ ആരംഭിച്ചിട്ടുണ്ട്.

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ: 1993 മേയ് മാസത്തോടുകൂടി സെൻസസ് പൂർത്തിയായി എന്നാണ് പറഞ്ഞത്. ഈ സർവേയിൽ ഉൾനാടൻ മത്സ്യത്തൊഴിലാളികൾ പെടുമോ? കടലോരമത്സ്യത്തൊഴിലാളികൾക്ക് മാത്രമാണോ ഭവനനിർമ്മാണ പദ്ധതിയുള്ളത്?

ശ്രീമതി എം. ടി. പത്മ: ഉൾനാടൻ മത്സ്യത്തൊഴിലാളികൾകൂടി ഇതിൽ പെടും.

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ: ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ സർവേയിൽ പല പ്രദേശങ്ങളും പെട്ടിട്ടില്ല. അങ്ങനെ ഉൾനാടൻ മത്സ്യത്തൊഴിലാളികളെ ഉൾപ്പെടുത്താത്ത പ്രദേശങ്ങളിൽ അവരെ പെടുത്താൻ നടപടി സ്വീകരിക്കണം. കടലോര മത്സ്യത്തൊഴിലാളികൾക്ക് ബാധകമായിട്ടുള്ള എല്ലാ ആനുകൂല്യങ്ങളും കായലോര മത്സ്യത്തൊഴിലാളികൾക്കും ബാധകമാക്കുമെന്ന് മന്ത്രി പ്രഖ്യാപിക്കുകയുണ്ടായി. എന്നാൽ കടലോര മത്സ്യത്തൊഴിലാളികൾക്ക് പ്രഖ്യാപിച്ചിട്ടുള്ള ആനുകൂല്യങ്ങൾ (കിട്ടുന്നോ എന്നുള്ളത് വേറെ പ്രശ്നം) കായലോര മത്സ്യത്തൊഴിലാളികൾക്കുംകൂടി ബാധകമാക്കാനുള്ള നടപടി എന്ന് സ്വീകരിക്കും എന്ന് പറയാമോ?

ശ്രീമതി എം. ടി. പത്മ: ഉൾനാടൻ മേഖലയിൽ മത്സ്യത്തൊഴിലാളികളെ വിട്ടുപോയിട്ടുണ്ടെന്നാണ് പറഞ്ഞത്. സർവേയുടെ ഫൈനൽ ലിസ്റ്റ് ആകുമ്പോൾ പ്രസിദ്ധീകരിക്കും. ആ ലിസ്റ്റിൽ ഉൾപ്പെടുത്താത്തവരെ ഉൾപ്പെടുത്തുകയും ലിസ്റ്റിൽനിന്ന് അനർഹമായിട്ടുള്ളവരെ പിൻതള്ളുകയും ചെയ്യാം. ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്കുംകൂടി ആനുകൂല്യം ലഭ്യമാക്കാനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

ശ്രീ. പി. രാജു: സംസ്ഥാനത്തെ ഉൾനാടൻ ജലാശയങ്ങളിലും ഓരുവെള്ളത്തിലും തടാകത്തിലും പണിയെടുക്കുന്ന മത്സ്യത്തൊഴിലാളികൾ ഈ സർവേയിൽ പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രപേർ ഈ മേഖലയിൽ പണിയെടുക്കുന്നുണ്ട്; ഇന്ന് മത്സ്യത്തൊഴിലാളിരംഗത്ത് ഗവൺമെന്റ് നടപ്പിലാക്കുന്ന ആനുകൂല്യങ്ങൾ വലിയ സംഘർഷം ഉണ്ടാക്കുന്നുണ്ട്. കടലോര മത്സ്യത്തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ കൂടുതലുണ്ട്. കായലോര മത്സ്യത്തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ ഇല്ല. അതുകൊണ്ട് മത്സ്യത്തൊഴിലാളികൾക്കുള്ള ആനുകൂല്യം കൊടുക്കുമ്പോൾ കായലോര മത്സ്യത്തൊഴിലാളികൾക്കും കടലോര മത്സ്യത്തൊഴിലാളികൾക്കും വ്യത്യാസമില്ലാതെ കൊടുക്കാൻ നടപടി സ്വീകരിക്കുമോ?



LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി എം. ടി. പത്മ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയാണ്. അതായത്, മത്സ്യത്തൊഴിലാളികൾ എന്നു പറയുമ്പോൾ ആദ്യം ഉദ്ദേശിച്ചത് കടലുമായി ബന്ധപ്പെട്ട് ജോലിയെടുക്കുന്ന മത്സ്യത്തൊഴിലാളികളെ ആയിരുന്നു. പക്ഷേ ഈ അടുത്ത കാലത്തായി ഉൾനാടൻ മേഖലയിൽ പ്രവർത്തിക്കുന്ന ആളുകൾക്കും കടലോര മത്സ്യ തൊഴിലാളികൾക്ക് കൊടുക്കുന്ന എല്ലാ സൗകര്യങ്ങളും ലഭ്യമാക്കണ മെന്നുള്ള നിശ്ചയമാണ് ഈ ഗവൺമെന്റിന്റേതായിട്ടുള്ളത്. തീർച്ചയായും അത്തരം ആനുകൂല്യങ്ങൾ ഉൾനാടൻ മേഖലയിലുള്ള മുഴുവൻ മത്സ്യത്തൊഴിലാളികൾക്കും കൊടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്. ഉൾനാടൻ മേഖലയിലെ മത്സ്യത്തൊഴിലാളികളെ ഈ സർവ്വേയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് ബഹുമാനപ്പെട്ട അംഗം ചോദിക്കുകയുണ്ടായി. ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രവൃത്യോൻമുഖ മത്സ്യത്തൊഴിലാളികളുടെ കണക്കാണ് ചോദിക്കുന്നതെങ്കിൽ ഉൾനാടൻ മേഖലയിൽ 48,956 മത്സ്യത്തൊഴിലാളികൾ ഉണ്ടെന്നാണ് ഈ വർഷത്തെ കണക്കുകൾ കാണിക്കുന്നത്.

ശ്രീ. പി. രാജു: തീരദേശ മത്സ്യ വികസന അതോറിററി എന്നൊന്ന് ഉണ്ടാക്കിയിട്ടുണ്ടല്ലോ. യഥാർത്ഥത്തിൽ ഇതിൽ തീരദേശത്തെ മത്സ്യ ത്തൊഴിലാളികൾ പെട്ടിട്ടുണ്ടോ എന്ന് സംശയമാണ്. അതുകൊണ്ട് അവരെക്കൂടി ഉൾപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കണം. അതോടൊപ്പംതന്നെ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. ഈ ഗവൺമെന്റ് വന്നതിനുശേഷം, വീടുകൾക്ക് 15,000 രൂപ എന്നുള്ളത് 35,000 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ടെന്ന്. യഥാർത്ഥത്തിൽ ഇത് മത്സ്യത്തൊഴിലാളികൾക്ക് കിട്ടുന്നില്ല. അതാണ് വസ്തുത. ചിലപ്പോൾ കടലോരത്ത് കൊടുത്തിട്ടുണ്ടാകും. ഈ കടലോരത്തെ സ്ഥിതി പഴയതുപോലെയല്ല. ഇപ്പോൾ കടലോരത്ത് യന്ത്രവൽകൃത രീതിയിൽ പണിയെടുക്കുന്ന തൊഴിലാളികളാണ് കൂടുതൽ. പരമ്പരാഗത തൊഴിലാളികൾ എന്നു പറയുന്നത് കായലോരത്തും അതുപോലെ ഉൾനാടൻ മേഖലകളിലും പണിയെടുക്കുന്നവരാണ്. അവർക്ക് ഈ ആനുകൂല്യങ്ങൾ ഇല്ല. അതുകൊണ്ട് 35,000 രൂപയായി വർദ്ധിപ്പിച്ച തിനുശേഷം എത്ര വീടുകൾ ഈ സർക്കാർ കൊടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ശ്രീമതി എം. ടി. പത്മ: ഉൾനാടൻ മത്സ്യ മേഖലയിലെ വീടിന്റെ പദ്ധതി ഈ അടുത്ത കാലത്തായിട്ടാണ് സാങ്ഷൻ ആക്കിയിട്ടുള്ളത്. കഴിഞ്ഞ വർഷംവരെ തീരദേശത്തുള്ള മത്സ്യത്തൊഴിലാളികൾക്കായിരുന്നു കൊടുത്തിരുന്നത്. ഈ വർഷമാണ് ഉൾനാടൻ മേഖലകൾകൂടി ഉൾപ്പെടു ത്തണമെന്ന് ഗവൺമെന്റ് തീരുമാനിച്ചത്. അതുകൊണ്ട് ഇനി തുടങ്ങി യിട്ടുള്ളതിനുമാത്രമേ വീടുകൾ പണിയാൻ സാധിക്കുകയുള്ളൂ.

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്): കടലോര മത്സ്യത്തൊഴി ലാളികൾക്ക് കൊടുത്ത ഭവന നിർമ്മാണ ധനസഹായം ഈ വർഷവും തുടരാൻ ഉദ്ദേശിക്കുന്നുണ്ടോ; അതോടൊപ്പംതന്നെ കായലോര മത്സ്യ ത്തൊഴിലാളികൾക്കുകൂടി ഈ ഭവനനിർമ്മാണ ധനസഹായം നൽകുവാൻ നടപടി സ്വീകരിക്കുമോ; കടലോര മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണ പദ്ധതിയൊക്കെ നിലവിലുണ്ടല്ലോ. ആ ഭവനനിർമ്മാണ പദ്ധതിയും തുടർന്ന് നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; അതോടൊപ്പം തന്നെ കായലോര മത്സ്യത്തൊഴിലാളികൾക്കുകൂടി ഈ ഭവനനിർമ്മാണ പദ്ധതിയുടെ ഗുണം ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി എം. ടി. പത്മ: ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ഉൾനാടൻ മേഖലയിൽ വീട് വയ്ക്കുന്നത് നാഷണൽ വെൽഫെയർ ഫണ്ട് സ്കീമിലേത് മാത്രമാണ് പുതുതായിട്ടുള്ളത്. ഇതിനുമുമ്പ് ഹഡ്കോയുടെ സ്കീമിലേത് കഴിഞ്ഞ കൊല്ലംതന്നെ നടപ്പിലാക്കി വരുന്നതാണ്. അപകട ഇൻഷ്വറൻസിന്റെ കാര്യം ബഹുമാനപ്പെട്ട അംഗം പറഞ്ഞു. പെൻഡിംഗ് ആയിട്ടുള്ള കേസുകൾ മുഴുവൻ ഒന്നുകിൽ ഡോക്കുമെന്റ്സ് ലഭിക്കാത്തതോ അല്ലെങ്കിൽ അപേക്ഷയിൽ വന്നിട്ടുള്ള പാകപ്പിഴകൾകൊണ്ടോ മാത്രമേ പെൻറിംഗ് ആയിട്ടുള്ളൂ. എല്ലാ ഡോക്കുമെന്റ്സും കിട്ടിയിട്ടുള്ള എല്ലാ അംഗങ്ങൾക്കും ഇൻഷ്വറൻസ് പദ്ധതിപ്രകാരം കൊടുക്കാനുള്ള തുക കൊടുത്തിട്ടുണ്ട്.

ശ്രീ. സി. കെ. ചന്ദ്രപ്പൻ: തീരദേശ വികസന സ്കീം എന്ന് തീരദേശത്തെ മൽസ്യത്തൊഴിലാളികളെ ലക്ഷ്യമാക്കി ഒരു സ്കീം ഇപ്പോൾ നടപ്പിലാക്കുന്നുണ്ട്. ഏതാണ്ട് നൂറിലേറെ ഗ്രാമങ്ങൾ അതിനായിട്ട് സെലക്ട് ചെയ്തിട്ടുണ്ട്. എന്നാൽ ദൗർഭാഗ്യമെന്നു പറയട്ടെ, തീരദേശ മെന്ന് പറഞ്ഞാൽ കടലോരം മാത്രമാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്, കായലോരം കണക്കാക്കപ്പെട്ടിട്ടില്ല. കായലോരത്തെ ഒററ ഗ്രാമവും സെലക്ട് ചെയ്തതിനകത്തില്ല. എന്തുകൊണ്ടാണ് ഇങ്ങനെ ഒരു വിവേചനം; തീരദേശ വികസനം എന്നു പറയുമ്പോൾ കടലോരവും കായലോരവും ഒരുപോലെ പരിഗണന അർഹിക്കുന്നതല്ലേ; ആ വിധത്തിൽ പരിഗണിക്കുമോ?

ശ്രീമതി എം. ടി. പത്മ: തീരദേശ വികസന അതോറിററി രൂപീകരിച്ചിട്ടുള്ളത് തീരദേശത്തെ കേന്ദ്രീകരിച്ചുകൊണ്ടാണ്. അതായത് കടൽത്തീരത്തെ കേന്ദ്രീകരിച്ചുകൊണ്ടാണെന്നാണ് ഞാൻ മനസ്സിലാക്കി യിട്ടുള്ളത്.

ശ്രീ. ഡൊമനിക് പ്രസന്റേഷൻ: ഇവിടെ മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ സർവ്വേ നടത്തി എന്നു പറഞ്ഞു. ഗവൺമെൻറ് ഈ സർവ്വെ നടത്തുമ്പോൾ ഉദ്യോഗസ്ഥൻമാർക്ക് എന്തെങ്കിലും മാനദണ്ഡം കൊടുത്തിരുന്നോ: മത്സ്യത്തൊഴിലാളികൾ എന്നുപറയുന്നത് ഒരു വർഗ്ഗമാണ്. പൂർണ്ണമായും ആ തൊഴിലിൽ പെട്ടിരിക്കുന്നവരെ മാത്രമാണോ സർവ്വേയിൽ പെടുത്തിയത്; എന്താണ് അതിന്റെ മാനദണ്ഡം എന്ന് വ്യക്തമാക്കാമോ?

ശ്രീമതി എം. ടി. പത്മ: നമ്മൾ ഈ കണക്ക് എടുക്കുമ്പോൾ പ്രവൃത്ത്യോൻമുഖ തൊഴിലാളികളുടെ കണക്കെടുക്കാൻ പറഞ്ഞിട്ടുണ്ട്. അതായത് അവരിൽ മുഴുവൻ സമയവും മൽസ്യബന്ധനം നടത്തുന്ന അല്ലെങ്കിൽ മത്സ്യബന്ധനം ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിട്ടുള്ള ആളുകളെയാണ് പ്രവൃത്ത്യോൻമുഖ മത്സ്യത്തൊഴിലാളികൾ എന്ന് പറയുന്നത്. അതുപോലെ മത്സ്യത്തൊഴിലാളി കുടുംബത്തിലെ ജനസംഖ്യ എടുക്കുന്നതിനുവേണ്ടിയും ചുമതലപ്പെടുത്തിയിട്ടുണ്ട്. മൽസ്യത്തൊഴിലാളി കുടുംബങ്ങളായിട്ട് എത്രപേർ ഉണ്ടെന്നുള്ള കണക്കും എടുക്കുന്നുണ്ട്. മാത്രവുമല്ല അവരുടെ മിക്കവാറും ജീവചരിത്രം എന്നുള്ള നിലയിൽത്തന്നെ കണക്കുകൾ എടുക്കുന്നുണ്ട്. അവരുടെ വൈദ്യുതി ലഭ്യത, ജോലിയുള്ള ആളുകളുടെ എണ്ണം തുടങ്ങിയ പല കാര്യങ്ങളും കണക്കാക്കുന്നുണ്ട്. ഞാൻ അതൊക്കെ ഇവിടെ വിശദീകരിക്കാൻ നിന്നാൽ



LIBRARY ARCHIVES Kerala Legislative Assembly

മണിക്കൂറുകൾ ആകും. അവരുടെ ജീവിതത്തിന്റെ ആകമാനമുള്ള ചുറ്റുപാടുകളുടെ കണക്കുകൾ എടുക്കുന്നതിനുവേണ്ടിയാണ് ഈ സർവ്വേ കൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്.

ശ്രീ. സി. കെ. സദാശിവൻ: ഈ സംസ്ഥാനത്തെ മത്സ്യബന്ധന വിപണന മേഖലയിൽ എത്ര സ്ത്രീകളാണ് പ്രവർത്തിക്കുന്നത് എന്നതിനെക്കുറിച്ച് എന്തെങ്കിലും സർവ്വെ നടത്തിയിട്ടുണ്ടോ; ഇവരുടെ ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികളാണ് ഗവൺമെന്റ് ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീമതി എം. ടി. പത്മ: മത്സ്യബന്ധന വിപണന മേഖലയിൽ പ്രവർത്തിക്കുന്ന സ്ത്രീകളുടെ കണക്ക് എന്റെ കൈവശമില്ല. പുരുഷൻമാർക്ക് കൊടുക്കുന്ന എല്ലാ ആനുകൂല്യങ്ങളും സ്ത്രീകൾക്കും ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിച്ചുവരികയാണ്.

ശ്രീ. എസ്. ശർമ്മ: ഇപ്പോൾ വീട് വയ്ക്കുന്നതിനുവേണ്ടി 35,000 രൂപ എന്ന നിലയിൽ നിശ്ചയിച്ചിട്ടുണ്ടെന്ന് മന്ത്രി പറഞ്ഞല്ലോ. ഞാൻ ഒരു ഉദാഹരണം പറയുകയാണ്. 10 പേർക്ക് കൊടുക്കാൻ വേണ്ടി 100 അപേക്ഷകരുണ്ടാകും. നിശ്ചയിക്കുന്ന മാനദണ്ഡം, അർഹതപ്പെട്ടവർക്ക് എന്ന് കണക്കാക്കിയിട്ടുള്ള മാനദണ്ഡമാണ്. ഇപ്പോൾ മാനദണ്ഡം നിശ്ചയിക്കുന്നതിൽ ചില നിലപാടും, അംഗീകരിക്കാത്ത ചില പ്രവണതകളും, അനുവദിക്കപ്പെടുന്ന തുകതന്നെ യാഥാർത്ഥത്തിൽ മൽസ്യത്തൊഴിലാളികൾക്ക് പൂർണ്ണമായും കിട്ടാത്ത ചില സാഹചര്യങ്ങളും എന്റെ പ്രദേശത്തുണ്ട്. പത്തുപേരെ വേണ്ടിവന്നാൽ 100 അപേക്ഷകർ ഉണ്ടെന്നാണ് ഞാൻ ഉദാഹരണമായിട്ട് പറഞ്ഞത്. അതുകൊണ്ട് ഈ പത്തുപേരെ നറുക്കിട്ട് എടുത്ത് കിട്ടുമെന്നുറപ്പാക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീമതി എം. ടി. പത്മ: നമ്മൾ ഉദ്ദേശിക്കുന്നത് പാവപ്പെട്ടവരിൽ പാവപ്പെട്ടവരായ ആളുകൾക്ക് ലഭ്യമാക്കണമെന്നാണ്. അതിൽ നറുക്കിടുന്ന സമ്പ്രദായം ശരിയാണെന്ന് എനിക്ക് തോന്നുന്നില്ല. ഏതായാലും ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യം, അതായത് ഈ രംഗത്ത് എന്തെങ്കിലും പ്രയാസം ഉണ്ടായിട്ടുണ്ടോ എന്നുള്ളത് ഈ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ബഹുമാനപ്പെട്ട അംഗം പറഞ്ഞപ്പോഴാണ് അറിയുന്നത്. അങ്ങനെ എന്തെങ്കിലും പരാതിയുണ്ടെങ്കിൽ അത് ശ്രദ്ധയിൽപ്പെടുത്തിയാൽ അതു പരിശോധിക്കാം.

ശ്രീ. കെ. ബാബു: ഫിഷറീസ് ഡിപ്പാർട്ടുമെന്റ് ഇപ്പോൾ ആശുപത്രികൾ ആരംഭിക്കുന്നത് കടലോരമേഖലയിൽ മാത്രമാണ്. കടലോര മേഖലയേയും കായലോര മേഖലയേയും തുല്യമായി കണക്കാക്കും എന്ന് മന്ത്രി പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ കായലോരമേഖലകളിൽ കൂടി ഫിഷറീസ് ആശുപത്രികൾ ആരംഭിക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ; അതിന്റെ അടിസ്ഥാനത്തിൽ എറണാകുളം ജില്ലയിലെ ഉദയംപേരൂർ പഞ്ചായത്തിൽ ഇപ്പോൾ നിർദ്ദേശത്തിലുള്ള ആശുപത്രി അടിയന്തിരമായി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി എം. ടി. പത്മ: എല്ലാ സ്ഥലങ്ങളിലും ആശുപത്രി ഉണ്ടാക്കണം എന്ന് ആഗ്രഹമുണ്ട്. സാമ്പത്തിക ബുദ്ധിമുട്ടാണ് കാരണം. സാമ്പത്തിക ബുദ്ധിമുട്ട് വളരെയില്ലാത്ത കാലത്ത് തീർച്ചയായും ആരോഗ്യരംഗത്തെക്കുറിച്ച് ചിന്തിക്കാം.

ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ്: ഗുരുവായൂർ മണ്ഡലത്തിൽ കടപ്പുറം പഞ്ചായത്തിൽ മത്സ്യത്തൊഴിലാളികൾക്കുവേണ്ടി കുറച്ച് വീടുകൾ ഉണ്ടാക്കിയിട്ട് മാസങ്ങളായി. അത് മന്ത്രിയുടെ സ്റേറ കാരണം ഇതുവരെ വിതരണം ചെയ്തിട്ടില്ല. ആ സ്റേറ പിൻവലിച്ച് അർഹതപ്പെട്ടവർക്ക് ഉടൻ കൊടുക്കുവാൻ വേണ്ടിയിട്ടുള്ള തീരുമാനം ഉണ്ടാകുമോ?

ശ്രീമതി എം. ടി. പത്മ: ബഹുമാനപ്പെട്ട അംഗം പറഞ്ഞതനുസരിച്ചു തന്നെ ബന്ധപ്പെട്ട ജില്ലാ കളക്ടറെ അറിയിക്കുകയും • അതിന്റെ നടപടികൾ ഉടൻതന്നെ എടുക്കുന്നതിനുവേണ്ടി ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ഉടനെതന്നെ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. സി. പി. ബാലൻ വൈദ്യർ: മത്സ്യത്തൊഴിലാളികൾ എന്നു പറയുന്ന കൂട്ടത്തിൽ അങ്ങയുടെ വീട്ടിൽ ഉൾപ്പെടെ സൈക്കിളിലും മററും മൽസ്യം കൊണ്ടുവന്ന് തരുന്നവർ ഉൾപ്പെടുമോ; മറെറാന്ന്, അവർക്ക് വീട് വയ്ക്കുന്നത് സംബന്ധിച്ച് നറുക്കിട്ട് എടുക്കുന്നതിനെ മന്ത്രി എതിർത്തു. എന്തിനും അഴിമതി നടക്കുന്ന കാലമാണിപ്പോൾ. അപ്പോൾ നറുക്കിടാതെ ഇത് മറെറാരു നിലയിൽ തീരുമാനിക്കുമ്പോൾ അഴിമതി നടക്കും. അങ്ങയുടെ നാട്ടിൽ നടക്കുന്ന കോലാഹലങ്ങളൊക്കെ അങ്ങേക്ക് അറിയാമല്ലോ. ഏജൻറുമാർ കൈക്കൂലി വാങ്ങി അങ്ങയുടെ പാർട്ടിയിൽ തന്നെ കുഴപ്പം നടത്താതിരിക്കാൻവേണ്ടി നറുക്കിട്ടെടുക്കുന്നതിനുള്ള സമ്പ്രദായമല്ലേ നല്ലത്. ഇപ്പോൾ കോഴിക്കോട്ട് നടക്കുംപോലെയുള്ള സംഭവങ്ങൾ ഒഴിവാക്കാൻ അത് സഹായിക്കില്ലേ?

ശ്രീമതി എം. ടി. പത്മ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ചെയ്യാൻ ബുദ്ധിമുട്ടുണ്ട്. കാരണം, ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ പാവപ്പെട്ടവരിൽ പാവപ്പെട്ടവരായ ആളുകൾക്ക് ആദ്യം കൊടുക്കും എന്ന് തീരുമാനിച്ചതുകൊണ്ടാണ്.

ശ്രീ. ടി. നാണുമാസ്ററർ: ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലൊക്കെ പട്ടികജാതി—പട്ടികവർഗ്ഗക്കാരായിട്ടുള്ള മത്സ്യത്തൊഴിലാളികളുടെ ഭവന നിർമ്മാണത്തിനുവേണ്ടി കേന്ദ്ര ഗവൺമെൻറ് പ്രത്യേക ധനസഹായം നൽകുന്നുണ്ട്. കേരളത്തിലെ പട്ടികജാതി—പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ഭവനനിർമ്മാണത്തിനുവേണ്ടി കേന്ദ്ര ഗവൺമെൻറ് എന്തെങ്കിലും തുക തന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് എങ്ങനെയാണ് ഉപയോഗിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രീമതി എം. ടി. പത്മ: മൊത്തത്തിൽ എസ്.സി./എസ്.ടി.-യ്ക്കുവേണ്ടി ജില്ലാ വർക്കിംഗ് ഗ്രൂപ്പിന് നൽകിയിട്ടുള്ളത് 120 ലക്ഷം രൂപയാണ്. അതിൽ വീടുകൾക്ക് മാത്രമായിട്ട് മാററിവച്ചതായിട്ടുള്ള തുക ഇല്ല. അതുകൊണ്ട് സാമ്പത്തിക ലഭ്യതയ്ക്കനുസരിച്ച് ഇതുംകൂടി എടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. എസ്. അച്യുതാനന്ദൻ: നിഷ്പക്ഷമായ സെലക്ഷനെ സഹായിക്കത്തക്കവിധത്തിലും അനർഹരായ ആളുകൾ കടന്നുകൂടാതിരിക്കാനുംവേണ്ടിയുള്ള ഒരു സെലക്ഷനാണ് ബഹുമാനപ്പെട്ട ശർമ്മയും ശ്രീ. ബാലൻ വൈദ്യരും പറഞ്ഞത്. എന്നിട്ടും ബഹുമാനപ്പെട്ട മന്ത്രി പറയുന്നത് പാവപ്പെട്ടവരിൽ പാവപ്പെട്ടവരെ തെരഞ്ഞെടുക്കുമെന്നാണ്. എന്നാൽ പാവപ്പെട്ടവരിൽ പാവപ്പെട്ടവരെ സെലക്ട് ചെയ്യുന്നത് ആരാണ്; സെലക്ഷൻ ബോർഡാണോ; അതിനേക്കാൾ നല്ല മററ് രീതികളില്ലേ; അത് പരിഗണിക്കാനുള്ള വിഷമം എന്താണ്?

ശ്രീമതി എം. ടി. പത്മ: ഇത് ഉദ്യോഗസ്ഥൻമാരെ മാത്രം ഏൽപ്പിച്ചാൽ പരാതികൾ വരുമെന്നുള്ളതുകൊണ്ട് ബഹുമാനപ്പെട്ട ജില്ലാ കളക്ടർ ചെയർമാനായി തെരഞ്ഞെടുക്കപ്പെട്ട ഒരു കമ്മിററിയാണ് ഈ ആളുകളെ തെരഞ്ഞെടുക്കുന്നത്.

ശ്രീ. ബേബിജോൺ: പാവപ്പെട്ടവരിൽ പാവപ്പെട്ടവരെ തെരഞ്ഞെടുക്കുന്ന കാര്യം ഇവിടെ പറഞ്ഞു. ക്രീമി ലെയർ നടപ്പാക്കുന്ന കാര്യത്തിലും ഈ നയമാണോ നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ജില്ലാ കളക്ടർ ചെയർമാനായുള്ള മററ് കമ്മിററികളും ഹരിജൻ ഡിപ്പാർട്ടുമെൻറിൻെറ കീഴിലുണ്ട്. എന്നാൽ വീടുകൾ കൊടുക്കുന്ന കാര്യത്തിൽ അർഹരായവരുടെ ലിസ്ററ് തയ്യാറാക്കിയശേഷം പിന്നെ നറുക്കിട്ട് എടുക്കുകയായിരുന്നു പതിവ്. അതുകൊണ്ട് ഇക്കാര്യത്തിലും നറുക്കിട്ടെടുക്കുന്ന സമ്പ്രദായം സ്വീകരിക്കരുതോ?

ശ്രീമതി എം. ടി. പത്മ: ഈ പദ്ധതിപ്രകാരം വീടുകൾ നിർമ്മിച്ചു കൊടുക്കുകയാണ് ചെയ്യുന്നത്, അല്ലാതെ കാശ് കൊടുക്കുകയല്ല. വീട് നിർമ്മിച്ചശേഷം ഹാൻഡ് ഓവർ ചെയ്യുകയാണ്. ഇത് സെലക്ട് ചെയ്യുന്നതിനുവേണ്ടിമാത്രം ഉണ്ടാക്കിയിട്ടുള്ള ഒരു കമ്മിററിയെക്കുറിച്ചാണ് ഞാൻ നേരത്തെ പറഞ്ഞത്. അല്ലാതെ എസ്.സി./എസ്.ററി. കമ്മിററിയുടെ കാര്യമല്ല.

## (ii) അടിയന്തിര ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### കാസർഗോഡ് ജില്ലയിൽ ഭൂമിയുടെ പട്ടയം റദ്ദ്ചെയ്ത സംഭവം

*4 [6] ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്): താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1980-ൽ കാസർഗോഡ് ജില്ലയിലെ കരിന്തളം വില്ലേജിൽ സർക്കാർ ഭൂമി പതിച്ചു നൽകിയതെത്രയാണെന്നും എത്ര പേർക്കാണെന്നും വ്യക്തമാക്കാമോ;

(ബി) ഭൂമിയുടെ പട്ടയം റദ്ദുചെയ്ത് പ്രസ്തുത സ്ഥലത്ത് മലബാർ സിമൻറ് ഫാക്ടറി ആരംഭിക്കുവാൻ നടപടി ആരംഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഭൂമി പതിച്ചുനൽകിയവരുടെ പട്ടയം റദ്ദ് ചെയ്യുവാൻ നടപടി ആരംഭിച്ച സാഹചര്യത്തിൽ കിനാനൂർ വില്ലേജിൽ 225, 286, 304 സർവേ നമ്പരുകളിൽപ്പെട്ട 105·71 ഏക്കർ മിച്ചഭൂമി പതിച്ചു നൽകുമ്പോൾ പട്ടയം റദ്ദുചെയ്ത് ഭൂമി നഷ്ടപ്പെട്ട ആളുകൾക്ക് അർഹമായ പരിഗണന നൽകാൻ നടപടി സ്വീകരിക്കുമോ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) 1980-ൽ കരിന്തളം വില്ലേജിൽ 4 ഏക്കർ 90 സെൻറ് ഭൂമി 4 പേർക്കായി പതിച്ചുനൽകിയിരുന്നു.

(ബി) കരിന്തളം വില്ലേജിലെ റീസർവേ നമ്പർ 89/1-ലെ 29 ഏക്കർ 68 സെൻറ് ഭൂമി 1980-നുശേഷം 29 പേർക്ക് പതിച്ചുനൽകിയിരുന്നു. പ്രസ്തുത ഭൂമി, ബോക്സൈററ് ഫാക്ടറി സ്ഥാപിക്കുന്നതിന് പിന്നീട് ആവശ്യമായി വന്നതിനാൽ മേൽ 29 പട്ടയങ്ങളും റദ്ദ് ചെയ്തു ഭൂമി ഫാക്ടറിക്ക് കൈമാറാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) കിനാനൂർ വില്ലേജിൽ റീസർവ്വേ നമ്പർ 225/1എ, 286/1, 304/1 എന്നിവയിൽപെട്ട 105 ഏക്കർ 71 സെൻറ് മിച്ചഭൂമി വിതരണം ചെയ്യാൻ ശേഷിക്കുന്നുണ്ടെന്ന് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. ഈ ഭൂമി വിതരണം ചെയ്യുമ്പോൾ മുമ്പ് ഈ ഭൂമി പതിച്ചു നൽകുകയും പിന്നീട് പട്ടയം റദ്ദ് ചെയ്യപ്പെടുകയും ചെയ്ത കേസുകളിലെ അപേക്ഷകരെയും കൂടി നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായി പരിഗണിക്കാവുന്നതാണ്.

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്): 1980-നുശേഷം പതിച്ചു നൽകിയ 29 പേരുടെ 9 ഏക്കർ ഭൂമിയുടെ പട്ടയം റദ്ദ് ചെയ്താണല്ലോ ബോക്സൈററ് ഫാക്ടറി സ്ഥാപിക്കാൻ പോകുന്നത്. എന്തിനു വേണ്ടിയാണ് ആ ഫാക്ടറി അവിടെ സ്ഥാപിക്കാൻ പോകുന്നതെന്ന് വ്യക്തമാക്കുമോ?

ശ്രീ. കെ. എം. മാണി: ഗവൺമെൻറിൻെറ പൊതുമേഖലാസ്ഥാപനമായ മലബാർ സിമൻറ്സിന് ബോക്സൈററ് നിക്ഷേപം ആവശ്യമുണ്ട് എന്നു പറഞ്ഞു. മലബാർ സിമൻറ്സിന് കൊടുക്കാൻവേണ്ടിയാണ് ഈ നടപടി സ്വീകരിച്ചിട്ടുള്ളത്.

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്): യഥാർത്ഥത്തിൽ പട്ടയം നിഷേധിക്കപ്പെട്ടവർ വിഷമവൃത്തത്തിലാണ്. അവിടെ ഫാക്ടറിയും ഉണ്ടാകില്ല, ഭൂമിയും പോയി എന്നുള്ള നിലയിലാണ്. അതുകൊണ്ട് കിനാനൂർ വില്ലേജിൽ 105 ഏക്കർ ഭൂമി പതിച്ചുനൽകുമ്പോൾ പട്ടയം റദ്ദ് ചെയ്യപ്പെട്ട ആളുകൾക്ക് അവിടെ ഭൂമി പതിച്ചുനൽകുമെന്ന് സഭയിൽ ഉറപ്പുനൽകാൻ കഴിയുമോ?

ശ്രീ. കെ. എം. മാണി: ഇത് ഗവൺമെൻറിൻെറ കുഴപ്പമല്ല. 1980 മുതൽ 1984 വരെയാണ് അവിടെ പട്ടയം കൊടുത്തത്. ഇപ്പോൾ പത്തു വർഷമായി. റോക്കി ഏരിയ ആയതുകൊണ്ട് അവരാരും പട്ടയം കൈവശപ്പെടുത്തിയിരുന്നില്ല. അങ്ങനെയിരിക്കെയാണ് പൊതുമേഖലാ സ്ഥാപനത്തിൻെറ ആവശ്യപ്രകാരം ഇപ്പോൾ ആ സ്ഥലം നൽകിയിട്ടുള്ളത്. അതുകൊണ്ട് നിയമപരമായി അവർക്ക് ഇനിയും പട്ടയം

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കും എന്നു ഉറപ്പുപറയേണ്ട ആവശ്യമില്ല. എങ്കിലും 105 ഏക്കറിലെ പട്ടയം കൊടുക്കുമ്പോൾ തീർച്ചയായും അവർക്ക് പ്രത്യേകമൊരു പരിഗണന ഉണ്ടായിരിക്കും.

## നഴ്സറി സ്ക്കൂളുകളിലെ പ്രവേശന ഇൻറർവ്യൂകളും പരീക്ഷകളും നിർത്തലാക്കാൻ നടപടി

* 5 [9] ശ്രീ. എം. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ നിയമിച്ച യശ്പാൽ കമ്മിററിയുടെ റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ നഴ്സറി ക്ലാസുകളിൽ പ്രവേശന ഇൻറർവ്യൂകളും പരീക്ഷ, ഹോം വർക്ക്, ടെക്സ്ററ് ബുക്കുകൾ എന്നിവ നിർത്തലാക്കണമെന്ന നിർദ്ദേശം സർക്കാരിനു ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) ഇത്സംബന്ധിച്ച നിർദ്ദേശം സ്കൂളുകൾക്ക് നൽകിയിട്ടുണ്ടോ; അൺ എയ്ഡഡ് സ്കൂളുകൾക്കും ഇതു ബാധകമാക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) സ്കൂൾ വിദ്യാഭ്യാസരംഗത്ത് നിലവിലുള്ള പഠനഭാരം കുറയ്ക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് റിപ്പോർട്ടിൽ വിഭാവനം ചെയ്തിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ഡി) പ്രൈമറി സ്കൂളുകളിൽ ഹോംവർക്കും പ്രോജക്ട്വർക്കും നിർത്തലാക്കുവാനുള്ള റിപ്പോർട്ടിലെ നിർദ്ദേശം നടപ്പിലാക്കുമോ;

(ഇ) പ്രസ്തുത റിപ്പോർട്ടിൻപ്രകാരം ടെക്സ്ററ് ബുക്കുകൾ തയ്യാറാക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(എഫ്) അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1:40 ആക്കണമെന്നതു സംബന്ധിച്ച നിർദ്ദേശത്തിലെ സർക്കാർ നയം വ്യക്തമാക്കുമോ;

(ജി) പ്രസ്തുത റിപ്പോർട്ടിൻെറ പ്രതി മേശപ്പുറത്തുവയ്ക്കുമോ;

(എച്ച്) അടുത്ത വിദ്യാഭ്യാസ വർഷത്തോടുകൂടി പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):

(എ) കേന്ദ്രസർക്കാർ നിയമിച്ച യശ്പാൽ കമ്മിററിയുടെ റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ പ്രീ-പ്രൈമറി, പ്രൈമറി ക്ലാസുകളിലെ പഠനഭാരം കുറയ്ക്കുവാനുള്ള നടപടി സ്വീകരിക്കുവാനുള്ള കർമ്മ പരിപാടി തയ്യാറാക്കുവാൻ കേന്ദ്ര മാനവശേഷി വകുപ്പുമന്ത്രിയുടെ കത്ത് ലഭിച്ചിട്ടുണ്ട്. എന്നാൽ ഈയിടെ പത്രങ്ങളിൽ കണ്ട വാർത്തയെ സംബന്ധിച്ച ഔദ്യോഗിക നിർദ്ദേശങ്ങൾ ഉടൻ ലഭ്യമാകും.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേന്ദ്രസർക്കാരിന്റെ നിർദ്ദേശം ലഭിക്കുന്നതിനുമുമ്പുതന്നെ പ്രീ-പ്രൈമറി വിദ്യാഭ്യാസം ഏകീകരിക്കുവാനായി കരടുനിയമം തയ്യാറാക്കുവാൻ സംസ്ഥാന ഗവൺമെന്റ് ഒരു കമ്മിററിയെ നിയോഗിച്ചിട്ടുണ്ട്. പ്രീ-പ്രൈമറി തലത്തിൽ വിവിധ വകുപ്പുകൾ സ്വകാര്യ സ്ഥാപനങ്ങൾ എന്നിവ നടത്തുന്ന സ്കൂളുകളിലെ പ്രവേശന യോഗ്യത, അടിസ്ഥാന സൗകര്യങ്ങൾ, പാഠ്യപദ്ധതി, അദ്ധ്യാപകരുടെ യോഗ്യത, അദ്ധ്യാപക പരിശീലനം എന്നിവ ഏകീകരിക്കുക, സ്വകാര്യ മേഖലയിലെ പ്രീ-പ്രൈമറി സ്കൂളുകളുടെ അംഗീകാരം എന്നിവ കരടു നിയമത്തിൽ ഉൾപ്പെടുത്തുന്നതാണ്.

(സി) പഠനഭാരം കുറയ്ക്കുന്നതിനായി 'അവശ്യപഠനനിലവാര' പദ്ധതി നടപ്പാക്കാനാണ് യശ്പാൽ കമ്മിററി ശുപാർശ ചെയ്തിരിക്കുന്നത്. അവശ്യപഠനനിലവാര പദ്ധതി 1994–95 അക്കാഡമിക് വർഷത്തിൽത്തന്നെ നടപ്പാക്കിവരുന്നു. 1-ാം ക്ലാസിലേയും രണ്ടാം ക്ലാസിലേയും പഠനഭാരം കുറച്ച് പ്രാപ്തി അടിസ്ഥാനമാക്കി പാഠപുസ്തകങ്ങൾ തയ്യാറാക്കിക്കഴിഞ്ഞു. ഓരോ ജില്ലയിലും 20 സ്ക്കൂളുകളിൽവീതം പ്രത്യേകം പരിശീലിപ്പിച്ച അദ്ധ്യാപകർവഴി അവശ്യപഠനപദ്ധതി ആദ്യഘട്ടത്തിൽ നടപ്പാക്കും. രണ്ടായിരാമാണ്ടോടെ എല്ലാ പ്രൈമറി സ്കൂളുകളിലും പദ്ധതി നടപ്പാക്കുന്നതാണ്. ഈ പദ്ധതി കേന്ദ്ര സഹായത്തോടെയാണ് നടപ്പിലാക്കുന്നത്.

(ഡി) ഇക്കാര്യം പരിശോധിച്ച് യുക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഇ) യശ്പാൽ കമ്മിററിയിലെ ശുപാർശപ്രകാരമാണ് അവശ്യപഠനനിലവാര പുസ്തകങ്ങൾ തയ്യാറാക്കിയത്. അദ്ധ്യാപകർ തന്നെയാണ് പുസ്തകത്തിന്റെ കരടുരേഖ തയ്യാറാക്കിയത്.

(എഫ്) ഇക്കാര്യം പരിശോധിക്കുന്നതാണ്.

(ജി) വയ്ക്കാം.

(എച്ച്) പലകാര്യങ്ങളിലും ഈ വർഷംതന്നെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. എം. വിജയകുമാർ: യശ്പാൽ കമ്മിററിയുടെ റിപ്പോർട്ട് മേശപ്പുറത്ത് വച്ചിട്ടുണ്ട് എന്നു പറഞ്ഞു. പക്ഷേ എനിക്ക് കിട്ടിയിട്ടില്ല. യശ്പാൽ കമ്മിററി റിപ്പോർട്ട് ശുഷ്കാന്തിയോടുകൂടി നടപ്പാക്കുമെന്ന് ഉത്തരത്തിൽ പറഞ്ഞു കാണുന്നില്ല. രണ്ടായിരാമാണ്ടോടുകൂടി നടപ്പാക്കുമെന്നൊക്കെയാണ് പറയുന്നത്. അന്ന് നമ്മുടെ രാജ്യത്തിന്റെ സ്ഥിതി എന്താണെന്ന് പറയുവാൻ കഴിയുമോ? അടുത്ത അദ്ധ്യയനവർഷം മുതൽ സമ്പൂർണ്ണമായി യശ്പാൽ കമ്മിററി റിപ്പോർട്ട് നടപ്പാക്കാൻ തയ്യാറാകുമോ; അതിനുവേണ്ടി പ്രത്യേകമായി ഒരു കമ്മിററി രൂപീകരിച്ച് സർക്കാർ റിപ്പോർട്ട് ആവശ്യപ്പെടുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: യശ്പാൽ കമ്മീഷൻ റിപ്പോർട്ടിൽ പറയുന്ന കാര്യങ്ങൾ കമ്മീഷൻ റിപ്പോർട്ട് വരുന്നതിനുമുൻപേ ഇംപ്ലിമെന്റ് ചെയ്യാൻ തുടങ്ങിയ സംസ്ഥാനമാണ് കേരളം. അതിൻമേൽ ഒരു ശില്പശാല നടത്തുകയുണ്ടായി; വിശദമായ ചർച്ച നടക്കുകയുണ്ടായി. സമഗ്രമായ നിയമവും വരുകയാണ്. അവിടെ നടക്കുന്ന ഇൻറർവ്യൂ,

LIBRARY ARCHIVES Kerala Legislative Assembly

ഫീസ്, കുട്ടികളെ ഹരാസ് ചെയ്യൽ തുടങ്ങിയ കാര്യങ്ങളൊക്കെ ക്രമീകരിക്കുന്നതിനുവേണ്ടി സമഗ്രമായ ഒരു നിയമംതന്നെ കൊണ്ടു വരുമെന്ന് ഞാൻ മറുപടിയിൽ പറഞ്ഞിട്ടുണ്ട്. അത് ഡ്രാഫ്റ്റിംഗ് സ്റ്റേജിലാണ്. രണ്ടാമത്തെ കാര്യം പഠനഭാരം ലഘൂകരിക്കുന്ന നടപടിയാണ്. ഇന്നത്തെ പാഠ്യപദ്ധതി വളരെ സങ്കീർണ്ണമാണ്. കുട്ടികൾക്ക് അമിതമായ ഭാരമാണ്. അത് ലഘൂകരിക്കുന്നതിനു വേണ്ടിയാണ് മിനിമം ലെവൽ ഓഫ് ലേണിംഗ് പ്രകാരം പാഠ്യപദ്ധതി തയ്യാറാക്കി കഴിഞ്ഞിട്ടുള്ളത്. സമഗ്രമായ നിയമനിർമ്മാണം നടത്തുന്ന തോടൊപ്പംതന്നെ മിനിമം ലെവൽ ഓഫ് ലേണിംഗ് അടിസ്ഥാന പ്പെടുത്തിയുള്ള പാഠപുസ്തകങ്ങൾ തയ്യാറാക്കി ഒന്നുംരണ്ടും ക്ലാസു കളിലേക്ക് നൽകുകയും ചെയ്യുന്നതാണ്.

## (iii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### തരിശുഭൂമി വികസനത്തിനായി പദ്ധതി

* 6 [363] ശ്രീ. ഇ. കെ. ഇമ്പിച്ചി ബാവ:
,, ഇ. ശങ്കരൻ:
,, എ. കണാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തരിശുഭൂമി വികസനത്തിനായി സർക്കാർ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) തരിശുഭൂമി വികസന പരിപാടികൾക്കായി വയനാട്, ഇടുക്കി എന്നീ ജില്ലകളിലേക്കായുള്ള പദ്ധതികൾക്ക് കേന്ദ്രത്തിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത പദ്ധതി എന്നാണ് കേന്ദ്രാനുമതിക്കായി സമർപ്പിച്ചത്;

(ഇ) മൊത്തം എന്തു തുകയുടെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്?

ഫിഷറീസ് വകുപ്പുമന്ത്രി (ശ്രീമതി എം. ടി. പത്മ):

(എ) ഉണ്ട്.

(ബി) 100 ശതമാനം കേന്ദ്രസഹായത്തോടെ സംസ്ഥാനത്ത് തൃശ്ശൂർ, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിൽ സംയോജിത തരിശു ഭൂമി വികസന പദ്ധതി നടപ്പിലാക്കിവരുന്നു. 10·49 കോടി രൂപ വിനിയോഗിച്ച് ഈ മൂന്നു ജില്ലകളിലുമായി 15230 ഹെക്ടർ സ്ഥലത്ത് പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. 1994–95 മുതൽ 315 ലക്ഷം രൂപ വിനിയോഗിച്ച് വയനാട് ജില്ലയിൽ 4500 ഹെക്ടർ സ്ഥലത്ത് പദ്ധതി നടപ്പിലാക്കാനും കേന്ദ്രഗവൺമെന്റിന്റെ അനുമതി 2–8–1994-ൽ ലഭിച്ചിട്ടുണ്ട്. മണ്ണു സംരക്ഷണം, നടീൽ വസ്തുക്കളുടെ

LIBRARY ARCHIVES Kerala Legislative Assembly

നഴ്സറികൾ ഒരുക്കൽ, തടയണകൾ നിർമ്മിക്കൽ കാലിത്തീററ കൃഷി, സാമൂഹ്യ വനവൽക്കരണം, ചെറുകിട ജലസേചനം തുടങ്ങിയവയാണ് തരിശുഭൂമി വികസന പദ്ധതിയിൽ വിഭാവനം ചെയ്യുന്ന പ്രവൃത്തികൾ.

(സി) വയനാട് ജില്ലാ തരിശുഭൂമി വികസന പദ്ധതിക്ക് 2–8–1994-ൽ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയ്ക്കുള്ള പദ്ധതി കേന്ദ്രഗവൺമെൻറിൻെറ പരിഗണനയിലാണ്.

(ഡി) വയനാട് പദ്ധതി 30–1–1993-ലും ഇടുക്കി പദ്ധതി 16–4–1994-ലും കേന്ദ്രാനുമതിക്കായി സമർപ്പിച്ചു.

(ഇ) പാലക്കാട്, തൃശ്ശൂർ, മലപ്പുറം, വയനാട് എന്നീ ജില്ലകളിൽ നടപ്പിലാക്കുന്ന പദ്ധതികൾക്കായി മൊത്തം 13·64 കോടി രൂപയുടെ പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. ഇടുക്കി ജില്ലയിൽ 545·34 ലക്ഷം രൂപയുടെ പദ്ധതിയാണ് കേന്ദ്രസർക്കാരിൻെറ അനുമതിക്കായി സമർപ്പിച്ചിട്ടുള്ളത്.

## ഹൈ ആൾട്ടിട്യൂഡ് കായിക പരിശീലന കേന്ദ്രം

* 7 [365] ശ്രീ. ജോണി നെല്ലൂർ:
,, മാത്യു സ്ററീഫൻ:
,, പി. എം. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഒരു ഹൈ ആൾട്ടിട്യൂഡ് കായിക പരിശീലന കേന്ദ്രം ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച റിപ്പോർട്ട് കേന്ദ്ര സ്പോർട്സ് അതോറിട്ടിക്ക് നൽകിയിട്ടുണ്ടോ;

(സി) പ്രസ്തുത പരിശീലന കേന്ദ്രം എവിടെയാണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്; ഇതിന് എന്തു തുക വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ഡി) ഇതിന് എത്ര ഏക്കർ ഭൂമിയാണ് ആവശ്യമായിട്ടുള്ളത്;

(ഇ) ഈ പരിശീലനകേന്ദ്രത്തിൻെറ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രി (ശ്രീ. പന്തളം സുധാകരൻ):

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) മൂന്നാറിൽ ആണ് ടി കേന്ദ്രം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത്. 7·25 കോടി രൂപയാണ് എസ്ററിമേററ് കണക്കാക്കിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇപ്പോഠം ലഭ്യമായിട്ടുള്ള 6.07 ഹെക്ടർ ഭൂമി കൂടാതെ ആവശ്യമുള്ള സ്ഥലംകൂടി കണ്ടെത്താൻ ശ്രമിക്കുന്നുണ്ട്.

(ഇ) കേരള സ്പോർട്ട്സ് കൗൺസിൽ ഇപ്പോഠം നൽകിയ പദ്ധതി അനുസരിച്ച് താഴെ പറയുന്ന സൗകര്യങ്ങഠം ഒരുക്കുവാൻ ഉദ്ദേശിക്കുന്നു:

ഔട്ട്ഡോർ

1. ഒരു വശം സിററിംഗ് സൗകര്യമുള്ള ഫുട്ബോഠം ഫീൽഡോടു കൂടിയ 400 മീററർ ട്രാക്ക്.

2. റെഗുലേഷൻ ഫുട്ബോഠം ഫീൽഡ് .. 1

3. ഹോക്കി ഫീൽഡ് .. 1

4. ബാസ്ക്കററ് ബോഠം കോർട്ട് .. 1

5. വോളിബോഠം കോർട്ട് .. 1

ഇൻഡോർ

1. ഇൻഡോർ ട്രെയിനിംഗ് കോംപ്ലക്സ്—1 (കണ്ടീഷനിംഗ് ഹാഠം, കാൻറീൻ, ഡ്രസിംഗ് റൂം, ബേസിൻ ടോയ്ലററ് അടങ്ങിയ രണ്ട് ട്രെയിനിംഗ് ഹാളുകഠം.)

2. സ്വിമ്മിംഗ്-കം-ഡൈവിംഗ് പൂഠം.

അടിസ്ഥാന സൗകര്യങ്ങഠം

1. ഹോസ്ററൽ (80/60 ബഡ് ഉള്ള 4 മുതൽ 6 വരെ ആളുകളെ താമസിപ്പിക്കാൻ സൗകര്യമുള്ള പെൺകുട്ടികഠംക്കും, ആൺകുട്ടികഠംക്കും പ്രത്യേകമായിട്ടുള്ള താമസ സൗകര്യം.)

2. മെയിൻ കെട്ടിടം (അഡ്മിനിസ്ട്രേററീവ് ബ്ലോക്ക്, ഹെൽത്ത് സെൻറർ, ഹ്യൂമൻ പെർഫോർമൻസ് ലാബ്, ലൈബ്രറി, കോൺഫറൻസ് റൂം, ഗസ്ററ് റൂം, ഓഡിറേറാറിയം ഉഠംപ്പെടെ).

3. സ്ററാഫ് ക്വാർട്ടേഴ്സ്—26 എണ്ണം വരെ.

സാമൂഹ്യ മത്സ്യകൃഷി

* 8 [366] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങഠംക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ മത്സ്യകൃഷിയുടെ ഉദ്ദേശലക്ഷ്യങ്ങഠം എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ പദ്ധതിയെക്കുറിച്ച് ഗവൺമെൻറ് വിലയിരുത്തിയിട്ടുണ്ടോ;

(സി) ഈ പദ്ധതി വ്യാപകമാക്കുവാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഫിഷറീസ് വകുപ്പുമന്ത്രി (ശ്രീമതി എം. ടി. പത്മ):

(എ) സാമൂഹ്യ മത്സ്യകൃഷിയുടെ പ്രധാനപ്പെട്ട ഉദ്ദേശ ലക്ഷ്യങ്ങൾ ഇനി പറയുന്നവയാണ്.

(1) കേരളത്തിലെ നദികളും കായലുകളും ഘട്ടംഘട്ടമായി സാമൂഹ്യമത്സ്യകൃഷി പദ്ധതിയിൻകീഴിൽ കൊണ്ടുവരുക.

(2) പൊതു ജലാശയങ്ങളായ നദികൾ, കായലുകൾ എന്നിവയിലെ മത്സ്യ സമ്പത്ത് കുറഞ്ഞുപോകാതെ നിലനിർത്തുക.

(3) ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ തൊഴിലവസരങ്ങളും വരുമാനവും ഉയർത്തുക.

(4) ഉൾനാടൻ മത്സ്യ/ചെമ്മീൻ ഉൽപാദനം ഗണ്യമായി ഉയർത്തുക.

(5) ഉൾനാടൻ മത്സ്യ/ചെമ്മീനിനങ്ങളുടെ ലഭ്യത ഉറപ്പു വരുത്തുക.

(6) മത്സ്യ സമ്പത്ത് നശിച്ചുപോകാതെ അവ സംരക്ഷിക്കപ്പെടേണ്ടതിന്റെ ആവശ്യകത ജനങ്ങളെ ബോദ്ധ്യപ്പെടുത്തുക.

(ബി) പ്രാഥമിക വിലയിരുത്തൽ നടത്തിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ഓരോ സാമ്പത്തിക വർഷവും മത്സ്യക്കുഞ്ഞുങ്ങളുടെ ലഭ്യത, സാമൂഹ്യ മത്സ്യക്കൃഷിക്കുവേണ്ടി വകയിരുത്തിയിട്ടുള്ള തുക എന്നിവയ്ക്കനുസരിച്ച് തെരഞ്ഞെടുക്കപ്പെട്ട നദികളിലും മററു ജലാശയങ്ങളിലും മത്സ്യ/ചെമ്മീൻകുഞ്ഞുങ്ങൾ സ്റേറാക്കുചെയ്തുവരുന്നു. ഘട്ടംഘട്ടമായി സംസ്ഥാനത്തെ നദികളുൾപ്പെടെയുള്ള പൊതു ജലാശയങ്ങൾ ഇപ്രകാരം സാമൂഹ്യ മത്സ്യകൃഷി പദ്ധതിയിൻകീഴിൽ കൊണ്ടുവരുന്നതാണ്. 1994-95-ൽ 5 ലക്ഷം രൂപയാണ് സാമൂഹ്യ മത്സ്യകൃഷിക്കുവേണ്ടി വകകൊള്ളിച്ചിട്ടുള്ളത്. ഈ വർഷം പാലക്കാട് ജില്ലയിലെ ഭാരതപ്പുഴ, തൂതപ്പുഴ, കുന്തിപ്പുഴ കാഞ്ഞിരപ്പുഴ എന്നിവിടങ്ങളിലും പത്തനംതിട്ട ജില്ലയിലെ മണിമല, പമ്പ, അച്ചൻകോവിൽ എന്നിവിടങ്ങളിലും കണ്ണൂർ ജില്ലയിലെ പഴശ്ശിയിലും തിരുവനന്തപുരം ജില്ലയിൽ വെള്ളായണിക്കായലിലുമായി 16·60 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെ ഇപ്രകാരം സ്റേറാക്കുചെയ്യാൻ ഉദ്ദേശിച്ചിട്ടുണ്ട്.

## (iv) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളും ഉത്തരങ്ങളും

### ആദിവാസികളുടെ ആരോഗ്യസംരക്ഷണം

1 [4529] ശ്രീ. ജോണി നെല്ലൂർ:
,, മാത്യു സ്ററീഫൻ:
,, പി. എം. മാത്യു:
,, എം. സി. ചെറിയാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആദിവാസികളുടെ ആരോഗ്യസംരക്ഷണത്തിനായി പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പുകളുടെ കീഴിൽ എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) യഥാസമയം ചികിത്സ കിട്ടാത്തതിനാൽ ആദിവാസികൾ മരണമടയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ആദിവാസി കോളനികളിലെ പകർച്ചവ്യാധി നിർമ്മാർജ്ജനം ചെയ്യുന്നതിനു നടപടി സ്വീകരിക്കുമോ;

(ഡി) ആദിവാസികളുടെ ആരോഗ്യസംരക്ഷണത്തിനു സംസ്ഥാന ആരോഗ്യവകുപ്പുമായി ആലോചിച്ച് പ്രത്യേക പദ്ധതി ആസൂത്രണം ചെയ്തു നടപ്പിലാക്കുമോ?

## ഉത്തരം

(എ) പട്ടികവർഗ്ഗക്കാരുടെ ആരോഗ്യ സംരക്ഷണത്തിനായി സംസ്ഥാനത്ത് 17 ആയുർവേദ ഡിസ്പെൻസറികളും, ഒരു ആയുർവേദ ആശുപത്രിയും 3 അലോപ്പതി ഡിസ്പെൻസറികളും 2 മൊബൈൽ മെഡിക്കൽ യൂണിററുകളും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ മാനന്തവാടി ആരോഗ്യപദ്ധതിയുടെ കീഴിൽ ഒരാശുപത്രിയുമുണ്ട്. പട്ടികവർഗ്ഗ സങ്കേതങ്ങളിൽ മെഡിക്കൽ ക്യാമ്പുകളും ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്. പട്ടികവർഗ്ഗക്കാർക്ക് അടിയന്തിര ചികിത്സ വേണ്ടിവരുന്ന ഘട്ടങ്ങളിൽ ആവശ്യമായ ധനസഹായവും നൽകിവരുന്നു.

(ബി) ഇല്ല.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഇപ്പോഴുള്ളത്തന്നെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വയനാട് ജില്ലയിൽ പുതിയൊരു പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ട്.

## പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് സിവിൽ സർവീസ് പരീക്ഷയ്ക്കുള്ള കോച്ചിംഗ്

2 [4530] ശ്രീ. എ. യൂനസ് കുഞ്ഞ്:
,, കെ. കുട്ടി അഹമ്മദ് കുട്ടി:
,, നാലകത്ത് സൂപ്പി:
,, കെ. എം. സൂപ്പി:
,, ചെർക്കളം അബ്ദുള്ള:
ശ്രീമതി ശോഭനാ ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് സിവിൽ സർവീസ് പരീക്ഷയ്ക്കായി പരിശീലനം നൽകാൻ പ്രത്യേക സെൻററുകൾ സംസ്ഥാനത്തുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്രയെണ്ണം; എവിടെയെല്ലാം;

(സി) ഈ സ്ഥാപനം പ്രവർത്തനമാരംഭിച്ചതിനുശേഷം കോച്ചിംഗ് ലഭിച്ച എത്ര പേർക്ക് സിവിൽ സർവീസിന് സെലക്ഷൻ ലഭിച്ചു;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ സ്ഥാപനം വികസിപ്പിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഒന്ന്; തിരുവനന്തപുരത്ത്.

(സി) ആർക്കും ലഭിച്ചിട്ടില്ല.

(ഡി) വികസിപ്പിച്ചിട്ടുണ്ട്. ഐ.എ.എസ്. കോച്ചിംഗ് സെന്റർ എന്ന പേരിൽ പ്രവർത്തിച്ചിരുന്ന പ്രസ്തുത സ്ഥാപനത്തെ 'ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവീസസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി' എന്ന പേരിൽ ഒരു സ്വയംഭരണ സ്ഥാപനമാക്കി മാറ്റിയിട്ടുണ്ട്.

## പട്ടികജാതി-പട്ടികവർഗ്ഗവിഭാഗക്കാരുടെ സ്ഥിതിവിവര കണക്ക്

3 [4531] ശ്രീ. കെ. സുധാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാരിൽ ഓരോ അദ്ധ്യയന വർഷവും ഒന്നാം ക്ലാസ്സിൽ ചേരുന്ന കുട്ടികളുടെ എണ്ണം, പഠിത്തം നിർത്തുന്നവരുടെ എണ്ണം, എസ്.എസ്.എൽ.സി. ജയിക്കുന്നവരുടെ എണ്ണം, അവരുടെ പഠന നിലവാരം, ഓരോ തലത്തിലും ഇവർക്കുവേണ്ടി ചെലവഴിക്കുന്ന തുക എന്നിവയുടെ സ്ഥിതിവിവര കണക്ക് തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദവിവരം നൽകാമോ?

ഉത്തരം

(എ, ബി) പട്ടികജാതി വികസന വകുപ്പിനെ സംബന്ധിച്ചിടത്തോളം 1-ാം ക്ലാസ്സ്സിൽ ചേരുന്ന കുട്ടികളുടെ എണ്ണം, 1993 മാർച്ച് വരെ എസ്.എസ്.എൽ.സി. പരീക്ഷയിൽ ജയിച്ച കുട്ടികളുടെ എണ്ണം, പ്രീ-മെട്രിക് വിദ്യാഭ്യാസത്തിനായി ചെലവഴിച്ച തുക എന്നീ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്. പഠിത്തം നിർത്തുന്നവരുടെ എണ്ണം, കുട്ടികളുടെ പഠന നിലവാരം എന്നിവയെ സംബന്ധിച്ച കണക്ക് ശേഖരിച്ചിട്ടില്ല. പട്ടികവർഗ്ഗ വിദ്യാർത്ഥികളെ സംബന്ധിച്ചുള്ള സ്ഥിതിവിവര കണക്കുകൾ തയ്യാറാക്കിയിട്ടില്ല.

1990-91 മുതൽ 1993 വരെ 1-ാം ക്ലാസ്സിൽ ചേർത്ത

കുട്ടികളുടെ എണ്ണം

| വർഷം | 1990-91 | 1991-92 | 1992-93 | 1993-94 |
|---|---|---|---|---|
| കുട്ടികളുടെ എണ്ണം | 66898 | 65520 | 69547 | 58881 |

LIBRARY ARCHIVES Kerala Legislative Assembly

1991 മാർച്ച് മുതൽ 1993 മാർച്ച് വരെ എസ്.എസ്.എൽ.സി. പാസായവരുടെ വിവരം താഴെ ചേർക്കുന്നു.

| വർഷം | പാസായ കുട്ടികളുടെ എണ്ണം |
|---|---|
| 1990–91 | 9923 |
| 1991–92 | 12310 |
| 1992–93 | 13212 |
| ആകെ | 35445 |

പ്രീ-മെട്രിക് വിദ്യാഭ്യാസത്തിനായി 1990–91 മുതൽ 1993–94 വരെ ചെലവഴിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | 1990–91 | 1991–92 | 1992–93 | 1993–94 |
|---|---|---|---|---|
| ചെലവഴിച്ച തുക (ലക്ഷത്തിൽ) | 552·304 | 573·580 | 592·154 | 684·324 |

ചോദ്യത്തിൽ ആവശ്യപ്പെടുന്ന എല്ലാ വിവരങ്ങൾക്കും സ്ഥിതിവിവര കണക്ക് തയ്യാറാക്കാൻ പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർമാർക്ക് നിർദ്ദേശം നൽകാം.

## പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസം

4 [4532] ശ്രീ. സി. കെ. ചന്ദ്രപ്പൻ:
പ്രൊഫ. മീനാക്ഷി തമ്പാൻ:
ശ്രീ. കെ. പ്രകാശ് ബാബു:
,, ഇ. രാജേന്ദ്രൻ:
,, എം. നാരായണൻ (ഹോസ്ദുർഗ്ഗ്):
,, കെ. സുധാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പുരോഗതിയ്ക്കുവേണ്ടി ഈ ഗവൺമെൻറ് ആവിഷ്കരിച്ച പുതിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിനായി കേന്ദ്ര ഗവൺമെൻറിൽനിന്നും എന്തെല്ലാം സഹായങ്ങൾ ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പട്ടികജാതി–പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കു വിദ്യാഭ്യാസത്തിനുവേണ്ടി ചെലവഴിക്കുന്ന തുക പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിനായി എത്രമാത്രം പ്രയോജനപ്പെടുത്തുന്നുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; ഇതിനായി നിലവിലുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികളിൽ ഭൂരിഭാഗവും പഠനം പൂർത്തിയാക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഉണ്ടെങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ ആവിഷ്കരിച്ച പുതിയ പദ്ധതികൾ താഴെ പറയുന്നവയാണ്:

(1) വൃത്തിഹീനതൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന പട്ടികജാതി സമുദായത്തിൽപ്പെട്ടവരുടെ മക്കളുടെ വിദ്യാഭ്യാസ ഉന്നമനത്തിനായുള്ള പദ്ധതി. ഇതിൻപ്രകാരം 1 മുതൽ 5 വരെ 25 രൂപയും 6 മുതൽ 8 വരെ 40 രൂപയും 9 മുതൽ 10-ാം ക്ലാസ്സുവരെയുള്ളവർക്ക് 50 രൂപയും കൂടാതെ ഒരു കുട്ടിയ്ക്ക് 500 രൂപ അഡ്ഹോക്ക് ഗ്രാൻറും നൽകുന്നുണ്ട്.

(2) ഐ.എച്ച്.ആർ.ഡി.-യുടെ കീഴിൽ പ്രവർത്തിക്കുന്ന മോഡൽ ടെക്നിക്കൽ സ്കൂളുകളിൽ പഠിക്കുന്ന പട്ടികജാതി/പട്ടിക വർഗ്ഗ/മററർഹ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിച്ചുനൽകുന്ന പദ്ധതി.

(3) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്കായി വയനാട്ടിലെ നൂൽപ്പുഴയിലും മലപ്പുറത്ത് മഞ്ചേരിയിലും രണ്ട് ആശ്രമം എൽ.പി. സ്കൂളുകൾ സ്ഥാപിച്ചു. തിരുവനന്തപുരം ജില്ലയിൽ ചെട്ടിയാംപാറയിൽ ആധുനിക ട്രേഡുകളിൽ പരിശീലനം നൽകുന്നതിനുള്ള വൊക്കേഷണൽ ട്രെയിനിംഗ് സെൻറർ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) 50 ശതമാനം മുതൽ 100 ശതമാനം വരെ കേന്ദ്ര സഹായം ലഭിക്കുന്നുണ്ട്.

(സി) ഉണ്ട്. ജില്ലാ സംസ്ഥാനതല ഉദ്യോഗസ്ഥൻമാർ പരിശോധന നടത്തി വിദ്യാഭ്യാസാനുകൂല്യം വിദ്യാർത്ഥികൾക്ക് യഥാസമയം ലഭിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നുണ്ട്.

(ഡി, ഇ.) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## സ്വകാര്യ സ്കൂളുകളിൽ പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രവേശനം നിഷേധിക്കുന്ന നടപടി

5 [4533] ശ്രീ. കെ. സുധാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി. ബി. എസ്. സി. സിലബസ് പ്രകാരം അദ്ധ്യയനം നടത്തുന്ന സ്വകാര്യ സ്കൂളുകളിൽ പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകാൻ വിസമ്മതിക്കുന്നകാര്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിൻമേൽ ഗവൺമെൻറ് എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?



LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) പട്ടികജാതി വിദ്യാർത്ഥികളുടെ യോഗ്യത വർദ്ധിപ്പിക്കുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിപ്രകാരം 1990-91 മുതൽ പാലക്കാട് ജില്ലയിലെ പല്ലാവൂർ ചിൻമയ വിദ്യാലയത്തിൽ നടപ്പിലാക്കിയെങ്കിലും തുടർന്നുള്ള വർഷങ്ങളിൽ ടി സ്കൂളധികൃതരോ മറ്റേതെങ്കിലും സ്കൂളധികൃതരോ ഈ പദ്ധതിപ്രകാരം കുട്ടികളെ ചേർത്തു പഠിപ്പിക്കാൻ തയ്യാറായില്ല. 8-ാം ക്ലാസ്സുവരെ മലയാളംമീഡിയം പഠിച്ച വിദ്യാർത്ഥികൾക്ക് 9-ാം ക്ലാസ്സിൽ ഇംഗ്ലീഷ് മീഡിയം പ്രത്യേകിച്ചും സി. ബി. എസ്. ഇ. സിലബസിലുള്ള ക്ലാസ്സിലേയ്ക്ക് പ്രവേശനം നൽകുന്നതിന് വിദ്യാലയാധികൃതർ സമ്മതിക്കാത്തതാണ് പ്രധാന കാരണം. ടി പദ്ധതി മലയാളം മീഡിയം സ്കൂളുകളിൽ നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സമുദായങ്ങൾ

6 [4534] ശ്രീമതി ശോഭനാ ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ വികസനവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1991-ലെ കാനേഷുമാരി കണക്കനുസരിച്ച് സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഓരോ സമുദായത്തിലേയും ജനസംഖ്യ എത്രവീതം എന്നു വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഓരോ സമുദായത്തിലേയും എസ്. എസ്. എൽ. സി.-യും അതിനു മുകളിലും യോഗ്യതയുള്ളവരുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1991-ലെ കാനേഷുമാരി പ്രകാരമുള്ള പട്ടികജാതി-പട്ടികവർഗ്ഗ സമുദായക്കാരുടെ ജാതി/വർഗ്ഗം തിരിച്ചുള്ള പട്ടിക ഇനിയും പൂർത്തിയായിട്ടില്ല.

(ബി) ഇല്ല.

അടിമവേലയിൽനിന്ന് മോചിപ്പിക്കപ്പെട്ട പട്ടികവർഗ്ഗക്കാർ

7 [4535] ശ്രീമതി ശോഭനാ ജോർജ്ജ്: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അടിമവേലയിൽ നിന്നും മോചിപ്പിക്കപ്പെട്ട പട്ടികവർഗ്ഗ വിഭാഗക്കാരെ പുനരധിവസിപ്പിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

സംസ്ഥാനത്ത് അടിമവേലയിൽനിന്നും മോചിപ്പിക്കപ്പെട്ട പട്ടിക വർഗ്ഗക്കാരെ സുഗന്ധഗിരി കാർഡമം പ്രോജക്ട്, പൂക്കോട് ഡയറി ഫാം, ചോക്കാട് ഗിരിജൻ കോളനി, മാനന്തവാടി പ്രിയദർശിനി തേയിലത്തോട്ടം, വട്ടച്ചിറ കളക്ടീവ് ഫാം എന്നിവിടങ്ങളിൽ പാർപ്പിടം, തൊഴിൽ, ചികിൽസാ സൗകര്യം, കുട്ടികൾക്ക് വിദ്യാഭ്യാസം, മററ് അനുബന്ധ സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കി പുനരധിവസിപ്പിച്ചു. മാനന്തവാടി പ്രിയദർശിനി തേയിലത്തോട്ടത്തിൽ ഇവർക്കായി ഒരു തേയില ഫാക്ടറിയും ആരംഭിച്ചിട്ടുണ്ട്.

പീഡനങ്ങൾക്ക് വിധേയരായുള്ള പട്ടികജാതി കുടുംബങ്ങൾക്ക് ധനസഹായം

8 [4536] ശ്രീ. എം. കെ. മുനീർ:
,, കെ. കെ. അബു:
,, കെ. കുട്ടി അഹമ്മദ് കുട്ടി:
,, നാലകത്ത് സൂപ്പി:
,, ചെർക്കളം അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പീഡനങ്ങൾക്ക് വിധേയരാവുന്ന പട്ടികജാതി കുടുംബങ്ങൾക്ക് ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിൻപ്രകാരം എന്തുതുകയാണ് സഹായമായി നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത തുക വർദ്ധിപ്പിക്കുവാൻ ഉദ്ദേശമുണ്ടോ;

(ഡി) 1993-94-ൽ ഈ ഇനത്തിൽ എത്ര കുടുംബങ്ങൾക്ക് ധനസഹായം നൽകി;

(ഇ) ഈ ഇനത്തിൽ ആകെ എന്തു തുക ചെലവായെന്ന് വെളിപ്പെടുത്തുമോ;

(എഫ്) നടപ്പുവർഷം ഈ ഇനത്തിൽ എന്തു തുക എത്ര കുടുംബങ്ങൾക്ക് നൽകി എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അതിക്രമങ്ങൾക്ക് വിധേയരായി മരിക്കുകയോ ജോലി ചെയ്യാനുള്ള കഴിവ് നഷ്ടപ്പെടുകയോ ചെയ്യുന്നവരുടെ ആശ്രിതർക്ക് 25,000 രൂപ വരെ ധനസഹായവും കുടുംബത്തിലെ ഒരംഗത്തിന് തൊഴിലും തൊഴിൽ ലഭിക്കുന്നതുവരെ 200 രൂപ സംരക്ഷണ ദാനവും

നൽകും. വീട് നഷ്ടപ്പെടുന്നവർക്ക് 10,000 രൂപയും ഭൂമി നഷ്ടപ്പെടുന്നവർക്ക് ഭൂമിയും വാഹനങ്ങൾ, വള്ളങ്ങൾ, കന്നുകാലികൾ, വീട്ടുപകരണങ്ങൾ, ധാന്യങ്ങൾ, ഫലവൃക്ഷങ്ങൾ, വൈദ്യുത ഉപകരണങ്ങൾ, തുടങ്ങിയവ നഷ്ടപ്പെട്ടാലും നഷ്ടപരിഹാരം നൽകുന്നതാണ്.

(സി) ഇല്ല.

(ഡി) 6 കുടുംബങ്ങൾക്ക്

(ഇ) 1,30,100 രൂപ.

(എഫ്) 29,500 രൂപ. വയനാട് ജില്ലയിൽ ഒരു കുടുംബത്തിന് നൽകിയിട്ടുണ്ട്.

## സമൃദ്ധികേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ

9 [4537] ശ്രീമതി ശോഭനാ ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിൻകീഴിൽ എത്ര ഉൽപ്പാദന പരിശീലന യൂണിററുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് 'സമൃദ്ധികേന്ദ്ര' ങ്ങൾ എവിടെയെല്ലാം ഉണ്ടെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ മൂന്നും, പട്ടികവർഗ്ഗ വികസന വകുപ്പിൻ കീഴിൽ രണ്ടും ഉൽപ്പാദന പരിശീലന കേന്ദ്രങ്ങൾ ഉണ്ട്.

(ബി) വയനാട് ജില്ല ഒഴികെ മററ് എല്ലാ ജില്ലകളിലും 'സമൃദ്ധികേന്ദ്ര' ങ്ങൾ രജിസ്ററർ ചെയ്തിട്ടുണ്ട്.

## തോട്ടിപ്പണിയിലും മററും ഏർപ്പെട്ടിരിക്കുന്ന പട്ടികജാതിക്കാർ

10 [4538] ശ്രീ. കെ. എം. സൂപ്പി:
,, നാലകത്ത് സൂപ്പി:
,, എ. യൂനസ് കുഞ്ഞ്:
,, കെ. കെ. അബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടിപ്പണി, തുകൽ ഊറക്കിടുന്ന പണി, തുകൽ സംസ്ക്കരണം മുതലായ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന പട്ടികജാതിക്കാർ എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവർക്ക് ഗവൺമെൻറ് പ്രത്യേക സഹായം നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ അവ എന്തെന്ന് വ്യക്തമാക്കുമോ;

(സി) ഇവരുടെ കുട്ടികൾക്ക് പഠിക്കുന്നതിന് സ്റൈറപൻറും ലംപ്സം ഗ്രാൻറും നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ എത്രവീതം എന്ന് വെളിപ്പെടുത്തുമോ?

## ഉത്തരം

(എ) സംസ്ഥാനത്ത് 1075 പട്ടികജാതിക്കാർ തോട്ടിപ്പണിയിൽ ഏർപ്പെട്ടിരിക്കുന്നതായി കണക്കാക്കിയിരിക്കുന്നു. തുകൽ ഊറക്കിടുന്ന പണി തുകൽ സംസ്കരണം എന്നീ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ എണ്ണം കണക്കാക്കിയിട്ടില്ല.

(ബി) തോട്ടിപ്പണിയിൽ ഏർപ്പെട്ടിരിക്കുന്നവരേയും അവരുടെ ആശ്രിതരേയും ആ തൊഴിലിൽനിന്നും മോചിപ്പിക്കുന്നതിനും അവർക്ക് മാന്യമായ തൊഴിലുകളിൽ പരിശീലനവും അത് ചെയ്യുന്നതിന് ധനസഹായവും (ബാങ്ക് വായ്പയും മാർജിൻ മണിയും) നൽകി പുനരധിവസിപ്പിക്കുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതി സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ഏറെറടുത്തിട്ടുണ്ട്. പരിശീലനത്തിനുള്ള ചെലവും ധനസഹായവും കേന്ദ്രസർക്കാരാണ് വഹിക്കുന്നത്. മാർജിൻമണി വായ്പ കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും കൂടിയാണ് വഹിക്കുന്നത്.

(ഡി) 50 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതിയായ് തോട്ടിപ്പണിയിലും മററും വൃത്തിഹീനതൊഴിലുകളിലും ഏർപ്പെട്ടിരിക്കുന്നവരുടെ കുട്ടികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതിയനുസരിച്ച് പ്രതിവർഷം 500 രൂപ അഡ്ഹോക്ക് ഗ്രാൻറും താഴെ പറയുന്ന നിരക്കിൽ സ്കോളർഷിപ്പും നൽകുന്നു.

1. ഹോസ്ററലിൽ താമസിച്ച് പഠിക്കുന്നവർക്ക്

| ക്ലാസ്സ് | ധനസഹായം |
|---|---|
| 3-ാം ക്ലാസ് മുതൽ 8-ാം ക്ലാസ് വരെ | 200 രൂപ നിരക്കിൽ 10 മാസം |
| 9-ാം ക്ലാസും 10-ാം ക്ലാസും | 250 രൂപ നിരക്കിൽ 10 മാസം |

2. ഹോസ്ററലിൽ താമസിക്കാത്തവർക്ക്

| | |
|---|---|
| 1-ാം ക്ലാസ് മുതൽ 5-ാം ക്ലാസ് വരെ | 25 രൂപ നിരക്കിൽ 10 മാസം |
| 6-ാം ക്ലാസ് മുതൽ 8-ാം ക്ലാസ് വരെ | 40 രൂപ നിരക്കിൽ 10 മാസം |
| 9-ാം ക്ലാസ്, 10-ാം ക്ലാസ് | 50 രൂപ നിരക്കിൽ 10 മാസം |

## ചെരങ്ങത്തൂർ ഹരിജൻ കോളനിയിലെ വികസന പ്രവർത്തനങ്ങൾ

11 [4539] ശ്രീ. എ. കണാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ മണിയൂർ പഞ്ചായത്തിലെ ചെരങ്ങത്തൂർ ഹരിജൻ കോളനിയിലെ വികസന പ്രവർത്തനങ്ങൾ നടപ്പാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ;

(സി) നിവേദനത്തിൽ ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങൾ നടപ്പിലാക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ചെരങ്ങത്തൂർ ഹരിജൻ കോളനിയെ ഐ. എച്ച്. ഡി. പി.-യിൽ ഉൾപ്പെടുത്തി വികസന പ്രവർത്തനങ്ങൾ നടത്തുവാൻ 1994-95-ൽ ശുപാർശ സമർപ്പിച്ചിരുന്നു. എന്നാൽ ഇതിനേക്കാൾ പിന്നോക്കം നിൽക്കുന്ന കോളനികൾ ഉണ്ട് എന്ന കാരണത്താൽ ജില്ലാതല വർക്കിംഗ് ഗ്രൂപ്പ് ശുപാർശ അംഗീകരിച്ചില്ല.

(സി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

പട്ടികജാതി-പട്ടികവർഗ്ഗക്കാരിലെ മതപരിവർത്തനം

12 [4540] ശ്രീ. പി. എസ്. ശ്രീനിവാസൻ:
,, വി. വി. രാഘവൻ:
,, കെ. ഇ. ഇസ്മയിൽ:
,, എൻ. രാജൻ:
,, സത്യൻ മൊകേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മതപരിവർത്തനം നടക്കുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ഇടയിൽ കഴിഞ്ഞ മൂന്നുവർഷത്തിനുള്ളിൽ എത്രപേർ മതപരിവർത്തനം നടത്തിയിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്നു വെളിപ്പെടുത്തുമോ;

(സി) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ മതപരിവർത്തനം നടത്താനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്നു പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി) മതപരിവർത്തനം നടത്തുന്നതിന് സർക്കാരിന്റെ അറിവോ സമ്മതമോ ആവശ്യമില്ലാത്തതിനാൽ ഇതു സംബന്ധിച്ച വിവരം ലഭ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

## ഫോർട്ടുകൊച്ചിയിൽ സ്റ്റേഡിയം പണിയുവാൻ നിർദ്ദേശം

13 [4541] ശ്രീ. എം. ജെ. സക്കറിയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫോർട്ടുകൊച്ചിയിൽ ഒരു വിവിധോദ്ദേശ സ്റ്റേഡിയം പണിയുവാൻ ഉള്ള നിർദ്ദേശം ഗവൺമെൻറിൻെറ പരിഗണനയിൽ ഉണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് ഗവൺമെൻറ് എന്ത് നടപടി സ്വീകരിച്ചു;

(സി) ഇത് സംബന്ധിച്ച് ഗവ. എന്തെങ്കിലും നിർദ്ദേശങ്ങൾ മുന്നോട്ട് വച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ നിർദ്ദേശം നൽകിയിട്ടുള്ളത് ഏത് ഏജൻസികൾക്കാണെന്നും അത് പാലിക്കാൻ അവർ തയ്യാറായിട്ടുണ്ടോ എന്നും വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) സ്പോർട്സ് വകുപ്പിൻെറ പരിഗണനയിൽ ഇത്തരം ഒരു നിർദ്ദേശം ഇപ്പോൾ ഇല്ല.

(ബി, സി, ഡി) പ്രശ്നം ഉദിക്കുന്നില്ല.

## സ്പോർട്സ് സ്കൂളിൽ പ്രവേശനത്തിനുള്ള മാനദണ്ഡം

14 [4542] ശ്രീ. എം. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്പോർട്സ് സ്കൂളിൽ പ്രവേശനത്തിനുള്ള മാനദണ്ഡം എന്തെല്ലാമെന്നു വ്യക്തമാക്കുമോ;

(ബി) സ്പോർട്സിൽ ഏതെല്ലാം ഇനങ്ങളിൽ കഴിവ് പ്രകടിപ്പിച്ചവർക്കാണ് പ്രവേശനം നൽകുന്നത്; വിശദാംശം വെളിപ്പെടുത്തുമോ;

(സി) തിരുവനന്തപുരം ജി.വി. രാജാ സ്പോർട്സ് സ്കൂളിൽ ഏതെല്ലാം ക്ലാസ്സുകളിലേക്കാണ് ഈ വർഷം പ്രവേശനം പൂർത്തിയാക്കാനുള്ളത്?

### ഉത്തരം

(എ) സ്പോർട്സ് സ്കൂളിൽ 8-ാം സ്റ്റാൻഡേർഡിലേക്കാണ് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. കേരള സ്പോർട്സ് കൗൺസിലിൻേറയും വിദ്യാഭ്യാസ ഡയറക്ടറേററിൻേറയും പ്രതിനിധികൾ അടങ്ങുന്ന ഉപസമിതിയുടെ ആഭിമുഖ്യത്തിൽ സംസ്ഥാനാടിസ്ഥാനത്തിൽ നടത്തുന്ന കായികക്ഷമതാ ടെസ്ററിൽ നിശ്ചിത യോഗ്യത നേടുന്നവരും നിശ്ചിത പ്രായപരിധിയുള്ളവരുമായ വിദ്യാർത്ഥികളെയാണ് തെരഞ്ഞെടുക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനതല കായികക്ഷമതാ ടെസ്റ്റിൽ നിശ്ചിത യോഗ്യത നേടുന്ന കായികാതാരങ്ങൾക്കാണ് പ്രവേശനം നൽകുന്നത്.

(സി) എട്ടാം സ്റ്റാൻഡേർഡിലേയ്ക്ക്.

## കായിക വിനോദ വൈദ്യ സഹായ കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ

15 [4543] ശ്രീ. എം. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി–പട്ടിക വർഗ്ഗ വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക വിനോദ വൈദ്യ സഹായകേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(ബി) ഇതിന്റെ പ്രവർത്തനത്തിനായി 1992–93, 1993–94 എന്നീ വർഷങ്ങളിൽ ബഡ്ജററിൽ വകയിരുത്തിയിരുന്നതിൽ എന്ത് തുക വീതം ചെലവഴിച്ചു?

### ഉത്തരം

(എ) കായിക വിനോദ വൈദ്യ സഹായ കേന്ദ്രത്തിന്റെ പ്രധാന ലക്ഷ്യം, സംസ്ഥാനത്തെ കായിക വികസനത്തിന് ഒരു ശാസ്ത്രീയ അടിത്തറ രൂപപ്പെടുത്തുക എന്നതാണ്. പ്രധാന പ്രവർത്തനങ്ങൾ താഴെ കൊടുക്കുന്നു.

(1) അംഗീകൃത സ്പോർട്സ് അസോസിയേഷൻ മുഖേന രൂപീകരിക്കപ്പെടുന്ന സ്പോർട്സ്/ഗെയിംസ് ടീമുകൾക്ക് വൈദ്യ സഹായം നൽകുക.

(2) സ്പോർട്സ് കൗൺസിൽ/സ്പോർട്സ് അതോറിററി ഓഫ് ഇൻഡ്യ മുതലായ ഏജൻസികൾ നടത്തുന്ന കായിക പ്രതിഭ തെരഞ്ഞെടുപ്പുകളിൽ ശാസ്ത്രീയാടിസ്ഥാനത്തിൽ ആവശ്യമായ സഹായം നൽകുക.

(3) കായിക താരങ്ങൾക്കുണ്ടാകുന്ന പരിക്കുകൾ, അസുഖങ്ങൾ എന്നിവയ്ക്ക് വൈദ്യസഹായം നൽകുക.

(4) കായിക അദ്ധ്യാപകർ, കോച്ചുകൾ എന്നിവർക്ക് കാലാകാലങ്ങളിൽ ശിൽപ്പശാലകൾ സംഘടിപ്പിക്കുകയും ഇതിന്റെ സാദ്ധ്യതയെ കുറിച്ച് ബോധവൽക്കരണം സൃഷ്ടിക്കുകയും ചെയ്യുക

(5) കായിക വിദ്യാർത്ഥികൾക്ക് പ്രതിവാര ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.

(ബി) 1992–93-ൽ 4·47 ലക്ഷം രൂപയും 1993–94-ൽ 2·50 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

## ജി. വി. രാജാ സ്പോർട്സ് സ്കൂളിലെ അദ്ധ്യാപകരുടെ ഒഴിവ്

16 [4544] ശ്രീ. എം. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടിക ജാതി-പട്ടിക വർഗ്ഗ വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.വി. രാജാ സ്പോർട്സ് സ്കൂളിലെ അദ്ധ്യാപകരുടെ ഒഴിവ് നികത്താതെയുണ്ടോ;

(ബി) ഇവിടെ ഏതെല്ലാം സ്പോർട്സ് ഇനങ്ങളിൽ പ്രാവീണ്യമുള്ള അദ്ധ്യാപകരാണുള്ളത്;

(സി) സ്പോർട്സ് സ്കൂളിലെ കുട്ടികൾക്കനുവദിച്ച ആനുകൂല്യങ്ങൾ നൽകാതിരുന്ന അദ്ധ്യാപകർക്കും ജീവനക്കാർക്കുമെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) വിവരം ശേഖരിച്ചു വരുന്നു.

(ബി) അത്‌ലററിക്സ്, ഫുട്ബോൾ, ബാസ്ക്കററ് ബോൾ, ഹോക്കി, വോളീബോൾ, ജിംനാസ്ററിക്സ് എന്നീ ഇനങ്ങളിലാണ് പ്രാവീണ്യമുള്ള പരിശീലകരുള്ളത്.

(സി) വിവരം ശേഖരിച്ചുവരുന്നു.

## യോഗാസന പരിശീലനം

17 [4545] ശ്രീമതി ശോഭനാ ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടിക വർഗ്ഗ വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യോഗാസന പരിശീലനം നൽകുന്ന എത്ര കേന്ദ്രങ്ങൾ ഉണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് വെളിപ്പെടുത്തുമോ;

(ബി) യോഗാസനം പരിപോഷിപ്പിക്കുന്നതിനും വ്യാപകമാക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) യോഗാസനം അംഗീകൃത സ്പോർട്സ് ഇനമല്ലാത്തതിനാൽ ബന്ധപ്പെട്ട അസോസിയേഷനുകൾക്ക് കേരള-സ്പോർട്സ് കൗൺസിലിന്റെ കീഴിൽ അംഗത്വം ഇല്ല. ആയതിനാൽ ടി പരിശീലന കേന്ദ്രങ്ങളുടെ ലിസ്ററ് ലഭ്യമല്ല.

(ബി) പരിശോധിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

## ചേരി നിർമ്മാർജ്ജന പദ്ധതികൾ

18 [4546] ശ്രീ. കെ. സുധാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേരി നിർമ്മാർജ്ജനത്തിനായി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതികൾ പ്രകാരം ഏതെല്ലാം ജില്ലകളിലാണ് ചേരി നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ), (ബി) ചേരി നിർമ്മാർജ്ജനത്തിനായി സംസ്ഥാനത്ത് ഇപ്പോൾ പദ്ധതികളൊന്നും നടപ്പിലാക്കി വരുന്നില്ല. എന്നാൽ സ്റ്റേറ്റ് പ്ലാൻ സ്കീമിലെ ഒരിനമായി ചേരി പരിഷ്ക്കരണ പദ്ധതി പ്രത്യേക ഘടക പദ്ധതിയിൻകീഴിൽ നഗരസഭകൾ നടപ്പിലാക്കുന്നു. റോഡുകളുടേയും ഓടകളുടേയും നിർമ്മാണവും പരിഷ്ക്കരണവും, സാനിട്ടറി മാതൃകാ കക്കൂസ് നിർമ്മാണം, തെരുവു വിളക്കുകൾ സ്ഥാപിക്കൽ, ശുദ്ധജലവിതരണം എന്നീ പ്രവൃത്തികളാണ് ഇപ്രകാരം നടപ്പിലാക്കി വരുന്നത്.

## ബിൽഡിംഗ് റൂൾസ് എക്സംപ്ഷൻ ഫീസ്

19 [4547] ശ്രീ. എം. ജെ. സക്കറിയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം ബിൽഡിംഗ് റൂൾസ് എക്സംപ്ഷൻ ഫീസ് ഇനത്തിൽ വസൂൽ ചെയ്ത തുക എത്രയെന്ന് വെളിപ്പെടുത്തുമോ;

(ബി) മുൻ ഗവൺമെൻറിൻെറ കാലത്ത് ബിൽഡിംഗ് റൂൾസ് എക്സംപ്ഷൻ ഫീസ് എത്രയായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) നിയമാനുസൃതം ഫീസ് അടച്ച് അപേക്ഷിച്ചവർക്ക് ബിൽഡിംഗ് റൂൾസ് എക്സംപ്ഷൻ ഇളവ് അനുവദിക്കപ്പെടാതെ വന്നാൽ അടച്ച തുക തിരിച്ചു കൊടുക്കാൻ എന്തെങ്കിലും വ്യവസ്ഥയുണ്ടോ എന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) 2,72,62,000 രൂപ.

(ബി) മുൻ ഗവൺമെൻറിൻെറ കാലത്ത് അവസാനത്തെ ഒരു വർഷത്തിൽ 67,46,000 രൂപ എക്സംപ്ഷൻ ഫീസിനത്തിൽ വസൂൽ ചെയ്തിട്ടുണ്ട്.

(സി) പ്ലാൻ പരിശോധിക്കുന്നതിനുള്ള സ്ക്രൂട്ടിണി ഫീസാണ് അപേക്ഷകർ അടയ്ക്കേണ്ടത്. കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവ് അനുവദിക്കപ്പെടാതെവന്നാൽ ആ സ്ക്രൂട്ടിണി ഫീസ് തുക തിരിച്ചു കൊടുക്കാൻ വ്യവസ്ഥയില്ല.

LIBRARY ARCHIVES Kerala Legislative Assembly

## നഗര വികസനത്തിന് ചെലവഴിച്ച തുക

20 [4548] ശ്രീമതി ശോഭനാ ജോർജ്ജ്: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നഗര വികസനത്തിന് എന്തു തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2,301 ലക്ഷം രൂപ നഗരവികസനത്തിനായി ചെലവഴിച്ചു.

## പട്ടണങ്ങളിലേയും നഗരങ്ങളിലേയും മാലിന്യങ്ങൾ

21 [4549] ശ്രീമതി ശോഭനാ ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടണങ്ങളിലേയും നഗരങ്ങളിലേയും മാലിന്യങ്ങൾ ശരിയായ രീതിയിൽ സംസ്ക്കരിക്കുവാൻ കഴിയാത്തതിന്റെ ഫലമായി അവ രോഗാണുക്കളുടെ കേന്ദ്രമായി മാറുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ മാലിന്യങ്ങൾ ശാസ്ത്രീയമായ രീതിയിൽ സംസ്ക്കരിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) നഗര ശുചീകരണം നഗരസഭകളുടെ പ്രഥമവും പ്രാധാന്യം ഉള്ളതുമായ കർത്തവ്യമാണ്. മാലിന്യങ്ങൾ ശരിയായ രീതിയിൽ സംസ്ക്കരിക്കാൻ കഴിയാത്തതിന്റെ ദോഷങ്ങൾ നഗരസഭകളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മാലിന്യങ്ങൾ ശാസ്ത്രീയമായ രീതിയിൽ നിർമ്മാർജ്ജനം ചെയ്യുവാനുള്ള സംവിധാനം ഏർപ്പെടുത്തുന്ന കാര്യം കോർപ്പറേഷനുകളുടേയും നഗരസഭകളുടേയും പരിഗണനയിലുണ്ട്.

## പഞ്ചായത്തുകളാക്കി മാററിയ മുനിസിപ്പാലിററികൾ

22 [4550] ശ്രീമതി ശോഭനാ ജോർജ്ജ്: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര മുനിസിപ്പാലിററികളെ പഞ്ചായത്തുകളാക്കി മാററിയിട്ടുണ്ട്; അവ ഏതെല്ലാം?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 8 മുനിസിപ്പാലിറ്റികളെ പഞ്ചായത്തുകളാക്കിയിട്ടുണ്ട്. കാഞ്ഞിരപ്പള്ളി, പന്തളം, കൂത്താട്ടുകുളം, പിറവം, മണ്ണാർക്കാട്, ഈരാററുപേട്ട, ഏലൂർ, മട്ടന്നൂർ എന്നിവയാണ് അവ.

പഞ്ചായത്ത് ധനകാര്യ കമ്മീഷൻ

23 [4551] ശ്രീ. വി. സി. കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് ധനകാര്യ കമ്മീഷൻ രൂപവൽക്കരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് എന്തൊക്കെ ആണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് അനുബന്ധമായി ചേർത്തിട്ടുണ്ട് †

വാർഡുകളുടെ എണ്ണം

24 [4552] ശ്രീമതി ശോഭനാ ജോർജ്: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് എല്ലാ പഞ്ചായത്തുകളിലും കൂടി എത്ര വാർഡുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

സംസ്ഥാനത്തെ വിവിധതല പഞ്ചായത്തുകളിലെ മണ്ഡലങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു:

| | | | |
|---|---|---|---|
| 1. | ഗ്രാമ പഞ്ചായത്ത് മണ്ഡലങ്ങൾ | .. | 10,573 |
| 2. | ബ്ലോക്ക് പഞ്ചായത്ത് മണ്ഡലങ്ങൾ | .. | 1,547 |
| 3. | ജില്ലാ പഞ്ചായത്ത് മണ്ഡലങ്ങൾ | .. | 300 |
| | ആകെ | .. | 12,420 |

അൺടൈഡ് ഫണ്ട് പദ്ധതി

25 [4553] ശ്രീമതി ശോഭനാ ജോർജ്: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അൺടൈഡ് ഫണ്ട് പദ്ധതി പ്രകാരം നിർമ്മിച്ച റോഡ്, പാർപ്പിടം, കക്കൂസ് എന്നിവയുടെ നിർമ്മാണത്തിനായി എത്ര രൂപ വീതം ചെലവഴിച്ചു എന്ന് വെളിപ്പെടുത്തുമോ?

† അനുബന്ധം—I

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

## ജനകീയ പങ്കാളിത്തത്തോടെ നിർമ്മിച്ച റോഡുകളുടെ അററകുററപ്പണികൾ

26 [4554] ശ്രീ. എ. കണാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയ പങ്കാളിത്തത്തോടെ നിർമ്മിച്ചിട്ടുള്ള പഞ്ചായത്ത് റോഡുകളുടെ അററകുററപ്പണികൾ യഥാസമയം ചെയ്തുതീർക്കുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ജനകീയ പങ്കാളിത്തത്തോടെ നിർമ്മിച്ച റോഡുകളുടെ അററകുററപ്പണികൾക്കുവേണ്ടി മാത്രം പ്രത്യേക സംവിധാനം നിലവിലില്ല അപ്രകാരം നിർമ്മിച്ച റോഡുകൾ പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ ഉള്ളവയാണെങ്കിൽ അററകുററപ്പണികൾ പഞ്ചായത്ത് ഫണ്ട്, പ്രത്യേകമായി അനുവദിക്കപ്പെട്ടിട്ടുള്ള ഗ്രാൻറ്റുകൾ, അൺടൈഡ് ഫണ്ട് എന്നിവ വിനിയോഗിച്ച് പഞ്ചായത്തിനുതന്നെ ചെയ്യുവാൻ നിലവിൽ വ്യവസ്ഥയുണ്ട്.

(ബി) കാലാകാലങ്ങളിൽ റോഡുകളുടെ അററകുററപ്പണികൾ പഞ്ചായത്തിന് ചെയ്യാമെന്നുള്ളതിനാൽ പ്രത്യേകം നടപടി ആവശ്യമില്ല.

## പഞ്ചായത്തുവക റോഡുകൾ കയ്യേറുന്നതിനെതിരെ നടപടി

27 [4555] ശ്രീമതി ശോഭനോ ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത വക റോഡുകളുടെ അതിരുകൾ ഇരുഭാഗത്തേയും വസ്തു ഉടമകൾ കയ്യേറിവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) പഞ്ചായത്ത് റോഡുകൾ അളന്ന് ഇരുവശങ്ങളിലും കല്ലുകൾ ഇട്ട് വേർതിരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇത്തരം പരാതികൾ ഇടയ്ക്കിടെ ലഭിക്കാറുണ്ട്.

(ബി) പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന റോഡുകളെ ഇപ്രകാരം വേർതിരിക്കാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

### പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ മൽസരിക്കുന്നതിന് വേണ്ട യോഗ്യത

28 [4556] ശ്രീമതി ശോഭനാ ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത്/മുനിസിപ്പൽ തെരഞ്ഞെടുപ്പുകളിൽ പ്രൈവററ് സ്കൂൾ/കോളേജ് അദ്ധ്യാപകർക്ക് മൽസരിക്കുന്നതിന് വ്യവസ്ഥ ഉണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) ഇല്ലെങ്കിൽ പ്രൈവററ് സ്കൂൾ/കോളേജ് അദ്ധ്യാപകർക്ക് പഞ്ചായത്ത്/മുനിസിപ്പൽ തെരഞ്ഞെടുപ്പുകളിൽ മൽസരിക്കുന്നതിന് ആവശ്യമായ നിയമനിർമ്മാണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ, ബി) പഞ്ചായത്ത്/മുനിസിപ്പൽ തെരഞ്ഞെടുപ്പുകളിൽ പ്രൈവററ് സ്കൂൾ/കോളേജ് അദ്ധ്യാപകർ മൽസരിക്കുന്നതിനെ വിലക്കുന്ന വ്യവസ്ഥകളൊന്നും ബന്ധപ്പെട്ട നിയമങ്ങളിൽ ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

### തട്ടുകടകളിലെ ശുചിത്വമില്ലായ്മ

29 [4557] ശ്രീമതി ശോഭനാ ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) പൊതുനിരത്തുകളിലും മററും പ്രവർത്തിക്കുന്ന ഭക്ഷണശാലകളിലെ ശുചിത്വമില്ലായ്മ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തട്ടുകടകളിലെ ആഹാരപദാർത്ഥങ്ങൾ പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കടകളിൽനിന്ന് നികുതി പിരിക്കാറുണ്ടോ;

(ഡി) ഇല്ലെങ്കിൽ നികുതി പിരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) വ്യക്തമായ പരാതികൾ ലഭിച്ചിട്ടില്ല.

(ബി) പഞ്ചായത്തുകളിൽ ആരോഗ്യ വകുപ്പിലെ ഹെൽത്ത് ഇൻസ്പെക്ടർമാരും നഗരങ്ങളിൽ അതതു നഗരസഭകളിലെ ഹെൽത്ത് വിഭാഗവും തട്ടുകടകളിലെ ആഹാരപദാർത്ഥങ്ങൾ പരിശോധിക്കുന്നതിന് ബാദ്ധ്യസ്ഥരാണ്.

(സി) ഇല്ല.

(ഡി) അധികൃതമായ തട്ടുകടകളിൽനിന്ന് ലൈസൻസ് ഫീ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

മരക്കാമുട്ടം റോഡ് ടാർ ചെയ്യാൻ നടപടി

30 [4558] ശ്രീ. എം. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാററിൻകര മുനിസിപ്പാലിററിയിലെ കച്ചേരി വാർഡിലെ മരക്കാമുട്ടം റോഡ് സഞ്ചാരയോഗ്യമല്ലാതെ കിടക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡ് സഞ്ചാരയോഗ്യമാക്കുന്നതിലേക്കു വേണ്ടി മെററലിട്ട് ടാർ ചെയ്യുന്നതിന് മുനിസിപ്പൽ കമ്മീഷണർക്ക് വേണ്ട നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) നെയ്യാററിൻകര നഗരസഭയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇക്കാര്യത്തിൽ ആവശ്യമായ നടപടി നഗരസഭ സ്വീകരിച്ചിട്ടുണ്ട്.

എം. എൽ. എ.-മാരെ ഉൾപ്പെടുത്തി
ജി. സി. ഡി. എ. പുനഃസംഘടന

31 [4559] ശ്രീ. എം. ജെ. സക്കറിയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി. സി. ഡി. എ. പുനഃസംഘടിപ്പിച്ചിട്ട് എത്ര വർഷമായി എന്ന് വ്യക്തമാക്കുമോ;

(ബി) എം. എൽ. എ.-മാരെ ഉൾപ്പെടുത്തി എക്സിക്യൂട്ടീവ് കമ്മിററി പുനഃസംഘടിപ്പിച്ചിട്ടുണ്ടോ;

(സി) പുനഃസംഘടിപ്പിച്ചിട്ടില്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) ഇപ്പോഴുള്ള എക്സിക്യൂട്ടീവിൽ ഔദ്യോഗിക അംഗങ്ങളെ നിലനിർത്തി കൗൺസിലിൽ മാത്രം ജനപ്രതിനിധികളെ ഉൾപ്പെടുത്തുവാൻ കാരണമെന്താണ് എന്ന് വ്യക്തമാക്കാമോ;

(ഇ) ജി. സി. ഡി. എ.-യുടെ എക്സിക്യൂട്ടീവ് കമ്മിററിയിൽ എം. എൽ. എ.-മാർക്ക് പ്രാതിനിധ്യം നൽകാൻ വ്യവസ്ഥ ഉണ്ടോ;

(എഫ്) ഉണ്ടെങ്കിൽ പ്രസ്തുത വ്യവസ്ഥ പാലിക്കാത്തതിന്റെ കാരണം വിശദമാക്കുമോ?

ഉത്തരം

(എ) ജി. സി. ഡി. എ.-യുടെ ജനറൽ കൗൺസിലും എക്സിക്യൂട്ടീവ് കമ്മിററിയും പുനഃസംഘടിപ്പിച്ചിട്ട് രണ്ടു വർഷമായി.

(ബി, സി, ഡി, ഇ, എഫ്) ജി. സി. ഡി.എ.-യുടെ എക്സിക്യൂട്ടീവ് കമ്മിററിയും ജനറൽ കൗൺസിലും പുനഃസംഘടിപ്പിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

## വൈദ്യുത ശ്മശാനങ്ങൾ

32 [4560] ശ്രീ. കെ. സുധാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര വൈദ്യുത ശ്മശാനങ്ങൾ ഉണ്ട്;

(ബി) അവ എവിടെയൊക്കെയാണ് എന്ന് വ്യക്തമാക്കാമോ;

(സി) കണ്ണൂർ ജില്ലയിൽ പയ്യാമ്പലം ബീച്ചിലുള്ള പൊതു ശ്മശാനം വൈദ്യുതി ശ്മശാനമാക്കാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ഇപ്പോൾ ഒരു വൈദ്യുത ശ്മശാനം മാത്രമേ സംസ്ഥാനത്ത് നിലവിലുള്ളൂ.

(ബി) അത് തിരുവനന്തപുരം കോർപ്പറേഷനിൽ തൈക്കാട് ഡിവിഷനിലാണ്.

(സി) ഈ പൊതു ശ്മശാനം, ഡീസൽ ജനറേററിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിച്ച്, വൈദ്യുത ശ്മശാനമാക്കി മാററാനുള്ള നിർദ്ദേശം പരിഗണനയിലുണ്ട്. ഇതിനായി മദ്രാസിലുള്ള ഒരു സ്വകാര്യ കമ്പനിയുമായി നഗരസഭാധികൃതർ എഴുത്തുകുത്തുകൾ നടത്തി വരുന്നു.

## പി. രാഘവന്റെ വിധവയ്ക്ക് ജോലി

33 [4561] ശ്രീ. പിണറായി വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവീസിലിരിക്കെ മരണമടഞ്ഞവരുടെ ആശ്രിതർക്ക് ജോലി നൽകുന്ന പദ്ധതി പ്രകാരം വടകര മുനിസിപ്പാലിററിയിൽ ജോലി നോക്കിവരവെ 24-6-1993-ൽ മരണപ്പെട്ട പി. രാഘവന്റെ വിധവയ്ക്ക് ജോലി നൽകിയിട്ടുണ്ടോ;

(ബി) തദ്ദേശ സ്വയംഭരണ വകുപ്പിൽനിന്നും 25-4-1994-ൽ പുറപ്പെടുവിച്ച ജി. ഒ. (എം. എസ്.) 93/94/ ത. ഭ. വ. ഉത്തരവു പ്രകാരം രാഘവന്റെ വിധവയ്ക്ക് ജോലി നൽകിയിട്ടുള്ളതെവിടെയാണെന്ന് വ്യക്തമാക്കുമോ;

(സി) ജോലി നൽകിയിട്ടില്ലെങ്കിൽ കാലതാമസത്തിന്റെ കാരണം വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) ജോലി നൽകുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി, സി) പരേതനായ ശ്രീ. രാഘവന്റെ വിധവ ശ്രീമതി വി. ശാന്തയ്ക്ക് ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ വടകര നഗരസഭയിലോ മറ്റേതെങ്കിലും നഗരസഭയിലോ നിയമനം നൽകുവാനാണ് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. എന്നാൽ ഇപ്പോൾ വടകര നഗരസഭയിൽ ടി തസ്തികയിൽ ഒഴിവ് ഇല്ലാത്തതിനാലും ടി ക്കാരി ഒഴിവുള്ള മററ് നഗരസഭകളിൽ ജോലി ചെയ്യുവാൻ തയ്യാറാകാത്തതിനാലും വടകര നഗരസഭയിൽ ഒഴിവ് വരുന്ന സമയത്ത് മാത്രം നിയമനം നൽകിയാൽ മതിയെന്ന് ടി ക്കാരി രേഖാമൂലം അറിയിച്ചിട്ടുള്ളതിനാലും ആണ് നിയമനം നൽകുവാൻ കാലതാമസം ഉണ്ടാകുന്നത്.

## ജില്ലാ കളക്ടർമാരുടെ കോൺഫറൻസ്

34 [4565] ശ്രീമതി ശോഭനാ ജോർജ്: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റവന്യൂ വകുപ്പുമന്ത്രി കളക്ടർമാരുടെ എത്ര കോൺഫറൻസ് വിളിച്ചുകൂട്ടി എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കളക്ടർമാരുടെ അഞ്ച് കോൺഫറൻസ് റവന്യൂ വകുപ്പുമന്ത്രി വിളിച്ചുകൂട്ടിയിട്ടുണ്ട്.

## ഭൂമിക്ക് തറവില നിശ്ചയിക്കുന്നതിന് നടപടി

35 [4567] ശ്രീമതി ശോഭനാ ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിക്ക് തറവില നിശ്ചയിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

### ഉത്തരം

(എ, ബി) ഭൂമിയുടെ 'ഫെയർ മാർക്കററ് വില' നിശ്ചയിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 1994-ലെ ധനകാര്യ ബില്ലിലൂടെ കേരള സ്ററാമ്പ് ആക്ടിന്, ഇതിനാവശ്യമായ ഭേദഗതി കൊണ്ടുവന്നിട്ടുണ്ട്. എന്നാൽ ഇത് പ്രാവർത്തികമാക്കാനുള്ള ചട്ടങ്ങൾ ഇപ്പോൾ പൂർണ്ണമായി രൂപീകരിക്കപ്പെട്ടിട്ടില്ല. ഫെയർ മാർക്കററുവില നിശ്ചയിക്കാനുള്ള അധികാരം ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസർക്കായിരിക്കും.



LIBRARY ARCHIVES Kerala Legislative Assembly

## കുടികിടപ്പുകാരുടെ ജീവിത സൗകര്യങ്ങൾ

36 [4571] ശ്രീ. എ. പത്മകുമാർ:
,, വി. കേശവൻ:
,, വർക്കല രാധാകൃഷ്ണൻ:
,, ബി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടികിടപ്പുകാരുടെ ജീവിത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പ്രത്യേക ഫണ്ട് രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്രപേർ ഇതിന്റെ ഗുണഭോക്താക്കളായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) കേരള ഭൂപരിഷ്കരണ നിയമം 109-ാം വകുപ്പ് അനുശാസിക്കുന്ന പ്രകാരം കുടികിടപ്പുകാർക്ക് മെച്ചപ്പെട്ട ജീവിത സൗകര്യങ്ങൾ നൽകുന്നതുൾപ്പെടെയുള്ള കാര്യങ്ങൾക്കായി കുടികിടപ്പ് ബെനിഫിററ് ഫണ്ട് രൂപീകരിച്ചിട്ടുണ്ട്.

(ബി) എറണാകുളം ജില്ലയിൽ നടപ്പാക്കാൻ ഉത്തരവായിട്ടുള്ള കുടികിടപ്പുകാർക്കുള്ള ഭവനനിർമ്മാണ പദ്ധതിയുടെ ആദ്യഘട്ടമായി 625 വീടുകളുടെ നിർമ്മാണത്തിനായി ഗ്രാൻറ് ഇനത്തിൽ 20 ലക്ഷം രൂപ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനുവദിച്ചിട്ടുണ്ട്. ഈ തുക ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## അന്യാധീനപ്പെട്ട ഭൂമി തിരിച്ചുകൊടുക്കുന്നതിന് നടപടി

37 [4572] ശ്രീ. എ. കണാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം അന്യാധീനപ്പെട്ട ആദിവാസി ഭൂമി തിരിച്ചു ലഭിക്കുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചുവെന്ന് വെളിപ്പെടുത്തുമോ; ഇവയുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അപേക്ഷകളിൽ എത്രയെണ്ണത്തിൽ നടപടി എടുത്തു;

(സി) അന്യാധീനപ്പെട്ട എത്ര ഏക്കർ ഭൂമി തിരിച്ചു നൽകുവാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം അന്യാധീനപ്പെട്ട ആദിവാസി ഭൂമി തിരിച്ചു ലഭിക്കുന്നതിനായി അപേക്ഷകൾ ഒന്നും ലഭിച്ചിട്ടില്ല. അപേക്ഷ നൽകേണ്ട അവസാന തീയതി 4-12-1988 ആയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 4–12–1988 നുള്ളിൽ 8553 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ 1086 അപേക്ഷകളിൽ ആർ.ഡി.ഒ. മാർ തീർപ്പ് കൽപ്പിച്ചിട്ടുണ്ട്. ശേഷിക്കുന്ന അപേക്ഷകളിൽ ആർ.ഡി.ഒ. മാർ നടപടികൾ തുടർന്നു വരുന്നു.

(സി) 2·004 ഹെക്ടർ സ്ഥലം ആദിവാസികൾക്ക് വീണ്ടെടുത്തു നൽകിയിട്ടുണ്ട്.

## സർട്ടിഫിക്കററ് നൽകുന്നതിൽ വില്ലേജാഫീസുകളും താലൂക്കാഫീസുകളും കാണിക്കുന്ന വിമുഖത

38 [4583] ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്):
,, കെ. പ്രകാശ്ബാബു:
,, പി. രാജു:
,, കൃഷ്ണൻ കണിയാംപറമ്പിൽ:
,, കെ. ഇ. ഇസ്മയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംവരണ ആനുകൂല്യം ലഭിക്കുന്നതിന് ആവശ്യമായ സർട്ടിഫിക്കററ് നൽകുന്നതിൽ വില്ലേജാഫീസുകളും താലൂക്കാഫീസുകളും കാണിക്കുന്ന വിമുഖതമൂലം ഉദ്യോഗാർത്ഥികൾക്ക് നേരിടുന്ന ബുദ്ധിമുട്ട് ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ സർട്ടിഫിക്കററുകൾ നൽകുന്ന കാര്യത്തിൽ വ്യക്തമായ മാർഗ്ഗരേഖകൾ ഉണ്ടാക്കി ബന്ധപ്പെട്ടവർക്ക് ഇതുസംബന്ധിച്ച് വ്യക്തമായ മാർഗ്ഗനിർദ്ദേശം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ഇതു സംബന്ധിച്ച് ചില വ്യക്തികളിൽ നിന്നും പരാതി ലഭിച്ചിട്ടുണ്ട്.

(ബി) സർട്ടിഫിക്കററുകൾ നൽകുന്നതിൽ കേന്ദ്രഗവൺമെൻറിൻെറ മാർഗ്ഗ നിർദ്ദേശങ്ങൾ അപ്പടി കർശനമായി പാലിക്കേണ്ടതാണെന്ന് ബന്ധപ്പെട്ടവർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

## വില്ലേജ്–റവന്യൂ സംയോജിത സീനിയോറിററി ലിസ്ററ്

39 [4584] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംയോജിത റവന്യൂ മിനിസ്ററീരിയൽ സബോർഡിനേററ് സ്ററാഫിലേയും വില്ലേജ് സ്ററാഫിലേയും ജീവനക്കാരിൽ ഡിപ്പാർട്ടുമെൻറൽ ടെസ്ററ് പാസ്സായിട്ടുള്ള റവന്യൂ മിനിസ്ററീരിയൽ സ്ററാഫിന് 1–1–1968 മുതൽ പ്രൊമോഷൻ നൽകുന്നതുപോലെ വില്ലേജ് സ്ററാഫിനും ടെസ്ററ് പാസായ തീയതിമുതൽ ഉയർന്ന തസ്തികയിലേക്ക് നോഷണൽ പ്രമോഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത രീതിയിൽ പ്രൊമോഷൻ ലഭിക്കുന്നവരുടേയും വില്ലേജ് അസിസ്ററൻറ്, ലോവർ ഡിവിഷൻ ക്ലാർക്ക്, വില്ലേജ് ആഫീസർ, യു.ഡി. ക്ലാർക്ക് എന്നിവരുടേയും സീനിയോറിററി ലിസ്ററുകൾ തയ്യാറായിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത ലിസ്ററിൻെറ കോപ്പി മേശപ്പുറത്തു വയ്ക്കുമോ?

ഉത്തരം

(എ) റവന്യൂ-വില്ലേജ് സർവ്വീസ് സംയോജനത്തിൻെറ നിർണ്ണായക തീയതി 10-9-1984 ആകയാൽ 1-1-1968 മുതൽ വില്ലേജ് ജീവനക്കാർക്ക് റവന്യൂ സർവ്വീസിലെ ഉയർന്ന തസ്തികകളിലേയ്ക്ക് പ്രമോഷൻ നൽകുന്നതിന് സാധിക്കുകയില്ല.

(ബി) റവന്യൂ സർവ്വീസിൽ 1-11-1956 മുതൽ സ്റേററ്റ് യൂണിററ് സമ്പ്രദായം നടപ്പിലാക്കിക്കൊണ്ട് 8-3-1993-ൽ ജി.ഒ. (പി.) 123/93/റവന്യൂ പ്രകാരം ഉത്തരവായിട്ടുണ്ട്. അതിൻെറ അടിസ്ഥാനത്തിലുള്ള സംയോജിത എൽ.ഡി.സി./വില്ലേജ് അസിസ്ററൻറ്,യു.ഡി.സി./വില്ലേജ് ഓഫീസർ എന്നിവരുടെ സീനിയോറിററി ലിസ്ററുകളും മററു വിഭാഗങ്ങളുടെ സീനിയോറിററി ലിസ്ററുകളും തയ്യാറാക്കി വരുന്നു.

(സി) ബാധകമല്ല.

റവന്യൂ സർവേ ഉദ്യോഗസ്ഥൻമാരുടെ പ്രവർത്തനം
കാര്യക്ഷമമാക്കുവാൻ നടപടി

40 [4585] ശ്രീമതി ശോഭനാ ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ സർവേ ഉദ്യോഗസ്ഥൻമാരുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) റവന്യൂ സർവേ ഉദ്യോഗസ്ഥൻമാർക്ക് പരിശീലനം നൽകുന്നതിനും പഠനത്തിനും സംസ്ഥാനത്ത് എന്തെല്ലാം സംവിധാനങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) റവന്യൂ സർവേ ഉദ്യോഗസ്ഥൻമാരുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുവാൻ പരിശീലനം നൽകുന്നതിന് ഒരു റവന്യൂ ഇൻസ്ററിററ്യൂട്ട് സ്ഥാപിക്കുന്നതിന് സർക്കാർ നടപടി എടുത്തിട്ടുണ്ട്.

(ബി) റവന്യൂ സർവെ ഉദ്യോഗസ്ഥൻമാർക്ക് പരിശീലനം നൽകുന്നതിന് സംസ്ഥാനത്ത് തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ കേന്ദ്രങ്ങളിൽ സർക്കാർ വക സർവേ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. ലാൻഡ് റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥൻമാർക്ക് ചെയിൻ സർവേ ഹയർ സർവേ, എന്നിവയിൽ

LIBRARY ARCHIVES Kerala Legislative Assembly

യഥാക്രമം ഒരു മാസത്തെയും രണ്ടുമാസത്തെയും പരിശീലനം നൽകുന്നുണ്ട്. കൂടാതെ ചെയിൻ സർവേ മാത്രം പരിശീലനത്തിനു സ്വകാര്യ മേഖലയിൽ 14 ചെയിൻ സർവേ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്.

### പേരൂർക്കട വില്ലേജിലെ റീ സർവ്വെ

41 [4586] ശ്രീമതി അൽഫോൺസാ ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം താലൂക്കിൽ പേരൂർക്കട വില്ലേജിലെ റീ സർവ്വെ പൂർത്തിയാക്കിയോ;

(ബി) ഇല്ലെങ്കിൽ എന്നാണ് പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇതിന് കാലതാമസം വരുകയാണെങ്കിൽ ഭൂ ഉടമകൾക്ക് അവരുടെ കൈവശരേഖ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ, ബി, സി) തിരുവനന്തപുരം താലൂക്കിൽ പേരൂർക്കട വില്ലേജിന്റെ സർവെ ഫീൽഡ് ജോലി പൂർത്തിയാക്കുകയും പഞ്ചായത്ത് പ്രദേശത്ത് വരുന്ന ഭാഗത്തിന്റെ റിക്കാർഡുകൾ അംഗീകരിക്കുകയും ചെയ്തു. നഗരസഭാ പ്രദേശത്തു വരുന്ന ഭാഗത്തിന്റെ റിക്കാർഡുകൾ അംഗീകരിക്കുന്നതിന്റെ ഭാഗമായി ആഫീസ് ജോലി ത്വരിതഗതിയിൽ നടക്കുകയാണ്. ഈ റിക്കാർഡുകൾ കൂടി അംഗീകരിച്ച് സർവെ അതിരടയാള നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി ഒരു വർഷത്തിനുള്ളിൽ ഈ വില്ലേജിന്റെ റിക്കാർഡുകൾ ഫൈനലാക്കുവാൻ കഴിയും. ഫൈനലാക്കിയ റിക്കാർഡുകളുടെ അടിസ്ഥാനത്തിൽ ഭൂ ഉടമകൾക്ക് പുതുക്കിയ കൈവശരേഖകൾ തയ്യാറാക്കി നൽകാവുന്നതാണ്.

### ആലപ്പുഴ ജില്ലയിൽ നടന്ന റീസർവേ

42 [4587] ശ്രീ. സി. കെ. ചന്ദ്രപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ നടന്ന റീ സർവേയിൽ ഉണ്ടായ അപാകതകൾ നിമിത്തം പലർക്കും ഭൂമി നഷ്ടപ്പെടാൻ ഇടയുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച വസ്തുതകൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി, സി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly

## ഭവന നിർമ്മാണത്തിനുള്ള വിവിധ പദ്ധതികൾ

43 [4590] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1992–93, 1993–94 എന്നീ സാമ്പത്തിക വർഷങ്ങളിൽ ഭവന നിർമ്മാണത്തിനുള്ള വിവിധ പദ്ധതികൾക്ക് എന്തു തുക വകയിരുത്തിയിട്ടുണ്ട്; ഈ കാലയളവിൽ എന്തുതുക ചെലവഴിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ബി) വിവിധ പദ്ധതികൾ അനുസരിച്ച് ഈ കാലഘട്ടത്തിൽ എത്ര വീടുകളുടെ പണി പൂർത്തിയായി എന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) 1992–93, 1993–94 എന്നീ സാമ്പത്തിക വർഷങ്ങളിൽ ഭവന നിർമ്മാണ ബോർഡ് നടപ്പാക്കുന്ന വിവിധ ഭവന നിർമ്മാണ പദ്ധതികൾക്ക്, സംസ്ഥാന ബജററിൽ അനുവദിച്ചിട്ടുള്ള തുകയും ചെലവും ഇപ്രകാരമാണ്. (തുക ലക്ഷത്തിൽ)

| പദ്ധതി | 1992–93 | | 1993–94 | |
|---|---|---|---|---|
| | വിഹിതം | ചെലവ് | വിഹിതം | ചെലവ് |
| സംസ്ഥാന ഹൗസിംഗ് ബോർഡ് (സഹായധനം) | 15 | ഇല്ല | 15 | ഇല്ല |
| വർക്കിംഗ് ജേർണലിസ്ററുകൾക്ക് ഭവനനിർമ്മാണം | 4·25 | ഇല്ല | 4·25 | ഇല്ല |
| രാജീവ് ദശലക്ഷം ഭവന നിർമ്മാണ പദ്ധതി | 430·00 | 216·50 | 1200·00 | 1200·00 |
| കേരള സംസ്ഥാന ഹൗസിംഗ് ബോർഡിനു നൽകുന്ന വായ്പകൾ (കൈരളി ഭവനനിർമ്മാണ പദ്ധതിയും പുനരധിവാസ ഭവനനിർമ്മാണ പദ്ധതിയും) | .. | .. | 200 | 200 |
| എം. എൽ. എ./എം. പി. മാരുടെ ഭവനനിർമ്മാണ പദ്ധതി | .. | .. | 28·00 | 28·00 |
| ലോൺ—(ജി. ഐ. സി., എൽ.ഐ.സി. ലോൺ സ്കീം) | .. | .. | 500·00 | 500·00 |

മററു ഭവനനിർമ്മാണ ഏജൻസികളുടെ വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വിവിധ പദ്ധതികൾ അനുസരിച്ച് ഈ കാലഘട്ടത്തിൽ ഭവനനിർമ്മാണ ബോർഡ് പണി പൂർത്തിയാക്കിയ വീടുകളുടെ എണ്ണം താഴെ കൊടുക്കുന്നു:

| പദ്ധതി | 1992–93 | 1993–94 |
|---|---|---|
| പൊതു ഭവനനിർമ്മാണ പദ്ധതി | 392 ഫ്ളാററുകൾ | 412 ഫ്ളാററുകൾ |
| വാടകവീട് പദ്ധതി | 342 ഫ്ളാററുകൾ | — |
| ഹൗസിംഗ് കോംപ്ലക്സ് പദ്ധതി | 38 വീടുകൾ | 948 വീടുകൾ |
| വായ്പാ പദ്ധതി | 1916 വീടുകൾ | 3211 വീടുകൾ |
| ആകെ | 2688 | 4571 |

മററു ഭവനനിർമ്മാണ ഏജൻസികളുടെ വിവരം ശേഖരിച്ചുവരുന്നു.

## മത്സ്യത്തൊഴിലാളികൾക്കുള്ള സമ്പാദ്യ-ആശ്വാസ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ

44 [4595] ശ്രീ. തമ്പാനൂർ രവി:
,, ശ്രീമതി. കെ. സി. റോസക്കുട്ടി:
,, ശ്രീ. പി. ടി. കുഞ്ഞുമുഹമ്മദ്:
,, ശ്രീ. എസ്. ശർമ്മ:
,, വർക്കല രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൽസ്യത്തൊഴിലാളികൾക്കുവേണ്ടി ആവിഷ്ക്കരിച്ച സമ്പാദ്യ ആശ്വാസ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

(ബി) ഈ പദ്ധതിയെക്കുറിച്ച് ഗവൺമെൻറ് വിലയിരുത്തിയിട്ടുണ്ടോ;]

(സി) ഈ പദ്ധതിവഴി എത്ര മൽസ്യത്തൊഴിലാളികൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്;

(ഡി) ഈ പദ്ധതി വിപുലീകരിക്കുവാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിശദാംശം വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) താരതമ്യേന ദരിദ്രവിഭാഗക്കാരായ മൽസ്യത്തൊഴിലാളികൾക്കിടയിൽ സമ്പാദ്യശീലം വളർത്തുക, തൻമൂലം സാമ്പത്തികവും സാമൂഹികവുമായ സ്വാശ്രയത്വം കൈവരിക്കുക, സാമ്പത്തികമായി ചൂഷണം ചെയ്യുന്ന ഇടത്തട്ടുകാരുടെ ഇടപെടൽ ഒരു പരിധിവരെ ഒഴിവാക്കുക എന്നിവയാണ് സമ്പാദ്യ-ആശ്വാസപദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 1991-92ൽ 34636-ഉം 1992-93ൽ 61442-ഉം 1993-94ൽ 71682-ഉം മൽസ്യത്തൊഴിലാളികൾക്ക് ഈ പദ്ധതിയുടെ പ്രയോജനമുണ്ടായിട്ടുണ്ട്.

(ഡി) ഉണ്ട്. ഈ പദ്ധതി ഉൾനാടൻ മേഖലയിലെ മൽസ്യത്തൊഴിലാളികൾക്കുകൂടി ഗുണമുണ്ടാകത്തക്ക രീതിയിൽ വിപുലീകരിക്കാൻ നിർദ്ദേശങ്ങൾ കേന്ദ്രഗവൺമെൻറിന് സമർപ്പിച്ചിട്ടുണ്ട്.

## ട്രോളിംഗ് നിരോധനം കർശനമായി പാലിക്കാൻ നടപടി

45 [4596] ശ്രീ. വി. വി. രാഘവൻ:
,, സത്യൻമൊകേരി:
,, സി. കെ. ചന്ദ്രപ്പൻ:
പ്രൊഫ. മീനാക്ഷി തമ്പാൻ:
ശ്രീ. എൻ. രാജൻ:
,, എം. കെ. മുനീർ:
,, ചെർക്കളം അബ്ദുള്ള:
,, കെ. കുട്ടി അഹമ്മദ് കുട്ടി:
,, എ. യൂനസ് കുഞ്ഞ്:
,, കെ. കെ. അബു:
,, തമ്പാനൂർ രവി:
ശ്രീമതി കെ. സി. റോസക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൽസ്യമേഖലയിൽ ട്രോളിംഗ് നിരോധനം കർശനമായി നടപ്പാക്കിയിട്ടില്ലെന്ന പരാതി ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ:

(ബി) എങ്കിൽ ഇതിന് ഉത്തരവാദികൾ ആരാണെന്ന് വ്യക്തമാക്കുമോ;

(സി) ഊർജ്ജിതമായ നിരോധനം ഏർപ്പെടുത്തി മീൻ പിടുത്തതൊഴിലാളികൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ട്രോളിംഗ് നിരോധനം നീട്ടണമെന്ന ആവശ്യം ആരെങ്കിലും ഉന്നയിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അതിൻമേൽ ഗവൺമെൻറ് തീരുമാനം എടുത്തിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(ജി) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം കടലിലെ സംഘർഷം ലഘൂകരിക്കുന്നതിനും രക്ഷാപ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനുമായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) ഇക്കാര്യത്തിൽ കൂടുതലായി ഗവൺമെൻറ് എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു; വിശദാംശം വെളി പ്പെടുത്തുമോ?

## ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി) ഇപ്പോൾ നിരോധനം നിലവിലില്ല.

(ഡി) ഉണ്ട്.

(ഇ, എഫ്) ട്രോളിംഗ് നിരോധനം നീട്ടേണ്ട എന്നാണ് ഗവൺ മെൻറ് തീരുമാനം.

(ജി) ഫിഷറീസ് വകുപ്പിൻെറ വക അഞ്ച് 32 അടി ബോട്ടുകൾ ഒരു 43 ½ അടി ബോട്ട്, കസ്ററംസിൽ നിന്നു വാങ്ങിയ ഔട്ട് ബോർഡ് എഞ്ചിൻ ഘടിപ്പിച്ച 4 ഫൈബർ ഗ്ലാസ് ബോട്ടുകൾ എന്നിവ ഉപയോഗിച്ചു വരുന്നു, കൂടാതെ തമിഴ്നാട്ടിൽ നിന്നും വാടകയ്ക്കെടുത്ത അഞ്ച് 43 അടി ബോട്ടുകൾ കൂടി ഉപയോഗിച്ചുവരുന്നു. ഇതിനുപുറമെ ആധുനിക സൗകര്യങ്ങളുള്ളതും ഏതു പ്രക്ഷുബ്ധ കാലാവസ്ഥയിലും ഉപയോഗിക്കത്തക്കതുമായ 5 സ്ററീൽ സ്പീഡ് ബോട്ടുകൾ പണിതു വാങ്ങുന്നതിലേക്കായി നടപടി സ്വീകരിച്ചുവരുന്നു. കടൽ മൽസ്യ ബന്ധന നിയന്ത്രണ നിയമം ലംഘിക്കുന്ന മൽസബന്ധന യാനങ്ങളെ ഇമ്പൗണ്ട് ചെയ്യുന്നതിലേക്കായി ഫിഷറീസ് വകുപ്പിലേയും പോലീസ് വകുപ്പിലേയും 45 ഉദ്യോഗസ്ഥൻമാരെ നിയോഗിച്ചിട്ടുണ്ട്. മറൈൻ എൻഫോഴ്സ്മെൻറ് ആൻറ് വിജിലൻസ് വിഭാഗം പോലീസ് സൂപ്രണ്ടിൻെറ കീഴിൽ 60 പോലീസ് ഉദ്യോഗസ്ഥൻമാർ സേവന മനുഷ്ഠിക്കുന്നു.

(എച്ച്) ഫിഷറീസ് സ്റേറഷനുകൾ ആരംഭിക്കാൻ ഉദ്ദേശി ക്കുന്നു.

## മൽസ്യവിത്തുൽപ്പാദനം

46 [4597] ശ്രീ. തച്ചടി പ്രഭാകരൻ:
,, തമ്പാനൂർ രവി:
ശ്രീമതി കെ. സി. റോസക്കുട്ടി: താഴെകാണുന്ന ചോദ്യ ങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൽസ്യവിത്തുൽപ്പാദത്തിന് നിലവിലുള്ള സംവിധാനം എന്തൊക്കെയാണ്;

(ബി) ഇതിനായി എന്തൊക്കെ പദ്ധതികൾക്ക് രൂപം കൊടുക്കു വാനാണ് ഉദ്ദേശിക്കുന്നത്;

(സി) സംസ്ഥാനത്ത് ചെമ്മീൻ വിത്തുൽപ്പാദന കേന്ദ്രങ്ങൾ എവിടെയെല്ലാം പ്രവർത്തിക്കുന്നുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ചെമ്മീൻ കൃഷിക്കാർക്ക് ഈ വിത്തുൽപ്പാദന കേന്ദ്രങ്ങൾ വഴി എന്തൊക്കെ സഹായങ്ങളാണ് നൽകിവരുന്നത്;

(ഇ) വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് മൽസ്യക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കുന്ന 2 ദേശീയ വിത്തുൽപ്പാദനകേന്ദ്രങ്ങൾ ഉണ്ട്. അവ മലമ്പുഴയിലും പോളച്ചിറയിലും ആണ്. ഇവയ്ക്കുപുറമേ പണിവേലിച്ചിറ, പരപ്പനങ്ങാടി, മീൻകര, നെയ്യാർ തുടങ്ങിയ ഫാമുകളിലും കുറഞ്ഞതോതിൽ മൽസ്യ വിത്തുൽപ്പാദനം നടത്തിവരുന്നു. കൂടാതെ മൽസ്യവിത്തുൽപ്പാദന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുവേണ്ടി കർഷകർക്ക് മൽസ്യ കർഷക വികസന ഏജൻസികൾവഴി സാമ്പത്തിക സഹായം നൽകുന്ന സംവിധാനവും നിലവിലുണ്ട്.

(ബി) നെയ്യാർഡാമിൽ 87 ലക്ഷം രൂപ ചെലവുവരുന്ന ഒരു മൽസ്യവിത്തുൽപ്പാദന കേന്ദ്രം ആരംഭിക്കുന്നതിനുള്ള ഒരു പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ട്. ഓരോ എഫ്. എഫ്. സി. എ.-യുടെ ആഭിമുഖ്യത്തിൽ 5–10 ലക്ഷം വരെ മൽസ്യക്കുഞ്ഞുൽപ്പാദിപ്പിക്കാവുന്ന ചെറിയ വിത്തുൽപ്പാദന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള ഒരു പദ്ധതിയ്ക്കും രൂപം നൽകിയിട്ടുണ്ട്.

(സി) സംസ്ഥാനത്ത് കണ്ണൂർ ജില്ലയിലെ മാപ്പബേ, തൃശ്ശൂർ ജില്ലയിലെ അഴീക്കോട്, കൊല്ലം ജില്ലയിലെ നീണ്ടകര എന്നിവിടങ്ങളിൽ സ്ഥാപിച്ചിട്ടുള്ള മൂന്ന് പൊതുമേഖലാ കേന്ദ്രങ്ങളിലാണ് ചെമ്മീൻ വിത്ത് ഉൽപ്പാദിപ്പിക്കുന്നത്.

(ഡി, ഇ) ചെമ്മീൻ കർഷകർക്ക് ന്യായമായ വിലയ്ക്ക് ചെമ്മീൻ കുഞ്ഞുങ്ങളെ നൽകിവരുന്നു. അഴീക്കോട്, മാപ്പബേ, നീണ്ടകര എന്നീ നിലവിലുള്ള പൊതുമേഖലാ വിത്തുൽപ്പാദന കേന്ദ്രങ്ങളിൽനിന്ന് വളർത്താൻ അനുയോജ്യമായ കാര, നാരൻ എന്നിയിനം ചെമ്മീൻകുഞ്ഞുങ്ങളെ 1000–ന് 150 രൂപ (കാര,) 1000–ന് 50 രൂപ (നാരൻ) നിരക്കിൽ നൽകിവരുന്നു.

ചെമ്മീൻകൃഷി വികസനം

47 [4598] ശ്രീ. എസ്. ശർമ്മ:
,, കെ. പി. മമ്മുമാസ്ററർ:
,, ടി. ചാത്തു:
,, സി. കെ. സദാശിവൻ:
ശ്രീമതി എൻ. കെ. രാധ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെമ്മീൻകൃഷി വികസനത്തിനായി സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇതിനായി പുതിയ പദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത പദ്ധതികൾക്ക് ഏതെല്ലാം വിദേശ രാജ്യങ്ങളുടെ സഹായമാണ് ലഭിക്കുന്നതെന്ന് പറയാമോ;

(ഡി) ചെമ്മീൻ കുഞ്ഞുങ്ങളുടെ കടുത്ത ദൗർലഭ്യം സംസ്ഥാനത്ത് ചെമ്മീൻ കൃഷി വികസനത്തിന് തടസസ്മായി നിൽക്കുന്നതായ വിവരം സരക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇതിന് പരിഹാരം കാണാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ചെമ്മീൻ കൃഷി വികസനത്തിനായി താഴെ പറയുന്ന നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്:

(1) കുവൈററ് ഫണ്ടിന്റെ സാമ്പത്തിക സഹായത്തോടുകൂടി 1500 ഹെക്ടർ ഓരുജല പ്രദേശത്ത് ചെമ്മീൻ കൃഷി നടപ്പാലാക്കുന്നതിനുള്ള ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

(2) കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ ഓരുജലമത്സ്യ/ചെമ്മീൻ കൃഷി വികസന ഏജൻസികൾ രജിസ്ററർ ചെയ്ത് ചെമ്മീൻകൃഷി നടത്തുന്നതിനുള്ള സാമ്പത്തിക സാങ്കേതിക സഹായങ്ങൾ നൽകിവരുന്നു.

(3) നിലവിലുള്ള ചെമ്മീൻ കെട്ടുകൾ ശാസ്ത്രീയ ചെമ്മീൻ കൃഷിക്കുപയുക്തമാക്കി അവ കൂടുതൽ ആദായകരമാക്കുക എന്ന ലക്ഷ്യത്തോടുകൂടി ഒരു സംയോജിത ചെമ്മീൻകൃഷി വികസനപദ്ധതിക്ക് വിഭാവന ചെയ്തിട്ടുണ്ട്.

(4) ഓരുജല മത്സ്യകർഷക വികസന ഏജൻസികളുടെ സാങ്കേതിക സഹായത്തോടെ മിനി ഹാച്ചറികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(5) അഡാക്കിന്റെ ആഭിമുഖ്യത്തിൽ 60 ദശലക്ഷം കുഞ്ഞുങ്ങൾ വീതം ഉൽപ്പാദിപ്പിക്കുവാൻ കഴിയുന്ന 4 വിത്തുൽപ്പാദന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(6) ചെമ്മീൻതീററ ഫാക്ടറി, സെൻട്രൽ ലാബോറട്ടറി എന്നിവ കുവൈററ് ഫണ്ട് പദ്ധതിയുടെ ഭാഗമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. സംസ്ഥാനത്ത് ശാസ്ത്രീയ ചെമ്മീൻകൃഷി വികസനത്തിനായി കേരള സർക്കാർ കുവൈററ് ഫണ്ട് ഫോർ ദി ഡവലപ്പ്മെൻറ് ഫോർ പ്രോൺ കൾച്ചർ എന്ന പുതിയ പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്നു. എറണാകുളം കേന്ദ്രമായി പരമ്പരാഗത ചെമ്മീൻ കെട്ടുകളിൽ ശാസ്ത്രീയ ചെമ്മീൻകൃഷി നടപ്പാക്കുന്നതിനുള്ള ഒരു സംയോജിത ചെമ്മീൻകൃഷി പദ്ധതി നടപ്പാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) കുവൈററ് സർക്കാരിൽനിന്നും മാത്രമാണ് ചെമ്മീൻ കൃഷി പദ്ധതിക്ക് സഹായം ലഭിക്കുന്നത്.

(ഡി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഉണ്ട്. സംസ്ഥാനത്ത് ഇപ്പോൾ പ്രവർത്തിച്ചുവരുന്ന മൂന്ന് ചെമ്മീൻ വിത്തുൽപ്പാദന കേന്ദ്രങ്ങൾക്ക് പുറമെ ഓരോ ഓരുജല ചെമ്മീൻ കൃഷി വികസന ഏജൻസിയുടെയും ആഭിമുഖ്യത്തിൽ ആറും, സ്വകാര്യ മേഖലയിൽ ആറും മിനിഹാച്ചറികൾ ആരംഭിക്കുവാൻ ഉദ്ദേശമുണ്ട്. കൂടാതെ ജലകൃഷി വികസന ഏജൻസിയുടെ (അഡാക്ക്) സംയുക്ത സംരംഭമെന്ന നിലയിൽ 60 ദശലക്ഷംവീതം വിത്ത് ഉൽപ്പാദനശേഷിയുള്ള നാല് ഹാച്ചറികൾ സ്ഥാപിക്കുന്നതിനുവേണ്ട സ്ഥലം നിർണ്ണയ സർവ്വേ പൂർത്തിയാക്കുകയും ഇതിൽ രണ്ടെണ്ണം സംയുക്തമേഖലയിൽ തുടങ്ങുന്നതിനും വേണ്ട പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

## ഓരുജല മൽസ്യകൃഷി വികസനം

48 [4599] ശ്രീ. എം. നാരായണൻ (കുഴൽമന്ദം):
,, ഇ. കെ. ഇമ്പിച്ചിബാവ:
,, കോലിയോട് എൻ. കൃഷ്ണൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരുജല മൽസ്യകൃഷി വികസനത്തിനായി സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഓരുജല മൽസ്യ കർഷകവികസന ഏജൻസികളുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(സി) പ്രസ്തുത ഏജൻസികൾ ഇപ്പോൾ സംസ്ഥാനത്ത് എവിടെയൊക്കെയാണ് പ്രവർത്തിക്കുന്നത്;

(ഡി) ഇപ്പോൾ സംസ്ഥാനത്ത് എത്ര ഹെക്ടർ സ്ഥലത്ത് ഓരുജല ചെമ്മീൻകൃഷി നടത്തുന്നുണ്ട്;

(ഇ) ചെമ്മീൻ കർഷകർക്ക് ഇൻഷ്വറൻസ് സംരക്ഷണം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

## ഉത്തരം

(എ) ഓരുജല മത്സ്യകൃഷി വികസനത്തിനായി സർക്കാർ താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

1. കുവൈററ് സർക്കാരിൻെറ സാമ്പത്തിക സഹായത്തോടുകൂടി സംസ്ഥാനത്ത് 1500 ഹെക്ടർ ഓരുജല പ്രദേശത്ത് ചെമ്മീൻകൃഷി വികസിപ്പിക്കുന്നതിനുള്ള ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

2. കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ ഓരുജല മൽസ്യ/ചെമ്മീൻ കൃഷി വികസന ഏജൻസികൾ രൂപീകരിച്ച് കർഷകർക്കാവശ്യമായ സാമ്പത്തിക സാങ്കേതിക സഹായങ്ങൾ നൽകിവരുന്നു.

3. കണ്ണൂർ ജില്ലയിലെ മാപ്പുബേയിലും തൃശ്ശൂർ ജില്ലയിലെ അഴീക്കോടും കൊല്ലം ജില്ലയിലെ നീണ്ടകരയിലും ഓരോ ചെമ്മീൻ വിത്തുൽപ്പാദന കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

4. ആയിരംതെങ്ങ്, പൊയ്യ എന്നിവിടങ്ങളിൽ മാതൃകാകൃഷി ഫാമുകളും പരിശീലന കേന്ദ്രങ്ങളും സ്ഥാപിച്ച് കർഷകർക്ക് ആവശ്യമായ പരിശീലനം നൽകിവരുന്നു.

5. ചെമ്മീൻ കർഷകർക്ക് ന്യായമായ വിലയ്ക്ക് കാര, നാരൻ എന്നീയിനം ചെമ്മീൻ കുഞ്ഞുങ്ങളെ വിതരണം ചെയ്തുവരുന്നു.

6. എറണാകുളം ജില്ലയിലെ പരമ്പരാഗത ചെമ്മീൻ കെട്ടുകളിൽ കർഷകസമിതികളെ പങ്കെടുപ്പിച്ചുകൊണ്ട് ആധുനിക ചെമ്മീൻകൃഷി നടപ്പിലാക്കുന്നതിനുള്ള ഒരു പുതിയ പദ്ധതിക്ക് രൂപം നൽകിവരുന്നു.

(ബി) ഓരുജല മൽസ്യ കർഷക വികസന ഏജൻസികളുടെ പ്രവർത്തനങ്ങൾ താഴെ കൊടുക്കുന്നു:

1. പ്രതിവർഷം 100 പേർക്ക് ചെമ്മീൻ കൃഷിയിൽ വിദഗ്ദ്ധ പരിശീലനം ഓരോ ഏജൻസിയും നൽകുന്നു.

2. പരിശീലനത്തിന് വരുന്നവർക്ക് ദിവസേന 25 രൂപ ക്രമത്തിൽ സ്റ്റൈപ്പന്റ് നൽകിവരുന്നു.

3. പരിശീലനത്തിന്റെ ഭാഗമായി ഹാച്ചറികളും ചെമ്മീൻ കൃഷിയിടങ്ങളും സന്ദർശിക്കുന്ന ദിവസങ്ങളിൽ പരിശീലകർക്ക് സ്റ്റൈപന്റ് 40 രൂപ നിരക്കിൽ നൽകിവരുന്നു.

4. ഓരുജല ചെമ്മീൻ കൃഷിക്കാർക്ക് വേണ്ടി സാങ്കേതിക സാമ്പത്തിക സഹായം നൽകുന്നു.

5. ചെമ്മീൻകൃഷി ചെയ്യുന്ന കൃഷിക്കാർക്ക് ഹെക്ടർ ഒന്നിന് 1·2 ലക്ഷം രൂപവരെ ബാങ്ക് വായ്പ ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുകയും ഇങ്ങനെ ലഭിക്കുന്ന വായ്പയിൽ 30,000 രൂപവരെ സബ്സിഡിയായി നൽകുകയും ചെയ്യുന്നു.

6. ഏജൻസിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കർഷകർക്ക് ന്യായമായ വിലയ്ക്ക് ചെമ്മീൻ കുഞ്ഞുങ്ങൾ കൃഷിയിടങ്ങളിൽ എത്തിച്ചുകൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) പ്രസ്തുത ഏജൻസികൾ സംസ്ഥാനത്ത് കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലാണ് പ്രവർത്തിക്കുന്നത്.

(ഡി) സംസ്ഥാനത്ത് ഇപ്പോൾ 12,565 ഹെക്ടറോളം സ്ഥലത്താണ് ചെമ്മീൻകൃഷി നടത്തിവരുന്നത്.

(ഇ) ഇപ്പോൾത്തന്നെ ചെമ്മീൻകൃഷിക്ക് ഇൻഷ്വറൻസ് സംവിധാനം (ഇൻഷ്വറൻസ് കമ്പനികൾ വഴി) നിലവിലുണ്ട്.

## ട്രൈസം പരിശീലകർക്ക് നൽകിവരുന്ന സഹായം

49 [4600] ശ്രീമതി ശോഭനാ ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിൽനിന്നും ട്രൈസം പരിശീലകർക്ക് നൽകിവരുന്ന സഹായങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ട്രൈസം പരിശീലകർക്ക് നൽകിവരുന്ന സ്റ്റൈപ്പന്റ് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

എ. (1) സർക്കാർ സ്ഥാപനങ്ങളിലും ഗ്രാമവികസന വകുപ്പ് അംഗീകരിച്ചിട്ടുള്ള സ്ഥാപനങ്ങളിലും പരിശീലനം ലഭിക്കുന്ന പരിശീലനാർത്ഥിക്ക് പ്രതിമാസം 500 രൂപ വീതവും.

2. മററ് അംഗീകൃത സ്ഥാപനങ്ങൾ മുഖേന പരിശീലനം ലഭിക്കുന്ന പരിശീലകന് പ്രതിമാസം 350 രൂപ വീതവും.

3. തൊഴിൽ വൈദഗ്ദ്ധ്യം നേടിയ ആൾ മുഖേനയുള്ള പരിശീലനത്തിന് പരിശീലകന് പ്രതിമാസം 200 രൂപ നിരക്കിലും സ്റ്റൈപ്പൻറ് നൽകുന്നു. കൂടാതെ പരിശീലനം പൂർത്തിയാക്കുന്നതോടുകൂടി ആളൊന്നിന് 800 രൂപവരെ ഉപകരണസഞ്ചി വാങ്ങുന്നതിന് പരിശീലകന് നൽകുന്നു.

(ബി) കേന്ദ്ര സർക്കാർ പുതുക്കിയ നിരക്ക് പ്രാബല്യത്തിൽ വന്നത് 1–6–1994 മുതലാണ്, നിരക്കുകൾ പുതുക്കുന്നതിനുള്ള നടപടി കേന്ദ്ര സർക്കാരാണ് സ്വീകരിക്കേണ്ടത്.

തീരദേശ വികസന അതോറിററി

50 [4601] ശ്രീ. കെ. എം. സൂപ്പി:
,, നാലകത്ത് സൂപ്പി:
,, കെ. കുട്ടി അഹമ്മദ് കുട്ടി:
,, എം. കെ. മുനീർ:
,, ചെർക്കളം അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീരദേശ വികസന അതോറിററി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ, ബി) തീരദേശത്തിൻെറ സമഗ്രവികസനം ലക്ഷ്യമാക്കിക്കൊണ്ട് ചില സംവിധാനങ്ങളെപ്പററി ആലോചിച്ചുവരുന്നുണ്ട്.

ഗ്രാമീണ റോഡുകളുടെ ശോച്യാവസ്ഥ

51 [4602] ശ്രീ. കെ. സുധാകരൻ:
ശ്രീമതി ശോഭനാ ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എൻ.ആർ.ഇ.പി., ആർ.എൽ.ഇ.ജി.പി., ജെ.ആർ.വൈ. സ്കീമിൽ നിർമ്മിച്ച ഗ്രാമീണ റോഡുകളുടെ ശോച്യാവസ്ഥ ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ റോഡുകളുടെ അററകുററപ്പണികൾക്ക് ഈ സാമ്പത്തിക വർഷം എത്ര രൂപ നീക്കിവച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര കി.മീ. ഗ്രാമീണ റോഡുകൾ ടാറിംഗും റീടാറിംഗും നടത്തുവാൻ കഴിഞ്ഞെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആർ.എൽ.ഇ.ജി.പി, എൻ.ആർ.ഇ.പി., ജെ.ആർ.വൈ. സ്കീമിൽപ്പെടുന്ന റോഡുകളുടെ അററകുററപ്പണികൾ വില്ലേജ് റോഡ് മെയിൻറനൻസ് സ്കീമിലാണ് ഏറെറടുത്തു നടത്തുന്നത്. 1994–95 സാമ്പത്തിക വർഷത്തിൽ വി.ആർ.എം. പദ്ധതിക്കുവേണ്ടി ഒരു കോടി രൂപ ബഡ്ജററിൽ വകയിരുത്തിയിട്ടുണ്ട്.

(സി) വിവരം ശേഖരിച്ചുവരുന്നു.

ദേശീയ മത്സ്യ വളർത്തൽ കേന്ദ്രം

52 [4603] ശ്രീമതി ശോഭനാ ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ നെയ്യാർ ജലാശയത്തിൽ മൽസ്യ കൃഷി നടത്തുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ദേശീയ മൽസ്യവളർത്തൽ കേന്ദ്രം ആരംഭിക്കുന്നതിനുവേണ്ടി എന്തെങ്കിലും നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ എന്നു വ്യക്തമാക്കാമോ?

ഉത്തരം

(എ) നെയ്യാർ ജലസംഭരണി വന്യജീവി സംരക്ഷണനിയമത്തിൽ ഉൾപ്പെടുന്ന പ്രദേശമായതിനാൽ മത്സ്യബന്ധനം സാദ്ധ്യമല്ല. എന്നാൽ നെയ്യാർ ഉൾപ്പെടെ വനം വകുപ്പ്, വൈദ്യുതി വകുപ്പ്, ജലസേചന വകുപ്പ് എന്നിവയുടെ അധീനതയിലുള്ള എല്ലാ ജലസംഭരണികളും മത്സ്യ കൃഷിക്ക് ലഭ്യമാക്കുന്നതിനുവേണ്ടി ബന്ധപ്പെട്ട വകുപ്പുകളുമായി ചർച്ച നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ മൽസ്യകൃഷി ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് അന്തിമ രൂപം നൽകിവരികയും ചെയ്യുന്നു.

(ബി) നെയ്യാർഡാമിൽ ഒരു ദേശീയ മത്സ്യം വളർത്തൽ കേന്ദ്രം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ നിർമ്മാണോദ്ഘാടനം 26–7–1994-ന് നടന്നു.

മത്സ്യസമ്പത്ത് സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത

53 [4604] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ മത്സ്യസമ്പത്ത് സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ ഇതിനായി ഗവൺമെൻററ് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; കൂടുതലായി എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള കടൽ മത്സ്യബന്ധന നിയന്ത്രണനിയമം മത്സ്യ സമ്പത്ത് സംരക്ഷിക്കുക എന്ന ഉദ്ദേശത്തോടുകൂടി നടപ്പിലാക്കിയതാണ്. അതിൻപ്രകാരം താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

(1) മത്സ്യബന്ധനം നടത്തുന്ന ബോട്ടുകൾ രജിസ്ററർ ചെയ്ത് ലൈസൻസ് എടുത്തിരിക്കണം.

(2) ബോട്ടുകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനം കടലിൽ കൊല്ലംകോട് മുതൽ പരവൂർ പൊഴിക്കരവരെയുള്ള ഭാഗത്ത് 30 മീററർ ആഴംവരേയും പരവൂർ പൊഴിക്കര മുതൽ മഞ്ചേശ്വരം വരെയുള്ള ഭാഗത്ത് 20 മീററർ ആഴംവരെയും നിരോധിച്ചിട്ടുണ്ട്.

(3) മത്സ്യസമ്പത്തിനെ പ്രതികൂലമായി ബാധിക്കുന്ന പഴ്സീൻ, റിംഗ്സീൻ, പെലജിക് ട്രാൾ, മിഡ്വാട്ടർട്രാൾ എന്നീ വലകളും 35 മി. മീററിൽ കുറഞ്ഞ കണ്ണിവലിപ്പമുള്ള ബോട്ടം ട്രോൾവലയും സംസ്ഥാനത്തിൻെറ ടെറിട്ടോറിയൽ വാട്ടർ അതിർത്തിയിൽ സ്ഥിരമായി നിരോധിച്ചിട്ടുണ്ട്.

(4) ബോട്ടുകൾ രാത്രികാലങ്ങളിൽ ട്രോളിംഗ് നടത്തുന്നത് നിരോധിച്ചിരിക്കുന്നു.

(5) ഇതുകൂടാതെ മത്സ്യ/ചെമ്മീൻ എന്നിവ പ്രത്യുൽപ്പാദനം നടത്തുന്ന മൺസൂൺകാലത്ത് ബോട്ടം ട്രോളിംഗിന് സർക്കാർ കാലാ കാലങ്ങളിൽ നിരോധനം ഏർപ്പെടുത്താറുണ്ട്.

(6) കേരള മത്സ്യബന്ധന നിയന്ത്രണനിയമം കർശനമായി പാലിക്കുന്നുണ്ടെന്നുറപ്പുവരുത്തുവാൻ കടൽ പട്രോളിംഗ് നടത്തി നിയമ ലംഘനം നടത്തുന്ന ബോട്ടുകളെ ഇംപൗണ്ട് ചെയ്ത് അവർക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിച്ചുവരുന്നു.

(7) മത്സ്യസമ്പത്തിൻെറ സംരക്ഷണ നടപടികൾ സ്വീകരിക്കുന്നതിന്. കേരളത്തിൻെറ കടലോര ജില്ലകളിൽ ഫിഷറീസ് സ്റേറഷനുകൾ സ്ഥാപിക്കുന്നതാണ്.

(8) കേരളത്തിലെ അഴിമുഖങ്ങളോട് തൊട്ടുകിടക്കുന്ന പ്രദേശ ങ്ങളിൽ Fish Sanctuaries (മത്സ്യസംരക്ഷണ സങ്കേതങ്ങൾ) സ്ഥാപിക്കു ന്നതാണ്.

മത്സ്യ ബന്ധന പദ്ധതികൾ

54 [4605] ശ്രീമതി ശോഭനാ ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദേശ സഹായത്തോടുകൂടി നടപ്പാക്കി വരുന്ന മത്സ്യബന്ധന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ പദ്ധതിയുടെ പ്രവർത്തനത്തെക്കുറിച്ച് വ്യക്തമാക്കാമോ;

(സി) നാളിതുവരെ പ്രസ്തുത പദ്ധതികൾക്ക് എത്രരൂപ ചെലവഴിച്ചു;

(ഡി) പ്രസ്തുത പദ്ധതികൾക്ക് ലഭിച്ച വിദേശ സഹായം എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 1. ജലസംഭരണികളിൽ മത്സ്യകൃഷി നടത്തുന്നതിന് ജർമ്മൻ സർക്കാരിന്റെ സാങ്കേതിക സഹായത്തോടെയുള്ള പദ്ധതി.

2. ചെമ്മീൻ കൃഷി വികസനത്തിന് കുവൈററ് ഗവൺമെൻറിന്റെ സാമ്പത്തിക സഹായമുള്ള പദ്ധതി.

3. വലനിർമ്മാണത്തിനായി ജപ്പാൻ ഗവൺമെൻറിന്റെ സാമ്പത്തിക സഹായത്തോടെയുള്ള വല നിർമ്മാണ യൂണിററ് എന്നിവയാണ് അവ.

(ബി) ആധുനിക രീതിയിലുള്ള കൃഷി മുറകൾ അവലംബിച്ച് മത്സ്യോല്പാദനം ഉയർത്തുക എന്ന ലക്ഷ്യത്തോടുകൂടിയാണ് പാലക്കാട് ജില്ലയിലെ മലമ്പുഴ, പോത്തുണ്ടി, ചുള്ളിയാർ, തൃശ്ശൂർ ജില്ലയിലെ വാഴാനി, പീച്ചി എന്നീ ജലസംഭരണികളിൽ ഇതിന്റെ ഒന്നാംഘട്ടം ആരംഭിച്ചിട്ടുള്ളത്. ഈ ജലസംഭരണികളിലെ രാസഭൗതിക ഗുണങ്ങൾ വിശദമായി പഠിച്ച് വ്യത്യസ്ത മോഡലുകൾ തയ്യാറാക്കിയശേഷം അനുയോജ്യമായ മോഡലുകൾ മററു ജലസംഭരണികളിൽ പ്രായോഗികമാക്കി സംസ്ഥാനത്ത് ഉൾനാടൻ മത്സ്യങ്ങളുടെ ഉൽപ്പാദനമുയർത്തുകയാണ് ആദ്യത്തെ പദ്ധതിയുടെ ലക്ഷ്യം.

14·9 ദശലക്ഷം കുവൈററി ദിനാർ അടങ്കൽ തുക വരുന്ന ചെമ്മീൻ കൃഷി വികസന പദ്ധതിപ്രകാരം 1500 ഹെക്ടർ ഓരുജല പ്രദേശങ്ങളിൽ ശാസ്ത്രീയ ചെമ്മീൻ കൃഷി നടപ്പിലാക്കുന്നതിനും 60 ദശലക്ഷം വീതം വിത്തുല്പാദന ശേഷിയുള്ള 4 ചെമ്മീൻ വിത്തുല്പാദന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും 8500 ടൺ ശേഷിയുള്ള ഒരു ചെമ്മീൻ തീററ നിർമ്മാണ യൂണിററ്, ഒരു കേന്ദ്ര ലബോറട്ടറി എന്നിവ സ്ഥാപിക്കുന്നതിനുമാണ് രണ്ടാമത്തെ പദ്ധതിയിലൂടെ ലക്ഷ്യമിട്ടിരിക്കുന്നത്. ജപ്പാൻ സർക്കാരിൽനിന്നും ഗ്രാൻറായി ലഭിച്ച 9 കോടി രൂപ വിലവരുന്ന 15 യന്ത്രങ്ങൾ സ്ഥാപിക്കുകയും മത്സ്യബന്ധനത്തിനുള്ള വല നിർമ്മിച്ച് വിതരണം ചെയ്യുകയുമാണ് മൂന്നാമത്തെ പദ്ധതിയുടെ ലക്ഷ്യം.

(സി, ഡി) ജലസംഭരണികളിൽ മത്സ്യകൃഷി നടത്തുന്നതിന് ജർമ്മൻ ഗവൺമെൻറ് സാങ്കേതിക സഹായമാണ് നൽകുന്നത്. 1993 ഡിസംബർ 15 വരെ 2·99 കോടി രൂപയുടെ സാങ്കേതിക സഹായം ജർമ്മൻ സർക്കാർ ചെലവഴിച്ചിട്ടുണ്ട്. ചെമ്മീൻ കൃഷിവികസനത്തിന് 2,16,92,923 രൂപ അഡാക്ക് ചെലവഴിച്ചിട്ടുണ്ട്. ഇതിനായി 50 ലക്ഷം രൂപ കുവൈററ് ഫണ്ടും സാങ്കേതിക സഹായമായി ചെലവഴിച്ചിട്ടുണ്ട്. വല നിർമ്മാണശാല ആരംഭിക്കുന്നതിന് ജപ്പാൻ ഗവൺമെൻറ് അനുവദിച്ച 9 കോടി രൂപ വിലവരുന്ന 15 വല നിർമ്മാണ യന്ത്രങ്ങൾ ഗ്രാൻറായി ലഭിച്ചു. ഇങ്ങനെ ലഭിച്ച യന്ത്രങ്ങൾ 40 ലക്ഷം രൂപ ചെലവഴിച്ച് സ്ഥാപിച്ചിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മത്സ്യോൽപ്പന്നങ്ങളുടെ കയററുമതി

55 [4606] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം എത്ര രൂപയുടെ മത്സ്യോൽപ്പന്നങ്ങൾ കയററുമതി ചെയ്തു;

(ബി) ഇതുമൂലം എത്ര രൂപയുടെ വിദേശനാണ്യം നേടി എന്ന് ഗവൺമെൻറിന് അറിവുണ്ടോ;

(സി) അടുത്തവർഷം എത്ര രൂപക്ക് മൽസ്യോൽപ്പന്നങ്ങൾ കയററുമതി ചെയ്യുവാൻ ഉദ്ദേശിക്കുന്നു;

(ഡി) ഇതിൻെറ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1480·84 കോടി രൂപയുടെ മത്സ്യോൽപ്പന്നങ്ങൾ കയററുമതി ചെയ്തിട്ടുണ്ട്.

(ബി) 1480·84 കോടി രൂപയുടെ വിദേശനാണ്യം നേടിയിട്ടുണ്ട്.

(സി) 1994-95-ൽ 707 കോടി രൂപയുടെ മത്സ്യോൽപ്പന്നങ്ങൾ കയററുമതി ചെയ്യുവാനുദ്ദേശിക്കുന്നു.

(ഡി) 1994-95-ൽ 450 കോടി രൂപയുടെ ചെമ്മീൻ, 40 കോടി രൂപയുടെ മത്സ്യം, 205 കോടി രൂപയുടെ കണവ, 3 കോടി രൂപയുടെ ചിററകൊഞ്ച്, 9 കോടി രൂപയുടെ മററിനങ്ങൾ എന്നിവ കയററുമതി ചെയ്യാൻ ഉദ്ദേശിക്കുന്നു.

ഭവന നിർമ്മാണത്തിന് നിലവിലുള്ള പദ്ധതികൾ

56 [4607] ശ്രീ. കെ. സുധാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്ക് വീട് നിർമ്മിച്ചുകൊടുക്കുന്നതിന് നിലവിലുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതികൾ പ്രകാരം എത്ര വീടുകൾ വച്ചുകൊടുക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്?

ഉത്തരം

(എ) മത്സ്യത്തൊഴിലാളികൾക്ക് വീട് നിർമ്മിച്ചുകൊടുക്കുന്നതിന് താഴെ പറയുന്ന പദ്ധതികൾ നിലവിലുണ്ട്:

(1) ഫിഷറീസ് ഡിപ്പാർട്ടുമെൻറ് മുഖേന നടപ്പാക്കിവരുന്ന മാതൃകാ മത്സ്യഗ്രാമ പദ്ധതി.

(2) മത്സ്യഫെഡ് മുഖേന നടപ്പാക്കിവരുന്ന ഹഡ്കോ ധനസഹായ പദ്ധതി.

(3) പ്രത്യേക ഘടക/ഉപപദ്ധതിപ്രകാരം പട്ടികജാതി/വർഗ്ഗ മത്സ്യത്തൊഴിലാളികൾക്ക് വീടുവയ്ക്കുവാൻ പദ്ധതി.

(ബി) മേൽപ്പറഞ്ഞ പദ്ധതികൾ പ്രകാരം ഈ സാമ്പത്തിക വർഷം 4000-ത്തോളം വീടുകൾ നിർമ്മിച്ചുകൊടുക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്നു.

വീട് നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം

57 [4608] ശ്രീ. നാലകത്ത് സൂപ്പി:
,, എ. യൂനസ് കുഞ്ഞ്:
,, കെ. കുട്ടി അഹമ്മദ്കുട്ടി:
,, കെ. എം. സൂപ്പി:
,, ചെർക്കളം അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലാക്രമണംമൂലം വീട് പൂർണ്ണമായി നഷ്ടപ്പെട്ട മത്സ്യതൊഴിലാളികൾക്ക് നൽകിവരുന്ന ധനസഹായ പദ്ധതിപ്രകാരം നഷ്ടപരിഹാരത്തിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്;

(ബി) ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചു;

(സി) എത്രപേർക്ക് പൂർണ്ണമായി നഷ്ടപരിഹാരം നൽകിയിട്ടുണ്ട്;

(ഡി) എത്ര അപേക്ഷയിൻമേൽ ഇനിയും തീർപ്പുകൽപിക്കാൻ ബാക്കിയുണ്ട്;

(ഇ) ഈ വകയിൽ ഗവൺമെൻറിന് ആകെ എന്തു തുക ചെലവായിട്ടുണ്ട്.

ഉത്തരം

(എ) അങ്ങിനെ ഒരു പദ്ധതി ഫിഷറീസ് വകുപ്പിൽ നിലവിലില്ല.

(ബി, സി, ഡി, ഇ) ബാധകമല്ല.

കേരള ഫിഷർമെൻ വെൽഫെയർ ഫണ്ട് ബോർഡ്

58 [4609] ശ്രീ. എ. കണാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫിഷർമെൻ വെൽഫയർ ഫണ്ട് ബോർഡ് ഇപ്പോൾ നടപ്പിലാക്കിവരുന്ന ക്ഷേമപ്രവർത്തനങ്ങളെന്തെല്ലാം;

(ബി) ഇവയോരോന്നിനും അർഹരായവർ എത്രയെന്ന് വെളിപ്പെടുത്തുമോ;

(സി) ഇതിന്റെ ജില്ലതിരിച്ചുള്ള വിവരം നൽകുമോ;

(ഡി) കേരള ഫിഷർമെൻ വെൽഫെയർ ഫണ്ട് ബോർഡ് പുനഃസംഘടിപ്പിക്കുവാൻ ഗവൺമെൻറിന് ഉദ്ദേശമുണ്ടോ?



LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡുമുഖേന ഇപ്പോൾ നടപ്പാക്കിവരുന്ന പദ്ധതികളുടെ വിവരം താഴെ കൊടുക്കുന്നു:

ഗ്രൂപ്പ് ഇൻഷ്വറൻസ്, മത്സ്യബന്ധന സമയത്തോ തൊട്ടു പിന്നാലെയോ അപകടം കൊണ്ടല്ലാതെ മരണപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് സാമ്പത്തികസഹായം, പെൺമക്കളുടെ വിവാഹ ധനസഹായം, മത്സ്യത്തൊഴിലാളികളുടെ ആശ്രിതരുടെ മരണാനന്തര ചെലവുകൾക്കുള്ള സഹായം, വാർദ്ധക്യകാല പെൻഷൻ, താല്ക്കാലിക അവശതയ്ക്കുള്ള സഹായം, മത്സ്യത്തൊഴിലാളിയുടെ മരണത്തിന് ആശ്രിതർക്ക് ധനസഹായം, വന്ധ്യംകരണ ശസ്ത്രക്രിയയ്ക്ക് ധനസഹായം, മത്സ്യത്തൊഴിലാളികളുടെ മക്കളിൽ എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് കൂടുതൽ മാർക്ക് വാങ്ങുന്നവർക്ക് ധനസഹായം തുടങ്ങിയവ.

(ബി) അർഹരായവരുടെ വിഹിതം അനുബന്ധമായി കൊടുത്തിട്ടുണ്ട്.†

(സി) ജില്ലതിരിച്ചുള്ള കണക്ക് ശേഖരിച്ചുവരുന്നു.

(ഡി) ഇപ്പോൾ ഉദ്ദേശമില്ല.

## അപകടമരണത്തിൽപ്പെട്ട മൽസ്യത്തൊഴിലാളികളുടെ ആശ്രിതർക്കുള്ള ധനസഹായം

59 [4610] ശ്രീ. എ. കണാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അപകടം മൂലം മരണപ്പെടുന്ന മൽസ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് ഇപ്പോൾ നൽകിവരുന്ന സാമ്പത്തിക സഹായം എത്രയാണ്;

(ബി) ഈ സഹായധന വിതരണത്തിൽ കുടിശ്ശികയുണ്ടായിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എത്രപേർക്ക് എന്തു തുക കുടിശ്ശികയിനത്തിൽ നൽകാനുണ്ട്;

(ഡി) ഇതു സംബന്ധിച്ച് ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ;

(ഇ) എന്നുമുതൽ എന്നുവരെയുള്ള കാലയളവിലേതാണ് കുടിശ്ശികയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 25,000 രൂപയാണ് ഇപ്പോൾ നൽകിവരുന്ന ധനസഹായം.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി, സി, ഡി, ഇ) ഇതിൽ കുടിശ്ശികയില്ല. എന്നാൽ 40 അപേക്ഷകളിൽ തീർപ്പുകൽപ്പിക്കാനുണ്ട്. തീർപ്പുകൽപ്പിക്കാനുള്ള അപേക്ഷകളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| തിരുവനന്തപുരം | .. | 19 |
| കൊല്ലം | .. | 7 |
| ആലപ്പുഴ | .. | 5 |
| കോട്ടയം | .. | 1 |
| എറണാകുളം | .. | 4 |
| തൃശ്ശൂർ | .. | 1 |
| കോഴിക്കോട് | .. | 1 |
| കണ്ണൂർ | .. | 2 |

## മൽസ്യത്തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണം

60 [4611] ശ്രീമതി ശോഭനാ ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൽസ്യത്തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണത്തിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) മൽസ്യത്തൊഴിലാളികൾ കൂടുതലായി തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിൽ പകർച്ചവ്യാധികൾ മൂലം ഉണ്ടാകുന്ന അസുഖങ്ങളെ നേരിടുവാൻ സർക്കാർ എന്തെല്ലാം നടപടി സ്വീകരിക്കും?

### ഉത്തരം

(എ) സംസ്ഥാനത്ത് ആരോഗ്യവകുപ്പുവഴി നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾക്കുപുറമേ മൽസ്യത്തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണത്തിനായി തീരദേശ ജില്ലകളിൽ ഫിഷറീസ് വകുപ്പുമുഖേന ഫിഷറീസ് ഡിസ്പെൻസറികൾ സ്ഥാപിക്കുന്ന പദ്ധതിയും, മൽസ്യഫെഡ് മുഖേന അടിസ്ഥാന ശുചീകരണ പദ്ധതിയും നടപ്പിലാക്കിവരുന്നു.

(ബി) ഇത്തരം അസുഖങ്ങളെ നേരിടുന്നതിന് സംസ്ഥാന ആരോഗ്യ വകുപ്പുവഴി ചികിൽസാ പ്രവർത്തനങ്ങളും ആരോഗ്യ പരിപാലന പരിപാടികളും സ്വീകരിച്ചുവരുന്നുണ്ട്.

## കായൽ മൽസ്യത്തൊഴിലാളികളുടെ ക്ഷേമത്തിന് നടപടി

61 [4612] ശ്രീമതി ശോഭനാ ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കായൽ മൽസ്യത്തൊഴിലാളികളുടെ ക്ഷേമത്തിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) കായൽ മൽസ്യത്തൊഴിലാളികൾക്കും കടൽ മൽസ്യതൊഴിലാളികൾക്കും സർക്കാരിൽനിന്നും ലഭിക്കുന്ന ആനുകൂല്യങ്ങൾക്ക് വ്യത്യാസം ഉണ്ടോ എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരള മൽസ്യത്തൊഴിലാളി ക്ഷേമനിധി മുഖേന നടപ്പാക്കി വരുന്ന എല്ലാ ക്ഷേമ പദ്ധതികളും കടലോര മൽസ്യത്തൊഴിലാളികൾക്കും ഉൾനാടൻ മൽസ്യത്തൊഴിലാളികൾക്കും ഒരുപോലെ പ്രയോജനം ലഭിക്കത്തക്കതാണ്. മൽസ്യരോഗംമൂലം ബുദ്ധിമുട്ടുകൾ അനുഭവിച്ച കായൽ മൽസ്യത്തൊഴിലാളി കുടുംബം ഒന്നിന് 150 ക. വീതം പ്രത്യേക ധനസഹായവും നൽകിയിട്ടുണ്ട്.

(ബി) ഫിഷറീസ് വകുപ്പു മുഖേന നടപ്പാക്കിവരുന്ന 'സമ്പാദ്യ ആശ്വാസ പദ്ധതി'-യിൽ കടലോര മേഖലയിലെ മൽസ്യത്തൊഴിലാളികളെ മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളു. ഉൾനാടൻ മേഖലയിലുള്ളവരെകൂടി ഇതിന്റെ ഗുണഭോക്താക്കളാക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു.

## മൽസ്യത്തൊഴിലാളി പെൻഷൻ

62 [4613] ശ്രീ. എ. യൂനസ് കുഞ്ഞ്:
,, ചെർക്കളം അബ്ദുള്ള:
,, എം. കെ. മുനീർ:
,, കെ. കെ. അബു:
,, നാലകത്ത് സൂപ്പി:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൽസ്യത്തൊഴിലാളി പെൻഷൻ വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) മൽസ്യത്തൊഴിലാളി പെൻഷൻ ഏതു മാസംവരെ കൊടുത്തു;

(സി) കുടിശ്ശിക എന്നത്തേക്കു കൊടുത്തു തീർക്കും;

(ഡി) ഓണത്തിനുമുൻപ് കുടിശ്ശിക കൊടുത്തുതീർക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇപ്പോഴില്ല.

(ബി) മൽസ്യത്തൊഴിലാളി പെൻഷൻ 1993 മാർച്ചുവരെ കൊടുത്തിട്ടുണ്ട്.

(സി) കുടിശ്ശിക പരമാവധി കൊടുത്തു തീർക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

(ഡി) ഓണത്തിനു മുൻപ് 4 മാസത്തെ കുടിശ്ശിക കൊടുക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരികയാണ്.

മൽസ്യത്തൊഴിലാളികൾക്ക് സാമ്പത്തികസഹായം നൽകുന്ന ഏജൻസികൾ

63 [4614] ശ്രീ. തച്ചടി പ്രഭാകരൻ: താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് മൽസ്യത്തൊഴിലാളികൾക്ക് ഏതെല്ലാം ഏജൻസികളിലൂടെയാണ് സാമ്പത്തികസഹായം നൽകിവരുന്നത്?

ഉത്തരം

ഫിഷറീസ് വകുപ്പ്, മൽസ്യഫെഡ്, മൽസ്യ തൊഴിലാളി ക്ഷേമ നിധിബോർഡ് എന്നീ ഏജൻസികളിലൂടെയാണ് സാമ്പത്തികസഹായം നൽകിവരുന്നത്. കൂടാതെ എം. പി. ഇ. ഡി. എ.-യും കമേഴ്സ്യൽ ബാങ്കുകളും ധനസഹായം നൽകുന്നുണ്ട്.

മൽസ്യത്തൊഴിലാളികൾക്ക് സൗജന്യനിരക്കിൽ ഭക്ഷ്യവസ്തുക്കൾ നൽകുന്നതിന് നടപടി

64 [4615] ശ്രീ. സി. കെ. സദാശിവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൽസ്യഫെഡ് നടപ്പാക്കുന്ന വികസന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന മൽസ്യത്തൊഴിലാളികൾക്ക് സൗജന്യ നിരക്കിൽ ഭക്ഷ്യവസ്തുക്കൾ നൽകുന്നതിന് എന്തെങ്കിലും പരിപാടി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല.
(ബി) ഉദിക്കുന്നില്ല.

മൽസ്യത്തൊഴിലാളി ധനസഹായത്തിനുള്ള ശ്രീമതി ജാനുവിന്റെ അപേക്ഷ

65 [4616] ശ്രീ. എ. കണാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൽസ്യത്തൊഴിലാളികൾ അപകടം മൂലം മരണപ്പെട്ടാൽ ആശ്രിതർക്ക് നൽകുന്ന ധനസഹായപദ്ധതിയിൻകീഴിൽ ധനസഹായത്തിനായി അപേക്ഷ നൽകിയ ശ്രീമതി മാക്കാറംപത്ത് ജാനു (കോഴിക്കോട് ജില്ല)-വിന്റെ അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിൻമേൽ എന്തു നടപടിയെടുത്തുവെന്ന് വ്യക്തമാക്കുമോ;

(സി) അർഹരായവർക്ക് ആനുകൂല്യം യഥാവസരം ലഭ്യമാക്കുവാൻ കഴിയാത്തതിനു കാരണം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്. തന്റെ ഭർത്താവ് കുഞ്ഞിക്കണ്ണൻ ഡോക്ടറെ കണ്ടു മടങ്ങുംവഴി റോഡിൽ വീണു മരിച്ചതു സംബന്ധിച്ച് ധനസഹായത്തിനായുള്ള അപേക്ഷ മൽസ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ ലഭിച്ചിട്ടുണ്ട്.

(ബി) അപേക്ഷകയുടെ ഭർത്താവ് മരണപ്പെട്ടത് 1–2–1984-ൽ ആണ്. മൽസ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് നിലവിൽ വന്നത് 26–1–1986-ൽ ആണ്. ബോർഡ് നിലവിൽ വരുന്നതിനുമുൻപ് നടന്നിട്ടുള്ള ഇത്തരം കേസുകളിൽ ധനസഹായം നൽകാറില്ല.

(സി) അർഹരായവർക്ക് ആനുകൂല്യങ്ങൾ യഥാസമയം നൽകുന്നുണ്ട്.

മൽസ്യ വിപണന സൊസൈററികൾക്ക് നൽകുന്ന വാഹനങ്ങൾ

66 [4617] ശ്രീമതി ശോഭനാ ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൽസ്യബന്ധന വികസനത്തിന് കേന്ദ്ര സർക്കാർ നൽകിവരുന്ന ധനസഹായ പദ്ധതികളെക്കുറിച്ച് വ്യക്തമാക്കാമോ;

(ബി) മൽസ്യ വിപണനത്തിന് ആവശ്യമായ വാഹനങ്ങൾ മൽസ്യ വിപണന സൊസൈററികൾക്ക് നൽകുന്നതിന് സർക്കാർ നൽകി വരുന്ന സഹായപദ്ധതികളെക്കുറിച്ച് വ്യക്തമാക്കുമോ;

(സി) പരമ്പരാഗത മൽസ്യത്തൊഴിലാളികൾക്ക് ഔട്ട് ബോർഡ് എഞ്ചിൻ നൽകുന്നതിനും പ്രസ്തുത എഞ്ചിൻ നന്നാക്കുന്നതിനുള്ള പരിശീലനം നൽകുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് മൽസ്യബന്ധന വികസനത്തിന് കേന്ദ്ര സർക്കാർ നൽകിവരുന്ന ധനസഹായ പദ്ധതികൾ താഴെ ചേർക്കുന്നു:

1. നാടൻ വള്ളങ്ങളുടെ യന്ത്രവൽക്കരണം

ഈ പദ്ധതിപ്രകാരം നാടൻ വള്ളങ്ങൾ യന്ത്രവൽക്കരിക്കുന്നതിന് 10 എച്ച്.പി.-യിൽ താഴെയുള്ള ഔട്ട്ബോർഡ് മോട്ടോറുകൾ വാങ്ങുമ്പോൾ എഞ്ചിൻ ഒന്നിന് 10,000 രൂപ വീതം സബ്സിഡിയായി നൽകുന്നു. ഈ തുകയുടെ 50 ശതമാനം കേന്ദ്ര സർക്കാരും 50 ശതമാനം സംസ്ഥാന സർക്കാരുമാണ് വഹിക്കുന്നത്.

2. പുതിയതരം വള്ളങ്ങളുടെ പ്രചരണം

ഈ പദ്ധതി അനുസരിച്ച്, ബി. ഒ. ബി. പി. പ്രോഗ്രാം അനുസരിച്ച് വികസിപ്പിച്ചെടുത്ത നവീന ഇനം പ്ലൈവുഡ് വള്ളങ്ങൾ വാങ്ങുമ്പോൾ വള്ളം ഒന്നിന് 30,000 രൂപ വെച്ച് സബ്സിഡി നൽകുന്നു. ഈ തുകയുടെ 50 ശതമാനം കേന്ദ്ര സർക്കാരും 50 ശതമാനം സംസ്ഥാന സർക്കാരുമാണ് വഹിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

3. മൽസ്യബന്ധന ബോട്ടുകളിൽ ഉപയോഗിക്കുന്ന ഹൈസ്പീഡ് ഡീസലിന്റെ സെൻട്രൽ എക്സൈസ് ഡ്യൂട്ടി ഇളവ്

ഇരുപത് മീററിന് താഴെയുള്ള മൽസ്യബന്ധന ബോട്ടുകളിൽ ഉപയോഗിക്കുന്ന ഡീസലിന്റെ എക്സൈസ് ഡ്യൂട്ടിയുടെ പൂർണ്ണമായ ഇളവ് നൽകുകയാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ഇതിനായി ചെലവാകുന്ന മൊത്തം തുകയുടെ 80 ശതമാനം കേന്ദ്രസർക്കാരും 20 ശതമാനം സംസ്ഥാന സർക്കാരും വഹിക്കുന്നതാണ്.

4. ആഴക്കടൽ മൽസ്യബന്ധനം

സ്വകാര്യ-സംയുക്ത സംരംഭങ്ങളിലൂടെ ആഴക്കടൽ മൽസ്യബന്ധനം പ്രോൽസാഹിപ്പിക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഇതിന് ആവശ്യമായ തുകയുടെ 50 ശതമാനം കേന്ദ്രസർക്കാരും 50 ശതമാനം സംസ്ഥാന സർക്കാരും വഹിക്കുന്നു.

5. യന്ത്രവൽകൃത ബോട്ടുകൾക്കുവേണ്ടി മൽസ്യം കരയ്ക്കടുപ്പിക്കുന്നതിനുള്ള കേന്ദ്രങ്ങളുടെ നിർമ്മാണം

മൽസ്യബന്ധനത്തിനായുള്ള യന്ത്രവൽകൃത ബോട്ടുകൾക്കുവേണ്ടി മൽസ്യം കരയ്ക്കടുപ്പിക്കുന്നതിനുള്ള കേന്ദ്രങ്ങളുടെ നിർമ്മാണമാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ഈ പദ്ധതിയ്ക്കും ചെലവിന്റെ 50 ശതമാനം കേന്ദ്രസർക്കാരും 50 ശതമാനം സംസ്ഥാന സർക്കാരുമാണ് വഹിക്കുന്നത്.

6. ഇവ കൂടാതെ ഇനിപ്പറയുന്ന ഫിഷിംഗ് ഹാർബർ പ്രോജക്ടുകൾക്കും ചെലവ് വരുന്ന തുകയുടെ 50 ശതമാനം കേന്ദ്ര സഹായമായി ലഭിക്കുന്നു.

(1) വിഴിഞ്ഞം തുറമുഖത്തിന്റെ നിർമ്മാണം
(2) നീണ്ടകര മൽസ്യബന്ധന തുറമുഖത്തിന്റെ വികസനം
(3) പരമ്പരാഗത മൽസ്യത്തൊഴിലാളികൾക്ക് വള്ളം കരയ്ക്ക് അടുപ്പിക്കുന്നതിനുള്ള കേന്ദ്രം സ്ഥാപിക്കൽ
(4) തങ്കശ്ശേരി മൽസ്യബന്ധന തുറമുഖ പദ്ധതി
(5) മുനമ്പം മൽസ്യബന്ധന തുറമുഖ പദ്ധതി
(6) പുതിയാപ്പയിൽ ചെറുകിട മൽസ്യബന്ധന തുറമുഖ പദ്ധതി
(7) പൊന്നാനി മൽസ്യബന്ധന തുറമുഖ പദ്ധതി
(8) മൽസ്യബന്ധന തുറമുഖങ്ങളുടെ നടത്തിപ്പ്
(9) മാപ്പ്ളബേയിൽ മൽസ്യബന്ധന തുറമുഖ പദ്ധതി
(10) ചോംപാൽ മൽസ്യബന്ധന തുറമുഖ പദ്ധതി
(11) കായംകുളം മൽസ്യബന്ധന തുറമുഖ പദ്ധതി
(12) മൽസ്യം മേൻമയേറിയ ഉൽപ്പന്നമാക്കൽ പദ്ധതി

ഇവ കൂടാതെ വല നിർമ്മാണ ഫാക്ടറിയുടെ വികസനത്തിനായി 100 ശതമാനം കേന്ദ്ര സഹായവും ലഭ്യമായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എൻ. സി. ഡി. സി.-യുടെ ധനസഹായത്തോടെ നടപ്പിലാക്കി വരുന്ന സംയോജിത മൽസ്യവികസന പദ്ധതിയിൽ (രണ്ടാം ഘട്ടം) ഉൾപ്പെടുത്തി 50 സൈക്കിളുകളും 30 പിക് അപ് വാനുകളും വാങ്ങി തെരഞ്ഞെടുക്കപ്പെട്ട പ്രാഥമിക സഹകരണ സംഘങ്ങൾക്ക് നൽകുവാനുള്ള പദ്ധതിയുണ്ട്. ഇതിൽ 10 സൈക്കിളുകളും 5 ഓട്ടോ പിക്അപ് വാനുകളും വിതരണം ചെയ്തു കഴിഞ്ഞു.

(സി) പരമ്പരാഗത മൽസ്യത്തൊഴിലാളികൾക്ക് ഔട്ട് ബോർഡ് മോട്ടോറുകൾ മൽസ്യഫെഡിന്റെ വ്യാസാസ്റോറുകൾ വഴി വിതരണം ചെയ്യുന്നുണ്ട്. എഞ്ചിൻ നന്നാക്കുന്നതിനുള്ള പരിശീലനം മൽസ്യ ഫെഡിന്റെ തിരുവനന്തപുരത്ത് പേട്ടയിൽ പ്രവർത്തിക്കുന്ന വർക്ക് ഷോപ്പിൽ നടത്താറുണ്ട്. മൽസ്യത്തൊഴിലാളി കുടുംബങ്ങളിൽപ്പെട്ട ഐ. ററി. ഐ. ട്രേഡ് സർട്ടിഫിക്കററ് പരീക്ഷ പാസ്സായിട്ടുള്ള കുട്ടികൾക്ക് ഔട്ട് ബോർഡ് എഞ്ചിൻ റിപ്പയർ ചെയ്യുന്നതിന് പരിശീലനം നൽകിവരുന്നു.

## മത്സ്യഫെഡ് വാങ്ങിയ ഔട്ട് ബോർഡ് എൻജിനുകൾ

67 [4618] ശ്രീ. എം. ജെ. സക്കറിയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം മത്സ്യ ഫെഡ് എത്ര ഔട്ട്ബോർഡ് എൻജിനുകൾ വാങ്ങിയിട്ടുണ്ട്;

(ബി) എവിടെനിന്നാണ് ഇവ വാങ്ങിയിട്ടുള്ളത്;

(സി) ഏതൊക്കെ ഇനത്തിൽപ്പെട്ട ബോട്ടുകളാണ് വാങ്ങിയത്;

(ഡി) ഓരോ എൻജിനും എന്തുവിലയ്ക്കാണ് വാങ്ങിയത്;

(ഇ) എൻജിൻവില, കസ്ററംസ് തീരുവ, പോർട്ട് ഡമറേജ് എന്നീ ഇനങ്ങളിലെ മൊത്തം ചെലവ് വ്യക്തമാക്കാമോ;

(എഫ്) 1994 ജനുവരിക്കുശേഷം എത്ര എൻജിനുകൾ ഇറക്കുമതി ചെയ്തു;

(ജി) ഇതിന് ഡമറേജ് ഇനത്തിൽ എന്തു തുക നൽകേണ്ടിവരുമെന്ന് വ്യക്തമാക്കുമോ?

## ഉത്തരം

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം മത്സ്യ ഫെഡ് 3405 ഔട്ട് ബോർഡ് എൻജിനുകൾ വാങ്ങിയിട്ടുണ്ട്.

(ബി) യമഹാ എൻജിൻ മദ്രാസിലുള്ള മെസ്സേഴ്സ് ജോർജ് മയ്ജോ ആൻറ് കമ്പനിയിൽനിന്നും മറൈൻ എൻജിൻ കൊല്ലത്തുള്ള മെസ്സേഴ്സ് എസ്മാരിയോ എക്സ്പോർട്ട് എൻറർപ്രൈസസിൽ നിന്നുമാണ് വാങ്ങുന്നത്. സുസുക്കി എൻജിൻ ജപ്പാനിൽനിന്നും നേരിട്ട് മത്സ്യഫെഡ് ഇറക്കുമതി ചെയ്യുകയാണ്.

(സി) മത്സ്യഫെഡ് ബോട്ടുകളൊന്നും വാങ്ങിയിട്ടില്ല.

(ഡി) വിവരം അനുബന്ധം ഒന്നിൽ കൊടുത്തിട്ടുണ്ട്.†

(ഇ) യമഹാ എൻജിനും, മറൈൻ എൻജിനും അതാതു ഏജൻറുമാർ ഇറക്കുമതി ചെയ്തു മത്സ്യഫെഡിനു വിൽക്കുകയാണ് ചെയ്യുന്നത്. ആയതിനാൽ ഇനംതിരിച്ചുള്ള ചെലവുകൾ ലഭ്യമല്ല. സുസുക്കി എൻജിനുകളുടെ ഇനംതിരിച്ചുള്ള ചെലവുകൾ അനുബന്ധം 2-ൽ കൊടുത്തിരിക്കുന്നു.†

(എഫ്) 1994 ജനുവരിക്കുശേഷം 338 എൻജിനുകൾ ഇറക്കുമതി ചെയ്തു.

(ജി) ഡമറേജ് ഇനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

## മൽസ്യബന്ധന തുറമുഖങ്ങളുടെ വികസനം

68 [4619] ശ്രീമതി ശോഭനാ ജോർജ്:
ശ്രീ. ഇ. പി. ജയരാജൻ:
,, ലോനപ്പൻ നമ്പാടൻ:
,, ടി. കെ. ഹംസ:
,, കെ. പി. മമ്മുമാസ്ററർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഫിഷ്ലാൻറിംഗ് സെൻററുകൾ ഉണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) എത്ര ഫിഷ്ലാൻറിംഗ് സെൻററുകളുടെ നിർമ്മാണം നടന്നു കൊണ്ടിരിക്കുന്നു എന്നു വ്യക്തമാക്കാമോ;

(സി) എത്ര പുതിയ ഫിഷ്ലാൻറിംഗ് സെൻററുകൾ കൂടി നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തു തുക ഫിഷ്ലാൻറിംഗ് സെൻററുകളുടെ നിർമ്മാണത്തിനു ചെലവഴിച്ചു;

(ഇ) മത്സ്യബന്ധന തുറമുഖങ്ങളുടെ വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് കേന്ദ്രാനുമതിക്കായി സമർപ്പിച്ചിട്ടുള്ളത്; ഇതിൽ ഏതെല്ലാം പദ്ധതികൾക്ക് അംഗീകാരം ലഭിച്ചു;

(എഫ്) അംഗീകാരം ലഭിച്ച പദ്ധതികൾ ഏതെല്ലാം തീയതികളിലാണ് കേന്ദ്രാനുമതിക്കായി സമർപ്പിച്ചിരുന്നത്;

(ജി) അംഗീകാരം ലഭിച്ച പദ്ധതികളുടെ നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലിരിക്കുന്നു;

(എച്ച്) കായംകുളം മത്സ്യബന്ധന തുറമുഖം, പൊന്നാനി മത്സ്യബന്ധന തുറമുഖം എന്നീ പദ്ധതികൾ കേന്ദ്രാനുമതിക്കായി എന്നാണ് സമർപ്പിച്ചത്; പ്രസ്തുത പദ്ധതികൾക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കുവേണ്ടിയുള്ള മൂന്നും യന്ത്രവൽകൃത ബോട്ടുകൾക്കുവേണ്ടിയുള്ള ഏഴും ഫിഷ്ലാൻറിംഗ് സെൻററുകൾ ഉണ്ട്.

(ബി) അഞ്ചു ഫിഷ്ലാൻറിംഗ് സെൻററുകളുടെ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു.

(സി) ആലപ്പുഴ ജില്ലയിലെ പുന്നപ്ര, കാട്ടൂർ, പൊള്ളത്തായ് എന്നീ സ്ഥലങ്ങളിൽ പുതിയ ഫിഷ്ലാൻറിംഗ് സെൻററുകൾ നിർമ്മിക്കുന്നതിന് ഈയടുത്ത കാലത്ത് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 111·82 ലക്ഷം രൂപ ഇതിനായി ചെലവഴിച്ചു.

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മാപ്പിളബേ, ചോംപാൽ, കായംകുളം എന്നീ പുതിയ പദ്ധതികളും പൊന്നാനിയുടെ പുതുക്കിയ എസ്ററിമേററും രൂപരേഖയും തങ്കശ്ശേരി മത്സ്യബന്ധന തുറമുഖത്തിന്റെ രണ്ടാംഘട്ട വികസനത്തിനുള്ള എസ്ററിമേററും രൂപരേഖയും കേന്ദ്രത്തിനു സമർപ്പിച്ചു. ഇതിൽ ചോംപാൽ, മാപ്പിളബേ എന്നീ പദ്ധതികൾക്കും തങ്കശ്ശേരിയുടെ രണ്ടാംഘട്ടത്തിന് കേന്ദ്രപരിസ്ഥിതി വകുപ്പിന്റെ അനുമതിക്കു വിധേയമായും കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്.

(എഫ്) മാപ്പിളബേ 31–8–1991-ലും ചോംപാൽ 17–7–1991-ലും തങ്കശ്ശേരി രണ്ടാംഘട്ടം 6–3–1993-ലുമാണ് കേന്ദ്രാനുമതിക്കായി സമർപ്പിച്ചത്.

(ജി) മാപ്പിളബേ പദ്ധതിയുടെ 550 മീററർ നീളം വരുന്ന ഉപപുലിമുട്ടിന്റെ പണി 12/1993-ൽ ആരംഭിച്ച് പുരോഗമിച്ചുവരുന്നു. ചോംപാൽ പദ്ധതിക്ക് ആവശ്യമായ പൊന്നും വില നടപടികൾ പൂർത്തിയായി. പുലിമുട്ട് നിർമ്മാണത്തിനാവശ്യമായ വെയ്ബ്രിഡ്ജ് നിർമ്മാണം പൂർത്തിയാക്കുകയും കരാർകാരെ മുൻകൂർ നിർണ്ണയിക്കുകയും ചെയ്തുകഴിഞ്ഞിട്ടുണ്ട്. പദ്ധതിപ്രദേശത്തേയ്ക്കുള്ള അപ്രോച്ച് റോഡിന്റെ പണി പുരോഗമിച്ചുവരുന്നു.

(എച്ച്) കായംകുളം പദ്ധതി 2–2–1994-ലും പൊന്നാനിയുടെ പുതുക്കിയ എസ്ററിമേററും രൂപരേഖയും 30–7–1993-ലുമാണ് കേന്ദ്രത്തിനു സമർപ്പിച്ചത്. രണ്ടു പദ്ധതികൾക്കും കേന്ദ്രാനുമതി ലഭിച്ചിട്ടില്ല.

## മത്സ്യബന്ധന ഗ്രാമങ്ങളിലെ റോഡുനിർമ്മാണം

69 [4620] ശ്രീ. വി. സി. കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരപ്രദേശങ്ങളിലെ ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഫിഷറീസ് വകുപ്പ് മത്സ്യബന്ധന ഗ്രാമങ്ങളിൽ റോഡു നിർമ്മാണം നടത്തുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ ഇതിലേക്കായി 1992-93-ൽ എന്തു തുക ചെലവാക്കി;

(സി) 1994-95-ലേക്ക് എന്തു തുക വകയിരുത്തി?

ഉത്തരം

(എ) തീരപ്രദേശങ്ങളിലെ ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഫിഷറീസ് പ്ലാനിൽ ഉൾപ്പെടുത്തി പൊതുമരാമത്തു വകുപ്പ് മത്സ്യബന്ധന ഗ്രാമങ്ങളിൽ റോഡുനിർമ്മാണം നടത്തുന്നുണ്ട്.

(ബി) 11·90 ലക്ഷം രൂപ ചെലവായി.

(സി) 19 ലക്ഷം രൂപ പൊതുമരാമത്തുവകുപ്പിന്റെ ബഡ്ജററിൽ വകയിരുത്തിയിട്ടുണ്ട്.

തീരദേശ റോഡ് നിർമ്മിക്കുന്നതിന് നടപടി

70 [4621] ശ്രീ. കെ. സുധാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എടക്കാട് നിയോജകമണ്ഡലത്തിൽ മുഴപ്പിലങ്ങാട്, ഏഴരകടപ്പുറം, കണ്ണൂർ സിററി എന്നീ മൂന്നു ഫിഷിംഗ് സെൻററുകളെ ബന്ധിപ്പിക്കുന്നതിനായി മത്സ്യത്തൊഴിലാളി മേഖലയായ മുഴപ്പിലങ്ങാട്, എടക്കാട്, കിഴുന്ന, തോട്ടട, കടലായി, കണ്ണൂർ സിററി മുതലായ കടലോര പ്രദേശങ്ങളിലൂടെ തീരദേശ റോഡ് നിർമ്മിക്കുന്നതിനായി നടപടികൾ സ്വീകരിക്കുമോ;

(ബി) മേൽപ്പറഞ്ഞ റോഡിന്റെ നിർമ്മാണം സംബന്ധിച്ച് ഗവൺമെൻറ് എന്തെങ്കിലും പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പരിഗണിക്കുന്നതാണ്.

(ബി) ഉണ്ട്.

(സി) ഒരു പ്രാരംഭ സർവ്വേ നടത്തുന്നതിന് കണ്ണൂർ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

കേന്ദ്രസഹായം ലഭിക്കുന്ന ബ്ലോക്കുതല പദ്ധതികൾ

71 [4622] ശ്രീമതി ശോഭനാ ജോർജ്: താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ വികസന ബ്ലോക്കുവഴി നടപ്പിലാക്കുന്ന ഏതെല്ലാം പദ്ധതികൾക്ക് കേന്ദ്രസഹായം ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

1. സംയോജിത തരിശുഭൂമി വികസന പദ്ധതി.
2. തൊഴിലുപകരണ വിതരണ പദ്ധതി.
3. ജവഹർ തൊഴിൽദാന പദ്ധതി.
4. തൊഴിലുറപ്പു പദ്ധതി.
5. സംയോജിത ഗ്രാമ വികസന പരിപാടി.
6. ട്രൈസം പരിപാടി.
7. ഗ്രാമീണ മാതൃശിശുവികസന പരിപാടി. (ഡി. ഡബ്ല്യു. സി. ആർ. എ.)
8. ഗ്രാമീണ ശുചിത്വ പരിപാടി. (കേന്ദ്രാവിഷ്കൃത റൂറൽ സാനിട്ടേഷൻ പദ്ധതി)

ഐ.ആർ.ഡി.പി. പദ്ധതിയുടെ നടത്തിപ്പിൽ മദ്ധ്യവർത്തികളുടെ ഇടപെടൽ

72 [4623] ശ്രീമതി ശോഭനാ ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.ആർ.ഡി.പി. തുടങ്ങിയ പദ്ധതികളുടെ നടത്തിപ്പിൽ മദ്ധ്യവർത്തികളുടെ ഇടപെടൽമൂലം ഉദ്ദേശിച്ച ലക്ഷ്യം നേടാൻ കഴിയുന്നില്ല എന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനു പരിഹാരം കാണുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഈ മദ്ധ്യവർത്തികളുടെ പ്രവർത്തനങ്ങളെക്കുറിച്ച് ഉപഭോക്താക്കളെ ബോധവൽക്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

ജെ.ആർ.വൈ. പദ്ധതിപ്രകാരം തെങ്ങു വച്ചു പിടിപ്പിക്കുവാൻ നടപടി

73 [4624] ശ്രീ. എ. കണാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പുറംപോക്കു ഭൂമിയിൽ പഞ്ചായത്ത് അടിസ്ഥാനത്തിൽ പഞ്ചായത്തുകളുടെ മേൽനോട്ടത്തിൽ ജെ.ആർ.വൈ. പദ്ധതിപ്രകാരം തെങ്ങു വച്ചുപിടിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കുമോ;

(ബി) ഇതേ ആവശ്യമുന്നയിച്ചുകൊണ്ട് ഏതെങ്കിലും പഞ്ചായത്ത് ബോർഡുകൾ നിവേദനം നൽകിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഏതെല്ലാം; ഇതിൻമേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം?

ഉത്തരം

(എ) ജവഹർ തൊഴിൽദാന പദ്ധതിയിൽ ജില്ലാതലത്തിൽ സാമൂഹ്യ വനവല്ക്കരണത്തിന് നീക്കിവച്ചിട്ടുള്ള തുക ഉപയോഗിച്ച് ഗവൺമെൻറ്, പഞ്ചായത്ത് എന്നിവയുടെ അധീനതയിലുള്ള സ്ഥലത്ത് ഫലവൃക്ഷ തൈകൾ, വിറകിനുള്ള മരങ്ങൾ, കാലിത്തീററ മരങ്ങൾ എന്നിവ വച്ചു പിടിപ്പിക്കുവാൻ സർക്കാർ അനുമതി നല്കിയിട്ടുണ്ട്. ഇതിൽപ്പെടുത്തി തെങ്ങും വച്ചുപിടിപ്പിക്കാവുന്നതാണ്. ഇതുകൂടാതെ പഞ്ചായത്തിൻെറ ജെ.ആർ.വൈ. ഫണ്ടിൽനിന്നും ഈ ആവശ്യത്തിന് പദ്ധതിയുടെ മാർഗ്ഗരേഖകൾക്ക് വിധേയമായി പണം ചെലവഴിക്കാവുന്നതാണ്.

(ബി) ഉണ്ട്.

(സി) കോഴിക്കോട് ജില്ലയിലെ മണിയൂർ പഞ്ചായത്തിലെ പാലക്കാട്ട് പ്രദേശത്തെ 50 സെൻറ് ചതുപ്പു സ്ഥലം നികത്തി തെങ്ങുവച്ചു പിടിപ്പിക്കുവാൻ അനുവാദം നല്കണമെന്ന് ടി പഞ്ചായത്ത് പ്രസിഡൻറ് സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. ജവഹർ തൊഴിൽദാന പദ്ധതിയിൻകീഴിൽ വരുന്ന പണികൾക്ക് അംഗീകാരം നല്കേണ്ടത് അതതു ജില്ലാ ഗ്രാമവികസന ഏജൻസിയുടെ ഭരണസമിതി ആകയാൽ മണിയൂർ പഞ്ചായത്തു പ്രസിഡൻറിൻെറ നിവേദനം ആവശ്യമായ മേൽനടപടികൾക്കായി കോഴിക്കോട് ജില്ലാ ഗ്രാമവികസന ഏജൻസി പ്രോജക്ടാഫീസർക്ക് അയച്ചുകൊടുത്തിരുന്നു. ഫണ്ടിൻെറ അപര്യാപ്തത കാരണം ടി പ്രവൃത്തിക്ക് കോഴിക്കോട് ജില്ലാ ഗ്രാമവികസന ഏജൻസി ഭരണ സമിതി അംഗീകാരം നൽകിയിട്ടില്ല.

ബ്ലോക്കുകളുടെ പുനഃസംഘടന

74 [4625] ശ്രീ. വി. സി. കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന-ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ബ്ലോക്കുകൾ പുനഃസംഘടിപ്പിക്കാൻ പരിപാടി ഉണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ) പരിഗണനയിലാണ്.

(ബി) ഇതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിന് എല്ലാ ജില്ലാ കളക്ടർമാരോടും ആവശ്യപ്പെട്ടിരിക്കുകയാണ്.

## രജിസ്ട്രേഷൻ വകുപ്പിന്റെ പുനഃസംഘടന

75 [4626] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രജിസ്ട്രേഷൻ വകുപ്പിന്റെ പ്രവർത്തനങ്ങൾ ശാസ്ത്രീയമായി പുനഃസംഘടിപ്പിക്കേണ്ടതിന്റെ ആവശ്യകത ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ ഗവൺമെന്റ് എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു; വിശദാംശം വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) ദക്ഷിണ മേഖലാ രജിസ്ട്രേഷൻ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ കൺവീനറായി ഒരു കമ്മിററി വകുപ്പിന്റെ പുനഃസംഘടന സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കിവരുന്നു. പുനഃസംഘടന സംബന്ധിച്ച് റിപ്പോർട്ട് പൂർത്തിയായിട്ടില്ല.

(ചോദ്യോത്തരസമയം കഴിഞ്ഞു)

# II. ചരമോപചാരം

## ശ്രീ. എ. എസ്. പുരുഷോത്തമന്റെ നിര്യാണം സംബന്ധിച്ച്

മി. ഡെ. സ്പീക്കർ: മുൻ കേരള നിയമസഭാംഗമായിരുന്ന ശ്രീ. എ. എസ്. പുരുഷോത്തമൻ ഇക്കഴിഞ്ഞ ദിവസം അന്തരിച്ച വിവരം ബഹുമാനപ്പെട്ട അംഗങ്ങൾ അറിഞ്ഞിരിക്കുമല്ലോ.

1945-ൽ എസ്. എൻ. ഡി. പി. യോഗത്തിലൂടെ സാമൂഹ്യ പ്രവർത്തന രംഗത്തേക്ക് കടന്നുവന്ന ശ്രീ. എ. എസ്. പുരുഷോത്തമൻ പിൽക്കാലത്ത് കമ്മ്യൂണിസ്ററ് പാർട്ടിയുടെ സജീവ പ്രവർത്തകനായി മാറി. പാർട്ടി നിരോധിക്കപ്പെട്ടതിനെത്തുടർന്ന് 1949-ൽ അദ്ദേഹത്തിന് ഒളിവിൽ പോകേണ്ടിവന്നു. കർഷകത്തൊഴിലാളികളെയും ചെത്തുതൊഴിലാളികളേയും സംഘടിപ്പിക്കുന്നതിനുവേണ്ടി അർപ്പണ മനോഭാവത്തോടെ അദ്ദേഹം അവിശ്രമം പ്രവർത്തിച്ചു. 1967-ൽ നടന്ന പൊതു തെരഞ്ഞെടുപ്പിൽ ഞാറയ്ക്കൽ നിയോജകമണ്ഡലത്തിൽ നിന്ന് വിജയം വരിച്ചാണ് അദ്ദേഹം നിയമസഭയിൽ എത്തിയത്. തൊഴിലാളികളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി തന്റെ നിയമസഭാ സാമാജികത്വം ഫലപ്രദമായി പ്രയോജനപ്പെടുത്താൻ അദ്ദേഹത്തിന് കഴിഞ്ഞു. ഇരുപത്തിയൊന്നു വർഷം എളങ്കുന്നപ്പുഴ പഞ്ചായത്ത് പ്രസിഡന്റായി നിസ്തുലസേവനം കാഴ്ചവച്ച ശ്രീ. പുരുഷോത്തമൻ

പഞ്ചായത്ത് അസോസിയേഷന്റെ ജില്ലാ സെക്രട്ടറി ആയും സംസ്ഥാന നിർവാഹകസമിതിയംഗമായും പ്രവർത്തിച്ചു. വൈപ്പിൻ ചെത്തു തൊഴിലാളി യൂണിയന്റെ പ്രസിഡന്റ് സ്ഥാനവും അദ്ദേഹം വഹിച്ചിട്ടുണ്ട്.

അന്തരിച്ച മഹത് വ്യക്തിയോടുള്ള ആദരസൂചകമായി നമുക്ക് അല്പസമയം എഴുന്നേററ് നിന്ന് മൗനമാചരിക്കാം.

(സഭാംഗങ്ങൾ അല്പസമയം എഴുന്നേററുനിന്ന് മൗനം ആചരിച്ചു.)

# III. അടിയന്തിരപ്രമേയം

## ന്യൂനപക്ഷങ്ങൾ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളെ സംബന്ധിച്ച പ്രശ്നാവലിക്ക് സുപ്രീം കോടതിയിൽ ഗവൺമെന്റ് നൽകിയ മറുപടി

മി. ഡെപ്യൂട്ടി സ്പീക്കർ: ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സ്വഭാവം, നിർവചനം എന്നിവ സംബന്ധിച്ച് സുപ്രീംകോടതി അയച്ച പ്രശ്നാവലിക്ക് ഗവൺമെന്റ് നൽകിയ മറുപടിയിൽ കൈക്കൊണ്ട സമീപനം ഭരണഘടനയുടെ 30 (1)-ാം വകുപ്പിന് വിരുദ്ധവും സുപ്രീം കോടതിയെ തെററിദ്ധരിപ്പിക്കുന്നതും സ്വകാര്യ മാനേജുമെന്റുകൾക്കും വ്യക്തികൾക്കും നമ്മുടെ വിദ്യാഭ്യാസ മേഖലയെ അടിയറ വയ്ക്കുന്നതും ആയിരിക്കുന്നതു നിമിത്തം ഉളവായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷം സംബന്ധിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാൻ റൂൾ 50 അനുസരിച്ച് ശ്രീ. ടി. കെ. രാമകൃഷ്ണൻ, ശ്രീ. വി. വി. രാഘവൻ, ശ്രീ. ബേബി ജോൺ, ശ്രീ. കൃഷ്ണൻകുട്ടി, ഡോ. കെ. സി. ജോസഫ് എന്നീ അംഗങ്ങൾ നോട്ടീസ് നൽകിയിട്ടുണ്ട്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): സർ, അടിയന്തിര പ്രമേയത്തിനാധാരമായ കാര്യങ്ങളെ സംബന്ധിച്ച് നോട്ടീസ് നൽകിയിട്ടുള്ള ബഹുമാനപ്പെട്ട അംഗങ്ങൾ ഈ കാര്യത്തിലുള്ള അപാകത എന്താണ് എന്ന് പറഞ്ഞുവെങ്കിൽ മാത്രമേ മനസ്സിലാക്കാൻ സാധിക്കൂ. ഞാൻ ഈ കാര്യങ്ങൾ ഇന്നലത്തെ പത്രവാർത്തയിലും ഇന്നത്തെ പത്രവാർത്തയിലും സൂക്ഷ്മമായി നോക്കിയപ്പോൾ അപാകതയൊന്നും കാണാൻ കഴിഞ്ഞില്ല. എവിടെയാണ് ഭരണഘടനാ വിരുദ്ധമായുള്ളത് എന്ന് എനിക്ക് അറിയില്ല അത് പറഞ്ഞാലേ മനസ്സിലാകൂ. കാരണം മറുപടി പറയാൻ കഴിയാത്ത വിധം പത്രത്തിൽ വന്ന വാർത്തയാണെങ്കിൽ, പത്രത്തിൽ ഇന്നലെ വന്നത് ഗവൺമെന്റ് ന്യൂനപക്ഷങ്ങളെ അമിതമായി സഹായിക്കുന്നു എന്നാണ്. ഇന്നത്തെ പത്രം വായിച്ചപ്പോൾ തോന്നുന്നത് ന്യൂനപക്ഷങ്ങളെയും ഗവൺമെന്റ് ദ്രോഹിക്കുന്നു എന്നാണ്. രണ്ടും ഒരേ ചോദ്യാവലിയുടെ മറുപടിയുടെ പുറത്താണ്. ബഹുമാനപ്പെട്ട ശ്രീ. ടി. കെ.-യും മററും എഴുതിത്തന്നിട്ടുള്ള നോട്ടീസിന്റെ കോപ്പി എനിക്കു കിട്ടി. അതിലും ഭരണഘടനാവിരുദ്ധമാണ് എന്ന് പറഞ്ഞു എന്നല്ലാതെ എങ്ങനെയാണ് ഭരണഘടനാവിരുദ്ധമായതെന്ന് പറഞ്ഞിട്ടില്ല. അത് അദ്ദേഹം പറയുകയാണെങ്കിൽ ശ്രദ്ധാപൂർവ്വം കേട്ട് ഗവൺമെന്റ്



LIBRARY ARCHIVES Kerala Legislative Assembly

ഇക്കാര്യത്തിലെടുത്ത നിലപാട് പറയാം. ഇക്കാര്യത്തിൽ എനിക്ക് ഒററക്കാര്യമേ പറയാനുളളൂ. ഒന്ന് ഗവൺമെൻറിന്റെ സമീപനം, ന്യൂന പക്ഷങ്ങൾക്ക് അനർഹമായി എന്തെങ്കിലും ആനുകൂല്യം വച്ചുകൊടുക്കാൻ ഗവൺമെൻറ് സുപ്രീം കോടതിയിൽ എടുക്കുന്ന സമീപനംകൊണ്ട് ഇടയാവില്ല. രണ്ട്, ഗവൺമെൻറ് ന്യൂനപക്ഷങ്ങൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കാനും നടത്തുവാനും നൽകിയിട്ടുളള അവകാശത്തെ ഏതെങ്കിലും വിധത്തിൽ ഹനിക്കുവാൻ ഗവൺമെൻറിന്റെ നിലപാട് ഇടയാകില്ല എന്നു മാത്രമല്ല തീർച്ചയായും ഗവൺമെൻറ് ആ ഭരണഘടനാ അവകാശം പ്രൊട്ടക്ട് ചെയ്യുന്നതിനുവേണ്ടിയുളള സമീപനം എടുക്കും. മൂന്ന്, ഗവൺമെൻറിന്റെ സമീപനത്തിൽ ചോദ്യാവലിക്കു കൊടുത്തിട്ടുളള മറുപടിയിൽ ഭരണഘടനാവിധേയമല്ലാതെ ഭരണ ഘടനയ്ക്കു വിരുദ്ധമായി യാതൊന്നുംതന്നെയില്ല. ഗവൺമെൻറ് യാതൊരു വസ്തുതയും മറച്ചുവച്ചിട്ടില്ല. തീർച്ചയായും ഈ കാര്യത്തിൽ എടുക്കുന്ന സമീപനം കോടതിയുടെ മുൻപാകെ ചർച്ചയ്ക്കിരി ക്കുകയാണ്. ഞാൻ വിനീതമായി ഒരു കാര്യം ചോദിക്കുന്നത് ഇവിടെ ഇന്നലെയും ഇന്നും വന്നിട്ടുളള പത്ര വാർത്തയിൽ പറയുന്നത് ഗവൺമെൻറ് എടുക്കുന്ന സമീപനം കോടതി അംഗീകരിച്ചാൽ പ്രത്യാഘാതം ഇന്നത് ആവില്ലേ എന്നാണ്. അങ്ങനെ പറയാമോ? സുപ്രീംകോടതിയിൽ ഏഴ് ജഡ്ജിമാർ ഇരുന്ന് കേസ് കേൾക്കുകയാണ്. നാൽപ്പതോളം പെററീഷനുണ്ട്. കോൺസ്ററിററ്യൂഷണൽ പ്രോബ്ലമാണ് ഇതിൽ നിൽക്കുന്നത്. ഇൻഡ്യയിലെ ന്യൂനപക്ഷ സ്ഥാപനങ്ങളെ ഡിറെറർമൈൻ ചെയ്യാനുളള മാനദണ്ഡം സംബന്ധിച്ച് സുപ്രീംകോടതി യിൽ നടക്കുന്ന ഒരു ചർച്ചയിൽ (നമ്മുടെ ഒരു സ്റേറററുമെൻറ് കേട്ടിട്ട് വിധി പാസ്സാക്കുമോ?) കേരളത്തിന്റെ കാര്യത്തിൽ ഭരണഘടനാ വിധേയമായത് മാത്രമാണ് കൊടുത്തിട്ടുളളത്. കോടതി അങ്ങനെ ചെയ്യുമോ? ഇതെല്ലാം സാങ്കൽപ്പികമാണ്. സുപ്രീം കോടതി അങ്ങനെ വിധി പറഞ്ഞാലോ; പറഞ്ഞാൽ ഇന്നതാവില്ലേ എന്നാണ്. അങ്ങനെ ഉണ്ടാവില്ല. സുപ്രീംകോടതിയുടെ മുൻപാകെ നമ്മുടെ ഒരു വ്യൂ വച്ചു കഴിഞ്ഞാൽ ആ വ്യൂ ഭരണഘടനയ്ക്ക് വിധേയമായി വച്ചു കഴിഞ്ഞാൽ അത് കേട്ട് സുപ്രീംകോടതി ഒരു തീരുമാനമെടുക്കും. സുപ്രീംകോടതി എന്തു തീരുമാനമെടുത്താലും അത് ഇന്ത്യക്കാകെ ബാധകമാവുകയും ചെയ്യും. അതല്ലാതെ സുപ്രീംകോടതി ഇതുകേട്ടിട്ട് ഇങ്ങനെ എടുത്തു കളയുമോ എന്നുളള ഭീതി അസ്ഥാനത്തിലാണ്. അതുകൊണ്ട് ഗവൺ മെൻറ് എടുത്ത സമീപനം ഇക്കാര്യത്തിൽ വ്യക്തമാണ്, ഭരണഘടനയ്ക്കു വിധേയമാണ്. ആരെയും പ്രത്യേകമായി സഹായിക്കാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നില്ല. എന്നാൽ ന്യൂനപക്ഷത്തിന്റെ ന്യായമായ അവകാശങ്ങൾ സംരക്ഷിക്കാൻ ഗവൺമെൻറ് നിൽക്കും. അത് ഗവൺമെൻറിന്റെ പ്രഖ്യാപിത നയമാണ്. അതിൽ കവിഞ്ഞ് മററൊന്നും ഇക്കാര്യത്തിലില്ല. എന്ത് അപാകതയുണ്ടെന്ന് അദ്ദേഹം പറയുകയാണെങ്കിൽ അത് കേട്ട് മറുപടി പറയാൻ ഗവൺമെൻറ് തയ്യാറാണ്.

ശ്രീ. ബേബി ജോൺ: ബഹുമാനപ്പെട്ട മന്ത്രി ഒരു കാര്യം വ്യക്ത മാക്കണം. ഈ ചോദ്യാവലിക്കു കൊടുത്ത മറുപടി എന്തൊക്കെയാണ് എന്ന് പറയണം. എന്നിട്ടല്ലേ പറയാനൊക്കൂ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി കേട്ടാൽ തോന്നും എന്തോ അനാവശ്യമായ കാര്യമാണെന്ന്. എല്ലാ പത്ര ങ്ങളിലും വന്നിട്ടുളളത് സൂക്ഷ്മമായി വായിച്ചാൽതന്നെ ഈ ഉന്നയിച്ച

LIBRARY ARCHIVES Kerala Legislative Assembly

കാര്യങ്ങളുടെ ഗൗരവം മനസ്സിലാക്കാൻ കഴിയും. സുപ്രീംകോടതിയിൽ നിന്ന് ഒരു ചോദ്യാവലി അയച്ച് അതിന് മറുപടി തയ്യാറാക്കിയതുതന്നെ വളരെ ധൃതിപിടിച്ചാണ്. വെള്ളപ്പൊക്ക ദുരിതാശ്വാസത്തെപ്പററി ചർച്ചചെയ്യാൻ അടിയന്തിരമായി കൂടിയ ക്യാബിനററിന്റെ യോഗത്തിൽ അജണ്ട ഇല്ലാതെയാണ് ഈ കാര്യം ചർച്ച ചെയ്തത്. എന്നിട്ട് നാലഞ്ചു മന്ത്രിമാരെ മറുപടി തയ്യാറാക്കാൻ ചുമതലപ്പെടുത്തി. മറുപടി ബഹുമാനപ്പെട്ട മന്ത്രി ഡൽഹിയിലുള്ള ഉന്നത വിദ്യാഭ്യാസ ഡയറക്ടർക്ക് അയച്ചുകൊടുക്കുകയും ചെയ്തു. അത് കഴിഞ്ഞമാസം 19-ാം തീയതിയാണ്. 19-ാം തീയതി ഇതുസംബന്ധിച്ചുള്ള തീരുമാനമെടുക്കുമ്പോൾ ഭരണഘടനാവിരുദ്ധമായ എന്തെങ്കിലും കാര്യമുണ്ടോ എന്നുള്ള കാര്യത്തെപ്പററി അങ്ങ് ചോദിച്ചു. ഇവിടെ ഈ കോടതിയെ തെററിദ്ധരിപ്പിക്കാനുള്ള ഉത്തരങ്ങൾ ഇതിലുണ്ട് എന്നാണ്. ആ ഉത്തരങ്ങളുടെ ഫോട്ടോസ്ററാററ് കോപ്പിയാണ് ഇത്. (ഫോട്ടോസ്ററാററ് കോപ്പി സഭയിൽ ഉയർത്തിക്കാണിച്ചു.) ചോദ്യത്തിന്റെ കോപ്പിയും ഉത്തരത്തിന്റെ കോപ്പിയും എന്റെ കൈവശമുണ്ട്. എന്നാൽ ചോദ്യത്തിനുള്ള ഉത്തരമല്ല അത്. സൂത്രത്തിൽ വിദ്യാഭ്യാസമേഖലയെ വർഗ്ഗീയവൽക്കരിക്കാനും വാണിജ്യവൽക്കരിക്കാനും കരുതിക്കൂട്ടിയുള്ള മറുപടികളാണ് തയ്യാറാക്കിക്കൊടുത്തിട്ടുള്ളത്. അങ്ങ് പറഞ്ഞു ഒരു ചോദ്യാവലിക്ക് മറുപടി കൊടുത്താൽ സുപ്രീംകോടതി അങ്ങനെ വിധിച്ചുകളയുമോ എന്ന്. ഈ വാദത്തെ ആസ്പദമാക്കിയാണല്ലോ വിധി. അങ്ങനെ കോടതിയുടെ മുൻപാകെ വസ്തുതകൾ മറച്ചുവച്ച് വിധിയുണ്ടാക്കാൻ ശ്രമിച്ച ഗവൺമെൻറാണ് ഈ ഗവൺമെൻറ്. ചൂടുവെള്ളത്തിൽ ചാടിയ പൂച്ച പച്ചവെള്ളം കണ്ടാലും വിഷമിക്കും. അതുപോലെയാണ് നമ്മുടെ രാജ്യത്തിന്റെ സ്ഥിതി. അതാണ് നമ്മുടെ രാജ്യത്തെ സ്ഥിതി. കോടതി വിധിയെ തെററിദ്ധരിപ്പിക്കാൻ ഒന്നും ചെയ്തിട്ടില്ല എന്ന് അങ്ങ് പറഞ്ഞു. ഭരണഘടനയുടെ 30-ാം വകുപ്പ് (1)-ാം ഉപവകുപ്പാണ് ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സ്വഭാവം എന്താണെന്ന് വ്യക്തമാക്കുന്നത്. ന്യൂനപക്ഷ സമുദായങ്ങൾക്ക് അവരുടെ ഇഷ്ടപ്രകാരം വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കാനും നടത്താനുമുള്ള അവകാശം ഈ വകുപ്പ് പ്രഖ്യാപിക്കുന്നുണ്ട്. ഇതനുസരിച്ച് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നടത്തിപ്പും സ്ഥാപനവും രണ്ടുംകൂടി ഉണ്ടാകണം. അത് ന്യൂനപക്ഷ വിഭാഗത്തിൽ നിക്ഷിപ്തമാണെങ്കിൽ മാത്രമേ പ്രസ്തുത ന്യൂനപക്ഷ അവകാശം അവർക്ക് ലഭിക്കുകയുള്ളു. സ്ഥാപനവും നടത്തിപ്പും ഭരണഘടന ഒന്നായി കാണുന്ന സമയത്ത് മറുപടിയിൽ രണ്ടായിട്ടാണ് പറയുന്നത്. ഏതെങ്കിലും ഒന്നുമതിയെന്നാണ് മറുപടി കൊടുത്തിരിക്കുന്നത്. 'or' എന്നു പറഞ്ഞുകൊണ്ടാണ് ഉത്തരം കൊടുത്തിരിക്കുന്നത്. ഇത്തരം സ്ഥാപനങ്ങളുടെ സ്ഥാപനവും നിയന്ത്രണവും ഈ ന്യൂനപക്ഷ സമുദായങ്ങൾക്കാകണം, അവരുടെ കൈവശമാകണം എന്നാണ് ഭരണഘടന പറയുന്നത്. ഇവിടെ ഏതെങ്കിലുമൊരവകാശം മാത്രമുണ്ടായാൽപ്പോലും വിരോധമില്ല, ന്യൂനപക്ഷ സമുദായങ്ങൾക്ക് ഇത്തരം സ്ഥാപനങ്ങൾക്ക് അർഹതയുണ്ടെന്നാണ് നിങ്ങൾ കൊടുത്തിട്ടുള്ള മറുപടിയിൽ പറയുന്നത്. ഇത് കേരളത്തിൽ സ്വകാര്യ മാനേജുമെൻറുകൾക്ക് ഇഷ്ടംപോലെ പണം വാങ്ങി, അതിന്റെ ഭാഗമായിട്ട് അഴിമതി നടത്താനാണ് സഹായിക്കുന്നത്. കൊല്ലത്തെയും കോതമംഗലത്തെയും എഞ്ചിനീയറിംഗ് കോളേജുകളിൽ മാനേജുമെൻറിന് ഭൂരിപക്ഷമില്ല. ഗവൺമെൻറ് പ്രാതിനിധ്യമുള്ള മാനേജ്മെൻറാണ്, ന്യൂനപക്ഷ സമുദായത്തിന്റെ സ്ഥാപനവുമാണ്: അവിടെ മാനേജ്മെൻറിന് ഭൂരിപക്ഷമില്ല. മാനേജുമെൻറിന് ഭൂരിപക്ഷ



LIBRARY ARCHIVES Kerala Legislative Assembly

മില്ലാത്തതുകൊണ്ട് സുപ്രീംകോടതിയുടെ ചോദ്യാവലിയുടെ അടിസ്ഥാനത്തിൽ, ഭരണഘടന പറയുന്നതിന്റെ അടിസ്ഥാനത്തിൽ, ന്യൂനപക്ഷ സമിതിയാകാൻ വഴിയില്ല. ഇക്കാര്യം ലാ സെക്രട്ടറിയും ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയും ചൂണ്ടിക്കാണിച്ചിട്ടുണ്ടെന്നാണ് പത്രങ്ങളിൽ വായിച്ചിട്ടുള്ളത്. ഭരണഘടനാപരമായ ന്യൂനപക്ഷാവകാശം ഇതിനില്ല. ഗവൺമെന്റ് കൊടുത്തിട്ടുള്ള മറുപടിയിൽ രണ്ടാമതായിട്ട് പറയുന്നത്, തന്നിഷ്ടപ്രകാരം മാനേജ്മെന്റുകൾക്ക് വിദ്യാർത്ഥികളെ പ്രവേശിപ്പിക്കാൻ അവകാശമുണ്ടെന്നാണ്. അടുത്ത ചോദ്യത്തിന്റെ മറുപടി ഇതിനു നേരെ വിരുദ്ധമാണ്. ഈ സ്ഥാപനങ്ങളിൽ വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്നതിൽ സർക്കാരിനും സർവ്വകലാശാലകൾക്കും നിയന്ത്രണം ചെലുത്താം എന്നാണ്. ആദ്യത്തേതിൽ അവർക്ക് വിദ്യാർത്ഥികളുടെ പ്രവേശനത്തിൽ തന്നിഷ്ടപ്രകാരം അവകാശമുണ്ടെന്നും മൂന്നാമത്തെ മറുപടിയിൽ, സർവ്വകലാശാലകൾക്കും സർക്കാരിനും അതിൽ നിയന്ത്രണം ചെലുത്താം എന്നുമാണ്. ഇത് പരസ്പര വിരുദ്ധമാണ്. ഇവിടെ അഞ്ച് മന്ത്രിമാർ വക്കീലൻമാരായിട്ടുള്ളവരുണ്ട്—കോടതിയിൽ പോകാത്ത വക്കീലൻമാരാണെന്ന് തോന്നുന്നു. ഇക്കാര്യത്തിൽ ഗവൺമെന്റ് ഇങ്ങനെ നിയന്ത്രണം ചെലുത്തുമ്പോൾ ന്യൂനപക്ഷ അവകാശങ്ങളെ നിഹനിക്കുന്ന രീതിയിൽ ആകരുതെന്നാണ് എനിക്ക് പറയാനുള്ളത്. ന്യൂനപക്ഷ അവകാശങ്ങളെ നിഹനിക്കുന്നു എന്നു പറഞ്ഞുകൊണ്ട് ഏത് മറുപടിയെയും ധിക്കരിക്കാനുള്ള അവകാശം കൊടുത്തുകൊണ്ടാണ് മറുപടി അയച്ചിട്ടുള്ളത്. തൊട്ടടുത്ത ചോദ്യത്തിന്റെ മറുപടിയിൽ, മാനേജർക്കുള്ള ക്വാട്ട 50 ശതമാനമായിട്ട് വർദ്ധിപ്പിക്കുന്നു എന്നു പറഞ്ഞിട്ടുണ്ട്. അതൊക്കെയാണ് പത്രങ്ങളിൽ വന്നിട്ടുള്ളത്. ജനങ്ങളാകെ ന്യായമായും ആക്ഷേപിക്കുന്ന കാര്യത്തിന്റെ കാതലായ ഭാഗവും അതുതന്നെയാണ്. 50 ശതമാനം തങ്ങൾ പ്രതിനിധാനം ചെയ്യുന്ന ന്യൂനപക്ഷ സമുദായക്കാരെ മാത്രമേ മാനേജുമെന്റിന് ഇതിൽ എടുക്കാനുള്ള അവകാശമുള്ളൂ. 50 ശതമാനം ന്യൂനപക്ഷ താല്പര്യങ്ങളെ സംരക്ഷിക്കാനാണ്. ഇന്നലെ പറഞ്ഞത് വേറൊരു കാര്യമാണ്. ഇന്നിപ്പോൾ പറയുന്നത് ന്യൂനപക്ഷങ്ങൾക്കുതന്നെ അപകടമാണെന്നാണ്. 50 ശതമാനം ന്യൂനപക്ഷസമുദായത്തിൽപ്പെട്ടവരെ മാത്രമേ ചേർക്കാവൂ എന്നാണ്. അതുകൊണ്ടാണ് ന്യൂനപക്ഷസമുദായങ്ങൾക്ക് ഇത് ദോഷകരമാണെന്ന് പറയാനുള്ള കാരണം. 50 ശതമാനത്തിൽ പണവും മററു വിധത്തിലുള്ള സ്വാധീനവുമുള്ളവർ ഈ സീററ് കൊണ്ടുപോകാൻ സാദ്ധ്യതകളുണ്ട്. അങ്ങനെ ഇഷ്ടംപോലെ പണം വാങ്ങാനുള്ള സൗകര്യം മാനേജുമെന്റിന് കൊടുത്തപ്പോൾ അത് ന്യൂനപക്ഷ സമുദായത്തിൽപ്പെട്ട പാവങ്ങൾക്ക് കിട്ടാനിടയില്ലാതാകുന്നു. 50 ശതമാനം സമുദായത്തെ ക്വാട്ടയിൽനിന്നും മാററുകയാണെങ്കിലോ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ എണ്ണം 50 ശതമാനത്തിൽ കവിയാനും പാടില്ലെന്ന് ഒക്ടോബർ മാസത്തെ സുപ്രീം കോടതി വിധിയിലുണ്ട്. 50 ശതമാനം അവർക്ക് മുൻപ് അനുവദിച്ചു. 50 ശതമാനത്തിൽപ്പെടാത്ത ഒററ ന്യൂനപക്ഷ സമുദായത്തിൽപ്പെട്ട ആളെയും ഈ വിദ്യാലയങ്ങളിൽ പ്രവേശിപ്പിക്കാൻ പാടില്ലെന്നു പറഞ്ഞിട്ടുണ്ട്. 50 ശതമാനത്തിൽ പാവപ്പെട്ട, ന്യൂനപക്ഷ സമുദായത്തിൽപ്പെട്ട, ആളുകൾക്ക് രക്ഷയില്ലായെന്നർത്ഥം. അതു മുഴുവനും പൈസ കൊടുക്കുന്നവരും സ്വാധീനശക്തിയുള്ളവരും തട്ടിയെടുക്കുന്നു. മതത്തിന്റെ പേരുപറഞ്ഞ് സ്ഥാപനങ്ങൾ കയ്യടക്കുകയും ലക്ഷങ്ങൾ ഒഴുക്കാൻവേണ്ടി വലിയ മാനേജുമെന്റുകൾക്ക് സൗകര്യമുണ്ടാക്കിക്കൊടുക്കുകയും ചെയ്യുന്നതിന്റെ ഫലമായിട്ട് മററുള്ളവർക്ക് നേട്ടമുണ്ടാക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

സഹായിക്കുക എന്നുള്ളതാണ് നിങ്ങൾ കൊടുത്ത മറുപടിയിലെ ഏററവും അപകടകരമായ കാര്യം. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിതന്നെ കഴിഞ്ഞമാസം 29-ാം തീയതി നിയമസഭയിൽ പറഞ്ഞത് ഡയറക്ട് പേമെൻറ് അനുസരിച്ച് ഇവിടെ വർഷങ്ങളോളമായി നിലനിൽക്കുന്ന ഓപ്പൺ ക്വാട്ടയിലെ 85 ശതമാനം സീററും മാനേജ്മെൻറ് സീററ് 15 ശതമാനവും മാററാൻ യാതൊരു കാരണവശാലും ഗവൺമെൻറിന് സാധിക്കില്ലെന്നാണ്. എന്നാൽ 19-ാം തീയതി ക്യാബിനററ് തീരുമാനമെടുത്ത് ഈ വക കമ്മിററി രൂപീകരിച്ച് അതിൻെറ മറുപടി അയയ്ക്കുകയും ചെയ്തിരിക്കുന്നു. നിയമസഭയിൽ പറഞ്ഞതിന് വിരുദ്ധമായിട്ടുള്ള മറുപടിയാണ് എഴുതി അയച്ചിരിക്കുന്നത്. നിയമസഭയിൽ മറുപടി പറയുന്നതിന് പത്തുദിവസം മുമ്പുതന്നെ അതിന് വിരുദ്ധമായിട്ടുള്ള കാര്യം ചെയ്തു കഴിഞ്ഞു. അതു മാത്രമല്ല, ന്യൂനപക്ഷ സമുദായത്തിൽപ്പെട്ട ആളുകൾക്ക് ആപത്താണെന്ന് പറയാൻ കാരണം 50 ശതമാനം മെരിററും 50 ശതമാനം മാനേജ്മെൻറ് ക്വോട്ടയുമെന്നാണല്ലോ ഇപ്പോൾ പറയുന്നത്. അത് പിന്നോക്ക പട്ടികജാതി/പട്ടികവർഗ്ഗങ്ങളുടെ കാര്യം വരുമ്പോൾ 50 ശതമാനം മെരിററും 50 ശതമാനം ക്വാട്ട ആ സമുദായത്തിൽപ്പെട്ട ആളുകൾക്കും ആയപ്പോൾ 85 ശതമാനത്തിൻെറ 10 ശതമാനത്തിൻെറ 25 ശതമാനം പിന്നോക്ക സമുദായത്തിനും അതുപോലെതന്നെ 85 ശതമാനത്തിൻെറ 10 ശതമാനം പട്ടികജാതി/പട്ടികവർഗ്ഗത്തിനും കിട്ടും. 10 ശതമാനത്തിൻെറ 25 ശതമാനവും 10 ശതമാനവുമായിട്ട് മാറുന്നതോടുകൂടി വീണ്ടും കുറയും. അതുകൊണ്ടാണ് പറഞ്ഞത് അങ്ങു പറഞ്ഞതുപോലെ യാതൊരു ആപത്തുമില്ലാത്ത കാര്യമല്ല ഇത് എന്ന്. ഭരണഘടനാവിരുദ്ധമായ മറുപടിയാണ് കൊടുത്തിരിക്കുന്നത്. അതു നേരത്തെതന്നെ കൊടുത്തും കഴിഞ്ഞു. മറുപടിയുടെ പിന്നിലുള്ള വസ്തുത കേരളത്തിൽ കോഴ വാങ്ങി സമ്പന്നൻമാരായ കുട്ടികൾക്ക് മാത്രം വിദ്യാഭ്യാസ സൗകര്യം ഉണ്ടാക്കിക്കൊടുക്കുവാൻ പററുന്ന വിധത്തിൽ മാനേജുമെൻറിന് എല്ലാ സൗകര്യങ്ങളും ചെയ്തു കൊടുത്തിരിക്കുകയാണ്. എന്താണ് ഈ കേസ്സിന് ആസ്പദമായിട്ടുള്ള കാര്യം? എങ്ങനെയാണ് ഇത് വന്നത്? ഗവൺമെൻറിൻെറ വാദമെന്നുള്ള നിലയിൽ അൺഎയിഡഡ് കോളേജുകളെ സംബന്ധിച്ച് ഇന്നത്തെ പത്രത്തിൽ ഒരുകാര്യം കണ്ടു. നിയമപ്രകാരം ഗവൺമെൻറ് മുഴുവൻ ശമ്പളവും കൊടുക്കുന്ന കോളേജുകളുടെ കാര്യത്തിൽ വന്നിട്ടുള്ള കേസ്സിലാണ് 50 ശതമാനം എന്നുള്ള വിധിയുണ്ടായത്. അതിൽ മററു രണ്ടു കോളേജുകൾ കക്ഷികളായിരുന്നു. ഇത്തരമൊരു സ്ഥാപനത്തിൻെറ കാര്യത്തിൽ നിങ്ങൾ കൊടുത്തിട്ടുള്ള മറുപടിയിൽ അവർക്ക് 50 ശതമാനം സീററ് ഇഷ്ടം പോലെ വിൽക്കാനും സമ്പന്നൻമാരെ ചേർക്കാനും മററും സൗകര്യം ചെയ്തു കൊടുത്തിട്ടുണ്ട്. അതുകൊണ്ടാണ് ന്യൂനപക്ഷ താൽപര്യങ്ങളെയും പട്ടികജാതി/പട്ടികവർഗ്ഗത്തിൻെറ താൽപര്യങ്ങളെയും മെരിററ് അടിസ്ഥാനത്തിൽ പാസ്സായി വരുന്ന ആളുകളുടെ താൽപര്യങ്ങളെയും നിഹനിക്കുന്നു എന്നു പറയുന്നത്. വാണിജ്യവൽക്കരണത്തിനും വർഗ്ഗീയ വൽക്കരണത്തിനും വഴിവയ്ക്കുന്ന ഒരു മറുപടിയാണ് ഇവിടെനിന്നും തയ്യാറാക്കി നിങ്ങൾ കൊടുത്തിട്ടുള്ളത്. അത് പിൻവലിച്ചുകൊണ്ട് ശരിയായ രീതിയിൽ മറുപടി സുപ്രീം കോടതിക്ക് കൊടുക്കാനുള്ള നടപടിയെടുക്കണം. അതുകൊണ്ട് ഇക്കാര്യം ചർച്ച ചെയ്യുന്നതിനുവേണ്ടിയാണ് അടിയന്തിരപ്രമേയത്തിന് നോട്ടീസ് നൽകിയിട്ടുള്ളത്, ചർച്ച അനുവദിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഒരു കാര്യം അങ്ങ് തീരുമാനിച്ചുകൊള്ളൂ. ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയും. അടിയന്തിരപ്രമേയത്തെക്കുറിച്ച് 52-ാം വകുപ്പിൽ പറയുന്ന " 52 (viii) the motion shall not deal with a matter which is under adjudication by a court of law having jurisdiction in any part of India; സുപ്രീം കോടതിയിൽ വാദം നടന്നുകൊണ്ടിരിക്കുന്ന ഒരു കേസ്സിൽ ഈ ഗവൺമെൻറ് എങ്ങനെ ചെയ്യണം, ഏതു നിലയിൽ ചെയ്യണം എന്നു പറയുന്നതും ഈ നിയമസഭയിൽ അഫിഡവിററിനെക്കുറിച്ച് ചർച്ച നടത്തുന്നതും ആരോഗ്യകരമാണോയെന്ന് അങ്ങു തീരുമാനിച്ചാൽകൊള്ളാം. എൻെറ വിനീതമായ അഭിപ്രായം ഇത് ഈ റൂളിന് എതിരാണെന്നാണ്. പക്ഷെ തീർച്ചയായും മന്ത്രി ഇതിന് മറുപടി പറയാതിരിക്കുകയില്ല. ഈ രീതിയിൽ അടിയന്തിരപ്രമേയം കൊണ്ടു വരികയും ഈ രീതിയിൽ നിയമസഭയിൽ ചർച്ചചെയ്യുകയും ചെയ്യുന്നത് നിയമത്തിനു വിരുദ്ധമാണ്.

ശ്രീ. ബേബി ജോൺ: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ, അതായത്, ബഹുമാനപ്പെട്ട നിയമവകുപ്പുമന്ത്രി ഇതൊരു നിയമപ്രശ്നമായിട്ട് എടുത്തിരിക്കുകയാണ്. സുപ്രീം കോടതിയിലിരിക്കുന്ന പ്രശ്നത്തിൽ—അതിൻെറ വിശദാംശങ്ങളിലേക്കല്ല പോകുന്നത്—സുപ്രീം കോടതിയിൽ ചോദ്യാവലിക്ക് ഈ സംസ്ഥാന ഗവൺമെൻറ് നൽകുന്ന മറുപടിയാണ്. ആ മറുപടി ഈ സഭയിൽ ചോദ്യം ചെയ്യാം. ആ മറുപടിയെക്കുറിച്ച് ഈ സഭയിൽ ചർച്ച ചെയ്യാം. അക്കാര്യത്തിൽ യാതൊരു നിയമവിരുദ്ധമായ നടപടിയുമില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ചർച്ചയ്ക്ക് മറുപടി പറയുമ്പോൾ ഒരുപക്ഷെ കേസിന് ആസ്പദമായ ചർച്ചയ്ക്ക് വിധേയമാകുന്ന വിഷയത്തിലേക്ക് ഇറങ്ങാൻ പാടില്ല.

ശ്രീ. വി. എസ്. അച്യുതാനന്ദൻ: സുപ്രീം കോടതിയിൽ ഇപ്പോൾ അതു ചർച്ചയ്ക്ക് വന്നിട്ടില്ല. കോടതിയിൽനിന്നു ചോദിച്ച ചോദ്യാവലിക്ക് ഗവൺമെൻറ് മറുപടി നൽകിയതിനെ സംബന്ധിച്ചാണ് ഇവിടെ ചർച്ചാവിഷയമായി ശ്രീ. ടി. കെ. രാമകൃഷ്ണൻ ഉന്നയിച്ചത്. ആ പ്രശ്നം ട്വിസ്ററ് ചെയ്ത് കൊണ്ടുപോകാൻ നോക്കരുത്. അതാണ് നിയമവകുപ്പുമന്ത്രി ചെയ്യുന്നത്.

ശ്രീ. കെ. എം. മാണി: ഏതായാലും അടിയന്തിര പ്രമേയം റിക്കാർഡിലായ സ്ഥിതിക്ക് മന്ത്രി അതിനു മറുപടി പറയാതെ ഒഴിയാൻ കഴിയുകയില്ല. അതിനു മന്ത്രിയുടെ മറുപടി വേണം. പക്ഷെ ഈ നടപടിക്രമം ശരിയല്ല എന്നു മാത്രമേ ഞാൻ പറയുന്നുള്ളൂ.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): സർ, ഇക്കാര്യത്തിൽ ഇതിനെതിരായിട്ട് ഉന്നയിക്കുന്ന ആക്ഷേപങ്ങൾ എന്ത് എന്നതിനെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പർക്കുതന്നെ അവ്യക്തതയുണ്ട് എന്നതിന് തെളിവാണ് അദ്ദേഹത്തിൻെറ പ്രസൻറേഷൻ. അദ്ദേഹം ഇതു പറഞ്ഞപ്പോഴും എന്താണ് അപാകതയെന്നു അദ്ദേഹത്തിന് വ്യക്തമായി ചൂണ്ടിക്കാണിക്കാൻ കഴിഞ്ഞിട്ടില്ല. അദ്ദേഹം പറഞ്ഞ കാര്യങ്ങൾ ഞാൻ പറയാം. അദ്ദേഹം പറഞ്ഞിട്ടുള്ള കാര്യം, ഗവൺമെൻറ് കോടതിയിൽ കൊടുത്തിട്ടുള്ള ചോദ്യാവലിക്കുള്ള മറുപടി

LIBRARY ARCHIVES Kerala Legislative Assembly

ഭരണഘടനാവിരുദ്ധമാണ് എന്നതാണ്. അഡ്വക്കേററ് ജനറൽ മുഖേന ചോദ്യാവലിക്കുള്ള മറുപടിയാണ് കൊടുത്തിട്ടുള്ളത്, കൊടുത്ത മറുപടിക്ക് അനുസരിച്ച്, നിയമവിധേയമായി അഫിഡവിററ് സമർപ്പിക്കേണ്ടത് നിയമവകുപ്പ് വിദഗ്ദ്ധൻമാരാണ്; അവർ അത് ചെയ്യും. കോടതിയിലേക്കല്ല കൊടുക്കുന്നത്. അഡ്വക്കേററ് ജനറൽ ഗവൺമെൻറിൻെറ വ്യൂ അറിയിച്ചിട്ടുണ്ട്. ആ വ്യൂവിൽ നിന്നുകൊണ്ട് പറയാം. ഇക്കാര്യത്തിൽ ഭരണഘടനാ വിരുദ്ധമായ പ്രശ്നങ്ങളുണ്ട് എന്നു അദ്ദേഹം ചൂണ്ടിക്കാണിക്കാനുള്ള കാരണം, മൈനോറിററി വിദ്യാഭ്യാസ സ്ഥാപനം സ്ഥാപിച്ചാൽ പോര, സ്ഥാപിക്കുകയും ചെയ്യണം നടത്തുകയും ചെയ്യണം എന്നതാണ് ഭരണഘടനയിൽ പറഞ്ഞിട്ടുള്ളത്. ഞങ്ങൾ കൊടുത്തിട്ടുള്ള അഫിഡവിററിൽ പറഞ്ഞിട്ടുള്ളത്, സ്ഥാപിക്കുകയോ അല്ലെങ്കിൽ നടത്തുകയോ ചെയ്യണം എന്നതാണ് എന്നാണ് അദ്ദേഹത്തിൻെറ ഏററവും പ്രധാനമായിട്ടുള്ള ആർഗ്യുമെൻറ്. ഈ ഗവൺമെൻറ് ഇക്കാര്യത്തിൽ എടുത്തിട്ടുള്ള സമീപനത്തിൽ മൈനോറിററീസ് സ്ഥാപിക്കുന്നതു കൊണ്ടുമാത്രമോ അല്ലെങ്കിൽ നടത്തുന്നതു കൊണ്ടു മാത്രമോ അവർക്ക് മൈനോറിററി റൈററ് കൊടുക്കണം എന്നു ഗവൺമെൻറ് വാദിക്കുന്നില്ല. ന്യൂനപക്ഷങ്ങൾ നടത്തുകയും ചെയ്യണം, അവർ സ്ഥാപിക്കുകയും ചെയ്യണം എന്നു മാത്രമല്ല, ഗവൺമെൻറിൻെറ നിലപാട് എത്രത്തോളം സുവ്യക്തമാണെന്ന് ഇതിൽനിന്നു മനസ്സിലാകും. കാരണം ഗവൺമെൻറ് പറഞ്ഞിട്ടുള്ളത്, മൈനോറിററി സ്ഥാപിക്കുകയും അല്ലെങ്കിൽ നടത്തുകയും ചെയ്യണം എന്നാണ്—എന്തിനുവേണ്ടി? മൈനോറിററീസിൻെറ വിദ്യാഭ്യാസത്തിൻെറ ബനിഫിററിനുവേണ്ടി എന്നുകൂടി കാണിച്ചിട്ടുണ്ട്. ഇതു നോക്കിയാൽ വളരെ വ്യക്തമായി മനസ്സിലാക്കാൻ കഴിയുന്ന കാര്യമാണ്. ചോദ്യത്തിലുള്ളത് ഞാൻ വായിക്കാം. അപ്പോൾ അത് വ്യക്തമാകും. ഇതിൽ മറിച്ച് പറഞ്ഞിട്ട് എന്താണ് കാര്യം? ചോദ്യം വളരെ സിമ്പിളാണ്. ഉത്തരവും സിമ്പിളാണ്. What are the indications for treating an educational institution as Minority Educational Institution? Would an institution be regarded as a Minority Educational Institution only because it was established by a person or persons belonging to a religious or linguistic minority or it is being administered by a person or persons belonging to a religious or linguistic minority? എന്നാണ് ചോദ്യം. ഗവൺമെൻറ് ഈ പറയുന്ന വിധത്തിലാണെങ്കിൽ 'yes' എന്നു മറുപടി പറയാമായിരുന്നു. അങ്ങനെ പല ചോദ്യത്തിനും 'yes' പറയേണ്ടിടത്ത് 'yes' എന്നു പറഞ്ഞിട്ടുണ്ട്. ഈ ചോദ്യത്തിന് ഗവൺമെൻറ് കൊടുത്ത മറുപടിയിൽ ഏതെങ്കിലും വ്യക്തി സ്ഥാപിക്കുകയോ അല്ലെങ്കിൽ നടത്തുകയോ ചെയ്യുന്നു എന്ന കാരണം കൊണ്ടുമാത്രം അവർക്ക് മൈനോറിററി റൈററ് കൊടുക്കാമോ എന്ന് കോടതി ചോദിച്ചപ്പോൾ 'yes' എന്നു പറയുന്നതിനുപകരം ഗവൺമെൻറ് പറഞ്ഞിട്ടുള്ളത് വളരെ വ്യക്തമായ നിർവചനമാണ്. "An Educational Institution established or administered by a person or a group of persons belonging to a Minority Community for the educatoinal benefit of that community may be treated as minority institution". ഒരാൾ സ്ഥാപിക്കുന്നതു കൊണ്ടുമാത്രം കൊടുക്കാൻ വയ്യ. നടത്തുന്നതുകൊണ്ടും കൊടുക്കാൻ പാടില്ല. ഈ രണ്ടിനെ സംബന്ധിച്ചാണെങ്കിലും എസ്ററാബ്ലിഷ് ചെയ്യുന്നതാണെങ്കിലും ശരി അഡ്മിനിസ്ററർ ചെയ്യുന്നതാണെങ്കിലും ശരി, It should be for the educational benefit of the minorities. അതാണ് കാര്യം. മൈനോറിററീസിൻെറ വിദ്യാഭ്യാസ പുരോഗതിക്കു

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടി സ്ഥാപിക്കുകയും നടത്തുകയും ചെയ്യുന്നതിനു മാത്രമേ കൊടുക്കാവൂ എന്നുതന്നെയാണ് ഗവൺമെൻറിൻെറ ആഗ്രഹം. അപ്പോൾ മൈനോറിററിയുടെ താൽപ്പര്യമില്ലെങ്കിൽ സ്ഥാപിച്ചാലും കൊടുക്കണ്ട, മൈനോറിററിയുടെ താൽപര്യമില്ലെങ്കിൽ അവർ നടത്തിയാലും കൊടുക്കണ്ട എന്ന കാററഗോറിക്കൽ സ്ററാൻറ് തന്നെയാണ് ഇക്കാര്യത്തിൽ ഗവൺമെൻറ് എടുത്തിട്ടുള്ളത്. അതാണ് ഒന്ന്.

രണ്ടാമത്തെ കാര്യം, ശ്രീ. ടി. കെ. രാമകൃഷ്ണൻ പറഞ്ഞിട്ടുള്ളത്, established and administered എന്നതിനുപകരം 'or' എന്ന വാക്ക് ചേർത്താൽ അത് ഭരണഘടനാ വിരുദ്ധമാവുകയില്ല. ഞാൻ പറഞ്ഞല്ലോ ഉദ്ദേശമാണ് കാര്യം. മൈനോറിററിയുടെ വിദ്യാഭ്യാസ പുരോഗതിക്കു വേണ്ടി നടത്തിയതാവാം എന്നു മാത്രമല്ല, ഞാൻ അദ്ദേഹത്തിൻെറ മുമ്പിൽ മറെറാരു കാര്യം പറയുകയാണ്. എൻെറ ഓർമ്മ ശരിയാണെങ്കിൽ 1959-ലാണ് കെ.ഇ.ആർ. ഉണ്ടാക്കിയത്. അന്നത്തെ കമ്മ്യൂണിസ്ററ് ഗവൺമെൻറ് തന്നെ വളരെ താൽപ്പര്യമെടുത്ത് ചെയ്ത ഒരു കാര്യമാണ് അത്. 1959 എന്നു പറഞ്ഞാൽ ഇപ്പോൾ പത്തുമുപ്പത്തിയഞ്ചു വർഷം കഴിഞ്ഞു. ആ കെ.ഇ.ആർ.-ൽ മൈനോറിററി സ്കൂൾ എന്നതിനു ഒരു ഡെഫനിഷൻ കൊടുത്തിരിക്കുന്നു. ഞാൻ അതു വായിക്കാം. In clause 2 (5) 'Minority Schools' means schools of their choice, established and administered, or administered, by such miniorties to have the right to do so under clause 1 of Article 30 of the Constitution". 1959-ൽ പാസ്സാക്കി, വർഷങ്ങളോളം ഗവൺമെൻറുകൾ മാറിമാറി വന്ന്, സ്ഥാപിക്കുകയും അല്ലെങ്കിൽ നടത്തുകയും ചെയ്തു എന്നു പറയുന്ന ഡെഫനിഷൻ കേരളത്തിൽ നിലനിൽക്കുന്നു. ഒരു ഗവൺമെൻറും പറഞ്ഞിട്ടില്ല, ഇത് ഭരണഘടനാവിരുദ്ധമാണെന്ന്. ഒരു കോടതിയും പറഞ്ഞിട്ടില്ല. ഇത് ഭരണഘടനാ വിരുദ്ധമാണെന്ന്. അത്രയേ അതു സംബന്ധിച്ച് ഞാൻ പറയുന്നുള്ളൂ. ഇതിലുള്ളത് തെററിദ്ധാരണയാണ്. ഗവൺമെൻറ് എങ്ങനെയാണ് കോടതിയെ തെററിദ്ധരിപ്പിക്കുക? ബഹുമാനപ്പെട്ട മെമ്പർ അങ്ങനെ പറയരുത്. അദ്ദേഹം ഒരു സീനിയർ മെമ്പറാണ്. കേരള ഗവൺമെൻറ് ഒരു കാര്യം പറഞ്ഞു. അതു ഭരണഘടനാ വിധേയമാണ്, ഈ വാദം അംഗീകരിക്കാൻ പററുമോ? എന്താണ് കോടതിയുടെ മുമ്പിലിരിക്കുന്ന ഒരു കേസിൽ ഒരു ആർഗ്യുമെൻറ് കേരള ഗവൺമെൻറ് കൊടുത്താൽ അതിൻെറ അടിയിൽ സുപ്രീംകോടതി ഒപ്പിടാൻ പോവുകയാണോ? കേസ് ആർഗ്യു ചെയ്യാൻ പോവുകയാണ്. നാൽപ്പതു പെററീഷൻസ് ഉണ്ട്. ഇന്ത്യയിലെ ഏഴ് ജഡ്ജിമാർ കേസ് കേൾക്കുകയാണ്. ഇന്ത്യയിലെ എല്ലാ അഭിഭാഷകൻമാരും കേസ് കേൾക്കുകയാണ്. എന്താണ് കേസ്? ഭരണഘടനയുടെ 30 (1) അനുച്ഛേദം—അതിന് ഇൻറർപ്രെട്ടേഷനാണ് കേൾക്കാൻ പോകുന്നത്. ആ കേസിൽ കേരള ഗവൺമെൻറ് ഭരണഘടനയ്ക്ക് വിധേയമായിത്തന്നെയാണ് വ്യക്തമായും സുചിന്തിതമായും കൊടുത്തിരിക്കുന്നത്. അതുകൊണ്ട് വല്ല തെററിദ്ധാരണയും വല്ലവരുടേയും മനസ്സിലുണ്ടെങ്കിൽ അതു മാററിക്കളയണം എന്നു ഞാൻ അപേക്ഷിക്കുന്നു.

ഞാൻ രണ്ടാമത്തെ കാര്യത്തിലേക്ക് വരികയാണ്. രണ്ടാമത്തെ കാര്യം അഡ്വക്കേററ് ജനറൽ ചോദ്യാവലിക്ക് മറുപടി കൊടുത്തിട്ടുണ്ട്. അഡ്വക്കേററ് ജനറൽ അതു സംബന്ധിച്ച് ആവശ്യമായ ഒരു സീനിയർ അഡ്വക്കേററിനെയും അയയ്ക്കും; അവശ്യമാണെങ്കിൽ ഭരണഘടനയ്ക്കുള്ളിൽ നിന്നുകൊണ്ട് ഒരു ആർഗ്യുമെൻറ് ഫ്രെയിം ചെയ്തിട്ട് കോടതി മുമ്പാകെ വരികയും ചെയ്യും.

LIBRARY ARCHIVES Kerala Legislative Assembly

മറെറാരു കാര്യം ബഹുമാനപ്പെട്ട ശ്രീ. ടി. കെ. രാമകൃഷ്ണൻ പറഞ്ഞിട്ടുള്ളത് ഇങ്ങനെ കോടതി വിധി പറഞ്ഞാൽ 50 ശതമാനം ഇത്തരം സ്ഥാപനങ്ങൾക്ക് കിട്ടേണ്ടിവരും എന്നാണ്. അദ്ദേഹം

10 a.m.] ഇവിടെ ടി.കെ.എം. എഞ്ചിനീയറിംഗ് കോളേജിന്റെ കാര്യവും കോതമംഗലം എഞ്ചിനീയറിംഗ് കോളേജിന്റെ കാര്യവും പറഞ്ഞു. ഒരു സ്ഥാപനത്തിന് മൈനോറിററി റൈററ് കൊടുക്കണമോ കൊടുക്കണ്ടയോ എന്ന് തീരുമാനിക്കുന്നത് എത്ര ശതമാനം സീററാണ് അവർക്ക് കിട്ടുക എന്നുള്ളതിന്റെ അടിസ്ഥാനത്തിലല്ല. അത് തെററായ ഒരു സങ്കല്പമാണ്. ചിലപ്പോൾ 50 ശതമാനമാകും, ചിലപ്പോൾ 25 ശതമാനമാകും, ചിലപ്പോൾ 10 ശതമാനമാകും. അതല്ല മാനദണ്ഡം. സുപ്രീം കോടതി ചർച്ച ചെയ്യാൻ പോകുന്നത് മൈനോറിററി റൈററ് കൊടുക്കാനുള്ള മാനദണ്ഡമെന്താണ് എന്നുള്ളതിനെക്കുറിച്ചാണ്. 50 ശതമാനമെങ്കിൽ 50 ശതമാനം. അത് പറയേണ്ടത് ഞങ്ങളല്ല. ഞങ്ങൾ ഒരിക്കലും പറഞ്ഞിട്ടില്ല. ടി. കെ. എം. എഞ്ചിനീയറിംഗ് കോളേജിനും കോതമംഗലം എഞ്ചിനീയറിംഗ് കോളേജിനും 50 ശതമാനം കൊടുക്കണമെന്നുള്ള ആർഗ്യുമെൻറ് ഞങ്ങൾ കൊണ്ടു വന്നിട്ടില്ല. ഇന്ത്യയിൽ മൈനോറിററി സ്ററാററസ് തീരുമാനിക്കുന്ന സന്ദർഭത്തിൽ എടുക്കേണ്ട മാനദണ്ഡങ്ങളെക്കുറിച്ചാണ് വാദിക്കുന്നത്. കോടതി പറയുകയാണ്, ഇതാണ് മൈനോറിററി സ്ററാററസ് എന്ന്. ഈ മൈനോറിററി സ്ററാററസിൽ ഇന്നയിന്ന കോളേജുകളുണ്ടെന്ന് പിന്നെ തീരുമാനിക്കേണ്ട കാര്യമാണ്. അവർ ആർഗ്യു ചെയ്തു കൊള്ളട്ടേ; അവർ അവരുടെ വാദം നടത്തിക്കൊള്ളട്ടേ. ഗവൺമെൻറ് ഗവൺമെൻറിന്റെ വാദം നടത്തും. എന്നിട്ട് സുപ്രീം കോടതി മൈനോറിററി സ്ററാററസ് തീരുമാനിക്കാനുള്ള മാനദണ്ഡം ഇന്നതാണെന്ന് തീരുമാനിച്ച് കഴിഞ്ഞാൽ അത് കേൾക്കും. അതല്ലാതെ പിന്നെ സുപ്രീം കോടതി പറഞ്ഞതിനെ തിരായിട്ട് ചെയ്യാൻ പററുമോ? ഇവിടെ ഒരു തെററിദ്ധാരണ ഉണ്ട്. ഇവിടെ ചർച്ച ചെയ്യുന്ന പ്രശ്നം ടി.കെ.എം. എഞ്ചിനീയറിംഗ് കോളേജിനും കോതമംഗലം എഞ്ചിനീയറിംഗ് കോളേജിനും 50 ശതമാനം സീററ് കിട്ടാൻ വേണ്ടിയുള്ള ചർച്ചയല്ല. ഇന്ത്യയിൽ ചർച്ച ചെയ്യാൻ പോകുന്നത് ഞാൻ നേരത്തെ പറഞ്ഞതുപോലെ മൈനോറിററി റൈററ് കൊടുക്കാൻവേണ്ടിയുള്ള മാനദണ്ഡത്തെക്കുറിച്ചാണ്. ഇപ്പോൾ സുപ്രീം കോടതി മൈനോറിററി സ്ററാററസിന്റെ മാനദണ്ഡം നിശ്ചയിച്ചു കൊടുക്കുകയാണെങ്കിൽ, കേരളത്തിൽ അത് ആർക്ക് കൊടുക്കണമെന്നുള്ള ചർച്ച ഉണ്ടാകുകയാണെങ്കിൽ, അപ്പോൾ പറയാം. അത് ഇല്ല. പിന്നെ ചർച്ച ചെയ്യേണ്ട പോയിൻറ് ഉണ്ട്. ഇവിടെ വല്ലവർക്കും ഈ മൈനോറിററി റൈററ് കിട്ടേണ്ടതാണോ അല്ലയോ എന്നാണ്. ഇത് ഒരു ഡിഫറൻറ് ക്വസ്ററ്യനാണ്. അത് ചർച്ച ചെയ്യപ്പെടേണ്ട കാര്യമാണ്. അങ്ങനെ കിട്ടുകയാണെങ്കിൽ കേരളത്തിലെ സാഹചര്യമെന്താകുമെന്നുള്ളതിനെക്കുറിച്ച് ചർച്ച വരുന്ന സമയത്ത് ഗവൺമെൻറിന് ഒരു ഡ്യൂട്ടി ഉണ്ട്; ആ ഡ്യൂട്ടി എന്താണെന്നുവച്ചാൽ ഇന്നതാണ് കേരളത്തിൽ നിലനിൽക്കുന്ന സാഹചര്യമെന്നുള്ളത് കോടതിയെ ബോധിപ്പിക്കൽ. ആ കാര്യത്തെക്കുറിച്ചും ഗവൺമെൻറ് പറഞ്ഞിട്ടുണ്ട്. അത് ഇന്നലത്തെ പത്രങ്ങളിൽ വന്നിട്ടുണ്ട്. പിന്നെ എന്താണ് സർ, ഒളിച്ചു വച്ചിട്ടുള്ളത്? സുപ്രീം കോടതി 50 ശതമാനമെന്നു പറഞ്ഞാൽ 50 ശതമാനം. കേരളത്തിൽ ഇന്ന സാഹചര്യമുണ്ടെന്നുകൂടി കോടതിയെ ധരിപ്പിക്കണമെന്നാണ് ഗവൺമെൻറിന്റെ ഇരുപ്പ്. അത് ഇന്നലത്തെ പത്രങ്ങളിൽ വരികയും ചെയ്തു. ഇവിടെ ആർക്കാണ് നിർബന്ധമുള്ളത്? പക്ഷേ ഒരുകാര്യം, കേരളത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

15 ശതമാനം: 85 ശതമാനം എന്ന ഒരു എഗ്രിമെൻറ് ഉണ്ട് എന്നതു കൊണ്ട് ഇന്ത്യയിലെ ന്യൂനപക്ഷത്തിൻെറ റൈററിനെതിരായിട്ട് ഒരു ആർഗ്യുമെൻറ് കോടതിയിൽ കൊണ്ടുവരാൻ ഞങ്ങൾക്ക് പററുമോ? ന്യൂനപക്ഷത്തിൻെറ അവകാശം കൊടുക്കുന്നതിനുള്ള മാനദണ്ഡം പൊതുവായിട്ടുള്ളതാണ്. അത് കേരളത്തിലെ ടി.കെ.എം. എഞ്ചിനീയറിംഗ് കോളേജിനേയും കോതമംഗലം എഞ്ചിനീയറിംഗ് കോളേജിനേയും ആശ്രയിച്ചിട്ടല്ല. അത് ഒരു പോളിസി കൺസ്ട്രന്യനാണ്. അതിന് ഒരു സമീപനമെടുക്കുമ്പോൾ 50 ശതമാനമാണ് മൈനോറിട്ടീസിന് കൊടുക്കേണ്ടതെങ്കിൽ അതും തീരുമാനിക്കേണ്ടത് കോടതിയാണ്. കാരണമെന്താണെന്നറിയാമോ? സെൻറ് സ്ററീഫൻ കേസ്സിലെ ജഡ്ജ്മെൻറാണ് ഇതിന് ഇടയാക്കിയത്; ഈ മൈനോറിട്ടീസിന് 50 ശതമാനം കൊടുക്കുക എന്നുള്ളത്. സെൻറ് സ്ററീഫൻ കേസ്സിൻെറ ജഡ്ജ്മെൻറ് ഈ കേസ്സിൻെറ ചർച്ചയിൽ ഇരിക്കുന്ന ഒന്നാണ്. എന്നു പറഞ്ഞാൽ കോടതിയാണ് തീരുമാനിക്കാൻ പോകുന്നത് എത്ര ശതമാനമാണ് കൊടുക്കേണ്ടതെന്ന്. എത്ര ശതമാനമാണ് കൊടുക്കേണ്ടതെന്ന് കോടതി തീരുമാനിച്ചാൽ അതിൻെറ സെലക്ഷൻ മെത്തേഡ് എന്താണെന്നും തീരുമാനിക്കേണ്ടത് കോടതിയാണ്. അപ്പോൾ ഈ കാര്യത്തിൽ യാതൊരു വിധത്തിലുള്ള ആശങ്കയ്ക്കും അവകാശമില്ല. 50 ശതമാനം എന്നുള്ള നിലയിൽ ഒരു വിധി വരുന്ന സന്ദർഭത്തിൽ കേരളത്തിൻെറ സാഹചര്യങ്ങൾ നമുക്ക് ചർച്ച ചെയ്യാം. കേരളത്തിൻെറ സാഹചര്യങ്ങൾ ചർച്ച ചെയ്തിട്ട് കേരളത്തിൽ എങ്ങനെ അത് പ്രായോഗികമാക്കും എന്നുള്ളതിനെക്കുറിച്ച് നമുക്ക് ചർച്ച ചെയ്യാം. അല്ലാതെ കോടതിയുടെ മുമ്പാകെ ഈ കാര്യം ഇല്ല.

രണ്ടാമത് യൂണിവേഴ്സിററിയുടെ നിയന്ത്രണത്തെക്കുറിച്ച് ശ്രീ. ടി. കെ. രാമകൃഷ്ണൻ പറഞ്ഞു. അദ്ദേഹം അങ്ങനെ പറഞ്ഞതിനെ ഞാൻ സ്വാഗതം ചെയ്യുകയാണ്. ഗവൺമെൻറിൻെറ നിലപാട് വ്യക്തമായിട്ട് അദ്ദേഹം ആ കാര്യത്തിൽ പറഞ്ഞത് ശരിയാണ്. കാരണമെന്താണെന്നുവച്ചാൽ ഇത്തരം സ്ഥാപനങ്ങളുടെ പേരിൽ ഗവൺമെൻറിന്, യൂണിവേഴ്സിററികൾക്ക് നിയന്ത്രണമാകാമോ എന്ന് ചോദിച്ചു. ഞങ്ങൾ പറഞ്ഞു ആകാം. പക്ഷേ അത് ഭരണഘടനയുടെ 31-ാം അനുച്ഛേദം കൊടുക്കുന്ന അവകാശങ്ങളെ ഹനിക്കുന്ന വിധത്തിലാകരുതെന്ന് ഞങ്ങൾ പറഞ്ഞു. ഞങ്ങൾ അതിൽ ഉറച്ചു നിൽക്കുകയാണ്. ഇവിടത്തെ ന്യൂനപക്ഷ സ്ഥാപനങ്ങളായിരുന്നാലും ശരി ഭൂരിപക്ഷ സ്ഥാപനങ്ങളായിരുന്നാലും ശരി അവർക്ക് കോൺസ്ററിററ്യൂഷണൽ റൈററ് അംഗീകരിച്ചു കൊടുക്കണം. അതേസമയത്ത് അതിൻെറ മററു കാര്യങ്ങളിൽ ഈ കോൺസ്ററിററ്യൂഷണൽ റൈററിന് എതിരാകാത്ത വിധത്തിൽ യൂണിവേഴ്സിററികൾക്കും അതുപോലെതന്നെ ഗവൺമെൻറിനും ആവശ്യമായ കൺട്രോൾ ആവശ്യമാണ്. ഈ കാര്യത്തിൽ ഗവൺമെൻറ് എടുത്ത നിലപാടും വളരെ വ്യക്തമാണ്. ഞാൻ ആദ്യം പറഞ്ഞതുപോലെ കേരളത്തിൽ നിലനിൽക്കുന്ന പ്രത്യേക സാഹചര്യം കോടതിയെ അറിയിക്കാൻ തീരുമാനമെടുക്കുകയും അത് എഴുതിക്കൊടുക്കുകയും ചെയ്തതിൻെറ ഫലമായി ഗവൺമെൻറിൻെറ കറകളഞ്ഞ സത്യസന്ധതയും അതിൽ ബോദ്ധ്യപ്പെട്ടിരിക്കുകയാണ്.

അവസാനമായിട്ട് ശ്രീ. ടി. കെ. രാമകൃഷ്ണൻ പറഞ്ഞ മറെറാരു കാര്യം ഞാൻ കഴിഞ്ഞ പ്രാവശ്യം പറഞ്ഞു, 85 ശതമാനവും 15 ശതമാനവും ഡയറക്ട് പേമെൻറ് എഗ്രിമെൻറിൻെറ കാര്യത്തി

LIBRARY ARCHIVES Kerala Legislative Assembly

ലുള്ളതുകൊണ്ട് ഇതിലും 50 ശതമാനം പാലിക്കണമെന്ന്. അത് തെററാണ്. ഞാൻ പറഞ്ഞിട്ടുള്ളത് കേരളത്തിൽ ഈ കോളേജുകൾക്ക് മൈനോറിററി റൈററ് കൊടുത്തിട്ടില്ല. ഇവിടെ പാലിക്കപ്പെട്ടിട്ടുള്ളത് ഡയറക്ട് പേമെൻറ് എഗ്രിമെൻറാണ്. അത് കോടതിയുടെ വിധിയാണ്. ആ വിധിയുടെ പശ്ചാത്തലത്തിൽ 85 ശതമാനവും 15 ശതമാനവും എന്ന തത്വം ഇവിടെ നിലനിൽക്കുന്നുവെന്ന് ഞാൻ പറഞ്ഞിട്ടുണ്ട്. എന്നാൽ ഇവിടെ നിൽക്കുന്നത് മറെറാരു പോളിസി കാസ്ററ്യനാണ്. അത് സുപ്രീം കോടതിയുടെ മുമ്പാകെ ഇരിക്കുകയാണ്. എങ്ങനെ മൈനോറിററി റൈററ് കൊടുക്കണം, അങ്ങനെ കൊടുക്കുകയാണെങ്കിൽ എത്ര സീററ് കൊടുക്കണം, അങ്ങനെ സീററ് കൊടുക്കുകയാണെങ്കിൽ അതിലേക്കുള്ള സെലക്ഷൻ മാനദണ്ഡം എന്താണ് എന്നുള്ള കാര്യം സുപ്രീം കോടതിയുടെ മുമ്പാകെ നിൽക്കുകയാണ്. ഇക്കാര്യത്തിൽ വളരെ ക്ലീയറായിട്ടുള്ള പൊസിഷനാണുള്ളത്. ഗവൺമെൻറിന് ഈ കാര്യത്തിൽ ഒന്നും മറച്ചു വെയ്ക്കാനില്ല. ഞാൻ ഇവിടെ സൂചിപ്പിക്കുന്നത് നമുക്ക് ആവശ്യമില്ലാത്ത വിധത്തിൽ സംശയങ്ങൾ ജനിക്കുന്നതുകൊണ്ടാണ് ഈ കൺഫ്യൂഷനൊക്കെ ഇതിൽ വരുന്നത്. ഗവൺമെൻറ് ഇത്തരത്തിൽ യാതൊരുവിധ തെററായ കാര്യത്തിനും കൂട്ടുനിൽക്കുകയില്ല. ഞാൻ എൻെറ മറുപടിയുടെ ആദ്യത്തെ ഭാഗത്തു പറഞ്ഞത് ഒന്നുകൂടി ആവർത്തിക്കുന്നു. മൈനോറിററീസിന് അനർഹമായിട്ടുള്ളത് ഒന്നും ഗവൺമെൻറും കൊടുക്കുകയില്ല. മൈനോറിററീസിന് അർഹമായി കൊടുക്കാനുള്ളത് അവർക്ക് കിട്ടാതാക്കുന്ന ഒരു നടപടിയും എടുക്കുകയില്ലെന്ന് മാത്രമല്ല അത് പ്രൊട്ടക്ട് ചെയ്യാൻ ഗവൺമെൻറ് നിൽക്കും. ഭരണഘടനാ വിരുദ്ധമായ യാതൊരു സമീപനവും ഗവൺമെൻറ് എടുത്തിട്ടില്ല. കേരളത്തിലെ സാഹചര്യങ്ങൾ ഗവൺമെൻറ് മറച്ചുവച്ചിട്ടില്ല. ഗവൺമെൻറിന് ഈ കാര്യത്തിൽ പൂർണ്ണമായ സത്യസന്ധതയാണുള്ളത്. ഈ സാഹചര്യത്തിൽ ഈ കാര്യത്തിൽ നിയമസഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട പ്രത്യേക സാഹചര്യമില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: അങ്ങ് പറഞ്ഞ മറുപടിയെപ്പററിയുള്ള കാര്യം പിന്നീട് പറയാം. പക്ഷേ 50 ശതമാനം സീററ് വിട്ടുകൊടുക്കാമെന്ന് മറുപടി പറഞ്ഞു. ഒക്ടോബർ 7-ൻെറ സുപ്രീം കോടതി വിധിയനുസരിച്ച് 50 ശതമാനം സീററ് ന്യൂനപക്ഷ സമുദായങ്ങൾക്ക് കൊടുത്തു കഴിഞ്ഞാൽ ബാക്കി 50 ശതമാനം നിർത്തിയിട്ടുള്ളതിൽ ഇവർക്ക് പ്രവേശന അധികാരം ഇല്ലെന്നു പറഞ്ഞു. അതിൻെറ ഫലമായി ന്യൂനപക്ഷങ്ങൾക്കുള്ള കുഴപ്പത്തെപ്പററി പറഞ്ഞതിന് അങ്ങ് യാതൊരു മറുപടിയും പറഞ്ഞില്ല.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ഇവിടെ ഒന്നും സംഭവിച്ചിട്ടില്ല. ഇവിടെ 50 ശതമാനമൊന്നും കൊടുത്തിട്ടില്ല. അതെല്ലാം തീരുമാനിക്കേണ്ടത് കോടതിയാണ്. സെൻറ് സ്ററീഫൻസ് കേസ്സിൽ ചർച്ച ചെയ്യപ്പെടുന്ന കാര്യമാണിത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിൻെറ അടിസ്ഥാനത്തിൽ സഭാനടപടികൾ നിർത്തിവച്ച് ഇതിനെപ്പററി ചർച്ച ചെയ്യണമെന്ന് ചെയറിന് അഭിപ്രായമില്ലാത്തതിനാൽ അതിന് അനുവാദം നിഷേധിക്കുന്നു.

(അടിയന്തിര പ്രമേയത്തിന് അനുമതി നിഷേധിച്ചു.)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. എസ്. അച്യുതാനന്ദൻ: സർ, സഖാവ് ടി.കെ. രാമകൃഷ്ണൻ തുടങ്ങിയ പ്രതിപക്ഷ നേതാക്കൻമാർ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുള്ള അടിയന്തിര പ്രമേയത്തിന് ബഹുമാനപ്പെട്ട മന്ത്രി നൽകിയ വിശദീകരണം ഈ സഭയെ മനഃപൂർവ്വം തെററിദ്ധരിപ്പിക്കുന്നതാണെന്ന് പറയേണ്ടിവന്നതിൽ ഖേദമുണ്ട്. അദ്ദേഹം കഴിഞ്ഞ ജൂലായ് 29-ാം തീയതി എന്റെ ഒരു സബ്മിഷനും ഇതുപോലെതന്നെ മറുപടി പറയുകയുണ്ടായി. 19-ാം തീയതി അദ്ദേഹം കോടതിയെ തെററിദ്ധരിപ്പിക്കുന്നതിനുവേണ്ടി എടുത്ത സമീപനം ഇപ്പോൾ പുറത്തു വന്നിരിക്കുകയാണ്. ആ സമീപനമെടുത്ത ബഹുമാനപ്പെട്ട മന്ത്രിതന്നെയാണ് പത്തുദിവസം കഴിഞ്ഞ് എനിക്ക് തന്ന മറുപടിയിൽ ഇന്ന് ഇവിടെ സംസ്ഥാന ഗവൺമെൻറ് തുടരുന്ന 85:15 എന്നുള്ള നിലയിലുള്ള ആ നിലപാട് തന്നെ തുടരാനാണ് പറയുന്നതെന്ന് ശക്തിയായി എന്നെ, ഈ സഭയെ അറിയിച്ചു. സുപ്രീം കോടതിയിൽനിന്ന് ചോദിച്ചിട്ടുള്ള ചോദ്യാവലിയെ സംബന്ധിച്ച് ബഹുമാനപ്പെട്ട ടി. കെ. രാമകൃഷ്ണനും ബഹുമാനപ്പെട്ട മന്ത്രിയും ഇവിടെ വിശദീകരണം നൽകി. സുപ്രീം കോടതിയിൽ ഇപ്പോൾ നടക്കാൻ പോകുന്ന ആ പ്രധാനപ്പെട്ട കേസ് മുമ്പ് സുപ്രീം കോടതിയിൽ നടന്ന കേസിന്റെ തുടർച്ചയാണ്. ന്യൂനപക്ഷ അവകാശം സംബന്ധിച്ച് സുപ്രീംകോടതിയിൽ ഒരു കേസ് നടന്നിരുന്നു; Unnikrishnan Vs. ആയിട്ട്. അതിൽ ന്യൂനപക്ഷ അവകാശം എന്തെന്ന് സുപ്രീംകോടതി ഒരു വിധി പ്രസ്താവിച്ചിട്ടുണ്ട്. ആ വിധി ന്യൂനപക്ഷങ്ങൾ കോളേജുകൾ എസ്റ്റാബ്ലിഷ് ചെയ്യുകയും അഡ്മിനിസ്റ്റർ ചെയ്യുകയും ചെയ്യുന്നമെന്നാണ്. അങ്ങനെ ന്യൂനപക്ഷങ്ങൾ സ്ഥാപിക്കുകയും നടത്തുകയും ചെയ്യുന്ന കോളേജുകൾക്ക് 50 ശതമാനം കുട്ടികളെ, അവരുടെ സമുദായത്തിൽ നിന്നുള്ളവരെ, എടുക്കാനുള്ള റൈററ് സുപ്രീം കോടതി കൊടുത്തിട്ടുണ്ട്. എന്നാൽ ആന്ധ്രയിലും മററ് സംസ്ഥാനങ്ങളിലും നിൽക്കുന്നതിൽ നിന്ന് വ്യത്യസ്ഥമായി കേരളത്തിൽ നിലനിൽക്കുന്നത് എങ്ങനെയാണ്? മററു സംസ്ഥാനങ്ങളിൽ ഈ ന്യൂനപക്ഷ കോളേജുകളെല്ലാം തന്നെയുള്ള ആ മേഖലയിൽ കുട്ടികളിൽനിന്ന് ഫീസ് പിരിച്ചും മററ് നിലയിലുള്ള ഫണ്ട് പിരിച്ചും സംസ്ഥാന ഗവൺമെൻറിൽ നിന്നോ കേന്ദ്ര ഗവൺമെൻറിൽ നിന്നോ നാല് നയാപൈസ പോലും പററാതെ നടത്തികൊണ്ടിരിക്കുന്ന സ്വകാര്യ കോളേജുകളാണ്. ആ സ്വകാര്യ കോളേജുകളെ സംബന്ധിച്ചാണ് ഇങ്ങനെ ഒരു വിധി സുപ്രീം കോടതി പുറപ്പെടുവിച്ചിട്ടുള്ളത്.

സർ, കേരളത്തിലെ കോളേജുകളിലെ സ്ഥിതിയെന്താണ്? കേരളത്തിലെ കോളേജുകളിൽ എതാണ്ട് മുഴുവൻ ചെലവും, ഇതുപോലുള്ള സ്വകാര്യ കോളേജുകൾക്ക് കേന്ദ്ര-സംസ്ഥാന ഗവൺമെൻറുകൾതന്നെ കൊടുത്തുകൊണ്ടിരിക്കുകയാണ്. അതിന്റെ അഡ്മിനിസ്ട്രേററീവ് ബോഡിയിലാകട്ടെ കേന്ദ്ര-സംസ്ഥാന ഗവൺമെൻറുകൾ പ്രതിനിധികളുമാണ്. ന്യൂനപക്ഷങ്ങൾ എസ്റ്റാബ്ലിഷ് ചെയ്തതാണെങ്കിലും അഡ്മിനിസ്ട്രേഷന്റെ കാര്യത്തിൽ ന്യൂനപക്ഷങ്ങളില്ല. സംസ്ഥാന-കേന്ദ്ര ഗവൺമെൻറും മററ് സംവിധാനങ്ങളുമാണ് അക്കാര്യത്തിൽ ഭൂരിപക്ഷമുള്ളത്. അതൊന്ന്. രണ്ട്, സംസ്ഥാന ഗവൺമെൻറാണ് ഇതുപോലുള്ള കോളേജുകളുടെ ചെലവുകളെല്ലാം വഹിച്ചുകൊണ്ടിരിക്കുന്നത്. ഉത്തരേന്ത്യയിലെ മാതൃകയല്ല ഇവിടെയുള്ളത്. ഉത്തരേന്ത്യയിൽ സ്വകാര്യ വ്യക്തികൾ ന്യൂനപക്ഷ കോളേജുകൾ നടത്തിക്കൊണ്ടുപോകുന്നതുപോലെയല്ല കേരള സംസ്ഥാനത്തിൽ ഇത്തരം കോളേജുകളുടെ

LIBRARY ARCHIVES Kerala Legislative Assembly

ചെലവുകൾ വഹിച്ചുകൊണ്ടിരിക്കുന്നത്. ആ നിലയിൽ ഇവിടെ കുട്ടികളുടെ അഡ്മിഷനെ സംബന്ധിച്ച് വ്യക്തമായ ധാരണകളുണ്ട്. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ കൊടുക്കുന്ന ലിസ്ററ് അനുസരിച്ച് ഗവൺമെൻറിൻെറ നിർദ്ദേശത്തിന് വിധേയമായിട്ടാണ് അഡ്മിഷൻ നടത്തിവരുന്നത്. ഞാൻ പറഞ്ഞതിൽനിന്ന് ന്യൂനപക്ഷ അവകാശത്തെ സംബന്ധിച്ച് ഉത്തരേന്ത്യയിലെ മററ് സംസ്ഥാനങ്ങളിലും കേരളത്തിലും നിലവിലിരിക്കുന്ന സ്ഥിതിഗതികളുടെ വ്യത്യാസം ബഹുമാനപ്പെട്ട മന്ത്രിക്കും ഈ സഭയ്ക്കും മനസിലായിക്കാണുമെന്ന് ഞാൻ വിശ്വസിക്കുന്നു. ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾക്കുവേണ്ടി ഈ ഗവൺമെൻറ് നീങ്ങുന്നുവെന്ന് ബഹുമാനപ്പെട്ട മന്ത്രി വളരെ വാചാലമായി പറഞ്ഞു. ഞങ്ങൾക്ക് അതിനോട് അഭിപ്രായ വ്യത്യാസമില്ല. നമ്മുടെ സംസ്ഥാനത്ത് ന്യൂനപക്ഷങ്ങൾക്ക് ന്യായമായി, അർഹമായി ലഭിക്കേണ്ട അവകാശങ്ങൾ നൽകുകതന്നെവേണം. അതിൽ ഗവൺമെൻറ് ഉറച്ച് നിൽക്കുക തന്നെവേണം. എന്നാൽ ന്യൂനപക്ഷങ്ങളുടെ പേരിൽ വിദ്യാഭ്യാസ രംഗത്തെ കച്ചവടവൽക്കരിക്കുന്നതിനും അഴിമതി നടത്തുന്നതിനുമുള്ള അവസരം സ്വകാര്യ വിദ്യാഭ്യാസ—കച്ചവടക്കാർക്ക് നൽകുന്നതിനെയാണ് ഞങ്ങൾ എതിർക്കുന്നത്. ഇവിടെ ന്യൂനപക്ഷത്തിൻെറ പേരിൽ ടി. കെ. എം.-ലേയും മാർ അത്നേഷ്യസ് കോളേജിലേയും മാനേജർമാർ ഉത്തരേന്ത്യയിലെ ഉണ്ണികൃഷ്ണൻ Vs. കേസ് വന്നപ്പോൾ ഞങ്ങളും അതുപോലെതന്നെ ന്യൂനപക്ഷ കോളേജുകൾ നടത്തുന്നവരാണ്, ഞങ്ങൾക്കും 50 ശതമാനം കുട്ടികളെ അഡ്മിററ് ചെയ്യാനുള്ള അവകാശം വേണമെന്ന് ആവശ്യപ്പെടുകയും കഴിഞ്ഞ ഒരു കൊല്ലത്തേക്ക് അങ്ങനെ അവർക്ക് അനുവാദം നൽകുകയും ചെയ്തു. കേരള ഗവൺമെൻറിൻെറ പ്രതിനിധി സുപ്രീം കോടതിയെ അറിയിക്കാതിരുന്നതിൻെറ ഫലമായിട്ടാണ് 50 ശതമാനം സീററ് തട്ടിക്കൊണ്ടുപോകാൻ ഈ സ്വകാര്യ മാനേജർമാർക്ക് അവസരമുണ്ടായത്. നമ്മുടെ സംസ്ഥാനത്ത് 85 ശതമാനം ഗവൺമെൻറിൻെറ ചുമതലയിലുള്ള അഡ്മിഷനും 15 ശതമാനം മാത്രം സ്വകാര്യ കോളേജ് മാനേജർമാർക്കും ചെയ്യാമെന്നുള്ള നിലയിലാണ് കഴിഞ്ഞ 23 കൊല്ലക്കാലമായി നിലനില്ക്കുന്നത്. ആ സത്യം സുപ്രീം കോടതിയെ അറിയിക്കാൻ ബഹുമാനപ്പെട്ട മന്ത്രിയും ഗവൺമെൻറും തുനിഞ്ഞില്ല. അത് മനപ്പൂർവ്വം ചെയ്തതാണ്; മറവികൊണ്ടല്ല. പിന്നെ ഈ മാനേജർമാർക്കു കോഴ വാങ്ങാനുള്ള സൗകര്യം ഒരുക്കുന്നതിനു വേണ്ടി ഇത്തരം മറവി നടിച്ച് അവരെ സഹായിക്കുകയാണ് ചെയ്തിട്ടുള്ളത്. ഇപ്പോഴും ബഹുമാനപ്പെട്ട മന്ത്രി വാദിക്കുന്നത് ന്യൂനപക്ഷങ്ങളുടെ പേരിലാണ്. ന്യൂനപക്ഷങ്ങളുടെ പേരിലാണെങ്കിൽ ഇക്കാര്യമാണ് അദ്ദേഹം പറയേണ്ടിയിരുന്നത്. അദ്ദേഹം ഭംഗ്യന്തരേണ ന്യായീകരിക്കുന്നത് ഉത്തരേന്ത്യയിലെ 50 ശതമാനം സീററുകൾ ന്യായമായി കൈവശപ്പെടുത്തുന്ന സ്വകാര്യ മാനേജർമാരുടെ ഉദാഹരണം പറഞ്ഞുകൊണ്ടാണ്. അവർ കോളേജുകളുടെ മുഴുവൻ ചെലവും വഹിക്കുകയാണ്. അവർ വിദ്യാർത്ഥികളിൽ നിന്ന് ഫീസും ക്യാപ്പിറേറഷൻ ഫീസുമെല്ലാം വാങ്ങി സർക്കാരിനോട് നാല് പൈസ വാങ്ങാതെ കോളേജുകൾ നടത്തുന്നവരാണ്. ഇവിടെയാകട്ടെ, സർക്കാർ ആണ് മുഴുവൻ ചെലവും വഹിച്ചുകൊണ്ടിരിക്കുന്നതെന്ന സത്യം ഇവിടെ പറയാൻ ഇപ്പോഴും അദ്ദേഹം കൂട്ടാക്കിയിട്ടില്ല. 15 ശതമാനത്തിൽ തന്നെ സുപ്രീം കോടതിവിധി വന്നതോടുകൂടി മാനേജർമാർക്ക് സമുദായത്തിൻെറ പേരിൽ ഇഷ്ടമുള്ള ആളുകളെ സെലക്ട് ചെയ്യാമെന്നതിൽ മാററം വന്നു. ഇവിടത്തെ പ്രത്യേകത അതാണ്. ആ മാററം എന്താണ്? മെറിററിൻെറ അടിസ്ഥാനത്തിൽ മാത്രമേ ആ ന്യൂനപക്ഷങ്ങളിൽ നിന്നുപോലും സെലക്ഷൻ

LIBRARY ARCHIVES Kerala Legislative Assembly

നടത്താവു എന്നതാണ് ഇവിടത്തെ മാനേജർമാരെ പ്രത്യേകമായി ബാധിക്കുന്ന ഒരു പ്രശ്നം. അതിനെക്കുറിച്ച് മാത്രമാണ് സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിരുന്നതെങ്കിൽ ഞങ്ങൾക്ക് മനസിലാക്കാമായിരുന്നു. ഇവിടെ 23 കൊല്ലക്കാലം നിലനിന്നു വന്നിരുന്ന 15 ശതമാനം സെലക്ഷൻ മാനേജർമാർക്ക് ന്യൂനപക്ഷങ്ങൾ എന്നുള്ള നിലയിൽ എടുക്കാമായിരുന്നു. 85 ശതമാനം സംസ്ഥാന ഗവൺമെന്റും കേന്ദ്ര ഗവൺമെന്റും നിശ്ചയിക്കുന്ന സംവിധാനമനുസരിച്ച് മാത്രമേ സെലക്ട് ചെയ്യാൻ സാധിക്കുമായിരുന്നുള്ളൂ. ആ 15 ശതമാനത്തിലേക്ക് മെറിറ്റ് വന്നതോടുകൂടി അവർ എൻജോയ് ചെയ്തുകൊണ്ടിരുന്ന ആനുകൂല്യത്തിനു ഒരു കുറവ് വന്നിട്ടുണ്ടെന്ന് സംസ്ഥാന ഗവൺമെന്റ് കോടതിയെ അറിയിക്കുകയാണെങ്കിൽ അത് ഞങ്ങൾക്ക് മനസിലാകും. കോടതി അതിന്റെ വിവേചനാധികാരം അനുസരിച്ചുള്ള വിധി പറയട്ടെ. എന്നാൽ ഇവിടെ മുമ്പ് ചെയ്തതുപോലെ ബഹുമാനപ്പെട്ട മന്ത്രിയും ഗവൺമെന്റും സുപ്രീം കോടതിയെ കേരളത്തിന്റെ പ്രത്യേക സ്ഥിതി അറിയിക്കാൻ കൂട്ടാക്കാതിരുന്നുവെന്ന് മാത്രമല്ല തെറ്റിദ്ധരിപ്പിക്കത്തക്ക വിധത്തിൽ ഏതാണ്ട് ഉത്തരേന്ത്യയിലെ ആന്ധ്രയിലും മററ് സംസ്ഥാനങ്ങളിലും ചെയ്തതുപോലെ 50 ശതമാനം വേണമെങ്കിൽ മാനേജർമാർക്ക് സെലക്ട് ചെയ്യാമെന്നനിലയിലുള്ള ഒരു മറുപടിയാണ് സുപ്രീം കോടതിയുടെ ചോദ്യാവലിക്ക് നമ്മുടെ ബഹുമാനപ്പെട്ട മന്ത്രിയും അദ്ദേഹത്തിന്റെ സിൽബന്തികളും ഇന്ന് കൊടുത്തിരിക്കുന്നത്. അത് കോടതിയെ തെററിദ്ധരിപ്പിക്കലാണ് എന്നാണ് ഞങ്ങൾ ഇവിടെ ചൂണ്ടി കാണിക്കാൻ ആഗ്രഹിക്കുന്നത്. 15 ശതമാനം മെരിററിന്റെ അടിസ്ഥാനത്തിൽ സെലക്ട് ചെയ്യുന്നതിന് പകരം മാനേജ്മെന്റിന് കഴിഞ്ഞവർഷത്തെപോലെ 50 ശതമാനം കുട്ടികളെ സെലക്ട് ചെയ്യാനുള്ള സ്വാതന്ത്ര്യം നൽകുകയെന്ന് വന്നാൽ അത് കൊല്ലത്തും കോതമംഗലത്തും ഉള്ള സ്വകാര്യ മാനേജർമാരെ മാത്രം ബാധിക്കുന്നതല്ല; കേരളത്തിലെ ആകെയുള്ള സ്വകാര്യ മാനേജർമാർക്ക് ഇതുപോലുള്ള ന്യായമായ അവകാശവാദം നടത്താനും വിദ്യാഭ്യാസ മേഖലയെ ആകെത്തന്നെ വർഗ്ഗീയ വൽക്കരിക്കാനും അഴിമതിയുടെ കേന്ദ്രമാക്കി മാററാനും അവസരമുണ്ടാകു മെന്നാണ് പറയുന്നത്. പത്രങ്ങളായ പത്രങ്ങളെല്ലാം തന്നെ ഏക സ്വരത്തിൽ ഈ നീക്കത്തിനെതിരായി ശക്തമായിട്ട് ജനങ്ങളേയും ഗവൺമെന്റിനേയും അറിയിച്ചുകൊണ്ടാണിരിക്കുന്നതെന്ന് മനസി ലാക്കണം. അതുകൊണ്ട് ചെറിയതരത്തിൽ ഒരു സൂത്രത്തിലുള്ള വിശദീ കരണംകൊണ്ട് ജനങ്ങളെ തെററിദ്ധരിപ്പിക്കാൻ ശ്രമിക്കരുത്. യഥാർത്ഥ വസ്തുത ഇപ്പോഴും ബഹുമാനപ്പെട്ട മന്ത്രി ഈ സഭയെ അറിയിച്ചില്ല. ന്യൂനപക്ഷങ്ങളുടെ അത്താണിയാണ് ഞങ്ങൾ എന്നുള്ള വാദം ഉന്നയിച്ചു കൊണ്ട് ന്യൂനപക്ഷങ്ങൾക്ക് അർഹതപ്പെട്ടതല്ലാത്ത കാര്യങ്ങളാണ് ഇവിടെ വാദിച്ചത്. Establish or administrate എന്നതിന് എസ്റ്റാബ്ലിഷ് ചെയ്യുകയും അഡ്മിനിസ്ട്രേററ് ചെയ്യുകയും എന്നുള്ളതാണ് ഭരണ ഘടനയിലെ 30-ാം വകുപ്പിലെ 1-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ളത്. 'or' അല്ല. ഇവിടെ 'or' പറയുന്നത് മറെറാരു ഉദ്ദേശത്തോടു കൂടിയാണ്.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഭരണഘടനയിലെ 30-ാം വകുപ്പിലെ 1-ാം ഉപവകുപ്പിൽ I am referring to Basu's Commentary on the Constitution of India. Page 264. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ രണ്ട് കണ്ടീഷൻസിൽ പ്രധാനം In order to

claim the benefit of Article 30 (1) the community must show (a) that, it is a religious or linguistic minority and (b) that the institution was established by it. ഇത് രണ്ടുമാണ്. ന്യൂനപക്ഷ സമുദായമാണെന്ന് സ്ഥാപിക്കണം. അതാണ് പ്രധാനം. Without satisfying these two conditions, it cannot claim the guaranteed right to administer it. ഒന്ന് ന്യൂനപക്ഷ സമുദായത്തിന്റേതാണെന്ന് കാണിക്കണം. രണ്ട് അവർ എസ്റ്റാബ്ലിഷ് ചെയ്തതാണെന്ന് കാണിക്കണം. എസ്റ്റാബ്ലിഷ് ചെയ്തതല്ലെങ്കിൽ അഡ്മിനിസ്റ്റർ ചെയ്യാനുള്ള അവകാശമില്ല. The fundamental conditions. ഈ രണ്ട് കണ്ടീഷൻസും എന്ന് പറയുന്നത് linguistic minority community. അല്ലെങ്കിൽ മൈനോറിറ്റി കമ്മ്യൂണിറ്റി ആണെന്ന് അവർ സ്ഥാപിച്ചതായിരിക്കണം. അല്ലാതെ ബഹുമാനപ്പെട്ട മെമ്പർ പറയുന്നതുപോലെയല്ല കോൺസ്റ്റിറ്റ്യൂഷൻ.

ശ്രീ. വി. എസ്. അച്യുതാനന്ദൻ: ബഹുമാനപ്പെട്ട നിയമവകുപ്പുമന്ത്രി സത്യസന്ധമായിട്ടുള്ള നിലയിൽ ഈ കാര്യം സഭയെ ധരിപ്പിക്കുമെന്ന് വിചാരിച്ചാണ് ഞാൻ ചോദ്യത്തിന് വഴങ്ങിക്കൊടുത്തത്. ഇവിടെ ഞാൻ ഭരണഘടനയുടെ 30-ാം വകുപ്പ് ക്വോട്ട് ചെയ്തത്, ബഹുമാനപ്പെട്ട രാമകൃഷ്ണൻ നേരത്തെ സൂചിപ്പിച്ചത്, ബഹുമാനപ്പെട്ട ബേബിജോൺ സൂചിപ്പിച്ചത് എല്ലാം ഒരേ കാര്യം തന്നെയാണ്. ന്യൂനപക്ഷങ്ങൾ കോളേജ് സ്ഥാപിക്കുകയും നടത്തിക്കൊണ്ടുപോവുകയും ചെയ്താലേ ന്യൂനപക്ഷങ്ങളുടേതാവുകയുള്ളുവെന്ന് പറഞ്ഞുകൊണ്ടാണ് ആന്ധ്രയിൽ Unnikrishnan Vs. കേസിൽ വിധി വന്നിട്ടുള്ളത്. അതിനെ ആ നിലയിൽ കാണുകയും ആ നിലയിലല്ലാത്ത കോളേജുകളെ ആ നിലയിൽ തിരസ്കരിക്കുകയും ചെയ്യേണ്ടതാണ്. ഇവിടെത്തന്നെ അതിന് അനുഭവങ്ങളുണ്ടായിട്ടുണ്ട്. നിങ്ങൾ നിയമിച്ചിരിക്കുന്ന കേരളത്തിലെ ലാ സെക്രട്ടറി, ഇതു സംബന്ധിച്ച് അഭിപ്രായം പറഞ്ഞത്, കൊല്ലത്തേയും കോതമംഗലത്തേയും കോളേജുകൾ ഈ ന്യൂനപക്ഷ കോളേജുകളുടെ പദവിയിൽപ്പെടുന്നതല്ലെന്നാണ്., ഉന്നത വിദ്യാഭ്യാസ ഡയറക്ടർ പറഞ്ഞതാകട്ടെ, കൊല്ലത്തേയും കോതമംഗലത്തേയും കോളേജുകൾ ന്യൂനപക്ഷ കോളേജുകളുടെ പദവിയിൽപ്പെടുന്നതല്ലെന്നാണ്. ഇവരോട് ചർച്ച ചെയ്യാതെയാണ് ബഹുമാനപ്പെട്ട മന്ത്രിയും അനുയായികളും ഇതു സംബന്ധിച്ച ചോദ്യാവലിക്ക് സുപ്രീംകോടതിയിൽ മറുപടി നൽകിയിട്ടുള്ളത്. അത് ഒരു പ്രത്യേക ഉദ്ദേശത്തോടുകൂടിയിട്ടാണ്. കേരളത്തിൽ നിലനിൽക്കുന്ന കാര്യങ്ങൾ പ്രതിപക്ഷം പറയുന്നതല്ല. നിയമവകുപ്പ് സെക്രട്ടറി ഗവൺമെന്റിന്റേതാണ്, അതിനാൽ ഞങ്ങളുടെയും കൂടെയാണ്. ഉന്നത വിദ്യാഭ്യാസ ഡയറക്ടർ ഗവൺമെന്റിന്റേതാണ്, അതിനാൽ ഞങ്ങളുടെയും കൂടെയാണ്. അവരാണ് ഇതു സംബന്ധിച്ച് പഠിച്ചതിനുശേഷം വ്യക്തമായി അഭിപ്രായം പറഞ്ഞിട്ടുള്ളത്. ആ അഭിപ്രായത്തിന് വിരുദ്ധമായിട്ടുള്ള നിലയിൽ സുപ്രീം കോടതിയെ തെറ്റിദ്ധരിപ്പിക്കത്തക്കതരത്തിലാണ് ഉണ്ണികൃഷ്ണൻ Vs. കേസിലെ വിധിയുടെ അടിസ്ഥാനത്തിൽ ഉത്തരേന്ത്യയിൽ സ്വകാര്യ കോളേജുകൾ നടത്തുന്ന, എസ്റ്റാബ്ലിഷ് ചെയ്യുകയും അഡ്മിനിസ്റ്റർ ചെയ്യുകയും ചെയ്യുന്ന ഉത്തരേന്ത്യയിലെ കോളേജുകളെപ്പോലെ തന്നെയാണ്. 50 ശതമാനം അഡ്മിഷന് അധികാരമുള്ള കോളേജുകളെപ്പോലെതന്നെയാണ് കേരളത്തിലെയും കോളേജുകളെന്ന വ്യാഖ്യാനം ദുർവ്യാഖ്യാനമാണ്. കേരളത്തിലിരിക്കുന്ന സംവിധാനത്തെ അട്ടിമറിക്കത്തക്കതരത്തിലുള്ള ഒരു മറുപടി കൊടുക്കുന്നതിന്റെ ഫലമായി ദൂരവ്യാപകമായ കുഴപ്പങ്ങൾ വരാൻ

LIBRARY ARCHIVES Kerala Legislative Assembly

പോവുകയാണ്. കോടതി അങ്ങനെ തെററിദ്ധരിക്കാൻ ഇടയാകാത്ത വിധത്തിൽ സത്യസന്ധമായിട്ടുള്ള വസ്തുതകൾ കോടതിയെ അറിയിക്കണമെന്നാണ് ഞങ്ങൾ പറഞ്ഞിട്ടുള്ളത്. ഈ പ്രശ്നം സബ്മിഷനായും അടിയന്തിരപ്രമേയമായുമെല്ലാം ഞങ്ങൾ ഒന്നിനു പുറകെ ഒന്നായി ചൂണ്ടിക്കാണിക്കുന്നത്, കേരളത്തിൽ ഇന്നുള്ള സംവിധാനം അട്ടിമറിക്കാൻ ഇടയാകരുതെന്നുള്ളതുകൊണ്ടാണ്. കുട്ടികളെയും രക്ഷകർത്താക്കളെയും വിദ്യാഭ്യാസത്തെയും സ്നേഹിക്കുന്നവരുടെയെല്ലാം ആഗ്രഹാഭിലാഷങ്ങൾ തകർക്കാൻ ഇടയാകരുത്. ഇപ്പോഴിവിടെ അൺഎയ്ഡഡ് സ്കൂളുകൾ നൽകുക, ഇവിടെ ഇപ്പോൾ അൺഎയ്ഡഡ് കോളേജുകൾ അനുവദിക്കുക, ആട്ടോണമസ് കോളേജുകൾ അനുവദിക്കുക ഇങ്ങനെ വിദ്യാഭ്യാസ മേഖലയാകെ കച്ചവടവൽക്കരിച്ചു കൊണ്ടിരിക്കുകയാണ്. അതിന്റെ ഭാഗമായിട്ടാണ് ഈ നിലപാട് ഇപ്പോൾ വന്നിട്ടുള്ളത്. ഇതിൽ സഭയെയും ജനങ്ങളെയും തെററിദ്ധരിപ്പിക്കാൻ വേണ്ടി ബഹുമാനപ്പെട്ട മന്ത്രി ആവർത്തിച്ചു നടത്തിയിരിക്കുന്ന വിശദീകരണം യാതൊരു തരത്തിലും ഞങ്ങൾക്ക് തൃപ്തികരമല്ല. ഇത് ഈ സഭയെ തെററിദ്ധരിപ്പിക്കാൻവേണ്ടി, മാനേജർമാരെ സഹായിക്കാൻവേണ്ടി ബോധപൂർവ്വം നൽകുന്ന വിശദീകരണമായതിനാൽ ഈ സഭ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്ന ആവശ്യം ഗവൺമെൻറ് നിരോധിച്ചിരിക്കുന്ന സാഹചര്യത്തിൽ ഞാനും എന്റെ കക്ഷിയും ഈ നടപടിയിൽ ശക്തമായി പ്രതിഷേധിച്ച് വാക്കൗട്ട് നടത്തുകയാണ്.

(ശ്രീ. വി. എസ്. അച്യുതാനന്ദനും അദ്ദേഹത്തിന്റെ പാർട്ടിയിൽ പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

ശ്രീ. പി. എസ്. ശ്രീനിവാസൻ: സർ, ഡെപ്യൂട്ടി സ്പീക്കർ ചെയറിൽ ഇരിക്കുമ്പോൾ കൂടുതൽ സമയം എനിക്ക് സംസാരിക്കാമെന്നുള്ള ഒരു സ്വാതന്ത്ര്യത്തോടുകൂടിയാണ് ഞാൻ എഴുന്നേററത്.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ഈ വലിയ വിഷയം സുപ്രീം കോടതിയിൽ Attorney General, Solicitor General, Nariman........ഇവരൊക്കെ വാദിക്കട്ടെ. നമ്മൾ ഇപ്പോഴേ ഈ വാദങ്ങൾ നടത്തിയാൽ വലിയ ബുദ്ധിമുട്ടായിട്ട് വരും.

ശ്രീ. പി. എസ്. ശ്രീനിവാസൻ: എനിക്ക് ഒരു വാദവുമില്ല. അവർ മാത്രമല്ല, ശ്രീ. കെ. എം. മാണിയും അവിടെപ്പോയി നമ്മുടെ ഈ കേസ് ശരിക്ക് വാദിക്കണമെന്നാണ് എന്റെ അഭിപ്രായം.

സർ, ഇവിടത്തെ പ്രധാനപ്പെട്ട രണ്ട് ന്യൂനപക്ഷ സമുദായങ്ങളാണ് മുസ്ലീം, ക്രിസ്ത്യൻ കമ്മ്യൂണിററികൾ. അവർതന്നെ പല ഡിനോമിനേഷൻസായിട്ട് മാറും. ആ ഡിനോമിനേഷൻസ് ഓരോന്ന് നടത്തുന്ന കോളേജുകൾ വിഭജിച്ച് എടുത്താൽ അവർക്കുതന്നെ ഇതുകൊണ്ട് ബുദ്ധിമുട്ടാകും. ഞാൻ പറയുന്നത്, കളിച്ച് കളിച്ച് നിങ്ങൾ ഈ ന്യൂനപക്ഷങ്ങളെ ഉപദ്രവിക്കരുതെന്നാണ്. ന്യൂനപക്ഷങ്ങൾക്ക് ഇപ്പോൾ കിട്ടിക്കൊണ്ടിരിക്കുന്ന ആനുകൂല്യങ്ങളും അവകാശങ്ങളും ഇല്ലാതാക്കിത്തീർക്കരുത്. എനിക്ക് അതാണ് ഇവിടത്തെ ബഹുമാനപ്പെട്ട സ്നേഹിതൻമാരോട് പറയാനുള്ളത്. ഇൻഡ്യയിൽ വളർന്നു വരുന്ന വലിയൊരു ടെൻറൻസിയുണ്ട്. ഇപ്പോൾ കാശ്മീരിന് കൊടുത്തിട്ടുള്ള പ്രത്യേക പദവി, കാശ്മീരിന് കൊടുക്കുന്ന പ്രത്യേക ആനുകൂല്യം—ഇതെല്ലാം എടുത്ത് കളയണമെന്ന് പറഞ്ഞുകൊണ്ട് ഇവിടത്തെ ഒരു പ്രത്യേക വിഭാഗം

വളരെ ശക്തമായി പ്രക്ഷോഭം നടത്തിക്കൊണ്ടിരിക്കുന്നു. അതുപോലെ തന്നെ ഭൂരിപക്ഷത്തിനുള്ളതിനേക്കാൾ കൂടുതൽ ന്യൂനപക്ഷത്തിന് അവകാശം വേണമോയെന്ന് ചോദിക്കുന്ന മറെറാരു വാദഗതിയുണ്ട്. ഇവിടത്തെ മതമൗലിക വാദികളായ ഒരു പ്രത്യേക വിഭാഗം, പ്രത്യേകിച്ചും ഭൂരിപക്ഷ മതത്തിലെ വിഭാഗം വളരെ ശക്തിയായി അതൊക്കെ ഉന്നയിക്കുകയും പ്രക്ഷോഭം നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ ഇവിടെ കലാപമെല്ലാം ഉണ്ടാക്കിക്കൊണ്ടിരിക്കുകയും ചെയ്യുകയാണ്. അങ്ങനെയുള്ള ഒരു സന്ദർഭത്തിൽ നമ്മുടെ ബഹുമാന്യരായ നേതാക്കൻമാർ, സുഹൃത്തുക്കൾ, ആ മതവിഭാഗത്തിൽപ്പെട്ട ആളുകൾക്ക് ഇന്നുള്ള ആനുകൂല്യങ്ങൾ തന്നെ പരിരക്ഷിക്കാൻ, അവർക്ക് മററുള്ളവരുടേയും കൂടെ സമ്മതത്തോടുകൂടി കൂടുതൽ ആനുകൂല്യങ്ങൾ നേടാൻ ഉള്ള പരിശ്രമമാണ് നടത്തേണ്ടതെന്ന് വളരെ സ്നേഹബുദ്ധ്യ ഓർമ്മപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്.

സർ, ഇവിടെ ഇപ്പോൾ ഒരു പ്രശ്നമുള്ളത്, ഒരു വ്യവസ്ഥ നിലവിലിരിക്കുന്നുണ്ട്. ആ വ്യവസ്ഥയുടെ അടിസ്ഥാനത്തിലാണ് കോളേജിന് അപേക്ഷിക്കുന്നത്. ആ വ്യവസ്ഥയ്ക്ക് വിധേയമായിട്ടാണ് കോളേജ് കിട്ടിയത്. കോളേജ് കിട്ടിയതിനുശേഷം പിന്നെ സർക്കാരുമായി ചില ഉടമ്പടികളിൽ ഏർപ്പെട്ടു. ആ ഉടമ്പടികൾ അഭംഗുരം പാലിക്കണമെന്നുള്ളതാണ് വാസ്തവത്തിൽ ശ്രദ്ധിക്കേണ്ടതെന്നാണ് എനിക്ക് തോന്നുന്നത്. ഇവിടെ ഇപ്പോൾ കോളേജിൽ സീററുകളിൽ റിസർവേഷന്നുണ്ട്, അതായത് ഒ.ബി.സി.-ക്ക്, പട്ടികജാതിക്കാർക്ക്, മാനേജ്മെൻറിന് ഇതെല്ലാം കഴിഞ്ഞാൽ പിന്നെ വളരെ കൃത്യമായി വിഭജിച്ചിട്ടുള്ള സീററുകളാണുള്ളത്. അതനുസരിച്ച് പ്രവേശനം നടത്തിക്കൊണ്ടിരിക്കുമ്പോൾ അതിനെ തകിടം മറിച്ച് രാജ്യത്ത് പുതിയൊരു കുഴപ്പമുണ്ടാക്കണമോ, കലാപമുണ്ടാക്കണമോ? ഇതൊക്കെ തൽക്കാലം സൗകര്യമായിരിക്കും. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഗൗരവപൂർവ്വം ഈ കാര്യം ആലോചിക്കേണ്ടതാണ്. അങ്ങയുടെ മന്ത്രിസഭ തീരുമാനങ്ങളെടുക്കുമ്പോൾ കേവലം ആ വകുപ്പിന്റെ ചുമതല കൈകാര്യം ചെയ്യുന്നവർക്ക് മാത്രമായി ഇങ്ങനെയുള്ള കാര്യങ്ങൾ വിട്ടുകൊടുക്കാൻ പാടില്ല. ഇത് വളരെ ഗൗരവപൂർവ്വം ആലോചിച്ച് സംസ്ഥാനത്തിന്റെ പൊതുവായ താൽപ്പര്യവും ന്യൂനപക്ഷങ്ങളുടെ താൽപ്പര്യവും പരിരക്ഷിക്കത്തക്ക വിധത്തിലുള്ള തീരുമാനമാണ് എടുക്കേണ്ടത്. പത്രങ്ങളിൽ കണ്ട റിപ്പോർട്ടുകളെല്ലാം വളരെ ആശങ്കാജനകമായിട്ടുള്ളതാണ്. ആ ആശങ്ക പ്രകടിപ്പിക്കാതിരിക്കുന്നത് മഹാമോശമാണ്. ആ ആശങ്ക ഇവിടെ ഞാൻ വളരെ ശക്തിയായി പ്രകടിപ്പിക്കുന്നു. ഈ കാര്യത്തിൽ ഗവൺമെൻറ് എടുക്കുന്ന നിലപാടിൽ ഞങ്ങൾക്ക് വളരെ സംശയങ്ങളുണ്ട്, ആശങ്കകളുണ്ട് എന്ന് അഭിപ്രായപ്പെടുകയും ഈ നിലപാട് സ്വീകരിക്കുന്നതിനുള്ള പ്രതിഷേധം രേഖപ്പെടുത്തുകയും ചെയ്തുകൊണ്ട് ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുകയാണ്.

(ശ്രീ. പി. എസ്. ശ്രീനിവാസനും അദ്ദേഹത്തിന്റെ പാർട്ടിയിൽപെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. ബേബി ജോൺ: സർ, ഈ അടിയന്തിര പ്രമേയത്തിന് മറുപടി പറഞ്ഞ അവസരത്തിൽ സുപ്രീം കോടതിയിൽ ഇരിക്കുന്ന കേസിനെ സംബന്ധിച്ച് ഇവിടെ ചർച്ച നടക്കുന്നു അല്ലെങ്കിൽ അത് എന്താണ് എന്ന് മനസ്സിലാക്കുന്നതിനല്ല പ്രതിപക്ഷം ഇത് ഉന്നയിച്ചത്. പ്രതിപക്ഷം അത് ഉദ്ദേശിച്ചുമില്ല. സുപ്രീം കോടതിയുടെ

ചോദ്യാവലിക്ക് കൊടുത്ത മറുപടിയിൽ ന്യൂനപക്ഷ അവകാശങ്ങളുടെ പേരിൽ തെററായി അമിതമായ അവകാശങ്ങൾ നൽകാനുള്ള സൂചനയാണുള്ളതെന്നാണ് പ്രതിപക്ഷം പറഞ്ഞത്. എന്റെ അഭിപ്രായത്തിൽ സംസ്ഥാനത്തെ ഈ രണ്ട് എഞ്ചിനീയറിംഗ് കോളേജുകളും ന്യൂനപക്ഷ കോളേജുകളല്ല. എന്തുകൊണ്ടെന്നാൽ ന്യൂനപക്ഷം സ്ഥാപിച്ചതാണെങ്കിൽ തന്നെയും ഒരു എഗ്രിമെൻറുമൂലം അവരുടെ അവകാശങ്ങൾ അവർ കൈയൊഴിഞ്ഞിരിക്കുന്നു. ആ എഗ്രിമെൻറിൽ പറഞ്ഞിരിക്കുന്ന 85-15 എന്നുള്ള പാറേറൺ ഉണ്ട്. അപ്പോൾ ന്യൂനപക്ഷ കോളേജുകളെന്ന് പറഞ്ഞ് അവർക്ക് അവകാശപ്പെടാൻ അധികാരമില്ല. കാരണം, അവർ ഒരു എഗ്രിമെൻറ് മൂലം തന്നെ അതിൽനിന്ന് മാറിയിരിക്കുന്നു. ആ എഗ്രിമെൻറ് വ്യവസ്ഥയനുസരിച്ച് ഇവിടെ പ്രവേശനം നടക്കുന്നു.

മറെറാരു കാര്യം സൂചിപ്പിക്കാനുള്ളത്, എസ്ററാബ്ലിഷ് ചെയ്യുകയും അഡ്മിനിസ്ട്രേററ് ചെയ്യുകയും ചെയ്യുകയെന്നുള്ളത് ന്യൂനപക്ഷ അവകാശങ്ങൾ സ്ഥാപിക്കുന്നതിനുവേണ്ടി ഒരുമിച്ച് ചേരേണ്ടതാണ്. രണ്ടിൽ ഏതെങ്കിലും ഒന്ന് മതിയെന്ന് അർത്ഥം വരത്തക്ക രീതിയിലുള്ള മറുപടി ശരിയല്ല. ഭരണഘടനാ നിർദ്ദേശങ്ങൾക്കെതിരായിട്ടാണ് വരുന്നത്. അതുകൊണ്ടാണ് ഞങ്ങൾ പറയുന്നത്, എസ്ററാബ്ലിഷ് ചെയ്യുകയും അഡ്മിനിസ്ററർ ചെയ്യുകയും വേണ്ടിയിരിക്കുന്നുവെന്ന്. ബഹുമാനപ്പെട്ട മന്ത്രി 'മാണിക്ക്' വല്ല തർക്കവുമുണ്ടെങ്കിൽ സുപ്രീം കോടതിയുടെ റൂളിംഗ് ഒക്കെത്തന്നെ ഇക്കാര്യത്തിലുണ്ട്. എസ്ററാബ്ലിഷ് ചെയ്യണം, അഡ്മിനിസ്ററർ ചെയ്യണം. അത് ആര് എന്നുള്ള ക്വസ്ററ്യൻ വരുന്നു. മൈനോറിററി കമ്മ്യൂണിററീസ് സംബന്ധിച്ച് ഇവിടെ നിങ്ങൾ നൽകിയിരിക്കുന്ന മറുപടിയിൽ ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുമോ എന്നാണ് ഞാൻ സംശയിക്കുന്നത്. മറുപടി നിങ്ങൾക്കേ അറിയാവൂ. വ്യക്തികൾ നടത്തുന്ന സ്ഥാപനങ്ങൾക്ക് മൈനോറിററി റൈററ് കൊടുക്കാം എന്നുള്ള ധ്വനി നിങ്ങളുടെ മറുപടിയിലുണ്ട്. അത് അപകടം ചെയ്യുമെന്നാണ് എന്റെ വിശ്വാസം. വ്യക്തികൾക്കല്ല, minorities, as a class, as a section. അവർക്കാണ് ഇതിന്റെ റൈററ്. അല്ലാതെ മൈനോറിററി കമ്മ്യൂണിററിയിൽ വ്യക്തികൾക്ക് ഇതിന്റെ അവകാശം കൊടുക്കാമെന്ന് വന്നാൽ...... ഇപ്പോൾ നമ്മുടെ സംസ്ഥാനത്തെ അപകടമെന്താണെന്നു ഞാൻ ചോദിക്കട്ടെ: നിങ്ങൾ ഇപ്പോൾ കൺഫേം ചെയ്തിരിക്കുന്നത് രണ്ട് എഞ്ചിനീയറിംഗ് കോളേജുകളുടെ കാര്യത്തിലാണ്. സെൻറ് സ്ററീഫൻസ് കോളേജിനെ സംബന്ധിച്ചുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വന്ന ചോദ്യാവലി. ഈ സംസ്ഥാനത്ത് ഞാൻ ഈ പറഞ്ഞ നയമാണ് ഗവൺമെൻറ് സ്വീകരിക്കുന്നതെങ്കിൽ മൈനോറിററി കമ്മ്യൂണിററീസിലെ വ്യക്തികൾ നടത്തുന്ന സ്ഥാപനങ്ങൾക്ക് ഈ റൈററ് കൊടുക്കണം. ആ കമ്മ്യൂണിററീസ് എസ്ററാബ്ലിഷ് ചെയ്യുന്നതല്ലാതെ ആ കമ്മ്യൂണിററീസിലെ വ്യക്തികൾ നടത്തുന്ന സ്ഥാപനങ്ങൾക്കും ഈ റൈററ് കൊടുക്കണം. അങ്ങനെ കൊടുക്കത്തക്ക രീതിയിലുള്ള മറുപടി ഭരണഘടനാ വിരുദ്ധമാണെന്ന് മാത്രമല്ല ഗുരുതരമായ പ്രത്യാഘാതങ്ങൾ നമ്മുടെ സംസ്ഥാനത്തുണ്ടാക്കും. പിന്നെ നിങ്ങൾ കൊടുത്തിരിക്കുന്ന മറുപടിയെക്കുറിച്ച് പറഞ്ഞു. 50 ശതമാനം എനിക്ക് മനസ്സിലാക്കാൻ കഴിയും. ഒരു എഗ്രിമെൻറ് മൂലം നിലവിലിരിക്കുന്ന സംവിധാനം 85/15. പക്ഷെ നിങ്ങൾ 50 ശതമാനം കൊടുക്കണമെന്ന് പറയുകയും അത് മാനേജ്മെൻറിന് ഇഷ്ടംപോലെ സെലക്ഷൻ നടത്താമെന്ന് പറയുകയും ചെയ്താൽ നിങ്ങൾതന്നെ വിശ്വസിക്കുന്ന, നിങ്ങൾ നിൽക്കുന്നു എന്ന്, അവകാശപ്പെടുന്ന മൈനോറിററി

LIBRARY ARCHIVES Kerala Legislative Assembly

കമ്മ്യൂണിററിക്ക്, അതിന്റെ പ്രയോജനം മെരിററിലുള്ള കുട്ടികൾക്ക് കിട്ടുമോ? മാനേജുമെന്റിന് ഇഷ്ടമുള്ള രീതിയിൽ 50 ശതമാനം സീററ് എടുക്കാനുള്ള അവകാശം കൊടുക്കണമെന്ന് ചോദ്യാവലിക്ക് മറുപടി വരികയാണെങ്കിൽ മൈനോറിററി കമ്മ്യൂണിററിയിലെ മിടുക്കരായ കുട്ടികൾക്ക്, മെരിററ് അടിസ്ഥാനത്തിൽ പ്രവേശനം ലഭിക്കാനുള്ള കുട്ടികൾക്ക്, എവിടെ കിട്ടും? കാരണം 50 ശതമാനം സീററ് സീൽ ചെയ്യുന്നു. 50 ശതമാനം സീററ് ക്ലോസ് ചെയ്യുന്നു. മൈനോറിററി കമ്മ്യൂണിററിക്ക് 50 ശതമാനം സീററ് സീൽ ചെയ്യുന്നു. ഓപ്പൺ മെരിററിൽ മൈനോറിററി കമ്മ്യൂണിററി വരുന്നില്ല. കാരണം 50 ശതമാനം മൈനോറിററി കമ്മ്യൂണിററീസിനുവേണ്ടി സീൽ ചെയ്യുമ്പോൾ ഓപ്പൺ മെരിററിൽ വരുന്നതുമില്ല. ഇവിടെ മാനേജുമെന്റിന് ഇഷ്ടമുള്ള രീതിയിൽ 50 ശതമാനം എടുക്കാമെന്ന് പറഞ്ഞാൽ മെരിററിന്റെ അടിസ്ഥാനത്തിൽ എടുക്കാൻ അർഹതയുള്ള കുട്ടികൾക്ക് ഇല്ലാതെ പോകുന്നു. അപ്പോൾ വളരെ ഗുരുതരമാണ്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് വ്യക്തികൾ നടത്തുന്ന സ്ഥാപനങ്ങൾക്ക് ഇതിന്റെ അവകാശം നിങ്ങൾ പറഞ്ഞ വ്യാഖ്യാനമാണെങ്കിൽ കൊടുക്കേണ്ടിവരും. ഇപ്പോൾത്തന്നെ അറിയാമല്ലോ മൈനോറിററി ഇൻസ്ററിററ്യൂഷൻസിൽ സ്കൂളുകളിൽ ഹെഡ്മാസ്ററർമാരെ നിയമിക്കണം. ഇത് എഞ്ചിനീയറിംഗ് കോളേജിൽ മാത്രം ഒതുങ്ങുകയില്ല. മൈനോറിററി ഇൻസ്ററിററ്യൂഷൻസ് നടത്തുന്ന സ്കൂളുകളിലും കോളേജുകളിലുമൊക്കെ സീനിയോറിററി നോക്കാതെ ക്വാളിഫിക്കേഷൻസ് മാത്രം നോക്കി ഹെഡ്മാസ്ററർമാരെ പോസ്ററ് ചെയ്യുകയാണ്. പക്ഷെ ഇൻഡിവിഡ്വൽസ് നടത്തുന്നതിൽ സീനിയോറിട്ടി നോക്കണമെന്നുണ്ട്. നിങ്ങളുടെ ഈ വാദം വരികയാണെങ്കിൽ നമ്മുടെ സ്വകാര്യ വ്യക്തികൾ നടത്തുന്ന സ്ഥാപനങ്ങൾ, സ്കൂളുകൾ ഇതൊക്കെ ത്തന്നെ തകിടം മറിക്കാനുള്ള പ്രശ്നമുണ്ടാകും. അങ്ങനെ ഗുരുതരമായ പ്രത്യാഘാതങ്ങളുണ്ടാകാൻ ഇടയുണ്ട്.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ബഹുമാനപ്പെട്ട ബേബി ജോൺ, സെൻറ് സ്ററീഫൻസ് കോളേജ് വിധി അനുസരിച്ച് 50 ശതമാനം കൊടുക്കാമെന്നു പറഞ്ഞിട്ടുണ്ടെങ്കിലും ഈ ഗവൺമെൻറ് അതു അംഗീകരിക്കുന്നില്ല എന്നു പറഞ്ഞു. 50 ശതമാനം കൊടുക്കാൻ ഈ ഗവൺമെൻറ് നിലപാട് എടുത്തിട്ടില്ല.

ശ്രീ. ബേബി ജോൺ: നിങ്ങൾ അങ്ങനെയല്ല പറഞ്ഞത്. നിങ്ങൾ പറഞ്ഞത് ഞാൻ മനസ്സിലാക്കിയിടത്തോളം ഈ രണ്ട് കോളേജുകളെ ക്കുറിച്ച് മാത്രം ഇവിടെയൊരു സംവിധാനം നിലവിലുണ്ട്; അത് ഞാൻ സമ്മതിക്കുന്നു. അതുകൊണ്ട് ഈ രണ്ട് കോളേജുകൾക്കും ബാധകമല്ല എന്നാണ് നിങ്ങൾ പറഞ്ഞതിന് അർത്ഥം. ഈ സ്ഥാപനങ്ങൾ വ്യക്തികൾ നടത്തിയാൽ അവർക്ക് മൈനോറിററി കമ്മ്യൂണിററീസിന്റെ പ്രൊട്ടക്ഷൻ നൽകണമെന്നു പറഞ്ഞാൽ ദൂരവ്യാപകമായ പ്രത്യാഘാതങ്ങ ളുണ്ടാക്കും. അതുകൊണ്ടാണ് ഞാൻ ഇത് പറയുന്നത്. ഇതു ശരിയല്ല. നിങ്ങൾ പറഞ്ഞ രണ്ട് കോളേജുകൾക്ക് വേണ്ടിയല്ല. ഈ രാജ്യത്തെ മൈനോറിററി ഇൻസ്ററിട്യൂഷൻസിനെ സംബന്ധിച്ച ചോദ്യാവലിയാണ്. അതിൽ സർക്കാരിന്റെ അഭിപ്രായമാണ് പറയേണ്ടത്. സർക്കാരിന്റെ അഭിപ്രായം പറയുമ്പോൾ മൈനോറിററി കമ്മ്യൂണിററിയിൽ വ്യക്തികൾ നടത്തുന്ന സ്ഥാപനങ്ങൾക്ക് പ്രൊട്ടക്ഷൻ കൊടുക്കുക എന്ന് പറഞ്ഞാൽ അത് ഭരണഘടനാ വിരുദ്ധമാണെന്ന് മാത്രമല്ല ഏതെങ്കിലും രീതിയിൽ നടപ്പായി വന്നാൽ സംസ്ഥാനത്ത് ഒട്ടാകെ നിലനിൽക്കുന്ന വിദ്യാഭ്യാസ



LIBRARY ARCHIVES Kerala Legislative Assembly

സമ്പ്രദായത്തെ തകിടം മറിക്കുന്നതാണ്. അല്ലാതെ എഞ്ചിനീയറിംഗ് കോളേജിന് മാത്രമായി ഒതുങ്ങി നിൽക്കുന്നതല്ല. നമ്മുടെ പ്രൈമറി ക്ലാസ്സ് മുതൽ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളേയും ഇത് ബാധിക്കും. വളരെ ലാഘവത്തോടുകൂടിയാണ് നിങ്ങൾ ഈ പ്രശ്നത്തെ സമീപിക്കുന്നത്. അല്ലെങ്കിൽ ഇത് പറയേണ്ടി വരില്ല. മെരിററിനെ അവഗണിച്ചുകൊണ്ട് മാനേജുമെൻറിന് 50 ശതമാനം...... I am not talking about the agreement. ഇപ്പോൾ നിലവിലിരിക്കുന്ന 50 ശതമാനം മെരിററ് ഇല്ലാതെ ഇഷ്ടംപോലെ മാനേജ്മെൻറ് എടുക്കുമെന്ന് പറഞ്ഞാൽ മതന്യൂനപക്ഷത്തിലെ സമർത്ഥരായ കുട്ടികൾക്ക് അതും ദോഷം ചെയ്യും. അങ്ങനെ അപകടകരമായ ഒരു സമീപനമാണ് വരുത്തുന്നത്. അതിൽ പ്രതിഷേധിച്ച് ഞാനും എൻെറ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. ബേബി ജോണും അദ്ദേഹത്തിൻെറ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭയിൽനിന്നും ഇറങ്ങിപ്പോയി.)

ശ്രീ. കെ. കൃഷ്ണൺകുട്ടി: ഇന്ന് നിലവിലിരിക്കുന്ന സമ്പ്രദായം ആകെ തകരാറിലാക്കാൻ പോന്ന തരത്തിലുള്ളതാണ് ഗവൺമെൻറിൻെറ പുതിയ സമീപനം. 50 ശതമാനം മാനേജുമെൻറിന് കൊടുക്കുന്നു അല്ലെങ്കിൽ ന്യൂനപക്ഷങ്ങൾക്ക് കൊടുക്കുന്നു എന്ന് പറഞ്ഞാൽ നിലവിലുള്ള വ്യവസ്ഥ പ്രകാരം ഹരിജനങ്ങൾക്കും പിന്നോക്കക്കാർക്കും കിട്ടിയിരുന്ന ആനുകൂല്യങ്ങൾപോലും ഇല്ലാതാകുന്നു. ഭരണകക്ഷിയിലെ ആളുകൾ അങ്ങനെയൊരു പ്രത്യേക സമുദായത്തിനുമാത്രം 50 ശതമാനം കൊടുക്കുന്നതിൽ അനുകൂലിക്കുമോ എന്നറിയില്ല. ഇങ്ങനെ പിന്നോക്കക്കാർക്കും ഹരിജനങ്ങൾക്കും കിട്ടിയ ആനുകൂല്യങ്ങൾ ഗവൺമെൻറിൻെറ പുതിയ സമീപനം കൊണ്ട് ഇല്ലാതാകുന്ന ഒരവസ്ഥ വന്നാൽ അത് ഈ രാജ്യത്ത് ഗുരുതരമായ പ്രത്യാഘാതങ്ങളുണ്ടാക്കും. അതിനെപ്പററി ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ ഇറങ്ങിപ്പോകുന്നു.

(ശ്രീ. കെ. കൃഷ്ണൺകുട്ടി സഭ വിട്ടിറങ്ങിപ്പോയി)

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): സർ, ചെറിയൊരു വിശദീകരണം ആവശ്യമുണ്ട്. ബഹുമാനപ്പെട്ട ബേബിജോൺ അവസാനം സംസാരിച്ചപ്പോൾ പറഞ്ഞ ഒരു കാര്യത്തിലുള്ള പ്രസക്തി എന്താണെന്നുവച്ചാൽ, ഈ കേസ് കേരളത്തിലെ രണ്ട് എഞ്ചിനീയറിംഗ് കോളേജുകളുടെ കാര്യത്തിലല്ല, ഒരു പൊതുവായ കാര്യം അദ്ദേഹം പറഞ്ഞു. അദ്ദേഹം പറഞ്ഞ കാര്യം നേരത്തെ സംസാരിച്ചവർക്ക് മനസ്സിലായില്ല എന്നുള്ളതാണ് കുഴപ്പം. മററുള്ളവരൊക്കെ സംസാരിച്ച പ്രകാരം ഇവിടെ രണ്ട് കോളേജുകൾക്ക് 50 ശതമാനം സീററ് കൊടുക്കാൻ പോകുകയാണ് എന്നുള്ള സ്വഭാവത്തിലാണ് മററുള്ള എല്ലാവരും പറഞ്ഞത്. ഇവിടെ അങ്ങനെയല്ല. രണ്ടു കോളേജുകൾക്കും 50 ശതമാനം സീററ് കൊടുക്കണമെന്ന എഗ്രിമെൻറ് ഞങ്ങൾ വച്ചിട്ടില്ല. ആ പ്രശ്നം ഉദിക്കുന്നില്ല. അത് വളരെ ശക്തമായ ഒരു സമീപനമാണ്. അത് ഒരു കാര്യം. രണ്ടാമത്, കോടതിയുടെ മുമ്പാകെ മാനദണ്ഡം തീരുമാനിക്കാനിരിക്കുകയാണ്. അത് കോടതി തീരുമാനിക്കട്ടെ. മൈനോറിററി എന്താണെന്ന് തീരുമാനിക്കാനുള്ള മാനദണ്ഡവുമുണ്ട്. രണ്ടാമത് അങ്ങനെ മൈനോറിററിയാണെങ്കിൽ എത്ര ശതമാനം സീററ് കൊടുക്കണമെന്ന കാര്യം സെൻറ് സ്ററീഫൻസ് കോളേജിൻെറ കേസിൻെറ ജഡ്ജ്മെൻറ് കൂടി ചർച്ചചെയ്തുകൊണ്ട് കോടതി തീരുമാനിക്കട്ടെ. മൂന്നാമത്,

LIBRARY ARCHIVES Kerala Legislative Assembly

അങ്ങനെ കൊടുക്കുന്നത് സംബന്ധിച്ച സെലക്ഷനും എങ്ങനെ വേണമെന്ന് കോടതി തീരുമാനിക്കട്ടെ. അങ്ങനെ ചെയ്യാൻ പോകുകയാണ്. മറൊരു ചെറിയ കാര്യം പുതുതായി ഉയർന്നു വന്നതുകൊണ്ട് മറുപടി പറയേണ്ട കാര്യമുണ്ട്. അതായത് ഇവിടെ മെരിററിൽ കിട്ടേണ്ട സീററ് കിട്ടാതെ പോകുമോ എന്നാണ്. ഇല്ല. കിട്ടാതെ പോകുകയില്ല. സെൻറ് സ്ററീഫൻസിൻെറ ജഡ്ജമെൻറുതന്നെയും 50 ശതമാനം മൈനോറിററിസിനാണ്. ബാക്കി 50 ശതമാനം ഓപ്പൺ മെരിററിൽ വരുന്നവർക്ക് കിട്ടാതിരിക്കില്ല. ഓപ്പൺ മെറിററ് ഒരു മൈനോറിററി സമുദായത്തിലെ ഒരാൾക്ക് വന്നാൽ എങ്ങനെയാണ് കിട്ടാതിരിക്കുക. അപ്പോൾ ആ പ്രശ്നം ഇക്കാര്യത്തിൽ ഉദിക്കുന്നില്ല...............(ബഹളം)................

മി. ഡെപ്യൂട്ടി സ്പീക്കർ: മന്ത്രി പുതിയതായി ഒന്നും പറഞ്ഞിട്ടില്ല. ബേബിജോൺ പറഞ്ഞ കാര്യം ആവർത്തിച്ചു വ്യക്തമാക്കി എന്നേയുള്ളൂ. ബേബി ജോൺ പറഞ്ഞ വസ്തുത മററുള്ളവരും കേൾക്കേണ്ടതായിരുന്നു എന്ന് പറഞ്ഞതേയുള്ളൂ. അല്ലാതെ പുതിയതായി ഒന്നും പറഞ്ഞില്ല.

ശ്രീ. വി. എസ്. അച്യുതാനന്ദൻ: സർ, ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഈ കാര്യത്തെക്കുറിച്ച് പിന്നീട് എന്താണ് പറഞ്ഞതെന്നുള്ളത് ദൗർഭാഗ്യവശാൽ ഞങ്ങൾ കേട്ടില്ല. ബഹുമാനപ്പെട്ട സ്പീക്കർ ഇവിടെ വിവരിച്ചു, നേരത്തെ പറഞ്ഞത് തന്നെയാണ് പറഞ്ഞതെന്ന്. ഞങ്ങൾ അത് വിശ്വസിക്കുന്നു. അങ്ങ് പറഞ്ഞത് ഞങ്ങൾ മുഖവിലക്കെടുത്ത് പൂർണ്ണമായി അംഗീകരിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രി നേരത്തെ പറഞ്ഞതുതന്നെ ആവർത്തിക്കുകയായിരുന്നുവെന്നാണ് ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞത്. ഈ പ്രശ്നം സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പുമന്ത്രിയിൽനിന്നുള്ള മറുപടി ഞങ്ങൾ ആവർത്തിച്ച് കേട്ടുകഴിഞ്ഞു. ഗവൺമെൻറിൻെറ ഇതു സംബന്ധിച്ചുള്ള വ്യക്തമായ നയത്തിൽ മാനേജർമാരെ അനർഹമായി സഹായിക്കുന്ന നിലപാട് ഗവൺമെൻറിന് ഇല്ല എന്നുള്ളത് സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയിൽ നിന്നുകൂടി ഒരു വിശദീകരണം സഭയ്ക്ക് കിട്ടുന്നത് നന്നായിരിക്കുമെന്ന് ഞാൻ അറിയിക്കുകയാണ്.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഇത് വാക്കൗട്ടിനുമുൻപ് പറയേണ്ടതായിരുന്നു. വാക്കൗട്ട് നടത്തിയിട്ട് വരിക, പിന്നീട് പ്രസംഗിക്കുകയെന്നുള്ള നടപടി അംഗീകരിക്കാൻ പാടില്ല.

ശ്രീ. കെ. രാഘവൻ മാസ്ററർ: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. റൂൾ 50 അനുസരിച്ച് ഒരു അടിയന്തിര പ്രമേയചർച്ച കഴിഞ്ഞ് ബഹുമാനപ്പെട്ട മന്ത്രിക്ക് പറയാനുള്ള മറുപടി പറഞ്ഞ് പ്രതിപക്ഷം വാക്കൗട്ട് നടത്തുന്നതിന് സ്റേററുമെൻറ് നടത്താം. ആ സ്റേററുമെൻറ് നടത്തി, വാക്കൗട്ട് നടത്തിയതിനുശേഷം തിരിച്ചുവന്ന് ചർച്ച നടത്തുന്നത് ഓർഡറിലാണോ?

മി. ഡെപ്യൂട്ടി സ്പീക്കർ: അത് ഓർഡറിലല്ല. അങ്ങനെ സ്റേററുമെൻറ് നടത്താൻ പാടില്ല.

ശ്രീ. സത്യൻ മൊകേരി: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ റൂൾ 50 അനുസരിച്ചാണ് ഇവിടെ നടന്ന നടപടിക്രമം. ബഹുമാനപ്പെട്ട മന്ത്രി അതിന് മറുപടി പറഞ്ഞു. പ്രതിപക്ഷനേതാവ് പറഞ്ഞു.

അതിനുശേഷം ഇറങ്ങിപ്പോയി. ആ ഇറങ്ങിപ്പോയ സന്ദർഭത്തിൽ ഉണ്ടായ വിഷയത്തെക്കുറിച്ച് ഇവിടെ ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞത് ഓർഡറിലാണോ? ഞങ്ങൾ സഭയിലില്ലാത്ത സമയത്ത്, പ്രതിപക്ഷ നേതാവും മററ് കക്ഷിനേതാക്കൻമാരും ഇവിടെ ഉന്നയിച്ചിട്ടുള്ള പ്രശ്നങ്ങൾ സംബന്ധിച്ച്, ഇറങ്ങിപ്പോയ സന്ദർഭത്തിൽ പറഞ്ഞത് ഓർഡറിലാണോ?

മി. ഡെപ്യൂട്ടി സ്പീക്കർ: അതിനെപ്പററിയുള്ള റൂളിംഗ് ഉടൻ തരാം.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, പ്രതിപക്ഷം വാക്കൌട്ട് നടത്തിയാൽ തിരിച്ചുവരുന്നതുവരെ സഭ നിർത്തി വയ്ക്കാൻ കഴിയുകയില്ല. പറയാനുള്ളത് പറയും, അങ്ങനെയൊരു കൺവെൻഷൻ ഇവിടെയില്ല. പ്രതിപക്ഷങ്ങൾക്ക് മന്ത്രി പറയുന്ന മറുപടി കേൾക്കണമെങ്കിൽ സഭയിലിരിക്കണം. തിരിച്ചു വരുന്നതുവരെ ഒന്നും പറയരുതെന്നുള്ളതാണോ ഇവിടത്തെ നടപടിച്ചട്ടം? അത് അനുവദനീയമല്ല.

ശ്രീ. വി. എസ്. അച്യുതാനന്ദൻ: സർ, ആവശ്യമുള്ളതിലും ഇല്ലാത്തതിലും, എല്ലാം കയറി ലാ എന്നും പറഞ്ഞിട്ട് അനാവശ്യം പറയുകയാണ്. ഇത് ഞങ്ങളെക്കൊണ്ട് പറയിപ്പിക്കാനിടയാക്കുന്നത് ബഹുമാനപ്പെട്ട മാണിയാണ്. ഒന്നാമത്, വാക്കൌട്ട് ചെയ്തുകഴിഞ്ഞാൽ അതോടുകൂടി പ്രശ്നം അവസാനിക്കുകയാണ്. അതുകഴിഞ്ഞിട്ട് പിന്നീട് ആ പ്രശ്നത്തെ സംബന്ധിച്ച് ഒരു വിശദീകരണമെന്നുള്ളത് അസുഖകരമാണ്, സാധാരണ കീഴ്വഴക്കത്തിന് വിരുദ്ധമാണ്. അതിനെക്കുറിച്ച് ന്യായീകരിക്കാനാണ് അദ്ദേഹത്തിന്റെ ലാ വകുപ്പ് ഇവിടെ ഉപയോഗിച്ചത്. അതാണ് കുഴപ്പമുണ്ടായിട്ടുള്ളത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇതിനെപ്പററി ഒരു ചർച്ചയില്ല.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ഈ നിയമസഭയ്ക്ക് ഒരു നടപടിച്ചട്ടവും നിയമവ്യവസ്ഥയും പല കീഴ്വഴക്കങ്ങളുമുണ്ട്. ഒരു അടിയന്തിരപ്രമേയം ചർച്ച ചെയ്യുന്നതിന്റെ മുഴുവൻ നടപടിയായി. സഭ നിർത്തിവയ്ക്കണമെന്നാണോ നിങ്ങൾ പറയുന്നത്? പ്രതിപക്ഷത്തിന് പറയാനുള്ള വേണ്ടതിലധികം അവസരം കൊടുത്തതിനുശേഷം വാക്കൌട്ട് നടത്തി. അതിനുശേഷം ഒന്നേകാൽ മണിക്കൂർ തെററായ ചില വിശദീകരണങ്ങൾ കൊടുത്തുപോയി കഴിഞ്ഞാൽ ഇവിടെ രേഖയിൽ കിടക്കും. ആ തെററായവിവരം ശരിയല്ലെന്ന് ജനങ്ങളെ അറിയിക്കാനുള്ള ബാദ്ധ്യത ഗവൺമെൻറിനുണ്ട്. കഴിഞ്ഞ ഗവൺമെൻറ് അധികാരത്തിലിരുന്ന അവസരത്തിൽ ബഹുമാനപ്പെട്ട നായനാർ ഇപ്രകാരം ചെയ്തിട്ടുണ്ട്. ഞങ്ങൾ ഇറങ്ങിപ്പോയതിനുശേഷം അന്നത്തെ മുഖ്യമന്ത്രിയായിരുന്ന നായനാർ ഇതുപോലെ ചെയ്തിട്ടുണ്ട്. ആളുകളെ തെററിദ്ധരിപ്പിക്കുന്ന ഏർപ്പാടിന് കൂട്ടുനിൽക്കണമെന്ന് നിർബന്ധമില്ല. മിനിസ്ററർക്ക് ഏതവസരത്തിലും മറുപടി പറയാൻ അധികാരമുണ്ട്. ഒരിക്കലും അതിരുകടന്നിട്ടില്ല. അതുകൊണ്ട് ഈ തെററായ ധാരണയിൽ പോകരുത്, സഭ നടത്തിക്കൊണ്ടു പോകുന്നതിന് സഹകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇനി ഇതുസംബന്ധിച്ച് കൂടുതൽ ചർച്ച വേണ്ട.

ശ്രീ. വി. എസ്. അച്യുതാനന്ദൻ: സർ, ഭരണകക്ഷി ഉദ്ദേശിച്ചതുപോലെ കാര്യങ്ങൾ സഭയെ തെററിദ്ധരിപ്പിക്കാൻ കഴിയാതെവന്നത് പ്രതിപക്ഷത്തിന്റെ ഇൻറർവെൻഷൻ കൊണ്ടാണെന്നും പ്രതിപക്ഷത്തിന്റെ വിശദീകരണം കൊണ്ടാണെന്നും ഒരു പക്ഷേ ഗവൺമെൻറിന് തോന്നിക്കാണും. അന്തസ്സുള്ള ഗവൺമെൻറ് ചെയ്യേണ്ടത് അവരുടെ ആർഗുമെൻറ് പ്രതിപക്ഷവും കൂടിയിരിക്കുമ്പോൾ പറയാനുള്ള നട്ടെല്ല് കാണിക്കുകയെന്നുള്ളതാണ്. ആ ആണത്തം കാണിക്കാതെ ഞങ്ങൾ പോയതിനുശേഷം യോഗ്യത കാണിക്കാൻവേണ്ടി പറഞ്ഞതിനെ മുഖ്യമന്ത്രി കൂടി ന്യായീകരിച്ചത് വളരെ ദൗർഭാഗ്യകരമായിപ്പോയിയെന്നാണ് ഞാൻ ഈ അവസരത്തിൽ പറയുന്നത്.

ശ്രീ. പി. എസ്. ശ്രീനിവാസൻ: സർ, ഇവിടെ മന്ത്രിമാർക്ക് തോന്നുന്നതുപോലെ വർത്തമാനം പറയാം. നമ്മുടെ മന്ത്രിമാർക്ക് തോന്നുംപോലെ വർത്തമാനം പറയാനുള്ള അധികാരം നമ്മുടെ റൂംസിൽ ഇല്ല. ഒരു പ്രസ്താവന ചെയ്യണമെങ്കിൽ അവർ അത് അങ്ങയുടെ അനുമതിയോടുകൂടി ഈ സഭയിൽ പ്രത്യേക അജണ്ടയിൽപ്പെടുത്തിയോ അല്ലാതെയോ ആണ് ചെയ്യുന്നത്. അല്ലാതെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നത് പോലെയല്ല. ഞങ്ങളും ഈ സഭയുടെ ഭാഗമാണല്ലോ. അതുകൊണ്ട് ഈ കാര്യത്തിൽ ഞങ്ങൾക്കും ചില അഭിപ്രായങ്ങൾ പറയാനുണ്ട്. നമ്മുടെ ലാ വകുപ്പുമന്ത്രിക്ക് മാത്രമല്ല എപ്പോഴും അഭിപ്രായം പറയാനുള്ള അവകാശമുള്ളത്, അദ്ദേഹത്തിന് ലാ സംബന്ധിച്ച കാര്യങ്ങൾ പറയാനുള്ള അവകാശമേയുള്ളൂ; തോന്നുന്നത് പറയാനുള്ള അവകാശമില്ല. ഞാൻ പറഞ്ഞത് മിനിസ്ററർക്ക് ഒരു സ്റേറററുമെൻറ് നടത്താനുണ്ടെങ്കിൽ അങ്ങയോട് പ്രത്യേകം പറഞ്ഞ് എഴുതിവച്ചിട്ടല്ലേ ചെയ്യേണ്ടത്? ചീഫ് മിനിസ്റററാണെങ്കിൽപ്പോലും സഭാ നേതാവെന്നുള്ള നിലയിലെ കപ്പാസിററിയിലാണെങ്കിൽ അദ്ദേഹത്തിന് പ്രത്യേക പ്രസ്താവന ചെയ്യാനുണ്ടെങ്കിൽ ചെയ്യാനേ പററൂ. അങ്ങനെ അംഗീകരിച്ചുവെങ്കിൽ തർക്കമില്ല. ഞങ്ങൾ പറഞ്ഞത് ആ ഒരൊററ കാര്യം മാത്രമേയുള്ളൂ.

# IV. ശ്രദ്ധക്ഷണിക്കൽ

## (1) അംഗൻവാടി വർക്കർമാർ, ഹെൽപ്പർമാർ എന്നിവർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ: സർ, കേരളത്തിലെ സാമൂഹ്യക്ഷേമവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന അംഗൻവാടികളിൽ ജോലി ചെയ്തുവരുന്ന വർക്കർമാരുടേയും ഹെൽപ്പർമാരുടേയും ദയനീയമായ പ്രശ്നങ്ങളിലേക്ക് ഞാൻ ബഹുമാനപ്പെട്ട വ്യവസായ വകുപ്പിന്റേയും സാമൂഹ്യക്ഷേമവകുപ്പിന്റേയും ചുമതല വഹിക്കുന്ന ശ്രീ. കുഞ്ഞാലിക്കുട്ടിയുടെ ശ്രദ്ധക്ഷണിക്കാനാണ് ഈ വിഷയം അവതരിപ്പിക്കുന്നത്. നമ്മുടെ സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ വളരെ പാവപ്പെട്ടവരെ സംരക്ഷിക്കുന്നതിനുവേണ്ടി, പാവപ്പെട്ട വീടുകളിലെ കുട്ടികളുടെ സംരക്ഷണത്തിനുവേണ്ടി. അവരുടെ കായികവും മാനസികവുമായ വളർച്ചയ്ക്കുവേണ്ടി, നമ്മുടെ നാട്ടിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള

പാലൂട്ടുന്ന അമ്മമാരേയും ഗർഭിണികളായിട്ടുള്ള സഹോദരിമാരേയും സംരക്ഷിക്കുന്നതിനുവേണ്ടി ആണ് അംഗൻവാടികൾ പ്രവർത്തിച്ചു വരുന്നത്. അവിടെ പ്രവർത്തിക്കുന്ന വർക്കർമാർക്കും ഹെൽപ്പർമാർക്കും ഇന്ന് ലഭിക്കുന്ന ഓണറേറിയം വളരെ നാമമാത്രമാണ്. നമ്മുടെ നാട്ടിൽ നിത്യോപയോഗ സാധനങ്ങളുടെ വില ക്രമാതീതമായി, അഭൂതപൂർവ്വമായി ഉയർന്നിരിക്കുകയാണ്. മാന്യമായ ശമ്പളം കിട്ടുന്നവർക്കുപോലും ജീവിക്കാൻ കഴിയാത്ത ഒരു സാഹചര്യം ഇന്ന് നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുന്നുണ്ട്. ഇവർക്ക് കിട്ടുന്ന ഓണറേറിയം വളരെ തുച്ഛമാണ്. അവർ സമൂഹത്തിനുവേണ്ടി ചെയ്യുന്ന സേവനം കണക്കിലെടുത്തുകൊണ്ട്, അവർക്ക് ജീവിക്കുന്നതിന് അവകാശം നൽകുന്ന രീതിയിൽ വർക്കർമാരുടെ ഓണറേറിയം 700 രൂപയായും ഹെൽപ്പർമാരുടേത് 500 രൂപയായും ഗവൺമെന്റ് ഉയർത്തണമെന്നുള്ളതാണ് ഒരു പ്രശ്നം. രണ്ടാമത്തെ പ്രശ്നം, ഇവർ ജോലിയിൽ പ്രവേശിച്ചാൽ, അവരുടെ പ്രമോഷന്റെ പ്രശ്നമാണ്. ഇന്ന് ഹെൽപ്പർമാരിൽ എസ്.എസ്.എൽ.സി. പാസ്സായവരും ഡിഗ്രി സമ്പാദിച്ചവരുമായിട്ടുള്ള ആയിരക്കണക്കിനാളുകൾ അംഗൻവാടികളിലുണ്ട്. അവർ 60 വയസുവരെ ഹെൽപ്പറായിട്ട് തന്നെ തുടരണമെന്നുപറയുന്നത് നീതിപൂർവ്വമല്ല. അതുകൊണ്ട് അർഹതയുള്ള, വിദ്യാഭ്യാസ യോഗ്യതയുള്ള ഹെൽപ്പർമാരെ വർക്കർമാരായി പ്രൊമോട്ട് ചെയ്യാനുള്ള നടപടി സ്വീകരിക്കണം. അങ്ങനെയൊരു നടപടിക്രമം ഈ സംസ്ഥാനത്ത് നിലനിന്നിരുന്നു. എന്നാൽ

(അദ്ധ്യക്ഷവേദിയിൽ ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ)

ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ഈ വകുപ്പിന്റെകൂടി ചുമതലക്കാരനായി വന്നശേഷം സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടർ നൽകിയ ഉത്തരവിനെത്തുടർന്നാണ് ഹെൽപ്പർമാരുടെ പ്രൊമോഷൻ സാദ്ധ്യത തടഞ്ഞത്. അത് മാററി ഇവർക്ക് പ്രൊമോഷൻ നൽകണം. അതുപോലെ വർക്കർമാർക്കുവേണ്ട വിദ്യാഭ്യാസ യോഗ്യത എസ്.എസ്.എൽ.സി. പാസ്സാണ്. എന്നാൽ ബിരുദവും ബിരുദാനന്തരബിരുദവുമുള്ള ധാരാളം ആളുകൾ വർക്കർമാരായി ജോലി നോക്കുന്നതായി നമുക്കു കാണാൻ കഴിയും. അവർക്ക് ഇപ്പോൾ പ്രൊമോഷൻ സാദ്ധ്യതയില്ല. എന്നാൽ അവരുടെ മുകളിൽ നാലക്ക ശമ്പളം വാങ്ങിക്കുന്ന സൂപ്പർവൈസർമാരുണ്ട്. അവരുടെ വിദ്യാഭ്യാസ യോഗ്യതയും വർക്കർമാരുടെ വിദ്യാഭ്യാസ യോഗ്യതയും പരിശോധിച്ചാൽ വർക്കർമാരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്കു താഴെയാണ് പല സൂപ്പർവൈസർമാരുടേയും വിദ്യാഭ്യാസ യോഗ്യതയെന്നു നമുക്ക് കാണാൻ കഴിയും. അതുകൊണ്ട് എനിക്ക് നിർദ്ദേശിക്കാനുള്ളത് ഈ വർക്കർമാരിൽ വിദ്യാഭ്യാസ യോഗ്യതയുള്ളവരെ സൂപ്പർവൈസർമാരായി പ്രൊമോട്ടുചെയ്യാൻ ഗവൺമെന്റ് നടപടി സ്വീകരിക്കണം എന്നാണ്. അവർക്കിപ്പോൾ ഒരു ക്ഷേമ പദ്ധതിയുണ്ട്. അതുതന്നെ കാര്യക്ഷമമായി നമുക്ക് പ്രവർത്തിപ്പിക്കാൻ കഴിയുന്നില്ല. അവർക്ക് ക്ഷേമനിധി ഏർപ്പെടുത്തിയിട്ടുണ്ടെന്ന് മന്ത്രി പ്രഖ്യാപിച്ചിട്ടുണ്ട്. എന്നാൽ വിവിധ ജില്ലകളിൽ അതിന്റെ സംവിധാനങ്ങളൊന്നും ഇതുവരെ പൂർത്തീകരിച്ചിട്ടില്ല. അതുകൊണ്ട് എനിക്ക് പറയാനുള്ളത് അവർക്കൊരു പെൻഷൻ പദ്ധതി ആവിഷ്ക്കരിക്കണം എന്നാണ്. 60 വയസ്സുവരെ ജോലിചെയ്ത് സമൂഹത്തിലെ അവശതയും കഷ്ടപ്പാടുമനുഭവിക്കുന്ന ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ആ ജനവിഭാഗങ്ങളുടെ ക്ഷേമത്തിനുവേണ്ടി പ്രവർത്തിച്ച് നിരാലംബരായി തിരിച്ചു പോകുന്ന അവസ്ഥാവിശേഷമുണ്ടാകരുത്. അതുകൊണ്ട് ഈ ഹെൽപ്പർമാർക്കും

LIBRARY ARCHIVES Kerala Legislative Assembly

വർക്കർമാർക്കും പെൻഷൻ പദ്ധതി കൊണ്ടുവരണം. അംഗനവാടികൾ ഭൂരിപക്ഷവും ഓലമേഞ്ഞ താൽക്കാലിക ഷെഡ്ഡുകളിലാണ് പ്രവർത്തിക്കുന്നത്. ഈ ഷെഡ്ഡുകൾ വർഷംതോറും ഓലമേയുന്നത് ഈ വർക്കർമാർക്കും ഹെൽപ്പർമാർക്കും കിട്ടുന്ന നാമമാത്രമായ ഓണറേറിയം എടുത്തുവേണം. ലോക്കൽ കമ്മിററികളുണ്ടെന്നു പറയുന്നു. പക്ഷേ ആ ലോക്കൽ കമ്മിററികളൊന്നും പ്രവർത്തിക്കുന്നില്ല. അതുകൊണ്ട് ഈ താൽക്കാലിക ഷെഡ്ഡുകൾ ഓല മേയുന്നതിനുവേണ്ട സാമ്പത്തിക സഹായം വർഷംതോറും ഗവൺമെൻറ് നൽകണം. അംഗനവാടികളിൽ വരുന്ന പിഞ്ചു കുട്ടികൾക്ക് പോഷകാഹാരം കൊടുക്കുന്നുണ്ട്. അതിന് വെജിററബിൾസ് വാങ്ങണം; അത് പാചകം ചെയ്യുന്നതിനുവേണ്ടി വിറക് വാങ്ങണം. ഇന്ന് ഒരു കുട്ടിക്ക് ഇതിനുവേണ്ടി കൊടുക്കുന്നത് നാമമാത്രമായ പൈസയാണ്. അത് ഞാൻ ഈ സഭയിൽ പറയുന്നില്ല; അത് ഈ സഭയിൽ പറഞ്ഞാൽ അങ്ങേയ്ക്കും എനിക്കും മോശമാണ്; ഈ നാടിന് മോശമാണ്. അതുകൊണ്ട് ഒരു കുട്ടിക്ക് 50 പൈസ വച്ചെങ്കിലും ഒരുദിവസം കൊടുക്കണം. ഇപ്പോൾ 5–10 പൈസയാണ് കൊടുക്കുന്നത്. 50 പൈസ വച്ച് ഒരുദിവസം കൊടുക്കുന്നതിനുള്ള നടപടി വേണം. അതുപോലെതന്നെ ഇവിടെ കുറെ വർഷങ്ങളായി ഗവൺമെൻറ് ഉദ്യോഗസ്ഥൻമാർക്ക് ഓണം ഫെസ്ററിവൽ അലവൻസ് എന്നും ബോണസ് എന്നും പറഞ്ഞ് പ്രത്യേകാനുകൂല്യങ്ങൾ കൊടുക്കുന്നുണ്ട്. എന്നാൽ കേന്ദ്ര ഗവൺമെൻറിൻെറ ഉത്തരവുമൂലം കേരളത്തിലെ സർക്കാർ ജീവനക്കാർക്ക് ഫെസ്ററിവെൽ അലവൻസായി കിട്ടുന്നത് നാമമാത്രമായ സംഖ്യയാണ്. അവരുടെ ശമ്പളം ഉയർന്നതുമൂലം 500 രൂപയാണ് മിക്കവർക്കും കിട്ടുന്നത്. എന്നാൽ ഈ അംഗനവാടികളിലെ ഹെൽപ്പർമാർക്കും വർക്കർമാർക്കും ഫെസ്ററിവൽ അലവൻസായിട്ട് കൊടുക്കുന്നത് നാമമാത്രമായ സംഖ്യയാണ്. കേരളത്തിലെ ഗ്രാമപ്രദേശങ്ങളിലേയും പട്ടണപ്രദേശങ്ങളിലേയും പാവപ്പെട്ട ജനവിഭാഗങ്ങളുടെ വീടുകളിൽ പാലൂട്ടുന്ന അമ്മമാരുടേയും ഗർഭിണികളായ സഹോദരിമാരുടെയും പിഞ്ചു കുട്ടികളുടെയും ആരോഗ്യ സംരക്ഷണത്തിനും മാനസിക വളർച്ചയ്ക്കുമൊക്കെവേണ്ടി ത്യാഗപൂർവ്വം പ്രവർത്തിക്കുന്നവരാണ് ഈ അംഗനവാടി വർക്കർമാരും ഹെൽപ്പർമാരുമെന്നുള്ളതുകൊണ്ട് അവരോട് ഒരു പ്രത്യേക സമീപനം വേണമെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് പറയുകയാണ്. പലപ്പോഴും അവർ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് പ്രക്ഷോഭം നടത്താറുണ്ട്. പലപ്പോഴും മന്ത്രി ചെയ്യുന്നത് ഈ രംഗത്ത് ഒരു ഭരണവിലാസം യൂണിയനുണ്ട്. ശ്രീ. മരയ്ക്കാരുടെ യൂണിയൻ. മരയ്ക്കാരെ വിളിച്ച് ചർച്ച ചെയ്യുകയാണ്. മരയ്ക്കാരെ വിളിച്ച് ചർച്ച ചെയ്തതുകൊണ്ട് ഈ രംഗത്തെ പ്രശ്നങ്ങൾ തീരുകയില്ല. ഇടയ്ക്ക് മരയ്ക്കാരെ വിളിച്ച് രഹസ്യമായി ചർച്ച ചെയ്യാറുണ്ട്. ഐക്യജനാധിപത്യ മുന്നണി ഘടകകക്ഷിയിലെ ട്രേഡ് യൂണിയൻ നേതാവാണ് അദ്ദേഹം. പക്ഷേ ഈ രംഗത്ത് മരയ്ക്കാരുടെ യൂണിയനെക്കാൾ ശക്തമായിട്ട് പ്രവർത്തിക്കുന്ന സംഘടനകളുണ്ട്. ഞാൻ അതിലൊരു സംഘടനയുടെ സംസ്ഥാന പ്രസിഡൻറാണ്. ബഹുമാനപ്പെട്ട ചന്ദ്രമോഹൻ മരയ്ക്കാരുടെ യൂണിയൻെറ തൃശ്ശൂർ ജില്ലാ പ്രസിഡൻറാണ്. ഈ രംഗത്ത് ഒട്ടേറെ പ്രശ്നങ്ങളുണ്ട്. ആ പ്രശ്നങ്ങൾ ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ട് ഈ രംഗത്ത് പ്രവർത്തിക്കുന്ന സംഘടനകളുടെ പ്രതിനിധികളെക്കൂടി വിളിച്ച് കാര്യങ്ങൾ ചർച്ച ചെയ്യാനുള്ള സൗമനസ്യം ബഹുമാനപ്പെട്ട മന്ത്രി കാണിക്കണമെന്നു പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, അംഗനവാടികളിൽ പ്രവർത്തിക്കുന്ന സഹോദരിമാരുടെ കാര്യമാണ് ബഹുമാനപ്പെട്ട കൃഷ്ണൻ കണിയാംപറമ്പിൽ എന്റെ ശ്രദ്ധയിൽപ്പെടുത്തിയത്. ഇന്ന് രാവിലെ ചോദ്യോത്തരവേളയിൽത്തന്നെ ഞാൻ ഇത് സൂചിപ്പിച്ചിരുന്നു. ഈ രംഗത്ത് പ്രവർത്തിക്കുന്ന ഒട്ടേറെ സംഘടനകളുണ്ട്. എല്ലാ സംഘടനകളുടെയും പ്രതിനിധികളെ വിളിച്ച് സംസാരിക്കാം. ഇവിടെ എന്താണുണ്ടായതെന്ന് പറഞ്ഞാൽ പ്രതിപക്ഷ നേതാവുകൂടി ഇടപെട്ടു........................അവിടെ രാഷ്ട്രീയം നോക്കിയില്ല. ഒരു കൂട്ടർ. നിരാഹാര സമരം കിടന്നു. പ്രതിപക്ഷ നേതാവ് വിളിച്ച്യ പറഞ്ഞ്, വി. എം. സുധീരൻ എല്ലാംകൂടി ചർച്ച ചെയ്തു. മരയ്ക്കാർ വന്നിട്ടില്ല, ചന്ദ്രമോഹനൻ അദ്ദേഹത്തിന്റെ യൂണിയനെ വിളിച്ചില്ലെന്നു പരാതി പറഞ്ഞു. അതുകൊണ്ട് എല്ലാ യൂണിയനുകളെയും വിളിച്ച് സംസാരിക്കാൻ ഗവൺമെന്റിന് വിരോധം ഇല്ല. ബഹുമാനപ്പെട്ട കൃഷ്ണൻ കണിയാംപറമ്പിലിനെയും വിളിച്ച് ചർച്ച ചെയ്യുന്നതിൽ സന്തോഷമേയുള്ളു. ഈ രംഗത്ത് ഒട്ടേറെ പ്രശ്നങ്ങളുണ്ട്. സാമ്പത്തിക വിഷയങ്ങളല്ലാത്ത കാര്യങ്ങൾ ചെയ്തു കൊടുക്കണമെന്നാണ് ഗവൺമെന്റിന്റെ സമീപനം. അതിനോട് ഞങ്ങൾ വളരെ അനുകൂലമാണ്. കാരണമെന്താണെന്ന് വച്ചാൽ അംഗനവാടിയിൽ പ്രവർത്തിക്കുന്ന ആളുകൾക്ക് നിയമനത്തിൽ ഒരു ശതമാനം കൊടുക്കണം, പ്രയോറിട്ടി കൊടുക്കണം. തുടങ്ങിയ കാര്യങ്ങൾ, ന്യായമായ കാര്യങ്ങൾ, ചെയ്തു കൊടുക്കണമെന്നുള്ള സമീപനമാണ് ഗവൺമെന്റിനുള്ളത്. ഈ രീതിയിലാണ് ഫയൽ പ്രോസസ് ചെയ്തു വരുന്നത്. അതിന്റെ വിശദാംശങ്ങളെക്കുറിച്ച് ആലോചിക്കാൻവേണ്ടി നിയമസഭ കഴിഞ്ഞയുടനെ എല്ലാ സംഘടനകളുടെയും ഒരു യോഗം വിളിച്ചുകൂട്ടുന്നുണ്ട്. പിന്നെ അവരുടെ ഓണറേറിയം 700 രൂപ ആക്കണമെന്നുള്ള സാമ്പത്തിക ബാദ്ധ്യതയുള്ള കാര്യങ്ങൾ നടപ്പിലാക്കാൻ സാധിക്കുകയില്ല. ഇത് സേവനമെന്നുള്ള രീതിയിലാണ് ചെയ്യുന്നത്. ആൾ ഇൻഡ്യാ പാറ്റേൺ എല്ലാം ഉണ്ട്. എന്നാലും കുറഞ്ഞ വരുമാനമായതുകൊണ്ട് കുറച്ചുകൂടി കൊടുക്കണമെന്നുള്ള ഒരു നിർദ്ദേശം ഇന്നുണ്ട്. 100 രൂപയെങ്കിലും കൂട്ടണമെന്നുള്ള നിലയിലാണ്. എന്തായാലും അത് ഞങ്ങൾ ടേക്കപ്പ് ചെയ്യുന്നുണ്ട്. കുറച്ചെങ്കിലും വർദ്ധിപ്പിക്കുമെന്നുള്ള കാര്യത്തിൽ സംശയമില്ല. പിന്നെ വിറക് വാങ്ങാനും വെജിറ്റബിൾ വാങ്ങാനുംവേണ്ടി കൊടുക്കുന്നത് 8 പൈസയായിരുന്നത് ഞാനാണ് 10 പൈസയാക്കിയത്. ഇപ്പോൾ അത് കുറച്ചുകൂടി കൂട്ടണമെന്നുള്ള നിർദ്ദേശം ഞങ്ങൾ വച്ചിട്ടുണ്ട്. പിന്നെ കെട്ടിടങ്ങളുടെ കാര്യം പറഞ്ഞു. അതിൽ ഗവൺമെന്റിന്റെ സമീപനം ഓല മേയാനായിട്ട് കൊടുക്കുന്ന സഹായം വേയ്സ്റ്റായി പോകുന്നു എന്നതുകൊണ്ട് കെട്ടിട നിർമ്മാണത്തിന് 20,000 രൂപ വരെ കൊടുക്കാനുള്ള ഒരു സ്കീം ഗവൺമെന്റിനുണ്ട്. അത് വളരെ ത്വരിതഗതിയിൽ നടപ്പിലാക്കുകയാണ്. അതിന്റെ പ്രയോജനം അംഗനവാടികൾ പ്രയോജനപ്പെടുത്തുകയാണ് വേണ്ടത്. എന്നാൽ പെർമനന്റ് കെട്ടിടം അവർക്കൊക്കെയുണ്ടാകും. അവരുടെ പ്രശ്നങ്ങളൊക്കെ അനുകമ്പ അർഹിക്കുന്നതും ന്യായവുമാണ്. കൃഷ്ണൻ കണിയാംപറമ്പിൽ പറഞ്ഞ കാര്യങ്ങളിൽ യാതൊരു സംശയവും ഇല്ല. ഗവൺമെന്റിന് സാമ്പത്തിക പരാധീനത വരാത്ത കാര്യങ്ങളിൽ ഒക്കെ അനുകൂലമായ തീരുമാനമെടുക്കാനാണ് തീരുമാനം. സാമ്പത്തിക പരിഗണനകൂടി വരുന്ന കാര്യം ഗവൺമെന്റിന്റെ പൊതുവായിട്ടുള്ള പരിശോധനയിലാണ്. അധികം വൈകാതെ ഇക്കാര്യത്തിൽ തീരുമാനം

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാകും. പറഞ്ഞ അത്രയില്ലെങ്കിലും കാര്യമായ മാററം അവരുടെ ജീവിത രീതിയിൽ ഉണ്ടാകണമെന്നുള്ള നിലയിലുള്ള തീരുമാനമെടുക്കണമെന്നാണ് ഗവൺമെൻറ് ചിന്തിക്കുന്നത്.

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ: അങ്ങ് മറുപടി പറഞ്ഞപ്പോൾ ഹെൽപ്പർമാർക്കും, വർക്കർമാർക്കും 100 രൂപയെങ്കിലും വർദ്ധിപ്പിക്കുന്ന കാര്യമാണ് ഗവൺമെൻറ് ആലോചിക്കുന്നതെന്നു പറഞ്ഞു. ഈ 100 രൂപ ഓണത്തിന് മുമ്പ് അവർക്ക് വർദ്ധിപ്പിച്ചുകൊടുക്കുമോ? ഫെസ്ററിവെൽ അലവൻസ് ആയി ഒരു മാസത്തെ ഓണറേറിയം അവർക്ക് കൊടുക്കാനുള്ള തീരുമാനമെടുക്കുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: തീർച്ചയായിട്ടും ഞാൻ ശ്രമിക്കാം. ഓണത്തിനുമുമ്പ് നടക്കുമോയെന്നുള്ള കാര്യം ദൈവത്തിന് മാത്രം അറിയാവുന്നതാണ്. 100 രൂപ വീതമെന്നു പറഞ്ഞാൽ അത് എത്ര കോടി രൂപ വരുമെന്ന് അറിയില്ല. ധനകാര്യമന്ത്രിയും മുഖ്യമന്ത്രിയും ഒക്കെ വിചാരിച്ചാൽ നടക്കുമോയെന്ന് എനിക്കറിയില്ല. എന്നാലും അശ്രാന്ത പരിശ്രമം ചെയ്യാം.

## (2) ശുദ്ധജല വിതരണ പദ്ധതികൾ അടിയന്തിരമായി പൂർത്തിയാക്കേണ്ടതിൻെറ ആവശ്യകത

ശ്രീ. എ. സുജനപാൽ: സർ, കേരളത്തിലെ നഗരപ്രദേശങ്ങൾ നേരിടാൻ പോകുന്ന ഗുരുതരമായ കുടിവെള്ളക്ഷാമത്തെക്കുറിച്ച് ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രിയുടേയും സഭ

11 a.m.] യുടേയും ശ്രദ്ധ ക്ഷണിക്കുകയാണ്. കേരളത്തിൽ കെ.യു.ഡി.പി, ആവിഷ്ക്കരിച്ചിട്ടുള്ള, കുടിവെള്ളം എത്തിക്കാൻ വേണ്ടിയുള്ള സമഗ്രമായ പദ്ധതിയാകെ ഇന്ന് സ്തംഭനാവസ്ഥയിലാണ്. കാരണം നഗരത്തിലാവിഷ്ക്കരിച്ചിട്ടുള്ള കുടിവെള്ളം എത്തിക്കാൻ വേണ്ടിയുള്ള സമഗ്രമായ പദ്ധതിക്ക് ലോക ബാങ്കിൻെറ സഹായം പ്രതീക്ഷിക്കുകയാണ്. പക്ഷേ ലോകബാങ്ക് ആണെങ്കിൽ ഇന്ന് അതിനുള്ള സഹായം നൽകുന്ന കാര്യത്തിൽ ഒരു അന്തിമമായ തീരുമാനം കൈക്കൊള്ളാത്തതു കാരണം ഈ പദ്ധതികളൊക്കെ സ്തംഭിച്ചു കിടക്കുന്ന ഒരവസ്ഥയിലാണ്. ഇപ്പോൾ കേരളത്തിലെ പ്രധാന നഗരങ്ങളായ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ കെ.യു.ഡി.പി. ആവിഷ്ക്കരിച്ചിട്ടുള്ള സമഗ്രമായ കുടിവെള്ളം എത്തിക്കാൻ വേണ്ടിയുള്ള പദ്ധതിയനുസരിച്ച് രണ്ടായിരത്തിപ്പത്താകുമ്പോഴേക്കും കുടിവെള്ള ക്ഷാമത്തിന് പരിഹാരം ഉണ്ടാക്കാൻ സാധിക്കും. പക്ഷേ ഈ പദ്ധതികളൊന്നുംതന്നെ നടപ്പാക്കാൻ വേണ്ടിയുള്ള നടപടികളില്ലാത്തതുമൂലം 21-ാം നൂററാണ്ടാകുമ്പോഴേക്കും കേരളത്തിലെ ഈ നഗരങ്ങളിലൊക്കെത്തന്നെ കുടിവെള്ളക്ഷാമം രൂക്ഷമായ പ്രശ്നമായി മാറാൻ പോവുകയാണ്. ഇപ്പോൾ തിരുവനന്തപുരത്തുള്ള പേപ്പാറയിലും അരുവിക്കരയിലും കുടിവെള്ളക്ഷാമത്തിന് പരിഹാരം ഉണ്ടാക്കാൻ വേണ്ടിയുള്ള സമഗ്രമായ പദ്ധതിയും അതുപോലെതന്നെ വാമനപുരത്തുനിന്ന് കൂടുതൽ വെള്ളമെത്തിക്കാൻ വേണ്ടിയുള്ള പദ്ധതിയും ലോകബാങ്കിൻെറ സഹായം പ്രതീക്ഷിക്കുകയാണ്. അതുപോലെതന്നെ ആലുവായിൽ ഇന്നുള്ള സംവിധാനം കൂടുതൽ വിപുലീകരിക്കാൻ വേണ്ടിയുള്ള പദ്ധതിയാണ് ലോകബാങ്കിൻെറ

മുമ്പിൽ സമർപ്പിച്ചിട്ടുള്ളത്. അതും ഇന്ന് സ്തംഭിച്ചു കിടക്കുകയാണ്. അതുപോലെതന്നെ കോഴിക്കോട്. കോഴിക്കോടാണ് വളരെ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവിക്കാൻ പോകുന്ന ഒരു നഗരം. കഴിഞ്ഞ കുറേ കാലമായി കോഴിക്കോട് കുടിവെള്ളക്ഷാമത്തിന്റെ കാര്യത്തിൽ കാര്യമായ ഒരു നടപടിയുമുണ്ടായിട്ടില്ല. വല്ല നടപടിയുമുണ്ടായിട്ടുണ്ടെങ്കിൽ ഈ ഗവൺമെന്റ് വന്നതിനുശേഷം നടപ്പാക്കിയിട്ടുള്ള ചില പദ്ധതികൾ മാത്രമാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഒരു പദ്ധതിയുമില്ല; എന്നു മാത്രമല്ല താൽക്കാലികമായ ഒരു പദ്ധതിയും ആവിഷ്ക്കരിച്ചിട്ടില്ല. ലോങ്ങ് ടേം അടിസ്ഥാനത്തിൽ നടപ്പാക്കിയ പദ്ധതികളും നടപ്പാക്കിയില്ല. കോഴിക്കോട് കുടിവെള്ളക്ഷാമത്തിന് ശാശ്വതമായ പരിഹാരമുണ്ടാക്കാൻവേണ്ടി നേരത്തെ ആവിഷ്ക്കരിച്ച ഗ്രേററർ കാലിക്കട്ട് വാട്ടർ സപ്ലൈ സ്കീം പെരുവണ്ണാമൂഴിയിൽനിന്നും കോഴിക്കോട് നഗരത്തിൽ വെള്ളമെത്തിക്കാൻ വേണ്ടിയുള്ള ഒരു പദ്ധതിയാണ്. അതിന് 250 കോടി രൂപയാണ് ഏതാണ്ട് മൂന്നു നാലു വർഷങ്ങൾക്കു മുമ്പ് കണക്കാക്കിയിട്ടുള്ളത്. പക്ഷേ അത് ഇന്ന് സ്തംഭിച്ചു കിടക്കുകയാണ്. ഇന്ന് നിലവിലുള്ള സ്കീമുകളാണെങ്കിൽ അതും ലോകബാങ്കിന്റെ സഹായം പ്രതീക്ഷിച്ചു നിൽക്കുകയാണ്. അതും ഇന്ന് സ്തംഭിച്ചു കിടക്കുന്ന അവസ്ഥയാണ്. ഈ മൂന്നു നഗരങ്ങളിൽത്തന്നെ ഗവൺമെന്റ് ആവിഷ്ക്കരിച്ചിട്ടുള്ള ഇൻററിം ആഗ്മെന്റേഷൻ പ്ലാൻ നടപ്പാക്കിയാൽ മാത്രമേ 21-ാം നൂററാണ്ടിനു മുമ്പുള്ള ഈ കാലയളവിൽ നമുക്ക് വെള്ളം എത്തിക്കാൻ സാധിക്കുകയുള്ളു. കോഴിക്കോട് നഗരത്തിലാണെങ്കിൽ ഒരു ദിവസം 107 ദശലക്ഷം ലിററർ വെള്ളം ആവശ്യമാണ്. പക്ഷേ ഇന്ന് 58 ദശലക്ഷം ലിററർ വെള്ളം മാത്രമേ എത്തിക്കാൻ സാധിക്കുന്നുള്ളു. ഇപ്പോൾ ഏതാണ്ട് 50 ശതമാനം മാത്രമേ കൊടുക്കാൻ സാധിക്കുന്നുള്ളു. അതും ഇന്ന് ദിവസവും വെള്ളം എത്തിക്കാൻ സാധിക്കുന്നില്ല; ആൾട്ടർനേററ് ദിവസങ്ങളിൽ മാത്രമേ വെള്ളം എത്തിക്കാൻ സാധിക്കുന്നുള്ളു. കോഴിക്കോട്ടെ ജനങ്ങളാണ് ഏററവും ഗുരുതരമായി കുടിവെള്ളക്ഷാമം അനുഭവിക്കാൻ പോകുന്നത്. അതുകൊണ്ട് ഈ ഗവൺമെന്റ് വന്നതിനുശേഷം ബഹുമാനപ്പെട്ട മന്ത്രിക്കു തന്നെ ആ കാര്യം ബോദ്ധ്യപ്പെട്ടിട്ടുണ്ട് എന്നാണ് എനിക്ക് തോന്നുന്നത്. അദ്ദേഹം കോഴിക്കോട് വന്ന് ഈ പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്തപ്പോൾ കഴിഞ്ഞ മൂന്നു നാലു വർഷക്കാലം എന്തുകൊണ്ട് ഇവിടെ ഒരു പരിപാടിയും ആവിഷ്ക്കരിച്ചില്ല എന്ന് ഉദ്യോഗസ്ഥൻമാരോട് ചോദിക്കുകയുണ്ടായി. അതിനു ശേഷമാണ് കുളിമാടുള്ള ഓഗ്മെന്റേഷൻ സ്കീമിലുള്ള പരിപാടികൾ ആവിഷ്ക്കരിച്ചത്. അതും ഇന്ന് വേണ്ടത്ര ധനസഹായം ലഭിക്കാതെ സ്തംഭിച്ചു കിടക്കുന്ന അവസ്ഥയാണ്. ലോകബാങ്ക് എന്തുകൊണ്ട് ഈ സഹായം നിഷേധിച്ചു, അല്ലെങ്കിൽ എന്തുകൊണ്ട് ലോകബാങ്ക് തടഞ്ഞു വച്ചു എന്നതിനെക്കുറിച്ച് നമ്മൾ പഠനം നടത്തേണ്ടതായിട്ടുണ്ട്. നമുക്കറിയാം ഇന്ന് ലോകബാങ്കിൽനിന്ന് പല സ്കീമുകൾക്കും ധനസഹായം ലഭിക്കുന്നുണ്ട്. കുടിവെള്ളക്ഷാമം പോലെ ഇത്രയും രൂക്ഷമായ ഒരു പ്രശ്നത്തോട് ലോകബാങ്ക് ഈ രൂപത്തിലുള്ള നിലപാട് സ്വീകരിക്കുന്നത് ദൗർഭാഗ്യകരമാണ്. 1987-ൽ നാഷണൽ വാട്ടർ പോളിസി പ്രഖ്യാപിച്ചു. ആ പോളിസി അനുസരിച്ച് 1991 ആകുമ്പോഴേക്കും ഇൻഡ്യയിലുടനീളം കുടിവെള്ളമെത്തിക്കാൻ വേണ്ടിയുള്ള പദ്ധതിയാണ് കേന്ദ്ര ഗവൺമെന്റ് ആവിഷ്ക്കരിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രി 1992-ലാണ് ജലനയം പ്രഖ്യാപിച്ചത്. ആ ജലനയത്തിന്റെ ഭാഗമായി റൂൾ 300 അനുസരിച്ച് അദ്ദേഹം നടത്തിയ പ്രസ്താവനയിൽ ലോങ്ങ് ടേം ആയി

ആവിഷ്ക്കരിക്കേണ്ട ചില സ്കീമുകളെക്കുറിച്ചും ഷോർട്ട് ടേം ആയി ആവിഷ്ക്കരിച്ച ചില സ്കീമുകളെക്കുറിച്ചും പറയുകയുണ്ടായി. പക്ഷേ ഇതൊക്കെ ഈ ധനസഹായം പ്രതീക്ഷിച്ചു നിൽക്കുന്നതുകൊണ്ട് കുടിവെള്ള പദ്ധതികൾ പ്രത്യേകിച്ച് നഗരപ്രദേശങ്ങളിലെ കുടിവെള്ള പദ്ധതികൾ സ്തംഭിച്ചു കിടക്കുന്ന അവസ്ഥയാണ്. ഇപ്പോൾ ലോക ബാങ്ക് നിഷേധിക്കുകയാണെങ്കിൽ തടഞ്ഞു നിർത്തുകയാണെങ്കിൽ അതിന് ആൾട്ടർനേററീവായിട്ടുള്ള ഒരു സ്കീമിനെക്കുറിച്ച് ആലോചിക്കാൻ സമയമായി. കേന്ദ്ര ഗവൺമെൻറിൻേറയും മററും സമ്മർദ്ദം ഉപയോഗിച്ചുകൊണ്ട് ലോകബാങ്കിൻെറ സഹായത്തോടുകൂടി ഈ സ്കീം നടപ്പാക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം. അല്ലാത്ത പക്ഷം മറേറതെങ്കിലും ആൾട്ടർനേററീവ് സ്കീം അടിയന്തിരമായി നടപ്പിലാക്കിയിട്ടില്ലെങ്കിൽ 21-ാം നൂററാണ്ടിലേക്ക് പ്രവേശിക്കുന്നതോടു കൂടി കേരളത്തിലെ നഗരങ്ങളാകെ രൂക്ഷമായ കുടിവെള്ളക്ഷാമത്തെ അഭിമുഖീകരിക്കേണ്ടിവരും. അതുകൊണ്ട് അതിനെ സംബന്ധിച്ച് അടിയന്തിര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലസേചന വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, ഇവിടെ കേരള അർബൺ ഡെവലപ്മെൻറ് പ്രോജക്ടിനെ സംബന്ധിച്ച് ശ്രീ. എ. സുജനപാൽ സൂചിപ്പിച്ച കാര്യങ്ങൾ ഞാൻ കേൾക്കുകയുണ്ടായി. കോഴിക്കോട് നഗരം പ്രത്യേകിച്ചും വളരെ രൂക്ഷമായിട്ടുള്ള ശുദ്ധജല ക്ഷാമം അനുഭവപ്പെടുന്ന ഒരു പ്രദേശമാണ്. നമ്മുടെ നഗരങ്ങളിൽ ഏററവും മോശമായിട്ടുള്ള വാട്ടർ സപ്ലൈ സ്കീം, ആളുകൾക്ക് ഒട്ടും പര്യാപ്തമല്ലാത്ത നിലയിലുള്ള വാട്ടർ സപ്ലൈ സ്കീം നിലനിൽക്കുന്ന ഒരു നഗരമാണ് കോഴിക്കോട്. താരതമ്യേന മെച്ചപ്പെട്ട ഒരു നഗരമെന്നു വേണമെങ്കിൽ തിരുവനന്തപുരത്തെക്കുറിച്ച് പറയാം. പക്ഷേ തിരുവനന്തപുരത്തും ശുദ്ധജലത്തിൻെറ ക്ഷാമം അനുഭവപ്പെടുന്നുണ്ട്. കൊച്ചിയിലും ഈ സ്ഥിതി തന്നെയാണ് നിലവിലുള്ളത്. ഇതിന് ശാശ്വതമായ ഒരു പരിഹാരമെന്നുള്ള നിലയിലാണ് കെ.യു.ഡി.പി. ഗവൺമെൻറ് തയ്യാറാക്കിയത്. അതിന് ലോകബാങ്കിൻെറ സഹായം കിട്ടുമെന്നാണ് അവസാനഘട്ടംവരെ പ്രതീക്ഷിച്ചിരുന്നത്. പക്ഷേ ഈ കഴിഞ്ഞ മാർച്ച് മാസത്തിൽ ലോകബാങ്ക് അതിനുള്ള സഹായം നൽകുന്നതിന് സാധിക്കുകയില്ലെന്ന് അറിയിക്കുകയുണ്ടായി. അതിനുശേഷം ഇവിടെ ബഹുമാനപ്പെട്ട പ്രധാനമന്ത്രി വന്ന അവസരത്തിൽ അദ്ദേഹത്തിൻെറ ശ്രദ്ധയിൽ ഈ കാര്യം പെടുത്തുകയുണ്ടായി. അദ്ദേഹം പറഞ്ഞത് ലോക ബാങ്ക് ആദ്യം പറഞ്ഞ സംഗതി എന്നു പറയുന്നത് ഇനി ഇൻഡ്യയ്ക്ക് അനുവദിക്കുന്ന ലോകബാങ്ക് സഹായമുള്ള സ്കീമുകൾ എന്ന നിലയ്ക്ക് ചെറിയ ചെറിയ സ്കീമുകൾ അനുവദിക്കാൻ അവർ ഉദ്ദേശിക്കുന്നില്ല. കുറെക്കൂടി ബൃഹത്തായിട്ടുള്ള കൂടുതൽ മുതൽമുടക്കുള്ള സ്കീമുകൾ മാത്രമേ സാങ്ഷൻ ചെയ്യാനുദ്ദേശിക്കുന്നുള്ളു എന്നാണ്. അതിൻെറ അടിസ്ഥാനത്തിൽ പ്രധാനമന്ത്രിയുമായി സംസാരിച്ചപ്പോൾ അദ്ദേഹം പറഞ്ഞത് ഇതിനെ സംബന്ധിച്ച് വിശദമായ ഒരു പ്രോജക്ട് റിപ്പോർട്ട് പ്രധാനമന്ത്രിക്ക് സമർപ്പിക്കുകയാണെങ്കിൽ അദ്ദേഹം ആ കാര്യത്തിൽ വേണ്ട നടപടികൾ സ്വീകരിക്കാമെന്നാണ്. അതിൻെറ ഡീറെറയിൽഡായിട്ടുള്ള ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്, കേരളത്തിലെ അർബൺ ഡെവലപ്മെൻറ് പ്രോജക്ടിനകത്ത് വാട്ടർ സപ്ലൈ സ്കീം മാത്രമല്ല സ്വീവറേജുണ്ട്, അതുപോലെ റോഡ് നന്നാക്കുന്നതുണ്ട്; അഴുക്കുചാൽ നിർമ്മിക്കുന്ന പദ്ധതിയുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

ഇങ്ങനെ പല സ്കീമുകൾ സംയോജിപ്പിച്ചാണ് നമ്മൾ ഈ പ്രോഗ്രാം തയ്യാറാക്കിക്കൊണ്ടുവന്നത്. അതിന്റെ അടിസ്ഥാനത്തിൽ ഡീറെറയിൽഡ ആയിട്ടുള്ള റിപ്പോർട്ടുകളെല്ലാം ഞങ്ങൾ തയ്യാറാക്കിയതാണ്. ഇപ്പോൾ വേൾഡ് ബാങ്ക് സാധിക്കുകയില്ലെന്ന് പറഞ്ഞിരിക്കുന്നത്. ഇതിന്റെ ഒരു ചെറിയ രൂപം ഞാനിവിടെ വയ്ക്കാനാഗ്രഹിക്കുകയാണ്. കേരള അർബൺ ഡെവലപ്മെൻറ് പ്രോജക്ട് കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ നിലവിലുള്ള ശുദ്ധജല വിതരണം മെച്ചപ്പെടുത്തുക, തിരുവനന്തപുരം നഗരത്തിലെ മലിനജല നിർമ്മാർജ്ജന പദ്ധതി വിപുലീകരിക്കുക, തിരുവനന്തപുരം നഗരത്തിൽ സ്വീവറേജ് സാദ്ധ്യത ഇല്ലാത്ത സ്ഥലങ്ങളിൽ—കോഴിക്കോട് നഗരത്തിലും—ചെലവു കുറഞ്ഞ കക്കൂസുകൾ നിർമ്മിക്കുക, തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ മൂന്നു നഗരങ്ങളിലും റോഡുകൾ, അഴുക്കുചാൽ എന്നിവ ക്രമീകരിക്കുക, ചപ്പു ചവറുകൾ നീക്കം ചെയ്യുക, മുനിസിപ്പാലിററികളിലെ സാമ്പത്തിക നിലവാരം മെച്ചപ്പെടുത്തുവാൻവേണ്ട അക്കൗണ്ടിംഗ് സംവിധാനമേർപ്പെടുത്തുക മുതലായവയാണ് ഈ സ്കീമിനകത്ത് ഉൾക്കൊള്ളിച്ചിരുന്നത്. ഇതിന്റെ പ്രാഥമിക പഠനങ്ങളിൽ പ്രതീക്ഷിച്ചിരുന്ന മതിപ്പ്ചെലവ് വിശദമായ പഠനങ്ങൾ മുന്നേറിയപ്പോൾ വീണ്ടും വർദ്ധിക്കുകയുണ്ടായി. പദ്ധതി വിഹിതമായി പ്രതീക്ഷിച്ചതിന് ആനുപാതികമായ ചില പ്രവർത്തനങ്ങൾ ശുദ്ധജല വിതരണ രംഗത്ത് മുൻഗണനാടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് വിശദമായിട്ടുള്ള എഞ്ചിനീയറിംഗ് റിപ്പോർട്ടുകൾ ഉണ്ടാക്കുവാൻ നിർദ്ദേശം നൽകുകയും ചെയ്തു. കേരള നഗര വികസന പദ്ധതിയിലെ കൊച്ചി ജലവിതരണ വിപുലീകരണ പദ്ധതിയ്ക്കുള്ള 170 ദശലക്ഷം ലിററർ കപ്പാസിററി 380 ദശലക്ഷമെന്നാക്കി ഉയർത്തുന്നതാണ് അവരുടെ ഒരു സ്കീം. ഇതുമൂലം 573 ചതുരശ്ര കിലോമീററർ വിസ്തൃതിയിൽ താമസിക്കുന്ന 16·5 ലക്ഷം ആളുകൾക്ക് പ്രയോജനം ലഭിക്കുന്നതാണ്. ഇതനുസരിച്ച് ആലുവായിൽ പുതിയ ഇൻ–ടേക്ക്, കളമശ്ശേരിയിൽ പുതിയ ശുദ്ധീകരണശാല, 49 കിലോമീററർ ദൈർഘ്യമുള്ള ട്രാൻസ്മിഷൻ മെയിനുകൾ, 167 കിലോമീററർ ദൈർഘ്യമുള്ള വിതരണ ശൃംഖലകൾ എന്നിവ സ്ഥാപിക്കുന്നതാണ്. ഈ പദ്ധതിയുടെ മതിപ്പ് അടങ്കൽ തുക 57·27 കോടി രൂപയാണ്. കേരള നഗര വികസന പദ്ധതിയിലെ കോഴിക്കോട് ശുദ്ജല വിതരണ പദ്ധതിപ്രകാരം ഇപ്പോൾ നിലവിലുള്ള 54 ദശലക്ഷം ലിററർ കപ്പാസിററി 206 ദശലക്ഷമായി വർദ്ധിപ്പിക്കുന്നതാണ്. ഇതുപ്രകാരം കോഴിക്കോടും സമീപ പ്രദേശങ്ങളിലുള്ള പഞ്ചായത്തുകളിലുമായി 10·9 ലക്ഷം ജനങ്ങൾക്ക് പ്രയോജനം ലഭിക്കുന്ന ഒരു സ്കീമാണ്. പെരുവണ്ണാമൂഴി ഡാമിൽ പുതിയ ഇൻ–ടേക്ക് വെൽ, ശുദ്ധീകരണശാല, 180 കിലോമീററർ ദൈർഘ്യം വരുന്ന ട്രാൻസ്മിഷൻ പൈപ്പുകൾ, 22 ജലസംഭരണികൾ, 640 കിലോമീററർ ദൈർഘ്യമുള്ള വിതരണ ശൃംഖലകൾ എന്നിവയാണ് പുതിയതായി വിഭാവനം ചെയ്തിരിക്കുന്ന പദ്ധതികൾ. ഈ പദ്ധതിയുടെ മതിപ്പ് അടങ്കൽത്തുക 188·21 കോടി രൂപയാണ്. ഈ പദ്ധതിയിൽ ഉൾപ്പെട്ട തിരുവനന്തപുരം നഗരത്തിലെ മലിനജല നിർമ്മാർജ്ജന പദ്ധതി വിപുലീകരിക്കൽ വിവിധ ഘട്ടങ്ങളിലായി നടപ്പിലാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ആദ്യത്തെ രണ്ട് ഘട്ടങ്ങൾ നിലവിൽ മലിനജല നിർമ്മാർജ്ജന പദ്ധതിയുടെ പൈപ്പുകൾ മാററി വ്യാപ്തി കൂടുതലുള്ളത് സ്ഥാപിക്കുക, കുരിയാത്തി, ഈഞ്ചക്കൽ, പാററൂർ എന്നിവിടങ്ങളിലെ പമ്പിംഗ് സ്റേറഷൻ പുനരുദ്ധരിക്കുക,

ശുദ്ധീകരണശാല നിർമ്മിക്കുക, ഡി. ഇ. ബ്ലോക്കുകളിൽ പൈപ്പ്ലൈൻ സ്ഥാപിക്കേണ്ട സ്ഥലങ്ങളിൽ പൈപ്പുകൾ സ്ഥാപിക്കുക എന്നീ പണികൾക്കാണ് മുൻഗണന നൽകിയിട്ടുള്ളത്. ഈ പദ്ധതിയുടെ മതിപ്പ് അടങ്കൽ തുക 77·93 കോടി രൂപയാണ്. അങ്ങനെ ഈ മൂന്ന് നഗരങ്ങൾക്കുംവേണ്ടി ആവിഷ്ക്കരിച്ചിരിക്കുന്ന ഈ സ്കീമിനെ സംബന്ധിച്ച് ഇപ്പോൾ നമുക്ക് വേൾഡ് ബാങ്കിൽനിന്നും സഹായം കിട്ടുമെന്ന് പ്രതീക്ഷയില്ല. അതിനുവേണ്ടി ശ്രമം നടത്തുന്നുണ്ട്. അതേസമയം ജപ്പാൻ ഗവൺമെൻറ് ഇന്ത്യയ്ക്ക് കൂടുതൽ സാമ്പത്തിക സഹായം ഈ രംഗത്തിന് നൽകാമെന്ന് പറഞ്ഞിട്ടുണ്ട്. അതിൻെറ അടിസ്ഥാനത്തിൽ ഒരു കമ്മ്യൂണിക്കേഷൻ സംസ്ഥാന ഗവൺമെൻറിന് ലഭിച്ചിട്ടുണ്ട്. ഞങ്ങൾ ഈ മൂന്ന് നഗരങ്ങൾക്കുവേണ്ടി ശുദ്ധജല വിപുലീകരണ പദ്ധതികൾ ജപ്പാൻ ഗവൺമെൻറിൻെറ സഹായത്തോടുകൂടി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. അതോടൊപ്പംതന്നെ ചേർത്തല, ആലപ്പുഴ എന്നീ പ്രദേശങ്ങൾക്കുള്ള ഒരു സ്കീം കൂടി ജപ്പാൻെറ സഹായത്തിനുവേണ്ടി കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചതുപോലെ ഈ ഗവൺമെൻറ് വന്നതിനുശേഷം കോഴിക്കോട് നഗരത്തിൽ കുറെ കാര്യങ്ങൾ ചെയ്തിട്ടുണ്ട്. ഈ സ്കീമുകളൊക്കെ വരാൻ അൽപ്പം കാലതാമസമെടുക്കുമെന്നുള്ളതുകൊണ്ട് തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് ഈ മൂന്ന് നഗരങ്ങളിലേയ്ക്കും ഓഗുമെൻേറഷൻ സ്കീമുകൾ സാംഗ്ഷൻ ചെയ്തിട്ടുണ്ട്. അതിനാവശ്യമായിട്ടുള്ള പണം ഹഡ്ക്കോയിൽ നിന്നോ എൽ.ഐ.സി.-യിൽ നിന്നോ ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. താൽക്കാലികമായിട്ടുള്ള കുറെ നടപടികൾ ഇപ്പോൾ സ്വീകരിക്കാൻ സാധിക്കും. ശാശ്വതമായിട്ടുള്ള പരിഹാരത്തിന് ഫലപ്രദമായിട്ടുള്ള നടപടികൾ ഗവൺമെൻറ് സ്വീകരിച്ചു വരികയാണ്.

ശ്രീ. എ. സുജനപാൽ: ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചതുപോലെ ഇൻററിം ഓഗ്മെൻേറഷൻ സ്കീം എന്ന് ആരംഭിക്കാൻ സാധിക്കുമെന്നും അത് എന്ന് പൂർത്തിയാക്കാൻ സാധിക്കുമെന്നതിനെ സംബന്ധിച്ചും ഒരു ടൈം ഫിക്സ് ചെയ്ത് അത് നടപ്പിലാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. ടി. എം. ജേക്കബ്: ഞങ്ങൾ ഉദ്ദേശിക്കുന്നത് ഒരു വർഷമെന്നാണ്. ഈ സാമ്പത്തിക വർഷം ആരംഭിച്ച് രണ്ടു വർഷത്തിനുള്ളിൽ ശരിയാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## V. സബ്മിഷൻ

### (1) പാച്ചല്ലൂർ ശ്രീഭദ്രകാളി ക്ഷേത്രത്തിലെ കവർച്ച

ശ്രീ. ജോർജ് മസ്ക്രീൻ: സർ, എൻെറ നിയോജകമണ്ഡലത്തിൽ നൂററാണ്ടുകൾ പഴക്കമുള്ള പാച്ചല്ലൂർ കുളത്തുങ്കര ശ്രീഭദ്രകാളി ക്ഷേത്രത്തിൽ കഴിഞ്ഞ ജൂലൈ 31-ാം തീയതി രാത്രി കള്ളൻ കയറി 10 ലക്ഷത്തിൽ പരം രൂപ വിലപിടിപ്പുള്ള മണിമുടിയും രത്നങ്ങളും കവർച്ച

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തിരിക്കുന്നു. 40 പവനിൽ അധികം തൂക്കം വരുന്ന തങ്കംകൊണ്ട് നിർമ്മിച്ച മണിമുടിയും അതിൽ പതിപ്പിച്ചിരുന്ന രത്നങ്ങളുമാണ് കവർച്ച ചെയ്യപ്പെട്ടത്. നാട്ടുകാരും വിശ്വാസികളും വളരെ ദുഃഖത്തിലാണ്. പോലീസ് കേസ് രജിസ്ററർ ചെയ്തു അന്വേഷണം നടന്നുവരികയാണ്. കേസന്വേഷണം ഊർജ്ജിതപ്പെടുത്തുന്നതിനും 50 വർഷത്തിലധികം പഴക്കമുള്ള പാച്ചല്ലൂർ ശ്രീഭദ്രകാളി ക്ഷേത്രത്തിലെ പ്രതിഷ്ഠയുടെ ജീവൻ കുടികൊള്ളുന്ന മണിമുടിയും രത്നങ്ങളും വീണ്ടെടുക്കുന്നതിനും കുററവാളികളുടെമേൽ നിയമ നടപടികൾ സ്വീകരിക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): കഴിഞ്ഞ ഒന്നാം തീയതി രാത്രിയാണ് ഓടിളക്കി അകത്തുകടന്ന് മോഷണം നടത്തിയത്. കാലത്ത്, അവിടത്തെ ശാന്തിക്കാരൻ പൂജ ചെയ്യാൻ വന്നപ്പോഴാണ് കണ്ടത്. പോലീസിൽ അറിയിച്ചതോടെ കമ്മീഷണർ ഉൾപ്പെടെയുള്ള എല്ലാ ബന്ധപ്പെട്ട ആളുകളും അന്വേഷണം ആരംഭിച്ചിരിക്കുകയാണ്. ഇതുസംബന്ധിച്ച് ചില ആളുകളെ പോലീസ് സ്റ്റേഷനിൽ വിളിച്ച് ചോദിച്ചിരുന്നു. എന്നാൽ അതുകൊണ്ട് മാത്രമായില്ലയെന്ന നിലയിൽ കേസ് രജിസ്ററർ ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ അന്വേഷണം ക്രൈംബ്രാഞ്ചിന്റെ ടെമ്പിൾ സ്ക്വാഡിനെ ഏല്പിച്ചിരിക്കുകയാണ്. അവർ വേഗത്തിൽ അതിനെ സംബന്ധിച്ച് അന്വേഷണം നടത്തി കുററവാളികളെ കണ്ടെത്താൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഏതായാലും ക്ഷേത്രങ്ങളിലൊക്കെ കവർച്ച വരുന്നത്, അവിടെ ആവശ്യത്തിനുള്ള വാച്ച് ആൻറ് വാർഡോ അല്ലെങ്കിൽ അങ്ങനെയുള്ള സംവിധാനങ്ങളോ ഒന്നുമില്ലാത്തതുകൊണ്ടാണ്. അതിന് എന്തെങ്കിലും പോംവഴി ഉണ്ടോയെന്ന് നോക്കേണ്ടതായിട്ടുണ്ട്. ടെമ്പിൾ സ്ക്വാഡ് അതിന്റെ ഉത്തരവാദിത്വം ഏറെറടുത്ത് കഴിഞ്ഞിട്ടുണ്ട്. അന്വേഷണം നടത്തി കുററവാളികളെ ശിക്ഷിക്കാനുള്ള നടപടിയുണ്ടാകും.

## (2) പ്രൈമറി ഹെൽത്ത് സെൻററിന്റെ ശോച്യാവസ്ഥ

ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി: സർ, എന്റെ നിയോജക മണ്ഡലത്തിൽപ്പെട്ട വേലൂർ പഞ്ചായത്തിൽ പഴയ കൊച്ചിമഹാരാജാവിന്റെ ഭരണകാലത്ത് സ്ഥാപിച്ചിട്ടുള്ള, ഒരു സ്ഥിരം ഡോക്ടറോടു കൂടിയുള്ള, ഡിസ്പെൻസറിയുണ്ട്. 1982-1987 കാലത്തെ അന്നത്തെ ഗവൺമെൻറ് രണ്ട് ഡോക്ടറുള്ളതും 10 ബെഡ്ഡുകളുള്ളതുമായ ഒരു ആശുപത്രിയായി ഉയർത്തി. എന്നാൽ ഇപ്പോൾ അവിടെ സ്ഥിരമായി ഡോക്ടർമാർ ഇല്ലാതായിട്ട് രണ്ട് കൊല്ലത്തോളമായി എരുമപ്പെട്ടിയിൽനിന്നും ദിവസവും ഡോക്ടർമാരെ ഡെപ്യൂട്ട് ചെയ്ത് ഭരണം നടത്തുന്ന ഏർപ്പാടാണ് നടക്കുന്നത്. കെട്ടിടത്തിന്റെ അററകുററപ്പണികൾ നടത്താതിരുന്നതുകൊണ്ട് പി. ഡബ്ല്യൂ. ഡി.-ക്കാർ അത് സേഫ് അല്ലായെന്ന് പറയുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ അവിടെ ആളുകളെ കിടത്തി ചികിൽസിക്കുന്ന ഏർപ്പാട് നിർത്തിവച്ചിരിക്കുകയാണ്. സ്ത്രീ-പുരുഷ വാർഡുകളിൽ പ്രാഥമിക ആവശ്യങ്ങൾക്കുള്ള സൗകര്യമില്ല. ഈ വക കാര്യങ്ങൾ അടിയന്തിരമായി ചെയ്ത് അത് ശരിയാക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, പഴയ കൊച്ചിയിൽ ഏററവും പ്രധാനപ്പെട്ട സ്ഥലമാണ് വേലൂർ. അവിടെയുള്ള പ്രൈമറി ഹെൽത്ത് സെൻററിൽ ഒ. പി. വാർഡ് ഫംഗ്ഷൻ ചെയ്യുന്നുണ്ട്, പക്ഷേ രോഗികളെ കിടത്തി ചികിൽസിക്കാനുള്ള ഭാഗം കേടുവന്നു. പി. ഡബ്ല്യു. ഡി.-ക്കാർ അത് സേഫ് അല്ലയെന്നു പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ തൽക്കാലം മാററിയിരിക്കുകയാണ്. അടിയന്തിരമായി അത് റിപ്പയർ ചെയ്തെടുക്കാൻ സാധിക്കുമോയെന്ന് നോക്കാൻ പി. ഡബ്ല്യു. ഡി.-ക്കാരെ അറിയിച്ചിട്ടുണ്ട്. അതിന് അവർക്ക് തുകയും ഇതിനകം അനുവദിച്ച് കഴിഞ്ഞിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പഴയ കെട്ടിടം നേരെയാക്കാൻ സാധിക്കുമോയെന്ന് പരിശോധിച്ചു വരികയാണ്. ഏതെങ്കിലും കാരണവശാൽ അത് സാദ്ധ്യമല്ലായെന്ന് വരുന്നുണ്ടെങ്കിൽ പുതുതായിട്ട് കെട്ടിടം പണിയേണ്ടതായിട്ട് വരും. അതിനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പയറിംഗ് ചെയ്യാൻ 28,500 രൂപയാണ് ചോദിച്ചത്, അത് കൊടുത്തിട്ടുണ്ട്. ഏതായാലും തല്ക്കാലം അവിടെ ഒ. പി. വാർഡ് വർക്ക് ചെയ്യുന്നതിനോടൊപ്പംതന്നെ ബഹുമാനപ്പെട്ട മെമ്പർകൂടെ സഹായിക്കാമെങ്കിൽ അതിന് തൊട്ടുതന്നെ തല്ക്കാലം ഇത് റിപ്പയർ ചെയ്ത് എടുക്കാൻ പ്രയാസമാണെന്നുണ്ടെങ്കിൽ ഒന്നുകിൽ ടെമ്പററി ബിൽഡിംഗ് ആവാം. അതല്ലെങ്കിൽ നല്ല കെട്ടിടം വാടകയ്ക്ക് കിട്ടുമെങ്കിൽ ഒട്ടും വൈകിക്കാതെ കെട്ടിടം വാടകയ്ക്കെടുത്ത് അതിനെ പ്രവർത്തിപ്പിക്കാനും വിരോധമില്ല. ഇത് ഒ. പി. വാർഡ് ഇപ്പോൾ വർക്ക് ചെയ്യുന്നതിന് തൊട്ടടുത്തായിരിക്കണം. പ്രത്യേകിച്ച് നാലഞ്ച് സ്ററാഫിന്റെ കുറവേ ഉള്ളൂ, ബാക്കി ആവശ്യത്തിനുള്ള സ്ററാഫുണ്ട്. 10 കിടക്കകളാണ് ഇപ്പോൾ അവിടെയുള്ളത്. പൊതുവെ നന്നായിട്ട് പ്രവർത്തിക്കുന്ന ഒരു ഡിസ്പെൻസറിയാണ്.

## (3) മയൂര സെക്യൂരിററീസ് ലിമിററഡ് എന്ന സ്ഥാപനത്തിലെ നിക്ഷേപകരെ വഞ്ചിച്ച് വൻതുക തട്ടിയെടുത്ത സംഭവം

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർ, സാധാരണ ജനങ്ങളെ പററിക്കുന്ന പല സ്ഥാപനങ്ങളിൽ ഒരു സ്ഥാപനം ഉണ്ടാക്കിയിട്ടുള്ള ചില കുഴപ്പങ്ങൾ ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. മയൂര സെക്യൂരിററീസ് ലിമിററഡ് കമ്പനി എന്ന പേരിൽ കേരളത്തിൽ പാലക്കാട്, മൂവാററുപുഴ, എറണാകുളം, തിരുവനന്തപുരം, കോഴിക്കോട്, തൃശ്ശൂർ, കോട്ടയം ഈ ജില്ലകളിൽ അതിന്റെ ബ്രാഞ്ചുകൾ തുറന്നു പ്രവർത്തിച്ചിരുന്നു. ചെയർമാൻ ശ്രീ. പി. എസ്. ജോസഫ് എറണാകുളത്തുകാരനാണ്. അയാൾ അഞ്ചാറു മാസത്തിനുമുമ്പ് കോടികൾ തട്ടിക്കൊണ്ടുപോയി; അയാൾ ഒളിവിലാണ്. പി. സി. തോമസ്, ചങ്ങനാശ്ശേരി ഡി. എൽ. വാർട്ടൻ, എറണാകുളം, വീജി എബ്രഹാം എന്നിവർ ഡയറക്ടർബോർഡ് മെമ്പർമാർ ആയിട്ടുണ്ട്. ഏതാണ്ട് 1000 അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായിട്ടുള്ള ആളുകൾ തൊഴിൽ ലഭിക്കുമെന്ന് കരുതി ഈ സ്കീമിൽ ചേർന്നു. കോട്ടയത്ത് 506 അംഗങ്ങൾ ഉണ്ട്. ഇവർ ഷെയർ എടുത്ത് അടച്ചിരുന്ന സംഖ്യയിൽ 3.5 കോടി രൂപ ഡയറക്ടർമാരുടെ കൈവശമുണ്ട്. ഇവരു് കബളിപ്പിച്ച് പോയതിനെത്തുടർന്ന് നിക്ഷേപകരെല്ലാംകൂടി ഒരു സംഘടന ഉണ്ടാക്കി.

മയൂര സെക്യൂരിററി ഇൻവെസ്റേറഴ്സ് വെൽഫയർ അസോസിയേഷൻ എന്നൊരു അസോസിയേഷൻ ഉണ്ടാക്കി അവരുമായി ബന്ധപ്പെട്ട് സംസാരിച്ചു. 7 ലക്ഷം രൂപ മെമ്പർമാർക്ക് കിട്ടാനുണ്ട്. 15 ലക്ഷം രൂപ വേറെ ഇടപാടുകളിൽ അവർക്ക് കൊടുക്കാനുമുണ്ട്. അത് കൊടുക്കാം എന്നു പറഞ്ഞ് കാത്തലിക് സിറിയൻ ബാങ്കിന്റെ ചെക്ക് കൊടുത്തു, പക്ഷെ ചെക്ക് മാറാൻ ചെന്ന സമയത്ത് പണമില്ല. പിന്നീട്, നിക്ഷേപകർ തങ്ങളെ നിർബന്ധിച്ചു ചെക്ക് വാങ്ങിപ്പിച്ചു എന്നുപറഞ്ഞ് പോലീസിൽ പരാതി നൽകിയിരിക്കുകയാണ്. അതുകൊണ്ട് കോട്ടയം എസ്.പി.-ക്ക് അപേക്ഷ നൽകിയിട്ടും നടപടി ഉണ്ടായിട്ടില്ല. ഈ ഷെയർ ഉടമകളുടെ താല്പര്യം സംരക്ഷിക്കാൻ ആവശ്യമായ നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണം എന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ഈ കമ്പനിയുടെ ശാഖകൾ പല സ്ഥലത്തും ഇതുതന്നെ ആവർത്തിച്ചതായിട്ടാണ് കാണുന്നത്. ഇവരുടെ പേരിൽ കേസ് രജിസ്ററർ ചെയ്തു. പക്ഷേ പല ബ്രാഞ്ചുകളിലും കിട്ടിയിട്ടുള്ള റിപ്പോർട്ട് ഇതുതന്നെയാണ്. തൃശ്ശൂരിൽ വേറൊരു കേസ് രജിസ്ററർ ചെയ്തിട്ടുണ്ട്. തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട് ഇവിടെയൊക്കെ ബ്രാഞ്ച് പ്രവർത്തിക്കുന്നുണ്ട്. ഇത് വലിയ തട്ടിപ്പാണെന്ന പ്രതീതിയാണ് ഉണ്ടാക്കിട്ടുള്ളത്. ചെക്ക് കൊടുക്കുക, ചെക്ക് മാറേണ്ടതില്ല എന്ന് ബാങ്കുകാരെ അഡ്വാൻസ് ആയിട്ട് അറിയിക്കുക, എന്നിട്ട് ഇവിടെ സൂചിപ്പിച്ചപോലെ കംപ്ലേൻറ് ചെയ്യുക. ഏതായാലും ഇത് കുറേക്കൂടി ഗൗരവമായി എടുക്കേണ്ട ഒരു കാര്യമായതുകൊണ്ട് അതിനുവേണ്ടി പ്രത്യേക സംവിധാനം ഏർപ്പെടുത്തി ആ ഗാങ്ങിനെ മുഴുവൻതന്നെ പരിശോധിച്ച്, നിക്ഷേപകരുടെ താല്പര്യം സംരക്ഷിക്കുക മാത്രമല്ല, ഇത്തരം കമ്പനികൾ ആവർത്തിക്കാതിരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## (4) കാപ്പികൃഷിക്കാർ നേരിടുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്ററർ: സർ, രണ്ടുവർഷം മുമ്പുവരെ ഇൻഡ്യയിലെ കാപ്പികൃഷിക്കാർക്ക് കാപ്പി പരസ്യവിപണിയിൽ വിൽക്കാൻ അധികാരം ഉണ്ടായിരുന്നില്ല. മുഴുവൻ കാപ്പിയും കാഫീബോർഡിന് കൊടുക്കണം എന്നായിരുന്നു നിയമത്തിലെ വ്യവസ്ഥ. എന്നാൽ കേന്ദ്ര ഗവൺമെൻറ് കാപ്പികൃഷിക്കാരെ രക്ഷിക്കുന്നതിനുവേണ്ടി ഏററവും ധീരമായ നടപടി സ്വീകരിച്ചു. അതിന്റെ ഫലമായി 50 ശതമാനം കാപ്പി പരസ്യവിപണിയിൽ വിൽക്കാൻ അനുവാദം ഉണ്ടായി. കാപ്പിക്ക് കേവലം 11 രൂപ 12 രൂപ ഉണ്ടായിരുന്നത് ഒരു കിലോക്ക് കഴിഞ്ഞ ആഴ്ചവരെ 120 രൂപ വരെ വിലയുണ്ടായിരുന്നു. കൃഷിക്കാർക്ക് ഏററവും വലിയ ആശ്വാസമായി. ബ്രസീൽ മുതലായ കാപ്പി ഉൽപ്പാദക രാജ്യങ്ങളിൽ കാപ്പി ഉൽപ്പാദനം കുറയുകയും ചെയ്തു. അതിന്റെ ഫലമായി വിദേശ വിപണിയിൽ ഇൻഡ്യയുടെ കാപ്പിക്ക് വലിയ ഡിമാൻറ് ആയിരുന്നു. 140 രൂപവരെ വിദേശവിപണിയിൽ വിലയുണ്ട്. ഇപ്പോൾ കേന്ദ്ര വാണിജ്യ വകുപ്പ് കാപ്പി കയററുമതിയിൽ നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുകയാണ്. ഒരുലക്ഷത്തി പതിനായിരം ടൺ മാത്രമേ കയററി അയക്കാവൂ എന്നാണ് ഇപ്പോഴത്തെ നിയന്ത്രണം. കാഫീബോർഡ് ചെയർമാൻ ഉൾപ്പെടെയുള്ള ആളുകൾ ഇതിൽ ഒരു കളികളിച്ചിട്ടുണ്ട് എന്ന ആക്ഷേപം ഉണ്ട്. നിയന്ത്രണം ഏർപ്പെടുത്തിയതിനുശേഷം 120 രൂപ

LIBRARY ARCHIVES Kerala Legislative Assembly

വിലയുണ്ടായിരുന്ന കാപ്പിക്ക് ഇപ്പോൾ 75 രൂപ മുതൽ 80 രൂപ വരെയായി വില കുറഞ്ഞിരിക്കുകയാണ്. ഒരു കിലോയിൽ 40 രൂപ ഈ നിയന്ത്രണത്തിന്റെ ഫലമായി കാപ്പികൃഷിക്കാർക്ക് നഷ്ടമായിരിക്കുകയാണ്. ആകെ ഇൻഡ്യയിൽ ഉല്പാദിപ്പിക്കുന്ന കാപ്പി 2 ലക്ഷം ടൺ ആണ്. ഈ കഴിഞ്ഞ വർഷം കാപ്പി ഉൽപ്പാദനം 185,000 ടൺ ആണ്. നമ്മുടെ ആഭ്യന്തര ഉപയോഗം ഏകദേശം 50,000 ടൺ ആണ്. അപ്പോൾ സ്വാഭാവികമായി ഈ കാപ്പി കയററുമതിയിൽ നിയന്ത്രണം ഏർപ്പെടുത്തിയത് എന്തിനാണെന്ന് മനസ്സിലാകുന്നില്ല. ഇത് കുത്തക മുതലാളികളെ സഹായിക്കാൻ മാത്രമേ ഉപകരിക്കൂ. അതുകൊണ്ട് കാപ്പി കയററുമതിയിലുള്ള നിയന്ത്രണം പൂർണ്ണമായി എടുത്തുകളയണം. ഇഷ്ടംപോലെ കാപ്പി കയററി അയക്കാനുള്ള അനുവാദം വേണം. വിദേശനാണ്യം നേടിത്തരുന്ന കാപ്പിക്കയററുമതി നിയന്ത്രിക്കുന്നതുവഴി നമ്മുടെ ഇൻഡ്യാ രാജ്യത്തിന് മൊത്തം വിദേശനാണ്യം നഷ്ടപ്പെടും എന്നുമാത്രമല്ല, കാപ്പികൃഷിക്കാരെ വളരെയേറെ പ്രതികൂലമായി ബാധിക്കും. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്രഗവൺമെൻറിൽ സമ്മർദ്ദം ചെലുത്തി നിലവിലുള്ള കാപ്പിക്ക് കയററുമതിയിൽ ഏർപ്പെടുത്തിയിരിക്കുന്ന നിയന്ത്രണം നീക്കി (110,000 ടൺ മാത്രമായി ചുരുക്കിയത്) ഇഷ്ടംപോലെ കയററി അയക്കാനുള്ള അനുവാദം കേന്ദ്രത്തിൽനിന്ന് നൽകുന്നതിന് ആവശ്യമായ സമ്മർദ്ദം കേന്ദ്രഗവൺമെൻറിൽ ചെലുത്തണം എന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, കേന്ദ്രഗവൺമെൻറ് പ്രതിനിധികളുമായി ബന്ധപ്പെട്ടപ്പോൾ അവരിൽനിന്ന് കിട്ടിയ വിവരം അനുസരിച്ച് ഏതാണ്ട് 190,000 ടൺ കാപ്പിയാണ് ഒരു വർഷത്തിൽ ഉല്പാദനം ഉണ്ടാകുന്നത്. അതിൽ 60,000 ടൺ നമുക്ക് ഇൻറേണൽ പർപ്പസിനുവേണ്ടി വേണം. അതുകഴിച്ചുള്ളത് കയററി അയക്കുന്നു. അവരുടെ കണക്കു പ്രകാരം 130,000 ടൺ കയററി അയക്കാൻ അനുവാദം കൊടുത്തിരുന്നു. അതനുസരിച്ച് കയററി അയച്ചു എന്നാണ് അവരുടെ ഫിഗേഴ്സിൽ നിന്ന് കാണാൻ സാധിക്കുന്നത്. ഗവൺമെൻറ് ഓഫ് ഇൻഡ്യ അറിയിച്ചിട്ടുള്ളതിൽ ഇവിടെ ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടി കാണിച്ചപോലെ ബ്രസീലിൽ നിന്നുള്ള കാപ്പി വരാതായതിനെത്തുടർന്ന് ഇൻഡ്യൻകാപ്പിക്ക് നല്ല മാർക്കററ് കിട്ടിയതുകൊണ്ട് ഇങ്ങനെ അധികം വില പോകുന്നത് അപകടമാണ്. 20 രൂപ 22 രൂപ വില ഉണ്ടായിരുന്നത് ഇവിടെ സൂചിപ്പിച്ചപോലെ ചില അവസരത്തിൽ 200 രൂപവരെ പോയി എന്നാണ് പറയുന്നത്. അത്രയും കാലം നമുക്ക് അനുകൂലമായ സാഹചര്യം ആണ്. പക്ഷേ ഇത് ഇനി കയററി അയക്കാൻ അനുവദിച്ചു കഴിഞ്ഞാൽ ഇവിടെ ആഭ്യന്തരമായി ആവശ്യമുള്ള 60,000 ടണ്ണിൽ നിന്നു പോലും കയററിയയക്കും എന്നുള്ളതുകൊണ്ട്, ഒരു കരുതൽ നടപടി എന്ന നിലയിൽ, 130,000 ടൺ കയററി അയച്ചതുകഴിച്ച് ബാക്കി കയററി അയയ്ക്കുന്നത് തടഞ്ഞിരിക്കുകയാണ്. ഈ ഡിസംബർ മാസം വരെയേ ഉള്ളൂ എന്നാണ് അവർ അറിയിച്ചിട്ടുള്ളത്. ഏതായാലും ശരി, ഇക്കാര്യം ഒന്നുകൂടി ഇൻഡ്യാ ഗവൺമെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവന്ന്, ഇവിടെ വളരെ അപൂർവ്വ അവസരങ്ങളിലേ കാപ്പികൃഷിക്കാർക്ക് എന്തെങ്കിലും ഒരു മെച്ചം കിട്ടൂ എന്നതുകൊണ്ട് അങ്ങനെയുള്ള അവസരത്തിൽ അവരുടെ ആനുകൂല്യങ്ങൾ നഷ്ടപ്പെടുത്തുന്ന ഒരു നടപടിയും സ്വീകരിക്കരുതെന്ന് ഇൻഡ്യാ ഗവൺമെൻറിൽ സമ്മർദ്ദം ചെലുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാൻ തയ്യാറാണ്.



LIBRARY ARCHIVES Kerala Legislative Assembly

## (5) വെളുത്തേടത്ത് നായർ സമുദായത്തെ പട്ടികജാതിയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അലക്ക് കുലത്തൊഴിൽ ആക്കിയിട്ടുള്ള പാവപ്പെട്ട വെളുത്തേടത്ത് നായർ വിഭാഗം ഇന്ന് അനുഭവിക്കുന്ന അവശത അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താൻ വേണ്ടിയാണ് ഞാൻ ഇത് ഉന്നയിക്കുന്നത്. 5 ലക്ഷത്തിലധികം വരുന്ന പാവപ്പെട്ട വെളുത്തേടത്ത് നായർ സമുദായത്തിന് അലക്കുതൊഴിൽ നേരത്തേയുള്ള തിനേക്കാൾ കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ സി. ഡി. ഷർട്ടുകളും മററു റെഡിമെയ്ഡ് സാധനങ്ങളും വന്നു കമ്പോളം നിറയു ന്നതുകൊണ്ടും അലക്കുമെഷീൻ പോലെ അത്യന്താധുനികമായ ഗൃഹോ പകരണങ്ങൾ വരുന്നു എന്നുള്ളതുകൊണ്ടും അവർക്ക് ഈ കുലത്തൊഴിൽ തന്നെ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇതേ തൊഴിൽ ചെയ്തു കൊണ്ടിരിക്കുന്ന മണ്ണാൻമാർ, വണ്ണാൻമാർ, ചായക്കാരൻ എന്നീ പേരു കളിൽ അറിയപ്പെടുന്ന, ഈ കുലത്തൊഴിൽ ചെയ്തുകൊണ്ടിരിക്കുന്ന ആളുകളെയെല്ലാം പട്ടികജാതിയിൽ പെടുത്തിയിട്ടുണ്ട്. പക്ഷേ അലക്കു തൊഴിലാളികളായിട്ടുള്ള പാവപ്പെട്ട വെളുത്തേടത്തുനായരെ മാത്രം പട്ടികജാതിയിൽപ്പെടുത്താതെ മാററിയിരിക്കുകയാണ്. അതുകൊണ്ട് വെളുത്തേടത്തുനായരെ പട്ടികജാതിയിൽപ്പെടുത്തുന്നതിനുവേണ്ടി ഗവൺ മെൻറ് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തണം എന്നു ഞാൻ അഭ്യർത്ഥി ക്കുകയാണ്. 63 പിന്നോക്ക സമുദായങ്ങളോടൊപ്പം വെളുത്തേടത്തുനായരെ കൂടി ഉൾക്കൊള്ളിച്ച് അവർക്ക് 3 ശതമാനം ആനുകൂല്യം ഇപ്പോൾ കൊടുക്കുന്നതിനുവേണ്ടിയാണ് വച്ചിട്ടുള്ളത്. ആ ആനുകൂല്യം വർദ്ധിപ്പിച്ച് 5 ശതമാനം എങ്കിലും ആക്കി അവർക്ക് സംവരണാനു കൂല്യം നൽകുന്നതിനുള്ള നിയമവ്യവസ്ഥ ഉണ്ടാക്കുന്നതിന് നേതൃത്വം നൽകണമെന്ന് അഭ്യർത്ഥിക്കുകയാണ്. ദേവസ്വംബോർഡ്, പി. എസ്. സി. തുടങ്ങിയ സമിതികളിൽ ഏററവും കൂടുതൽ പിന്നോക്കം നിൽക്കുന്ന ഈ സമുദായത്തിൽപെട്ട ആരും ഈ സമിതിയിൽ ഒന്നും വന്നിട്ടില്ല. അതുകൊണ്ട് അവരെ സമിതികളിൽ ഉൾപ്പെടുത്തുന്നതിനു വേണ്ടി ഗവൺമെൻറ് നടപടി എടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, പട്ടികജാതിയിൽ ഉൾക്കൊള്ളിക്കാനുള്ള ആവശ്യം മിക്കവാറും എല്ലാ സമുദായത്തിൽനിന്നും മുന്നോട്ടുവരികയാണ്. കാരണം ഭരണഘടനാപരമായി അവർക്കുള്ള ആനുകൂല്യങ്ങളും സംസ്ഥാനങ്ങളിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളും വിശേഷിച്ച് ഉദ്യോഗത്തിൻെറ കാര്യത്തിൽ, കോളേജ്, സ്കൂൾ അഡ്മിഷൻ കാര്യത്തിൽ അവർക്കുള്ള അവകാശങ്ങൾകൊണ്ട് പട്ടികജാതിയിൽപെടുത്തണമെന്ന് പല ഭാഗത്തുനിന്നും ആവശ്യപ്പെടുന്നു. ഈയിടെ സാക്ഷാൽ കിരിയത്ത് നായർ സമുദായക്കാർ ആവശ്യപ്പെട്ടത് തങ്ങളെയും പട്ടികജാതിയിൽപ്പെടുത്തണം എന്നാണ്. വിളക്കത്തല നായർ മാത്രമല്ല, ഒരു അവസരത്തിൽ പ്രമുഖനായ ഒരു നായരുടെ പബ്ലിക് സ്റേറററ്മെൻറ് ഉണ്ടായിരുന്നു. ഞങ്ങളെയും പട്ടികജാതിയിൽ പെടുത്തണമെന്ന്. ഇക്കാര്യത്തിൽ പ്രത്യേകമായിട്ട് മനസ്സിലാക്കേണ്ട ഒരു കാര്യം, സാമ്പത്തികമായ പ്രയാസമോ മററു കുറവുകളോ അല്ല ഇതിന് അടിസ്ഥാനമായിട്ടുള്ളത് എന്നാണ്. ഇപ്പോഴേ പട്ടികജാതിയിൽനിന്ന് ഒരു റെസിസ്ററൻസ് ഉണ്ട്, യഥാർത്ഥമായ, അർഹതയുള്ള, അവരുടെ

LIBRARY ARCHIVES Kerala Legislative Assembly

ആനുകൂല്യങ്ങൾ മററുചിലർ കൊണ്ടുപോകുന്നു എന്നുള്ള ഭയമാണ്. എന്നാൽ ഇക്കാര്യത്തിലുള്ള ഒരു പ്രയാസം കൂടി ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്.

സർ, ഒരു അവസരത്തിൽ ഇതൊരു പരിഷ്ക്കാരമായിട്ട് എടുത്തിരുന്നു. അങ്ങനെ എല്ലാവരും മററുള്ളവരോടൊപ്പം വരിക എന്നുള്ളത് ഒരു നല്ല കാര്യമായിരുന്നു.. പക്ഷെ അതിന്റെ പേരിൽ നായർ എന്ന് കൂട്ടിച്ചേർത്ത്, അതേയവസരത്തിൽ അവരുടെ മനോഭാവത്തിൽ വന്നിട്ടുള്ള ഒരു കാര്യം ഞാൻ ഇവിടെ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. വെളുത്തേടൻ എന്ന് അറിയപ്പെടുന്ന വെളുത്തേടത്ത് നായർ, അതേ ജോലി ചെയ്യുന്ന മണ്ണാൻ—അലക്കുകാരൻ മണ്ണാന്റെ വസ്ത്രം അലക്കുകയില്ല, അവരുടെ തൊഴിൽ ചെയ്യുന്ന മണ്ണാന്റെ വസ്ത്രം അലക്കുകയില്ല. ജാതീയമായ ചിന്താഗതി ഉള്ളതുകൊണ്ട് അവരെ പട്ടികജാതിയിൽ ഉൾപ്പെടുത്താൻ സാധിക്കുകയില്ല. മററു കാര്യങ്ങളിൽ അവർക്ക് അവശതയുണ്ടെങ്കിൽ അത് തീർച്ചയായിട്ടും പരിശോധിക്കുന്നതാണ്. അതിന് മററ് എന്തു നടപടിയാണ് വേണ്ടതെന്ന് നമുക്ക് ആലോചിക്കാവുന്നതാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ റൂൾ 304 അനുസരിച്ച് സബ്മിഷൻ അവതരിപ്പിച്ചപ്പോൾ അദ്ദേഹത്തിന്റെ അവസാനത്തെ ഒരു ഡിമാൻറുണ്ടായിരുന്നു. അതിന് മുഖ്യമന്ത്രി മറുപടി പറയാതെ പോകുകയാണ് ഉണ്ടായത്. ഒന്നുമില്ലെങ്കിലും നായൻമാർ എന്നുള്ളതിൽനിന്നും ഒഴിവാക്കുമോ എന്നുള്ളതിന് മുഖ്യമന്ത്രി മറുപടി പറയാതെ പോയത് ഓർഡറിലാണോ?

## (6) തിരൂർക്കാട് സ്വദേശി റംലത്തിന്റെ ദുരൂഹമായ മരണം

ശ്രീ. നാലകത്ത് സൂപ്പി: സർ, പെരിന്തൽമണ്ണ മണ്ഡലത്തിലെ തിരൂർക്കാട് സ്വദേശി റംലത്ത് (25 വയസ്സ്) കഴിഞ്ഞ ജൂൺ മാസം 21-ാം തീയതി മങ്കടയിലുള്ള ഭർത്തൃഗൃഹത്തിൽവച്ച് ദുരൂഹമായ സാഹചര്യത്തിൽ പൊള്ളലേററു. അതിനെത്തുടർന്ന് 26-ാം തീയതി മെഡിക്കൽ കോളേജ് ആശുപത്രിയിൽവച്ച് മരിക്കുകയും ചെയ്തു. ഭർത്താവ് ഗൾഫിലായതുകൊണ്ട് രണ്ട് കുട്ടികളോടൊപ്പം താമസിക്കുന്ന ഈ സ്ത്രീയെ അയൽവാസികളായ രണ്ടുമൂന്നുപേർ നിരന്തരം ശല്യപ്പെടുത്തുന്നതായി മുൻപ് പോലീസിൽ പരാതി കൊടുത്തിരുന്നു. പെരിന്തൽമണ്ണ സി. ഐ. പ്രതികളെ വിളിച്ച് താക്കീത് ചെയ്തു വിട്ടതാണ്. പോസ്ററ് മോർട്ടത്തിൽ ആത്മഹത്യയാണ് എന്നാണ് പറയുന്നത്. പൊള്ളലേററ സാഹചര്യം പരിശോധിച്ചാൽ അതൊരു കൊലപാതകമാണ് എന്ന് തികച്ചും സംശയിക്കേണ്ടിയിരിക്കുന്നു. ഇതുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തി കുററവാളികളെ കണ്ടുപിടിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സ്ഥലം പഞ്ചായത്ത് പ്രസിഡന്റടക്കം ആക്ഷൻ കമ്മിററി രൂപീകരിക്കുകയും നിവേദനങ്ങൾ നൽകുകയും ചെയ്തിരുന്നു. സംഭവ ദിവസം പുലർച്ചെ കതക് തുറന്ന് പുറത്തിറങ്ങിയ റംലത്തിനെ പിന്നിൽ വന്ന് എണ്ണയൊഴിച്ച് തീ കൊളുത്തിയതാണ് എന്നാണ് ജനസംസാരം. ഏതായാലും പോസ്ററുമോർട്ടം റിപ്പോർട്ടിൽ ആത്മഹത്യയാണ് എന്ന് കാണുന്നു. പിന്നിലാണ് തീ പൊള്ളിയത്. തീ അണയ്ക്കുന്നതിനു വേണ്ടി കിണററിൽ ചാടിയെന്നും ആ കിണററിൽനിന്നും നാട്ടുകാരാണ് എടുത്ത് മെഡിക്കൽ കോളേജ് ആശുപത്രിയിൽ കൊണ്ടുപോയത് എന്നുമാണ് അറിയുന്നത്. ഇത് വളരെ നിർഭാഗ്യകരമായ സംഭവമാണ്,

LIBRARY ARCHIVES Kerala Legislative Assembly

വളരെ ദാരുണമായ സംഭവമാണ്. ഇതിലെ പ്രതികളെന്നു സംശയിക്കുന്ന രണ്ടുമൂന്നുപേരെ ഇപ്പോഴും പോലീസ് അന്വേഷിക്കുന്നില്ല, അവരുടെ പേരിൽ നടപടി എടുത്തിട്ടില്ല. നേരത്തെ തന്നെ പിതാവും ഭർത്താവും ഇതിനെപ്പററി പോലീസിൽ പരാതി കൊടുത്തിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും ഡി. ജി. പി.-ക്കും പരാതി അയച്ചിരുന്നു. അതുപോലെ തന്നെ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഗുരുതരാവസ്ഥയിൽ കിടക്കുന്ന സമയത്ത് ഈ കുട്ടി ഞാൻ ആത്മഹത്യയ്ക്ക് ശ്രമിച്ചതല്ല, എന്നെ ചിലയാളുകൾ ഇങ്ങനെ ചെയ്തതാണ് എന്ന് ഭർത്താവിനോടും പിതാവിനോടും പറഞ്ഞിരുന്നു. ആ വിവരം കാണിച്ചുകൊണ്ട് പെരിന്തൽമണ്ണ പോലീസിൽ പരാതി കൊടുത്തു. ആ കുട്ടിയുടെ അവസാന മൊഴി എന്നുള്ള നിലയ്ക്കെങ്കിലും മെഡിക്കൽ കോളേജ് ആശുപത്രിയിൽ പോയി പോലീസ് മൊഴി എടുക്കേണ്ടതായിരുന്നു. അങ്ങനെ ചെയ്തില്ല എന്നുള്ളത് വളരെ സംശയമുണ്ടാക്കുന്ന സാഹചര്യമാണ്. അതുപോലെ തന്നെ വീണ്ടും പരാതിയുണ്ടായപ്പോഴും പോലീസ് അന്വേഷിച്ചില്ല. വളരെ വിശദമായി ഈ കാര്യത്തെ സംബന്ധിച്ചിടത്തോളം അടിയന്തിരമായും, സമഗ്രമായുമുള്ള അന്വേഷണം നടത്തി കുററക്കാരെ കണ്ടുപിടിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ഈ കേസിൽ ആദ്യത്തെ അന്വേഷണത്തിൽനിന്നും കിട്ടിയ വിവരമനുസരിച്ച് ഈ സ്ത്രീ പൊള്ളലേററ് മരണപ്പെട്ടുവെന്നാണ് പോസ്ററുമോർട്ടം റിപ്പോർട്ടിലുള്ളത്. ഇതിൽ സംശയിക്കാവുന്ന കാര്യം 22-ാം തീയതി പൊള്ളലേററിട്ട് 27-ാം തീയതിവരെ പോലീസിൽ റിപ്പോർട്ട് ചെയ്തിട്ടില്ല എന്നുള്ളതാണ്. അന്വേഷണത്തിൽ, പൊള്ളലേററ് സഹിക്കാൻ വയ്യാതെ വന്നതുകൊണ്ട് കിണററിൽ ചാടിയെന്നും പിന്നീട് കിണററിൽനിന്നും അവരെ അയൽപക്കക്കാരെല്ലാം കൂടിയാണ് മെഡിക്കൽ കോളേജ് ആശുപത്രിയിൽ കൊണ്ടുപോയത് എന്നുമാണ് അറിയാൻ കഴിഞ്ഞത്. ഏതായാലും 22-ാം തീയതി കഴിഞ്ഞ് 27-ാം തീയതിവരെ പോലീസിൽ റിപ്പോർട്ട് ചെയ്തില്ല. ഇതിനു മുൻപ് അയൽപക്കത്തെ ഒന്നുരണ്ട് ആളുകൾ ശല്യം ചെയ്യുന്നുവെന്നുള്ള പരാതി കിട്ടിയതനുസരിച്ച് പോലീസ് അന്വേഷണം നടത്തി. അതിനു ശേഷം കുറച്ചു ദിവസം ശല്യമില്ലായിരുന്നു. ഇതിൽ രണ്ടുമൂന്നുപേരെ സംശയിക്കാനിടയുള്ളതായിട്ടാണ് കാണുന്നത്. ഏതായാലും ഇത് ഗൗരവതരമായി കണ്ടുകൊണ്ടുതന്നെ ക്രൈം ബ്രാഞ്ചിനെക്കൊണ്ട് പ്രത്യേകമായി അന്വേഷിപ്പിക്കാം. ഇത് സാധാരണയായി ഉണ്ടായ മരണമാണെന്നാണ് ലോക്കൽ പോലീസിന്റെ നിഗമനമെങ്കിലും അത് ക്രൈം ബ്രാഞ്ചിനെ ഏൽപ്പിച്ച് കുറെക്കൂടി കാര്യമായിട്ട് പരിശോധിക്കാം.

## (7) ചാലിയാർ റഗുലേററർ-കം-ബ്രിഡ്ജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഫണ്ട്

ശ്രീ. സി. പി. ബാലൻ വൈദ്യർ: സർ, കോഴിക്കോട്, മലപ്പുറം ജില്ലകളെ ബന്ധിപ്പിക്കുന്ന, കുടിവെള്ളത്തിനും കൃഷിക്കും ജലം ഉപയോഗിക്കുന്നതിനുള്ള ഒരു ബൃഹത്തായ പദ്ധതിയാണ് ചാലിയാർ റഗുലേററർ-കം-ബ്രിഡ്ജ് പദ്ധതി. അതിന് 8 കോടിരൂപ സംസ്ഥാന ഗവൺമെന്റും 2 കോടി രൂപ അതിന്റെ ചെലവിനായി ഗ്വാളിയർ റയോൺസും കൊടുക്കുന്നതാണ്. ആ നിലയിലാണ് ആ പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. ഗ്വാളിയർ റയോൺസ് ആ തരത്തിൽ എഗ്രിമെന്റ്

ഒപ്പു വച്ചിട്ടുണ്ട്. പ്രവർത്തനം തുടങ്ങിയിരിക്കുന്നു. 1994 ഡിസംബറിൽ പ്രവർത്തനം പൂർത്തിയാക്കുമെന്ന് എന്റെ ഒരു ചോദ്യത്തിന് നിയമ സഭയിൽ ബഹുമാനപ്പെട്ട ഇറിഗേഷൻ വകുപ്പുമന്ത്രി മറുപടി പറഞ്ഞതാണ്. സാമ്പത്തിക വിഷമംകൊണ്ട് എടുത്ത പണിയ്ക്ക് സമയത്തിന് ബിൽ കൊടുക്കാത്തതുകൊണ്ട് പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകാൻ കഴിയാത്ത സ്തംഭനാവസ്ഥയിലാണ്. ഏതു സമയത്തും പ്രവൃത്തി നിർത്തി വയ്ക്കാവുന്ന ഒരു സ്ഥിതിയാണ് ഇപ്പോൾ അവിടെയുള്ളത്. അവിടെ നടക്കുന്ന പ്രവൃത്തിക്ക് അനുസരിച്ച് ഒരു കോടി രൂപ ഗ്വാളിയർ റയോൺസ് ഇതിനകം കൊടുത്തിട്ടുണ്ട്. ഒരുകോടി രൂപ കൂടി ഗ്വാളിയർ റയോൺസിൽനിന്നും ലഭിക്കേണ്ടതായിട്ടുണ്ട്. എടുത്ത പ്രവൃത്തിക്കുള്ള ബിൽ സമയത്തിന് ഗവൺമെന്റ് കൊടുത്താൽ അതനുസരിച്ച് ഗ്വാളിയർ റയോൺസിൽനിന്നുകൂടി ഫണ്ട് വാങ്ങാൻ കഴിയുന്നതാണ്. പ്രവർത്തനം നിർത്താത്ത വിധത്തിൽ അടിയന്തിരമായി ചെയ്തു തീർത്ത പ്രവൃത്തിക്ക് ബിൽ സംഖ്യ കൊടുക്കത്തക്ക വിധത്തിലുള്ള നടപടി ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി സ്വീകരിക്കണമെന്നാണ് എനിക്ക്. അഭ്യർത്ഥി ക്കാനുള്ളത്. പ്രവർത്തനം നിർത്തിവച്ചാൽ വലിയ ബുദ്ധിമുട്ട് അനുഭവപ്പെടും. ഗവൺമെന്റിനും വലിയ നഷ്ടം സംഭവിക്കുന്നതാണ്. അത്തരത്തിലുള്ള ഒരു സാഹചര്യം ഒഴിവാക്കുന്നതിനുവേണ്ടി അടിയന്തിരമായി ചെയ്തു തീർത്ത പ്രവർത്തനങ്ങൾക്ക് പണം കൊടുക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണമെന്ന് ധനകാര്യ വകുപ്പുമന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുന്നു.

വിദ്യുച്ഛക്തിയും കയറും വകുപ്പുമന്ത്രി (ശ്രീ. സി. വി. പത്മ രാജൻ): സർ, നടപ്പുവർഷം രണ്ടുകോടി രൂപ ബഡ്ജററിൽ വകയിരുത്തി യിട്ടുണ്ട്. ഇത് മലപ്പുറം മൈനർ ഇറിഗേഷൻ ഡിവിഷനിൽ വരുന്നതാണ്. ഡിവിഷനിൽ വരുന്ന പണികൾക്ക് ഇതിനകം 22·11 ലക്ഷം രൂപ ലൊൻ ഓഫ് ക്രെഡിററിൽ അനുവദിച്ചിട്ടുണ്ട്. ഇപ്പോൾ കൂടുതലായി കമ്പി വാങ്ങാൻ 25 ലക്ഷം രൂപയും കോൺട്രാക്ടർമാരുടെ ബിൽ പേമെന്റ് നടത്തുന്നതിനായി 32 ലക്ഷം രൂപയും ലൊൻ ഓഫ് ക്രെഡിററിൽ അനുവദിക്കുന്നതിനായി ചീഫ് എഞ്ചിനീയർ ആവശ്യപ്പെട്ടിട്ടുണ്ട്. അത് ധനകാര്യവകുപ്പിന്റെ പരിഗണനയിലാണ്. സാധാരണഗതിയിൽ ഒരു ഡിപ്പാർട്ടുമെന്റിലെ ഒരു ഡിവിഷനുവേണ്ടി പണം അനുവദിക്കുക എന്നുള്ളതാണ് ധനകാര്യവകുപ്പ് ചെയ്തുകൊണ്ടിരിക്കുന്നത്. ബന്ധപ്പെട്ട വകുപ്പിൽനിന്നും അതിന് കൂടുതൽ ശുപാർശ കിട്ടുന്നതനുസരിച്ച് ബഡ്ജററ് പ്രൊവിഷനിൽ നിന്നുകൊണ്ട് പണത്തിന്റെ ലഭ്യതയനുസരിച്ച് പരമാവധി തുക നൽകാൻ ശ്രമിക്കുന്നതാണ്.

## (8) കിളിമാനൂർ മണ്ഡലത്തിലെ 110 കെ. വി. സബ്സ്റേറഷന്റെ പണി

ശ്രീ. എൻ. രാജൻ: സർ, കിളിമാനൂർ മണ്ഡലത്തിലെ പഴയകുന്നുമ്മൽ പഞ്ചായത്തിലെ മുടങ്ങിക്കിടക്കുന്ന 110 കെ. വി. സബ് സ്റേറഷന്റെ പണികൾ അടിയന്തിരമായും പുനരാരംഭിക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. കിളിമാനൂർ, കല്ലറ, പാങ്ങോട്, വെഞ്ഞാറമൂട്, ആററിങ്ങൽ, വർക്കല, പാതിരിപ്പള്ളി, നിലമേൽ, കടയ്ക്കൽ തുടങ്ങിയ

പ്രദേശങ്ങളിലുള്ള വോൾട്ടേജ് ക്ഷാമം പരിഹരിക്കണമെന്ന ഉദ്ദേശത്തോടു കൂടിയാണ് 1989-ൽ 110 കെ. വി. സബ് സ്റ്റേഷന്റെ പണികൾ ആരംഭിച്ചത്. ആ സബ്സ്റ്റേഷനുവേണ്ടിയുള്ള യാർഡ്, കൺസ്ട്രക്ഷനുവേണ്ടിയുള്ള ഗ്രൗണ്ട് പണികൾ, ലൈൻ വലിക്കുന്ന പണികൾ, ഇതൊന്നും ഇതുവരെ നടന്നിട്ടില്ല. കഴിഞ്ഞ മൂന്നു വർഷമായി അത് മുടങ്ങിക്കിടക്കുകയാണ്. അടിയന്തിരമായി ഈ സബ് സ്റ്റേഷന്റെ പണികൾ ആരംഭിക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

വിദ്യുച്ഛക്തിയും കയറും വകുപ്പുമന്ത്രി (ശ്രീ. സി. വി. പത്മ രാജൻ): സർ, കിളിമാനൂർ സബ്സ്റ്റേഷന്റെ പണി പൂർത്തിയാക്കേണ്ടതിന്റെ ആവശ്യകത വിദ്യുച്ഛക്തി ബോർഡിനും എനിക്കും നല്ലതുപോലെ അറിയാവുന്നതാണ്. അദ്ദേഹംതന്നെ പറഞ്ഞതനുസരിച്ച് കുറെ പണികൾ പൂർത്തിയായിട്ടുണ്ട്. ലൈൻ വലിക്കുന്നതിനുള്ള കരാറിൽ ലോവസ്റ്റ് കോൺട്രാക്ടർ എഗ്രിമെന്റ് വയ്ക്കുകയോ പണി തുടങ്ങുകയോ ചെയ്തിട്ടില്ല. അതുകൊണ്ട് അത് ക്യാൻസൽ ചെയ്ത് പുതിയ ടെൻഡർ വിളിക്കാൻ ഏർപ്പാടു ചെയ്തിട്ടുണ്ട്. കഴിയുന്നതും വേഗം അതിന്റെ പണി ആരംഭിക്കുന്നതാണ്.

## (9) കാലവർഷക്കെടുതികൾക്ക് സാമ്പത്തികസഹായം

ശ്രീ. കെ. കെ. അബു: സർ, ഇക്കഴിഞ്ഞ ദിവസങ്ങളിൽ ഉണ്ടായ വെള്ളപ്പൊക്കത്തിൽ മലപ്പുറം ജില്ലയിൽ പ്രത്യേകിച്ച് കൊണ്ടോട്ടി മണ്ഡലത്തിലെ വാഴക്കാട്, വാഴയൂർ എന്നീ പഞ്ചായത്തുകളിൽ വമ്പിച്ച നാശനഷ്ടമാണ് ഉണ്ടായത്. എന്റെ മണ്ഡലത്തിൽത്തന്നെ ആയിരത്തിൽ അധികം വീടുകൾ വെള്ളത്തിൽ മുങ്ങിയതുകാരണം ആൾക്കാരെ മാററി താമസിപ്പിക്കേണ്ടതായിവന്നു. ചാലിയാർ പുഴയുടെ തീരങ്ങളിൽ സ്ഥിതി ചെയ്യുന്ന വാഴക്കാട്, വാഴൂർ എന്നീ പഞ്ചായത്തുകളിലുള്ളവരാണ് കെടുതികൾക്ക് ഏറെ ഇരയായത്. സ്വന്തം വീടും ഉപജീവനമാർഗ്ഗങ്ങളും നഷ്ടപ്പെട്ട് സ്കൂളുകളിലും, വില്ലേജാഫീസിലും, ടെലിഫോൺ എക്സ്ചേഞ്ചിലുമായി താമസിക്കേണ്ടിവന്ന ഇവർക്ക് ഒരാഴ്ചത്തെ സൗജന്യറേഷനാണ് കൊടുത്തത്. അത് പോരാ. ഈ പാവങ്ങൾക്ക്, പ്രത്യേകിച്ച് വെള്ളപ്പൊക്കത്തിന് ഏറെ ഇരയാകേണ്ടിവന്ന് സർവ്വതും നശിച്ച വാഴക്കാട്, വാഴയൂർ എന്നീ പഞ്ചായത്തുകളിലെങ്കിലും ഒരാഴ്ചത്തേക്കുകൂടി സൗജന്യറേഷൻ കൊടുക്കാൻ ബഹുമാനപ്പെട്ട മന്ത്രി നിർദ്ദേശം നൽകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. അതുപോലെതന്നെ 20-7-1994-ൽ റവന്യൂ ഡിപ്പാർട്ടുമെന്റ് ഇറക്കിയ ജി. ഒ. എം. എസ്. നമ്പർ 396/94 അനുസരിച്ച് ജീവഹാനി സംഭവിച്ച മരിച്ചവരുടെ ആശ്രിതർക്ക് 15,000 രൂപയും കുട്ടികളുടെ കുടുംബത്തിന് 7,500 രൂപയും വീട് പൂർണ്ണമായും നശിച്ചവർക്ക് 12,000 രൂപയും, ഭാഗികമായി നശിച്ചവർക്ക് 3,000 രൂപയും ആണ് ധനസഹായമായി സർക്കാർ പ്രഖ്യാപിച്ചിരിക്കുന്നത്. എന്നാൽ വീടുകൾ, ചെറുകിട വ്യവസായ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, മദ്രസ്സകൾ, എന്നിവയുടെ നാശനഷ്ടങ്ങൾക്ക് ധന സഹായം കൊടുക്കാൻ ഈ ഉത്തരവിൽ പറയുന്നില്ല. ആകെയുണ്ടായിരുന്ന ചെറുകിട കച്ചവടസ്ഥാപനങ്ങളും, ലോണെടുത്ത് നടത്തുന്ന ചെറുകിട വ്യവസായ യൂണിററുകളും വെള്ളപ്പൊക്കത്തിൽ നഷ്ടപ്പെട്ട ധാരാളം ആൾക്കാർ ഉണ്ട്. ഉപജീവനം നടത്താൻ വേറൊരു മാർഗ്ഗവും ഇല്ലാത്ത, ഇങ്ങനെയുള്ള ചെറുകിട പീടികകളോ, ചെറുകിട വ്യവസായ

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപനങ്ങളോ നഷ്ടപ്പെട്ടവർക്കും ഗവൺമെൻറ് യുക്തമായ രീതിയിൽ നഷ്ടപരിഹാരം നൽകണം. അതുപോലെതന്നെ സാധുക്കളായ ആരംക്കാർ താമസിക്കുന്ന പ്രദേശങ്ങളിലെ ആരാധനാലയങ്ങരംക്കും, മദ്രസ്സകരംക്കും വന്നിട്ടുള്ള കേടുപാടുകരം തീർക്കാനും ഗവൺമെൻറ് സഹായിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. എന്റെ മണ്ഡലത്തിൽതന്നെ 50-ഓളം ചെറുകിട പീടികകരം ഒലിച്ച് പോവുകയോ നശിക്കുകയോ ചെയ്തിട്ടുണ്ട്. ഇതൊന്നും ഇൻഷ്വർ ചെയ്യാത്ത ചെറിയ സ്ഥാപനങ്ങരം ആണ്. അതുപോലെ 5 ഇഷ്ടികകമ്പനികളും പാടെ നശിച്ചിട്ടുണ്ട്. എന്നാൽ ഇപ്പോഴുള്ള സർക്കാർ ഉത്തരവനുസരിച്ച് ഇവർക്കൊന്നും ധന സഹായം കിട്ടുകയില്ല. മൂന്ന് പള്ളികരംക്ക് വെള്ളപ്പൊക്കത്തിൽ സാരമായ കേടുപാടുകരം സംഭവിച്ചിട്ടുണ്ട്. വാഴക്കാട് പഞ്ചായത്തിലെ ദാറുൻ നദ്‌വ പള്ളിയ്ക്കും, വാഴയൂർ പഞ്ചായത്തിലെ മൂളപ്പുറം ജുമ്മ അത്ത് പള്ളിയ്ക്കും ചേംപ്രയിലെ മങ്ങാട്ടയിൽ പള്ളിയ്ക്കും കാലവർഷത്തിൽ കേടുപാടുകരം സംഭവിച്ചിട്ടുണ്ട്.

കെ. എഫ്. സി.-യുടെ ലോൺ എടുത്ത് നടത്തുന്ന ചെറുകിട വ്യവസായ സ്ഥാപനങ്ങരംക്കും, ആരാധനാലയങ്ങരംക്കും വെള്ള പ്പൊക്കത്തിൽ വന്നിട്ടുള്ള നാശനഷ്ടങ്ങരം പരിഹരിക്കാൻ ഗവൺമെൻറ് ധനസഹായം കൊടുക്കാനായി മുകളിൽ പറഞ്ഞ സർക്കാർ ഉത്തരവ് തിരുത്തണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. വേറൊരുകാര്യം റവന്യൂ വകുപ്പിന്റെ 386/84 നമ്പർ ഓർഡറിൽ 2-ാം കോളത്തിൽ പറയുന്നത് പൂർണ്ണമായും വീട് നശിച്ചവർ വീട് വയ്ക്കാനായി ധനസഹായം ലഭിക്കുന്നതിന് ഹൗസിംഗ് ബോർഡ് തയ്യാറാക്കിയ ജനറർ ബിൽഡിംഗ് പ്ലാൻ അനുസരിച്ച് അപേക്ഷിക്കണമെന്നാണ്. ഹൗസിംഗ് ബോർഡിന് അങ്ങനെയൊരു പ്ലാൻ ഇല്ലെന്നാണ് അന്വേഷണ ത്തിൽ നിന്നും അറിയാൻ കഴിഞ്ഞത്. ഈ വ്യവസ്ഥ എങ്ങനെയാണെന്ന് വ്യക്തമാക്കണം. വീട് നഷ്ടപ്പെട്ട് ബുദ്ധിമുട്ടുന്ന പാവങ്ങളെ ഇങ്ങനെയുള്ള ചുവപ്പുനാടയിൽ കുരുക്കാനാണോ ഉദ്ദേശിക്കുന്നത് എന്ന കാര്യവും അറിയേണ്ടിയിരിക്കുന്നു. ധനസഹായം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങരം കഴിയുന്നതും ലഘൂകരിച്ച് അവരെ സഹായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അതുപോലെ ചാലിയാർ പുഴയുടെ തീരത്തുള്ള വാഴക്കാട്, വാഴയൂർ എന്നീ പഞ്ചായത്തുകളിൽ കാലവർഷംമൂലം ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങരം വിലയിരുത്താൻ ഒരു പ്രത്യേക സർവ്വേ നടത്തണമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ബഹുമാനപ്പെട്ട മെമ്പറുടെ നിയോജകമണ്ഡലത്തിൽപ്പെട്ട വാഴക്കാട്, വാഴയൂർ എന്നീ പഞ്ചായത്തുകളിൽ ഭീമമായ നഷ്ടമുണ്ടായിട്ടുണ്ട്. ചാലിയാർ പുഴ കവിഞ്ഞൊഴുകിയതിന്റെ ഫലമായി കുറേ വീടുകളൊക്കെ നഷ്ടപ്പെട്ടു. ഗവൺമെൻറിന്റെ നോംസ് അനുസരിച്ചുള്ള ദുരിതാശ്വാസ പ്രവർത്തനങ്ങളൊക്കെ ഈ മേഖലയിൽ നടത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ഇപ്പോരം രണ്ടാമത് ആവശ്യപ്പെടുന്നത് നോംസിനു പുറമേ ആരാധനാലയങ്ങരംക്കും ചെറിയ വ്യാപാര സ്ഥാപനങ്ങരംക്കും കേടുപാടുകരം ഉണ്ടായതിനെക്കുറിച്ചാണ്. ഇത്തവണത്തെ നോംസിൽ അത് വരുന്നില്ല. എങ്കിലും അങ്ങനെയുള്ള കാര്യങ്ങളിലും നഷ്ട പരിഹാരം കൊടുക്കേണ്ടത് എങ്ങനെയെന്നുള്ള കാര്യത്തെപ്പററി ഞങ്ങരം മന്ത്രിസഭാതലത്തിൽ ആലോചിക്കാം. അങ്ങനെയുള്ള കാര്യങ്ങരംക്ക് ഒരു നീക്കുപോക്ക് ഉണ്ടാക്കാം. ഗവൺമെൻറിന് അഭിപ്രായ വ്യത്യാസമില്ല.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെ വീടുകഠം നഷ്ടപ്പെട്ടതിനെ സംബന്ധിച്ചിടത്തോളം ഓരോ ജില്ലാ കളക്ടറും ഓരോ സാമ്പിറം പ്ലാൻ തരും. ഒരു കിച്ചൺ, ഒരു ഡ്രായിംഗ് റൂം, ഒരു ബഡ് റൂം ഇത്രയും കാണും. ജില്ലാ കളക്ടർ ഉടൻതന്നെ അതിന്റെ പ്ലാൻ സർക്കുലേററ് ചെയ്യുന്നതാണ്. അതനുസരിച്ച് വീടുകഠം പണിയുക എന്നുള്ള നിർദ്ദേശമാണ് കൊടുത്തിരിക്കുന്നത്.

## (10) അഗളി പഞ്ചായത്തിൽ ഭൂമിയിലുണ്ടായ വിള്ളൽ

ശ്രീ. കല്ലടി മുഹമ്മദ്: സർ, മണ്ണാർകാട് മണ്ഡലത്തിലെ അഗളി പഞ്ചായത്തിൽ വണ്ടൻപാറ എന്ന സ്ഥലത്ത് കള്ളമലയ്ക്കടുത്ത് ഭൂമിയിൽ വിള്ളൽ ഉണ്ടായിട്ടുണ്ട്. അവിടെ ഏതാണ്ട് 21 കുടുംബങ്ങഠം താമസിക്കുന്നുണ്ട്. ഈ കുടുംബങ്ങളിലെ ആളുകളൊക്കെ ഭയവിഹ്വലരായി കഴിയുകയാണ്. ഈ ഭൂമിയിൽ വിള്ളൽ ഉണ്ടായതിന്റെ കാരണം മനസ്സിലാകുന്നില്ല. കേന്ദ്ര ഗവൺമെൻറിന്റെയും സംസ്ഥാന ഗവൺമെൻറിന്റെയും ബന്ധപ്പെട്ട ആളുകളൊക്കെ അവിടെ വന്നു. ഇവർ ആ സ്ഥലം സന്ദർശിച്ചെങ്കിലും അവിടത്തെ ആളുകഠം ഇപ്പോഴും വളരെ ഭയത്തോടുകൂടിയാണ് കഴിയുന്നത്. ഇത് കാലവർഷംകൊണ്ട് ഉണ്ടായതാണോയെന്ന് സംശയിക്കുന്നു. 21 വീടുകഠം ആ സ്ഥലത്ത് ഉണ്ട്. അവരെ അവിടെനിന്ന് മാററി താമസിപ്പിക്കണം. ഏത് സമയത്തും ഭൂമി താഴ്ന്ന് ഒരുപക്ഷേ അപകടം സംഭവിക്കാൻ സാദ്ധ്യതയുള്ളതുകൊണ്ട് നിർബന്ധമായും അവരെ മാററി താമസിപ്പിക്കണം. അതിനുള്ള സൗകര്യപ്രദമായ സ്ഥലം കണ്ടെത്തണം. വീടുണ്ടാക്കുവാൻ കാശ് കൊടുക്കണം. രണ്ട് കൊല്ലം മുമ്പ് പാലക്കാട്ടും ഇതുപോലെ ഭൂമി താഴുകയുണ്ടായി. കാഞ്ഞിരപ്പുഴയുടെ തൊട്ടടുത്താണ്. ഏകദേശം ഒരു മീററോളം ഭൂമി താഴ്ന്നിട്ടുണ്ട്. അതിന്റെ കാരണം വിശദമായി അറിവായിട്ടില്ല. അവിടെ വലിയ വിള്ളൽ കണ്ട സ്ഥലത്ത് ഒരു വീട്ടുകാർ താമസിക്കുന്നുണ്ട്. അത് അപകടമാണ്. അവരെ മാററി താമസിപ്പിക്കുന്നതിനുള്ള അടിയന്തിര നടപടിയെടുക്കണം. അല്ലെങ്കിൽ അത് വളരെ അപകടം ചെയ്യും. ഇത് ഉണ്ടാകുന്നതിനുള്ള കാരണം അവിടത്തെ ജനങ്ങളെ ബോദ്ധ്യപ്പെടുത്തണം. കഴിഞ്ഞ രണ്ടുകൊല്ലക്കാലംമുമ്പ് പാലക്കാട്ട് ഉണ്ടായ ഭൂമി വിള്ളലിനെക്കുറിച്ച് യാതൊരു വിവരവും അറിവായിട്ടില്ല. അവിടെ കാലവർഷക്കെടുതിയുടെ ഫലമായി റോഡുകഠംക്ക് നാശം സംഭവിച്ചിട്ടുണ്ട്, കൃഷിനാശം സംഭവിച്ചിട്ടുണ്ട്, വീടുകഠംക്ക് നാശം സംഭവിച്ചിട്ടുണ്ട്, ഇവയ്ക്കൊക്കെ താൽക്കാലികാശ്വാസം ജില്ലാ കളക്ടർ ഉഠംപ്പെടെ ചെയ്യുന്നുണ്ടെങ്കിലും അതിൽ പോരായ്മകളുണ്ട്. ഇത് കുറച്ചുകഴിഞ്ഞാൽ ഇനി വരഠംച്ചയായി മാറും. അതുകൊണ്ട് താൽക്കാലികമായി ഇപ്പോഠം ചെയ്യാവുന്നത് ഊരുകളിലേയ്ക്ക് പോകുന്ന പാലം, നടപ്പാലങ്ങഠം എന്നിവ ചെറിയ സംഖ്യ ഉപയോഗിച്ച് റിപ്പെയർ ചെയ്യാൻ സാധിക്കും, അതിന് കളക്ടർക്ക് പ്രത്യേക നിർദ്ദേശം കൊടുത്ത് ഇവ പണിയാനുള്ള സൗകര്യം ഉണ്ടാക്കണം. അവിടെ ഫ്രീ റേഷൻ മൂന്നാഴ്ച കൊടുത്തിട്ടുണ്ട്. അത് നല്ല കാര്യമാണ്. അത് ഒരാഴ്ചകൂടി എക്സ്റെൻറ് ചെയ്യണം. അത് ആദിവാസികഠംക്കും ഹരിജനങ്ങഠംക്കും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പിന്നോക്ക ജനവിഭാഗങ്ങഠംക്കും മുഴുവൻ കൊടുക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് പ്രത്യേകമായി അപേക്ഷിക്കുകയാണ്. അനേകം ആദിവാസികഠം ആശുപത്രിയിലുണ്ട്, കുറേപേർ മരിച്ചിട്ടുണ്ട്. ഇനിയും മെഡിക്കൽ കോളേജ് ആശുപത്രിയിലും ജില്ലാ

LIBRARY ARCHIVES Kerala Legislative Assembly

ആശുപത്രിയിലുമായി ധാരാളം പേരുണ്ട്. ഇവർക്കൊക്കെ വേണ്ടത്ര ചികിൽസാ സൗകര്യങ്ങൾ ചെയ്തുകൊടുക്കണം. ഇനിയും വളരെയധികം ആളുകൾ ഛർദ്ദിയും മററുമായി കിടപ്പുണ്ട്. അവർക്കൊക്കെ താൽക്കാലി കാശ്വാസവും വൈദ്യസഹായവും എത്തിക്കണം. അത്യാവശ്യം മരുന്ന് വാങ്ങാനുള്ള സൗകര്യങ്ങളും ഏർപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ഫ്രീ റേഷനെക്കുറിച്ച് ഗവൺമെൻറ് എടുത്തിരിക്കുന്ന തീരുമാനം ഒരാഴ്ചത്തേയ്ക്കാണ്. വെള്ളം ഇറങ്ങുന്നില്ലായെന്നുണ്ടെങ്കിൽ വെള്ളം ഇറങ്ങാത്ത പ്രദേശങ്ങളിലെ റിലീഫ് ക്യാമ്പുകളിൽ കിടക്കുന്നവർക്ക് കൂടുതൽ ദിവസം ഫ്രീ റേഷൻ കൊടുക്കും. അല്ലാതെ ഫ്രീ റേഷൻ കൊടുക്കുവാനുള്ള സാമ്പത്തിക കഴിവ് നമ്മുടെ ഗവൺമെൻറിനില്ല. അത് ഒരു പ്രത്യേക പ്രശ്നമാണ്. ആശുപത്രിയിൽ കിടക്കുന്ന ആളുകളെ സംബന്ധിച്ചിടത്തോളം അവർക്ക് അടിയന്തിര ചികിൽസ കൊടുക്കുന്നതിനും അടിയന്തിരാശ്വാസമെത്തിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിലൊക്കെ പ്രധാനമായിട്ടുള്ളത് ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ അതിവർഷകാലഘട്ടത്തിൽ അവിടേയുമിവിടേയും ഭൂമിയിൽ കാണുന്ന വിള്ളലുകളും ഭൂമി താണുകൊണ്ടിരിക്കുന്നതുമാണ്. ഇത് വളരെ ഗുരുതരമായ ഒരു പ്രശ്നമാണ്. ഈ വർഷം തുടർച്ചയായി പെയ്ത കാലവർഷത്തെ തുടർന്ന് മണ്ണാർകാട് താലൂക്കിലെ കള്ളമല വില്ലേജിൽ വണ്ടൻപാറയിൽ വിള്ളലുകൾ പ്രത്യക്ഷപ്പെട്ടു. വാർത്ത ശ്രദ്ധയിൽപ്പെട്ടപ്പോൾതന്നെ സമീപവാസികളായ 15 കുടുംബങ്ങളെ സുരക്ഷിത സ്ഥാനത്തേക്ക് മാററി പാർപ്പിക്കുകയുണ്ടായി. അവർക്കുവേണ്ടി കള്ളമല സെൻറ് സ്ററീഫൻ എൽ. പി. എസ്.-ൽ ഒരു ദുരിതാശ്വാസ ക്യാമ്പ് ഇപ്പോഴും പ്രവർത്തിക്കുന്നുണ്ട്. പാലക്കയം വില്ലേജിൽ പാല പായിപ്പ്പുല്ല് എന്ന സ്ഥലത്തും വിള്ളലുകൾ ഉണ്ടായി. ജില്ലയിലെ പല ഭാഗങ്ങളിലായി കണ്ട വിള്ളലുകളെക്കുറിച്ച് വിദഗ്ദ്ധ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. ഇത് പ്രകാരം മലമ്പുഴയിലെ അകമലവാരം, ഒററപ്പാലം താലൂക്കിലെ തൃക്കടീരി വിളയൂർ, മണ്ണാർക്കാട് താലൂക്കിലെ പായിപ്പുല്ല് എന്നീ സ്ഥലങ്ങളിൽ ഈ സംഘം പഠനം നടത്തിക്കഴിഞ്ഞു. വണ്ടൻപാറ പ്രദേശത്ത് നിശ്ചയിച്ച പ്രകാരം വിദഗ്ദ്ധൻമാർ ഇന്നലെ സന്ദർശിക്കാൻ പോയിട്ടുണ്ട്. അവരുടെ റിപ്പോർട്ട് കിട്ടിയതിനുശേഷം ആവശ്യമായ പ്രതിരോധ നടപടികൾ എടുക്കാം. ഗവൺമെൻറ് വളരെ ആത്മാർത്ഥമായി ആ കാര്യങ്ങൾക്ക് ആവശ്യമായ നടപടികൾ നീക്കുന്നുണ്ട്.

## (11) ഒരുമനയൂർ ലോക്ക് നന്നാക്കണമെന്ന ആവശ്യം

ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ്: സർ, ഗുരുവായൂരിലെ കനോലി കനാലിൽ ഒരുമനയൂർ ലോക്ക് 1936-ൽ ബ്രിട്ടീഷ് ഭരണകാലത്ത് നിർമ്മിക്കപ്പെട്ടിട്ടുള്ളതാണ്. മുൻകാലങ്ങളിൽ കേരള സർക്കാർ അതിന് വേണ്ട അററകുററപ്പണികൾ ചെയ്തിരുന്നു. കുറേ കാലമായിട്ട് അത് ചെയ്യുന്നില്ല. കനോലി കനാലിൽ ഉപ്പു വെള്ളം കയറുന്നതുകൊണ്ട് കൃഷിനാശത്തിനുപുറമേ കുടിവെള്ളത്തിനും ബുദ്ധിമുട്ടായി. ഒരുമനയൂർ, കടപ്പുറം പുന്നയൂർ, പുന്നയൂർക്കുളം പഞ്ചായത്തുകളിലും

LIBRARY ARCHIVES Kerala Legislative Assembly

ചാവക്കാട് മുനിസിപ്പാലിററിയിലെയും ജനങ്ങാക്ക് കനോലി കനാലിലെ ഉപ്പുവെള്ളം കയറുന്നതുകൊണ്ട് കുടിവെള്ളത്തിനുള്ള കിണറുകളിലും കുളങ്ങളിലും ഉപ്പുവെള്ളമാണ് കിട്ടുന്നത്. അതുകൊണ്ട് തൃത്താലയിൽ നിന്ന് വരുന്ന പൈപ്പ് വെള്ളത്തെ മാത്രമേ ആശ്രയിക്കാനൊക്കൂ. അതാണെങ്കിൽ മേൽപ്പറഞ്ഞ സ്ഥലങ്ങളിലേക്ക് ആവശ്യമായ വെള്ളത്തിന്റെ 30 ശതമാനം മാത്രമേ വരുന്നുള്ളൂ. കുടിവെള്ളത്തെപ്പററിയും ഞാൻ നിയമസഭയിൽ മുമ്പ് പറഞ്ഞിരുന്നു. ഈ ലോക്ക് പുതുക്കി പണിയുകയാണെങ്കിൽ ഈ പ്രദേശത്തെ കൃഷി ഉപ്പുവെള്ളത്തിന്റെ ആക്രമണത്തിൽ നിന്ന് രക്ഷപ്പെടും. ഇത് പുതുക്കിപ്പണിയണമെന്ന് എല്ലാ പഞ്ചായത്തുകളും ചാവക്കാട് മുനിസിപ്പാലിററിയും നിരന്തരം ആവശ്യപ്പെട്ടിരുന്നെങ്കിലും ഇതുവരെയും സർക്കാരിൽ നിന്ന് ഒരു നീക്കവും ഇതിനുവേണ്ടി ഉണ്ടായിട്ടില്ല. ഈ മോശമായ ലോക്ക് നിയന്ത്രിക്കുന്നതിനുവേണ്ട സ്ററാഫും ഇന്ന് ഇല്ല. മീൻ പിടിത്തക്കാരുടെ നിയന്ത്രണത്തിലാണ് ഇപ്പോഠം ഈ ലോക്ക്. ഉപ്പുവെള്ളം കയറുന്നതുകൊണ്ട് മൽസ്യബന്ധനം നിരോധിച്ചിരിക്കുന്നു എന്ന ബോർഡിന് താഴെയിരുന്നുകൊണ്ടാണ് ഇപ്പോഠം മീൻ പിടിക്കുന്നത്. ഈ ലോക്കിൽകൂടി കടന്നുപോകുന്ന വഞ്ചികളിൽനിന്ന് പിരിക്കുന്ന സംഖ്യയും ശരിക്ക് സർക്കാരിൽ എത്തുന്നില്ല. അതുകൊണ്ട് ഈ നാല് പഞ്ചായത്തുകളിലെയും ചാവക്കാട് മുനിസിപ്പാലിററിയിലെയും കൃഷിയെ സംരക്ഷിക്കുന്നതിനും കുടിവെള്ളം കേട് വരാതിരിക്കുന്നതിനും ഈ ലോക്ക് പുതുക്കിപ്പണിയണമെന്ന് അഭ്യർത്ഥിക്കുന്നു. അതേപോലെ പ്രധാനപ്പെട്ട മറെറാരു ലോക്ക് വെളിയംകോട്ടും ഉണ്ട്. അതും പുതുക്കിപ്പണിയണമെന്ന് അഭ്യർത്ഥിക്കുന്നു. ഇനി കനോലി കനാലിനെപ്പററി രണ്ട് വാക്ക്. തെക്കൻ മലബാറിലെ ഗ്രാമീണ ജീവിതങ്ങളെ ബന്ധിപ്പിച്ചിരുന്നത് ഈ കനാലായിരുന്നു. ഞങ്ങളുടെയെല്ലാം ജീവിതത്തിന്റെ താളമായിരുന്നു ഈ കനാൽ. ഇന്ന് അതിന്റെ വീതി കുറഞ്ഞുവരുന്നു. അതിനെ രക്ഷിക്കേണ്ടത് സർക്കാരിന്റെ കടമയാണ്. അതേപോലെ ആഴവും കുറഞ്ഞുവരുന്നു. സാംസ്കാരിക വകുപ്പുകൂടി കൈകാര്യം ചെയ്യുന്ന വകുപ്പുമന്ത്രി കനോലി കനാൽ രക്ഷിക്കാൻ വേണ്ടതായ നടപടികളെടുക്കണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഒരുമനയൂർ ലോക്ക്, വെളിയംകോട് ലോക്ക് ഇവ ഉടനെ പുതുക്കിപ്പണിയണമെന്ന് ഒന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

ജലസേചന വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, കനോലി കനാലിന്റെ കാര്യം അദ്ദേഹം നോട്ടീസിൽ പറഞ്ഞിട്ടില്ല. അത് എനിക്ക് അറിയാവുന്ന ഒരു സംഗതിയാണ്. ആ കനാൽ നല്ല നിലയിൽ നിലനിർത്തുന്നതിനുള്ള നടപടികഠം ഗവൺമെൻറ് ഇതിനോടകംതന്നെ സ്വീകരിച്ചിട്ടുണ്ട്. അതിന് പ്രത്യേകമായിട്ടുള്ള നിർദ്ദേശം നൽകുകയും ചെയ്യും. ഇവിടെ അദ്ദേഹം സൂചിപ്പിച്ച ഒരുമനയൂർ ലോക്ക് 1936-ൽ നിർമ്മിച്ചതാണ്. കുറേ കേടുപാടുകഠം അതിന് സംഭവിച്ചിട്ടുണ്ടെന്നുള്ളത് വസ്തുതയാണ്. അതിന്റെ അടിസ്ഥാനത്തിൽ എല്ലാ വർഷവും 50,000 രൂപവീതം അതിന്റെ മെയിൻറനൻസിനുവേണ്ടി ഗവൺമെൻറ് കൊടുക്കുന്നുണ്ട്. അത് പര്യാപ്തമായ ഒരു തുകയല്ല. ഈ ലോക്ക് മാററി പുതിയ ഒരു ലോക്ക് സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള നടപടികഠം ഗവൺമെൻറ് സ്വീകരിച്ചിട്ടുണ്ട്. ഇപ്പോഠം അതിന്റെ മതിപ്പ് ചെലവ് പ്രതീക്ഷിക്കുന്നത് നാൽപ്പത് ലക്ഷം രൂപയാണ്. കുറച്ചുകൂടി ഡീറെറയിൽഡ് ആയിട്ട് അതിന്റെ റിപ്പോർട്ട് തയ്യാറാക്കിയശേഷം ഈ

LIBRARY ARCHIVES Kerala Legislative Assembly

ലോക്ക് മാററി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. തൽക്കാലം ഉപ്പുവെള്ളം കയറാതിരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യാം.

## (12) ആലുവ ജല ശുദ്ധീകരണ പ്ലാൻറിലെ തകരാറ്

ശ്രീ. കെ. മുഹമ്മദാലി: സർ, കൊച്ചി നഗരസഭയിലേയും എൻെറ നിയോജക മണ്ഡലത്തിലേയും സമീപ പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടാണ് ലോക ബാങ്ക് പദ്ധതി ആലുവയിൽ ആരംഭിച്ചത്. പദ്ധതിയുടെ പ്രവർത്തനം വളരെ മന്ദഗതിയിലായ സന്ദർഭത്തിലാണ് ബഹുമാനപ്പെട്ട മന്ത്രിതന്നെ ഇടപെട്ട് ഇന്ന് അതിൻെറ പ്ലാൻറ് കമ്മീഷൻ ചെയ്യാനുള്ള സാഹചര്യം ഉണ്ടായത്. നമ്മൾ ഈ പദ്ധതികൾ ആരംഭിച്ചാൽ പദ്ധതിയുടെ നിർമ്മാണ സന്ദർഭത്തിലായാലും, അതിനുശേഷം അത് നടത്തിക്കൊണ്ട് പോകുന്ന കാര്യത്തിലായാലും കാര്യക്ഷമത ഇല്ലാത്തതുകൊണ്ട് ഉണ്ടാകാവുന്ന പ്രയാസങ്ങൾമൂലം ഈ കർക്കിടക മാസത്തിൽവരെ ആ പ്രദേശങ്ങളിൽ പല ഭാഗത്തും കുടിവെള്ളം ലഭിക്കാത്ത സാഹചര്യം ഉണ്ടായി. ധാരാളം വെള്ളം ഉണ്ടെങ്കിലും കുടിവെള്ളം ലഭിക്കാത്ത ഗുരുതരമായ സാഹചര്യം ഉണ്ടായി. ഈ പ്ലാൻറ് കൈകാര്യം ചെയ്യുന്നതിൽ വന്നിട്ടുള്ള കാര്യക്ഷമതയില്ലായ്മ— അത് വൈദ്യുതിയുടെ തകരാറാണോ, അതോ വാട്ടർ അതോറിററിയിലെ ആളുകളുടെ തകരാറാണോ, പ്ലാൻറിൻെറ തകരാറാണോ എന്നുള്ള തർക്കങ്ങൾ എല്ലാം സ്വാഭാവികമായി ഉണ്ടാകും—പക്ഷെ അത് ആ സന്ദർഭത്തിൽത്തന്നെ കൈകാര്യം ചെയ്ത് ഇത്രയും ബൃഹത്തായ ഒരു പദ്ധതി, അതുമായി ബന്ധപ്പെട്ട ആളുകളുടെ പ്രശ്നങ്ങൾ കണ്ടുകൊണ്ട് അത് പെട്ടെന്ന് പരിഹരിക്കുന്നതിനുള്ള നടപടിയുണ്ടായില്ല. ഞാൻ മനസ്സിലാക്കിയിടത്തോളം മന്ത്രിതന്നെ നേരിട്ടിടപെട്ട് നിർദ്ദേശം നൽകിയതിനെ തുടർന്നാണ് കഴിഞ്ഞ കുറെ ദിവസമായി ആ പ്രശ്നത്തെക്കുറിച്ച് ആലോചിക്കുവാനും, പരിശോധിക്കുവാനുംവരെ ഉദ്യോഗസ്ഥൻമാർ തയ്യാറായത്, ഇത് കാര്യക്ഷമമായി നടത്തിക്കൊണ്ട് പോകാൻ, കഴിയണം. അതുപോലെതന്നെ വേൾഡ് ബാങ്ക് പദ്ധതിയെ സംബന്ധിച്ചിടത്തോളം ഇവിടെ വന്നിരിക്കുന്ന ഏററവും പ്രധാനപ്പെട്ട പ്രശ്നം പൈപ്പിട്ട സന്ദർഭത്തിൽ പല രംഗങ്ങളിലും കാണിക്കേണ്ട ഒരു സാമാന്യമായ സമീപനം സ്വീകരിച്ചില്ല എന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. കാസ്ററ് അയൺ പൈപ്പ് ഇടേണ്ട സ്ഥലത്ത് എ. സി. പൈപ്പ് ഇട്ടതുമൂലം, ഈ പൈപ്പ് ഇട്ട അന്നുമുതൽ വെള്ളം പമ്പ് ചെയ്യുമ്പോൾ പൈപ്പ് പൊട്ടും. 6 മീററർ വീതിയുള്ള റോഡിലൂടെ ആറോ, ഏഴോ പൈപ്പുകൾ ഇട്ട് വെള്ളം അടിച്ചുകഴിഞ്ഞാൽ സ്വാഭാവികമായി അത് നിരന്തരമായി പൊട്ടുന്നു. പി. ഡബ്ലിയു. ഡി. റോഡ്, വളരെ ഗതാഗതം നടക്കുന്ന സ്ഥലത്ത് റോഡ് മെയിൻറനൻസ് നടത്താൻ പററുന്നില്ല. വണ്ടി ഓടിക്കാൻ സാധിക്കുന്നില്ല. പൈപ്പ് പൊട്ടി വളരെ ഏറെ നാശനഷ്ടങ്ങൾ ഉണ്ടാകുന്നു. പല തവണയും കോമ്പൻസേഷൻ കൊടുക്കേണ്ടി വന്നു. ഇത്തരം കാര്യങ്ങൾ പലപ്പോഴും ശ്രദ്ധയിൽപ്പെടുത്തിയാൽ പലരിലും ഉദാസീനമായ ഒരു മനോഭാവം കാണുന്നു. പുതിയ പദ്ധതിയെ കുറിച്ച് പറഞ്ഞു. പദ്ധതിയുടെ പ്രവർത്തന രംഗത്ത് വരുന്ന കാര്യക്ഷമതയില്ലായ്മമൂലം നിശ്ചിത സമയത്ത് അതിൻെറ പ്രയോജനം കിട്ടുകയില്ല. കുടിവെള്ളം ജനങ്ങൾക്ക് ലഭിക്കാതെ വരുന്ന സാഹചര്യങ്ങളെക്കുറിച്ച് ഗൗരവമായി ആലോചിക്കുകയും, പ്ലാൻറ് കൈകാര്യം ചെയ്യുവാൻ

LIBRARY ARCHIVES Kerala Legislative Assembly

അനുയോജ്യരായ വിദഗ്ദ്ധൻമാരായ ആളുകളെ നിയോഗിക്കുകയും അതുപോലെതന്നെ പൈപ്പ്ലൈൻ ഇടുമ്പോഴ് കാസ്ററ് അയൺ പൈപ്പ് ഇടേണ്ട സ്ഥലത്ത് കാസ്ററ് അയൺ പൈപ്പ് തന്നെ ഇടുകയും എ. സി. പൈപ്പുതന്നെ നല്ലതരം പൈപ്പ് ഇടുകയും ചെയ്യണം. പ്രത്യേകിച്ച് അത് പോകുന്ന റൂട്ടുകഴ്, ആ സാഹചര്യം കൂടി കണക്കിലെടുത്തുകൊണ്ട് ഇത്തരം കാര്യങ്ങളിൽ ഒരു ശരിയായ സമീപനം ഉണ്ടാകാത്തതുമൂലം കുടിവെള്ളം ലഭിക്കുന്നില്ല. എന്നു മാത്രമല്ല മററ് രീതിയിലുള്ള ബുദ്ധിമുട്ടുകഴ് ആളുകഴ്ക്കുണ്ടായാൽ വളരെ പ്രയാസമാകും. അതുകൊണ്ട് പൈപ്പ് പൊട്ടുന്നത് ഒഴിവാക്കാൻ വേണ്ടി അടിയന്തിരമായി കാസ്ററ് അയൺ പൈപ്പ് സ്ഥാപിക്കുകയും, അതുപോലെതന്നെ പ്ലാൻറ് കൂടുതൽ കാര്യക്ഷമമായി പ്രവർത്തിപ്പിക്കാൻ നാളിതുവരെയുള്ള സാഹചര്യം ഉണ്ടാകാതിരിക്കാനുമുള്ള നടപടി ഗവൺമെൻറിൻെറ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ജലസേചന വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, ആലുവ ജല ശുദ്ധീകരണശാലയിൽനിന്നും ഒരു ദിവസം 186 ദശലക്ഷം ലിററർ വെള്ളം പമ്പു ചെയ്യുന്നുണ്ട്. ഇതിനകത്ത് 70 ദശലക്ഷം ലിററർ വെള്ളം പമ്പ് ചെയ്യുന്നത് ഈ അടുത്ത കാലത്ത് കമ്മീഷൻ ചെയ്ത വേഴ്ഡ് ബാങ്ക് സ്കീമിൽ നിന്നാണ്. ആ സ്കീമിൽ 429 ഹോഴ്സ് പവറിൻെറ 2 എച്ച്. ടി. മോട്ടോറുകഴ് ആണ് സ്ഥാപിച്ചിട്ടുള്ളത്. കമ്പനിക്കാരും, ഇലക്ട്രിസിററി ബോർഡുംകൂടി പറഞ്ഞിരിക്കുന്ന റേററഡ് ആമ്പിയർ 70·2 ആണ്. ഈ കഴിഞ്ഞ ദിവസങ്ങളിൽ അതിൻെറ ആമ്പിയർ വളരെ വ്യത്യാസം കാണിച്ചു. ആമ്പിയറിൽ വ്യത്യാസം കാണിക്കുമ്പോഴ് സ്വാഭാവികമായിട്ടും എച്ച്. ടി. മോട്ടോർ കേട് സംഭവിക്കാനുള്ള സാദ്ധ്യതയുണ്ട്. ആദ്യമായിട്ടാണ് വാട്ടർ അതോറിററി എച്ച്.ടി. മോട്ടോർ വാട്ടർ സപ്ലൈ സ്കീമിനുവേണ്ടി സ്ഥാപിച്ചിട്ടുള്ളത്. വേറെ ഒരു പ്രോജക്ടിലും ഞങ്ങഴ് അത് സ്ഥാപിച്ചിട്ടില്ല. അങ്ങനെ വന്ന സന്ദർഭത്തിൽ ഇലക്ട്രിസിററി ബോർഡിലെ എൻജിനീയർമാരും ആയിട്ട് ആ കാര്യത്തെക്കുറിച്ച് ചർച്ച നടത്തി. ഇലക്ട്രിസിററി ബോർഡിലെ എൻജിനീയർമാരും വാട്ടർ അതോറിററിയിലെ, എൻജിനീയർമാരും ഒരുമിച്ചിരുന്ന് ഈ കാര്യങ്ങളെക്കുറിച്ച് പരിശോധന നടത്തുകയുണ്ടായി. ഞാൻ ഈ കഴിഞ്ഞ വ്യാഴാഴ്ച മുതൽ എറണാകുളത്തുതന്നെ ഉണ്ടായിരുന്നു. അതുകൊണ്ടുതന്നെ ഞാൻ ഉദ്യോഗസ്ഥൻമാരെയെല്ലാം വിളിച്ചുവരുത്തി ഈ കാര്യങ്ങളെക്കുറിച്ച് ചർച്ച നടത്തി. അപ്പോഴ് ആമ്പിയർ ഇങ്ങനെ കൂടിയാൽ മോട്ടോർ കേട് വന്നു പോകും, മോട്ടോർ കേട് വന്നാൽ പിന്നെ അത് മാററണമെങ്കിൽ കേരളത്തിൽ അത് റിപ്പയർ ചെയ്യാനുള്ള സംവിധാനം ഇല്ല. അത് ബാംഗ്ലൂരിലേ ഉള്ളു എന്നതിനാൽ ഉദ്യോഗസ്ഥൻമാർക്ക് ആശങ്കയായി. ഇലക്ട്രിസിററി ബോർഡ് എൻജിനീയേഴ്സും, വാട്ടർ അതോറിററിയിലെ എൻജിനീയേഴ്സും നോക്കിയിട്ട് എന്താണ് കാരണം എന്ന് കണ്ടുപിടിക്കാൻ സാധിച്ചില്ല. അവസാനം എഫ്.എ.സി.ററി.-യിലെ എൻജിനീയേഴ്സിനെ വിളിച്ചുവരുത്തി. എച്ച്.ടി. മോട്ടേഴ്സ് വളരെ ഏറെ വർക്ക് ചെയ്യുന്ന ഒരു സ്ഥാപനമാണ് 'ഫാക്ട്'. അവിടത്തെ എൻജിനീയേഴ്സ് വന്നിട്ട് അവർ പറഞ്ഞത് റേററഡ് ആമ്പിയറിനകത്ത് വ്യത്യാസം വന്നാലും പമ്പ് സെററ് ചൂടാകുന്നുണ്ടോ എന്നു മാത്രം നോക്കിയാൽ മതി എന്നാണ്. അതിൻെറ അടിസ്ഥാനത്തിൽ അവരുടെ കൂടെ സാന്നിദ്ധ്യത്തിൽ മോട്ടോർ സ്ററാർട്ട് ചെയ്തു. അങ്ങനെ മോട്ടോർ സ്ററാർട്ട് ചെയ്തതിനുശേഷം അതിൻെറ ചൂട് വർദ്ധിക്കു

LIBRARY ARCHIVES Kerala Legislative Assembly

ന്നില്ലായെന്നു കണ്ടതുകൊണ്ട് കഴിഞ്ഞ ദിവസം മുതൽ വാട്ടർ സപ്ലൈ റെസ്യൂം ചെയ്യാനുളള നടപടി സ്വീകരിച്ചിട്ടുണ്ട്. അങ്ങനെ വരുന്ന സന്ദർഭത്തിൽ നമുക്ക് അതിന് വേറെ മാർഗ്ഗമില്ല. ഒരു പ്രാവശ്യം രണ്ടോ, മൂന്നോ, നാലോ മണിക്കൂർ അത് സ്റ്റോപ്പ് ചെയ്താൽ വീണ്ടും അത് ഫുൾ സ്ട്രെങ്തിൽ റെസ്യൂം ചെയ്യണമെങ്കിൽ അനേകം മണിക്കൂറുകൾ എടുക്കും. അത് ഒരു പരീക്ഷണത്തിനുവേണ്ടി വിടാൻ സാദ്ധ്യമല്ല. അതുകൊണ്ടാണ് അങ്ങനെ ഒരു നിലപാട് സ്വീകരിച്ചത്. ഇപ്പോൾ റെസ്യൂം ചെയ്തിട്ടുണ്ട്. മുഹമ്മദാലി പറഞ്ഞ ഒരു സംഗതി എ.സി. പൈപ്പ് മാററി കാസ്ററ് അയേൺ പൈപ്പ് സ്ഥാപിക്കണം എന്നാണ്. ഈ പ്രോജക്ട് ഞാൻ വരുന്നതിനുമുമ്പ് വിഭാവന ചെയ്ത് നടപ്പിലാക്കി കൊണ്ടുവന്നതാണ്. അതിന്റെ തടസ്സങ്ങൾ നീക്കി പെട്ടെന്ന് കമ്മീഷൻ ചെയ്തു എന്നേ ഉളളു. ഈ കാസ്ററ് അയേൺ പൈപ്പും, എ.സി. പൈപ്പും തമ്മിൽ കോസ്ററിന്റെ കാര്യത്തിൽ വളരെ വലിയ ഡിഫറൻസ് ഉണ്ട്. ആ ഡിഫറൻസ് നമ്മൾ കാസ്ററ് അയേൺ പൈപ്പിലേക്ക് മാററുമ്പോൾ ഭാരിച്ച ഒരു ചെലവ് വരുന്നുണ്ട്. എന്താണെങ്കിലും പൊട്ടുന്ന പൈപ്പുകൾ ഞങ്ങൾ മാററിക്കൊണ്ടിരിക്കുന്നുണ്ട്. എറണാകുളത്തിനുവേണ്ടിയുളള ഓഗ്മെൻേറഷൻ സ്കീമിൽ കാസ്ററ് അയേൺ പൈപ്പാണ് ഞങ്ങൾ പ്രൊപ്പോസ് ചെയ്തിരിക്കുന്നത്. സ്ഥാപിച്ചിരിക്കുന്ന പൈപ്പുകൾ പൊട്ടുകയാണെങ്കിൽ പൊട്ടുന്ന മുറയ്ക്ക് അത് മാററാം. അതല്ലാതെ കംപ്ലീററ് ആയിട്ട് മാററുക എന്ന് പറഞ്ഞാൽ ആ പ്രോജക്ടിനുവേണ്ടി ഇനി വേറെ പണം നമ്മൾ കണ്ടെത്തേണ്ടിവരും.

ശ്രീ. കെ. മുഹമ്മദാലി: വളരെ ക്രൂഷ്യൽ ഏരിയയിൽ കാസ്ററ് അയേൺ പൈപ്പ് ഇടണം.

ശ്രീ. ടി. എം. ജേക്കബ്: പൊട്ടുന്ന സ്ഥലങ്ങളിൽ അത് മാററുന്നുണ്ട്. അല്ലെങ്കിൽ സിററിക്കുളള വാട്ടർ സപ്ലൈ ഇൻററപ്ററ് ചെയ്യും. അതുകൊണ്ടുതന്നെ മാററിക്കൊണ്ടിരിക്കുകയാണ്. ഈ കാര്യം പ്രത്യേകമായി പരിശോധിച്ച് എന്തെങ്കിലും ആവശ്യം ഉണ്ടെങ്കിൽ വേണ്ട നിർദ്ദേശം കൊടുക്കാം.

## (13) തളിപ്പറമ്പ് മുനിസിപ്പാലിററിയുടെ വികസനത്തിന് ആവശ്യമായ ഫണ്ട്

ശ്രീ. പാച്ചേനി കുഞ്ഞിരാമൻ: സർ, തളിപ്പറമ്പ് നിയോജകമണ്ഡലത്തിലെ ഏക മുനിസിപ്പാലിററിയാണ് തളിപ്പറമ്പ് മുനിസിപ്പാലിററി. താലൂക്കിന്റെ കേന്ദ്രംകൂടിയാണ് തളിപ്പറമ്പ്. തളിപ്പറമ്പ് മുനിസിപാലിററിയിൽക്കൂടി വഴി നടക്കാൻപോലും ജനങ്ങൾക്ക് ഇന്ന് ഭയമായിരിക്കുന്നു; മൂക്ക് പിടിക്കാതെ, വഴി നടക്കാൻ കഴിയില്ല. യാതൊരു വിധ വികസന പ്രവർത്തനങ്ങളും ഇന്ന് മുനിസിപ്പാലിററിയിൽ നടക്കുന്നില്ല. 8 കൊല്ലം മുമ്പ് 11 ഇന പരിപാടിയിൽ ഉൾപ്പെടുത്തി തുടങ്ങിയതാണ് കമ്മ്യൂണിററി ഹാൾ നിർമ്മാണം. അത് ഇന്നും പൂർത്തിയായിട്ടില്ല. ഞാൻ ഇതിനു മുമ്പും ഈ പ്രശ്നം ഇവിടെ ഉന്നയിച്ചിട്ടുളളതാണ്. അതിന്റെ പ്രവൃത്തി നടത്താതെ അത് ഇപ്പോഴും ഒരു അനിശ്ചിതത്വത്തിൽ കിടക്കുകയാണ്. അതുപോലെതന്നെ ആ മുനിസിപ്പാലിററിയിലെ,

LIBRARY ARCHIVES Kerala Legislative Assembly

തളിപ്പറമ്പ് പട്ടണത്തിലെ വീടുകളിൽനിന്നും, ഹോട്ടലുകളിൽനിന്നും ഒക്കെ പോകുന്ന മലിനജലം ഒഴുകിപ്പോകാൻ ആകെ ഒരു ബഹിർഗ്ഗമന മാർഗ്ഗമാണ് ഉള്ളത്, കാക്കാത്തോട്. ആ കാക്കാത്തോട്ടിൽക്കൂടി ഈ മലിനജലം ഒഴുകി പരിസരത്ത് താമസിക്കുന്ന ആളുകൾക്ക് നിൽക്കാൻ കഴിയാത്ത ഒരു സ്ഥിതി അവിടെ ഉണ്ടായിട്ടുണ്ട്. ഈ വേനലിൽ വലിയ പ്രക്ഷോഭം അത് സംബന്ധിച്ച് ഉണ്ടായി. ആ തോട് റിപ്പയർ ചെയ്ത് ആ വെള്ളം ഒഴുകിപ്പോകാനും, അല്ലെങ്കിൽ ഏതെങ്കിലും വിധത്തിൽ, ജനങ്ങൾക്ക് ഉപദ്രവകരമല്ലാത്ത വിധത്തിൽ, വിടാനോ ഉള്ള യാതൊരു സംവിധാനവും ആ മുനിസിപ്പാലിററിയിൽ ഏർപ്പെടുത്തിയിട്ടില്ല. പട്ടണത്തിലാണെങ്കിൽ മിക്കവാറും ഡ്രെയിനേജ് ഇല്ല. ഉള്ളതുതന്നെ അടഞ്ഞു കിടക്കുകയാണ്. അതുകൊണ്ട് മഴ പെയ്ത വെള്ളമായാലും, മലിനജലം ആയാലും ഈ ഡ്രെയിനേജിൽക്കൂടി പോകാനോ അല്ലെങ്കിൽ ഡ്രെയിനേജ് ഇല്ലാത്ത സ്ഥലത്ത് അത് ഉണ്ടാക്കാനോ സാധിക്കുന്നില്ല അതുപോലെതന്നെ പട്ടണവുമായി ബന്ധപ്പെടുന്ന ഒരു റോഡാണ് പാലേരിപറമ്പ് വിയാററൂർ കുട്ടിക്കുന്ന് റോഡ്. ആ റോഡ് ഇന്ന് വഴി നടക്കാൻപോലും പററാത്ത ഒരു അവസ്ഥയിലേക്ക് എത്തിയിരിക്കുന്നു. മുനിസിപ്പാലിററിക്ക് പണം ഇല്ല എന്നാണ് അവർ പറയുന്നത്. മുനിസിപ്പാലിററിക്ക് പണം ഇല്ലാത്തതുകൊണ്ടാണെങ്കിൽ ആവശ്യമായ പണം ഗവൺമെൻറ് നൽകി ഈ അത്യാവശ്യം നിർവ്വഹിക്കാൻ, ഈ പട്ടണത്തിൻെറ ദുരവസ്ഥ മാററാൻ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. സി. ടി. അഹമ്മദ് അലി): സർ, നഗരസഭകൾ രൂപകൽപ്പന ചെയ്യുന്ന പ്രത്യുൽപ്പാദനപരമല്ലാത്ത പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ പരിശോധിച്ചശേഷം സംസ്ഥാന ബഡ്ജററിൽ വകകൊള്ളിച്ചിട്ടുള്ള തുകയ്ക്ക് അനുസൃതമായി സർക്കാർ നഗരസഭകൾക്ക് സാമ്പത്തിക സഹായം വായ്പയും ഗ്രാൻറുമായി നൽകി വരുന്നുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം തളിപ്പറമ്പ് നഗരസഭയ്ക്ക് വികസന പ്രവർത്തനങ്ങൾക്കായി 50,000 രൂപ പ്രത്യേക ഗ്രാൻറായി അനുവദിച്ചിട്ടുണ്ട്. നഗരസഭയുടെ മററ് വികസന പ്രവർത്തനങ്ങൾക്കായി കെ.യു.ഡി.എഫ്. പോലുള്ള ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള ധനസഹായവും സ്വീകരിക്കാവുന്നതാണ്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ച മലിനജലം സംബന്ധിച്ച പ്രശ്നം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുമായി ആലോചിച്ച് പരിഹരിക്കാൻ ആവശ്യമായ നിർദ്ദേശം ഗവൺമെൻറ് നൽകുന്നതായിരിക്കും.

## (14) പ്ലാൻേറഷൻ കോർപ്പറേഷനിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ

ശ്രീ. പി. ജെ. ജോയി: സർ, സംസ്ഥാന പ്ലാൻേറഷൻ കോർപ്പറേഷനിലെ ആയിരക്കണക്കിന് വരുന്ന തൊഴിലാളികളുടെ അടിയന്തിര പ്രശ്നങ്ങൾ ഗവൺമെൻറിൻെറ ശ്രദ്ധയിൽ
12 noon] പെടുത്താൻ വേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. പ്ലാൻേറഷൻ ലേബർ കമ്മിററിയാണ് പ്ലാൻേറഷൻ തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകളെ സംബന്ധിച്ച് തീർപ്പ് കൽപ്പിക്കുന്നതെങ്കിലും വളരെ ലാഭകരമായി നടത്തുന്ന പൊതുമേഖലാ സ്ഥാപനം എന്ന നിലയിൽ തൊഴിലാളികളുടെ മററ് ചില പ്രശ്നങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ഒക്കെ മാനേജ്മെൻറും ഗവൺമെൻറും സമയാസമയങ്ങളിൽ കൂടി ആലോചിച്ച് പരിഹാരം കണ്ടെത്താൻ ശ്രമിച്ചിട്ടുണ്ട്. വളരെ അടിയന്തിരമായ ഒരു കാര്യം അവരുടെ ഗ്രാറ്റുവിററി സ്ലാബ് സീലിംഗ് എടുത്തുകളയണം എന്നുള്ളതാണ്. കോർപ്പറേഷനിൽത്തന്നെ ഓഫീസർമാരുടെ കാര്യത്തിലും സ്ററാഫിൻെറ കാര്യത്തിലും 'സീലിംഗ്' സംവിധാനം ഇല്ലെന്നുള്ളത് പ്രത്യേകം എടുത്തു പറയേണ്ടതാണ്. പാവപ്പെട്ട തൊഴിലാളികളുടെ കാര്യത്തിൽ അത് 20,000 രൂപയെന്ന് നിജപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ടവർക്ക് ഗ്രാററുവിററിയിനത്തിൽ കിട്ടേണ്ട തുക വളരെയധികം കുറയുന്ന സാഹചര്യം ഉണ്ടാകുന്നു. ഇതിനൊരു മാററം വരുത്തണം. വളരെയധികം സർവ്വീസുള്ള തൊഴിലാളികളെ സംബന്ധിച്ചിടത്തോളം, ഫീൽഡ് വർക്കറായിട്ട്, tapping തൊഴിലാളിയായിട്ട് ജോലിയിൽ പ്രവേശിക്കുന്ന ഒരാളിന് ഒരു സർവ്വീസ് ഇൻക്രിമെൻറ് നൽകണമെന്ന് ആവശ്യപ്പെടുന്നുണ്ട്. മരിച്ചവരുടെ ആശ്രിതർക്ക് തൊഴിൽ നൽകുന്ന കാര്യം. ധാരാളം വേക്കൻസി ഉണ്ട്. തൊഴിൽ അവസരങ്ങൾ അർഹതപ്പെട്ട ആളുകൾക്ക് വിദ്യാഭ്യാസയോഗ്യത അനുസരിച്ച് നൽകാൻ ഗവൺമെൻറ് മുൻകൈയെടുക്കണം. സ്പെഷ്യൽ അലവൻസ് 7 കൊല്ലം മുമ്പ് വർദ്ധിപ്പിച്ചതാണ്. യൂണിഫോം അലവൻസ് 300 രൂപയെന്നുള്ളത് 800 രൂപയാക്കണമെന്ന് തൊഴിലാളികൾ ആവശ്യം ഉന്നയിച്ചിട്ട് കൊല്ലങ്ങളായി. ഇതിനെല്ലാം അടിയന്തിര തീരുമാനം ഉണ്ടാക്കാൻ വകുപ്പുമന്ത്രി ബന്ധപ്പെട്ട് യൂണിയനുകളെ വിളിച്ച് ചർച്ച നടത്തി പരിഹാരം ഉണ്ടാക്കാൻ മുൻകൈയെടുക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പി. ജോർജ്): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യങ്ങളിലെ ഗ്രാററുവിററി. സ്ലാബ് എടുത്തുകളയണമെന്നുള്ളതും അലവൻസ് വർദ്ധിപ്പിക്കണമെന്നുള്ളതും ഇപ്പോൾ ബോർഡിൻെറ പരിഗണനയിലാണ്. മരിച്ചവരുടെ ആശ്രിതർക്ക് ജോലി കൊടുക്കുന്ന കാര്യത്തിൽ 1993 ജനുവരിക്ക് ശേഷം 71 അപേക്ഷകളാണ് കിട്ടിയത്. അതിൽ വർക്കേഴ്സ് കാററഗറിയിൽ 30 പേരുണ്ടായിരുന്നു, ആ 30 പേർക്കും കൊടുത്തു. ബാക്കിയുള്ള 41 പേരിൽ 21 പേർക്കും കൊടുത്തിട്ടുണ്ട്. ക്വാളിഫിക്കേഷൻ നോക്കി ഒഴിവ് അനുസരിച്ച് നിയമനങ്ങൾ നടത്താൻ നിർദ്ദേശങ്ങൾ നൽകാം. സെററിൽമെൻറ് അനുസരിച്ചാണ് വേതനം നിശ്ചയിക്കുന്നത്. 1993 ആഗസ്ററിൽ ഒപ്പുവെച്ച സെററിൽമെൻറ് പ്രകാരം ഏപ്രിൽ 1992 മുതൽ ഇത് പുതുക്കി നിശ്ചയിച്ച് കൊടുത്തുവരുന്നുണ്ട്.

## (15) കല്ലടയാറിന് കുറുകെ പാലം

ശ്രീ. കെ. പ്രകാശ് ബാബു: സർ, കൊല്ലം ജില്ലയിലെ മേജർ ഡിസ്ട്രിക്ട് റോഡ്സ് വിഭാഗത്തിൽ കുന്നിക്കോട്-ആറാട്ടുപുഴ റോഡിൽ കല്ലടയാറിന് കുറുകെ പട്ടാഴിയിൽ ഒരു പാലം പണിയണം. കൊല്ലം-ചെങ്കോട്ട റോഡിൽനിന്ന് ആരംഭിച്ച് എം.സി.റോഡിൽ ചെന്നുചേരുന്ന മേജർ ഡിസ്ട്രിക്ട് റോഡിലാണ് ഈ പാലം വേണ്ടത്. വളരെയധികം ചരിത്രമുള്ള ഒരു പ്രശ്നമാണ്. 1952-ൽ കൊല്ലം ഡി.ഡി.സി. ഇതിനുവേണ്ടി ഗവൺമെൻറിനോട് അഭ്യർത്ഥിച്ചിരുന്നതാണ്. 1962-ൽ ഏഴു ലക്ഷത്തി മുപ്പതിനായിരം രൂപയുടെ എസ്ററിമേററ് തയ്യാറാക്കി ഗവൺമെൻറിന് സമർപ്പിച്ചിരുന്നു. 1969-ൽ റിവൈസ് ചെയ്ത് ഏഴുലക്ഷത്തി നാൽപ്പതിനായിരം

രൂപയുടെ എസ്റ്റിമേറ്റാക്കി ഗവണ്‍മെന്റിന് കൊടുത്തിരുന്നു. പുതുക്കിയ എസ്റ്റിമേറ്റ് അനുസരിച്ചും പാലം പണി നടന്നില്ല. 1971-ൽ പന്ത്രണ്ടു ലക്ഷത്തി പതിനായിരം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് ഗവണ്‍മെന്റിന് കൊടുത്തു. 30521/കെ 1/79/ പി.ഡബ്ല്യു. അനുസരിച്ച് ഇതിന് ഫിനാൻസിന്റെ സാംഗ്ഷനും 14-2-1972-ൽ കിട്ടിയിരുന്നു. അതുവരെ നടപടിക്രമങ്ങൾ പൂർത്തിയായി എങ്കിലും പാലംപണി ആരംഭിക്കാൻ ആവശ്യമായ നടപടികൾ എടുക്കാൻ കഴിഞ്ഞില്ല. പട്ടാഴിയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഇലക്ട്രിസിറ്റി മന്ത്രിയും മിക്കവാറും വരുന്ന ദേവീക്ഷേത്രമുണ്ട്. ആ ക്ഷേത്രം കഴിഞ്ഞ് നേരെ എം.സി. റോഡിൽ ഇറങ്ങാൻ ഒരു പാലം ആവശ്യമാണ്. ചരിത്ര പരമായ ധാരാളം പശ്ചാത്തലമുള്ള പട്ടാഴി ആറാട്ടുപുഴയിൽ ഒരു പാലം നിർമ്മിക്കാൻ ആവശ്യമായ നടപടികൾ എത്രയും വേഗം ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി കൈക്കൊള്ളണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി. കെ. കെ. ബാവ): സർ, കല്ലടയാറിന് കുറുകെ പട്ടാഴിയിൽ ഒരു പാലം പണിയുന്നതിന് ഈ വർഷത്തെ ബഡ്ജററിൽ 100 രൂപ മാത്രമേ വകകൊള്ളിച്ചിട്ടുള്ളു. ഈ സാഹചര്യത്തിൽ പാലം എപ്പോൾ പണിയും എന്നു പറയാൻ ബുദ്ധി മുട്ടാണ്. ഏതായാലും ജില്ലാതല റോഡിലാണെന്നുള്ളതുകൊണ്ട് അതിന്റെ ആവശ്യകത ഗവണ്‍മെന്റ് പരിശോധിക്കും.

## (16) അദ്ധ്യാപകരുടെ ആവശ്യങ്ങൾ

ശ്രീ. എം. പി. താമി: സർ, ഇന്ന് അദ്ധ്യാപക സംഘടനകൾ സെക്രട്ടേറിയറ്റ് പടിക്കൽ നിരാഹാര സത്യാഗ്രഹം കിടക്കുകയാണ്. K.A.P.T.U., G.S.T.U., K.A.T.F., D.S.T.U., P.S.T.A., എന്നീ അഞ്ച് അദ്ധ്യാപക സംഘടനകൾ സംയുക്തമായി ചില ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് സെക്രട്ടേറിയറ്റ് പടിക്കൽ സമരത്തിലാണ്. അവർ ആവശ്യപ്പെടുന്നത് സ്വകാര്യമേഖലയിലെ അദ്ധ്യാപകർക്ക് പ്രൊട്ടക്ഷൻ പുനഃസ്ഥാപിക്കുക, ശമ്പളം പരിഗണിക്കാതെ ഒരു മാസത്തെ ബോണസ്സ് അനുവദിക്കുക, ഫെസ്റ്റിവൽ അലവൻസ് രണ്ടായിരം രൂപയായി ഉയർത്തുക, ക്ഷാമബത്ത കുടിശ്ശിക അനുവദിക്കുക എന്നിവയാണ്. ഈ ആവശ്യങ്ങൾ നേടിയെടുക്കുന്നതിനുവേണ്ടി അവർ നടത്തുന്ന സമരം ഒത്തു തീർപ്പിൽ എത്തിക്കുന്നതിനും അവരുടെ ആവശ്യങ്ങൾ അനുഭാവപൂർവ്വം പരിഗണിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നപേക്ഷിക്കുന്നു.

മി: ചെയർമാൻ: ശ്രീ. ടി. വി. ചന്ദ്രമോഹനനും ഇതേ ആവശ്യം പറഞ്ഞ് നോട്ടീസ് തന്നിട്ടുണ്ട്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): സർ, ബഹുമാനപ്പെട്ട മെമ്പർമാർ ഉന്നയിച്ചിട്ടുള്ള കാര്യങ്ങൾ സത്യത്തിൽ വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റുമായി നേരിട്ട് ബന്ധപ്പെട്ടതാണ്. സ്വകാര്യ മേഖലയിലെ അദ്ധ്യാപകരുടെ പ്രൊട്ടക്ഷനാണ്. ഫെസ്റ്റിവൽ അലവൻസിന്റേയും ബോണസിന്റേയും കാര്യം വിശദമായി ചർച്ച ചെയ്യേണ്ട കാര്യമാണ്; ഫിനാൻസുമായിട്ട് ബന്ധപ്പെട്ട കാര്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

പ്രൊട്ടക്ഷനെ സംബന്ധിച്ചിടത്തോളം ഞാൻ നേരത്തെ പറഞ്ഞിട്ടുള്ളതാണ്. മുമ്പ് ഉണ്ടായിരുന്നതുപോലെ പ്രൊട്ടക്ഷൻ പുനഃസ്ഥാപിക്കാൻ കഴിയുകയില്ല. അതേസമയം ദീർഘകാലം സർവ്വീസ് ഉള്ളവരെ പിരിച്ചുവിടലിൽനിന്ന് എങ്ങനെ ഒഴിവാക്കാൻ സാധിക്കും എന്നുള്ളതിനെപ്പററിയുള്ള ഒരു സ്കീം ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. അത് കഴിയുന്നതും വേഗത്തിൽ പൂർത്തീകരിക്കാൻ ശ്രമിക്കുന്നതാണ്. ബാക്കിയുള്ളത് ഫിനാൻസിന്റെ പരിഗണനയിലുള്ളതാണ്. അതിനുശേഷം തീരുമാനമെടുക്കുന്നതാണ്.

## (17) സിവിൽ സപ്ലൈസ് കോർപ്പറേഷൻ ജീവനക്കാരുടെ ആവശ്യങ്ങൾ

ശ്രീ. പി. രാജു: സർ, സംസ്ഥാനത്തെ സിവിൽ സപ്ലൈസ് കോർപ്പറേഷൻ ജീവനക്കാർ സംസ്ഥാന വ്യാപകമായി പണിമുടക്കിലാണ്. ആയിരക്കണക്കിന് തൊഴിലാളികൾ സെക്രട്ടറിയേററിന്റെ മുമ്പിൽ മാർച്ച് നടത്തിക്കൊണ്ടിരിക്കുകയാണ്. എ. ഐ. ടി. യു. സി., സി.ഐ.ടി.യു., ഐ.എൻ.ടി.യു.സി., എസ്.ടി.യു. തുടങ്ങിയ സംഘടനകൾ ചേർന്നുകൊണ്ടാണ് സമരം നടത്തുന്നത്. കേന്ദ്രപാരിററി നടപ്പിലാക്കുക, വെട്ടിക്കുറച്ച ബോണസ് പുനഃസ്ഥാപിക്കുക, ഹോളിഡേ അലവൻസ് നൽകുക, ഡിപ്പാർട്ടുമെൻറ് ബൈഫർക്കേഷൻ നടപ്പിലാക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടാണ് മാർച്ച് നടത്തുന്നത്. ഇന്ന് സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ ജീവനക്കാർക്ക് പ്രമോഷൻ സാദ്ധ്യതകളില്ല. ഡിപ്പാർട്ടുമെൻറിൽനിന്നും ഡെപ്യൂട്ടേഷനിൽ ആണ് ആളുകൾ ഈ കോർപ്പറേഷനിൽ ജോലി ചെയ്യാൻ വരുന്നത്. അതുകൊണ്ട് വർഷങ്ങളായി സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ ജോലി ചെയ്യുന്ന ആളുകൾക്ക് ഇന്നുള്ള എല്ലാ പ്രമോഷൻ സാദ്ധ്യതകളും നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഡിപ്പാർട്ടുമെൻറ് ബൈഫർക്കേഷൻ നടത്തി, സിവിൽ സപ്ലൈസ് കോർപ്പറേഷൻ എന്നും സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെൻറ് എന്നും രണ്ടാക്കാൻ നടപടി സ്വീകരിക്കണം. അതുപോലെതന്നെ സിവിൽ സപ്ലൈസ് കോർപ്പറേഷനിലേക്ക് അടിക്കടി ആളുകളെ ഡെപ്യൂട്ട് ചെയ്തുകൊടുക്കുന്നതുകൊണ്ട് യഥാർത്ഥത്തിൽ കോർപ്പറേഷന്റെ പ്രവർത്തനം തന്നെ സ്തംഭനത്തിൽ ആകുന്നുണ്ട്; അത് പരിശോധിക്കണം. അതുകൊണ്ട് സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥ അവസാനിപ്പിക്കണം. ഇതു സംബന്ധിച്ച് തർക്കങ്ങൾ നിലനിൽക്കുന്നുണ്ട്. സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥൻമാർക്ക് നിരവധി വിമർശനങ്ങളും പരാതികളും ഉണ്ട്. ബൈഫർക്കേഷൻ പാടില്ലയെന്നാണ് അവർ പറയുന്നത്. ഒരു കോർപ്പറേഷൻ എന്നുള്ള നിലയിൽ ഇതിനെ സ്വതന്ത്രമായി പ്രവർത്തിക്കാനും ജീവനക്കാർക്ക് പ്രമോഷൻ സാദ്ധ്യത അനുവദിച്ചുകൊടുക്കാനും ബൈഫർക്കേററ് ചെയ്ത് സിവിൽ സപ്ലൈസ് കോർപ്പറേഷനും ഡിപ്പാർട്ടുമെൻറും രണ്ടാക്കാനും ആവശ്യമായ നടപടി സ്വീകരിക്കണം.



LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ: ശ്രീ. വി. കെ. ബാബുവും ഇതുസംബന്ധിച്ച് സബ്മിഷൻ തന്നിട്ടുണ്ട്.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. ടി. എച്ച്. മുസ്തഫ): സർ, സംസ്ഥാന ഗവൺമെന്റ് ജീവനക്കാർക്ക് കേന്ദ്ര പാരിററി നടപ്പിലാക്കിയതുപോലെ സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ ഡെപ്യൂട്ടേഷൻ ജീവനക്കാർക്കും സൂപ്പർവൈസറി സ്റ്റാഫിനും ഇത് നടപ്പിലാക്കിയിട്ടുണ്ട്. അവിടത്തെ ഹെൽപ്പേഴ്സിനു മാത്രമാണ് ഇത് നടപ്പിലാക്കാതിരിക്കുന്നത്. ഹെൽപ്പർമാർക്ക് കൂടി ഇത് നൽകണമെന്ന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഡയറക്ടർ ബോർഡ് ശുപാർശ ചെയ്തിട്ടുണ്ട്. പക്ഷേ ഇത് പരിശോധിച്ച നമ്മുടെ പ്ലാനിംഗ് ആൻറ് ഇക്കണോമിക് അഫയേഴ്സ് ഡിപ്പാർട്ടുമെൻറിന്റെ ബ്യൂറോ ഓഫ് പബ്ലിക് എൻറർപ്രൈസസ്, കോർപ്പറേഷനിൽ ഡെപ്യൂട്ടേഷനിലുള്ളവർക്ക് ഇത് അനുവദിക്കാൻ പാടില്ലെന്നാണ് പറഞ്ഞിട്ടുള്ളത്. അവരുടെ തീരുമാനം പുനഃപരിശോധിക്കണമെന്ന് ഗവൺമെൻറ് ബ്യൂറോ ഓഫ് പബ്ലിക് എൻറർപ്രൈസസിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അവർ പറയുന്നത് കേന്ദ്ര നിരക്കിൽ ശമ്പളം വർദ്ധിപ്പിക്കണമെന്നാണ്. ഇത് നഷ്ടത്തിലുള്ള ഒരു കോർപ്പറേഷനായതുകൊണ്ട് അത് സാധിക്കുകയില്ല. വേരിയബിൾ ഡി.എ. കൊടുക്കാം എന്നാണ് ബ്യൂറോ ഓഫ് പബ്ലിക് എൻറർപ്രൈസസ് പറയുന്നത്. എങ്കിലും ഗവൺമെൻറ് ഇത് കൊടുക്കണം. മററ് രണ്ട് കൂട്ടർക്കും കൊടുത്തിട്ടുള്ളതുകൊണ്ട് ഈ കാററഗറിക്കാർക്കുകൂടി കൊടുക്കണമെന്ന അഭിപ്രായമാണ് പ്രകടിപ്പിച്ചിട്ടുള്ളത്. പിന്നെ അദ്ദേഹം പറഞ്ഞത് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിഭജനമാണ്. ഗവൺമെൻറ് അതിന് അനുകൂലമാണ്. പക്ഷേ കോർപ്പറേഷൻ സ്റ്റാഫിലുള്ള എല്ലാ യൂണിയനും വിഭജനം വേണമെന്നും, ഡിപ്പാർട്ടുമെൻറിനെ പ്രതിനിധീകരിക്കുന്ന എല്ലാ സംഘടനകളും ഡെപ്യൂട്ടേഷൻ നിർത്താൻ പാടില്ലാ എന്നുമാണ് വാദിക്കുന്നത്. എൻ.ജി.ഒ. അസോസിയേഷൻ ഒഴികെയുള്ള എല്ലാ സംഘടനകളും വിഭജനത്തിനെതിരായിട്ട് മെമ്മോറാണ്ടം നൽകിയിട്ടുണ്ട്; മറെറല്ലാ സംഘടനകളും വിഭജനം നടത്തണമെന്ന് പറഞ്ഞാണ് ഇന്ന് മാർച്ച് നടത്തുന്നത്. പ്രതിപക്ഷ പാർട്ടികളിൽപ്പെട്ടവർ തമ്മിലും അഭിപ്രായവ്യത്യാസമുണ്ട്. ഒരുകൂട്ടർക്ക് വിഭജനം നടത്തണമെന്നും, മറെറാരു കൂട്ടർക്ക് വിഭജനം നടത്തണ്ട എന്നും അഭിപ്രായമുണ്ട്. ഗവൺമെൻറ് ഈ കാര്യത്തിൽ ഒന്നു ചെയ്തിട്ടുണ്ട്. സിവിൽ സപ്ലൈസ് കമ്മീഷണർ ചെയർമാനും, ഭക്ഷ്യ-സിവിൽ സപ്ലൈസ് സെക്രട്ടറി കൺവീനറും സിവിൽ സപ്ലൈസ് ഡയറക്ടറും സിവിൽ സപ്ലൈസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറും അംഗങ്ങളുമായി ഒരു കമ്മററിയെ നിയോഗിച്ചിട്ടുണ്ട്. ആ കമ്മററി കോർപ്പറേഷനിലേയും ഡിപ്പാർട്ടുമെൻറിലേയും എല്ലാ സംഘടനകളുടെയും പ്രതിനിധികളുമായി കൂടിയാലോചിച്ച് എങ്ങനെ ഈ കാര്യം പരിഹരിക്കാം എന്നതിന് റിപ്പോർട്ട് സമർപ്പിക്കാനും ആ റിപ്പോർട്ട് കിട്ടിയതിനുശേഷം ബന്ധപ്പെട്ട സംഘടനകളുമായി കൂടിയാലോചിച്ച് ഇതിനൊരു തീരുമാനം എടുക്കുമെന്നും ഗവൺമെൻറ് അറിയിച്ചിട്ടുണ്ട്. ആ കമ്മററിയുമായി എല്ലാപേരും സഹകരിക്കണം. സഹകരിച്ചാലേ ഈ പ്രശ്നം പരിഹരിക്കാനാകൂ. ഇത് വൈവിദ്ധ്യമാർന്ന ഒരു പ്രശ്നമാണ്. പിന്നെ വെട്ടിക്കുറച്ച വേതനത്തെക്കുറിച്ച് പറഞ്ഞു. ഓണക്കാലത്തും റംസാനും, ക്രിസ്തുമസിനും അവർക്ക് നൽകിയിരുന്നത് പുനഃസ്ഥാപിക്കാൻ ഇന്നലെ നിർദ്ദേശം കൊടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

# VI. പ്രളയക്കെടുതിയെപ്പററി റൂൾ 130 അനുസരിച്ച് ചർച്ച ചെയ്യണമെന്ന ആവശ്യം

ശ്രീ. വി. എം. സുധീരൻ: സർ, ഞാൻ റൂം 130 അനുസരിച്ച് ഒരു മോഷന് നോട്ടീസ് നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട സ്പീക്കർ അത് അഡ്മിററ് ചെയ്ത് no-day-yet-named motion ആയി സർക്കുലേററ് ചെയ്തിട്ടുണ്ട്. അതിരൂക്ഷമായ കാലവർഷക്കെടുതിമൂലം സംസ്ഥാനത്തുണ്ടായ വമ്പിച്ച നാശനഷ്ടങ്ങളെ സംബന്ധിച്ച് സഭ ചർച്ച ചെയ്യണമെന്നുള്ളതാണ് എന്റെ മോഷന്റെ കണ്ടന്റ്. ഗുരുതരമായ സിററ്വേഷനാണെന്ന് പ്രത്യേകം പറയേണ്ടതില്ല. നൂററിയെഴുപതോളം ആളുകൾ ഇതിനകം തന്നെ മരിച്ചുകഴിഞ്ഞു. ആയിരംകോടി രൂപയോളം നഷ്ടം വന്നിട്ടുണ്ടെന്നാണ് പൊതുവേ കണക്കാക്കപ്പെട്ടിട്ടുള്ളത്. ജനങ്ങളുടെ ഈ ദുരിതങ്ങൾക്ക് പരിഹാരമുണ്ടാക്കുക എന്നു പറഞ്ഞാൽ സംസ്ഥാന ഗവൺമെന്റ് മാത്രം വിചാരിച്ചാൽ സാധ്യമല്ല. അർഹമായ സഹായം കിട്ടിയേ മതിയാകു. അതുകൊണ്ട് ഇത് ചർച്ച ചെയ്ത്, കേരളത്തിലെ ജനങ്ങളുടെ വികാരം മാനിച്ച്, കേന്ദ്ര സഹായമുൾപ്പെടെയുള്ള സർവ്വ സഹായവും ജനങ്ങൾക്ക് നേടിക്കൊടുത്ത് ജനങ്ങളെ ഈ ദുരിതത്തിൽ നിന്ന് സഹായിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. അതിന് ഗവൺമെന്റ് മുൻകൈ എടുക്കണം. കക്ഷി നേതാക്കൻമാരുമായി ചർച്ച ചെയ്ത് സഭ തീരുന്നതിനുമുമ്പ് ഇതിന് സമയം കണ്ടെത്തണമെന്ന് വിനയപുരസ്സരം ഞാൻ അപേക്ഷിക്കുകയാണ്.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ഇപ്പോഴത്തെ അജണ്ട അനുസരിച്ച് നാളെ നിയമസഭ തീരുകയാണ്. നാളെ അപ്രോപ്രിയേഷൻ ബിൽ ആണ്. ഇപ്പോഴത്തെ അജണ്ട അനുസരിച്ച് ഇതിന് സമയമില്ല. ചർച്ച ചെയ്യുന്നതിൽ ഗവൺമെന്റിന് ഒരു വിരോധവുമില്ല. പക്ഷേ സമയം ഇല്ലാ എന്നുള്ളതാണ് പ്രശ്നം. പലപ്പോഴായിട്ട് ധാരാളം ചർച്ച ഇവിടെ നടന്നിട്ടുള്ളതാണ്. പിന്നെ അങ്ങാണ് തീരുമാനിക്കേണ്ടത്.

മി. ചെയർമാൻ: ബിസിനസ് അഡ്വൈസറി കമ്മിററി ആലോചിച്ച് ഒരു തീരുമാനമെടുക്കട്ടെ.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: വിതുരയിൽ വച്ച് കുഞ്ഞുമോൻ എന്നൊരു സാമൂഹ്യ വിരുദ്ധൻ ദേവരാജൻ എന്നൊരു തോട്ടം തൊഴിലാളിയെ കുത്തിക്കൊന്ന സംഭവം സംബന്ധിച്ച് ഞാൻ സബ്മിഷൻ കൊടുത്തിരുന്നു; അത് വയ്ക്കാമെന്നും പറഞ്ഞിരുന്നു.

മി. ചെയർമാൻ: അത് ഇന്നില്ല. നാളെ പററുമോ എന്ന് നോക്കാം. റൂം 130 അനുസരിച്ച് ഒരു മോഷൻ വന്നു. അത് ബിസിനസ് അഡ്വൈസറി കമ്മിററി ആലോചിച്ച്, ഒരു തീരുമാനം എടുത്ത്, അതിന് സമയം കണ്ടെത്താം.

ശ്രീ. ബേബി ജോൺ: ബഹുമാനപ്പെട്ട മാണി ഇപ്പോൾ പറഞ്ഞു, ചർച്ച ചെയ്യാവുന്നതാണ്. പക്ഷേ, നാളെ സഭ തീരുന്നു അതുകൊണ്ട് സമയമില്ലാ എന്ന്. വളരെ ഗൗരവമേറിയ ഒരു കാര്യമാണ്, ഒരുദിവസം

കൂടി സഭ നീട്ടി വയ്ക്കാം, നമുക്ക് അത് ചർച്ച ചെയ്യാം. അപ്പോൾ സമയമില്ലാ എന്ന കാര്യത്തെക്കുറിച്ച് ഉത്കണ്ഠപ്പെടേണ്ട. സഭ ഒരു ദിവസംകൂടി നീട്ടിവെയ്ക്കാൻ പ്രതിപക്ഷം തയ്യാറാണ്.

ശ്രീ. കെ. എം. മാണി: നാളെ സഭ പിരിയുകയാണ്. ഇതിന് വേറൊരു ദിവസം കണ്ടെത്തുക പ്രയാസമാണ്. നാളെ സമയം കണ്ടെത്താം. നാളെ വേണമെങ്കിൽ ഇത് ചർച്ച ചെയ്യാം.

ശ്രീ. ബേബി ജോൺ: നാളത്തേയ്ക്കുള്ള അജണ്ട തീരുമാനിച്ചു കഴിഞ്ഞു. ഇതിൽനിന്ന് ഒഴിഞ്ഞുമാറാനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്.

ശ്രീ. കെ. എം. മാണി: ഇതിന് അടിയന്തിര സ്വഭാവമുണ്ടെന്ന് പ്രതിപക്ഷം പറയുന്ന സ്ഥിതിക്ക് നാളെ അപ്രോപ്രിയേഷന്റെ സമയം പരിമിതപ്പെടുത്തണ്ട—ദീർഘമായി ചർച്ച ഉച്ചകഴിഞ്ഞ് പോകാതെ അപ്രോപ്രിയേഷൻ പാസ്സായിക്കഴിഞ്ഞാൽ ഉടനെ തന്നെ നമുക്കിത് ചർച്ച ചെയ്യാം.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): ഗവൺമെന്റിനെ സംബന്ധിച്ച് ഇത് ചർച്ച ചെയ്യുന്നതിൽ യാതൊരു വിരോധവുമില്ല. നാളെ ബന്ധപ്പെട്ട ആളുകളുമായിട്ട് സംസാരിച്ചതിനുശേഷം എപ്പോൾ വേണമെന്ന് തീരുമാനിക്കാം.

മി. ചെയർമാൻ: ബന്ധപ്പെട്ട ആളുകളുമായി ആലോചിച്ചതിനു ശേഷം ഇതിന് സമയം കണ്ടെത്താമെന്ന് പറഞ്ഞിരിക്കുകയാണ്.

ശ്രീ. ബേബി ജോൺ: മൈലം ഇടപാടിന്റെ ചർച്ചയിൽനിന്നും ഗവൺമെന്റ് ഒഴിഞ്ഞുമാറാൻ ശ്രമിക്കുകയാണ്.

മി. ചെയർമാൻ: ഒഴിഞ്ഞ് മാറുന്നില്ലല്ലോ. ബന്ധപ്പെട്ടവരുമായി ആലോചിച്ച് സമയം കണ്ടെത്താമെന്ന് പറഞ്ഞല്ലോ.

ശ്രീ. കെ. എം. മാണി: ഇത് ഗവൺമെന്റ് സമ്മതിക്കില്ലാ എന്നാണ് പ്രതിപക്ഷം വിചാരിച്ചത്. സമ്മതിച്ചപ്പോൾ അതാണ് ഇപ്പോൾ കുഴപ്പം.

## VII. മേശപ്പുറത്തു വച്ച കടലാസുകൾ

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, 1994 ഏപ്രിൽ 5-ാം തീയതിയിലെ നോട്ടിഫിക്കേഷൻ ജി.ഒ. (പി) നമ്പർ 111/94/ആർ.ഡി. (എസ്.ആർ.ഒ.നമ്പർ 427/94) ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

വിദ്യുച്ഛക്തിയും കയറും വകുപ്പുമന്ത്രി (ശ്രീ. സി. വി. പത്മരാജൻ): സർ, 1994 ജൂലായ് 16-ാം തീയതിയിലെ നോട്ടിഫിക്കേഷൻ ജി. ഒ. (ആർ. റ്റി.) നമ്പർ 124/94/പി.ഡി. (എസ്.ആർ.ഒ. നമ്പർ 979/94) ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

## VIII. റിപ്പോർട്ട് സമർപ്പണം

### (i) 1994-ലെ കേരള സർവ്വേ-അതിരടയാള (ഭേദഗതി) ബില്ലിനെപ്പററിയുള്ള സബ്ജക്ട് കമ്മിററി റിപ്പോർട്ട്

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, 1994-ലെ കേരള സർവ്വേ-അതിരടയാള (ഭേദഗതി) ബില്ലിനെപ്പററിയുള്ള സബ്ജക്ട് കമ്മിററി റിപ്പോർട്ടും, കമ്മിററി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബില്ലും ഞാൻ സമർപ്പിക്കുന്നു.

### (ii) പിന്നോക്ക സമുദായ ക്ഷേമസമിതിയുടെ മൂന്നാമത് റിപ്പോർട്ട്

ശ്രീ. നാലകത്ത് സൂപ്പി: പിന്നോക്ക സമുദായക്ഷേമ സമിതിയുടെ മൂന്നാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

## IX. ധനകാര്യം

### 1994-95-ലെ ബഡ്ജററിലേക്കുള്ള ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 100 രൂപയുടേയും ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 100 രൂപയുടേയും ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിദ്യുച്ഛക്തിയും കയറും വകുപ്പുമന്ത്രി (ശ്രീ. സി. വി. പത്മരാജൻ): കാർഷികാദായ നികുതിയും വിൽപ്പനനികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 5,80,900 രൂപയുടേയും, ട്രഷറികളും അക്കൗണ്ടുകളും എന്ന X-ാംനമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 200 രൂപയുടേയും, പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 73,00,000 രൂപയുടേയും കണ്ടിൻജൻസി ഫണ്ട് എന്ന XLIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 10,00,00,000 രൂപയുടേയും ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 6,90,000 രൂപയുടേയും തെരഞ്ഞെടുപ്പുകൾ എന്ന IV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ

LIBRARY ARCHIVES Kerala Legislative Assembly

6,91,00,000 രൂപയുടേയും പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 100 രൂപയുടേയും, കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 10,00,000 രൂപയുടേയും, വാർത്താ വിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 50,00,000 രൂപയുടേയും, വിനോദ സഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 26,20,000 രൂപയുടേയും ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ആർ. രഘുചന്ദ്രബാൽ): എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 100 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി. കെ.കെ. ബാവ): പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 4,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്ക്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 51,10,200 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലസേചന വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്:) ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,15,75,000 രൂപയുടേയും, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 100 രൂപയുടേയും ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി. (ശ്രീ. സി. ടി. അഹമ്മദ് അലി): നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 50,00,000 രൂപയുടേയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 3,29,400 രൂപയുടേയും ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. എൻ. രാമകൃഷ്ണൻ): തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 100 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രി (ശ്രീ. പന്തളം സുധാകരൻ): ഹരിജനക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 14,00,100 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പി. ജോർജ്): കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 15,91,98,000 രൂപയുടേയും മൃഗ സംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 44,00,000 രൂപയുടേയും ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. ടി. എച്ച്. മുസ്തഫ): ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 5,52,00,100 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. വിശ്വനാഥൻ): വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 15,18,56,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഫിഷറീസ് വകുപ്പുമന്ത്രി (ശ്രീമതി എം. ടി. പത്മ): സാമൂഹ്യ വികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 92,700 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 7,37,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം, വ്യവസായ വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള): ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു.

## X. ക്രമപ്രശ്നം

### ഉപധനാഭ്യർത്ഥനകൾ ക്രമപ്രകാരമുള്ളവയല്ല എന്ന വാദഗതി

ശ്രീ. പി. രാഘവൻ: സർ, ഉപധനാഭ്യർത്ഥന Demand No. XXV, Social Welfare Including Harijan Welfare—ക്രമപ്രകാരമുള്ളതല്ല എന്നുള്ളതാണ് എന്റെ വാദം. സോഷ്യൽ വെൽഫെയറിന്റെ New Head of account-ൽ കാണുന്നത് In G.O. (Rt.) No. 179/94/F and CSD, dated 16-6-1994 sanction was accorded for the purchase of 5 diesel Ambassador cars and 20 diesel jeeps for the Civil Supplies Department at a total cost of Rs. 56 lakhs. The expenditure for the purchase of 5 diesel cars was also ordered to be debited to the head of account "3456-001-99-05-OE". Hence an amount of Rs. 10 lakhs is included in the Supplementary Demands for Grants over and above the budget provision now available under this head of account എന്നാണ്. ഇത് നമ്മുടെ ഭരണഘടനാ തത്വങ്ങൾക്കും റൂൾസ് ഓഫ് പ്രൊസീഡ്യറിനും

എതിരാണ്. ഇവിടെ സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റിനുവേണ്ടി 5 ഡീസൽ കാറും 20 ഡീസൽ ജീപ്പും വാങ്ങാനാണ് ഹരിജൻ ഡിപ്പാർട്ടുമെന്റ് കാശ് ചോദിക്കുന്നത്. ആ വകുപ്പിലെ ആവശ്യത്തിനുവേണ്ടിയല്ല. എന്താണ് ഉപധനാഭ്യർത്ഥന? ആ വകുപ്പിൽ ബഡ്ജററ് പ്രൊവിഷൻ തികയാതെ അധികമായി കാശ് ചെലവാക്കിപ്പോയതിന് സഭയുടെ മുൻപാകെ വയ്ക്കുന്നതാണ്. ഇവിടെ പട്ടികജാതി–പട്ടികവർഗ്ഗ വകുപ്പിന്റെ വികസനത്തിനുവേണ്ടി എന്തിനാണ് സിവിൽ സപ്ലൈസിന് കൊടുക്കേണ്ട ആവശ്യം? സിവിൽ സപ്ലൈസിന്റേതിൽ ഡീസൽ ജീപ്പ്, കാർ, ഇതിൽ സി-യിൽ പറയുന്നത്, In G.O (Rt.) No. 490/93/SCSTDD dated 22-9-1993, Administrative Sanction was accorded for the Construction and Installation of the statue of Dr. B. R. Ambedkar at a total cost of Rs. 4 lakhs. The Supplementary Demands for Grants moved is to meet the above expenditure. അതിന്റെ സപ്ലിമെന്ററിയാണെങ്കിൽ നമുക്ക് മനസ്സിലാകും. എന്നാൽ സപ്ലിമെന്ററി ഗ്രാന്റ്സ് എന്നു പറഞ്ഞുകൊണ്ട് നിയമസഭയുടെ മുൻപിൽ കാണിക്കുകയാണ്. ഇവിടെ പട്ടികജാതി–പട്ടികവർഗ്ഗ വികസന വകുപ്പിനുവേണ്ടി എന്തിനാണ് സിവിൽ സപ്ലൈസിന് കാശ് കൊടുക്കേണ്ട ആവശ്യം? നമ്മുടെ ഭരണഘടനയിൽ ഇതു സംബന്ധിച്ച് പറയുന്നത്: Supplementary, additional or excess grants.—(1) The Governor shall—(a) If the amount authorised by any law made in accordance with the provisions of article 204 to be expended for a particular service for the current financial year is found to be insufficient for the purposes of that year or when a need has arisen during the current financial year for supplementary or additional expenditure upon some new service not contemplated in the annual financial statement for that year,.....: അതാത് വകുപ്പിന്റെ ആവശ്യത്തിന് തുക തികയാതെ വരുമ്പോഴല്ലേ സപ്ലിമെന്ററി ഡിമാന്റ്സുമായിട്ട് പോകുന്നത്? ഇവിടെ സിവിൽ സപ്ലൈസ് വകുപ്പിനുവേണ്ടി സപ്ലിമെന്ററി ഡിമാന്റ്സിന് ചോദിക്കുന്നത് പട്ടികജാതി–പട്ടികവർഗ്ഗക്ഷേമ വകുപ്പാണ്. ഇതിന്റെ പിന്നിൽ ബോധപൂർവ്വമായ ഒളിച്ചുകളികളുണ്ട്. അതുകൊണ്ടാണ് ഈ തരത്തിൽ സപ്ലിമെന്ററി ഡിമാന്റുമായിട്ട് വന്നിട്ടുള്ളത്. അത് ഭരണഘടനാലംഘനമാണ്. നമ്മുടെ നിയമസഭയോട് കാണിക്കുന്ന ഏററവും വലിയ അവകാശലംഘനംകൂടിയാണ്. അതുകൊണ്ട് ഹരിജനക്ഷേമ വകുപ്പിന്റേയും സിവിൽ സപ്ലൈസ് വകുപ്പിന്റേയും സപ്ലിമെന്ററി ഡിമാന്റുകൾ ചർച്ചയ്ക്കുപോലും എടുക്കാൻ പാടില്ല എന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

ശ്രീ. കെ. പ്രകാശ്ബാബു: ഞാൻ ഇതിന്റെ ഉള്ളടക്കത്തിലേക്ക് പോകുന്നില്ല. ഇതിനകത്തുള്ള procedural irregularity അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. സപ്ലിമെന്ററി ഡിമാന്റ്സിൽ പറഞ്ഞിട്ടുള്ള പല ആവശ്യങ്ങളും കഴിഞ്ഞ വർഷംതന്നെ ഈ സഭയുടെ മുൻപിൽ വരേണ്ടതായിരുന്നു. ഡിമാന്റ് നമ്പർ VIII എക്സൈസ്-ൽ 100 രൂപയുടെ ടോക്കൺ പ്രൊവിഷൻ ചോദിച്ചിട്ടുണ്ട്. ആവശ്യം പറഞ്ഞിരിക്കുന്നത്, As per G.O. (Ms.) No. 11/94/TD, dated 27-1-1994 sanction was accorded for the creation of 14 temporary posts of Excise Inspectors (Training) in the Excise Department for one year to accommodate the directly recruited Excise Inspectors and for meeting

LIBRARY ARCHIVES Kerala Legislative Assembly

the expenditure thereon by following "New Service" procedure. The token Supplementary grant of Rs.100 sought is to satisfy 'New Service' procedure. അതിനുവേണ്ടി 100 രൂപയുടെ സപ്ലിമെൻററി ഡിമാൻറ്സ് ആണ് ചോദിച്ചിരിക്കുന്നത്. ഇതിന് ഗവൺമെൻറ് സാങ്ഷൻ കൊടുക്കുന്നത് It is on 27-1-1994. 1994 ജനുവരിയിൽ ഈ ഗവൺമെൻറ് സാങ്ഷൻ കൊടുത്തതിനുശേഷം ഈ സഭ തന്നെ രണ്ടുതവണ സപ്ലിമെൻററി ഡിമാൻറ്സ് പാസ്സാക്കുകയുണ്ടായി. ഒന്ന് 94 ഫെബ്രുവരിയിൽ, മററൊന്ന് 1994 മാർച്ചിൽ. രണ്ടുതവണയും സപ്ലിമെൻററി ഡിമാൻറ്സ് പാസ്സാക്കുന്ന സമയത്ത് ഇങ്ങനെയൊരു ഓർഡർ ഗവൺമെൻറിൻെറ മുൻപിൽ ഉണ്ട്. 14 എക്സൈസ് ഇൻസ്പെക്ടർമാരുടെ പോസ്ററുകൾക്ക് സാങ്ഷൻ കൊടുത്തത് 27-1-1994-ൽ ആണ്. അങ്ങനെ ഗവൺമെൻറ് ഉത്തരവ് പുറപ്പെടുവിക്കുകയും, ആ ഉത്തരവുപ്രകാരം ഈ പോസ്ററുകൾക്ക് സാങ്ഷൻ കൊടുക്കുകയും ചെയ്തു. അതിനുശേഷം രണ്ടുതവണ സഭ സമ്മേളിച്ചപ്പോഴും രണ്ടുതവണ സപ്ലിമെൻററി ഡിമാൻറ്സ് പാസ്സാക്കിയപ്പോഴും ഈ എക്സൈസ് ഡിപ്പാർട്ടുമെൻറ് എവിടെയായിരുന്നു? ഫൈനാൻസ് വകുപ്പ് എവിടെ പോയിരുന്നു? അന്ന് അത് സഭയുടെ മുൻപിൽ വയ്ക്കേണ്ടതായിരുന്നു. അന്നത് സഭയുടെ മുൻപിൽ വയ്ക്കാതെ മറച്ചുവച്ചു. ഇപ്പോൾ ഈ സപ്ലിമെൻററി ഡിമാൻറ്സിൽ ഇത് ഉൾപ്പെടുത്തിയിരിക്കുന്നത് irregular ആണ്, ആ പ്രൊസീഡ്യൂവർ പാടില്ല എന്നുള്ളതാണ് ഒന്ന്. അതേ രീതിയിൽ Demand No. XVI In G.O. (Rt.) No. 1418/94/GAD, dated 24-2-1994,...... അതും സപ്ലിമെൻററി ഡിമാൻറ്സ് പാസ്സാക്കുന്നതിന് മുൻപുള്ള ഓർഡർ ആണ്. അതനുസരിച്ച് sanction was accorded for a grant of Rs. 2 lakhs each for erecting statues of late Shri C. Kesavan and Shri Panampilly Govinda Menon. This expenditure constitutes New Service. The Supplementary Grant sought is to meet the above expenditure. ധാരാളം പ്രതിമകൾ ഉണ്ടാക്കുന്നതിനുവേണ്ടി ലക്ഷക്കണക്കിന് രൂപ മാററിയിട്ടുണ്ട്. ആരാദ്ധ്യൻമാരായിട്ടുള്ളവരുടെ പ്രതിമകൾ സ്ഥാപിക്കുന്നതിനെക്കുറിച്ചൊന്നും ഞാൻ ചോദ്യം ചെയ്യുന്നില്ല. ആ ഇറഗുലാരിററിയാണ് ഞാൻ ചൂണ്ടിക്കാണിക്കുന്നത്. ഈ ഉത്തരവ് അനുസരിച്ച് ഗവൺമെൻറ് സാങ്ഷൻ കൊടുത്തതിനുശേഷവും ഈ സഭ സമ്മേളിക്കുകയും സപ്ലിമെൻററി ഡിമാൻറ്സ് പാസ്സാക്കുകയും ചെയ്തു. അന്നൊന്നും ഇങ്ങനെയൊരു ഡിമാൻറ് കൊണ്ടുവരാതെ ഇപ്പോൾ കൊണ്ടുവന്നത് ഇറഗുലർ ആണ്. അതുസംബന്ധിച്ച് അങ്ങ് റൂളിംഗ് നൽകണം.

എം.പി.-മാരുടെ പ്രാദേശികവികസനനിധിയെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ നിയമസഭയിൽ മറുപടി നൽകിയിരുന്നു. അതിൽ കഴിഞ്ഞ സാമ്പത്തിക വർഷം ഈ ഇനത്തിൽ എന്തു തുക ലഭിച്ചിട്ടുണ്ട് എന്നുള്ള ചോദ്യത്തിന്, 1.45 കോടി രൂപ കിട്ടിയിട്ടുണ്ടെന്നാണ് മറുപടി. 20 എം.പി.-മാരും 9 രാജ്യസഭാ മെമ്പർമാരും നമുക്കുണ്ട്. ഒരു പാർലമെൻറ് മെമ്പർക്ക് ഒരു കോടി വച്ചുകൂട്ടിയാൽ തന്നെ 20 കോടി കിട്ടേണ്ട സ്ഥാനത്താണ് 1.45 കോടി കിട്ടിയത്. അത് കഴിഞ്ഞ സാമ്പത്തിക വർഷം ലഭിച്ചു എന്നാണ് ഉത്തരത്തിൽ പറയുന്നത്. അത് ഈ വർഷത്തെ സപ്ലിമെൻററിയിൽ എങ്ങനെ വരും? കഴിഞ്ഞ സാമ്പത്തികവർഷം 1.45 കോടി ലഭിച്ചുവെന്ന് മുഖ്യമന്ത്രി സഭയിൽ ഉത്തരം തരികയും ഇപ്പോഴത്തെ സപ്ലിമെൻററി ഗ്രാൻറിൽ അത് ഉൾപ്പെടുത്തുകയും ചെയ്യുന്നത് എങ്ങനെയാണ്? അത് തന്നെ കൃഷിവകുപ്പിൻെറ

ഹെഡ്ഡിലാണ് മുഴുവൻ തുകയും വന്നിരിക്കുന്നത്. അത് എന്തുകൊണ്ടാണെന്ന് ബന്ധപ്പെട്ട മന്ത്രിമാർ വ്യക്തമാക്കണം. ഈ സഭയുടെ സമ്മേളനം നടന്നു രണ്ടുതവണ സപ്ലിമെൻററി ഡിമാൻറ്സ് പാസാക്കുകയും ചെയ്തതിനുശേഷം വീണ്ടും പഴയ ഒരു ഗവൺമെൻറ് ഓർഡറിൻെറ വെളിച്ചത്തിൽ സപ്ലിമെൻററി ഗ്രാൻറ് അനുവദിക്കണമെന്ന് പറഞ്ഞ് വീണ്ടും സഭയെ സമീപിക്കുന്നത് ശരിയല്ല. അത് ഇറഗുലർ ആണെന്നാണ് എൻെറ അഭിപ്രായം.

ശ്രീ. വർക്കല രാധാകൃഷ്ണൻ: നമ്മുടെ ബഡ്ജററിനെ സംബന്ധിച്ചിടത്തോളം, പ്രത്യേകിച്ച് സപ്ലിമെൻററി ഡിമാൻറ്സ് ഫോർ ഗ്രാൻറ്സിനെ സംബന്ധിച്ചിടത്തോളം, പ്രസക്തമായ രണ്ടു കാര്യങ്ങളാണ് നമ്മുടെ മുൻപിലുള്ളത്. ഒന്ന് കേരള ബഡ്ജററ് മാന്വൽ ആണ്. കേരള ബഡ്ജററ് മാന്വൽ പാര 11 അനുസരിച്ച് സപ്ലിമെൻററി ഡിമാൻറ് എങ്ങനെ ആയിരിക്കണം, ഏതെല്ലാം കാര്യങ്ങൾക്കായിരിക്കണം എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതിലെ രണ്ടാമത്തെ പാരഗ്രാഫിലും ഈ കാര്യം വ്യക്തമാക്കുന്നത്. Supplementary grant means the sum sanctioned by the Legislature for a particular service, over and above the amount already authorised during the current year, or to meet the expenditure on some new service not contemplated in the financial statement for the year.

Legislative accountability is the corner stone of Parliamentary democracy. Every pie that is spend is to be accounted for, and every pie to be spent is to be sanctioned by the Legislature. This is the basic principle governing budget provision. ലെജിസ്ലേച്ചർ അറിയാതെ ഒരു തുകയും ചെലവാക്കിക്കൂട; ലെജിസ്ലേച്ചറിൻെറ അനുമതിയില്ലാതെ പൈസ ചെലവു ചെയ്യാൻ പാടില്ല. എന്നാൽ ചില exceptional circumstances-ൽ, ലെജിസ്ലേച്ചർ കൂടാൻ കഴിയാത്ത സാഹചര്യത്തിൽ ഗവൺമെൻറിന് ചിലപ്പോൾ ചെലവ് ചെയ്യാം. ഒരു പ്രത്യേകമായ കണ്ടിൻജൻസി ഉണ്ടാകുന്ന അവസരത്തിലാണ് ഗവൺമെൻറിന് അങ്ങനെ ചെയ്യാൻ ഭരണഘടനയുടെ 205, 206 വകുപ്പുകൾ അനുമതി നൽകിയിട്ടുള്ളത്. എക്സപ്ഷണൽ കേസുകൾ എന്നു പറഞ്ഞാൽ നാച്ചറൽ കലാമിററീസ്, കോണ്ടംപ്ലേററ് ചെയ്യാൻ കഴിയാത്ത ചെലവുകൾ, ബഡ്ജററ് അവതരിപ്പിക്കുന്ന അവസരത്തിൽ പ്രതീക്ഷിക്കാത്ത ചെലവുകൾ........

വിദ്യുച്ഛക്തിയും കയറും വകുപ്പുമന്ത്രി (ശ്രീ. സി. വി. പത്മരാജൻ): ബഹുമാനപ്പെട്ട മെമ്പർ പറയുന്നതെല്ലാം കോൺസ്ററിററ്യൂഷൻെറയെല്ലാം ഫണ്ടമെൻറൽസാണ്. അങ്ങയുടെ ഒബ്ജക്ഷനിലേക്ക് കടന്നുവന്നാൽ സമയം ലാഭിക്കാൻ കഴിയും.

ശ്രീ. വർക്കല രാധാകൃഷ്ണൻ: ഫണ്ടമെൻറലായിട്ടുള്ള കാര്യങ്ങൾക്കെതിരായിട്ടാണ് നിങ്ങൾ ചെയ്തിരിക്കുന്നത്. അതുകൊണ്ടാണ് അത് പറയുന്നത്. ഫണ്ടമെൻറൽസ് പറഞ്ഞിട്ടുവേണ്ടേ ഫണ്ടമെൻറൽസിന് എതിരായി നിങ്ങൾ എന്തു ചെയ്തു എന്നുപറയാൻ? ഇവിടെ ഫണ്ടമെൻറൽസിന് എതിരാണ് എന്നു പറയാൻ കാരണം നേരത്തെ ശ്രീ. രാഘവനും മററും ചൂണ്ടിക്കാണിച്ച ഒരു കാര്യമെടുക്കാം. 20 ജീപ്പുകൾ വേണമെന്നുള്ള കാര്യം ഈ നിയമസഭയിൽ നാലു മാസങ്ങൾക്കുമുൻപ്

ബഡ്ജററ് കൊണ്ടുവന്നപ്പോഠം അറിഞ്ഞുകൂടേ? അത് കോണ്ടംപ്ലേററ് ചെയ്യാൻ കഴിയാത്ത ഒരു എക്സ്പെൻറിച്ചറാണോ? സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെൻറിന് 20 ജീപ്പും 5 കാറും വേണം. ഇതൊന്നും കോണ്ടംപ്ലേററ് ചെയ്യാൻ പററാത്ത കാര്യമാണോ? അത് എന്തുകൊണ്ട് നാലുമാസം മുൻപ് കൊണ്ടുവന്ന ബഡ്ജററിൽ കൊണ്ടുവന്നുകൂടാ? നിങ്ങഠം എന്തുകൊണ്ടോ തീരുമാനിച്ചു പക്ഷേ ഇത് ചെയ്യാൻ കഴിഞ്ഞില്ല.

ശ്രീ. സി. വി. പത്മരാജൻ: These are all going in to the merits of each case. ഓരോ ഡിമാൻറിൻെറയും മെരിററിൽ പോയി ഇപ്പോഠം ഒബ്ജക്ററ് ചെയ്യുന്നത് ശരിയല്ല, ഇപ്പോഠം സപ്ലിമെൻററി ഡിമാൻറ് അവതരിപ്പിക്കുന്നതിന് ഭരണഘടനാപരമായിട്ടോ, നിയമപരമായിട്ടോ എന്തെങ്കിലും നോൺ മെയിൻറയിനബിളായിട്ടുള്ള പോയിൻറുണ്ടോ? അല്ലാതെ ഓരോ ഡിമാൻറിൻെറയും മെരിററിൽപ്പോയി ചർച്ച ചെയ്യാൻ തുടങ്ങിയാൽ അതുതന്നെ ഒരു ചർച്ചയായി വരും.

ശ്രീ. വർക്കല രാധാകൃഷ്ണൻ: ഞാൻ മെരിററിലല്ല പോകുന്നത്. ഇത് കോണ്ടംപ്ലേററ് ചെയ്യാൻ കഴിയാത്തതാണോ? 20 ജീപ്പ് വേണം എന്നു പറയുന്നത് കോണ്ടംപ്ലേററ് ചെയ്യാൻ കഴിയാത്തതാണോ? 5 ഡീസൽ കാർ വേണമെന്നു പറയുന്നത് കോണ്ടംപ്ലേററ് ചെയ്യാൻ കഴിയാത്തതാണോ?.....

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സാധാരണ സ്വീകരിച്ചു വന്നിട്ടുള്ള നടപടിക്രമവും കീഴ്വഴക്കവും അനുസരിച്ച് ബഡ്ജററ് പാസ്സായിക്കഴിഞ്ഞാൽ ആ ബഡ്ജററിലെ പ്രൊവിഷൻകൊണ്ട് ചില കാര്യങ്ങഠംക്ക് പണം തികയാതെ വരും; ആ അവസരത്തിലാണ് ഗവൺമെൻറ് താൽപ്പര്യം എടുത്ത്, മന്ത്രിസഭ തീരുമാനമെടുത്ത്, കണ്ടിൻജൻസി ഫണ്ടിലെ പണം നഷ്ടപ്പെടാതിരിക്കാൻവേണ്ടി സപ്ലിമെൻററി ഡിമാൻറ് കൊണ്ടുവന്ന് പാസ്സാക്കി കണ്ടിൻജൻസി ഫണ്ടിലേക്കുപണം കൊടുക്കാം. ഇതൊന്നും പുതിയ കാര്യമല്ല. 10 ജീപ്പിൻെറ കണക്ക് ഇട്ടു. ചിലപ്പോഠം 15 എണ്ണം വേണ്ടിവരും. ഇതൊക്കെ ഫണ്ടമെൻറലായി റെയിസ് ചെയ്യാവുന്നതാണോ? എനിക്ക് കേട്ടുകേഴ്വിയില്ലാത്തതാണ്. ഇപ്പോഠംതന്നെ സമയം 12.35 കഴിഞ്ഞു. ഓരോന്നിനും വിശദീകരണം ആയാൽ എങ്ങനെ അസംബ്ലി കൊണ്ടുപോകാൻ കഴിയും?

ശ്രീ. ബേബി ജോൺ: നമുക്ക് നേരത്തെ ബഡ്ജററ് പ്രിപ്പറേഷൻ സമയത്ത് ഊഹിക്കാവുന്നതായിരുന്നു. 40 ജീപ്പ്........

ശ്രീ. കെ. കരുണാകരൻ: ഇതെല്ലാക്കാലത്തും ഉണ്ടാകുന്നതാണ്.

ശ്രീ. ബേബി ജോൺ: 40 ജീപ്പ്, 10 കാർ എന്നൊക്കെ പറയുമ്പോഠം ഒരു ഔചിത്യക്കുറവില്ലേ. അങ്ങ് പറഞ്ഞതുകൊണ്ട് ഞാൻ പറയുകയാണ്. കണ്ടിൻജൻസി ഫണ്ടിൽനിന്ന് നാച്ചുറൽ കലാമിററീസിന് എടുത്തിട്ടുണ്ട്, കോർട്ട് ഡിസിഷൻ അനുസരിച്ച് എടുത്തിട്ടുണ്ട്. സൊസൈററിക്ക് ഗ്രാൻറ് കൊടുക്കാൻ ഇതുവരെ അങ്ങയുടെ ഓർമ്മയിൽ എവിടെയെങ്കിലും ഉണ്ടായിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. വി. പത്മരാജൻ: ഇതെല്ലാം മെരിററിലേക്ക് പോവുകയാണ്. സപ്ലിമെൻററി ഗ്രാൻറിനെ സംബന്ധിച്ച് ചർച്ചകൾ വരുന്നുണ്ട്. ബഹുമാനപ്പെട്ട ബേബി ജോൺ ഉൾപ്പെടെയുള്ള ആളുകൾ പ്രസംഗിക്കുകയാണ്. ഓരോന്നിന്റെ മെരിററിൽ പോകാതെ ലീഗൽ maintainability ആണ് ഇപ്പോൾ റെയിസ് ചെയ്യേണ്ടത്.

മി. ചെയർമാൻ: Please raise your objection.

ശ്രീ. വി. എസ്. അച്യുതാനന്ദൻ: ചർച്ചയുടെ ഇടയിൽ അങ്ങയുടെ അനുവാദത്തോടുകൂടി അത്യാവശ്യംവേണ്ട ചില കാര്യങ്ങൾ സംസാരിക്കുന്നതിനാണ് ബഹുമാനപ്പെട്ട ബേബി ജോണിനെ അങ്ങ് അനുവദിച്ചത്. അസുഖത്തിന്റെയും ഭീഷണിയുടെയും സ്വരത്തിൽ, ബഹുമാനപ്പെട്ട മെമ്പർമാരെ ഇൻസൾട്ട് ചെയ്യുന്ന രൂപത്തിൽ, ബഹുമാനപ്പെട്ട മന്ത്രിമാരുടെ പരാമർശങ്ങൾ ശരിയല്ല. അങ്ങ് ഇവിടെ ചെയറിലിരിക്കുന്ന അവസരത്തിൽ ഇതെല്ലാം നിസ്സാരമായി തള്ളിക്കളയുക എന്നുള്ള സമീപനം ശരിയല്ല. രണ്ടു കൂട്ടരുടെയും ഭാഗത്തുനിന്ന് ദൗർഭാഗ്യകരമായ പരാമർശങ്ങൾ ഉണ്ടായി. അത് ഇനി ആവർത്തിക്കാതിരിക്കത്തക്കവിധത്തിലുള്ള ഒരു സ്ഥിതിയാണ് ഉണ്ടാകേണ്ടത്. അദ്ദേഹം യാതൊരു തരത്തിലും ആർക്കെങ്കിലും പ്രകോപനമുണ്ടാകത്തക്ക തരത്തിൽ സംസാരിച്ചതായി ഞാൻ കേട്ടില്ല. പിന്നെ എന്തിനാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ തരത്തിലുള്ള ഒരു പരാമർശം നടത്തിയതെന്ന് മനസ്സിലാകുന്നില്ല. അവനവന് സംസാരിക്കാനുള്ള സ്വാതന്ത്ര്യത്തിൽ, ബഹുമാനപ്പെട്ട പത്മരാജന്റെ സ്വാതന്ത്ര്യത്തിൽ, ഞാനോ എന്റെ സ്വാതന്ത്ര്യത്തിൽ ഭരണ പക്ഷത്തിരിക്കുന്ന അംഗങ്ങളോ നേതാക്കൻമാരോ, അവരുടെ അവകാശത്തിൽ ഞങ്ങളോ പരസ്പരം കൈ കടത്തുന്നത് ശരിയല്ല. അതൊരു ഇൻസൾട്ട് ആണ്. ആ നിലയിലുള്ള ഒരു പരാമർശമായിപ്പോയി ബഹുമാനപ്പെട്ട പത്മരാജന്റെ ഭാഗത്തുനിന്നും ഉണ്ടായതെന്ന് ഞാൻ ഈയവസരത്തിൽ അങ്ങയെ ചൂണ്ടിക്കാണിക്കുന്നു.

മി. ചെയർമാൻ: മിനിസ്ററർ പറയട്ടെ, അദ്ദേഹത്തിന് പറയാനുള്ളത് കേൾക്കട്ടെ.

ശ്രീ. സി. വി. പത്മരാജൻ: ഞാൻ ആരെയും ഇൻസൾട്ട് ചെയ്യാൻ ഉദ്ദേശിച്ചിട്ടില്ല. നിയമസഭാ നടപടികൾ നോക്കിയാൽ അറിയാം. ......... ......................(ബഹളം) രേഖയിൽ ഇൻസൾട്ടിംഗ് ആയിട്ട് ഏതെങ്കിലും ഒരു പദം ഞാൻ ഉപയോഗിച്ചിട്ടുണ്ട് എന്ന് തോന്നുകയാണെങ്കിൽ ഞാൻ അത് നിരുപാധികം പിൻവലിക്കുന്നു.

ശ്രീ. ബേബിജോൺ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി സപ്ലിമെൻററി ഡിമാൻറിനെക്കുറിച്ച് പറഞ്ഞപ്പോൾ, പണ്ടും ഇങ്ങനെയൊക്കെ ഉണ്ടായിട്ടുണ്ട്, 40 ജീപ്പും കാറും ഉണ്ടായിട്ടുണ്ട് അത് എല്ലാക്കാലത്തും ഉള്ളതാണ് എന്ന് പറഞ്ഞപ്പോൾ ഞാൻ എണീററ് ചോദിച്ചത് ശരിയാണ്. നമ്മുടെ ഈ നടപടിക്രമങ്ങളിൽ 40 ജീപ്പൊക്കെ ഒരുമിച്ച് വേണ്ടി വരുകയാണെങ്കിൽ നേരത്തെ കണ്ടുകൂടായിരുന്നോ, ഒറിജിനൽ ബഡ്ജററിൽ തന്നെ ആകരുതായിരുന്നോ എന്ന്. അതുപോലെ പണ്ടും ഇങ്ങനെ ഉണ്ടായിരുന്നു എന്നു പറഞ്ഞെങ്കിൽ നാച്ചറൽ കലാമിററീസിനോ, Court decree-ക്കോ മാത്രമായി അസാധാരണമായ സന്ദർഭങ്ങളിൽ ഉപയോഗിക്കുന്ന കണ്ടിൻജൻസി ഫണ്ടിൽനിന്ന്, ഒരു കോടി എൺപത്തിയഞ്ചു

ലക്ഷം രൂപയെടുത്ത് റൈസ് മില്ലിന് കൊടുത്ത നടപടി ശരിയാണോ എന്നു ചോദിച്ചു. അതിന് ധനകാര്യ വകുപ്പിന്റെ ചുമതല വഹിക്കുന്ന പത്മരാജൻ പറഞ്ഞത്, ചോദ്യം ചോദിച്ചതല്ല പ്രസംഗിക്കുകയാണ് പ്രസംഗിക്കാൻ അനുവദിച്ചിട്ടില്ല, എന്നാണ്. കഴിഞ്ഞപ്രാവശ്യം ബഹുമാനപ്പെട്ട നായനാർ ഒരു ചോദ്യം ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു ചോദ്യം ചോദിക്കാനേ അനിവദിച്ചിട്ടുള്ളൂ പ്രസംഗിക്കാൻ അനുവദിച്ചിട്ടില്ല എന്ന്. അതുപോലെ ഞാൻ അങ്ങയുടെ അനുവാദത്തോടുകൂടി ചോദിച്ച കാര്യത്തിൽ അദ്ദേഹത്തിന് ഇടപെടേണ്ട ഒരു കാര്യവുമില്ല. ചോദ്യം ചോദിക്കുകയല്ല പ്രസംഗിക്കുകയാണ് എന്ന് അദ്ദേഹം പറഞ്ഞത് ശരിയല്ല. അതുകൊണ്ടാണ് ഞാൻ ആവർത്തിക്കുന്നത്.

വിദ്യുച്ഛക്തിയും കയറും വകുപ്പുമന്ത്രി (ശ്രീ. സി. വി. പത്മരാജൻ): സർ, ഞാൻ അങ്ങനെ പറഞ്ഞിട്ടില്ല. ഞാൻ പറഞ്ഞത്, ഈ സപ്ലിമെന്ററി ഡിമാൻറിനെ സംബന്ധിച്ച് പ്രസംഗിക്കാൻ ശ്രീ. ബേബിജോണിന്റെ പേരും കൊടുത്തിട്ടുണ്ട്, അപ്പോൾ ഉന്നയിക്കാവുന്ന കാര്യമാണിത് എന്നാണ്. അത് മാത്രമേ ഞാൻ പറഞ്ഞിട്ടുള്ളു. അതിനെ ദുർവ്യാഖ്യാനം ചെയ്യരുത്. രേഖകൾ പരിശോധിക്കണം. ആടിനെ പട്ടിയാക്കരുത്.

................................(ബഹളം)........................

മി. ചെയർമാൻ: ശ്രീ. ബേബിജോണിനെപ്പോലെ സീനിയറായ നേതാക്കൾ സംസാരിക്കുന്നതിനിടയിലും അഭിപ്രായങ്ങൾ പറയാൻ വരുമ്പോഴുമൊക്കെ പറയാനുള്ള അവസരം കൊടുക്കാറുണ്ട്. ഇതിൽ ശ്രീ. സി. വി. പത്മരാജൻ അതു സംബന്ധിച്ച് വേറെ അനാവശ്യമായിട്ടൊന്നും പറഞ്ഞിട്ടില്ല.

........................(ബഹളം)..............................

ശ്രീ. ബേബിജോൺ: അങ്ങയുടെ നിർദ്ദേശം ഞാൻ അക്ഷരംപ്രതി അംഗീകരിക്കുന്നു. ഞാൻ അതിനെ ചോദ്യം ചെയ്യുന്നില്ല.

............................(ബഹളം).......................

ശ്രീ. വർക്കല രാധാകൃഷ്ണൻ: ഞാൻ ഇവിടെ സംസാരിച്ചത് ബഹുമാനപ്പെട്ട മന്ത്രിക്ക് നേരത്തെ എഴുതികൊടുത്തിട്ടാണ്. ഞാൻ എഴുതിക്കൊടുത്തത്, പേജ് നമ്പരും കൊടുത്ത്, ഇന്നയിന്ന ഭാഗത്ത് ഭരണഘടനയുടെ നിയാമകതത്വങ്ങൾക്കെതിരായിട്ട് ചില കാര്യങ്ങൾ ഈ ഡിമാൻറിലുണ്ടെന്ന് പറയാൻ വേണ്ടിയാണ്. ഇത് ഓർഡറിലല്ലെന്നു കാണിക്കാൻവേണ്ടിയാണ് പറയുന്നത്. അതിലൊന്ന്, സപ്ലിമെന്ററി ഡിമാൻറ്സ് ഫോർ ഗ്രാൻറ്സിന്റെ 23-ാമത്തെ പേജിലും 25-ാമത്തെ പേജിലും പറയുന്ന കാര്യങ്ങളാണ്. 25-മത്തെ പേജിൽ തൃശ്ശൂരിലെ പാഡി മാർക്കററിംഗ് ആൻറ് പ്രോസസിംഗ് കോ-ഓപ്പറേററീവ് സൊസൈററിക്ക് കൊടുക്കുന്നതിനുവേണ്ടി ഒരു കോടി എൺപത്തിയഞ്ചു ലക്ഷം രൂപ കണ്ടിൻജൻസി ഫണ്ടിൽ വർദ്ധിപ്പിച്ചു. ...............

.........................(ബഹളം) .........................

ശ്രീ. പത്മരാജൻ വിചാരിക്കുന്നത് ഇതെല്ലാം സ്വന്തമാണ് എന്നുള്ള ആധിപത്യമാണ്. അത് നടക്കാൻ പോകുന്നില്ല.

* * * * *

* * * * *

LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ: അതൊന്നും രേഖയിൽ കാണുകില്ല. വ്യക്തി പരമായ പരാമർശനങ്ങളൊന്നും പാടില്ല.

ശ്രീ. വർക്കല രാധാകൃഷ്ണൻ: ശ്രീ. പത്മരാജൻ എന്തിനാണ് ഞാൻ സംസാരിക്കുമ്പോൾ ഇൻറർഫിയർ ചെയ്യുന്നത്? ഞാൻ എത്ര ഭംഗിയായി പറഞ്ഞുകൊണ്ടിരുന്നപ്പോഴാണ് നൂറുതവണ ശ്രീ. പത്മരാജൻ ഇടപെട്ടത്, അങ്ങനെ ഇടപെടാൻ പാടുണ്ടോ? ഞാൻ ഒബ്ജക്ഷൻ റെയിസ് ചെയ്തത് ചട്ടപ്രകാരമല്ലേ?

* * * * *

മി. ചെയർമാൻ: അങ്ങ് വളരെ സീനിയറായ മെമ്പറല്ലേ, ഇതൊന്നും കണ്ടില്ലെന്ന് നടിക്കേണ്ടേ?

ശ്രീ. വർക്കല രാധാകൃഷ്ണൻ: എങ്ങനെയാണ് കണ്ടില്ലെന്ന് നടിക്കുന്നത്? ശ്രീ. പത്മരാജനെപ്പോലുള്ള ഒരാൾ എന്നോട് ഇങ്ങനെ പറയാൻ പാടുണ്ടോ?

മി. ചെയർമാൻ: അങ്ങ് ക്രമപ്രശ്നം ഉന്നയിക്കണം.

ശ്രീ. വർക്കല രാധാകൃഷ്ണൻ: ഞാൻ ഇത് മുഴുവൻ പറഞ്ഞിട്ടേ ഇരിക്കൂ. സാധാരണഗതിയിൽ ബഡ്ജററ് അവതരിപ്പിക്കുമ്പോൾ, വോട്ട് ഓൺ അക്കൗണ്ട് വരുന്ന അവസരത്തിലൊന്നും അറിയില്ലായിരുന്നോ ഇങ്ങനെ 40 ജീപ്പ് വേണമെന്നുള്ള കാര്യം? അതിനുവേണ്ടി ഭരണഘടനയുടെ 206-ഉം 205-ഉം വകുപ്പുകൾ ലംഘിക്കണമോ? ബഡ്ജററ് മാനുവലിൻെറ പാരാ 11-ലെ സ്പെഷ്യൽ റൂൾസ് ലംഘിക്കണമൊ? അതാണ് എൻെറ ചോദ്യം. ഇത് പ്രസംഗമല്ല. കേരള ബഡ്ജററ് മാനുവലിൻെറ 11-ാം പാരയ്ക്ക് വിരുദ്ധമായിട്ടാണ് ചെയ്തിരിക്കുന്നത്. പത്ത് ജീപ്പ് വാങ്ങുന്ന കാര്യവും അഞ്ച് ഡീസൽ കാർ വാങ്ങുന്ന കാര്യവും നാലു മാസത്തിനുമുമ്പ്, അറിഞ്ഞില്ലായിരുന്നോ? ഒരു കൊല്ലം കഴിഞ്ഞാണെങ്കിൽ, മനസ്സിലാക്കാം. കഴിഞ്ഞ മാർച്ച് മാസത്തിനുശേഷം അടുത്ത മാർച്ച് മാസം വരെ ക്ഷമിച്ചിട്ടാണ് ഒരു സപ്ലിമെൻററി ഡിമാൻറുമായിട്ട് വന്നതെങ്കിലും മനസ്സിലാക്കാം. ഇത് നാലു മാസമേ ആയിട്ടുള്ളൂ. ജൂലൈ 31-ാം തീയതി ഈ കാലാവധി തീരുമെന്ന് അറിയാം. ആ കാലാവധിക്കുള്ളിൽ ഇങ്ങനെ 40 ജീപ്പ് ആവശ്യമുണ്ടോ? ഏത് ചട്ടപ്രകാരമാണ്, ഏത് ഭരണഘടനാപ്രകാരമാണ് ചെലവ് ചെയ്യുന്നത്? Is it a contingency or അതൊരു ഇമ്മീഡിയററായിട്ടുള്ള, അൺ എക്സ്പെക്ററഡായിട്ടുള്ള, നോൺ-കോണ്ടംപ്ലേററീവ് എക്സ്പെൻറിച്ചറാണോ? ഭരണഘടനയിലെ 205-ാം വകുപ്പിൽ വളരെ സ്പെസിഫിക്കായിട്ട് എഴുതിയിട്ടുണ്ട് കോണ്ടംപ്ലേററ് ചെയ്യാൻ കഴിയാത്തതെന്ന്. കോണ്ടംപ്ലേററ് ചെയ്യാൻ കഴിയാത്ത ചെലവ് നിങ്ങൾ ചെയ്തു എന്ന് പറയുന്നു. നിങ്ങൾക്ക് അന്ന് ജീപ്പ് വേണമെന്ന് കോണ്ടംപ്ലേററ് ചെയ്തുകൂടായിരുന്നോ? അതുപോലെതന്നെ പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിന് ജീപ്പ് നൽകണമെന്ന് നിങ്ങൾക്ക് നേരത്തെ അറിഞ്ഞുകൂടായിരുന്നോ? സിവിൽ സപ്ലൈസ് കോർപ്പറേഷന് ജീപ്പ് വേണമെന്നുള്ളത് നേരത്തെ അറിഞ്ഞുകൂടായിരുന്നോ? 40 ജീപ്പ് വേണമെന്നുള്ളതിൻെറ പിന്നിൽ അഴിമതിയുണ്ട്. അതുപോലെതന്നെ കോ-ഓപ്പറേററീവ് സ്പിന്നിംഗ് മില്ല് ഇവിടെ വർഷങ്ങളായിട്ട്

* ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷൻെറ നിർദ്ദേശപ്രകാരം രേഖയിൽ നിന്ന് നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തിക്കുകയല്ലേ? അതിന് ഒരു ഗ്രാൻറ് കൊടുക്കണമെങ്കിൽ ഒരു കോടി എൺപത്തിയഞ്ചു ലക്ഷം രൂപ കണ്ടിൻജൻസി ഫണ്ടിൽനിന്നും എടുക്കണമോ? അതിന് നിങ്ങൾ കണ്ടിൻജൻസി ഫണ്ട് വർദ്ധിപ്പിച്ചു. ഇവിടെ കഴിഞ്ഞ തവണ പറഞ്ഞതാണ്. കഴിഞ്ഞ തവണ കണ്ടിൻജൻസി ഫണ്ട് വർദ്ധിപ്പിക്കണമെന്നു പ്രമേയം വന്നപ്പോൾ ഞാൻ അത് സംബന്ധിച്ച് പ്രസംഗിച്ചതാണ്. അന്ന് ശ്രീ. പത്മരാജൻ പറഞ്ഞു, സപ്ലിമെൻററി ഡിമാൻറ് കൊണ്ടുവരാമെന്ന്. ഇപ്പോൾ സപ്ലിമെൻററി ഡിമാൻറിൽ ഒരു കോടി 85 ലക്ഷം രൂപ എങ്ങനെ കോൺടെംപ്ലേററ് ചെയ്യാൻ കഴിഞ്ഞില്ല? ആ കോ-ഓപ്പറേററീവ് സൊസൈററി പണ്ടേ ഉണ്ടായിരുന്ന സൊസൈററിയാണ്. അതിന് ഗ്രാൻറ് കൊടുക്കാനുള്ള പെൻറിംഗ് അപേക്ഷ നിങ്ങളുടെ ഫയലിൽ ഉണ്ട്. എന്നിട്ടും ഈ വയലേഷൻ നടത്തിയിരിക്കുന്നു. ഭരണഘടനയുടെ 205, 206 എന്നീ വകുപ്പുകളെ പരസ്യമായിട്ട് ലംഘിച്ചിരിക്കുകയാണ്. ഒരു കോടി എൺപത്തിയഞ്ചു ലക്ഷം രൂപയ്ക്കുവേണ്ടിയുള്ള സപ്ലിമെൻററി ഗ്രാൻറും 40 ജീപ്പ് വാങ്ങിക്കാനുള്ള സപ്ലിമെൻററി ഗ്രാൻറും ആണ് ഇന്ന് കൊണ്ടുവന്നിട്ടുള്ളത്. ബഹുമാനപ്പെട്ട സ്പീക്കർ നിങ്ങളെ അനുവദിക്കും. കാരണം ഭരണഘടനാപരമായിട്ട് കാര്യങ്ങൾ നടത്തിക്കൊണ്ട് പോകണമല്ലോ.

മി. ചെയർമാൻ: അങ്ങാണെങ്കിലും ഇത് ചെയ്യുമല്ലോ.

ശ്രീ. വർക്കല രാധാകൃഷ്ണൻ: കാര്യങ്ങൾ നടത്തിക്കൊണ്ടു പോകണമല്ലോ. പക്ഷേ ഈ നിയമസഭയുടെ ചരിത്രത്തിൽ, ഈ നിയമസഭ നിലവിൽ വന്നതിനുശേഷം ഈ സംസ്ഥാനത്തൊരിക്കലും നടക്കാത്ത, അത്യന്തം ഹീനമായ പ്രവൃത്തിയാണ് ഇപ്പോൾ ചെയ്തിരിക്കുന്നത്. ഭരണഘടന ലംഘിച്ച് ബഡ്ജററ് മാനുവൽ ലംഘിച്ച്, വ്യവസ്ഥകളെ ലംഘിച്ച് ജീപ്പ് വാങ്ങി. അത് ഈ നിയമസഭയിൽ ഒരു കറുത്ത അദ്ധ്യായമായിരിക്കും. ഈ സപ്ലിമെൻററി ഡിമാൻറിനുവേണ്ടി നിയമസഭയിൽ ഒരു കറുത്ത അദ്ധ്യായം കുറിച്ചിരിക്കുന്നു. കോ-ഓപ്പറേററീവ് സൊസൈററികൾക്ക് ഗ്രാൻറ് കൊടുക്കാൻവേണ്ടി കണ്ടിൻജൻസി ഫണ്ട് വർദ്ധിപ്പിച്ചു. സുഹൃത്തുക്കളെ, ദയവുചെയ്ത് ഭരണഘടന ലംഘിക്കാതെയെങ്കിലും ഭരണം നടത്തണം. പരസ്യമായിട്ട് ഭരണഘടനയെ ലംഘിച്ചുകൊണ്ട് എല്ലാ പാർലമെൻററി സാംഗ്ററിററിയെയും അക്കൗണ്ടബിലിററിയെയും ലംഘിച്ചുകൊണ്ട് ഇത്രയും നഗ്നമായ, ജനാധിപത്യവിരുദ്ധമായ നടപടിക്രമം ഇനിയൊരിക്കലും ഉണ്ടാകാതിരിക്കട്ടെ, ഇത് അവസാനത്തെ കാര്യമാകട്ടെ. ഞാൻ ചോദിക്കട്ടെ, എല്ലാ കാര്യത്തിലും ഞങ്ങൾ നിങ്ങളോട് സഹകരിക്കുന്നില്ലേ? ഏത് സംഗതിയായാലും നിങ്ങളോട് ഞങ്ങൾ സഹകരിക്കുന്നുണ്ട്. പിന്നെന്തിനാണ് ഈ മര്യാദകേട് കാണിക്കുന്നത്? പൈസയുണ്ടെങ്കിൽ 40 ജീപ്പ് വാങ്ങിക്കൊള്ളണം, പക്ഷെ നിയമസഭയെ വെട്ടിക്കരുത്. കമ്മീഷൻ കിട്ടുമെങ്കിൽ 40 ജീപ്പുകൾ വാങ്ങിക്കണം. അതിന് നിയമസഭയെ പററിക്കണമോ? നിയമസഭയിൽ നിയമം ലംഘിച്ചുവേണമോ ഇതൊക്കെ ചെയ്യാൻ? നിങ്ങൾ വേറെ രീതിയിൽ മോഷ്ടിക്കണം. അതുകൊണ്ട് ഇതൊരു പോയിൻറ് ഓഫ് ഓർഡറാണ്. ഞാൻ വളരെ ശക്തിയായിട്ട് ഉന്നയിക്കുന്നു. ഇത് ആവർത്തിക്കാനും പാടില്ല. ഈ സപ്ലിമെൻററി ഡിമാൻറ് ഫോർ ഗ്രാൻറ്സ് ഭരണഘടനാപരമായി ഓർഡറിലല്ല. ഇത് ഒരു കാരണവശാലും അനുവദിക്കത്തക്കതല്ല എന്ന് ബഹുമാനപ്പെട്ട സ്പീക്കറുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.



LIBRARY ARCHIVES Kerala Legislative Assembly

അങ്ങ് അവരെ സഹായിക്കുന്നതിൽ എനിക്ക് വിരോധമില്ല. പക്ഷേ യാതൊരു കാരണവശാലും ഇത് നിയമാനുസൃതമല്ല. ആര് വിചാരിച്ചാലും ഇത് റഗുലറൈസ് ചെയ്യാൻ വയ്യാത്ത ഏർപ്പാടാണ്.

മി. ചെയർമാൻ: അങ്ങ് ഇവിടെ ഇരിക്കുമ്പോൾ ചെയ്തതൊക്കെ ത്തന്നെയാണ് ഞാനും ചെയ്യുന്നത്.

വിദ്യുച്ഛക്തിയും കയറും വകുപ്പുമന്ത്രി (ശ്രീ. സി. വി. പത്മരാജൻ): സർ, ഈ സന്ദർഭത്തിൽ സഭയുടെ മുമ്പിലുള്ള പ്രശ്നം ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്ന സപ്ലിമെൻററി ഗ്രാൻറ് ഭരണഘടനാവിരുദ്ധമാണോ, നിയമപരമായി നിലനിൽക്കത്തക്കതാണോ അല്ലയോ എന്നതു മാത്രമാണ്. അതിന്റെ വിശദാംശങ്ങളും ഓരോ ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ച് കൂടുതൽ തുക ആവശ്യപ്പെട്ടതിനെ സംബന്ധിച്ചുള്ള വിശദമായ ചർച്ചയും ഇന്നു നടക്കേണ്ടതാണ്. ആ ചർച്ചയ്ക്കുശേഷം ഇത് വോട്ടിനിട്ട് പാസ്സാക്കുക—അതാണ് നടപടി ക്രമം. ഇപ്പോൾ ഭരണഘടനാപരമായ പ്രശ്നം മാത്രമാണ് ഇതിലുള്ളത്. ഓരോ ഡിപ്പാർട്ടുമെൻറിന്റെയും മെറിററിൻമേൽ ഇപ്പോൾ കടക്കുന്നത് പ്രസക്തമല്ല. അതിന് മറെറാരു അവസരമുണ്ടെന്ന് ചൂണ്ടിക്കാണിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. ശ്രീ. വർക്കല രാധാകൃഷ്ണൻ വായിച്ച അതേ ബഡ്ജററ് മാനുവൽ തന്നെ ഞാൻ ഡിപ്പെൻറ് ചെയ്യുകയാണ്. Supplementary grant means the sum sanctioned by the Legislature for a particular service, over and above the amount already authorised during the current year. അതാണ് പറഞ്ഞിട്ടുള്ളത്. ഇപ്പോൾ ഞാൻ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന, വിവിധ ഡിപ്പാർട്ടുമെൻറുകൾക്ക് അവതരിപ്പിച്ചിരിക്കുന്ന സപ്ലിമെൻററി ഗ്രാൻറിൽ മൂന്നു കാര്യങ്ങളാണ് പ്രധാനമായി പറഞ്ഞിട്ടുള്ളത്. ഒന്ന്, Recouping of Contingency Fund Advance. അത് നിർബന്ധമായും ഈ സഭ പാസ്സാക്കിയിരിക്കേണ്ടതാണ്. രണ്ട്, ന്യൂ സർവ്വീസ് പ്രൊസീഡ്യുവറിന് ആവശ്യമായ പണം. മൂന്ന്, സെൻട്രലി സ്പോൺസേർഡ് സ്കീമിനു വേണ്ടി വരുന്ന പണം. ഇത് മൂന്നുമാണ് എനിക്ക് വിനയപൂർവ്വം ചൂണ്ടിക്കാണിക്കുവാനുള്ളത്. ആദ്യം ശ്രീ. വർക്കല രാധാകൃഷ്ണൻ പൊതുവായ ഒബ്ജക്ഷനാണ് ചൂണ്ടിക്കാണിച്ചത്. ബഹുമാനപ്പെട്ട പി. രാഘവൻ ചൂണ്ടിക്കാണിച്ച ഒരു ഒബ്ജക്ഷനുണ്ട്. അതിന്റെ പശ്ചാത്തലം ഞാൻ പറയാം. ചില അംഗങ്ങൾ ചൂണ്ടിക്കാണിച്ചു, ജീപ്പ് വാങ്ങിക്കുന്നത് മുൻകൂട്ടി കാണാൻ പാടില്ലായിരുന്നോ, പിന്നീട് എന്തിന് ജീപ്പ് വാങ്ങിക്കുവാൻ തീരുമാനിച്ചു, എന്ന്. അത് പ്രശ്നത്തിന്റെ മെറിററിലേക്ക് വരുന്നതാണ്. അഡ്മിസിബിലിററിയെ പററിയുള്ള കാസ്ററ്യനല്ല.

16-6-1994-നാണ് സിവിൽ സപ്ലൈസ് വകുപ്പിന് 56 ലക്ഷം രൂപ ചെലവ് ചെയ്ത് അഞ്ച് ഡീസൽ കാറും ഇരുപത് ഡീസൽ ജീപ്പും വാങ്ങാനായി തീരുമാനമെടുത്തത്. ആ ഉത്തരവിൽ അഞ്ച് കാർ വാങ്ങാനായി 3456-001-99-05 ഓഫീസ് ചെലവുകൾ എന്ന ഡിമാൻറിലാണ് (ഡിമാൻറ് XXV) വച്ചത്. ശ്രീ. പി. രാഘവൻ ചൂണ്ടിക്കാണിച്ച ഡിമാൻറ് വായിച്ചു നോക്കിയാൽത്തന്നെ അറിയാം; ഡിമാൻറ് നമ്പർ XXV-ന്റെ കീഴിൽ വരുന്നതാണ് സിവിൽ സപ്ലൈസിന്റെ ഓഫീസ് എക്സ്പെൻസസ്. ബഹുമാനപ്പെട്ട മെമ്പർമാർ അത് റഫർ ചെയ്ത് നോക്കിയാൽ അറിയാം. അതുകൊണ്ട്, അതിൽ

LIBRARY ARCHIVES Kerala Legislative Assembly

സാങ്കേതികമായി യാതൊരു തകരാറുമില്ല. അതിനുശേഷം മേൽപ്പറഞ്ഞ ഉത്തരവനുസരിച്ച് ബാക്കി 46 ലക്ഷം രൂപ ഫുഡ് എന്ന XXX-ാം നമ്പർ ഡിമാൻറിൽ ഇരുപതു ഡീസൽ ജീപ്പുകൾ വാങ്ങിക്കുന്നതിനായി സിവിൽ സപ്ലൈസ് വകുപ്പിൻെറ ഭരണചെലവുകൾ ഹരിജനക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥന യിൻകീഴിൽ 3456 സിവിൽ സപ്ലൈസ് എന്ന മേജർ ഹെഡ്ഡിലാണ് നിലവിലുള്ള ക്ലാസിഫിക്കേഷൻ അനുസരിച്ച് വകയിരുത്തുന്നത്. ക്ലാസിഫിക്കേഷൻ നോക്കിയാൽ തെററിദ്ധാരണ തീരും. ആയതിനാൽ അഞ്ച് കാറ് വാങ്ങുന്നതിനുള്ള ചെലവ് ആഫീസിൻെറ ഭരണച്ചെലവിൽ വരുന്നതുകൊണ്ടാണ് പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയത്. രണ്ടാമത്തേത്, സംസ്ഥാന ബഡ്ജററിൻെറ ധാന്യവിതരണ പദ്ധതിക്കുള്ള ചെലവ് ഭക്ഷ്യം എന്ന മുപ്പതാം നമ്പർ ധനാഭ്യർത്ഥനയിലാണ് നിലവിലുള്ള ക്ലാസിഫിക്കേഷൻ അനുസരിച്ച് വകയിരുത്തുന്നത്. ഇരുപത് ഡീസൽ ജീപ്പുകൾ വാങ്ങിക്കുന്നത് ധാന്യവിതരണ പദ്ധതിയി ലായതു കൊണ്ടാണ് ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയിൽ ഈ ചെലവ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. അതുകൊണ്ട് ഇതിൽ നിയമ വിരുദ്ധമായി യാതൊന്നുമില്ല. ഈ ക്ലാസിഫിക്കേഷൻ നോക്കിയാൽ ശ്രീ. പി. രാഘവൻെറ സംശയം തീരുന്നതാണ്.

പിന്നെ പ്രൊപ്രൈററിയെ സംബന്ധിച്ച് മാത്രം ചർച്ച ചെയ്ത് സംസാരിക്കാം. ഇതിന് നിയമപരമായി തടസ്സമില്ല. ശ്രീ. കെ. പ്രകാശ്ബാബു പറഞ്ഞ ഒരു കാര്യമുണ്ട്. അദ്ദേഹം പറഞ്ഞത്, സപ്ലിമെൻററി ഗ്രാൻറിൽ കൊണ്ടുവന്നിരിക്കുന്ന ചെലവിന് ആധാരമായ ചില ഉത്തരവുകൾ വളരെ നേരത്തെ പുറപ്പെടുവിച്ചിരുന്നു എന്നതാണ്, അത് അദ്ദേഹം ചൂണ്ടിക്കാണിച്ചതു മാത്രമല്ല മററു ചിലരും പറഞ്ഞിട്ടുണ്ട്. അത് ശരിയാണ്. പലപ്പോഴും ഭരണപരമായ കാരണങ്ങൾകൊണ്ട് കണ്ടിൻജൻസി ഫണ്ടിൽ നിന്ന് അഡ്വാൻസ് എടുത്താൽ അടുത്ത സഭയിൽത്തന്നെ സപ്ലിമെൻററി ഗ്രാൻറായിട്ട് പാസ്സാക്കി എടുക്കണം എന്നു നിർബന്ധമുണ്ടെങ്കിലും മുമ്പ് ഏതെങ്കിലും ഒരു കാലത്ത് ഉത്തരവ് പുറപ്പെടുവിച്ചാൽ അടുത്ത സഭയിൽത്തന്നെ വേണം എന്ന് എവിടെയും അനുശാസിക്കുന്നില്ല. അതിൻെറ ചെലവ് വരുന്ന സമയത്തു മാത്രമാണ് സപ്ലിമെൻററി ഗ്രാൻറ് കൊണ്ടുവരുന്നത്. ചിലപ്പോൾ അവിടെയും കമ്മ്യൂണിക്കേഷൻ ഗ്യാപ്പ് ഉണ്ടായിയെന്നു വരാം. ചിലപ്പോൾ ചില ഭരണപരമായ കാലതാമസങ്ങൾ വരും; അഡ്മിനി സ്ട്രേററീവ് ഡിപ്പാർട്ടുമെൻറ് ഫൈനാൻസ് ഡിപ്പാർട്ടുമെൻറിന് റിപ്പോർട്ട് ചെയ്യാൻ കാലതാമസം വരും. ഇതെല്ലാം എല്ലാക്കാലത്തും ഉണ്ടാകുന്നതാണ്. അതിൽ വലിയ അപാകതയൊന്നും യാതൊരു കാരണ വശാലും ഇല്ല.

അതുപോലെ എക്സൈസ് ഡിപ്പാർട്ടുമെൻറിൻെറ അപേക്ഷ, ധനകാര്യ വകുപ്പിന് ലഭിച്ചത്, കണ്ടിൻജൻസി ഫണ്ടിൽനിന്ന് അഡ്വാൻസ് ഡ്രാ ചെയ്യണം എന്നുള്ളതായിരുന്നു. പക്ഷേ നിയമസഭ കൂടാൻ പോകുന്നതുകൊണ്ട് അതു വേണ്ട, ന്യൂ സർവ്വീസ് പ്രൊസീഡ്യുർ അനുസരിച്ച് 100 രൂപയുടെ ടോക്കൺ പ്രൊവിഷൻ വച്ചുകൊണ്ടുള്ള ഒരു ഏർപ്പാടാണ് ഉണ്ടായത്. ഇതിൽ അസാധാരണമായിട്ട് ഒന്നുമില്ല. പബ്ലിക് വർക്സിനെ സംബന്ധിച്ചിടത്തോളം അത് ചാർജ്ഡ് എമൗണ്ടാണ്. വോട്ടഡ് എമൗണ്ടല്ല. കാരണം കോടതി വിധി അനുസരിച്ച് ഉള്ളതാണ്. അതിന് ഉപധനാഭ്യർത്ഥനയിൽ ഉൾക്കൊള്ളിച്ചിട്ടുള്ള



LIBRARY ARCHIVES Kerala Legislative Assembly

തുക, 1993–94 സാമ്പത്തിക വർഷം 'ചാർജ്ഡ്' എമൗണ്ട്' സസ്പെൻസ് ഹെഡ്ഡിൽ നിന്നു കോടതിയിൽ കെട്ടിവയ്ക്കേണ്ടതായി വന്നത് റഗുലറൈസ് ചെയ്യാൻ വേണ്ടിയാണ് വന്നിരിക്കുന്നത്. അതിനകത്ത് ക്രമരഹിതമായി, ഭരണഘടനാ വിരുദ്ധമായി, നിയമ വിരുദ്ധമായി യാതൊന്നുമില്ല. അതുകൊണ്ട് ഇതിനുള്ള ഒബ്ജക്ഷൻസ് നിലനിൽക്കുന്നതല്ല എന്നു ചൂണ്ടിക്കാണിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്.

## XI. റൂളിംഗ്

മി. ചെയർമാൻ: ഹരിജനക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം എന്ന XXV–ാം നമ്പർ ധനാഭ്യർത്ഥനയുടെ 3456–001–99–05 ഒ എന്ന ഹെഡ്ഡിൽ ചാർജ് ചെയ്ത് സിവിൽ സപ്ലൈസ് വകുപ്പിന് കാറുകളും ജീപ്പുകളും വാങ്ങുവാൻ തുക ചിലവഴിച്ചത് ശരിയല്ലെന്നാണ് ഇവിടെ ഉന്നയിക്കപ്പെട്ട ഒരു വാദം. ചെയർ ബഡ്ജററ് രേഖകൾ പരിശോധിച്ചു. ഹരിജനക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം എന്ന ഡിമാൻറിലെ ഒരു മേജർ ഹെഡ്ഡാണ് 3456—സിവിൽ സപ്ലൈസ്. ആ ഹെഡ്ഡിൻെറ 05 എന്ന മൈനർ ഹെഡ്ഡിൽ സിവിൽ സപ്ലൈസ് ഓഫീസ് ചിലവിനുവേണ്ടി തുക വകയിരുത്തിയിട്ടുണ്ട്. അതിൽ ചാർജ് ചെയ്തുകൊണ്ടാണ് വാഹനങ്ങൾ വാങ്ങുവാൻ തുക ചിലവഴിച്ചത്. ഇത് തികച്ചും ക്രമാനുസൃതമാണ്.

മുൻകൂട്ടി കാണാൻ കഴിയുന്ന ഒരു ചിലവിന് ബഡ്ജററിൽ വകകൊള്ളിക്കാതെ ഉപധനാഭ്യർത്ഥനകളുമായി സഭയിൽ വരുന്നത് ശരിയല്ലെന്നും ഇതനുസരിച്ച് ഭക്ഷ്യം എന്ന XXX–ാം നമ്പർ ധനാഭ്യർത്ഥനയിൽ ചാർജ് ചെയ്ത് ഡീസൽ ജീപ്പുകൾ വാങ്ങുന്നതിന് 46 ലക്ഷം രൂപയുടെ ഉപധനാഭ്യർത്ഥന ചോദിക്കുന്നത് ക്രമാനുസൃതമല്ലെന്നുമാണ് ഇവിടെ ഉന്നയിച്ച മറെറാരു പ്രശ്നം.

ഏതെങ്കിലും ഒരു കാര്യത്തിനുവേണ്ടി ബഡ്ജററിൽ തുക വകയിരുത്തുന്ന പക്ഷം മാത്രമേ ആ കാര്യത്തിനുവേണ്ടി ചിലവ് വരുമെന്ന് പ്രതീക്ഷിക്കുവാൻ ഗവൺമെൻറിന് കഴിയുകയുള്ളു. എങ്കിൽ മാത്രമേ പ്രസ്തുത ചെലവിനെപ്പററി മുൻകൂട്ടി ഗവൺമെൻറിന് അറിവ് ഉണ്ടായിരുന്നു എന്നു പറയുവാൻ സാധിക്കൂ. ഇക്കാര്യത്തിൽ ബഡ്ജററിൽ തുക ഒന്നും തന്നെ ഉണ്ടായിരുന്നില്ല. അതുകൊണ്ട് ഗവൺമെൻറിന് ഈ ചിലവിനെക്കുറിച്ച് കാലേക്കൂട്ടി അറിയാമായിരുന്നു എന്ന് പറഞ്ഞുകൂടാ. പക്ഷെ ഇപ്രകാരമുള്ള സംഗതിയിൽ ''ന്യൂ സർവ്വീസ് പ്രൊസീഡ്യുവർ'' സ്വീകരിച്ചുകൊണ്ടാണ് ഉപധനാഭ്യർത്ഥനയ്ക്ക് വരേണ്ടിയിരുന്നത്. ഈ നടപടിക്രമം പാലിച്ചതായി കാണുന്നില്ല. മേലിൽ ബഡ്ജററിൽ വകയിരുത്താത്ത സർവ്വീസിനുവേണ്ടി ചെലവ് വരുമ്പോൾ ''ന്യൂ സർവ്വീസ് പ്രൊസിഡ്യുവർ'' സ്വീകരിച്ചു കൊണ്ടുമാത്രമേ അത്തരം ചെലവുകൾ ചെയ്യാവൂ എന്ന് ചെയർ അനുസ്മരിപ്പിക്കുന്നു.

തുക ചെലവ് ചെയ്തതിനുശേഷം തൊട്ടടുത്തു കൊണ്ടുവരുന്ന ഉപധനാഭ്യർത്ഥനകളിൽ പ്രസ്തുത തുക പെടുത്തി സഭയുടെ അംഗീകാരം തേടാത്തത് ക്രമാനുസൃതമല്ലെന്നാണ് ശ്രീ. കെ. പ്രകാശ് ബാബു ചൂണ്ടിക്കാണിച്ചത്. ഇക്കാര്യവും ചെയർ പരിശോധിച്ചു. തുക ചെലവ്

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തതിനുശേഷം തൊട്ടടുത്തുവരുന്ന സഭയുടെ സമ്മേളനത്തിൽ ഉപധനാഭ്യർത്ഥന കൊണ്ടുവന്ന് ചെലവ് റെഗുലറൈസ് ചെയ്യാത്ത പല സംഭവങ്ങളും ചെയറിന്റെ ശ്രദ്ധയിൽപ്പെട്ടു. ഉദാഹരണത്തിന് 1991 മാർച്ചിൽ സഭ മുൻപാകെ വച്ച ഉപധനാഭ്യർത്ഥനയുടെ സ്റ്റേറ്റ്മെന്റിൽ 19–9–1989-ലെ ഉത്തരവുപ്രകാരം ചെലവുചെയ്ത 59 ലക്ഷം രൂപയ്ക്കുള്ള ഉപധനാഭ്യർത്ഥനയുണ്ടായിരുന്നു. 1985-ലും 1986-ലും സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷന് ഇക്വിററി ഷെയർ ഇനത്തിൽ നൽകിയ തുക റഗുലറൈസ് ചെയ്യുന്നതിനുള്ള ടോക്കൺ പ്രൊവിഷൻ 1992 ജൂലായിൽ മേശപ്പുറത്തുവച്ച ഉപധനാഭ്യർത്ഥനയിലാണ് ഉൾപ്പെടുത്തിയത്. കേരള ലൈവ് സ്റ്റോക്ക് ഡവലപ്പ്മെന്റ് ആൻറ് മിൽക്ക് മാർക്കററിംഗ് ബോർഡിന് 1987–88-ൽ കിട്ടിയ തുകയ്ക്കുള്ള ഉപധനാഭ്യർത്ഥന 1992 മാർച്ചിൽ മേശപ്പുറത്തു വച്ച ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റിലാണ് പെടുത്തിയത്. അപ്രകാരം ചെലവ് ചെയ്തത് ഉടർന്നുവരുന്ന സഭയുടെ സമ്മേളനത്തിൽതന്നെ ഉപധനാഭ്യർത്ഥന കൊണ്ടുവരാതിരുന്ന നിരവധി സംഭവങ്ങൾ കാണാവുന്നതാണ്. ഈ നടപടിക്രമം ശരിയായിരുന്നു എന്ന് ചെയറിന് അഭിപ്രായമില്ല. മേലിൽ ഇമ്മാതിരി സ്ഥിതിവിശേഷം ഒഴിവാക്കുവാൻ ഗവൺമെൻറ് ആവുന്നത്ര ശ്രമിക്കേണ്ടതാണ്.

ഉപധനാഭ്യർത്ഥനകൾ അവതരിപ്പിക്കുന്നത് ഭരണഘടനയുടെ അന്തസത്തക്ക് നിരക്കുന്നതല്ലെന്നാണ് ശ്രീ. വർക്കല രാധാകൃഷ്ണന്റെ വാദം. ഭരണഘടനയുടെ 205-ാം അനുച്ഛേദം അനുസരിച്ച് വേണ്ടിവരുന്ന പക്ഷം ഉപധനാഭ്യർത്ഥനകൾ ആകാമെന്ന് പറയുന്നുണ്ട്. ആയതിനാൽ ക്രമപ്രശ്നങ്ങൾക്ക് നിലനിൽപ്പില്ല.

## ധനകാര്യം—തുടർച്ച

(അദ്ധ്യക്ഷവേദിയിൽ ശ്രീ. നാലകത്ത് സൂപ്പി)

ശ്രീ. ടി. കെ. ഹംസ: സർ, ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. ബഹുമാനപ്പെട്ട സി. വി. പത്മരാജൻ സപ്ലിമെന്ററി ഗ്രാൻറ് കൊണ്ടുവന്നതിലുള്ള അപാകത ചൂണ്ടിക്കാണിച്ചപ്പോഴാണ് അദ്ദേഹത്തിന് ദേഷ്യം വന്നത്. കുരങ്ങ് ഇഞ്ചികടിച്ചപോലെയാണ് അദ്ദേഹത്തിന് ദേഷ്യം വന്നത്. ഇങ്ങനെ ഒരു മന്ത്രിയാകാൻ പാടുണ്ടോ? ഞങ്ങൾ എത്ര മന്ത്രിമാരെ കണ്ടിട്ടുണ്ട്? ഞങ്ങളുമൊക്കെ മന്ത്രിമാരായിട്ടുമുണ്ട്. ഒരു സീനിയർ നേതാവ് പറയുമ്പോൾ അതിൽ ചാടിക്കടിക്കാൻ എന്താണുള്ളത്? അദ്ദേഹം അവിടെയിരുന്നാണ് പറഞ്ഞത്. അവിടെയിരുന്നാണ് ശ്രീ. ബേബി ജോണിനോട് ചോദിച്ചത്, ബേബിജോൺ ചോദ്യം ചോദിച്ചാൽ പോരേ പ്രസംഗിക്കാൻ പാടുണ്ടോയെന്ന്. അങ്ങനെയൊന്നും പാടില്ല മിസ്റ്റർ പത്മരാജൻ. ശ്രീ. പത്മരാജൻ ബ്ലോക്ക് പ്രസിഡൻറാണ്. ഞാൻ ഡി.സി.സി. പ്രസിഡൻറാകുമ്പോൾ രണ്ടു വകുപ്പിന്റെ മന്ത്രിസ്ഥാനം ഒരുമിച്ച് കിട്ടിയാൽ ഇങ്ങനെയാകരുത്.

സർ, സപ്ലിമെൻററി ഗ്രാൻറിൽ പത്താം ഹെഡ്ഡിലും മുപ്പതാം ഹെഡ്ഡിലും ഇരുപത് ജീപ്പ് ചേർക്കേണ്ട ആവശ്യമെന്താണ്? സോഷ്യൽ വെൽഫെയർ ഡിപ്പാർട്ട്മെന്റിൽനിന്ന് സിവിൽ സപ്ലൈസിന് ജീപ്പ് വാങ്ങിക്കണോ? അവിടത്തെ ആനയും ലോറിയുമൊക്കെ പോയോ? ഇപ്പോൾ

ജീപ്പും കാറുമാണോ വേണ്ടത്? സോഷ്യൽ വെൽഫെയറിന്റെ പണമെടുത്ത് എന്തിനാണ് ജീപ്പും കാറും വാങ്ങിക്കുന്നത്? സോഷ്യൽ വെൽഫെയർ എന്നു പറഞ്ഞാൽ അനാഥകുട്ടികൾക്കൊക്കെ സഹായം

1 p.m.] കൊടുക്കാനുള്ളതാണ്. അതുകൊണ്ട് ജീപ്പും കാറും വേണമല്ലോ. ആനയും ലോറിയുമൊക്കെ ഇപ്പോൾ പോയി. കോഴിക്കോട് മാനാഞ്ചിറ മൈതാനം വികസിപ്പിക്കാൻ 1994-95-ൽ 50 ലക്ഷം രൂപയ്ക്ക് ഒരു ഗ്രാൻറ് ഇതിൽ ചോദിച്ചിട്ടുണ്ട്. 1994-95-ലെ ആ ഗ്രാൻറ് അനുവദിച്ചുകൊണ്ടുള്ള ജി.ഒ. 15-7-1994-ൽ ഉള്ളതാണ്. അത് ഒറിജിനൽ ബഡ്ജററിൽ കൊണ്ടുവരാമായിരുന്നു. ബഡ്ജററ് പ്രസംഗത്തിൽ പറഞ്ഞതാണ്. ജി.ഒ. ഇഷ്യു ചെയ്യുകയും ചെയ്തു. അതെന്തേ ബഡ്ജററിൽ കൊണ്ടുവരാത്തത്? അപാകത ചൂണ്ടിക്കാണിക്കുമ്പോൾ ദേഷ്യം വന്നാൽ മതിയോ രാഘവാ? ഇത് ശരിയല്ല. ബഡ്ജററ് പ്രസംഗത്തിൽ ബഹുമാനപ്പെട്ട ധനകാര്യ മന്ത്രി ഉമ്മൻചാണ്ടി പ്രസംഗിച്ചതാണ്. 15-7-1994-ൽ ജി. ഒ. ഇഷ്യു ചെയ്തു. അതെന്തേ ബഡ്ജററിൽ കൊണ്ടുവരാതിരുന്നത്? എന്നിട്ട് സപ്ലിമെൻററി ഗ്രാൻറായിട്ട് കൊണ്ടുവന്നിരിക്കുകയാണ്. ഈ ഗവൺമെൻറ് വീൽസ് രോഗം പിടിപെട്ട ഒരു ഗവൺമെൻറാണ്. അത് കിഡ്നിക്ക് ബാധിച്ചിട്ടുണ്ട്. ഡയാലിസീസ് തുടങ്ങേണ്ട സമയമായിട്ടുണ്ട്. ഇത് അവസാനിക്കാൻ പോകുകയാണ്. ഇതെല്ലാം വാരിവലിച്ച് സപ്ലിമെൻററി ഗ്രാൻറിൽ കൊണ്ടുവരികയാണ്. ഒരു നിയമവുമില്ല, ഒരു വകുപ്പുമില്ല, ഭരണഘടനയുമില്ല. ബഹുമാനപ്പെട്ട വർക്കലയെപ്പോലുള്ളവർ ചൂണ്ടിക്കാണിച്ചാൽ ദേഷ്യം പിടിക്കുകയാണ്. ഇത് ശരിയല്ലെന്നാണ് ഞാൻ പറയുന്നത്. ഈ നാട് നശിച്ചു സർ. സപ്ലിമെൻററി ഗ്രാൻറ് ഒക്കെ പാസ്സാക്കിയിട്ട് ഈ രാജ്യം ഭരിക്കാനാണല്ലോ നിങ്ങൾ ഈ പണം ചോദിക്കുന്നത്. എല്ലാ മേഖലകളിലും നശിപ്പിച്ചു. വികസനമാണെങ്കിൽ തകർന്നു. വ്യവസായമാണെങ്കിൽ പൊളിഞ്ഞു. ബഹുമാനപ്പെട്ട കുഞ്ഞാലിക്കുട്ടി ഇടയ്ക്കിടയ്ക്ക് പറയും— അടുത്തുവരും, നാളെ വരും എന്നൊക്കെ. ആര് വരുന്നു, എവിടെ വ്യവസായം വന്നു? സ്ററീൽ കോംപ്ലക്സ് ഒരാഴ്ചകൊണ്ട് തുറക്കുമെന്നു പറഞ്ഞിട്ട് ആറു മാസം കഴിഞ്ഞു. കോഴിക്കോട് സ്ററീൽ കോംപ്ലക്സിലെ തൊഴിലാളികൾ ഇപ്പോഴും ആർ.ഡി.ഒ. ഓഫീസ് പിക്കററ് ചെയ്തുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു, ആ സ്ഥാപനം ഗവൺമെൻറ് ഏറെറടുക്കുമെന്ന്. ആ സ്ഥാപനത്തിന് 5 കോടി രൂപ കൊടുത്തു നാളെ തുറക്കുമെന്ന് ഉറപ്പ് പറഞ്ഞിട്ട് ഇതുവരെ കാത്തുനിന്നതാണ്. അവസാനം ആർ.ഡി.ഒ. ഓഫീസിന്റെ മുമ്പിൽ പിക്കററ് ചെയ്ത് അറസ്ററ് വരിച്ച് അടിയും പിടിയും ലാത്തിച്ചാർജ്ജുമൊക്കെ ആയി. ഇങ്ങനെ എത്രയെത്ര വ്യവസായങ്ങൾ പൂട്ടി! ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്കൊന്നും പോകുന്നില്ല. എനിക്ക് ഒന്നു രണ്ട് കാര്യങ്ങൾ പറയാനുണ്ട്. ഈ സപ്ലിമെൻററി ഗ്രാൻറായാലും ബഡ്ജററിലെ ഗ്രാൻറായാലും പാസ്സാക്കിയ പണം എവിടെയാണ് പോകുന്നത്? ഈ നാട്ടിൽ എന്തെങ്കിലും കാണുന്നുണ്ടോ? ഇന്ന് രാവിലെ ഞങ്ങളുടെ കവറിൽ കിട്ടിയിട്ടുള്ള ബഹുമാനപ്പെട്ട കരുണാകരന്റെ തല വച്ച കുറെ ബുക്കുകളുണ്ട്. ഒരുപാട് ബുക്കുകളുണ്ട്. വികസനത്തിന്റെ പാതയിൽ നീങ്ങുകയാണ് എന്നാണ് പറയുന്നത്. ഏത് പാതയാണ് ഈ പറയുന്ന പാത? ശ്രീ. കരുണാകരന്റെ ചെറുപ്പകാലത്തുള്ള ഒരു ഫോട്ടോ. ഒരു സീരിയലിൽ അഭിനയിക്കാൻ പററും കണ്ടാൽ. നല്ല രസമുള്ള ഫോട്ടോ. ഇതുകണ്ട് ഞങ്ങൾ അന്തംവിടുമ്പോൾ വേറൊന്നുണ്ട്. ശ്രീ. കരുണാകരന്റെ മുഖത്തേയ്ക്ക് നോക്കാൻ മടിയുണ്ടെങ്കിൽ അവിടെ ഒരു പെൺകുട്ടിയുടെ ഫോട്ടോ ഉണ്ട്. എന്നാൽ ആരെങ്കിലും നോക്കിക്കോട്ടെ. അങ്ങനെ ഒരു

LIBRARY ARCHIVES Kerala Legislative Assembly

ബുക്ക് കിട്ടിയിട്ടുണ്ട്. എന്തിനാണ് നിങ്ങൾ ഈ ബുക്കുകളൊക്കെ അച്ചടിച്ചു തരുന്നത്? "മൂന്നു കൊല്ലത്തെ നേട്ടങ്ങൾ". ജനങ്ങൾക്ക് ചെയ്യുന്ന എന്തെങ്കിലും നേട്ടമുണ്ടോ, വികസനമുണ്ടോ, വ്യവസായമുണ്ടോ, പാലമുണ്ടോ, റോഡുണ്ടോ? പൊതുമരാമത്ത് വകുപ്പിന്റെ വികസനം ഞാൻ ഇതിൽ നോക്കി. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് തുടങ്ങിയതും പൂർത്തിയാക്കി ഉൽഘാടനം ചെയ്യാൻ കഴിയാതെ പോയതുമായ പാലങ്ങളല്ലാതെ മറ്റൊന്നുമില്ല. അത് ഉൽഘാടനം ചെയ്തു എന്നാണ് നേട്ടം പറയുന്നത്. അപ്പോൾ ഈ പണം ഇങ്ങനെ ധൂർത്തടിച്ച് നശിപ്പിച്ച് അഴിമതി കാണിച്ച് നിങ്ങൾ സ്വയം അവസാനിപ്പിക്കുകയാണ്. അധികകാലം ഇത് ഇങ്ങനെ നിൽക്കുമെന്ന് നിങ്ങൾ വിചാരിക്കണ്ട. എന്തായാലും ഒരു സംഗതി ഞാൻ സഭയുടെ മുമ്പാകെ കൊണ്ടുവരാൻ പോകുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നമ്മുടെ കോൺഗ്രസ്സിന്റെ മെമ്പർഷിപ്പ് വിതരണം ഉൽഘാടനം ചെയ്തുകൊണ്ട് നടത്തിയ പ്രസംഗം വീക്ഷണം പത്രത്തിലുണ്ട്. അദ്ദേഹം പറയുകയാണ്, പ്രകൃതിക്ഷോഭത്തിൽ ദുരിതമനുഭവിക്കുന്നവരെ ആശ്വസിപ്പിക്കാൻപോലും ശ്രമിക്കാതെ വിലകുറഞ്ഞ ആരോപണങ്ങളുമായി പ്രതിപക്ഷം ഇറങ്ങിത്തിരിച്ചിരിക്കുന്നു എന്ന്. എന്തിനാണ് സർ, പ്രതിപക്ഷത്തിന്റെ മേക്കിട്ട് കയറുന്നത്? ദുരിതാശ്വാസത്തിൽ പ്രവർത്തിക്കാതെ ആ സമയവുംകൂടി നിങ്ങളുടെ മേക്കിട്ട് കയറാൻ ഞങ്ങൾ വരുന്നു എന്നല്ലേ പറയുന്നത്? അതിന്റെ പ്രസക്തഭാഗം ഞാൻ വായിക്കാം. "ഇപ്പോൾ കോൺഗ്രസ്സിന്റെ വിവിധ തലങ്ങളിൽ ആരോപണങ്ങളും പ്രത്യാരോപണങ്ങളും കൊണ്ട് അഴിമതിയുടെ ചീഞ്ഞു നാറിയ കഥകൾ പുറത്തായിക്കൊണ്ടിരിക്കുന്നു. ഒപ്പം തമ്മിൽ തല്ലും കയ്യേററങ്ങളും കയ്യാങ്കളികളും ഗ്രൂപ്പ് പോരിന് കൊഴുപ്പേകുന്നു" ആര്യാടാ, ഏതാ പത്രമെന്ന് അറിയാമോ? നിങ്ങളുടെ ചന്ദ്രിക പത്രമാണ്. അപ്പോൾ പ്രതിപക്ഷമാണോ മേക്കിട്ട് കയറുന്നത്? ദുരിതാശ്വാസത്തിൽ പ്രവർത്തിക്കാതെ പ്രതിപക്ഷങ്ങൾ അഴിമതിയാരോപണവുമായി നിങ്ങളെ അപമാനിക്കുന്നു എന്നല്ലേ ശ്രീ. കരുണാകരൻ പ്രസംഗിച്ചത്? കരുണാകരൻ ആയിക്കഴിഞ്ഞാൽ പിന്നെ എന്തും പറയാമെന്നാണോ? ഇതൊന്നും ശരിയായിട്ടുള്ള പോക്കല്ല. എനിക്ക് അദ്ദേഹത്തോട് പറയാനുള്ള മടി എന്താണെന്നുവെച്ചാൽ പ്രായമായല്ലോ എന്ന് വിചാരിച്ചിട്ടാണ് ആര്യാടാ പറയാത്തത്. നിങ്ങളൊക്കെയാണെങ്കിൽ ഞാൻ പറഞ്ഞിട്ട് അതിന്റെ അങ്ങേപ്പുറവും പറയുമായിരുന്നു. ഈ മാതിരി *** പച്ചക്കള്ളം പറയുകയാണ്. പ്രതിപക്ഷങ്ങളുടെ പണി ദുരിതാശ്വാസം നോക്കാതെ നിങ്ങളുടെ മേക്കിട്ട് കയറലാണോ? നിങ്ങൾ കട്ടിട്ട് നിങ്ങളുടെ പാർട്ടിയിൽനിന്നുള്ള എതിർപ്പും. ചന്ദ്രിക പത്രമാണ് ഇത് എഴുതുന്നത്. ഇനി രണ്ടാമത്തേത് നോക്കൂ. ഞാൻ മുഴുവനും വായിക്കാത്തത് നേരമില്ലാത്തതുകൊണ്ടാണ്. കോൺഗ്രസ്സിൽ ചേരിപ്പോര് മുറുകുന്നു, കോടികളുടെ കഥകൾ— ചന്ദ്രിക. ആര്യാടന്റെ ചന്ദ്രിക. രണ്ടാമത് പറയുകയാണ് കേരളത്തിൽ എവിടെയെങ്കിലും വൻസൗധങ്ങൾ ഉയർന്നാൽ അതിൽ എം. പി.-യ്ക്ക് പങ്കുണ്ടോയെന്ന് ജനങ്ങൾ സംശയിക്കുന്നതിലേയ്ക്ക് അഴിമതിക്കാരുടെ ചക്രവർത്തി വളർന്നു കഴിഞ്ഞതായും അവർ ആരോപിച്ചു. ആരാണ് ഈ 'അവർ'? കോഴിക്കോട് ഡി.സി.സി. ഭാരവാഹികൾ പ്രത്യേകം വിളിച്ചു ചേർത്ത പത്രസമ്മേളനത്തിൽ ചെയ്തിട്ടുള്ള പ്രസ്താവനയാണ് 'അവർ' എന്നുള്ളത്. ഈ കേരളത്തിൽ എവിടെ മണിസൗധം ഉയർന്നാലും അത് എം.പി. എന്ന ചക്രവർത്തിയുടേതാണ്. ഏതാണ് ഈ എം.പി.? വല്ലാത്ത

*** സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം രേഖയിൽനിന്ന നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

ഒരു കാലം സർ. ഇങ്ങനെയുണ്ടോ ഒരു കളവ്? നാണവും മാനവുമുള്ള ആളുകൾക്ക് കോൺഗ്രസ്സിൽ നിൽക്കാൻ കഴിയുമോ? പിന്നെ അതേ പത്രം തന്നെ പറയുകയാണ്, 'അധികാരം വിട്ടൊഴിഞ്ഞാൽ കോൺഗ്രസ് പ്രവർത്തകർക്ക് പുറത്ത് ഇറങ്ങി നടക്കാൻ വയ്യാത്ത അവസ്ഥ ഇക്കൂട്ടർ സൃഷ്ടിച്ചതായും പ്രസ്താവനയിൽ കുററപ്പെടുത്തി' എന്ന് ഞങ്ങളാണോ, പ്രതിപക്ഷങ്ങളാണോ നിങ്ങളുടെ മേക്കിട്ട് കയറുന്നത്? കോഴിക്കോട് ഡി. സി. സി. ഭാരവാഹികൾ യോഗം ചേർന്ന് പത്രസമ്മേളനം നടത്തി കുററപ്പെടുത്തിയതാണ്. അധികാരം വിട്ടൊഴിഞ്ഞാൽ കോൺഗ്രസ്സ്കാർക്ക് തെരുവിലൂടെ നടക്കാൻ കഴിയുകയില്ലെന്ന്. ആരാണ് പറയുന്നത്? കോൺഗ്രസ് ഡി.സി.സി. ഭാരവാഹികൾ. ശ്രീ. ഉമ്മൻചാണ്ടി രാജിവച്ചത് നന്നായി. അടി പുറത്ത് കിട്ടുകയില്ലെന്ന് ഉറപ്പായല്ലോ ഇപ്പോൾ. നിങ്ങളുടെ ഈ ഗ്രൂപ്പിന്റെ കളി അതാണ്. ഈ ചോരയിൽ നമുക്ക് പങ്കില്ല. അതല്ലേ നിങ്ങളുടെ നിലപാട്? അതല്ലേ ആര്യാടന്റെ നിലപാട്? ഞങ്ങൾക്ക് തിരിയും. നിങ്ങൾ ചിരിക്കുകയൊന്നും വേണ്ട. ഞങ്ങൾക്ക് മനസ്സിലായിട്ടുണ്ട്. അതുകൊണ്ട് ഞാൻ പറയുന്നത് നിങ്ങൾ തമ്മിൽ അടികൂടുന്നതിന് പ്രതിപക്ഷങ്ങളുടെ മേക്കിട്ട് നിങ്ങൾ കയററുത്. ആ സംഭവത്തിന്റെ നിജസ്ഥിതി കഴിഞ്ഞ നിയമസഭയിൽ ഞാൻ ചോദിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയണമോയെന്ന് ചോദിച്ചു. മുഖ്യമന്ത്രി മിണ്ടിയില്ല. ഏഴ് ലക്ഷം രൂപ ഏഴ് എഞ്ചിനീയർമാരിൽനിന്ന് കൈക്കൂലി വാങ്ങി എന്നാണ് കേസ്. അന്ന് പേര് പറയാൻ നിവൃത്തിയില്ലായിരുന്നു. ഞങ്ങളുടെ മാന്യത വച്ച് പറയാതിരുന്നതാണ്. ഇന്ന് നിങ്ങൾ പത്രസമ്മേളനം നടത്തി പറഞ്ഞു. കോൺഗ്രസ്സിൽ അടിപിടി കൂടി. ഡി. സി. സി. (ഐ) സെക്രട്ടറി സുബ്രഹ്മണ്യം രാജി വച്ചു, ഡി. സി. സി. മെമ്പർ ലൂയീസിനെ പുറത്താക്കി. എന്തിനാണ് അത്? പ്രതിപക്ഷം അഴിമതി ഉന്നയിച്ചിട്ടാണോ? ഞങ്ങൾ അഴിമതി ആരോപണം ഉന്നയിക്കുന്നതിന് ഡി. സി. സി. സെക്രട്ടറി രാജിവയ്ക്കണമോ, ഡിസി.സി. മെമ്പർ ലൂയീസിനെ പുറത്താക്കണമോ? അപ്പോൾ പ്രതിപക്ഷത്തിന്റെ മേക്കിട്ട് കയറണോ? റാണി പാലസ് ആരുടേതാണെന്ന് ആര്യാടന് മനസ്സിലായില്ല. റാണി പാലസ്സിൽ ആരാണ് താമസിക്കുന്നതെന്ന് അറിയില്ലേ? ഈ റാണി, ഡി.സി.സി സെക്രട്ടറി സുബ്രഹ്മണ്യം, ഡി.സി.സി. മെമ്പർ ലൂയീസ്. ഈ മൂന്നിൽ ഒരാൾ വാങ്ങി എന്നുള്ളത് നിങ്ങൾ സമ്മതിക്കുന്നുണ്ടല്ലോ. ആരാണ് വാങ്ങിയത്? ആർക്കുവേണ്ടിയാണ് വാങ്ങിയത്? എന്താണ് ശ്രീ. എം. മുരളി മിണ്ടാത്തത്? മക്കളെക്കുറിച്ചുള്ള ആരോപണം നിയമസഭയിൽ കൊണ്ടുവരരുതെന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുന്ന ഒരാളാണ് ഞാൻ. പക്ഷെ മക്കൾ രാഷ്ട്രീയത്തിൽ കയ്യിട്ടുവാരി കൊള്ള നടത്തിയാൽ എന്ത് ചെയ്യും സർ? മാന്യത വച്ച് പറയാതിരുന്നതാണ്. ഇപ്പോൾ നാറി. കോഴിക്കോട് അങ്ങാടിയിലൂടെ നടന്നുപോകാൻ വയ്യ പി. വി. മുഹമ്മദ്. ഇതിന് മൂകസാക്ഷിയായി നിന്നാൽ അവസാനം നാറും. പേറിയോനും നാറും, നിങ്ങളുടെ നാററവും തുടങ്ങുന്നുണ്ട്. ടി. എച്ച്. മുസ്തഫ നോക്കുകയൊന്നും വേണ്ട. പതിനായിരം ആന ഉണ്ടായിട്ട് എന്താണ് കാര്യം ഇമ്മാതിരി കളവ് നടത്തിയാൽ? നിങ്ങൾക്ക് എത്ര ആനയുണ്ട്, എത്ര ലോറിയുണ്ട് എന്നുള്ളത് ഞങ്ങൾക്ക് പ്രശ്നമാണോ? പക്ഷേ പൊതുമുതൽ കക്കരുത്, അഴിമതി കാട്ടരുത്. നിങ്ങളുടെ നേതാവിന്റെ കഥയാണ് ഈ പറയുന്നത്. ലോകമേ തറവാട്. ചെടികളും പൂക്കളും പുഴുക്കളും കൂടി തൻ കുടുംബക്കാർ. ഇപ്പോൾ മുരളി, മകളേ, തറവാട്. ഈ ലോകം തറവാട്ടിനുവേണ്ടി. ആ രീതിയിലല്ലേ ഇപ്പോൾ പോകുന്നത്? ലോകമാണ് എന്റെ തറവാട് എന്നാണ് പറഞ്ഞത്. ഇപ്പോൾ എന്റെ തറവാടാണ്

LIBRARY ARCHIVES Kerala Legislative Assembly

ലോകം. മകനും ഭാര്യയും പോര, വീട്ടിലെ പണിക്കാർക്കും കൂടി. ഇങ്ങനെയുണ്ടോ ഒരു കക്കൽ? 32 പെട്ടി ദുബായിൽനിന്ന് കൊണ്ടുവന്നു എന്നു പറഞ്ഞു. 800 കിലോ. എന്ത് കൊണ്ടുവരലാണിത്? ഇതൊക്കെ ഒരവസാനത്തെ കൊണ്ടുവരലാണ്, കേട്ടോ. ഇതൊന്നും അധികകാലം നീണ്ടുനിൽക്കുകയില്ല. ജനങ്ങൾ പിറുപിറുക്കാൻ തുടങ്ങിയിട്ടുണ്ട്. ഒരു വരി ഞാൻ വായിക്കാം. മാതൃഭൂമി പത്രമാണ്. അന്വേഷണം തീരും വരെ കെ. പി. സി. സി. ജനറൽ സെക്രട്ടറി കെ. മുരളീധരൻ ഔദ്യോഗിക സ്ഥാനത്തുനിന്നും മാറി നിൽക്കണമെന്നും അതിന് തയ്യാറില്ലെങ്കിൽ എ.ഐ.സി.സി. ഇടപെടണമെന്നും ഡി. സി.സി. ഭാരവാഹികൾ. ഇതിലും വലിയ നാണക്കേട് എന്താണ്? ദുബായിൽനിന്ന് പെട്ടി കൊണ്ടുവന്നതും എഞ്ചിനീയർമാരിൽനിന്ന് ഏഴ് ലക്ഷം രൂപ കൈക്കൂലി വാങ്ങിയതുമായ സംഭവത്തെ സംബന്ധിച്ച് അന്വേഷണം നടത്തണമെന്ന് കോഴിക്കോട് ഡി. സി. സി. ഭാരവാഹികൾ. അത് തീരുന്നതുവരെ കെ. മുരളീധരൻ കെ.പി.സി.സി. ജനറൽ സെക്രട്ടറി സ്ഥാനത്തുനിന്ന് മാറി നിൽക്കണം.

സർ, എന്റെ അഭിപ്രായത്തിൽ ഈ ക്രീമിലെയർ നടപ്പിലാക്കേണ്ടത് കോൺഗ്രസ്സിലാണ്. "കട്ട് കട്ട്" അത്യാവശ്യം. വയർ വീർത്തിട്ടുള്ള ക്രീമിലെയറുകളെയൊക്കെ ഒഴിവാക്കി ശരിയായിട്ടുള്ള ഒരു കോൺഗ്രസ് ഉണ്ടാക്കണം. കട്ടുമുടിച്ച് ഓരോരുത്തരുടെ വയറിന്റെ വലിപ്പം എന്താ? 100 മാങ്ങ ഉപ്പിലിടാം. ആ ജാതി ഭരണിയാണ്. ആ കള്ളൻമാരാണ് ഈ ക്രീമിലെയർ. ആ ക്രീമിലെയർ ഒഴിവാക്കിയിട്ട് കോൺഗ്രസ്സിനെ നേരെയാക്കാൻ വഴിയുണ്ടോ? ശ്രീ. ആര്യാടാ, ഈ ദുനിയാവിൽ ഒന്നും നേരെ ആവുകയില്ല, നേരെയാക്കാമെന്നാണോ നിങ്ങളുടെ വിചാരം? അതിനാണ് ശ്രീ. ഉമ്മൻ ചാണ്ടി രാജിവച്ചത്. അത് ഞങ്ങൾ നേരെയാക്കും എന്നൊക്കെയാണ് പറയുന്നത്, ബഹുമാനപ്പെട്ട സുധീരാ, ഇവരുടെ കൂടെ കൂടിയാലും നിങ്ങൾ ഒററയ്ക്ക് ശ്രമിച്ചാലും ഈ ലോകത്ത് ഈ സാധനം നന്നാകുമെന്ന് നിങ്ങൾ വിചാരിക്കേണ്ട. പാർലമെന്റ് സ്തംഭിച്ച് നിൽക്കുന്നത് നിങ്ങൾ കണ്ടില്ലേ? 8800 കോടി ഉറുപ്പിക കട്ട വലിയ കള്ളൻമാരാണ്. ഇവിടെ ഏഴര ലക്ഷം കട്ട കേസ് 8800 കോടി രൂപ കട്ട വലിയ കള്ളൻമാരുടെ അടുത്തേക്കാണ് പോകുന്നത്. പാർലമെന്റ് നടത്താൻ നിവൃത്തിയില്ല. ജോയിൻറ് പാർലമെൻററി പാർട്ടി കമ്മ്യൂണിസ്ററുകാരും ഇടതുപക്ഷക്കാരും ആണോ? കോൺഗ്രസ്സുകാർക്ക് മുൻതൂക്കമുള്ള, ഭൂരിപക്ഷമുള്ള പാർലമെൻറിന്റെ ജോയിൻറ് പാർലമെൻററി പാർട്ടി അന്വേഷണം നടത്തി തെളിവെടുത്ത് നിഗമനത്തിലെത്തി കൊടുത്ത റിപ്പോർട്ടിൽ വെള്ളം ചേർത്ത് വികലമാക്കിക്കൊണ്ട് പാർലമെൻറിൽ അവതരിപ്പിച്ചതിനല്ലേ അവിടെ ബഹളം നടക്കുന്നത്? കള്ളൻമാരുടെ അടുത്തേക്കാണോ നിങ്ങൾ ഏഴരലക്ഷം രൂപയുടെ കാര്യം പറഞ്ഞ് പോകുന്നത്. അവിടെ ഇത് പറഞ്ഞ് നന്നാക്കാമെന്നാണോ നിങ്ങളുടെ വിചാരം? വേറെ വഴി നോക്കുന്നതാണ് നല്ലതെന്ന് ഞാൻ പഴയ ലോഹ്യം വച്ച് ഉപദേശിക്കുകയാണ്. അത് നിങ്ങൾ പരിശോധിച്ചാൽ മതി. അതിനെപ്പററിയൊന്നും ഞാൻ പറയുന്നില്ല. 'മാതൃഭൂമി'യിലെ ഡി.സി.സി. ഭാരവാഹികളുടെ പത്രസമ്മേളനത്തിന്റെ ഹെഡ്ഡിംഗ് എന്താണെന്നറിയാമോ? "ലക്ഷങ്ങളുടെ അഴിമതിയിൽ മന്ത്രിമാർക്കും പങ്ക്". ഈ ഏഴരലക്ഷത്തിൽ നിങ്ങൾക്കും പങ്കുണ്ടെന്ന്. ആര് പറയുന്നു? ഡി.സി.സി. പറയുന്നു. പ്രതിപക്ഷങ്ങൾ ദുരിതാശ്വാസ പ്രവർത്തനത്തിന് പോകാതെ നിങ്ങളുടെ കളവ് നോക്കി നടക്കാൻ. ഞങ്ങൾക്ക് വേറെ പണിയുണ്ട്. ചിലപ്പോൾ നിങ്ങളുടെ കളവ് ഞങ്ങൾക്ക് നോക്കേണ്ടിവരും; ദുരിതാശ്വാസപ്രവർത്തനത്തിനും

LIBRARY ARCHIVES Kerala Legislative Assembly

പോകേണ്ടിവരും. ഞങ്ങൾ എന്തിനാണ് നോക്കുന്നതെന്ന് നിങ്ങൾ തന്നെ പറയുന്നുണ്ടല്ലോ. ''ലക്ഷങ്ങളുടെ അഴിമതിയിൽ മന്ത്രിമാർക്കും പങ്ക്'' മാതൃഭൂമിയിലെ ഹെസ്ഡിംഗ് ആണ്. ആ ജാതി കളവ് നിങ്ങൾ നടത്തിയതിൽ മന്ത്രിമാർക്ക് പങ്കുണ്ടെന്ന് പറഞ്ഞിട്ട് എന്താ മറുപടി പറയാത്തത്? പരസ്യമായിട്ട് കോൺഗ്രസ്സിലെ ഉത്തരവാദപ്പെട്ട ഭാരവാഹികൾ മന്ത്രിമാർക്കെതിരായി അഴിമതി ആരോപണങ്ങൾ പത്രസമ്മേളനത്തിൽ ഉന്നയിച്ചിട്ട് സസ്പെൻറ് ചെയ്തോ നിങ്ങൾ? നടപടി എടുത്തോ? വിശദീകരണം ചോദിച്ചോ? ഈ നാട്ടിലെ ജനങ്ങൾ ഒരുകാലത്ത് ഇളകിവശായി വരും. അതിൽ യാതൊരു സംശയവുമില്ല സുപ്രീമെൻററി ഗ്രാൻറ് പാസാക്കുന്നില്ലേ? ജീപ്പ് വാങ്ങാൻ ഫുഡിൻെറ വകുപ്പിലും പാസാക്കണം. സോഷ്യൽ വെൽഫെയറിൻെറ വകുപ്പിലും പാസാക്കണം. രണ്ടു വകുപ്പിലും കൂടി 40 ജീപ്പ് വാങ്ങണമെന്നല്ലേ? ഇത് വാങ്ങിയിട്ട് ചെയ്യാൻ പോകുന്ന പണി ഇതാണ്. ആ പത്രസമ്മേളനത്തിൻെറ തുടർച്ചയായിട്ട് പറയുകയാണ് ശ്രീ. കെ. മുരളീധരൻ, എം. പി. വിദേശയാത്ര കഴിഞ്ഞ് കൊണ്ടുവന്ന 800 കിലോഗ്രാം സാധനങ്ങൾ എന്തായിരുന്നുവെന്ന് വ്യക്തമാക്കണം എന്ന്. ഹൽവയായിരിക്കും. അറബിരാജ്യത്തുനിന്നൊക്കെ ഇങ്ങോട്ട് ഈത്തപ്പഴം കൊണ്ടുവരും. ഏതാണ് ഈ കൊണ്ടുവന്ന ഈത്തപ്പഴമെന്ന് ഞങ്ങൾക്കറിയാം; ജനങ്ങൾക്കുമറിയാം. ആ 800 കിലോഗ്രാം തൂക്കമുള്ള പെട്ടി എന്തായിരുന്നുവെന്ന് വ്യക്തമാക്കണമെന്ന് കോൺഗ്രസുകാരാണ് പറയുന്നത് ഡി. സി. സി. ഭാരവാഹികളാണ് പറയുന്നത്. ആ പത്രസമ്മേളനം മൂത്തു മൂത്ത് എവിടെയെത്തിയെന്നറിയാമോ? താൻ അഴിമതിക്കാരനാണെന്ന് തുറന്ന് പറയാൻ ശ്രീ. ഉമ്മൻചാണ്ടിക്ക് കഴിയുമോയെന്ന് അവർ ചോദിക്കുന്നു അഴിമതിക്കാരനാണ് ശ്രീ. സുബ്രഹ്മണ്യം എന്നു പറയാൻ. ശ്രീ. ഉമ്മൻചാണ്ടിക്ക് കഴിയുമോ? എവിടേക്കാണ് പോക്ക് എന്നുള്ളത് ശരിക്ക് മനസിലായിട്ടില്ല. അതിനെസംബന്ധിച്ച് ശ്രീ. ഉച്ചൻചാണ്ടിയുടെ പ്രസംഗം കേട്ടു. ശ്രീ. ഉമ്മൻചാണ്ടി പറയുന്നത് നിൽക്കാൻ നിവൃത്തിയില്ലെന്നാണ്. ഈ അഴിമതി ഇനി നോക്കി നിൽക്കാൻ ഞങ്ങൾക്ക് സാദ്ധ്യമല്ല, ഞങ്ങൾ പോരാടുമെന്നാണ് പറയുന്നത്. പക്ഷേ, പോരാടാൻ ശക്തിപോരാ. സായിപ്പിനെ കാണുമ്പോൾ നിങ്ങൾ കവാത്ത് മറക്കും. നിങ്ങളുടെ ധൈര്യമൊക്കെ ഞങ്ങൾക്കറിയാം. നിങ്ങൾ പണ്ട് പെരുത്ത് പോരാടിയതുമാണ്. നിങ്ങളുടെ പോരാട്ടത്തിൻെറ വലിപ്പം ഞങ്ങൾക്ക് അറിയാം. നട്ടെല്ല് വേണം. അതില്ലല്ലോ. ശ്രീ ഉമ്മൻചാണ്ടി പറഞ്ഞു ഞങ്ങൾക്ക് ഇത് കണ്ട് നിൽക്കാനാവില്ല, കോഴിക്കോട്ട് ഞങ്ങൾ പോരാടും എന്ന്. ഞാൻ ഒരു കാര്യം ചോദിക്കട്ടെ എറണാകുളത്ത് ഒരു കളക്ടറുണ്ട്. ഞാൻ ഒരു തെററിദ്ധാരണയുണ്ടായിട്ട് പറയുകയല്ല. നമ്മുടെ ജീവിതത്തിൽ പത്ത് മുപ്പത് കൊല്ലക്കാലമായിട്ട് കളക്ടർമാരെ നമ്മൾ കണ്ടിട്ടുണ്ട്. കളക്ടർമാർക്കുള്ള നിയമവും അറിയാം. 20 കൊല്ലം ക്രിമിനൽ കോടതിയിൽ വക്കീലിൻെറ പണിയും എടുത്തിട്ടുണ്ട് റോഡ് കേട് വന്നാൽ നന്നാക്കണമെന്ന് വിവരമുള്ള ഒരു പൊതുമരാമത്ത് മന്ത്രിയായിരുന്നു ഞാൻ. റോഡ് കേടുവന്നാൽ നന്നാക്കണം. അതിന് യാതൊരു സംശയവുമില്ല. അതിന് കളക്ടറുടെ പരിധിയിലുള്ള ഉദ്യോഗസ്ഥൻമാരെ വിളിച്ചുവരുത്തി കോൺഫറൻസ് നടത്തി ഡിസ്കസ് ചെയ്ത് ഒക്കെ പരിഹാരമുണ്ടാക്കാം. എറണാകുളത്ത് മാത്രമല്ല, കോഴിക്കോടും റോഡ് കേട് വന്നിട്ടുണ്ട്. ഫറൂക്ക് ടൗണിൽ നിന്ന് കോഴിക്കോട് ടൗണിലെത്താൻ ഒരുമണിക്കൂർ വേണം. ഏത് നിയമപ്രകാരമാണ് ശ്രീ. തോമസ് കുട്ടി കളക്ടർ ഓർഡർ എഴുതിയത്? ക്രിമിനൽ നടപടികൾ 133-ാം

വകുപ്പ് എന്താണെന്ന് ശ്രീ. ആര്യാടന് അറിയാമോ? ഞാൻ അത് വായിച്ചുതരാം. Cr PC 133-ാം വകുപ്പിലെ ആ ബന്ധപ്പെട്ട ഭാഗം ഞാൻ വായിച്ചുതരാം. Whenever a District Magistrate or Sub-divisional Magistrate............ .... on taking such evidence (if any) as he thinks fit, അദ്ദേഹത്തിന് തോന്നിയാൽ (a) that any unlawful obstruction or nuisance should be removed from any public place.. ................ഒരു കളക്ടർക്ക് പബ്ലിക് പ്ലേസിൽ nuisance -ഓ അല്ലെങ്കിൽ ഒബ്സ്ട്രക്ഷനോ ഉണ്ടെന്ന് തോന്നിയാൽ അദ്ദേഹം എന്ത് ചെയ്യണം? Such Magistrate may make a conditional order ഓർഡറാണിത്.............conditional order requiring the person causing such obstruction or nuisance, ആ തടസ്സം, ആ കേട് വരുത്തിയവന് നോട്ടീസ് കൊടുക്കണം. ഇവിടെ ആരാണ് ചെയ്തത്? ചീഫ് എഞ്ചിനീയറാണോ? ഇവിടെ who caused the obstruction in the National Highway, who made damage in the National Highway? Is it Engineer or the Minister? No, it is the act of all. പൊതുമരാമത്ത് റോഡ് പൊട്ടിപ്പൊളിഞ്ഞാൽ ഹംസകുഞ്ഞ് എന്ന് എഴുതിവച്ച് ഞങ്ങളെ കളിയാക്കിയവരാണ് നിങ്ങൾ. ഇപ്പോൾ ബാവക്കുളം എന്ന് എഴുതി വയ്ക്കാൻ എനിക്ക് അറിയാഞ്ഞിട്ടും പറയാഞ്ഞിട്ടുമല്ല. പക്ഷേ, ഞങ്ങൾ ആ രീതിയിൽ പോകുന്നില്ല.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, പൊതുമരാമത്ത് വകുപ്പിനെ കുറിച്ച് ഇത്രയും ധിക്കാരപരമായി ഒരു കളക്ടർ നടപടിയെടുക്കണമെങ്കിൽ ആ കളക്ടർ സ്വയം ചെയ്തതാണെന്ന് അങ്ങേക്ക് തോന്നുന്നുണ്ടോ?

ശ്രീ. ടി. കെ. ഹംസ: സർ, ഞാൻ അതിലേക്ക് വരികയാണ്. പൊതുമരാമത്ത് വകുപ്പ് മോശമായിട്ടാണ് നിൽക്കുന്നത്. അത് പണി ചെയ്ത് നന്നാക്കണമെന്നറിയാം. റോഡ് നേരെ ആക്കുകയും വേണം. ഒരു പൊതുവഴി അടച്ചുകെട്ടിയാലോ കുഴികുത്തിത്തകർത്ത് കേട് വരുത്തി ന്യൂയിസെൻസ് ഉണ്ടാക്കിയാലോ ഡിസ്ട്രിക്ട് മജിസ്ട്രേട്ടിന്റെ അധികാരത്തോടുകൂടി നടപടി എടുക്കാവുന്ന ക്രിമിനൽ നടപടി നിയമത്തിലെ 133-ാം വകുപ്പ് ഉപയോഗിക്കാൻ കളക്ടർക്ക് പാടുണ്ടോ? പാടില്ല. അതിൽ പറയുന്നത് തന്നെ എന്താണ്? ന്യൂയിസെൻസിന് ആർക്ക് നോട്ടീസ് കൊടുക്കണമെന്നാണ്. Who caused the nuisance or who caused the obstruction there? It is the act of all. മഴപെയ്ത് കുറേ റോഡ് പൊട്ടിപ്പൊളിഞ്ഞു. അത് നന്നാക്കാൻ കോൺഫറൻസ് വിളിക്കാം; നിർദ്ദേശം കൊടുക്കാം. 133 അനുസരിച്ച് നടപടിയെടുക്കാൻ പാടുണ്ടോ? പാടില്ല. ഇങ്ങനെ ഈ കണ്ടീഷണൽ ഓർഡർ പാസാക്കി ഗവൺമെന്റിലേക്ക് കൊടുക്കുകയാണ്. ആ ഓർഡർ he objects so to do. ആ നോട്ടീസ് കിട്ടിയാൽ, കംപ്ലൈ ചെയ്യാൻ മടി കാണിച്ചാൽ, ചെയ്തില്ലെങ്കിൽ എന്താണ് നടപടി?

ശ്രീ. എം. ജെ. സക്കറിയ: സർ, മുൻ ചീഫ് ജസ്റ്റീസ് ശ്രീ. വി. ആർ. കൃഷ്ണയ്യർ എറണാകുളം ജില്ലാ കളക്ടറുടെ, അതായത് ആ മജിസ്ട്രേട്ടിന്റെ നടപടിയെ ന്യായീകരിച്ചുകൊണ്ട് ഒരു പ്രസ്താവന ഇറക്കിയത് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ഹംസ: അത് എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. റോഡ് നന്നാക്കണമെന്ന് പറഞ്ഞഭാഗം ശ്രീ. കൃഷ്ണയ്യർ അംഗീകരിച്ചിട്ടുണ്ടാകും. അത് ഞാനും അംഗീകരിക്കുന്നു. റോഡ് നന്നാക്കണം. അതിന് വഴി വേറെയാണ്. ശ്രീ. കൃഷ്ണയ്യരുടെ പ്രസ്താവന ഞാൻ കണ്ടിട്ടില്ല. അദ്ദേഹം എനിക്ക് ബഹുമാനമുള്ള ആളാണ്. ഈ നോട്ടീസ് എഞ്ചിനീയർക്ക് അല്ലെങ്കിൽ ഗവൺമെന്റിന് കിട്ടിയിട്ട് അതുപ്രകാരം ഒരാഴ്ചയ്ക്കുള്ളിൽ, within a time to be fixed, ഫിക്സഡ് ടൈമിൽ ആയിരിക്കുകയും വേണം ഇത് ചെയ്യാൻ. ആ സമയത്ത് ചെയ്തില്ലെങ്കിൽ എന്താണെന്ന്. ശ്രീ. ആര്യാടൻ മുഹമ്മദിന് അറിയാമോ? If he objects so to do നോട്ടീസ് കിട്ടിയാൽ, അത് ചെയ്യാൻ മടി കാണിച്ചാൽ, അത് ചെയ്തില്ലെങ്കിൽ ഈ കണ്ടീഷണൽ Order absolute ആക്കും Why the Order should not be made absolute. ആ ഓർഡർ absolute ആക്കും.

സർ, അബ്സൊല്യൂട്ട് ആക്കിയാൽ എന്താണ് സ്ഥിതി? ഈ ക്രിമിനൽ നടപടി നിയമം 136-ാം വകുപ്പനുസരിച്ച് നടപടിയെടുക്കും. എഞ്ചിനീയർക്ക് ഒരാഴ്ചകൊണ്ട് ആ റോഡ് നന്നാക്കാൻ സാധിക്കുമോ? ഗവൺമെന്റിന് സാധിക്കുമോ? ലോകത്ത് ആർക്കെങ്കിലും സാധിക്കുമോ? റോഡ് നന്നാക്കണം. സമയത്ത് നന്നാക്കണം. ഞാൻ സത്യസന്ധമായിട്ട് വാദിക്കുകയാണ്. പ്രതിപക്ഷത്തെ ഒരംഗമെന്നുള്ള നിലയ്ക്ക് ഗവൺമെന്റിനെ പഴിചാരുന്ന വിധത്തിൽ പൊതുമരാമത്ത് വകുപ്പിനെക്കുറിച്ച് എനിക്ക് പ്രസംഗിച്ചുകൂടെ? ഞാൻ ചെയ്യുന്നില്ല, ഞാൻ നിഷ്പക്ഷമായിട്ട് പറയുകയാണ്. എന്താണ് 136-ാം വകുപ്പെന്ന് അറിയാമോ? "If such person does not perform such act or appear and show cause, he shall be liable to the penalty prescribed in that behalf in section 188 of the Indian Penal Code (45 of 1860), and the Order shall be made absolute". പൊതുമരാമത്ത് വകുപ്പിന്റെ തലവൻ പൊതുമരാമത്ത് വകുപ്പുമന്ത്രിയാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ആ മന്ത്രി ഒരാഴ്ചയ്ക്കുള്ളിൽ ഇത് ചെയ്തിട്ടില്ലെങ്കിൽ ഇന്ത്യൻ ശിക്ഷാനിയമം 188-ാം വകുപ്പനുസരിച്ച് ശിക്ഷിക്കത്തക്ക കുററത്തിന് ഇദ്ദേഹത്തെ വിചാരണ ചെയ്യാം. ഇത്ര അപമാനകരമായ ഒരു ഉത്തരവ് ഈ കേരളത്തിന്റെ, ഇന്ത്യാ രാജ്യത്തിന്റെ ചരിത്രത്തിൽ 48 കൊല്ലത്തിനുള്ളിൽ ഒരു കളക്ടർ ഇഷ്യു ചെയ്തതായിട്ട് പറയാൻ സാധിക്കുമോ? കേരളത്തിലോ ഇന്ത്യയിൽ എവിടെയെങ്കിലുമോ 48 കൊല്ലമായിട്ട് 133-ാം വകുപ്പനുസരിച്ച് കളക്ടർ ന്യൂയിസൻസ് റിമൂവ് ചെയ്യാൻ ഉദ്യോഗസ്ഥൻമാർക്ക് നോട്ടീസ് കൊടുത്തിട്ടില്ല. സിവിൽ സപ്ലൈസിന്റെ ലോറി റോഡിൽ നിന്നാൽ കളക്ടർ ഇതുപോലെ ചെയ്യുമല്ലോ? ബഹുമാനപ്പെട്ട മന്ത്രി മുസ്തഫ കാർ റോഡിൽ അഞ്ചു മിനിററ് നിറുത്തിയിട്ട് നിസ്ക്കരിക്കാൻ പോയാൽ അദ്ദേഹത്തിന് 133 അനുസരിച്ച് നോട്ടീസ് വരുമല്ലോ? കളക്ടറെ വലുതാക്കണ്ടെന്നാണ് ഞാൻ പറയാൻ പോകുന്നത്. കളക്ടർമാരൊക്കെ വീട്ടിലെ അടുക്കളപ്പണിക്കാരായാൽ പിന്നെ എന്താണ് ചെയ്യുക? ഇത് ഞാൻ കേൾക്കുന്ന വർത്തമാനമാണ്, ഞാൻ സാക്ഷിയല്ല. ബഹുമാനപ്പെട്ട കരുണാകരന്റെ ഒരാൾ കോഴിക്കോട്ടുള്ളതുമാതിരി എറണാകുളത്തുമുണ്ട്, ഇതൊന്നും പറയണമെന്ന് വിചാരിച്ചതല്ല, മനസ്സിലുള്ള വിഷമം കൊണ്ട് പറയുകയാണ്. രാഷ്ട്രീയത്തിന് ഒരു പരിധിയും അന്തസ്സും ഇല്ലേ? അപമാനകരമായ സ്ഥിതിയിലേയ്ക്ക് പോകാൻ പാടുണ്ടോ? അവിടെ കോഴിക്കോട്ട് മകൻ ഭരിക്കുക, എറണാകുളത്ത് മകാം ഭരിക്കുക,

LIBRARY ARCHIVES Kerala Legislative Assembly

രാവിലെയും വൈകുന്നേരവും ഡി. വൈ. എസ്. പി.യും കളക്ടറും മൽസരമാണ് കരുണാകരന്റെ മകളുടെ വീട്ടിൽ പോകാൻ. ആ ഒരു ധൈര്യം എന്തുചെയ്താലും കരുണാകരൻ രക്ഷിക്കുമെന്നുള്ളതാണ്. ഇതുപോലെ ഒരു ഓർഡർ വന്നാൽ പൊതുമരാമത്ത് വകുപ്പുമന്ത്രിയായിട്ട് നാണവും മാനവുമുണ്ടെങ്കിൽ ഇരിക്കുമോ? ഒരു കളക്ടർ മന്ത്രിയോട് പറയുക യാണ് ഏഴു ദിവസംകൊണ്ട് ശരിയാക്കിയില്ലെങ്കിൽ 188-ാം വകുപ്പനു സരിച്ച് നടപടിയെടുക്കുമെന്ന്. കരുണാകരന്റെ മകളുടെ വീട്ടിലെ പണിക്കാരാണ് കളക്ടർമാർ. ആ കളക്ടർക്ക് കരുണാകരനിലുള്ള സ്വാധീനം വച്ചിട്ടാണ് ഇത്തരത്തിലുള്ള ഓർഡർ ഇറക്കുന്നത്.

സർ, റോഡ് നന്നാക്കണം, കോഴിക്കോട്ട് നടക്കാൻ വയ്യ, തിരുവനന്ത പുരത്തും പല റോഡുകളും പൊട്ടിപ്പൊളിഞ്ഞിരിക്കുകയാണ്. എം. സി. റോഡ് തകർന്നിരിക്കുന്നു. പ്രത്യക്ഷമായി കാണുന്ന കേടുപാടുകൾ പെട്ടെന്ന് തീർക്കാൻ നടപടി സ്വീകരിക്കണം. നിങ്ങൾ ഫിനാൻസ് കമ്മീഷന്റെ അവസാനത്തെ അവാർഡ് വാങ്ങിയോ? ഇല്ല. ഫ്ളഡ് റിലീ ഫിന് പൊതുമരാമത്ത് വകുപ്പിന് കൊടുക്കാനുള്ളത് ശ്രീ കെ. എം. മാണി കൊടുത്തോ? കൊടുത്തിട്ടില്ല. 200 കോടി രൂപ കരാറുകാർക്ക് കൊടുക്കാൻ ബാക്കിയില്ലേ? നിങ്ങൾ പറഞ്ഞാൽ കരാറുകാർ കേൾക്കുമോ? കരാറുകാർക്ക് പൊതുമരാമത്ത്. വകുപ്പിൽ 130 കോടി രൂപയും ഇറിഗേഷൻ വകുപ്പിൽ 260 കോടി രൂപയും കിട്ടാനുണ്ട്. കരാറുകാർ പണിയെടുക്കുമോ? അതുകൊണ്ട് ഇത്തരത്തിലുള്ള കാലഘട്ടത്തിൽ റോഡ് റിപ്പയർ ചെയ്യാൻ കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണം. റോഡ് മാത്രമല്ല, മററു ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്താനും സമ്മർദ്ദം ചെലുത്തണം. ഇന്ന് ബഹുമാനപ്പെട്ട വി. എം. സുധീരൻ ഒരു ചർച്ച കൊണ്ടുവന്നല്ലോ, ആ ചർച്ചയിൽ ഇത് വരേണ്ടതാണ്. ശ്രീ. കരുണാകരൻ കേന്ദ്രത്തിനുവേണ്ടി വാദിക്കുകയാണ്. അവിടെനിന്ന് ഒന്നും കിട്ടുക യില്ല, നിങ്ങൾ അങ്ങോട്ട് വരണ്ടെന്നാണ് പറയുന്നത്. ഇങ്ങനെയുള്ള കാര്യം വരുമ്പോൾ കരുണാകരൻ കേന്ദ്രമാണ്. കൊടുക്കുന്ന കാര്യം വരുമ്പോൾ മുല്ലാക്കായ്ക്ക് ഓർമ്മകെട്ടുവെന്ന് പറഞ്ഞതുപോലെ യാണ്. കിട്ടുന്ന കാര്യങ്ങളൊക്കെ മുല്ലക്കായ്ക്ക് നല്ല വിവരമുണ്ട്. നിങ്ങൾ ആർക്കെങ്കിലും കൊടുക്കാനുണ്ടോയെന്നു ചോദിച്ചാൽ അപ്പോൾ ഓർമ്മകെടും. എന്റെ നാട്ടിലെ പണ്ടുള്ള ഒരു അദ്ധ്യാപകന്റെ കാര്യ മാണ് ഞാൻ പറഞ്ഞത്. മരിക്കുന്ന നേരത്ത് ആരുടെ കൈയിൽ നിന്നൊക്കെ പണം കിട്ടാനുണ്ടെന്ന് ചോദിച്ചപ്പോൾ അതൊക്കെ പറഞ്ഞു. അവസാനം നിങ്ങൾ ആർക്കെങ്കിലും കൊടുക്കാനുണ്ടോയെന്ന് ചോദിച്ച പ്പോഴേയ്ക്കും ആൾ തീർന്നു. അത്തരത്തിൽ ശ്രീ. കരുണാകരൻ കേന്ദ്ര ത്തിൽനിന്ന് എന്തെങ്കിലും കിട്ടാനുണ്ടോയെന്ന് ചോദിച്ചാൽ അപ്പോൾ പറയും, "ഹേ, അങ്ങോട്ട് വരണ്ടായെന്ന്". ആര് വരണ്ടെന്നാണ്? ഇദ്ദേഹമല്ലേ ഇത് കൊണ്ടുവരേണ്ടത്? ഇങ്ങനെ കേരള സംസ്ഥാനത്തെ നശിപ്പിച്ചു. ഇനി കോൺഗ്രസ്സും നന്നാകരുത്, കേരളവും നന്നാ കരുത്, ഈ രീതിയിലുള്ള ഭരണമല്ലേ പോകുന്നത്?

സർ, ഞാൻ ഒരു ചോദ്യം ചോദിക്കട്ടെ, 3-ാം വാർഷിക സമ്മേളനം ആഘോഷിച്ചപ്പോൾ പ്രധാനമന്ത്രി ചെങ്കോട്ട മൈതാനത്ത് പ്രസംഗിച്ചല്ലോ. പള്ളി നിർമ്മിക്കുന്ന കാര്യമല്ലല്ലോ പറഞ്ഞത്. അമ്പലം നിർമ്മിക്കാൻ രാഷ്ട്രീയക്കാരെ ഏൽപ്പിക്കുകയില്ലെന്നല്ലേ പറഞ്ഞത്. അതിന്റെ

അർത്ഥമെന്താണ്? ക്ഷേത്രം നിർമ്മിക്കാൻ രാഷ്ട്രീയക്കാരെ ഏൽപ്പിക്കുകയില്ലെന്നു പറഞ്ഞാൽ വർഗ്ഗീയവാദികളെ ഏൽപ്പിക്കുമെന്നല്ലേ അതിന്റെ അർത്ഥം? എന്നിട്ട് പറഞ്ഞു, ലീഗിനും ബി.ജെ.പി.യ്ക്കും ദേശീയ ബോധമുണ്ടാകണം, വർഗ്ഗീയത ഒഴിവാക്കണമെന്ന്.

ശ്രീ. പി. വി. മുഹമ്മദ്: എന്നിട്ടും ഈ കാലത്തിന്റെ വെല്ലുവിളി ഉൾക്കൊള്ളാൻ തയ്യാറാകുന്നില്ലല്ലോ ?

ശ്രീ. ടി. കെ. ഹംസ: വലിയ വലിയ കാര്യം വലിയ വലിയ ആളുകളാണ് ചർച്ച ചെയ്യേണ്ടത്. അതിന് ഹംസയെപ്പോലുള്ള പാവങ്ങളെ വലിച്ചിഴയ്ക്കരുത്. മുഹമ്മദേ, ഏത് കുഴച്ചിലിനും വഴിയുണ്ടാകണം. പ്രാർത്ഥിക്കു, പടച്ചവനാണ് വലിയവൻ. മുസ്ലീംലീഗും ബി. ജെ. പി. യും ദേശീയധാരയിലേയ്ക്ക് വരണം, ഇപ്പോൾ വർഗ്ഗീയതയുടെ ചെളിക്കുണ്ടിലാണ്. ആരാണ് ഇത് പറഞ്ഞത്? ശ്രീ. കരുണാകരന്റെ ചേട്ടൻ. കരുണാകരൻ പറഞ്ഞുകൊടുത്തിട്ടല്ലേ അത് പറഞ്ഞത്? നിങ്ങളെപ്പററി പ്രധാനമന്ത്രി പറയുമോ? നരസിംഹറാവുവിന് ലീഗിനെ അറിയാമോ? ലീഗിനെപ്പററി കരുണാകരനാണ് ദുർബോധനം നടത്തുന്നത്. അതു വച്ചിട്ടാണ് നരസിംഹറാവു പറഞ്ഞത് നിങ്ങൾ വർഗ്ഗീയവാദികളാണെന്ന്.

സർ, ഞാൻ ഈ സപ്ലിമെൻററി ഗ്രാൻറിനെ എതിർക്കാൻ കാരണം, വികലമായ ഗ്രാൻറ് അവതരിപ്പിക്കുന്നു, ഒരേകാര്യം ഡിമാൻറ് നമ്പർ മുപ്പതിലും XXV-യിലുമുണ്ട്. ജീപ്പ് വെൽഫയർ വകുപ്പിലുമുണ്ട്, സിവിൽ സപ്ലൈസ് വകുപ്പിലുമുണ്ട്. അപ്പോൾ ലോറി പോയതിനു പകരം ജീപ്പ് വാങ്ങി ഒപ്പിക്കാമെന്നാണോ വിചാരം? രാജ്യത്ത് എന്ത് പാസ്സാക്കികൊടുത്താലും കട്ട് മുടിക്കുന്ന ആലിബാബയും നാൽപത് കള്ളൻമാരും, കട്ട് കട്ട് വീർത്തിട്ടുള്ള ആ ക്രീമിലെയറിനെ ഒഴിവാക്കണം എന്ന് അഭ്യർത്ഥിച്ചുകൊണ്ട്, കോൺഗ്രസ്സുകാരോട് അപേക്ഷിച്ചുകൊണ്ട്, സപ്ലിമെൻററി ഗ്രാൻറിനെ എതിർത്തുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. എം. പി. താമി: സർ, ഈ ഗവൺമെൻറ് കൊണ്ടുവന്ന ഉപധനാഭ്യർത്ഥന പാസ്സാക്കികൊടുക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നു. ഈ മൂന്നുകൊല്ലം വിജയകരമായി പ്രവർത്തിച്ച് സംശുദ്ധമായ ഒരു ഭരണകൂടം കേരളത്തിൽ നിലനിറുത്തിയ ഒരു ഗവൺമെൻറാണ് ഇന്ന് അധികാരത്തിലുള്ളത്. എന്റെ സ്നേഹിതൻ ടി. കെ. ഹംസ സംസാരിച്ചപ്പോൾ തോന്നി അഴിമതിയില്ലാത്ത ഭരണത്തിന്റെ ഉടമകളായിരുന്നു ഇടതുപക്ഷമെന്ന്. ശ്രീ. കെ. ചന്ദ്രശേഖരൻ, ശ്രീ. ടി. കെ. രാമകൃഷ്ണൻ തുടങ്ങി എല്ലാവരെയും പററിയുള്ള അഴിമതിയാരോപണം വ്യക്തമായി തെളിവു സഹിതം ഹാജരാക്കാമെന്ന് പറഞ്ഞ് 51 എം. എൽ. എ.-മാർ ഒപ്പിട്ട് മുഖ്യമന്ത്രി ശ്രീ. നായനാർക്ക് കൊടുത്തിട്ട് ഒരന്വേഷണം നടത്താൻ തയ്യാറാകാത്ത ഇടതുപക്ഷമുന്നണി ഇപ്പോൾ കേരളത്തിൽ കണ്ടുപിടിച്ചിരിക്കുന്നത് അഴിമതിയാണ്. 1989-ൽ ഉണ്ടായിരുന്ന അഴിമതി സംബന്ധിച്ചുള്ള വിജിലൻസ് ഫയലിൽ മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരനാണ് അന്വേഷണത്തിന് ഉത്തരവിട്ടത്. അറിയാമോ? നിങ്ങൾ ആ ഫയൽ പൂഴ്ത്തിവച്ചു. ബോധപൂർവ്വം പൂഴ്ത്തിവച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കൃഷ്ണൻകുട്ടി: ഞങ്ങൾ പ്രതിപക്ഷം പറയുന്നത് കേൾക്കണ്ട, ഭരണകക്ഷിയിലെ, നിങ്ങളുടെ പാർട്ടിയിലുള്ള കോൺഗ്രസ്സുകാർ അഴിമതിയാണെന്ന് പറഞ്ഞാൽ അതിനെക്കുറിച്ച് അന്വേഷിക്കണ്ടേ?

ശ്രീ. എം. പി. താമി: സത്യസന്ധതയുള്ള ഒരു രാഷ്ട്രീയ പാർട്ടിയിൽ അതൊക്കെ നടക്കും. ഉള്ളതൊക്കെ പുറത്തുപറയും. നിങ്ങളെ പോലെ രഹസ്യമായിട്ട് വയ്ക്കുകയില്ല, വളരെ രഹസ്യമായിട്ട് വയ്ക്കുന്ന ഏർപ്പാടില്ല. മാർക്സിസ്റ്റു ഇന്നത്തെ മലയാള മനോരമ വായിച്ചോ? പത്തനംതിട്ട റിപ്പോർട്ട്, പിൻകോസ് എന്ന സഹകരണസ്ഥാപനത്തിലെ അഴിമതിയാണ്. മൻമോഹനും രാജഗോപാലനുമെതിരെയുള്ള നടപടിക്ക് കാരണമായത് വൻപിച്ച അഴിമതിയാണ്. അതല്ലേ ഗൗരിയമ്മ പറഞ്ഞത്, സംശുദ്ധമാണ് ഇടതുപക്ഷമുന്നണിയെന്നു പറയാനൊക്കുമോയെന്ന്. എന്തിനേറെ പറയുന്നു, മുൻപത്തെ മന്ത്രിസഭയിൽ വെല്ലിംഗ്ടണെ രക്ഷിക്കാൻ വേണ്ടിയിട്ട്, ഡോക്ടറെയും തിന്ന്, മിഡ്വൈഫിനെയും തിന്ന്, ആശുപത്രിയെത്തന്നെ വിഴുങ്ങിയ കാലഘട്ടത്തിൽ അദ്ദേഹത്തെ രക്ഷിക്കാൻവേണ്ടി സഖാവ് ഇ. എം. എസ്. നമ്പൂതിരിപ്പാട് സഖാവ് ടി. വി.-യുടെയും എം. എൻ.-ന്റെയും പേരിൽ അഴിമതിയാരോപണം കൊണ്ടുവന്നു. അഴിമതിക്കാരനായ വെല്ലിംഗ്ടണിനെ രക്ഷിക്കാൻവേണ്ടി ഈ നിയമസഭയിൽ മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റുപാർട്ടി നേരം വെളുക്കുന്നതുവരെ ഈ നിയമസഭയിൽ നടത്തിയ പോരാട്ടം നിങ്ങൾ മറന്നോ? എന്നിട്ട് ഇപ്പോൾ അഴിമതി ഒരു പുതിയ കണ്ടുപിടിത്തം. ഇപ്പോൾ ആരുടെ പേരിലും വേഗം ചാരാൻ പററുന്നത് അഴിമതിയാണ്. മൂന്നുകൊല്ലക്കാലം ഭരിച്ച് എല്ലാ തട്ടുകളിലും സംശുദ്ധിയുണ്ടാക്കിയെടുത്ത് ജനാധിപത്യപരമായ രീതിയിൽ, ജനക്ഷേമകരമായ നിരവധി പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്ത ഗവൺമെൻറാണ് കേരളത്തിലുള്ളത്. തെരഞ്ഞെടുപ്പ് കാലത്ത് ഐക്യജനാധിപത്യമുന്നണി ജനങ്ങളോട് ചെയ്ത വാഗ്ദത്തം നൂററിന് നൂറുശതമാനം നിറവേററിക്കൊണ്ടാണ് ഈ ഗവൺമെൻറ് നാലാം വർഷത്തിലേയ്ക്ക് കടക്കുന്നത്. അല്ലെന്ന് നിങ്ങൾക്ക് പറയാൻ കഴിയുമോ?

ശ്രീ. പി. രാജു: ഐക്യജനാധിപത്യമുന്നണിയുടെ പ്രകടന പത്രികയിൽ 100 ദിവസം കൊണ്ട് നിത്യോപയോഗ വസ്തുക്കളുടെ വില കുറയ്ക്കുമെന്നു പറഞ്ഞിരുന്നു. നൂറുക്ക് നൂറുശതമാനം നടപ്പാക്കിയോ?

ശ്രീ. എം. പി. താമി: ഞങ്ങൾ പറഞ്ഞ കാര്യങ്ങൾ അഞ്ചു കൊല്ലത്തിനുള്ളിൽ എന്തായാലും പൂർത്തിയാക്കും; അതിനു യാതൊരു സംശയവും ശ്രീ. രാജുവിനു വേണ്ട. ഉൽപ്പാദനവും സ്റേറാറിംഗും സപ്ലൈയും ഡിമാൻറ് അനുസരിച്ച് എല്ലാ കേന്ദ്രങ്ങളിലും, എല്ലാ തട്ടുകളിലും, കൊടുത്തുകൊണ്ട് ജനക്ഷേമകരങ്ങളായ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടാണ് ഈ ഗവൺമെൻറ് മുന്നോട്ടു പോയ്ക്കൊണ്ടിരിക്കുന്നത്. അതിനൊന്നും യാതൊരു സംശയവും വേണ്ട. ഇപ്പോൾ എത്ര കോടി രൂപയുടെ ചെലവുവന്നു? അതൊക്കെ ഈ ഗവൺമെൻറാണ് വഹിച്ചത്. 101 കോടി രൂപയുടെ നഷ്ടത്തോടുകൂടിയല്ലേ ഈ ഗൺമെൻറ് അധികാരം ഏറെറടുത്തത്. ആ കാലത്ത് വികസന പ്രവർത്തനങ്ങളില്ല, നിർമ്മാണ പ്രവർത്തനങ്ങളില്ല; യാതൊന്നുമില്ല. ഭക്ഷ്യധാന്യങ്ങളുടെ വിതരണമില്ല. കുട്ടികൾക്കു കൊടുക്കാനുള്ള കഞ്ഞി അടക്കം നിരോധിച്ച കൂട്ടരാണ് നിങ്ങൾ. എന്നിട്ട് നിങ്ങളാണ് പറയുന്നത് സാധനങ്ങളുടെ വില

വർദ്ധനവ് തടഞ്ഞില്ല എന്ന്. ഇപ്പോൾ സാധനങ്ങൾ വാങ്ങാൻ കാശില്ല എന്നു മാത്രമേയുള്ളൂ. ഭക്ഷ്യ സാധനങ്ങൾ നിർലോഭം മാർക്കററിലും എല്ലാ ഭാഗത്തും എത്തിച്ചു കൊടുക്കുന്നതിന് ഈ ഗവൺമെൻറ് നിരന്തരം പരിശ്രമിച്ചിട്ടുണ്ട് എന്നതിനു തെളിവാണത്. കാർഷിക രംഗത്തും അഭൂതപൂർവ്വമായ വളർച്ച ഉണ്ടായില്ലേ? ഈ രാജ്യത്തു വ്യാപകമായി ഏതു ചെററക്കുടിലിലും കാർഷിക വിഭവങ്ങൾ ലഭ്യമാക്കാനുള്ള നടപടികൾ ഈ ഗവൺമെൻറ് എടുത്തു. അതു നിങ്ങൾക്കു ചെയ്യാൻ സാധിച്ചോ? നിങ്ങൾക്ക് ഇതൊക്കെ കാണുമ്പോൾ പ്രയാസം തോന്നും. അതിനു കണ്ടിരിക്കുന്ന അടവാണ് അഴിമതി അടവ്. എഞ്ചിനീയറെ, മോഷ്ടിച്ച കള്ളൻമാരെ രക്ഷിക്കാനുള്ള ഒരു ഫയൽ നിങ്ങൾ പൂഴ്ത്തി വച്ചു. ഐക്യജനാധിപത്യമുന്നണി ഗവൺമെൻറ് കുററക്കാരെ കണ്ടുപിടിക്കാൻ വേണ്ടി വിജിലൻസ് അന്വേഷണത്തിന് ഉത്തരവിട്ടു. കേരള മുഖ്യ മന്ത്രിയാണ് അന്വേഷണത്തിന് ഉത്തരവിട്ടത് സംശുദ്ധമായ ഭരണത്തിൻെറ ഉടമകളാണ്. നിങ്ങൾ അതൊന്നും പറയണ്ട. കഴിഞ്ഞ കാലത്തെ ചരിത്രമെടുത്തു പരിശോധിച്ചാൽ ഒരു കാര്യം വളരെ വ്യക്തമാണ്. സഖാവ് ഇ. എം. എസ്. നമ്പൂതിരിപ്പാട് ഉൾപ്പെടെ ചെയ്തത് സംബന്ധിച്ച് നിയമസഭയിൽ നടത്തിയിട്ടുള്ള പ്രസംഗങ്ങൾ എടുത്തു വായിച്ചാൽ മനസ്സിലാകും ആരാണ് ആദ്യമായി കേരളത്തിൽ അഴിമതിക്ക് നേതൃത്വം കൊടുത്തിട്ടുള്ളതെന്ന്. സഖാവ് ഇ. എം. എസ്. നമ്പൂതിരിപ്പാടു തന്നെ. ഇപ്പോൾ ഞങ്ങൾ തമ്മിൽ ആശയക്കുഴപ്പമുണ്ട്; അതൊക്കെ ഞങ്ങൾ തമ്മിൽ തീർത്തുകൊള്ളാം. ഇടതുപക്ഷ മുന്നണിയിൽ വല്ല ഐക്യവുമുണ്ടോ? അതിനെപ്പററി നിങ്ങളുടെ അഭിപ്രായമെന്താണ്? സി.പി.ഐ., സി.പി.എം.-ൻെറ അഭിപ്രായമെന്താണ്?

ശ്രീ. പി. രാജു: ഇടതുപക്ഷമുന്നണി ആറു കക്ഷികളാണ്. ആറു പാർട്ടികൾക്ക് ആറു നയമാണ്. പക്ഷെ പൊതു പരിപാടിയിൽ ഞങ്ങൾ യോജിച്ച് സമരം ചെയ്യും. നിങ്ങൾക്ക് അങ്ങനെയാണോ. ഒരു പാർട്ടിക്കകത്ത് എത്ര ഗ്രൂപ്പാണ്; ഒരു പാർട്ടിക്കകത്ത് എത്ര പാർട്ടിയാണ്. എത്ര നേതാക്കൻമാർ. ഒരു നേതാവുണ്ടെന്നു നിങ്ങൾക്കു പറയാൻ പററുമോ? എത്ര കഷണമായിട്ടാണ് കോൺഗ്രസ് കേരളത്തിൽ നിൽക്കുന്നത്? ഞങ്ങളും മുന്നണിയാണ്. ആറു കക്ഷികളുണ്ട്. ആറു പാർട്ടിക്കും നയമുണ്ടാകും. നിങ്ങൾ അങ്ങനെയാണോ. നിങ്ങൾ ഒരു നയം സ്വീകരിച്ചു കൊണ്ട് ആറു പാർട്ടികളും പ്രവർത്തിക്കുകയല്ലേ?

ശ്രീ. എം. പി. താമി: ഞങ്ങൾ പാർട്ടിയിലെ തർക്കം തുറന്നു പറയുന്നവരാണ് അധികവും. നേരെ മറിച്ച് ഇടതുപക്ഷമുന്നണിയിൽ മാർക്സിസ്ററു പാർട്ടിയും സി.പി.ഐ.-യും കണ്ടതു മിണ്ടില്ല.

ശ്രീ. ബി. വിജയകുമാർ: വ്യാഴനിൽ ധൂമകേതു ഇടിച്ചതുമാതിരി മാർക്സിസ്ററു പാർട്ടിയെ സി.പി.ഐ. അങ്ങോട്ട് ഇടിക്കുകയാണെന്നും അതിൻെറ ഫലമായി ഉണ്ടായ ഒരു പരിസ്ഥിതി പ്രശ്നം ഇവിടെയുണ്ടാ യിരിക്കുന്നു എന്നുമുള്ള വിവരം ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ?

ശ്രീ. എം. പി. താമി: അതൊക്കെ ഇടതുപക്ഷമുന്നണിയിൽ സംഭവിക്കും. നേരെമറിച്ച് ജനാധിപത്യ പ്രസ്ഥാനത്തിൽ അത് ഉണ്ടാവുകയില്ല. ലോവർ പെരിയാർ ടണൽ നിർമ്മാണത്തിൽ കോടിക്കണക്കിനു രൂപ, കോടികൾ ഞാനോർക്കുന്നു ബഹുമാനപ്പെട്ട കണിയാംപറമ്പിൽ ഓർക്കണം ശിവദാസമേനോൻ അവിടെയിരുന്ന് പറഞ്ഞത് ഉപ്പു

LIBRARY ARCHIVES Kerala Legislative Assembly

തിന്നവൻ വെള്ളം കുടിക്കുമെന്നാണ്. ലോവർ പെരിയാർ ടണൽ നിർമ്മാണത്തിൽ വമ്പൻ അഴിമതി നടന്നിട്ടുണ്ടെന്ന് പരോക്ഷമായി ശിവദാസമേനോൻ അംഗീകരിച്ചിരിക്കുന്നതിന്റെ തെളിവാണ് അദ്ദേഹത്തിന്റെ പ്രസംഗം. നിങ്ങൾക്കു വല്ലതും ചെയ്യാൻ പററിയോ? നിങ്ങളുടെ കൺവീനർ എം.എം. ലോറൻസിന് ഇതിൽ പങ്കില്ലേ? അഴിമതിയെപ്പററി പറയണ്ട. അഴിമതിയുടെ ഏററവും വലിയ വീരൻമാർ ഇടതുപക്ഷമുന്നണിയിലുണ്ട്. വിശേഷിച്ച് മാർക്സിസ്ററ് കമ്മ്യൂണിസ്ററു പാർട്ടി മെല്ലെ പറഞ്ഞാൽ മതി. ഇതു പറയുകയെങ്കിലും ചെയ്യാം. നിങ്ങൾക്ക് മിണ്ടാൻ പററുമോ? മിണ്ടിയാൽ പിറേറദിവസം മിണ്ടുന്നവന്റെ തല കാണുകയില്ല.

<u>ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ:</u> എന്തിനാണ് എന്റെ പേരു വിളിച്ചു പറഞ്ഞത്? ഉമ്മൻ ചാണ്ടിയുടെ പേരല്ലേ വിളിച്ചിട്ടു പറയേണ്ടത്?

<u>ശ്രീ. എം. പി. താമി:</u> ഉമ്മൻ ചാണ്ടിക്കു പറയാനുള്ള അഭിപ്രായം അദ്ദേഹം പറയും; കരുണാകരനു പറയാനുള്ള അഭിപ്രായം അദ്ദേഹം പറയും; എനിക്കു പറയാനുള്ളത് ഞാൻ പറയും. സ്വകാര്യമായി പേടിച്ച് പ്രവർത്തിക്കേണ്ട കാലക്കേടൊന്നും ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിനില്ല. പക്ഷെ മാർക്സിസ്ററു കമ്മ്യൂണിസ്ററ് പാർട്ടിയിലാകട്ടെ സി.പി.ഐ.-യിലാകട്ടെ മിണ്ടിപ്പോയാൽ പിന്നെ അവന്റെ തല കാണില്ല. അവന്റെ ഉടലും തലയും വേറെയാകും. ഞങ്ങളുടെ പാർട്ടിയിൽ അങ്ങിനെ അല്ല, അതാണ് ഗുണം, അതുകൊണ്ട് കണ്ട കാര്യം വ്യക്തമായി പറയാം.

<u>ശ്രീ. വി. വി. രാഘവൻ:</u> തല കാണുകയില്ല എന്നു പറഞ്ഞതുകൊണ്ടു പറയുകയാണ്; ഇന്നലെ പാലക്കാട് യൂത്ത് കോൺഗ്രസ്സിന്റെ സെമിനാർ നടന്നു. ആ സെമിനാറിൽ യൂത്ത് കോൺഗ്രസ്സ് (ഐ) പ്രസിഡൻറ് പറഞ്ഞത് കോൺഗ്രസ്സിനകത്തുനിന്നുകൊണ്ട് അഴിമതി ആരോപണങ്ങൾ കോൺഗ്രസ്സിന് എതിരായി പറയുന്നവർക്ക് എസ്കോബാറിന്റെ അനുഭവമുണ്ടാകുമെന്നാണ്. ആരാണ് എസ്കോബാർ? കൊളംബിയൻ ഫുട്ബാൾ ടീമിലെ ഡിഫെൻറർ. അദ്ദേഹം ഒരു സെൽഫ് ഗോൾ അടിച്ചു എന്നു പറഞ്ഞ് കൊളംബിയയിൽ മടങ്ങി എത്തിയപ്പോൾ എസ്കോബാറിനെ കൊളംബിയക്കാർ വെടിവച്ചുകൊന്നു. ആ എസ്കോബാറിന്റെ അനുഭവമുണ്ടാകുമെന്നു പറഞ്ഞത് യൂത്ത് കോൺഗ്രസ്സ് (ഐ) പ്രസിഡൻറ് ആണ്. ആരോടാണ് പറഞ്ഞത്? കോൺഗ്രസ്സുകാരോട്.

<u>ശ്രീ. എം. പി. താമി:</u> യൂത്ത് കോൺഗ്രസ്സ് ഇപ്പോൾ കുറച്ച് അച്ചടക്കം പഠിച്ചുവരുമ്പോൾ അതൊക്കെ പറയേണ്ടിവരും. അതും അതിൽ ആവശ്യമാണ്. എല്ലാം ഇതിൽ നിൽക്കത്തക്കതാണ്. അതിൽ ഒരു തെററുമില്ല. അത് തെററായി ഞങ്ങൾ കാണുന്നുമില്ല. പക്ഷെ പറയാനുള്ള ഒരു സ്വാതന്ത്ര്യം ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിൽ മാത്രമേയുള്ളൂ. അതുകൊണ്ടാണല്ലോ സഖാവ് ഇ.എം.എസ്. നമ്പൂതിരിപ്പാട്, മഹാത്മാഗാന്ധി മതമൗലികവാദിയാണ് എന്നു പറഞ്ഞത്. ഇൻഡ്യയുടെ മണ്ണിൽ നിന്നുകൊണ്ടാണ് പറഞ്ഞത്. നേരെ മറിച്ച് സോവിയററു യൂണിയനിലോ, ചൈനയിലോ, ഹംഗറിയിലോ, പോളണ്ടിലോ ചെന്ന് നിന്ന് സഖാവ് ഇ.എം.എസ്. നമ്പൂതിരിപ്പാടിനു പറയാൻ ധൈര്യമുണ്ടോ? തല കാണുകയില്ല.



LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ: യൂത്ത് കോൺഗ്രസ്സ് സംസ്ഥാന പ്രസിഡൻറ് മി. വേണുഗോപാൽ പറഞ്ഞല്ലോ എന്ന് ബഹുമാനപ്പെട്ട വി. വി. രാഘവൻ ചോദിച്ചത് മി. ഉമ്മൻ ചാണ്ടിയെ കൊല്ലും എന്നു പറഞ്ഞതു സംബന്ധിച്ചാണ്. അതു മനസ്സിലായോ? അതു മനസ്സിലാക്കിയിട്ടുവേണം സംസാരിക്കാൻ.

ശ്രീ. എം. പി. താമി: ഉമ്മൻ ചാണ്ടിക്ക് അത് ബാധകമല്ല. അതു അഴിമതി നടത്തുന്നവർക്കു മാത്രമേ ബാധകമാവുകയുള്ളൂ. പരിശുദ്ധമായ, പരിപാവനമായ പ്രവർത്തനത്തിൻെറ ഉടമകളാണ് അവരൊക്കെ, അതിലൊന്നും യാതൊരു സംശയവുമില്ല. ആർക്കു ബാധകമാണെന്ന് യൂത്ത് കോൺഗ്രസ് പറഞ്ഞാലും മൂത്ത കോൺഗ്രസ് പറഞ്ഞാലും അഴിമതി നടത്തുന്നവർക്കു മാത്രമേ ബാധകമാവുകയുള്ളൂ; മററുള്ളവർക്കു ബാധകമല്ല. അതുകൊണ്ട് ഞാൻ പറയുന്നത് അഴിമതിയെപ്പററി സംസാരിക്കുമ്പോൾ കഴിഞ്ഞകാല ചരിത്രം മറന്നുകൊണ്ട് സംസാരിക്കണ്ട. മറവി മനുഷ്യന് സഹജമായി ഉണ്ടാകുന്നതാണ്. പക്ഷെ ആകെ മറന്നുകൊണ്ട് സംസാരിക്കണ്ട. കേരള സംസ്ഥാനത്ത് അഴിമതിക്ക് നേതൃത്വം കൊടുത്ത ഒരു വ്യക്തി സഖാവ് ഇ.എം.എസ്. നമ്പൂതിരിപ്പാടും അത് ഉണ്ടാക്കിയിട്ടുള്ളത് കമ്മ്യൂണിസ്ററ് മാർക്സിസ്ററ് പാർട്ടി പ്രസ്ഥാനവുമാണ്. അതിനുശേഷം മാത്രമേ കോൺഗ്രസ് ഇത്തരം കാര്യങ്ങളിൽ വഴുതി വീണുള്ളൂ. സഖാവ് നമ്പൂതിരിപ്പാട് ഉൾപ്പെടെ പറഞ്ഞല്ലോ രാഷ്ട്രപിതാവ് മതമൗലികവാദിയെന്ന്. ഞാൻ ചോദിക്കട്ടെ, കോടാനുകോടി ഹരിജനങ്ങളേയും ഗിരിജനങ്ങളേയും ഈ രാജ്യത്ത് പട്ടികളെപ്പോലെ ആട്ടിയിരുന്ന ഒരു കാലത്ത് ഹരിജൻ എന്നു പേര് വിളിച്ച് അയിത്തത്തിന് എതിരായി ഒരു വൻ പട നയിച്ച, ഒരു വലിയ വിപ്ലവം നയിച്ച മഹാനായ രാഷ്ട്രപിതാവ്—അദ്ദേഹത്തെപ്പററി അങ്ങനെ പറയാൻ എങ്ങനെ മനസ്സുവന്നു സഖാവ് ഇ. എം. എസ് നമ്പൂതിരിപ്പാടിന്? സഖാവ് നമ്പൂതിരിപ്പാടിൻെറ അഭിപ്രായം തന്നെയാണോ സി. പി. ഐ.-ക്ക്? സി. പി. ഐ.-ക്ക് അതിനോട് യോജിക്കാൻ സാദ്ധ്യമല്ല; അതിൽ ദേശാഭിമാനികളുണ്ട്.

ശ്രീ. പി. രാജു: ബഹുമാനപ്പെട്ട അംഗം പറഞ്ഞല്ലോ കോൺഗ്രസ്സിനകത്ത് എല്ലാവർക്കും പറയാനുള്ള സ്വാതന്ത്ര്യമുണ്ടെന്ന്. അങ്ങനെ പറയാനുള്ള സ്വാതന്ത്ര്യം നിഷേധിച്ചതുകൊണ്ടല്ലേ ഇന്ന് കെ. കെ. രാമചന്ദ്രൻ മാസ്ററർക്ക് പ്രസംഗിക്കാൻ കഴിയാതിരുന്നത് എന്ന വിവരം താമിക്ക് അറിയില്ലേ?

ശ്രീ. എം. പി. താമി: അതും ഒരു സ്വാതന്ത്ര്യമാണ്. അതും ഈ പാർട്ടിയിലേയുള്ളൂ. നേരെമറിച്ച് മററാർക്കും അതിനു സാധിക്കില്ല. അതാണ് അതിൻെറ ഗുണം. ഈ ധനാഭ്യർത്ഥന പാസ്സാക്കിക്കൊടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ: സർ, ഇവിടെ മന്ത്രിമാർ അവതരിപ്പിച്ചിട്ടുള്ള ഉപധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ് ഒരു കാരണവശാലും ഇതിനെ അനുകൂലിക്കാൻ കഴിയാത്തതുകൊണ്ടാണ് ഇതിനെ എതിർക്കുന്നത്. സർ, ബോംബെയിലെ സ്ഥിതി വളരെ പരിതാപകരമാണ്. ബോംബെ നഗരത്തിലെ ഏററവും വലിയ പ്രശ്നം ക്രമസമാധാന പ്രശ്നമാണ്. അവിടത്തെ അധോലോക സംഘങ്ങളിൽ നടക്കുന്ന സംഘട്ടനങ്ങളും ഏററുമുട്ടലുകളും ബോംബേറുമൊക്കെയാണ്

LIBRARY ARCHIVES Kerala Legislative Assembly

ബോംബെയിൽ ദിവസവമെന്നോണം ക്രമസമാധാനം തകർക്കുന്നത്; അതുപോലെയാണ് കേരളം. കേരളത്തിൽ ബോംബെയെപ്പോലെ തന്നെ ക്രമസമാധാനം തകർന്നിരിക്കുകയാണ്, അധോലോക സംഘങ്ങൾ ഇവിടെ ഏറ്റവുമുട്ടുകയാണ്. അധോലോക സംഘങ്ങളെന്നു പറയുന്നത് കോൺഗ്രസിലെ ഒരു വിഭാഗമാണ്, മുഖ്യമന്ത്രിയെ ചുററിപ്പററി നിൽക്കുന്ന ഒരു ഉപജാപക സംഘമാണ്. അവർ കൊള്ളമുതൽ പങ്കിട്ട് കിട്ടുന്നതിനെക്കുറിച്ച് വിലപേശി, സംഘർഷത്തിന്റെയും സംഘട്ടനത്തിന്റേയും വേദിയിലെത്തിനിൽക്കുകയാണ്. അവർ നടത്തുന്ന സംഘർഷത്തിന്റെ ഫലമായി കേരളത്തെത്തന്നെ സംഘർഷാവസ്ഥയിലേയ്ക്ക് നയിച്ചുകൊണ്ടിരിക്കുകയാണ്. ഇവിടെ ഇനിയും സംഘർഷം വളരുകയാണ്. ഇത്തരം സംഘർഷങ്ങളും സംഘട്ടനങ്ങളും വളർത്തിക്കൊണ്ടുവരുന്നതിന് നമ്മുടെ സംസ്ഥാനത്ത് കോൺഗ്രസിലെ ഒരു ഗ്രൂപ്പ് സഹായകരമായ നിലപാടാണ് ഇവിടെയുണ്ടാക്കിക്കൊണ്ടിരിക്കുന്നത്. പോലീസ് വകുപ്പിലേയ്ക്കുള്ള ധനാഭ്യർത്ഥന ചർച്ചാവേളയിൽ ഞാൻ പറഞ്ഞു കേരളത്തിൽ ഭരണം നടത്തുന്നത് യഥാർത്ഥത്തിൽ മുഖ്യമന്ത്രിയല്ല. നിയമസഭയിൽ വരാനും നിയമസഭയിൽ ചോദ്യങ്ങൾക്ക് മറുപടി പറയാനും മാത്രമുള്ള മുഖ്യമന്ത്രിയാണ് അദ്ദേഹം. പക്ഷേ സത്യത്തിൽ ഭരണം നടത്തുന്നത് അദ്ദേഹത്തെ ചുററിപ്പററി നിൽക്കുന്ന ഒരു കോക്കസാണ്. അദ്ദേഹത്തിന്റെ മകൻ മുരളീധരൻ, ഞാൻ പറയേണ്ട കാര്യമില്ലല്ലോ. അന്ന് ആ ചർച്ചയിൽ ഞാൻ മുരളീധരനെ കുറിച്ച് പറഞ്ഞപ്പോൾ നമ്മുടെ ടി. എച്ച്. മുസ്തഫ ആയിരം വട്ടമാണ് എഴുന്നേററത്. ഈ സഭയിൽ ഇല്ലാത്തവരെക്കുറിച്ച് ഒന്നും പറയാൻ എനിക്ക് ഇഷ്ടമല്ല. ജൂലൈ 29-ാം തീയതിയിലെ മാതൃഭൂമി പത്രം ബഹുമാനപ്പെട്ട സിവിൽ സപ്ലൈസ് വകുപ്പുമന്ത്രിക്ക് ഞാൻ വായിച്ചിട്ട് തന്നയയ്ക്കാം. ഇവിടെ ബഹുമാനപ്പെട്ട സ്പീക്കർക്ക് രേഖാമൂലം എഴുതിക്കൊടുത്ത് ഉത്തരവാദിത്വമേറെറടുത്തുകൊണ്ട്, കോഴിക്കോടിലെ റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട ഏഴ് എഞ്ചിനീയർമാരെ പ്രോസിക്യൂഷൻ നടപടിയിൽനിന്ന് രക്ഷിക്കാൻവേണ്ടി 7 ലക്ഷം രൂപ കൈക്കൂലി വാങ്ങിയതിനെ സംബന്ധിച്ച് എന്റെ സുഹൃത്ത് പ്രകാശ് ബാബു ഇവിടെ ഉന്നയിച്ചു. അന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി എന്താണ് പറഞ്ഞത്? അന്ന് മുഖ്യമന്ത്രി പറഞ്ഞത് ബഹുമാനപ്പെട്ട ബാബു വളരെ ചെറുപ്പമാണ്, ആദ്യമായിട്ട് സഭയിൽ വന്നതാണ്, അഴിമതിയാരോപണം ഉന്നയിച്ചിട്ട് നിരാശനാകേണ്ട എന്നുള്ളതുകൊണ്ട് ഞാൻ മറുപടി പറയുന്നില്ലെന്നാണ്. മലയാളത്തിലെ പ്രധാനപ്പെട്ട പത്രങ്ങളായ മാതൃഭൂമി, മലയുള മനോരമ—ചന്ദ്രിക മറെറാരു കക്ഷിയുടെ പത്രമായതുകൊണ്ട് ഞാൻ എടുക്കുന്നില്ല—മുകളിൽ പറഞ്ഞ രണ്ട് പത്രങ്ങൾ ബഹുമാനപ്പെട്ട കരുണാകരനേയും കോൺഗ്രസിനേയും സംരക്ഷിക്കുന്ന പത്രങ്ങളാണ്. അതിൽ പുറത്തുവന്നിട്ടുള്ള വാർത്തകൾ ഞെട്ടിപ്പിക്കുന്ന വാർത്തകളാണ്. ആ വാർത്തകൾ നിഷേധിക്കാൻ കഴിയുമോ? ഇവിടെ ബഹുമാനപ്പെട്ട താമിയെ കാണാനില്ല. താമിയെയാണ് സഹായിക്കാനായിട്ട് ഇപ്പോൾ കിട്ടിയത്, ബഹുമാനപ്പെട്ട താമി അത് വിശദീകരിച്ചതുകൊണ്ട് രക്ഷപ്പെടാൻ കഴിയുമോ? ഈ പ്രശ്നത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭാതലത്തിൽ മറുപടി പറയണം. മുഖ്യമന്ത്രിയുടെ മകനെക്കുറിച്ചാണ് ആരോപണം; മുഖ്യമന്ത്രിയുടെ മകളുടെ ഭർത്താവ് ഡോ. വേണുഗോപാലിനെക്കുറിച്ചാണ് ആരോപണം, മുഖ്യമന്ത്രിയുമായി ബന്ധപ്പെട്ടു നിൽക്കുന്ന ഉപജാപകസംഘത്തെക്കുറിച്ചാണ് ആരോപണം. അങ്ങനെ ആരോപണം വന്നാൽ, സഭയ്ക്കകത്തും സഭയ്ക്ക് പുറത്തും ആരോപണം ഉയർന്നുവന്നാൽ അതിന് മറുപടി പറയാനുള്ള ബാദ്ധ്യത മുഖ്യമന്ത്രിക്ക്



LIBRARY ARCHIVES Kerala Legislative Assembly

ഉണ്ട്. മുഖ്യമന്ത്രിയോട് ഇതൊക്കെ പറയേണ്ടേ? നമ്മുടെ മുസ്തഫ ആണോ പറയേണ്ടത്? നമ്മുടെ പത്മരാജൻ വക്കീലാണോ പറയേണ്ടത്? പത്മരാജന് ഇതൊന്നും മനസ്സിലാവുകയില്ല. കാരണം അദ്ദേഹം ഇപ്പോൾ വലിയ അഹന്തയിലും ധിക്കാരത്തിലുമാണ്. എങ്ങനെയാണ് അദ്ദേഹത്തിന് അഹന്തയും ധിക്കാരവും വന്നത്? ആഭ്യന്തര വകുപ്പിന്റെ ചുമതല കിട്ടിയപ്പോൾ ഇതുപോലൊരു അഹന്തയും ധിക്കാരവുമുണ്ടായി. ധനകാര്യ വകുപ്പിന്റെ ചുമതലയേറ്റെടുത്തപ്പോൾ വീണ്ടും ആ അഹന്തയിലേയ്ക്കും ധിക്കാരത്തിലേക്കുമാണ് പത്മരാജൻ വക്കീൽ പോകുന്നത്. ഇവിടെ ബഹുമാനപ്പെട്ട മെമ്പർമാർ പ്രശ്നങ്ങളുന്നയിക്കും. പ്രശ്നങ്ങളുന്നയിക്കുമ്പോൾ, അതിന് മറുപടി പറയുമ്പോൾ ആ മറുപടി തൃപ്തികരമല്ലെങ്കിൽ സംശയങ്ങൾ ഉന്നയിക്കാൻ ബഹുമാനപ്പെട്ട മെമ്പർമാർ എഴുന്നേൽക്കും. പത്മരാജൻ വക്കീൽ എന്താണ് പറയുന്നത്? സീനിയർ മെമ്പേഴ്സ് ചോദിക്കട്ടെയെന്നാണ്. അദ്ദേഹം ഈ സഭയിൽ എത്ര സീനിയറാണ്? അദ്ദേഹം പ്രായംകൊണ്ട് എന്നേക്കാൾ സീനിയറാണ്. അദ്ദേഹത്തിന്റെ പ്രായത്തെ ഞാൻ ബഹുമാനിക്കുന്നു. പക്ഷേ ഈ സഭയിൽ എത്ര സീനിയറാണ്? അദ്ദേഹം രണ്ടാമത്തെ തവണയാണ് നിയമസഭയിൽ വന്നത്. ഞാനും രണ്ടാമത്തെ തവണയാണ് വന്നത്, ശ്രീ. സത്യൻ മൊകേരിയും രണ്ടാമത്തെ തവണയാണ് വന്നത്. ബഹുമാനപ്പെട്ട ചന്ദ്രപ്പൻ ചോദിച്ചപ്പോഴാണ് ബഹുമാനപ്പെട്ട പത്മരാജൻ പറയുന്നത് സീനിയർ മെമ്പേഴ്സ് ചോദിക്കട്ടെയെന്ന്. അത്ര അഹന്ത വേണ്ട. ഞങ്ങൾ പ്രശ്നങ്ങൾ ഉന്നയിക്കും, ഉന്നയിക്കുമ്പോൾ പരിഹസിക്കരുത്. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട വി. വി. രാഘവൻ ഒരു പ്രശ്നമുന്നയിച്ചപ്പോൾ അതിന് എന്ത് മറുപടിയാണ് പറഞ്ഞത്? 'ഞങ്ങൾ കുളത്തിലെ തവളയാണ്, പറക്കാൻ മോഹം' എന്നാണ്. ബഹുമാനപ്പെട്ട പത്മരാജൻ, അങ്ങേയ്ക്ക് ഓർക്കാൻ കഴിയുന്നുണ്ടോ, കുളത്തിലെ തവളയെന്നുപറഞ്ഞാൽ ഒരു സാമൂഹ്യ ജീവിയാണ്. എന്നാൽ മരത്തവള ഒരു സാമൂഹ്യ ജീവിയല്ല. അത് മരത്തിന്റെ പൊത്തിനകത്തേ ഇരിക്കുകയുള്ളു. ലോകമായിട്ടോ മററ് ജന്തുക്കളുമായിട്ടോ ഒരു ബന്ധവുമില്ല. നിങ്ങൾ മരത്തവളയാകാൻ തീരിയരുതെന്ന് വളരെ സ്നേഹബുദ്ധ്യാ ഞാൻ പറയുകയാണ്. നിങ്ങൾക്ക് ചിലതൊക്കെ ചെയ്യാം. നിങ്ങളുടെ കൈയിൽ ഇപ്പോൾ ധനകാര്യവകുപ്പുണ്ടല്ലോ. നിങ്ങൾ വിമർശിക്കുന്നവരുടെ മണ്ഡലങ്ങളിൽ വരുന്ന വികസന പ്രവർത്തനങ്ങൾക്ക് എ. എസ്.-ഉം, എസ്. എസ്..ഉം കൊടുക്കാതെ നിങ്ങൾക്ക് മാററി വയ്ക്കാം, പക്ഷേ ഭരണഘടനാപരമായ ബാദ്ധ്യതയുണ്ടെന്ന് പത്മരാജൻ വക്കീൽ മനസ്സിലാക്കണം. അദ്ദേഹത്തെ സഭാതലത്തിൽ വിമർശിക്കുന്നവരുടെ മണ്ഡലങ്ങളിലെ വികസന പ്രവർത്തനങ്ങൾ വരുമ്പോൾ, അതിന്റെ ഫയൽ വരുമ്പോൾ എ. എസ്.-ഉം ടി. എസ്.-ഉം കൊടുക്കാതെ മാററിവയ്ക്കുന്നു. ഇതൊന്നും പാർലമെന്ററി ജനാധിപത്യ സംവിധാനത്തിന് ഭൂഷണമല്ല. വസ്തുനിഷ്ഠമായി നിങ്ങളെ വിമർശിക്കാനുള്ള അവകാശം ഞങ്ങൾക്കുണ്ട്. നിങ്ങൾ അതിന് മറുപടി പറയണം. അത് കേൾക്കാനുള്ള ബാദ്ധ്യതയും ഞങ്ങൾക്കുണ്ട്. അത് ഞങ്ങൾ സൻമനസ്സോടെ കേൾക്കും. പക്ഷേ നിങ്ങൾ ഇത്തരം പ്രവൃത്തി ചെയ്യുന്നത് നല്ലതല്ല. പണ്ട് ഒരു ചുണ്ടക്കാരന് ഒരു നിധി കിട്ടി. അതുപോലെയാകരുത് ബഹുമാനപ്പെട്ട പത്മരാജൻ വക്കീൽ. ഈ ധനകാര്യവകുപ്പ് ഒരു താൽക്കാലിക കിടപ്പാടം മാത്രമാണ്.

(തടസ്സം).

ഇത് സ്ഥിരമാകുകയാണെങ്കിൽ സ്ഥിരമാകട്ടെ. അപ്പോൾ നമ്മുടെ പത്മരാജൻ വക്കീലിന് രണ്ട് വകുപ്പിന്റെ ചുമതലയുണ്ടെന്ന് പറയാമല്ലോ. ഞാൻ ഡിമാൻറ് അവതരിപ്പിച്ച മന്ത്രിയുടെ സമീപനത്തെക്കുറിച്ചാണ് പറയുന്നത്. ഇത് നല്ല സമീപനമല്ല. ഞാൻ ചൂണ്ടിക്കാണിക്കുന്നത്, ഇവിടെ സാർവ്വത്രികമായ അഴിമതിയാണ്. ഞാൻ കഴിഞ്ഞ തവണ ഈ സഭയിൽ ഉന്നയിച്ചതുതന്നെയാണ്. ഇവിടെ ബഹുമാനപ്പെട്ട പ്രകാശ് ബാബു ഉന്നയിച്ചത് എത്ര ശരിയാണ്. എന്റെ സുഹൃത്തായ ശ്രീ. ഹംസയും കുറെ കാര്യങ്ങൾ പറഞ്ഞു. ഏഴ് എഞ്ചിനീയർമാരെ സംരക്ഷിക്കാൻ എത്ര ലക്ഷം രൂപയാണ് വാങ്ങിയത്? ഡി. സി. സി. സെക്രട്ടറി, സുബ്രഹ്മണ്യത്തിന്റെ വീട്ടിലേക്ക് ആരാണ് ആക്രമിച്ച് ചെന്നത്? ഡി. സി. സി. മെമ്പർ ലൂയിസ്. ലൂയിസ് ആരാണ്? മുഖ്യമന്ത്രിയുടെ മകൻ, കെ. പി. സി. സി. (ഐ) ജനറൽ സെക്രട്ടറി മുരളീധരന്റെ സ്റ്റാഫിലെ ഒരംഗമാണ്. അതുമാത്രമാണോ? ഈയിടെ മുരളീധരനും കുടുംബാംഗങ്ങളും ഗൾഫ് യാത്ര നടത്തിയില്ലേ. ആ സംഘത്തിൽ മിസ്റ്റർ ലുയിസുമുണ്ടായിരുന്നു. സ്വർണ്ണമടക്കം 800 കിലോ സാധനങ്ങളടങ്ങിയ 32 ബാഗുകൾ കടത്തിക്കൊണ്ടുവരുന്നതിൽ മുരളീധരന്റെ ഒപ്പമുണ്ടായിരുന്ന ആളാണ് ലൂയിസ്. ലൂയിസും അദ്ദേഹത്തിന്റെ സഹോദരൻമാരും ചേർന്നാണ് കോഴിക്കോട് ഡി. സി. സി. സെക്രട്ടറിയുടെ വീട് ആക്രമിച്ചത്. എന്തിനാണ്? ലൂയിസ് 7 ലക്ഷം വാങ്ങിച്ചു. ഇപ്പുറത്ത് സുബ്രഹ്മണ്യം 5 ലക്ഷം വാങ്ങിച്ചു. അത് അവർതന്നെ സ്വന്തമാക്കിയെന്നുള്ളതാണ് ആക്ഷേപം. പക്ഷേ മുരളിക്ക് കൊടുത്തുവെന്നുള്ളതാണ് സത്യം. അത് പങ്കുവയ്ക്കുന്നതിലല്ലേ തർക്കമുണ്ടായത്? അതിനല്ലേ സംഘർഷമുണ്ടായത്? അതിനല്ലേ വീട് ആക്രമിച്ചത്? അതിനല്ലേ ലൂയിസ് അടക്കം നാലുപേരുടെ പേരിൽ പോലീസ് കേസെടുത്തത്?

ഭക്ഷ്യവും സിവിൽ സെപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. ടി. എച്ച്. മുസ്തഫ): സർ, മുരളിക്ക് കൊടുത്താൽ പിന്നെ പങ്കുവച്ചതിൽ തർക്കമെന്താണ്?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ: സർ, നിങ്ങളുടെ തർക്കം ഇപ്പോഴും തീർന്നിട്ടില്ല. ശ്രീ. മുസ്തഫയും മുഖ്യമന്ത്രിയും തമ്മിലുള്ള തർക്കം തീർന്നിട്ടില്ല, പാംഓയിലിന്റെ എല്ലാ ഫയലിന്റേയും കോപ്പി നിങ്ങളുടെ കൈയിലുണ്ടെന്ന് നിങ്ങൾ പറഞ്ഞല്ലോ, അത് വച്ചിരിക്കുന്നത് എന്തിനാണ്? നിങ്ങളുടെ കൈയിൽ മാത്രമല്ല, പത്മകുമാറിന്റെ കൈയിലുമുണ്ട്. പരസ്പരം ഭീഷണിപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. അതുപോലെതന്നെയാണ് ഇത്. ആ പ്രത്യേക ഫയലുണ്ട്. അതുവച്ചല്ലേ വില പേശുന്നത്? കിട്ടിയത് പോരാ, പത്ത് ലക്ഷമേ കിട്ടിയുള്ളു എന്നുള്ളതല്ലേ പ്രശ്നം?

ശ്രീ. ടി. എച്ച്. മുസ്തഫ: സർ, ആ ഫയൽ ഇവിടെ മേശപ്പുറത്ത് വച്ചിട്ടുണ്ട്.

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ: സർ, എല്ലാ ഫയലും മേശപ്പുറത്ത് വച്ചിട്ടില്ല. വയ്ക്കാത്ത ചില ഫയലുകൾ നിങ്ങളുടെ കൈയിലുണ്ട്. അതിന്റെ കോപ്പി ഞങ്ങളുടെ കൈയിലുണ്ട്.

ശ്രീ. ടി. എച്ച്. മുസ്തഫ: എങ്കിൽ അതുകൂടി മേശപ്പുറത്ത് വയ്ക്ക്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ: സന്ദർഭം വരുമ്പോൾ ഞങ്ങൾ ആ ഫയലുകൾ ഈ സഭയുടെ മേശപ്പുറത്തു വയ്ക്കും. ആ ഫയലുകൾ മേശപ്പുറത്തു വച്ചാൽ ശ്രീ. ടി. എച്ച്. മുസ്തഫയും ശ്രീ. കരുണാകരനും ഇറങ്ങിപ്പോകും; ഞങ്ങൾക്കറിയാം. ഞങ്ങൾ ആ ഫയൽ വയ്ക്കും; ഞങ്ങൾ അത് വയ്ക്കേണ്ട സമയമൊക്കെ തീരുമാനിക്കും. ഞാൻ ഇവിടെ ചൂണ്ടിക്കാണിച്ചത് കോഴിക്കോട് ആ റോഡിന്റെ പ്രശ്നത്തിൽ കോൺട്രാക്ടറെ ദ്രോഹിക്കുന്നതിനുവേണ്ടി 7 എഞ്ചിനീയർമാർ നടത്തിയ കൃത്യവിലോപവും അതിനെത്തുടർന്നുള്ള സംഭവ വികാസങ്ങളുമാണ്. അതിൽ മുരളീധരനും, കോൺഗ്രസ്-ഐ-യുടെ കോഴിക്കോട് ഡി. സി. സി. സെക്രട്ടറിയ്ക്കും, ഡി. സി. സി. മെമ്പർക്കുമുള്ള പങ്കും ബാദ്ധ്യതയും മുഖ്യമന്ത്രിയുടെ മറുപടിയിൽ പറയണം. 1980 ഞാൻ ഓർക്കുകയാണ്. പരേതയായ ശ്രീമതി ഇന്ദിരാഗാന്ധി പ്രധാനമന്ത്രിയായിരിക്കുമ്പോൾ ഇൻഡ്യൻ പാർലമെന്റിൽ വലിയൊരു പ്രശ്നമുണ്ടായി. ശ്രീമതി ഇന്ദിരാ ഗാന്ധിയുടെ മകൻ മരിച്ചുപോയ സഞ്ജയ് ഗാന്ധിയെക്കുറിച്ച്, അദ്ദേഹം ബാഹ്യശക്തിയായി ഭരണത്തിലിടപെടുന്നതിനെ സംബന്ധിച്ച്, അത് തടയണമെന്നുള്ളതിനെ സംബന്ധിച്ച് പാർലമെന്റിൽ പ്രശ്നം വന്നു. അന്ന് പാർലമെന്റിൽ അതിന് മറുപടി പറയാനുള്ള സാമാന്യമര്യാദ ശ്രീമതി ഇന്ദിരാഗാന്ധി കാണിച്ചിരുന്നു. ശ്രീമതി ഇന്ദിരാഗാന്ധിയാണല്ലോ ശ്രീ. കരുണാകരന്റെ നേതാവ്. ആ മര്യാദ കരുണാകരൻ ഇവിടെ കാണിക്കണം; ഇതിന് മറുപടി പറയണം, ഇതിനെക്കുറിച്ച് അന്വേഷിക്കണം. അത് അന്വേഷിപ്പിക്കാനുള്ള നടപടി സ്വീകരിക്കണമെന്നുള്ളതാണ് ഒന്നാമത്തെ പ്രശ്നം. ക്ലിഫ് ഹൗസുമായി ബന്ധമുണ്ടെങ്കിൽ, വിഹിതം അവിടെ കൊടുത്താൽ എന്ത് അഴിമതിയും നടത്താം. അങ്ങേയ്ക്കറിയാമോ തിരുവനന്തപുരം ജില്ലയിലെ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ 27 ലക്ഷം രൂപയുടെ കണക്ക് കാണാനില്ല. ഇന്നലെ പത്രത്തിൽ വാർത്ത വന്നില്ലേ? ആരാണ് അതിന്റെ സെക്രട്ടറി? സാധാരണഗതിയിൽ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ ചെയർമാൻ എന്നു പറയുന്നത് തിരുവനന്തപുരം ജില്ലാ കളക്ടർ ആണ്. ശാന്താമോഹൻ എന്നു പറയുന്ന ഒരു യു. ഡി. ക്ലാർക്ക്.............സാധാരണ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ സെക്രട്ടറിയായിട്ടുവരുന്നത് ഡെപ്യൂട്ടി കളക്ടറുടെ പദവിയിലുള്ളവരാണ്. എന്താ തിരുവനന്തപുരം ജില്ലയിൽ ഡെപ്യൂട്ടി കളക്ടർ സെക്രട്ടറിയായിട്ട് വരാതിരുന്നത്? എങ്ങനെ ശാന്താമോഹൻ വന്നു? ശാന്താമോഹൻ മത്സ്യഫെഡിലെ യു. ഡി. ക്ലാർക്കായിരുന്നു. അവിടെനിന്നും ഡെപ്യൂട്ടേഷനിൽ ഇവിടെ വന്ന് ടൂറിസം പ്രമോഷൻ കൗൺസിലിന്റെ സെക്രട്ടറിയായി. അദ്ദേഹത്തിന്റെ കാലാവധിയായ മൂന്നു വർഷം ഇന്നലെ കഴിഞ്ഞുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. വീണ്ടും കാലാവധി നീട്ടിക്കിട്ടാൻ വേണ്ടി ക്ലിഫ് ഹൗസിൽ തപസ്സിരിക്കുകയാണ്. നിങ്ങൾ നീട്ടിക്കൊടുക്കും; ഈ 27 ലക്ഷം രൂപ എന്തു ചെയ്തു.

ശ്രീ. കെ. ഇ. ഇസ്മയിൽ: ശാന്താ മോഹൻ എന്നു പറയുന്നത് സ്ത്രീയാണോ പുരുഷനാണോയെന്ന് എനിക്കൊരു സംശയം.

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ: ശാന്താ മോഹൻ എന്നു ഞാൻ പറഞ്ഞപ്പോൾ തിരുവഞ്ചൂർ രാധാകൃഷ്ണൻ ധരിച്ചത് അത് സ്ത്രീയാണെന്നാണ്. പേര് കൊണ്ട് സ്ത്രീയാണെന്നു തോന്നും. സ്ത്രീയല്ല പുരുഷനാണ്.

ശ്രീ. പി. ബാലൻ: അങ്ങനെയാണെങ്കിൽ രാധാകൃഷ്ണൻ എന്നു കേട്ടാൽ എന്ത് ധരിക്കും?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ: നമ്മുടെ തിരുവഞ്ചൂർ രാധാകൃഷ്ണനെ പോലെതന്നെയാണ് ശാന്താ മോഹനനും.

ശ്രീ. ബി. വിജയകുമാർ: ബഹുമാനപ്പെട്ട മെമ്പർ കൃഷ്ണൻ കണിയാംപറമ്പിൽ........

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ: ഞാൻ വഴങ്ങിയിട്ടില്ല. ഞാൻ തിരുത്തൽവാദികളെക്കൊട്ടു വഴങ്ങാൻ ഉദ്ദേശിക്കുന്നുമില്ല. ആണും പെണ്ണും കെട്ടവരാണ് അവർ. അങ്ങനെയുള്ളവർക്ക് എങ്ങനെയാണ് വഴങ്ങുന്നത്? ഞാൻ ഇവിടെ പറഞ്ഞത് ഈ തിരുവനന്തപുരം ജില്ലാ പ്രമോഷൻ കൗൺസിലിന്റെ..........

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: കൃഷ്ണൻ കണിയാംപറമ്പിലിന്റെ പ്രസംഗം ഞങ്ങൾ അപ്രീഷിയേററ് ചെയ്യുന്നു. ഇല്ലെന്നു ഞാൻ പറയുന്നില്ല. പക്ഷേ അദ്ദേഹത്തിന്റെ സംസാരത്തിനിടയിൽ അസാംസ്കാരികമായിട്ടുള്ള ഭാഷ വരുന്നത് രേഖയിലുണ്ടാകാൻ പാടില്ല. ആണും പെണ്ണും കെട്ടവനെന്ന് ഈ സഭയിലെ ഒരു മെമ്പറെക്കുറിച്ച് അദ്ദേഹം പറഞ്ഞത് പിൻവലിക്കണം. അദ്ദേഹത്തിന്റെ സംസ്കാരത്തിന് അത് പിൻവലിച്ച് മാപ്പ് പറയുമെന്നാണ് എന്റെ പ്രതീക്ഷ. അത് ഈ റിക്കാർഡിലുണ്ടാകാൻ സാദ്ധ്യമല്ല.

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ: ഞാൻ വളരെ സംസ്കാരത്തോടുകൂടിയാണ് പറഞ്ഞത്. വിശ്വമഹാകാവ്യമായ മഹാഭാരതത്തിൽ വ്യാസമുനി എഴുതി വച്ചിട്ടുണ്ട് ആണും പെണ്ണും കെട്ടവൻ ശിഖണ്ഡി എന്ന്. മഹാഭാരതത്തിലുള്ളതാണ്. ഞാൻ ഒരു വ്യക്തിയെക്കുറിച്ചല്ല പറഞ്ഞത്. ഒരു പ്രസ്ഥാനത്തെക്കുറിച്ചാണ് പറഞ്ഞത്. തിരുത്തൽവാദി പ്രസ്ഥാനത്തെക്കുറിച്ചാണ് പറഞ്ഞത്. ഞാൻ മെമ്പറെ കുറിച്ചാണ് പറഞ്ഞതെന്നു പറഞ്ഞാൽ അത് പിൻവലിക്കാൻ യാതൊരു സങ്കോചവുമില്ലാത്ത ആളാണ് ഞാൻ. അതിൽ ആർക്കെങ്കിലും ബുദ്ധിമുട്ടുണ്ടെങ്കിൽ ഞാൻ പിൻവലിക്കാം. പക്ഷേ മഹാഭാരതത്തിലെ വ്യാസനോട് പിൻവലിക്കാൻ പറഞ്ഞാൽ പററുകയില്ല. ഞാൻ ഇവിടെ പറഞ്ഞത് ഈ സെക്രട്ടറി ശാന്താമോഹൻ ചെയ്ത അഴിമതിയെക്കുറിച്ചാണ്. 27 ലക്ഷം രൂപയാണ്. ആ കണക്ക് ആഡിററ് ചെയ്യാൻ എ. ജി. ചോദിച്ചു; കൊടുത്തില്ല. വൗച്ചർ ഇല്ല. അത് ചിലവ് ചെയ്തതിന്റെ സ്റേറററ്മെൻറില്ല, അത് മാത്രമല്ല ഇതിൽ ഏററവും വലിയ അഴിമതിയെന്നു പറയുന്നത് തിരുവനന്തപുരം ജില്ലയിലെ വിതുര ടൂറിസം കേന്ദ്രം മോടിപിടിപ്പിക്കാൻ വേണ്ടിയാണ് ഈ പണം മുഴുവൻ കൊടുത്തത് എന്നതാണ്. അതിനാണ് വൗച്ചർ ഇല്ലാതിരിക്കുന്നത്. ഇതിൽ ഏററവും ക്രൂരമായ ഒരു കാര്യമുണ്ട്. നമ്മുടെ എല്ലാവരുടെയും മനസ്സലിയിപ്പിക്കുന്ന ഒരു സംഭവം. മീൻമുട്ടി എന്ന ഒരു വെള്ളച്ചാട്ടമുണ്ട്. ആ വെള്ളച്ചാട്ടം കാണാനായിട്ട് മെഡിക്കൽ കോളേജിൽ നിന്നും കുട്ടികൾ വന്നു. അവർ അതിൽ എടുത്തുചാടി; കുറച്ചുപേർ മരിച്ചു. വലിയൊരു ദുരന്തമായിരുന്നു. നമുക്ക് നഷ്ടം സംഭവിച്ചു. അവിടെ അവർക്കു വേണ്ടി ഒരു സ്മാരകം പണിയാനായിട്ടാണ് 75,000 രൂപ കൊടുത്തത്. അവിടെ ഒന്നും ചെയ്തിട്ടില്ല. ആ 75,000 രൂപപോലും ശാന്താമോഹൻ

എന്ന സെക്രട്ടറി പങ്കിട്ടെടുത്തു. ഇത്രയും ക്രൂരത വേണമായിരുന്നോ സർ? വേളിയിലേയ്ക്ക് 37 ലക്ഷം രൂപ കൊടുത്തു. വേളിയിൽ കുട്ടികൾക്കുള്ള ട്രെയിൻ പോകുന്നത് അങ്ങ് കണ്ടിട്ടില്ലേ? ആ സ്ഥലം അക്വയർ ചെയ്തു വാങ്ങാൻ. പക്ഷെ ഇന്നുവരെ ആ സ്ഥലം വാങ്ങിയിട്ടില്ല. 37 ലക്ഷം രൂപ ബാങ്കിലിട്ട് പലിശ വാങ്ങിച്ചുകൊണ്ടിരിക്കുകയാണ്. ഒരു യു. ഡി. ക്ലർക്കായിട്ടുള്ള പ്രമോഷൻ കൗൺസിലിന്റെ സെക്രട്ടറിക്ക് എങ്ങനെയാണ് ഇതിന് ധൈര്യം വന്നത്? ഇതെങ്ങനെ കഴിഞ്ഞു? മുഖ്യമന്ത്രിയുടെ ഔദ്യോഗിക വസതിയുമായി പരിചയവും ബന്ധവുമുള്ള ആളാണ്. എന്തും ചെയ്യാനുള്ള സാദ്ധ്യതയുണ്ട്. ആരാണ് അന്വേഷിക്കുന്നത്? ഇവർക്ക് നിയമമൊന്നും ബാധകമല്ലേ? ഈ നിയമമൊന്നും ബാധകമല്ലാത്ത ഒരു സ്ഥിതിവിശേഷം നമ്മുടെ നാട്ടിലുടലെടുത്തിരിക്കുന്നു. ഈ കോക്കസിന് ഒരു നിയമവും ബാധകമല്ല. ചെറിയ ഒരു ഉദാഹരണം ഞാൻ പറയാം. അത് മുഖ്യമന്ത്രിയെ കൂടി ഇരുത്തികൊണ്ട് പറയേണ്ടതായിരുന്നു. അതുകൊണ്ട് മുഖ്യമന്ത്രി വരുമ്പോൾ ഈ പറഞ്ഞ കാര്യങ്ങൾ അദ്ദേഹത്തോട് പറയണം. ജൂലായ് 30-ാം തീയതി മുഖ്യമന്ത്രി കോഴിക്കോട്ടുപോയി അവിടെനിന്നും വന്ന് എറണാകുളത്തെ മകളുടെ വീട്ടിൽ താമസിച്ചു. 31. ാം തീയതി കാലത്ത് അദ്ദേഹത്തിന് തിരുവനന്തപുരത്തു വരണം. ഫ്ളൈററ് ഉണ്ടായിരുന്നില്ല. മദ്രാസ് മെയിലിന് പോരാൻ തീരുമാനിച്ചു. മദ്രാസ് മെയിൽ എറണാകുളം ടൗണിൽ വരുന്നത് കാലത്ത് 6·50-നാണ്. 6.50-ന് യാത്ര ചെയ്യാൻ അദ്ദേഹത്തിന് വയ്യ. 25 മിനിട്ടുനേരം മദ്രാസ് മെയിൽ വൈകിക്കണം. മൂന്നു സ്റേറഷനിലേയ്ക്ക് നിർദ്ദേശം കൊടുത്തു. സ്റേറഷൻ മാസ്ററർമാർ പറഞ്ഞു കഴിയുകയില്ല എന്ന്. കൃത്യസമയത്താണ് മദ്രാസ് മെയിൽ വന്നുകൊണ്ടിരിക്കുന്നത്. അവസാനം ആലുവായിൽ മദ്രാസ് മെയിൽ എത്തുന്നതിനുമുമ്പ് മൂന്നു, നാല് പോലീസുകാർ സ്റേറഷൻ മാസ്റററോട് ചോദിച്ചു മദ്രാസ് മെയിൽ വരുന്ന ട്രാക്ക് ഏതാണ് എന്ന്. അവർ പറഞ്ഞു, ബോംബ് ഭീഷണി ഉണ്ടെന്ന് വിവരം കിട്ടിയിരിക്കുന്നു. എസ്. പി. ആണ് ഞങ്ങളെ പറഞ്ഞ് അയച്ചിട്ടുള്ളത്. ബോംബ് ഭീഷണിയുണ്ടെന്ന് എസ്. പി. പറഞ്ഞയച്ചിരിക്കുന്നു എന്ന്. ഇതിനേക്കാൾ നാണക്കേട് വേറെ എന്താണ്? എന്ത് നേടാനാണ്? ഈ മുഖ്യമന്ത്രി കാരണം നമ്മുടെ നാട്ടിലെ ജനങ്ങൾക്കു പോലും ട്രെയിനിൽ സഞ്ചരിക്കാൻ കഴിയുകയില്ല. അദ്ദേഹത്തിന് നിയമ വ്യവസ്ഥകൾ ബാധകമല്ല.

സർ, ഇരുപത്തിയഞ്ചു മിനിട്ട് കഴിഞ്ഞപ്പോൾ പോലീസുകാർ പറഞ്ഞു ഇനി പ്രശ്നമില്ല. എല്ലാം ഞങ്ങൾ പരിശോധിച്ചിരിക്കുന്നു എന്ന്. അപ്പോൾ 25 മിനിട്ട് വൈകി 7.15-ന് ട്രെയിൻ

2 p .m.] എറണാകുളം ടൗണിൽ വന്നു, മുഖ്യമന്ത്രി കയറി തിരുവനന്തപുരത്തു പോന്നു. ഇത് മുഖ്യമന്ത്രി അറിഞ്ഞിട്ടാണോ ചെയ്തത്? മുഖ്യമന്ത്രി അറിഞ്ഞിട്ടാണെങ്കിൽ മുഖ്യമന്ത്രി പറയണം. മുഖ്യമന്ത്രി അറിയാതെ മുഖ്യമന്ത്രിയുടെ പ്രീതിക്കുവേണ്ടി, വാൽസല്യത്തിനുവേണ്ടി ചില ഉന്നതൻമാരായ പോലീസുദ്യോഗസ്ഥൻമാർ മുഖ്യമന്ത്രിയുടെ പേരിൽ നടത്തിയ കാര്യമാണെങ്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതന്വേഷിക്കണം. മദ്രാസ് മെയിൽ 25 മിനിട്ട് ബോംബ് ഭീഷണിയുടെ പേര് പറഞ്ഞ് അങ്ങേയ്ക്കുവേണ്ടി വൈകിച്ച പോലീസുദ്യോഗസ്ഥൻമാരുടെ പേരിൽ നടപടിയെടുക്കണം. യാത്രക്കാർക്ക് സുരക്ഷിതത്വമുണ്ടാകണം. നാട്ടിൽ ഇതിനെക്കുറിച്ച് നടക്കുന്ന ചർച്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രി അറിയുന്നില്ല. അതുകൊണ്ട് ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞതാണ്. കോക്കസിൽ ഉള്ളവർക്ക് നിയമം ബാധകമല്ല; എന്തും ചെയ്യാം. അതാണ് കോഴിക്കോട്ടെ സംഭവം. നമ്മെ നാണിപ്പിക്കുന്ന ഒരു സംഭവം. ശ്രീ. ഉമ്മൻചാണ്ടി പങ്കെടുത്ത കോൺഗ്രസ്സിന്റെ മീററിംഗി ലാണ് ഈ ചർച്ച ഉയർന്നു വന്നത്. ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. ഇനി കോൺഗ്രസ്സുകാർക്ക് രക്ഷയുണ്ടോ? ശ്രീ. ആര്യാടൻ മുഹമ്മദും ശ്രീ. പി. ടി. തോമസ്സുമൊക്കെയുണ്ട്. ശ്രീ. ടി. എച്ച്. മുസ്തഫയുടെ മണ്ഡലത്തിൽ 'എ' കോൺഗ്രസ്സിന്റെ യോഗത്തിൽ ശ്രീ. ആര്യാടൻ മുഹമ്മദ് പോയി വലിയ പ്രസംഗം നടത്തി. ആ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ച എന്റെ സുഹൃത്ത് ശ്രീ. ജനാർദ്ദനൻ അടികൊണ്ട് ആശുപത്രിയിലാണ്. ശ്രീ. ടി. എച്ച്. മുസ്തഫയുടെ ആളുകരം അടിച്ചു. ''ഇനി നീ 'എ' ക്കാരുടെ യോഗത്തിൽ അദ്ധ്യക്ഷത വഹിക്കുമോ'' എന്നു ചോദിച്ചിട്ടാണ് അടിച്ചത്. ഇത് 'എ' ക്കാർ നിഷേധിക്കട്ടെ. അവർക്കുപോലും രക്ഷയില്ല. അവിടെയാണ് സ്ഥിതി എത്തിയിരിക്കുന്നത്. കോക്കസ്സിന്റെ പിടിയിൽ കേരളം അമർന്നി രിക്കുന്നു. അതുകൊണ്ട് ഈ ഉപധനാഭ്യർത്ഥനയെ അനുകൂലിക്കാൻ കഴിയാത്തതുകൊണ്ട് ഞാൻ ശക്തിയായി എതിർത്തുകൊണ്ട് അവസാനി പ്പിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ഞാൻ മറുപടി പിന്നീട് പറയാം. ഈ പറഞ്ഞ സംഭവത്തിൽ ഞാൻ നോർത്ത് സ്റേറഷനിൽ 20 മിനിട്ട് വണ്ടിയും കാത്ത് അവിടെ ഇരിക്കുക യായിരുന്നു. പത്രത്തിൽ എന്തെങ്കിലും എഴുതി ഇടുക, അതാവർത്തിക്കുക. അന്നേ ദിവസം നോർത്ത് സ്റേറഷനിൽ 20 മിനിട്ട് ഞാൻ വണ്ടിയും കാത്ത് നിന്നു, അതിന് സാക്ഷിയുണ്ട്.

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ: അതിനെക്കുറിച്ച് അന്വേ ഷിക്കണം. മനോരമ പത്രത്തിൽ വന്ന വാർത്തയാണ്. (പേപ്പർ കട്ടിംഗ് കാണിച്ചു)

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): പത്രത്തിൽ വന്നാൽ അതന്വേഷിക്കാൻ നിൽക്കണമോ? 20 മിനിട്ട് വണ്ടിയും കാത്തിരുന്നതിനെ സംബന്ധിച്ച് പത്രത്തിൽ വന്നാൽ ഞാൻ അതുംകൊണ്ട് നടക്കണമോ? തയ്യാറല്ല.

മി. ചെയർമാൻ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് ശരിയാ ണെങ്കിൽ അത് ദൗർഭാഗ്യകരമാണ്. ക്ലാരിഫിക്കേഷൻ മുഖ്യമന്ത്രി പറഞ്ഞല്ലോ.

ശ്രീ. എം. ജെ. സക്കറിയ: സർ, ഇവിടെ അവതരിപ്പിച്ച ഉപധനാ ഭ്യർത്ഥനകളെ ഞാൻ പിൻതാങ്ങുകയാണ്. ബഡ്ജററിൽ തുക ഉൾക്കൊള്ളിക്കാൻ കഴിയാത്ത നിർദ്ദേശങ്ങൾക്കുവേണ്ട ഫണ്ടും ഓൺ ഗോയിംഗ് വർക്ക്സിന് പോരാതെ വരുന്ന സംഖ്യകളും ഉൾപ്പെടുത്തി യിട്ടാണ്, സാധാരണഗതിയിൽ സപ്ലിമെന്ററി ഡിമാൻറ് കൊണ്ടുവരിക. ഈ ബഡ്ജററ് വരവുചെലവ് കണക്കല്ല; അടുത്ത വർഷത്തെ സാമ്പത്തിക മാനേജുമെന്റിനുള്ള ഒരു രൂപരേഖയാണ്. സാമ്പത്തിക അവസ്ഥ വിലയിരുത്തിയുള്ള നയങ്ങളും സമീപനങ്ങളും വ്യക്തമായി ഈ ബഡ്ജററിലുണ്ടാകണം. സംസ്ഥാനത്തെ യഥാർത്ഥ പ്രശ്നങ്ങളെ

നേരിടാനുള്ള ഗൗരവമായ ശ്രമം ഇവിടെ നടക്കുന്നില്ലെന്ന് പരക്കെ ആക്ഷേപമുണ്ട്. കണക്കു കൊണ്ടുള്ള ഒരു കളി നമ്മൾ മാററിയെടുക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു എന്നാണ് എനിക്ക് വിനയപുരസ്സരം അഭ്യർത്ഥിക്കാനുള്ളത്. നമ്മുടെ സാമ്പത്തിക നിയന്ത്രണം ബഡ്ജററിന്റെ പ്രധാന ഘടകമാണ്. Budgetary Control-നു പകരം ട്രഷറി കൺട്രോളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഇതിന് സമൂലമായ ഒരു മാററം വരുത്തണമെങ്കിൽ ആധുനിക സാമ്പത്തിക ശാസ്ത്രത്തെക്കുറിച്ചുള്ള അവബോധവും ഗൗരവമായ പഠനവും അനിവാര്യമാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. സാമ്പത്തിക ശാസ്ത്രജ്ഞൻമാരുടെ പഠനത്തിന്റെ ഫലം വിലയിരുത്തി അത്തരമൊരു budgeting-ന് രൂപം കൊടുക്കാൻ നമുക്ക് സാധിക്കണം. നമ്മുടെ ആവശ്യങ്ങൾ അനവധിയാണ്, വളരെ വലിയ ആവശ്യങ്ങളാണ്. എടുത്താൽ തീരാത്ത ആവശ്യങ്ങളാണ്. പക്ഷേ നമ്മുടെ വിഭവം വളരെ പരിമിതമാണ്, ആ പരിമിതമായ വിഭവത്തിന്റെ അകത്തുനിന്നുകൊണ്ടുവേണം ഈ പരിപാടികൾക്ക് രൂപം കൊടുക്കാൻ. അപ്പോൾ സ്വാഭാവികമായും ഒരു മുൻഗണനാക്രമം അവലംബിക്കാൻ നാം നിർബന്ധിതരാണ്. അതുകൊണ്ട് ആ മുൻഗണനാക്രമം നാം അവലംബിക്കുമ്പോൾ മാക്സിമം സോഷ്യൽ അഡ്വാൻറേജ് നമ്മുടെ ലക്ഷ്യം ആയിരിക്കണമെന്നതാണ് പുതിയ ഒരു ധനതത്വശാസ്ത്ര സമീപനം. നിരവധി കാര്യങ്ങൾ ബഡ്ജററിൽ കൊള്ളിച്ചിട്ടുണ്ട്. പ്രധാനമായും ഇപ്പോൾ സ്കൂളുകളുടെ നിർമ്മാണത്തിന് നമുക്ക് ഫണ്ടില്ല. പല സ്കൂളുകൾക്കും സ്വന്തമായി കെട്ടിടങ്ങളില്ല. കെട്ടിടങ്ങളുള്ളത് പുതുക്കിപ്പണിയാനുള്ള പണമില്ല. ഇതിന് പണം കണ്ടെത്തണം. എ. എസ്.-ഉം ടി. എസ്.-ഉം കൊടുത്തതിനൊക്കെ പുതിയ ബഡ്ജററിലെ തുക ചെലവഴിക്കുമ്പോൾ ഫൈനാൻസിന്റെ അനുവാദം വേണമെന്ന ഒരു സമീപനമുണ്ട്; അത് ശരിയല്ല. ബന്ധപ്പെട്ട വകുപ്പുകൾക്ക് ടി. എസ്. കൊടുക്കാൻ സാധിക്കണം. ഇത് ഫൈനാൻസിലേക്ക് പോയി അവരുടെ അനുവാദമുണ്ടെങ്കിൽ മാത്രമേ ചെലവഴിക്കാൻ സാധിക്കൂ എന്നുള്ള ഇന്നത്തെ വ്യവസ്ഥ ഒന്ന് മാറണം. ഇത് സഖാവ് അച്യുതമേനോന്റെ ഒരു കാഴ്ചപ്പാടായിരുന്നു. അദ്ദേഹം മുഖ്യമന്ത്രിയായിരുന്നപ്പോൾ പലപ്പോഴും പറഞ്ഞിട്ടുള്ള ഒരു കാര്യമാണ് ഞാൻ സാന്ദർഭികമായി സൂചിപ്പിക്കുന്നത്. ഈ സഭയിൽ തന്നെ എം. എൽ. എ. ന്യൂ വർക്ക്സ് സ്കീമിന് സപ്ലിമെൻററി ഗ്രാൻറിൽ പണം കാണുമെന്ന് പറഞ്ഞിരുന്നു. പക്ഷേ അതിന് വേണ്ടത്ര ഫണ്ട് ഇതിൽ കണ്ടിട്ടുണ്ടോ എന്ന് സംശയമുണ്ട്. ഞാൻ പരിശോധിച്ചിട്ട് കണ്ടില്ല. അത് ഒരു പ്രധാനപ്പെട്ട കാര്യമാണ്. ഇപ്പോൾ എം. എൽ. എ. റോഡ് വർക്കിന്റെ കാര്യമുണ്ട്. ഞാൻ അതിലേക്ക് കടക്കുന്നില്ല. അതിൽ കുറെ തീർന്നിട്ടുണ്ട്; കുറെ തീരാനുണ്ട്. നമ്മൾ പുതുതായി പ്രഖ്യാപിച്ച എം. എൽ. എ. ന്യൂ വർക്ക്സ് സ്കീമിന് ഫണ്ട് കാണണം. അതിന് എ. എസ്.-ഉം ടി. എസ്.-ഉം കിട്ടി ടെൻഡർ ചെയ്ത വർക്കിനുപോലും ഫണ്ട് കൊള്ളിച്ചിട്ടില്ലെന്ന് എനിക്ക് തോന്നുന്നു. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. നമ്മുടെ നാട്ടിൽ ജൂലൈയിൽ ഒരു വലിയ പ്രകൃതിക്ഷോഭമുണ്ടായി. വലിയ മഴ, വലിയ അതിവൃഷ്ടി മൂലമുണ്ടായ നഷ്ടം ചില്ലറയല്ല. 30 വർഷത്തിനുള്ളിൽ ഇതുപോലെയുള്ള ഒരു ദുരന്തം നമ്മുടെ സംസ്ഥാനത്തുണ്ടായിട്ടില്ല. ഗവൺമെൻറിന്റെ കണക്ക് നിയമസഭയിൽ വ്യക്തമാക്കിയത് ഏതാണ്ട് 500 കോടി രൂപ നഷ്ടം വന്നിട്ടുണ്ടെന്നാണ്. ഇത് ഔദ്യോഗികമായ കണക്കാണ്. എനിക്ക് തോന്നുന്നത് ആയിരം കോടി രൂപ ഈ നിലയിൽ

LIBRARY ARCHIVES Kerala Legislative Assembly

നഷ്ടം വന്നുകാണുമെന്നാണ് എനിക്ക് തോന്നുന്നത്. നിയമസഭയിൽ പറഞ്ഞ കണക്കനുസരിച്ച് നാണ്യവിളകളുടെ നഷ്ടം ഏതാണ്ട് 75 കോടി രൂപയാണ്. റോഡുകൾക്കും സ്കൂളുകൾക്കുമായി നഷ്ടം വന്നത് ഏതാണ്ട് 65 കോടി രൂപയാണ്. 43,000 കുടുംബങ്ങളെയാണ് നാം മാററി പാർപ്പിച്ചത്. ഇത് ഗവൺമെൻറിൻെറ കണക്കാണ്. എം. പി.-മാർ കേന്ദ്ര ഗവൺമെൻറിൽ സമ്മർദ്ദം ചെലുത്തി വേണ്ട ചർച്ചകളൊക്കെ നടത്തിയെന്നു പറയുന്നുണ്ട്. അത് എത്രമാത്രം പ്രയോജനം ചെയ്തിട്ടുണ്ടെന്ന് എനിക്ക് നിശ്ചയമില്ല. ഏതാണ്ട് 32 കോടി രൂപ കേന്ദ്ര ധനസഹായം ലഭിക്കുമെന്നാണ് ഇവിടെ പറഞ്ഞുകേട്ടത്. അത് വളരെ പരിമിതമാണ്. അത് വളരെ പരിമിതമാണെന്നു പറഞ്ഞാൽ അത്രയും നിസ്സാരമാണ് എന്നു പറയേണ്ടി വന്നതിൽ എനിക്ക് ഖേദമുണ്ട്. കേന്ദ്ര ഗവൺമെൻറ് ഇതിൽ വളരെ ഉദാരമായി സഹായിക്കണം; അവർ അന്വേഷണം നടത്തണം. ഇതിൻെറ നഷ്ടത്തെക്കുറിച്ച് വിലയിരുത്തണം. അതിന് അവരെ വേണ്ടരീതിയിൽ ബോദ്ധ്യപ്പെടുത്താൻ നമ്മുടെ ഗവൺമെൻറിന് സാധിക്കണം. നമ്മൾ കൂട്ടായി ഒരു പ്രമേയം ഇവിടെ പാസ്സാക്കണം. കേന്ദ്ര ഗവൺമെൻറിൻെറ ഇത്ര കോടി രൂപയുടെ ധനസഹായം വേണമെന്ന്. ഈ നിയമസഭ ഐകകണ്ഠ്യേന ഒരു പ്രമേയം വഴി കേന്ദ്ര ഗവൺമെൻറിനോടാവശ്യപ്പെടണം. വേണമെങ്കിൽ, തീർച്ചയായും വേണമെന്നുതന്നെ പറയുന്നു; എല്ലാ കക്ഷി നേതാക്കൻമാരും നിവേദക സംഘത്തിൻെറ രൂപത്തിൽ ചെന്ന് കാണണം. അത് ഫലം ചെയ്യുമോ ഇല്ലയോ എന്നു സംശയമാണ്. ഈ പ്രകൃതിക്ഷോഭത്തിൽ ഒരുപാട് നഷ്ടം വന്നിട്ടുണ്ട്. ഏതാണ്ട് 154 ജീവൻ ഈ ദുരന്തത്തിൽ, ഈ അതിവൃഷ്ടിയിൽ അപഹരിക്കപ്പെട്ടു. ഇതൊന്നും നിസ്സാരമായി കാണാൻ പററില്ല. വലിയൊരു നഷ്ടമാണ് നമ്മുടെ രാജ്യത്തിന് സംഭവിച്ചിട്ടുള്ളത്. റോഡുകൾ മുഴുവൻ നശിച്ചു. മഞ്ചേശ്വരം മുതൽ പാറശ്ശാല വരെയുള്ള നാഷണൽ ഹൈവേകളും പി. ഡബ്ല്യു. ഡി. റോഡുകളും തകർന്നു. റോഡുകൾ പുനഃസംവിധാനം ചെയ്യുന്നതിന് എന്തെങ്കിലും മോഡേൺ ടെക്നോളജി നമുക്ക് ഉപയോഗിക്കണം. രാജവാഴ്ചക്കാലത്തുണ്ടായ റോഡുകൾ ഇന്നും അന്യൂനമായി നില നിൽക്കുന്നുണ്ട്. എന്നാൽ നമ്മൾ പണിയുന്ന റോഡുകൾക്കൊന്നും വലിയ ആയുസ്സില്ല. അനുവദിക്കുന്നതിൻെറ 50 ശതമാനം പോലും ചെലവഴിക്കുന്നില്ല, 25 ശതമാനം മാത്രമേ ചെലവഴിക്കുന്നുള്ളു, ഇതിന് ഒരു മാററമുണ്ടാകണം. ചുരുക്കിപ്പറഞ്ഞാൽ പണം ചോരുന്ന വഴി നമ്മൾ കണ്ടുപിടിക്കണം. പല കാര്യങ്ങൾക്കുവേണ്ടിയും നമ്മൾ ചെലവഴിക്കുന്ന തുകയെ സംബന്ധിച്ചിടത്തോളം ഒരു വ്യക്തമായ ധാരണ വേണം. ഇവിടെ നാഷണൽ ഹൈവേ റോഡുകളെ സംബന്ധിച്ച് പറഞ്ഞു. റോഡുകൾ തകർന്നതിന് ആരാണ് ഉത്തരവാദി? എറണാകുളം ജില്ലാ കളക്ടറുടെ ഉത്തരവ് എടുത്തുകൊണ്ട് ശ്രീ. ഹംസ ഇവിടെ സൂചിപ്പിച്ചു Indian Express—Collector's order referrs to NH 47 ഉത്തരവ് പുറപ്പെടുവിക്കുന്നതിനൊന്നും ഞാൻ എതിരല്ല. ജില്ലാ കളക്ടർക്ക് ഡിസ്ട്രിക്ട് മജിസ്ട്രേററിൻെറ അധികാരമുണ്ട്. അത് കളക്ടറിൽ മാത്രം നിക്ഷിപ്തമാണോ? ആ അധികാരം ഡെലിഗേററ് ചെയ്യാം. സബ് കളക്ടർക്കും, ആർ. ഡി. ഒ.-യ്ക്കും, തഹസീൽദാർക്കും അധികാരമുണ്ട്. ഇവരെല്ലാം ക്രിമിനൽ പ്രൊസീഡ്യുവർ കോഡിലെ 133-ാം വകുപ്പനുസരിച്ച് നടപടി സ്വീകരിക്കാൻ പോയാൽ ആരെല്ലാമാണ് പ്രൊസിക്യൂഷന് വിധേയമാകുക! നിയമം കൈയിലുണ്ടെന്നതുകൊണ്ട് അതെടുത്തു പ്രയോഗിക്കുമ്പോൾ മനുഷ്യൻ സ്വീകരിക്കേണ്ട സാമാന്യമായ

മര്യാദ പാലിക്കേണ്ടതാണ്. ആരുമായിട്ടാണ് ഈ മൽസരം? എക്സിക്യൂട്ടീവും ഗവൺമെന്റും തമ്മിൽ അങ്ങനെയൊരു മൽസരം ആശാസ്യമാണെന്ന്, ഗുണപ്രദമാണെന്ന് ആരെങ്കിലും ധരിക്കുന്നുണ്ടോ? ഒരാഴ്ചക്കുള്ളിൽ ആ റോഡ് നന്നാക്കണമെന്നാണ് പറയുന്നത്. കോരിച്ചൊരിയുന്ന മഴയുണ്ട്, ദിവസങ്ങളോളം നിൽക്കാതെ നിന്ന മഴ. ആ മഴയത്ത് ഒരാഴ്ചക്കുള്ളിൽ നന്നാക്കണമെന്ന് പറയാൻ തലയ്ക്ക് സ്ഥിരതയുള്ള ഒരു ഉദ്യോഗസ്ഥൻ തയ്യാറാകുമെന്ന് എനിക്ക് തോന്നുന്നില്ല. 13 കളക്ടർമാർക്കില്ലാത്ത വിശേഷാൽ അധികാരം ഈ തോമസ് മാത്യുവിന് എവിടെ നിന്നുമുണ്ടായി? 13 കളക്ടർമാരും കൂടി ക്രിമിനൽ പ്രൊസീഡ്യുവർ കോഡിലെ 133-ാം വകുപ്പിലെ അധികാരം എടുത്ത് പ്രയോഗിച്ചാൽ സർക്കാർ മുട്ടിൽ പോകേണ്ടിവരും. നാഷണൽ ഹൈവേ അങ്കമാലി മുതൽ ഇടപ്പള്ളി വരെയെന്നാണ് പറഞ്ഞിരിക്കുന്നത്, അത്ര വരെയില്ല, കളമശ്ശേരി വരെയേയുള്ളൂ. റോഡ് കുണ്ടും കുഴിയുമായിരുന്നു. ആരാണ് ഉത്തരവാദി? ക്രിമിനൽ പ്രൊസീഡ്യൂവർ കോഡിന്റെ ഫോട്ടോസ്റ്റാറ്റ് കോപ്പിയാണ് എന്റെ കൈവശമുള്ളത്. Unlawful obstruction or nuisance should be removed from any publi: place. അതാണ് അധികാരം. എന്റെ വീട്ടിലെ മരം ബേബി ജോണിന്റെ വീട്ടിലേക്ക് ചാഞ്ഞാൽ അത് വെട്ടി കളയാനുള്ള അധികാരം ആർക്കാണ്? എന്റെ നടവഴി ബേബിജോൺ കെട്ടി അടച്ചാൽ ആ വഴി സുഗമമാക്കിക്കൊടുക്കാനുള്ള അധികാരം ആർക്കാണ്? എന്റെ വീട്ടിലെ അഴുക്കുവെള്ളം അദ്ദേഹത്തിന്റെ വീട്ടിലേയ്ക്ക് പോയാൽ അത് തടസ്സം ചെയ്യാനുള്ള അധികാരമാണിത്. ഇത് ഗവൺമെന്റിന്റെ എററവും വലിയ ജില്ലാ ഭരണാധികാരി ഗവൺമെന്റിനെതിരായി പ്രയോഗിക്കുമെന്നു പറഞ്ഞാൽ ഇവിടെ മന്ത്രിമാർ കൈയുംകെട്ടി ഉദ്യോഗസ്ഥൻമാരുടെ മുമ്പിൽനിന്ന് സമാധാനം പറയേണ്ടി വരും. അത്തരം ഭരണപരവും, രാഷ്ട്രീയപരവുമായ അധഃപതനം ഈ രാജ്യത്തുണ്ടായിരിക്കുകയാണ്, അതിനേക്കാൾ വലിയ അപകടമില്ല. ഇതിനെ ശ്രീ. വി. ആർ. കൃഷ്ണയ്യർ പ്രശംസിച്ചു, ജനങ്ങൾ അദ്ദേഹത്തെ ഹീറോ ആക്കി കൊണ്ടു നടക്കുന്നു. അതിവൃഷ്ടിയിൽ 154 ആളുകളോളം മരിച്ചു, ഇതിന് ആരെ പ്രോസിക്യൂട്ട് ചെയ്യും, സ്കൂൾ കെട്ടിടം വീണ് കുട്ടികൾക്ക് അപകടമുണ്ടായി, ആരെ പ്രോസിക്യൂട്ട് ചെയ്യും? ജില്ലാ കളക്ടർ എന്റെ നിയോജകമണ്ഡലത്തിലെ കോർപ്പറേഷൻ മേയറാണ്, മുഴുവൻ റോഡുകളും കൊച്ചിൻ കോർപ്പറേഷന്റേതാണ്. റോഡുകൾ കുണ്ടും കുഴിയുമായി കിടക്കുന്നു ആര് നന്നാക്കണം, ആരെ പ്രോസിക്യൂട്ട് ചെയ്യണം? അദ്ദേഹം സ്വയം പ്രോസിക്യൂട്ട് ചെയ്യുമോ? എനിക്കു മനസ്സിലാകുന്നില്ല. വൈദ്യുതി ആഘാതമേററ് പലരും മരിച്ചു. വെള്ളപ്പൊക്കത്തിൽ വൈദ്യുതികമ്പി പൊട്ടിക്കിടന്നത് ആരും കണ്ടില്ല, ആരെ പ്രോസിക്യൂട്ട് ചെയ്യും. ബഹുമാനപ്പെട്ട മന്ത്രി പത്മരാജനെ പ്രോസിക്യൂട്ട് ചെയ്യുമോ? റോഡ് നന്നാക്കാത്തതിന് നാളെ ബാവ സമാധാനം പറയേണ്ടിവരും. അങ്ങനെയാണെങ്കിൽ 14 ജില്ലാ കളക്ടർമാരും ഇറങ്ങിപ്പുറപ്പെട്ടാൽ സ്ഥിതി എന്തായിരിക്കും? If not complied with the order within the stipuiated time, District Magistrate can take action under section 136 C.R.P.C. for an offence punishable under section 188 IPC before a criminal court. ഇതാണ് ഇവിടത്തെ നിയമം. ആര് ന്യായീകരിച്ചാലും ഇത് ഒരു സാധാരണ റോഡ് നന്നാക്കുന്ന പ്രശ്നംപോലെയെടുക്കാൻ സാധിക്കുകയില്ല. കൃഷിനാശം സംഭവിച്ചവർക്ക് എത്ര കോടി രൂപ കൊടുക്കാനുണ്ടെന്ന കണക്കുപോലും എടുക്കാൻ കഴിയാത്ത ജില്ലാ കളക്ടർമാരാണ്

LIBRARY ARCHIVES Kerala Legislative Assembly

ഈ സംസ്ഥാനത്തുള്ളത്. 23-ാം തീയതി ശ്രീ. ടി. എച്ച്. മുസ്തഫയും, ശ്രീ. ടി. എം. ജേക്കബും പങ്കെടുത്ത ഒരു കോൺഫറൻസിൽ ഈ കളക്ടർ പങ്കെടുത്തിരുന്നില്ല. ഈ സംഭവത്തിന്റെ റിവ്യൂ നടത്താൻ വേണ്ടി വിളിച്ചുകൂട്ടിയ യോഗമാണ്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: ഈ ഓർഡർ ന്യായമാണെന്ന് വളരെ പരസ്യമായി പറഞ്ഞുകൊണ്ട് ഈ കളക്ടറെ നമ്മുടെ ഭക്ഷ്യവകുപ്പുമന്ത്രി ശ്രീ. ടി. എച്ച്. മുസ്തഫ അഭിനന്ദിച്ചത് അങ്ങയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. എം. ജെ. സക്കറിയ: പല കാര്യങ്ങളും പലപ്പോഴും എന്റെ ശ്രദ്ധയിൽപ്പെടാറില്ല. ഇങ്ങനെ നിയമം കൈയിലെടുക്കുമ്പോൾ ഇതൊരു അമിതാധികാരമായി വരാൻ പാടില്ല. ഓരോരുത്തർക്കുമുള്ള അധികാരം നിയന്ത്രിച്ചുകൊണ്ടുപോകുന്നതാണ് നമുക്ക് ഏററവും ബുദ്ധിപരമായിട്ടുള്ള കാര്യമെന്നു മാത്രമേ പറയാനുള്ളൂ. അതിവൃഷ്ടിയിൽ വലിയ കടൽക്ഷോഭമുണ്ടായിട്ടുണ്ട് കളക്ടർക്ക് ശക്തിയുണ്ടാകുന്നത് ബാഹ്യ കാലാവസ്ഥയുടെ സമ്മർദ്ദം കൊണ്ടാണ്.......... .

ഡോ: കെ. സി. ജോസഫ്: കളക്ടറുടെ ശക്തിയ്ക്കുള്ള ഊർജ്ജ സ്രോതസ് ഏതാണെന്ന് വ്യക്തമാക്കാമോ?

ശ്രീ. എം. ജെ. സക്കറിയ: ഓരോരുത്തരുടെയും ഊർജ്ജസ്രോതസ് വ്യത്യസ്തമാണ്. അത് കണ്ടുപിടിക്കാനുള്ള വലിയ പരിജ്ഞാനമൊന്നും എനിക്കില്ല. എന്റെ നിയോജകമണ്ഡലം കടലോര പ്രദേശമാണ്. അവിടത്തെ കടൽഭിത്തി തകർന്നുപോയി. കടൽഭിത്തി നിർമ്മാണത്തിന് പണം കണ്ടെത്തണം. മുമ്പ് കേന്ദ്രഗവൺമെൻറ് പണം തരുമെന്ന പ്രതീക്ഷയിൽ സംസ്ഥാന ഗവൺമെൻറ് ചെലവഴിക്കുകയും കേന്ദ്രഗവൺമെൻറ് തരുന്നമുറയ്ക്ക് കടം വീട്ടുകയും ചെയ്തിരുന്നു. കേന്ദ്രഗവൺമെൻറ് തരുന്നില്ല. കേന്ദ്രഗവൺമെൻറ് തന്നില്ലെങ്കിൽ സംസ്ഥാന ഗവൺമെൻറിന് ഫണ്ട് ഉണ്ടോ ഇല്ലയോ എന്നറിയണം. സപ്ലിമെൻററി ഗ്രാൻറിലോ ബഡ്ജററിലോ ഈ സംഖ്യ വന്നിട്ടില്ല. കുറെ തുക ഇതിലേക്ക് കൊള്ളിച്ചിട്ട് കേന്ദ്ര ഗവൺമെൻറിൽനിന്നും നമുക്ക് കിട്ടാനുള്ളത് കിട്ടാൻ സമ്മർദ്ദം ചെലുത്തേണ്ടയെന്നുകൂടി ഞാൻ ഈ സന്ദർഭത്തിൽ ചോദിക്കുവാൻ ആഗ്രഹിക്കുകയാണ്. വ്യവസായം ഒരു പ്രധാനപ്പെട്ട ഘടകമാണല്ലോ. ഇവിടെ വ്യവസായമേഖല തകർന്നുപോയി. നമുക്ക് വ്യക്തമായ ഒരു വ്യവസായ നയമുണ്ട്; കേന്ദ്രഗവൺമെൻറിനും വ്യവസായ നയമുണ്ട്, കേന്ദ്ര ഗവൺമെൻറിന്റെ വ്യവസായ നയത്തിന്റെ ചുവടുപിടിച്ചാണ് നാം പോകുന്നത്. കേന്ദ്ര ഗവൺമെൻറിന്റെ വ്യവസായ നയത്തെ അന്ധമായി പിന്താങ്ങുന്ന വ്യക്തിയല്ല ഞാൻ, അതിൽ ന്യൂനതകളുണ്ടാകാം, എല്ലാം അന്യൂനമാണെന്ന അവകാശവാദം എനിക്കില്ല. ബംഗാളിലെ മുഖ്യമന്ത്രിയുടെ പ്രസംഗത്തിൽ the West Bengal Chief Minister Mr. Jyothi Basu today stressed that his Government would take advantage of the positive action of the new industrial policy of the Centre to put industrtalisation in the State in top......എന്ന് പറഞ്ഞിട്ടുണ്ട്. മാർക്സിസ്ററ് കമ്മ്യൂണിസ്ററ് പാർട്ടി ഭരിക്കുന്ന ബംഗാളിൽ ജ്യോതിബാസുവിന്റെ ഗവൺമെൻറ് കേന്ദ്ര ഗവൺമെൻറിന്റെ വ്യവസായ നയത്തിന് മുന്തിയ പരിഗണന നൽകി വ്യവസായം കൊണ്ടുവരാൻ പോകുന്നു. അവിടത്തെ വ്യവസായികളോട്

പറഞ്ഞിരിക്കുന്നത് We have the political will to go ahead to ensure industrial growth, moreover, the State Industrial Policy would be reformulated and announced soon—എന്നാണ്. ന്യൂനതകൾ ഉണ്ടെങ്കിലും അതിന് നല്ല വശങ്ങളുള്ളതുകൊണ്ട് ആ വ്യവസായനയം അനുസരിച്ച് വ്യവസായികൾ മുന്നോട്ടുപോകണം. നമ്മെ സംബന്ധിച്ചിടത്തോളവും സമീപനത്തിൽ പ്രകടമായ മാററമുണ്ടാകണം. പ്രതിപക്ഷ-ഭരണപക്ഷ വ്യത്യാസമില്ലാതെ യോജിച്ച ഒരു നീക്കമുണ്ടാക്കിയാൽ മാത്രമേ വിഭവസമാഹരണം നടത്താൻ സാധിക്കുകയുള്ളൂ. വ്യവസായം ഒരു അനുപേക്ഷണീയമായ ഘടകമാണ്. വ്യവസായ രംഗത്ത് സമാധാന പരമായ അന്തരീക്ഷം നമ്മുടെ രാജ്യത്തുണ്ടാകണം. തൊഴിലവസരങ്ങളുണ്ടാകണമെങ്കിൽ തൊഴിൽ രംഗത്ത് സമാധാനമുണ്ടാക്കണം. നമുക്ക് ആവശ്യങ്ങൾ ഏറെയാണ്; നമ്മുടെ വിഭവങ്ങൾ വളരെ പരിമിതമാണ്. പരിമിതമായ വിഭവത്തിനകത്തുനിന്നുകൊണ്ട് കൂടുതൽ ക്ഷേമകരമായ പദ്ധതികളുമായി മുന്നോട്ടുപോകാൻ സാധിക്കണമെന്നതാണ് എനിക്ക് നിർദ്ദേശിക്കാനുള്ളത്. ഞാൻ ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി പിന്താങ്ങുന്നു.

ശ്രീ. ബേബി ജോൺ : സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. വിവിധങ്ങളായ കാരണങ്ങൾ കൊണ്ടാണ് എതിർക്കുന്നത് ഫിനാൻഷ്യൽ മാനേജ്മെൻറ് തന്നെ താറുമാറാക്കിയിരിക്കുകയാണ് ഈ ഗവൺമെൻറ്. അതിനേക്കാൾ ഉപരി ഈ ഗവൺമെൻറിന് ധനാഭ്യർത്ഥനകളായാലും, ഉപധനാഭ്യർത്ഥനകളായാലും കൊണ്ടുവരുവാനുള്ള ധാർമ്മികമായ അവകാശമില്ല. സാങ്കേതികമായി ഗവൺമെൻറിന് ഭൂരിപക്ഷമുണ്ട്. പക്ഷെ വസ്തുത പരിശോധിക്കുമ്പോൾ ഇവിടെ ഈ ഗവൺമെൻറിന് വാസ്തവത്തിൽ ഭൂരിപക്ഷമില്ല. കഴിഞ്ഞ പൊതു ചർച്ചയുടെ ഭാഗമായിട്ട് ബഹുമാന്യനായ മുഖ്യമന്ത്രി പ്രതിപക്ഷത്തോട് ഒരു വെല്ലുവിളി നടത്തി; ധൈര്യമുണ്ടെങ്കിൽ നിങ്ങൾ ഒരു അവിശ്വാസപ്രമേയം കൊണ്ടുവരിക, കാണിച്ചുതരാം എന്ന രീതിയിൽ. ഞാൻ അദ്ദേഹത്തോട് പറയുന്നത്, നമുക്ക് ഇതിന് നടപടിക്രമങ്ങളും കാര്യങ്ങളും ഒക്കെ ഉണ്ടല്ലോ. അദ്ദേഹം പ്രതിപക്ഷത്തെ വെല്ലുവിളിക്കുകയും ചെയ്തിരിക്കുകയാണ്. ഒരു കാര്യം അദ്ദേഹത്തിനു ചെയ്യാമോ ? വിപ്പു കൊടുക്കാതെ മനസ്സാക്ഷിക്ക് അനുസരിച്ച് വോട്ട് ചെയ്യാൻ എല്ലാവരേയും മുഖ്യമന്ത്രി അനുവദിക്കുമോ ? ഞാൻ അദ്ദേഹത്തോട് ആവശ്യപ്പെടുന്നു. ഇതൊരു പുതിയ കാര്യമല്ല. കെ.പി.സി.സി. പ്രസിഡൻറ് തെരഞ്ഞെടുപ്പിന്, രവി മൽസരിച്ചപ്പോൾ ആണെന്നു തോന്നുന്നു മനസ്സാക്ഷിക്ക് അനുസരിച്ച് വോട്ട് ചെയ്യാനുള്ള അനുവാദം ഉണ്ടായിരുന്നു. അതുപോലെ പ്രതിപക്ഷത്തെ വെല്ലുവിളിക്കുന്ന ഭരണകക്ഷിയോടും മുഖ്യമന്ത്രിയോടും ഞാൻ പറയുന്നു, നിങ്ങളുടെ ഈ വെല്ലുവിളി സ്വീകരിക്കാൻ ഞാൻ തയ്യാറാണ്; മനസ്സാക്ഷിക്ക് അനുസരിച്ച് വോട്ട് ചെയ്യാൻ നിർദ്ദേശം കൊടുക്കാമോ ? വിപ്പു കൊടുക്കാതെ ഇരിക്കാമോ ? കാണാം എന്തൊക്കെ നടക്കുമെന്ന്. നമുക്കറിയില്ലേ ? ഇവിടെ വരുന്ന അഭിപ്രായങ്ങളും വിമർശനങ്ങളും നമ്മൾ നോക്കേണ്ടിയിരിക്കുന്നു. ഫിനാൻഷ്യൽ മാനേജ്മെൻറിന് പകരം മിസ്മാനേജ്മെൻറ് ആണ് എന്നു ഞാൻ പറയുന്നു. ഞാൻ ഒന്നുരണ്ടുപ്രാവശ്യം ആവർത്തിച്ചതാണ്. എത്ര ആവർത്തിച്ചാലും മതിയാകാത്ത രീതിയിൽ മോശമായി കാര്യങ്ങൾ പോകുന്നുവെന്നുള്ളതുകൊണ്ടാണ് നേരത്തെ ഒരു വിവാദം വന്നത്, അതായിരുന്നല്ലോ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട്, സകല ഫിനാൻഷ്യൽ കോഡും

LIBRARY ARCHIVES Kerala Legislative Assembly

സകല നടപടിക്രമങ്ങളും ലംഘിച്ചുകൊണ്ട് ഒരു സൊസൈററിക്ക് കണ്ടിൻജൻസി ഫണ്ടിൽനിന്ന് ഒരു കോടി എൺപത്തഞ്ചുലക്ഷം രൂപ കൊടുത്തതു സംബന്ധിച്ച് ഒരു ചോദ്യം ചോദിച്ചപ്പോഠം ഈ വിവാദം വന്നത്. ഞാൻ അതിലേക്കൊന്നും കടക്കുന്നില്ല ഞാൻ പറയുന്നത് ഫിനാൻഷ്യൽ കോഡിനും സകല നടപടിക്രമങ്ങഠംക്കും എതിരാണ് ഇത് എന്നാണ്. ഞാൻ ചൂണ്ടിക്കാണിച്ചു തരാം. കണ്ടിൻജൻസി ഫണ്ട് എങ്ങനെ ഉപയോഗിക്കണം എന്നതിനെ സംബന്ധിച്ച് പറയുമ്പോഠം Such Contingency Fund shall be held on behalf of the Governor of Kerala by the Secretary to the Government of Kerala in the Department of Finance and the Governor shall have authority to make advances therefrom for the purpose of meeting any unforeseen expenditure pending authorisation of such expenditure by the State Legislature by law under Article 205 or Article 206 of the Constitution—എന്നാണ്. അൺഫോർസീൻ ആയിട്ടുള്ള പ്രളയക്കെടുതികഠം, നാചുറൽ കലാമിററീസ്, നമ്മഠം പ്രതീക്ഷിക്കാതെ വരും. ചിലപ്പോഠം കോർട്ട് ഓർഡർ വരും ജപ്തി ചെയ്യാൻ. അങ്ങനെയുള്ള സന്ദർഭങ്ങളിൽ മാത്രമേ കണ്ടിൻജൻസി ഫണ്ട് ഓപ്പറേററ് ചെയ്യാവൂ എന്നാണ് ഇതിൽ പറഞ്ഞിരിക്കുന്നത്. ഈ മന്ത്രിസഭയ്ക്കും മന്ത്രിയ്ക്കും ഇത് ബാധകമല്ലായിരിക്കും, അതിന്റെ കൂടെ പറയുന്നുണ്ട്; "Advances from the Fund shall be made for the purposes of meeting unforeseen expenditure, including expenditure on a new service not contemplated in the annual financial statement. അങ്ങനെ വരികയാണെങ്കിൽ A copy of the order sanctioning the advance, which shall specify the amount, the grant or appropriation to which it relates, and give brief particulars by sub-heads and units of appropriation of the expenditure for meeting which it is made, shall be forwarded by the Finance Department to the Accountant General. ഫിനാൻസ് ഡിപ്പാർട്ടുമെന്റിലും ഈ ഫയൽ ഇല്ല എന്നാണ് എനിക്ക് തോന്നുന്നത്, ആരുടെ കയ്യിലാണ് എന്ന് എനിക്കറിഞ്ഞുകൂടാ. ഈ ചട്ടങ്ങഠം അനുസരിച്ച് അക്കൗണ്ടന്റ് ജനറലിന് അയക്കാനുള്ളത് അയച്ചിട്ടില്ല. തൃശ്ശൂരിൽ കോൺഗ്രസ് (ഐ)-യിൽ ജലപ്രളയം ഉണ്ടായോ? പ്രകൃതിക്ഷോഭം ഉണ്ടായോ? ഇത്രയേറെ സാമ്പത്തിക ബുദ്ധിമുട്ടുള്ള അവസരത്തിൽ സകല ഫിനാൻഷ്യൽ ഡിസിപ്ലിനും ലംഘിച്ചു. ഞാൻ ഒന്നുരണ്ടുപ്രാവശ്യം പറഞ്ഞതാണ്. ശ്രദ്ധിക്കേണ്ടവർ ശ്രദ്ധിക്കുന്നില്ല എന്നുവന്നതു കൊണ്ടാണ് ഉപധനാഭ്യർത്ഥനയിൽ പറഞ്ഞത്. ഫിനാൻഷ്യൽ കോഡ് ലംഘിച്ചുകൊണ്ട് 1 കോടി 85 ലക്ഷം രൂപ ഗ്രാന്റ്. സൊസൈററിയുടെ ചരിത്രത്തിൽ ഇത്രയും വലിയ തുക കൊടുത്തിട്ടില്ല. പാർട്ടിസിപ്പേഷൻ ഉണ്ടായിട്ടുണ്ട്. ചെറിയ വർക്കിംഗ് ക്യാപ്പിററലിനുള്ള അസിസ്ററൻസ് കൊടുക്കും. അല്ലാതെ ഒരു സൊസൈററിക്കും...... പരിശോധിച്ചിട്ട് പടേഷൻ വാങ്ങിച്ചു. ഒരു കോടി പതിനേഴു ലക്ഷം രൂപയ്ക്ക് തീരുന്നതാണ് ഇത്. ഗ്രാന്റ് ഇപ്പോഠം കൊടുത്തിരിക്കുന്നത് ഒരു കോടി എൺപത്തഞ്ചു ലക്ഷം. അത് ഫിനാൻഷ്യൽ കോഡ് ലംഘിച്ചു കൊണ്ട് ചെയ്തിരിക്കുന്നു. ഞാൻ മനസ്സിലാക്കിയിരിക്കുന്നത് 3 കോടി രൂപയിൽ ബാക്കി ഇനി ഒരു കോടി പതിനഞ്ചു ലക്ഷം രൂപ കൂടി കൊടുക്കാനുണ്ട് എന്നാണ്. ഒരു കോടി പതിനേഴു ലക്ഷം രൂപയുടെ ഒരു പ്രോജക്ടിന് 3 കോടി രൂപ ഗ്രാന്റ് കൊടുക്കുന്നു. ഇപ്പോഠം ഇതിൽ ഒരു കോടി എൺപത്തിഏഴു ലക്ഷം രൂപ. ഇത് ചൂണ്ടിക്കാണിക്കണ്ടേ ഞങ്ങഠം? അസഹിഷ്ണുത വന്നാൽ ഒക്കുമോ?

അതാണ് അതിന്റെ കാര്യം. ഇങ്ങനെയുള്ള നടപടിക്രമങ്ങൾ വരുമ്പോൾ അത് ചൂണ്ടിക്കാണിക്കേണ്ടിയിരിക്കുന്നു. ജീപ്പ് വാങ്ങുന്നത് സംബന്ധിച്ച് ഇവിടെ ചൂണ്ടിക്കാണിച്ചു. അൺഫോർസീൻ എക്സ്പെൻസസ് വരും. പക്ഷെ ഇത്രയും കൂടുതൽ ജീപ്പ് നേരത്തെ ബഡ്ജററ് പ്രിപ്പറേഷൻ സമയത്ത് എസ്ററിമേററ് ചെയ്യാൻ കഴിയാത്ത രീതിയിൽ 40 ജീപ്പ് ഒക്കെ വരുമോ ? അതൊക്കെ ക്രമക്കേടുകൾ ആണ്. ഫിനാൻഷ്യൽ കോഡ് അനുസരിച്ച് പ്രവർത്തിക്കാത്തതുകൊണ്ട് വരുന്നതാണ്. എന്താണ് ഉദ്ദേശം എന്നു ഞാൻ പറയുന്നില്ല. മറെറാരു കാര്യം ഈ ഗവൺമെൻറിന് വാസ്തവത്തിൽ സ്വതന്ത്രമായി, മനസ്സാക്ഷിക്ക് അനുസരിച്ച് വോട്ട് നൽകാൻ കഴിയുമോ? ഈ ഗവൺമെൻറ് അഴിമതിയിൽ നിറഞ്ഞിരിക്കുന്ന ഒരു ഗവൺമെൻറാണ്. ഞങ്ങൾ എത്ര പ്രാവശ്യം പറഞ്ഞു. ഗവൺമെൻറ് വക വയ്ക്കില്ല. നിയമസഭയെ ഇത്രയേറെ പുച്ഛത്തോടുകൂടി, അഹങ്കാരത്തോടുകൂടി കാണുന്ന ഒരു ഗവൺമെൻറ് എന്റെ ഓർമ്മയിൽ വേറെ ഉണ്ടായിട്ടില്ല. നിയമസഭയെ ആദരിക്കും, നിയമസഭയിൽ സ്വതന്ത്രമായ ചർച്ചകൾ ഉണ്ടാകും, വിമർശനങ്ങൾ ഉൾക്കൊള്ളാൻ തയ്യാറാകും. എങ്കിലല്ലേ ജനാധിപത്യം സംരക്ഷിക്കാനും വളരാനും ഒക്കൂ. നിയമസഭയെ പുച്ഛം. വിമർശനങ്ങൾ ഉൾക്കൊള്ളാൻ കഴിയാതെ, അഹങ്കാരം മാത്രം കൈമുതലായുള്ള ഈ ഗവൺമെൻറ് തുടരുന്നത് സംസ്ഥാനത്തിന് നല്ലതാണോ ? അഴിമതി ആണ്. ബഹുമാനപ്പെട്ട ഉമ്മൻചാണ്ടി എന്താണ് പറഞ്ഞത് ; കോൺഗ്രസ് അഴിമതി സംഘടന ആയിരിക്കുന്നു എന്നാണ്. നേരത്തെ പറഞ്ഞിട്ടുണ്ട്, എങ്കിലും ഞാൻ പറയുന്നു. കേരളത്തിൽ കോൺഗ്രസ് അഴിമതി പാർട്ടിയായി. ആരാ പറയുന്നത് ? കോൺഗ്രസ് പാർട്ടിയുടെ സമുന്നതനായ ഒരു നേതാവ്. നിയമസഭാ കക്ഷിയുടെ ഉപനേതാവ് പരസ്യമായി പറയുന്നതാണ്, കോൺഗ്രസ് അഴിമതി പാർട്ടി ആയി എന്ന്. അവിടംകൊണ്ടും നിൽക്കുന്നില്ല. അദ്ദേഹം പിന്നീട് പറയുന്നത് ജനസേവനത്തിനു പകരം പാർട്ടിയെ അഴിമതിയുടെ മറയാക്കുന്നതിനോട് ഒരിക്കലും കൂട്ടുനിൽക്കാൻ ആവുന്നില്ല. അപ്പോൾ ജനസേവനത്തിനുപകരം പാർട്ടിയുടെ അഴിമതിയുടെ മറ ആകുന്നതിനുവേണ്ടി ശ്രമിക്കുന്നു എന്ന് ഈ നിയമസഭയിൽ കോൺഗ്രസ് പാർട്ടിയുടെ ഉപനേതാവ് പറഞ്ഞിരിക്കുന്നു. ഇതിൽ കൂടുതൽ എന്തുവേണം ? അപ്പോഴേക്ക് വന്നു, പ്രതികരണം. കോഴിക്കോട് ഡി. സി. സി. പറഞ്ഞു ; ഉമ്മൻചാണ്ടി അങ്ങനെയൊന്നും ചമയണ്ട, ഉമ്മൻചാണ്ടിയും അഴിമതി നടത്തിയിട്ടുണ്ട് എന്ന്. ഡി. സി. സി. പ്രസിഡൻറും മററ് ആളുകളും ചേർന്ന് പ്രസ്താവന കൊടുത്തിരിക്കുന്നു. അതെനിക്ക് മനസ്സിലാക്കാൻ കഴിയും. പകരത്തിനു പകരം പറയുന്നത് മനസ്സിലാക്കാം. ഈ ഗവൺമെൻറ് അഴിമതിയുടെ ചെളിക്കുണ്ടിൽ ആണ് എന്ന് സ്ഥാപിക്കാൻ ഞാൻ വേറെ ഒന്നും ആശ്രയിക്കുന്നില്ല. ഇന്ന് മാതൃഭൂമി പത്രത്തിൽ വന്ന ഒരുറിപ്പോർട്ട് ആണ് ഇത്. ബഹുമാന്യനായ മുഖ്യമന്ത്രി ഈ കാര്യത്തെക്കുറിച്ച് പ്രതികരിച്ചിട്ടുണ്ട്. ചിലപ്പോൾ പത്രങ്ങൾ കാട്ട് ചെയ്യുന്നത് ശരിയല്ല എന്ന് മുഖ്യമന്ത്രി പറഞ്ഞുകളയും. അദ്ദേഹം പറഞ്ഞത്, ''ആരും അങ്ങനെ ഹരിശ്ചന്ദ്രനാകണ്ട, പറയാൻ തുടങ്ങിയാൽ ധാരാളം വരും'' എന്നാണ്, ഇതാണ് അദ്ദേഹം പറഞ്ഞത്.

സർ,, അഴിമതിയെക്കുറിച്ച് ആരും പറയേണ്ട, ആരും അങ്ങനെ ഹരിശ്ചന്ദ്രനാകേണ്ട. അതു പറഞ്ഞാൽ കാര്യങ്ങളെല്ലാം അവതാളത്തിലാകും, കുഴപ്പത്തിലാകും എന്നാണ്. ഇതിന്റെ അർത്ഥമെന്താണ്? ഞാൻ മനസ്സിലാക്കുന്നത് അഴിമതിയുണ്ട് എന്ന് മുഖ്യമന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

പരോക്ഷമായി സമ്മതിക്കുന്നു, പക്ഷെ ശ്രീ. ഉമ്മൻചാണ്ടി ഹരിശ്ചന്ദ്രനൊന്നും ആകേണ്ട ; അദ്ദേഹവും അഴിമതി നടത്തിയിട്ടുണ്ട് എന്നാണ്. അല്ലെങ്കിൽ ഹരിശ്ചന്ദ്രനാകേണ്ട എന്നു പറയുമോ ? ഇതിനെക്കുറിച്ച് ആരെങ്കിലും പറഞ്ഞാൽ അത് ഞങ്ങളുടെ ആഭ്യന്തര കാര്യമാണ് ഞങ്ങളുടെ പാർട്ടിയുടെ കാര്യമാണ് എന്നു പറയും. ഇപ്പോൾ അഴിമതി ആഭ്യന്തര കാര്യമായിട്ടുണ്ട്. കോഴിക്കോട് നടന്ന തല്ല് കണ്ടില്ലേ ? അത് ആഭ്യന്തര കാര്യമായിട്ടുണ്ട്. അതുപോലെ തന്നെ തല്ല്, പോലീസ് കേസ് ഇതെല്ലാംതന്നെ. ഡി. സി. സി. സെക്രട്ടറി രാജി വയ്ക്കുന്നു, ഉടനെ മെമ്പറെ സസ്പെൻറ് ചെയ്യുന്നു. കഴിഞ്ഞ നിയമസഭയിൽ ഇത് വന്നതാണ്. എൻെറ ബഹുമാന്യനായ സുഹൃത്ത് ശ്രീ. പ്രകാശ് ബാബു ഇതിനെക്കുറിച്ച് ഉന്നയിച്ചതാണ്. അന്ന് അദ്ദേഹം പറഞ്ഞ സമാധാനം എന്താണ്? പുച്ഛരിച്ചുതള്ളി പിന്നീട് വ്യത്യസ്തങ്ങളായ രണ്ടു റിപ്പോർട്ടുകൾ വന്നു. ചീഫ് ടെക്നിക്കൽ എക്സാമിനറെക്കൊണ്ട് അന്വേഷിപ്പിക്കുമെന്നാണ്. ഞാൻ അത് പരിശോധിച്ചു. പത്രങ്ങളിൽ വന്നതും കോടതി വിധിയും എല്ലാം നോക്കി. വ്യത്യസ്തമായ ഒരു അഭിപ്രായവും വന്നിട്ടില്ല, ആദ്യത്തെ പരിശോധനയിൽ ഉദ്യോഗസ്ഥൻമാർ പറഞ്ഞത് ശരിയാണ് ; ഗവൺമെൻറിന് നഷ്ടം വന്നിട്ടില്ല എന്നേ പറഞ്ഞിട്ടുള്ളൂ ; അല്ലാതെ അവിടെ കുഴപ്പം നടക്കുന്നുവെന്ന് പറഞ്ഞിട്ടില്ല. എന്നിട്ട് ഞാനാണ് അന്വേഷണത്തിന് ഉത്തരവിട്ടത് എന്നാണ് പറയുന്നത്. അത് ശരിയാണ്. അന്നത്തെ എസ്. പി. തന്നെ വേണ്ടായെന്നു വച്ച സ്ഥിതിയുണ്ട്, ഞാൻ അതിൻെറ വിശദാംശങ്ങളിലേക്ക് പോകുന്നില്ല, അദ്ദേഹത്തിൻെറ ഗവൺമെൻറ് തന്നെയാണ് ഉത്തരവിട്ടത്. ഞാൻ സമ്മതിക്കുന്നു. പക്ഷെ ഇപ്പോൾ എന്തിനാണ് ഈ മോശത്തരം കാണിക്കുന്നത് ? അദ്ദേഹം ഉണ്ടായിരുന്നുവെങ്കിൽ ഞാൻ അദ്ദേഹത്തോട് ചോദിക്കുമായിരുന്നു. എന്തിനാണ് അദ്ദേഹം ഈ ആളുകൾക്ക് കൂട്ടുനിൽക്കുന്നത് ? മുഖ്യമന്ത്രി കൂടി ഈ മോശത്തരത്തിന് കൂട്ടുനിൽക്കുകയല്ലേ ചെയ്യുന്നത് ? അതുകൊണ്ടല്ലേ ആളുകൾ പറയുന്നത് ? അദ്ദേഹം ഓർഡറിട്ടുവെന്നു അവകാശപ്പെടുന്ന വിജിലൻസ് കേസ് അന്വേഷണ നടപടി സ്റ്റേ ചെയ്തുകൊണ്ട് ചീഫ് ടെക്നിക്കൽ എക്സാമിനറോട് ആവശ്യപ്പെട്ടിരിക്കുകയാണ്. എന്താണ് ഇത് ? ഇവിടെ ക്രിമിനൽ കേസ് ഉണ്ട്. വിജിലൻസ് ഡിപ്പാർട്ട്മെൻറ് പ്രോസിക്യൂഷനുള്ള അനുവാദം വേണമെന്നു പറഞ്ഞപ്പോൾ ഡീറെയിൽസ് എൻക്വയറിക്ക് അനുവദിച്ചു. ഇത് സി. റ്റി. ഇ. അന്വേഷിക്കുമെന്ന് പറഞ്ഞു. ഇത് ക്രിമിനൽ കേസല്ല. അതിന് സഹായകമായ രീതിയിൽ മുഖ്യമന്ത്രി നിൽക്കുമ്പോൾ ആളുകൾ തെററിദ്ധരിച്ചാൽ കുററം പറയാനൊക്കുമോ ? അന്ന് ശ്രീ. പ്രകാശ്ബാബു മുഖ്യമന്ത്രിയെ മാറാണം എന്നൊന്നും പറഞ്ഞില്ല. ഞാൻ അത് ഓർക്കുന്നു. വേറെയാളുകൾ വാങ്ങിച്ചു ; അങ്ങ് അതിന് ഉത്തരവിട്ടു എന്നൊക്കെയാണ് പറഞ്ഞത്. ഇത് നമ്മുടെ മുഖ്യമന്ത്രിക്ക് യോജിച്ചതാണോ ? മുഖ്യമന്ത്രി തന്നെ പറയുന്നു ശ്രീ. ഉമ്മൻചാണ്ടി വലിയ വേലയൊന്നും കാണിക്കേണ്ട. ഹരിശ്ചന്ദ്രനാകേണ്ടാ, എൻെറ കയ്യിൽ അതിൻെറ വിവരമുണ്ട് എന്ന്. മൊത്തത്തിൽ ഈ ഗവൺമെൻറ് അഴിമതിയുടെ ചെളിക്കുണ്ടിൽ നിൽക്കുന്നു. ധാർമ്മികമായി ഈ ഗവൺമെൻറിന് ഭരണത്തിൽ തുടരാൻ അവകാശമില്ല. കാരണം മുഖ്യമന്ത്രി തന്നെ സമ്മതിച്ചിരിക്കുന്നു അഴിമതിയുണ്ടെന്ന്. അതിനെതിരെ പ്രതികരിച്ചുകൊണ്ടാണ് മുഖ്യമന്ത്രി പറഞ്ഞത്, ആരും ഹരിശ്ചന്ദ്രനാകേണ്ട; എൻെറ കയ്യിൽ അതിൻെറ വിവരമുണ്ട് എന്ന്. ഇപ്പോൾ രണ്ടുകൂട്ടരും സമ്മതിച്ചിരിക്കുന്നു; ഈ ഗവൺമെൻറ് അഴിമതിയിൽ



LIBRARY ARCHIVES Kerala Legislative Assembly

മുങ്ങിക്കുളിച്ചു നിൽക്കുന്ന ഗവൺമെൻറാണ്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത്, ഇവർക്ക് ഭരണത്തിൽ തുടരാൻ അവകാശമില്ല എന്ന്. എനിക്ക് വാസ്തവത്തിൽ ഭരണകക്ഷി നേതാക്കൻമാരോട് സ്നേഹവും ബഹുമാനവുമൊക്കെയുണ്ട്. പക്ഷെ അവരുടെ പല നടപടികളും കാണുമ്പോൾ ദുഃഖം തോന്നുന്നുണ്ട്. ഇത് ഞാൻ വെറുതെ പറയുന്നതല്ല. ഈ നാട് ഇങ്ങനെയായിപ്പോയല്ലോ എന്ന കാര്യം ഓർത്ത് ദുഃഖം തോന്നുന്നു. ഉദാഹരണമായി മുസ്ലീംലീഗിൻെറ കാര്യം തന്നെ എടുക്കാം. മുസ്ലീംലീഗിൻെറ കാര്യം പറയുമ്പോൾ അങ്ങേയ്ക്കു കൂടി താൽപ്പര്യം കാണും. ഞാൻ ആക്ഷേപിക്കുന്നതല്ല. ഈ നിയമസഭയിൽ വന്ന ഒരു പ്രശ്നം ക്യാബിനററ് തീരുമാനമില്ലാതെ, തീരുമാനമുണ്ട് എന്നു വ്യാജമായി എഴുതി ഗവർണ്ണറെക്കൊണ്ട് ഓർഡർ ഒപ്പിടുവിച്ചു. അഡീഷണൽ അഡ്വക്കേററ് ജനറലിൻെറ നിയമനകാര്യത്തെപ്പററി പ്രതിപക്ഷത്തു നിന്നൊക്കെ പ്രശ്നമുന്നയിച്ചു. മറുപടിയും പറഞ്ഞു. മറുപടിയ്ക്കിടയിൽ ബഹുമാന്യനായ കുഞ്ഞാലിക്കുട്ടി പറഞ്ഞു പറയേണ്ടിടത്ത് ഞാൻ പറയാം എന്ന്. എന്നാൽ ഒന്നുമില്ലാ എന്നാണ് ശ്രീ. കരുണാകരൻ പറയുന്നത്, അങ്ങനെ പറഞ്ഞപ്പോൾ ഞങ്ങൾ പറഞ്ഞു ഇവിടെ വച്ചു തന്നെ പറയണമെന്ന്. പറയേണ്ടിടത്ത് പറയാമെന്ന് പറഞ്ഞാൽ അതിൽ എന്തോ പന്തികേടുണ്ട് എന്നല്ലേയുള്ളത് ? പക്ഷെ പിന്നത്തെ ക്യാബിനററിൽ മുഖ്യമന്ത്രി പറഞ്ഞു ശ്രീ. കുഞ്ഞാലിക്കുട്ടി ഒന്നും പറഞ്ഞില്ല, ഒരു കുഴപ്പവുമില്ല എന്ന്. അങ്ങ് അത് ശ്രദ്ധിച്ചില്ല. അതു കഴിഞ്ഞ് പിന്നീട് വാർത്ത വന്നത് ഇത് ചർച്ച ചെയ്യണമെന്ന് ശ്രീ. കുഞ്ഞാലിക്കുട്ടി ആവശ്യപ്പെട്ടിരിക്കുന്നു എന്നാണ് ഇത് ക്യാബിനററ് തീരുമാനിച്ചതല്ല. ഇത് എങ്ങനെ തീർന്നുവെന്ന് എനിക്കറിയില്ല. ഞാൻ അന്ന് ഉപയോഗിച്ച പദപ്രയോഗം മോശമായിരുന്നുവെന്ന് ചിലർ പിന്നീട് എന്നോട് പറഞ്ഞു. ഘടക കക്ഷികളിൽ പലതും നക്കാപ്പിച്ചകൊണ്ട് തൃപ്തിപ്പെടുന്നവരാണ് എന്ന് പറഞ്ഞത് മോശമായിപ്പോയി എന്ന് എന്നോട് ചില സുഹൃത്തുക്കൾ പറഞ്ഞു. പക്ഷെ ഞാൻ പറയാതിരിക്കുന്നത് എങ്ങനെയാണ് ? ഇപ്പോൾത്തന്നെ എന്താണ് നടന്നത് ? ക്യാബിനററ് തീരുമാനമില്ലാതെ ഇത് വ്യാജമായി എഴുതിച്ചേർത്തു. രണ്ടാമത്തെ ക്യാബിനററിൽ ഇത് പറഞ്ഞുവെന്നാണ് പത്രത്തിൽ വാർത്ത വന്നത്. അതല്ല അതിൻെറ സൊലൂഷനാണ് രസം. അതൊക്കെ വിട്ടു. അഡീഷണൽ അഡ്വക്കേററ് ജനറൽ ശ്രീ. ബീരാൻെറ റാങ്കിൽ തെററ് സംഭവിച്ചു. പിന്നീടാണ് നമ്പർ 1 ആണ് വേണ്ടിയിരുന്നത്. രണ്ട് എന്നാണ് ഇട്ടിരുന്നത് എന്ന്. മനസ്സിലായത്. ഉടനെ ശ്രീ. കരുണാകരൻ പറയുകയും വേഗം തന്നെ ഡിസ്മിസ് ചെയ്യുകയും ചെയ്തു. ഇതല്ലേ ഇതിലെ മോശം ? റാങ്ക് തെററിച്ചത് പരിഹരിച്ചാൽ പ്രശ്നം തീർന്നു. ബഹുമാന്യനായ ശ്രീ. മാണിക്ക് ഒരു അഡീഷണൽ അഡ്വക്കേററ് ജനറലിനേയും കിട്ടി മുസ്ലീംലീഗിന് റാങ്ക് തെററിച്ച് നമ്പർ 1 ആക്കി കൊടുക്കുകയും ചെയ്തു. ഇത് ആക്ഷേപകരമാണ്. എൻെറ അഭിപ്രായത്തിൽ ശ്രീ. കുഞ്ഞാലിക്കുട്ടിക്കും ശ്രീ. കരുണാകരനും കൂടി ഒരു മന്ത്രിസഭയിൽ ഇരിക്കാൻ ഒക്കുകയില്ല. രണ്ടിൽ ഏതെങ്കിലും ഒരാളേ ആകാവൂ. അല്ലെങ്കിൽ അദ്ദേഹം പറഞ്ഞില്ലായെന്ന് പറയട്ടെ. ക്യാബിനററിൽ എടുക്കാത്ത തീരുമാനം എടുത്തു എന്ന് പറഞ്ഞ്, മുഖ്യമന്ത്രിയുടെ നടപടി തെററാണ് എന്നാണ് പറയുന്നത്. ക്യാബിനററ് രഹസ്യം പുറത്ത് പറയേണ്ട കാര്യമുണ്ടോ ? ക്യാബിനററ് രഹസ്യങ്ങളുണ്ട്. ചർച്ചകൾ പുറത്തു വരും, തീരുമാനങ്ങൾ വരും. തീരുമാനങ്ങൾ വരുക എന്നുള്ളത് രഹസ്യമാണോ ?

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ട് ഞാൻ പറയുന്നത് രണ്ടുപേരും കൂടി ഒരു ക്യാബിനററിൽ ഒക്കുകയില്ല എന്നാണ്. മറെറാരു കാര്യം എനിക്ക് സൂചിപ്പിക്കാനുള്ളത്—വാസ്തവത്തിൽ—എനിക്ക് ലീഗുകാരോട് നല്ല സ്നേഹമാണ്; അങ്ങയെ തൃപ്തിപ്പെടുത്താൻവേണ്ടി പറയുന്നതല്ല വാസ്തവത്തിൽ ഇത് കുറച്ച് ബുദ്ധിമുട്ടുണ്ടാക്കിയിട്ടുണ്ട്. എങ്കിലും ഒരു വശം പറയാൻ ഞാൻ ആഗ്രഹിക്കുന്നു. അടുത്തകാലത്ത് മുസ്ലീംലീഗ് സെക്രട്ടറി കൊരംമ്പയിൽ അഹമ്മദ്ഹാജിയുടെ ഒരു പ്രസ്താവനയുണ്ടായിരുന്നു. ഞാൻ സ്വാഗതം ചെയ്യുന്ന ഒരു പ്രസ്താവനയാണ്. 'ഭൂരിപക്ഷം വർഗ്ഗീയതയേയും ന്യൂനപക്ഷ വർഗ്ഗീയതയേയും മുസ്ലീംലീഗ് എതിർക്കുന്നു.'—ഇത് മുസ്ലീംലീഗിന്റെ . പ്രസ്താവനയാണ്. അതാണ് ശരിയെങ്കിൽ ഞാൻ അതിനെ വിശ്വസിക്കുന്നു. അങ്ങനെയാണെങ്കിൽ ലീഗ് ചെയ്യേണ്ടതായ ചില കാര്യങ്ങളുണ്ട്. എന്താണെന്നു വച്ചാൽ. സുപ്രീംകോടതിയിൽ ശ്രീ. ബൊമ്മെയുടെ കേസ് ഉണ്ട്. ചില സംസ്ഥാന ഗവൺമെന്റുകളെ പിരിച്ചുവിട്ടതിനെ സംബന്ധിച്ച് ശ്രീ. ബൊമ്മെ കൊടുത്ത കേസുണ്ട്. അതിൻമേൽ ഒരു വിധി വന്നിട്ടുണ്ട്. ആ വിധിയുടെ പ്രസക്ത ഭാഗങ്ങൾ വായിച്ചാൽ ഇൻഡ്യൻ യൂണിയൻ മുസ്ലീംലീഗ് എന്ന ഒരു പാർട്ടി നിലനിൽക്കാൻ പാടില്ല, നിയമസഭയിൽ മൽസരിക്കാൻ പാടില്ല എന്നു തോന്നും. ആ വിധിയുടെ ഉള്ളടക്കം അതാണ്.

'Secularism is a part of the basic structure of the Constitution. The relevant provisions of the Constitution by implication prohibit the establishment of a theocratic State and prevent the State either identifying itself with or favouring any particular religion or religious sector denomination. The State is enjoined to accord equal treatment to all religions and religious sects and denominations. Whatever the attitude of the State towards the religions, religious sects and denominations, religion cannot be mixed with any secular activity. നിങ്ങൾ ഇതുചെയ്യുന്നുവെന്നല്ല ഞാൻ പറയുന്നത്. പക്ഷെ മുസ്ലീംലീഗ് എന്ന പേര് വരുമ്പോഴേക്കും, മതത്തെ ഉപയോഗിച്ച് ഇങ്ങനെ മിക്സ് ചെയ്യുന്നുവെന്നുള്ള ധാരണയുണ്ട്. അതിന്റെ സൂചനയാണ് ഈ കേസിലെ Bommai and others Verses Union of India and Others എന്നും പറയുന്നത്. ഞാൻ എന്റെ സ്നേഹിതൻമാരോട് ഗുണദോഷിക്കുന്നത്........

ശ്രീ. എം. ജെ. സക്കറിയ : സർ, ഭാരതീയ ജനതാപാർട്ടി എന്നു പറയുന്നതുപോലെയായാൽ കുഴപ്പമില്ലല്ലോ. ഭാരതീയ ജനതാപാർട്ടി എന്നു പറയുന്നത് നല്ല പേരാണല്ലോ. അതിലൊന്നും ഹിന്ദുവെന്നോ മറെറാന്നുമില്ല. അപ്പോൾ ഭാരതീയ ജനതാപാർട്ടി എന്ന പേരുപോലെ ആയാൽ കുഴപ്പമില്ല എന്നല്ലേ പറഞ്ഞുവരുന്നത് ?

ശ്രീ. ബേബി ജോൺ : സർ, ഞാൻ ആ അർത്ഥത്തിലല്ല പറഞ്ഞത്. മുസ്ലീംലീഗ് അവരുടെ നടപടികൾ തിരുത്തണം. തെററാണ് എന്ന് പ്രധാനമന്ത്രി ശ്രീ. നരസിംഹറാവു പറഞ്ഞുവല്ലോ. പേരിന്റെ കാര്യമല്ല ഞാൻ പറഞ്ഞത്. ആ കോടതി വിധിയിലുള്ള ബി. ജെ. പി. യുടെ പ്രവർത്തനത്തെയാണോ ന്യായീകരിച്ചത്?



LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. വി. മുഹമ്മദ് : സർ, ബഹുമാനപ്പെട്ട അങ്ങ് ഒരുപാട് കാലം മുസ്ലീംലീഗുമായി യോജിച്ച് ഭരണത്തിൽ ഇരുന്നിട്ടുണ്ടല്ലോ. ഈ സംസ്ഥാനത്തിന്റെ പൊതുതാൽപ്പര്യത്തിനെതിരായി, മുസ്ലീംലീഗ് വല്ല തീരുമാനവും എടുത്തതായി നിങ്ങൾക്ക് പറയാൻ കഴിയുമോ?

ശ്രീ. ബേബിജോൺ : സർ, ഞാൻ വളരെ അഭിമാനത്തോടുകൂടി, സന്തോഷത്തോടുകൂടി പറയുന്നു, പല ദേശീയ പാർട്ടികളുടെയും നേതാക്കൻമാർ ദേശീയവാദികൾ എന്നവകാശപ്പെടുമ്പോഴും ഉള്ളിൽ കറുത്ത പാഠങ്ങളാണുണ്ടായിരുന്നത്. മുസ്ലീംലീഗ് കൂട്ടുകക്ഷി മന്ത്രിസഭയിൽ കേരളത്തിൽ വന്ന കക്ഷികളുടെ പുരോഗമനപരമായ ഒരു നടപടിക്കും എതിര് നിന്നിട്ടില്ല. എനിക്ക് അക്കാര്യത്തിൽ യാതൊരു സംശയവും ഇല്ല; അത് പറയാൻ മടിയുമില്ല. അതുകൊണ്ട്, സ്നേഹം കൊണ്ടാണ് ഞാൻ പറഞ്ഞത് അപകടമുണ്ടാകും, ഈ രീതിയിൽ സ്ഥാനാർത്ഥിത്വം വന്നാൽ കോടതി വിധിയുടെ അടിസ്ഥാനത്തിൽ നിങ്ങൾക്ക് മൽസരിക്കാൻ ഒക്കാതെ വരും.

ശ്രീ. എം. ജെ. സക്കറിയ: ഇവിടെ ആർ. എസ്. പി. ഉണ്ടല്ലോ, നമ്മൾ ആ കോട്ടം പരിഹരിക്കാം.

ശ്രീ. ബേബിജോൺ : അത്രയും വിവരദോഷം എനിക്കില്ല. ഞാൻ നിങ്ങൾക്കുവേണ്ടി പറയുന്നതാണ്, നിങ്ങളെ ഗുണദോഷിക്കുകയാണ്. നിങ്ങളോട് സ്നേഹമുള്ളതുകൊണ്ട് പറഞ്ഞതാണ്. നിങ്ങൾ അതിൽ പരിഭവിക്കേണ്ട, നിങ്ങളോട് സ്നേഹമുള്ളതുകൊണ്ടാണ് ഞാൻ പറയുന്നത്, നിങ്ങൾക്കും നിങ്ങൾ പ്രതിനിധാനം ചെയ്യുന്ന സമൂഹത്തിനും ഈ സംസ്ഥാനത്തിനും രാജ്യത്തിനും നല്ലതാണ്. ലീഗ് പിരിച്ചുവിട്ടിട്ട് പുതിയ ഒരു പാർട്ടി ഉണ്ടാക്കുന്നത്. ഏതെങ്കിലും പാർട്ടി... ........

ശ്രീ. എം. ജെ. സക്കറിയ : ഞങ്ങൾ അത് അർഹിക്കുന്ന ബഹുമാനത്തോടുകൂടി സ്വീകരിക്കുന്നു, ഒപ്പം ആർ. എസ്. പി. യും ഉണ്ടല്ലോ എന്ന് പറയുകയാണ്, പരസ്പരം സഹകരിക്കാൻ.

ശ്രീ. ബേബിജോൺ : സ്വാഭാവികമായും നമ്മൾ നേരത്തെ കൂട്ടുകൂടി നിന്നവരല്ലേ? ഞാൻ നിങ്ങൾക്ക് ഗുണം വരാനുള്ള ഒരു കാര്യം പറഞ്ഞതാണ്. അങ്ങനെയുള്ള ഒരു കാര്യം പറഞ്ഞത് നിങ്ങൾ അതിനെ എതിർക്കാനല്ല, വിമർശിക്കാനല്ല നാളെ നിങ്ങൾക്ക് അപകടം ഉണ്ടാകാൻ പോകുന്നു, നിങ്ങൾക്ക് തെരഞ്ഞെടുപ്പിൽ മൽസരിക്കാൻ സാധിക്കാത്ത സ്ഥിതി ഈ സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ വരും. അതുകൊണ്ട് പറഞ്ഞതാണ് ; അല്ലാതെ നിങ്ങളെ ആക്ഷേപിക്കാൻ വേണ്ടിയൊന്നുമല്ല.

ശ്രീ. ആര്യാടൻ മുഹമ്മദ് : ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സഭയിൽ ഇല്ലാത്ത സന്ദർഭം നോക്കി, നായനാരുടെ ഉപദേശപ്രകാരമാണോ അങ്ങ് ഈ പ്രസംഗം നടത്തുന്നത്.

ശ്രീ. ബേബിജോൺ : പണ്ട് മുതൽക്കേ ശ്രീ. ആര്യാടൻ മുഹമ്മദ് മുസ്ലീംലീഗിനെതിരാണ്. ഞാൻ എത്രയോ പ്രാവശ്യം അതിന് മാദ്ധ്യസ്ഥം വഹിച്ചിട്ടുണ്ട്. നിങ്ങൾ കാണിക്കുന്ന ഈ മോശത്തരം പാടില്ല എന്ന് ഞാൻ നിങ്ങളെ ഗുണദോഷിച്ചിട്ടില്ലേ? ഞാൻ പറഞ്ഞത്,

LIBRARY ARCHIVES Kerala Legislative Assembly

എനിക്ക് ലീഗിനോടുള്ള സ്നേഹംകൊണ്ടാണ്, ഈ അപകടത്തിൽ നിന്ന് രക്ഷപ്പെടണം; ദേശീയ ധാരയിലേയ്ക്ക് വരണം. ്രഷേ്ട് ഉള്ള ഈ പേര് ഉപേക്ഷിക്കണം. വേറെ പാർട്ടിയുണ്ടാക്കണം നിങ്ങൾ. അല്ലാതെ ഈ പേര് മാററിയതുകൊണ്ടു മാത്രം അതിന്റെ ഘടന മാറില്ല എന്നവർ പറഞ്ഞുകളയും. അതുകൊണ്ടുമാത്രം പറയുന്നതാണ്.

ശ്രീ. നാലകത്ത് സൂപ്പി : സോറിനെ അബദ്ധത്തിൽ ചാടിച്ചതു പോലെ ഞങ്ങളേയും ഉപദേശിക്കുകയാണോ?

ശ്രീ. ബേബിജോൺ : ഇതൊക്കെ രസിക്കാൻകൂടിയുള്ള കാര്യമാണല്ലോ. ഞാൻ പറഞ്ഞുവന്നത് സന്തോഷം കൊണ്ടാണ്, താൽപ്പര്യം കൊണ്ടാണ്, നാളെ ഉണ്ടാകാൻ സാദ്ധ്യതയുള്ള അപകടം, അതും ഏത് കോണ്ടക്സ്ററിൽ ആണ് എന്ന് മനസ്സിലാക്കണം. സുപ്രീംകോടതിയുടെ വിധിയും നരസിംഹറാവുവിന്റെ പ്രസ്താവനയും കൂടി ബന്ധപ്പെടുത്തി നോക്കുമ്പോൾ അപകടം പതിയിരിക്കുന്നു എന്ന് ഉടനെ മനസ്സിലാക്കാൻ കഴിയും. അതുകൊണ്ടാണ് ഞാൻ പറഞ്ഞത്. അതല്ലാതെ നിങ്ങളെ അധിക്ഷേപിക്കാനൊന്നുമല്ല ഞാൻ പറഞ്ഞത്. ചില ഡിപ്പാർട്ടുമെന്റുകളെക്കുറിച്ച് വിമർശിക്കുമ്പോൾ അതിൽ അസഹിഷ്ണുത കാണിച്ചതുകൊണ്ട് കാര്യമില്ല. ഈയടുത്ത ദിവസങ്ങളിലെ പത്രത്തിൽ കണ്ടു, കഴിഞ്ഞ സമ്മേളനകാലത്ത് ഇലക്ട്രിസിററി ബോർഡിനെക്കുറിച്ചുള്ള വിമർശനങ്ങളെപ്പററി. അതിനൊരു മറുപടി വന്നു. കേരളത്തിൽ പദ്ധതികൾ മുടങ്ങിയാൽ കേരളം ഇരുട്ടിലാകും. ശരിയാണ്. നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ ഇരിക്കുന്ന വൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയായില്ലെങ്കിൽ കേരളം രൂക്ഷമായ വൈദ്യുതിക്ഷാമത്തിലേക്ക് വീഴും. അതൊക്കെ ശരിയാണ്. ഈ ദുഃസ്ഥിതിയിൽനിന്ന് അൽപ്പമെങ്കിലും കരകയറണമെങ്കിൽ....... അതിനുള്ള ശ്രമങ്ങൾ കാര്യമായി പുരോഗമിച്ചുകൊണ്ടിരിക്കുമ്പോൾ ഈ പദ്ധതികളെ വിവാദങ്ങളിൽ തളച്ചിടുവാനുള്ള നീക്കം ഒഴിവാക്കണം. പക്ഷേ ഈ വിവാദം വരുന്നത് എങ്ങനെയാണ്? ഇത് ഇവിടെ കഴിഞ്ഞ നിയമസഭയിൽ പറഞ്ഞ കാര്യമാണ്. രണ്ടാമതും ഞാൻ അത് ആവർത്തിക്കുകയാണ്. ബഹുമാനപ്പെട്ട വിദ്യുച്ഛക്തി വകുപ്പുമന്ത്രി പറഞ്ഞ മറുപടി എന്നെ സംബന്ധിച്ചിടത്തോളം തൃപ്തികരമല്ലായിരുന്നു. ബ്രഹ്മപുരം സ്കീമിനെ സംബന്ധിച്ചിടത്തോളം; ഗ്രൗണ്ട് ലവൽ ചെയ്യണം. ടെൻഡർ വിളിച്ചു. ടെൻഡർ വിളിച്ചപ്പോൾ സബ്സ്റേറഷനു വേണ്ടി മാത്രമേയുണ്ടായിരുന്നുള്ളൂ. അതനുസരിച്ചാണ് ടെൻഡർ വിളിച്ചത് എന്നു പറഞ്ഞു. അതിൽ കുറഞ്ഞ റേററുകാരനാണ് കൊടുത്തത്. അതിലൊന്നും എനിക്ക് തർക്കമില്ല. ആ ടെൻഡർ കൊടുത്തതിനുശേഷമാണ് ബ്രഹ്മപുരം പദ്ധതിക്ക് കേന്ദ്രത്തിന്റെ അംഗീകാരം കിട്ടിയത്. അപ്പോൾ ഇവിടത്തെ വിമർശനം എന്താണെന്നുവച്ചാൽ ആ പാർട്ടിക്കുതന്നെ നെഗോഷിയേററ് ചെയ്ത് അത് കൊടുത്തതിനെപ്പററിയാണ് പറഞ്ഞത്. ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി എന്തായിരുന്നു? സമയബന്ധിത പരിപാടിയുടെ അടിസ്ഥാനത്തിൽ തീർക്കണമെന്ന് വിചാരിച്ചു, 18 മാസംകൊണ്ട് ഈ പദ്ധതി തീർക്കണമെന്ന് വിചാരിച്ചു; അതുകൊണ്ടാണ് ഇങ്ങനെ വന്നത് എന്നാണ്. സമയബന്ധിതമായി 18 മാസംകൊണ്ട് തീർക്കണമെന്ന് വിചാരിച്ച് ടെൻഡർ വിളിക്കാതെ കൊടുക്കണമെന്നാണോ? ടെൻഡർ വിളിക്കാനുള്ള ഒരു സംവിധാനം അതിൽ കാണുകില്ലേ? അതോ 18 മാസംകൊണ്ട് തീർക്കണമെന്നുള്ളതിനാൽ ടെൻഡർ വിളിക്കേണ്ട എന്നാണോ? 18 മാസംകൊണ്ട് സമയബന്ധിത

LIBRARY ARCHIVES Kerala Legislative Assembly

പരിപാടിയുടെ അടിസ്ഥാനത്തിൽ കൊടുക്കണമെന്നുള്ളതുകൊണ്ടാണ് ഇത് ഇങ്ങനെ നെഗോഷിയേറ്റ് ചെയ്ത് കൊടുത്തത് എന്നാണ് പറഞ്ഞത്. അപ്പോൾ ടെൻഡർ വിളിക്കാൻ വ്യവസ്ഥ ഇല്ലായിരുന്നോ? വിളിക്കാതെ കൊടുക്കണോ? അപ്പോഴാണ് ആളുകൾക്ക് സംശയം വരുന്നത്. അതിൽ മോശത്തരം ഉണ്ട്. പിന്നീട് ടെൻഡർ വിളിക്കാൻ സമയമില്ലാത്ത രീതിയിൽ ഇങ്ങനെ കൊടുക്കുന്നത് ശരിയാണോ? അഥവാ അങ്ങനെ വന്നാൽ സാധാരണ ചെയ്യാറുള്ളത് എന്താണെന്ന് അറിയാമോ? ചിലപ്പോൾ എക്സ്റ്റൻഷൻ കൊടുക്കും, ചിലപ്പോൾ എക്സ്ട്രാ വർക്ക് കൊടുക്കുമായിരിക്കും. ഇല്ലായെന്നൊന്നും ഞാൻ പറയുന്നില്ല. സാധാരണ ചെയ്യുന്നത് എന്താണ്? നിലവിലിരിക്കുന്ന റേറ്റിന് കൊടുക്കും. അദ്ദേഹം ഒരു റേറ്റ് കൊടുത്തിരുന്നു. അദ്ദേഹത്തിന് വർക്ക് കിട്ടി. ആ വർക്കിന് കൊടുത്തു എന്നു പറഞ്ഞാൽ എനിക്ക് മനസ്സിലാക്കാൻ കഴിയും. പക്ഷേ അദ്ദേഹവുമായി നെഗോഷിയേറ്റ് ചെയ്ത് എസ്റ്റിമേറ്റ് റേറ്റിന് കൊടുക്കുന്നു—നെഗോഷിയേറ്റ് ചെയ്ത എസ്റ്റിമേറ്റ് റേറ്റിന് ആ കോൺട്രാക്ടർ കുറഞ്ഞ റേറ്റിന് ചെയ്തുകൊണ്ടിരിക്കുകയാണ്. അതേ വർക്ക് ആണ്, അതേ സ്വഭാവമുള്ളത്, അതേ സ്ഥലത്തുതന്നെ എടുക്കുമ്പോൾ നെഗോഷിയേറ്റ് ചെയ്ത് എസ്റ്റിമേറ്റ് റേറ്റിന് കൊടുക്കണമെന്നുപറഞ്ഞാൽ! ഞങ്ങൾ അതിൽ അപാകതയുണ്ടെന്നുള്ളത് ചൂണ്ടിക്കാണിച്ചാൽ അസഹിഷ്ണത കാണിച്ചതുകൊണ്ട് കാര്യമുണ്ടോ? അതിൽ അപാകതയുണ്ടെന്ന് ആത്മാർത്ഥമായി വിശ്വസിക്കുന്നു. ഇലക്ട്രിസിറ്റി ബോർഡിൽ എച്ച്. സി. സി. യുടെ എന്തിനേയോകുറിച്ച് ഒരു തീരുമാനമുണ്ടായിരുന്നല്ലൊ, സർ, അങ്ങ് ഓർക്കുന്നില്ലേ, എട്ട് കോടി രൂപ കൊടുക്കാനുള്ള ഒരു തീരുമാനം: അതൊരു തീരുമാനമെന്ന് പറഞ്ഞുകൂടാ, ഒരു റെക്കമെൻേറഷൻ. മാതൃഭൂമി പത്രത്തിലാണെന്നു തോന്നുന്നു, ആദ്യം വന്നത്, ആ എട്ടുകോടി രൂപയെ സംബന്ധിച്ചിടത്തോളം പത്രത്തിൽ വന്നപ്പോൾ പിന്നീട് അത് നിർത്തിവച്ചു. ഞാൻ സമ്മതിക്കുന്നു, അദ്ദേഹം ഇവിടെ മറുപടി പറഞ്ഞു, ഇങ്ങനെയൊരു തീരുമാനമെടുത്തിട്ടില്ലായെന്ന്. അങ്ങനെ ഈ സഭയിൽ ഏതെങ്കിലും രീതിയിൽ മറുപടി പറഞ്ഞാൽ അത് മററുള്ളവർ സ്വീകരിച്ചുകൊള്ളണമെന്നു പറയുന്നത് ശരിയായിരിക്കില്ല. ടെക്നിക്കലായിട്ട്, സാങ്കേതികമായിട്ട് ശരിയായിരിക്കാം. അദ്ദേഹം പറഞ്ഞത്കാരണം അദ്ദേഹം ഇലക്ട്രിസിററി ബോർഡിലെ സെക്രട്ടറിയുടെ നോട്ട് ഇവിടെ വായിച്ചു. ഞാൻ ചോദിക്കുന്നു, ഇങ്ങനെ മാത്രം മതിയോ? പത്രങ്ങളിൽ വന്നതാണ്. ഇലക്ട്രിസിററി ബോർഡിൽ ഒരു കമ്മിററിയെ നിയമിച്ചിരുന്നു, എച്ച്. സി. സി.-യുടെ ക്ലെയിംസ് നോക്കാൻ. ഞാൻ അതിൻെറ ഡീറെറയിൽസിലേക്കൊന്നും പോകുന്നില്ല. ബോർഡിൻെറ ഒരു ഓർഡർ ഉണ്ട്, Board hereby accord sanction to pay an interest-free adhoc advance of 250 lakhs to M/s H. C. C. Ltd., Contractors as an interim payment recommended specially by the Ad hoc Committee, which shall be adjusted against the amount payable to the Company based on the recommendations of the Ad hoc Committee.

അതിൻെറ അർത്ഥം എന്താണ് ? ആ കമ്മിററി ഇത് സ്വീകരിച്ചിരിക്കുന്നു, ബോർഡ് തീരുമാനിച്ചത് കൊടുക്കണമെന്നുള്ളത്. ........ based on the recommendations of the Adhoc Committee. കൊടുക്കേണ്ടിവരുന്ന തുകയിൽ അഡ്ജസ്റ്റ് ചെയ്യാനുള്ള ഇൻററസ്ററ ഫ്രീ ലോൺ കൊടുക്കുന്നു എന്ന് ബോർഡ് തീരുമാനമെടുത്തതാണ്.

ഞങ്ങൾ അത് ചൂണ്ടിക്കാണിക്കേണ്ടേ? ഞങ്ങൾ അത് ചൂണ്ടിക്കാണിക്കുമ്പോൾ അസഹിഷ്ണുത കാണിച്ചതുകൊണ്ട് കാര്യമുണ്ടോ? എച്ച്. സി. സി. ടെൻഡർ സംബന്ധിച്ച് ഞങ്ങൾ പറഞ്ഞു. അദ്ദേഹം ഇവിടെ വായിച്ചു, സെക്രട്ടറി കൊടുത്ത റിപ്പോർട്ടായിരിക്കും. പക്ഷെ എച്ച്. സി. സി.-ക്ക് രണ്ട് കോടി അൻപത് ലക്ഷം രൂപയ്ക്ക് ഇടയ്ക്കൊരു അഡ്ഹോക്ക് പേമെൻറ് എന്നുകൂടി വരുമ്പോഴാണ്, എന്തിനാണ് ഇങ്ങനെയൊരു രണ്ടുകോടി അൻപത് ലക്ഷം ഇതിനിടയ്ക്ക് വരുന്നത് എന്നുള്ള ചോദ്യം ഉണ്ടാകുന്നത്. എന്നിട്ട് തീരുമാനമെടുത്തു. ഇത് അതിൻെറ ഓർഡർ ആണ്. വേണമെങ്കിൽ ഞാൻ മേശപ്പുറത്ത് വയ്ക്കാം.

"Board hereby accord sanction to pay an interest free ad hoc advance of Rs. 250 lakhs to M/s H.C.C. Ltd, Contractors as an interim payment recommended specially by the Ad hoc Committee which shall be adjusted against the amount payable to the Company.............. .................................. based on the recommendation of the Ad hoc Committee.".

സർ, ഞാൻ പറഞ്ഞത് ഇങ്ങനെയുള്ള ധാരാളം കാര്യങ്ങളുണ്ട്. നമുക്ക് വിമർശനം ഉൾക്കൊള്ളാൻ കഴിയണം. ആളുകൾക്ക് അധികാരത്തിൻെറ മത്ത് തലയ്ക്ക് പിടിക്കരുത്. അങ്ങനെ വരുമ്പോൾ ഓരോരുത്തരും തോന്നുന്നതൊക്കെ വിളിച്ചുപറയും. വ്യക്തിപരമായി എന്തെങ്കിലും പറഞ്ഞാൽ അദ്ദേഹത്തിന് പ്രയാസം വരും, എങ്കിലും ഞാൻ ബഹുമാനപ്പെട്ട പത്മരാജനോട് ചോദിക്കുകയാണ് ഇവിടെ ഇപ്പോൾ സ്മാരകങ്ങൾക്ക് തുക അനുവദിച്ചിട്ടുണ്ട്. ബഹുമാന്യനായ മന്നത്തു പത്മനാഭൻെറ പ്രതിമയ്ക്ക് 7 ലക്ഷം രൂപ. ബഹുമാന്യനായ സി. കേശവൻെറ പ്രതിമയ്ക്ക് 5 ലക്ഷം രൂപ. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻെറ സ്മാരകത്തിന് 2 ലക്ഷം രൂപ. ശ്രീ. മന്നത്തു പത്മനാഭൻെറ പ്രതിമ നിർമ്മിക്കുന്നതിന് 7 ലക്ഷം രൂപ കൊടുക്കുന്നതിൽ എനിക്ക് അഭിപ്രായവ്യത്യാസമൊന്നും ഇല്ല; യാതൊരു എതിർപ്പും ഇല്ല. ആ പരിഗണന നമ്മുടെ ദേശീയ സ്വാതന്ത്ര്യസമരത്തിൽ സജീവമായി പങ്കെടുത്ത ബഹുമാന്യനായ സി. കേശവനോട് കാണിച്ചില്ലല്ലോ. കരുണാകരന് താൽപ്പര്യം കാണില്ല; വികാരപരമായ അടുപ്പം കാണില്ല. പത്മരാജന് ആ വികാരപരമായ അടുപ്പം ഉണ്ടെന്നാണ് ഞാൻ ധരിച്ചത്. പനമ്പിള്ളി ഗോവിന്ദമേനോൻെറ സ്മാരകത്തിന് 2 ലക്ഷം രൂപയാണ് കൊടുത്തിരിക്കുന്നത്. ഞാൻ സമ്മതിച്ചു. മന്നത്തിൻെറ സ്മാരകത്തിന് 7 ലക്ഷം രൂപ കൊടുക്കണം. ബഹുമാന്യനായ മുഖ്യമന്ത്രി ഇവിടെ ഇല്ല. 'നന്ദികേടേ നിൻെറ പേരോ കരുണാകരൻ?' എന്ന് ചോദിക്കാൻ ഞാൻ നിർബന്ധിതനാകുന്നു. കാരണം എന്താണെന്നുവച്ചാൽ കരുണാകരനെ ഈ നിലക്ക് വളർത്തിക്കൊണ്ടുവന്നതിൽ പ്രധാനമായൊരു പങ്ക് ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോന് ഉണ്ടായിരുന്നു എന്നാണ് ഞങ്ങളൊക്കെ വിശ്വസിക്കുന്നത്. തൻെറ സ്വന്തമായ കഴിവിൽ വളർന്നു എന്നായിരിക്കും ഇപ്പോൾ കരുണാകരന് പറയാനുള്ളത്. ഈ ഗവൺമെൻറ് ബഡ്ജററിനെ സംബന്ധിച്ചുള്ള സകല ബേസിക് പ്രിൻസിപ്പിൾസും ലംഘിക്കുന്നു. ഞാൻ അതാണ് വായിച്ചത്, കണ്ടിൻജൻസി ഫണ്ട് എന്തിന് ഉപയോഗിക്കുന്നു. അൺഫോർച്ചുണേററ് ആയി എന്തെങ്കിലും വരുമ്പോഴാണ് അത് ഉപയോഗിക്കുന്നത്. തൃശ്ശൂർ കോൺഗ്രസ് ഐ-യിൽ ജലപ്രളയം ഉണ്ടായോ? അവിടെ ഉടനടി ഒരു കോടി എൺപത്തി അഞ്ച് ലക്ഷം രൂപ കൊടുത്തു. ഇവിടെ ക്ഷയരോഗികൾക്ക് കൊടുക്കാൻ പൈസ ഇല്ല. മെഡിക്കൽ കോളേജിലെ സ്ഥിതി അറിയാമോ? 70 ലക്ഷം രൂപ

അവരുടെ ഡെവലപ്പ്മെൻറ് കൗൺസിലിൽ ഉണ്ട്. പക്ഷെ അവർക്ക് 20,000 രൂപ എടുക്കുവാൻ ഒക്കുന്നില്ല. അത്ര ഫൈനാൻഷ്യൽ ഡിഫിക്കൽറ്റീസ് ആണ്. ഗവൺമെൻറ് സമ്മതിക്കുന്നില്ല. അവിടെ മരുന്നും, പഞ്ഞിയും ഒന്നും ഇല്ല. കഴിഞ്ഞ വർഷം എനിക്ക് ആശുപത്രിയിൽ കിടക്കേണ്ടിവന്നു. ആശുപത്രിയിൽ മരുന്നു വാങ്ങുന്നതിനും മററും ഫണ്ട് വിനിയോഗിക്കുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. അത് ഞാൻ നിയമസഭയിൽ കഴിഞ്ഞ വർഷം ഉന്നയിച്ചു. ബഹുമാന്യനായ ഉമ്മൻചാണ്ടി പറഞ്ഞു, യാതൊരു നിയന്ത്രണവും ഇല്ല എല്ലാം മാററിയിരിക്കുന്നു എന്ന്. ഞാൻ ഉത്തരവാദിത്വത്തോടുകൂടി പറയുന്നു, ഇവിടെ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നു. പ്രഖ്യാപിത നിയന്ത്രണമാണോ എന്ന് എനിക്ക് അറിയില്ല. പഞ്ഞി വാങ്ങിക്കാനുള്ള പൈസ പോലും അവർക്ക് കിട്ടുന്നില്ല. മെഡിക്കൽ കോളേജിലേക്ക് മരുന്നു കച്ചവടക്കാർ നയാപൈസയ്ക്ക് മരുന്നു കടം കൊടുത്തില്ല. നമ്മുടെ സംസ്ഥാനത്തിൻെറ സ്ഥിതി ആ നിലയിലായിട്ടുണ്ട്. പഞ്ഞികൊണ്ടു വന്നപ്പോൾ കളിയിക്കാവിളയിൽ തടഞ്ഞിട്ടിരുന്നു, അവിടത്തെ സൂപ്രണ്ട് ഒടുവിൽ അർദ്ധരാത്രി അവിടെ പോയി കാര്യങ്ങൾ ശരിയാക്കി. ഈ ഗവൺമെൻറ് ആരോപണങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിന് എന്ത് തീരുമാനമാണ് എടുക്കുന്നത്? രഘുചന്ദ്രബാലിൻെറ കാര്യം ഈ നിയമസഭയിൽ വന്നതാണ്. മുഖ്യമന്ത്രി അന്വേഷിക്കാം എന്ന് പറഞ്ഞതാണ്. നിയമത്തെ പുച്ഛത്തോടുകൂടിയാണ് കാണുന്നത്. അഹങ്കാരത്തോടുകൂടിയാണ് ഈ ഭരണാധികാരികൾ കൈകാര്യം ചെയ്യുന്നത്. It has been ordered by the Hon. Minister for Excise to transfer the undermentioned excise guard from the Excise Division. Now they are working in the Exise Division noted against the ................ഇത് റവന്യൂബോർഡ് സെക്രട്ടറിയുടെ ഓർഡറാണ്. It has been ordered by the Hon. Minister for Excise.

ഈ നിയമസഭയിൽ മുഖ്യമന്ത്രി അന്വേഷിക്കും എന്ന് പറഞ്ഞതാണ്. ഇപ്പോൾ എത്ര മാസമായി? ഒൻപത് മാസമായി. ഈ ഓർഡർ വച്ചുകൊണ്ട് അന്വേഷിപ്പിക്കാമല്ലൊ. ഇപ്പോൾ പറയുന്നു, വിജിലൻസിനാണ് പോയിരിക്കുന്നത് എന്ന്. അപ്പോൾ ഇനി അടുത്ത കാലത്തൊന്നും വരില്ലല്ലൊ. അഴിമതിക്കാരെ സംരക്ഷിക്കുകയാണ് ഈ മുഖ്യമന്ത്രി. അഴിമതി നിറഞ്ഞതാണ് ഈ ഗവൺമെൻറ്. ഈ ഗവൺമെൻറ് ഞങ്ങളെ വെല്ലുവിളിച്ചാൽ, ഞങ്ങളോട് ചുണയുണ്ടെങ്കിൽ അവിശ്വാസപ്രമേയം അവതരിപ്പിക്കാൻ പറഞ്ഞ മുഖ്യമന്ത്രിയോട് ഞാൻ പറയുകയാണ്, നിങ്ങൾക്ക് ചുണയുണ്ടെങ്കിൽ മനസാക്ഷിക്കനുസരിച്ച് വോട്ട് ചെയ്യാനുള്ള അവകാശം നിങ്ങൾ ഭരണകക്ഷിക്കുകൊടുക്കണം. എങ്കിൽ ഈ മന്ത്രിസഭ 24 മണിക്കൂറിനുള്ളിൽ തകരും. അതുകൊണ്ട് ഒരു കാരണവശാലും ഈ ഗവൺമെൻറിന് തുടരാനുള്ള അവകാശമില്ല. തുടരാനുള്ള അവകാശമില്ലാത്ത ഗവൺമെൻറ് എന്നുള്ള നിലയിൽ ഈ ഗവൺമെൻറിന് സപ്ലിമെൻററി ഡിമാൻറ് അവതരിപ്പിക്കാനും അവകാശമില്ല; ഞാൻ എതിർക്കുന്നു.

ശ്രീ. മാമ്മൻ മത്തായി: സർ, ബഹുമാനപ്പെട്ട മന്ത്രിമാർ ഈ സഭയിൽ അവതരിപ്പിച്ച ഉപധനാഭ്യർത്ഥനകളെ ഞാൻ പിൻതാങ്ങുകയാണ്. വികസനപ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്ന ഈ ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം ഈ ഗവൺമെൻറിൻെറ പ്രവർത്തനങ്ങൾക്ക് തുക അനുവദിച്ചുകൊടുക്കുക എന്നുള്ളത് സഭയുടെ കടമ മാത്രമാണ്,

LIBRARY ARCHIVES Kerala Legislative Assembly

ഉപധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് പ്രതിപക്ഷത്തുനിന്ന് ബഹുമാന്യരായ നേതാക്കൾ വളരെയധികം വിമർശനങ്ങൾ ഇവിടെ ചൊരിയുകയുണ്ടായി. ഐക്യജനാധിപത്യമുന്നണി ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം വളരെയധികം നല്ല കാര്യങ്ങൾ ചെയ്യുന്ന ഒരു ഗവൺമെൻറാണ്. പക്ഷെ നമ്മുടെ സാമ്പത്തിക ബുദ്ധിമുട്ട് കാരണം ജനങ്ങളുടെ ഇച്ഛക്കൊത്ത് മുഴുവൻ കാര്യങ്ങളും ചെയ്തു കൊടുക്കുന്നതിന് നമ്മുടെ ഗവൺമെൻറിന് കഴിഞ്ഞിട്ടുണ്ടോ എന്നു ചോദിച്ചാൽ ഇല്ല എന്നു പറയുവാൻ ഈ അവസരം ഞാൻ വിനിയോഗിക്കുകയാണ്. ഈ ഗവൺമെൻറ് ചെയ്ത നല്ല കാര്യങ്ങളെ, അഴിമതിയുടെ പുകപടലം പരത്തിക്കൊണ്ട് അതിൻെറ ശോഭ നശിപ്പിക്കാം എന്ന് പ്രതിപക്ഷം വിചാരിക്കുന്നു എങ്കിൽ തീർച്ചയായും അത് അസ്ഥാനത്താണ് എന്ന് പറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുന്നു. സമൂഹത്തിൽ അഴിമതി അങ്ങേയററം വ്യാപകമായിരിക്കുന്ന ഒരു കാലഘട്ടമാണ് ഇത്. അത് ഐക്യജനാധിപത്യമുന്നണി ഭരിക്കുന്നതുകൊണ്ട് മാത്രമല്ല. ഈ രാജ്യത്ത് ഇടതുപക്ഷം ഭരിക്കട്ടെ, വലതു പക്ഷം ഭരിക്കട്ടെ, അഴിമതി ഒന്നിനൊന്ന് കൂടിക്കൊണ്ടുവരുന്ന ഒരു കാലഘട്ടത്തിലേക്കാണ് നാം നീങ്ങിക്കൊണ്ടിരിക്കുന്നത്. അഴിമതിയെപ്പററി കൂടുതൽ പറയുന്ന പ്രതിപക്ഷം ഇത് നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള എന്തെങ്കിലും നിർദ്ദേശങ്ങൾ ഈ സഭയിൽ ഇന്നുവരെ കൊണ്ടുവന്നിട്ടുണ്ടോ എന്ന് എനിക്ക് അറിയില്ല. ബഹുമാന്യനായ കൃഷ്ണൻ കണിയാംപറമ്പിൽ ഇവിടെ സൂചിപ്പിക്കുകയുണ്ടായി, പാംഓയിൽ ഇടപാടിനെ സംബന്ധിച്ചിടത്തോളം ശ്രീ. ടി. എച്ച്. മുസ്തഫയേയും, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയേയും തമ്മിൽ തെററിക്കുന്നതിനാവശ്യമായ രേഖകൾ അദ്ദേഹം സൂക്ഷിച്ചിരിക്കുകയാണ് എന്ന്. എനിക്ക് അദ്ദേഹത്തോട് പറയാനുള്ളത് അങ്ങനെയുള്ള രേഖകൾ ഉണ്ടെങ്കിൽ അത് ഇനി അധികംനാൾ കൈവശം വച്ചുകൊണ്ടിരിക്കാതെ അത് മേശപ്പുറത്ത് വയ്ക്കണം എന്നാണ്. ഇ തയും കാലമായിട്ട് ഈ അഴിമതി രേഖകൾ കൈവശം വച്ചുകൊണ്ട് ഉണ്ട്, ഉണ്ട് എന്ന് പറഞ്ഞു പേടിപ്പിക്കുന്നതിനേക്കാൾ ഭേദം അഴിമതിയുടെ പുകപടലം മാറുവാൻ താങ്കളുടെ കയ്യിലിരിക്കുന്ന രേഖകൾ സഹായിക്കുമെങ്കിൽ താങ്കൾ ചെയ്യുന്നത് ഒരു വലിയ കാര്യമായിരിക്കില്ലേ എന്നുമാത്രമേ എനിക്ക് അതിനെപ്പററി പറയാനുള്ളൂ. കഴിഞ്ഞ മൂന്നു വർഷക്കാലം നിരവധി അഴിമതി ആരോപണങ്ങൾ കേട്ട് തഴമ്പിച്ച ഒരു സഭയാണ് ഇത്. പക്ഷേ ആരോപിച്ച ഒരു അഴിമതിയും ഉത്തരവാദിത്വബോധത്തോടെ തെളിയിക്കാനുള്ള ബാദ്ധ്യത ഇന്നേനാൾവരെ ഏറെറടുക്കുവാൻ പ്രതിപക്ഷത്തിന് കഴിഞ്ഞിട്ടില്ല. Congress (I) Group വഴക്ക് എന്ന് പറയുന്നത് കൃഷ്ണൻ കണിയാംപറമ്പിലിൻെറ പറച്ചിൽ അനുസരിച്ചാണെങ്കിൽ കിട്ടുന്ന തുകയെ വീതം വയ്ക്കുന്നതിലുള്ള തർക്കം സംബന്ധിച്ചാണെന്നാണ് പറയുന്നത്. എനിക്ക് കൃഷ്ണൻ കണിയാംപറമ്പിലിനോട് ഒന്ന് ചോദിക്കാനുള്ളത് നാനയാരും, വി. എസ്. അച്യുതാനന്ദനും തമ്മിലുള്ള വഴക്ക് കശുവണ്ടി ഇടപാടിൽ കിട്ടിയ കാശ് വീതിച്ചതിലുണ്ടായ തർക്കം കൊണ്ടാണോ? ഈ രാജ്യത്ത് അഴിമതി കാണിക്കുന്നവർക്കെതിരായ നടപടികളുമായി മുന്നോട്ടുപോകണം എന്നുള്ള കാര്യത്തിൽ യാതൊരു തർക്കവുമില്ല. പക്ഷെ ഈ സഭയിൽ ഉന്നയിക്കുന്ന ആരോപണങ്ങൾ അതിൻെറ ഉത്തരവാദിത്വം ഏറെറടുത്തുകൊണ്ട് തെളിയിച്ച്, അത് ബോദ്ധ്യപ്പെടുത്തുവാൻ നമുക്ക് കഴിയുന്നില്ലെങ്കിൽ അതുകൊണ്ട് ഉണ്ടാകുന്ന ഭവിഷ്യത്തുകൂടി കൃഷ്ണൻ കണിയാംപറമ്പിൽ മനസ്സിലാക്കണം എന്നുമാത്രമേ എനിക്ക് പറയാനുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ: സർ, അദ്ദേഹം സംസാരിച്ചപ്പോഴ പറഞ്ഞു, സി.പി.ഐ-യും. സി.പി.എം.-ഉം തമ്മിലുള്ള വഴക്കിനെപ്പററി. ഞങ്ങളുടേത് ഒരു പാർട്ടിയല്ല, രണ്ട് പാർട്ടികളാണ്. എന്നാൽ കരുണാകരനും ഉമ്മൻചാണ്ടിയും രണ്ടു പാർട്ടിയാണോ; ഒരു പാർട്ടിയല്ലേ? ഒരു പാർട്ടി ആയിരുന്ന മാണിയും ജേക്കബും രണ്ടുപാർട്ടി ആകാൻ എന്താണ് കാരണം! അഴിമതി അല്ലേ? ഞങ്ങഠം ഈ സഭയിൽ ഉത്തരവാദിത്വത്തോടുകൂടി ഉന്നയിക്കുന്ന അഴിമതി ആരോപണങ്ങളെ സംബന്ധിച്ച് സത്യസന്ധമായി അന്വേഷിച്ച് അതിന്റെ നിജസ്ഥിതി ഈ രാജ്യത്തെ ജനങ്ങളോട് പറയാനുള്ള ബാദ്ധ്യത നിങ്ങഠംക്ക് ഉണ്ട്. നിങ്ങഠം അന്വേഷിക്കുമോ, ഞങ്ങഠം തെളിയിക്കാം.

3 p.m.]

ശ്രീ. മാമ്മൻ മത്തായി: ഞാൻ പറഞ്ഞുവന്നത് സി.പി.ഐ.-യും സി.പി.എം.-ഉം തമ്മിലുള്ള കാര്യങ്ങളല്ല. സി.പി.എം.-ലെ ശ്രീ. നായനാരും വി. എസ്. അച്യുതാനന്ദനും തമ്മിലുള്ള പടലപ്പിണക്കം കശുവണ്ടി ഇടപാടിൽ കിട്ടിയ തുക വീതം വച്ചതിൽ ഉള്ള വിരോധം കൊണ്ടാണോയെന്നു മാത്രമാണ് ഞാൻ ചോദിച്ചത്.

ശ്രീ. ജോണി നെല്ലൂർ: സർ, മഞ്ഞപ്പിത്തക്കാരൻ നോക്കുന്നതെല്ലാം മഞ്ഞയായിരിക്കും. അതുപോലെയാണ് കൃഷ്ണൻ കണിയാംപറമ്പിലിന്റെ ആരോപണം എന്നാണോ പറയുന്നത്.

ശ്രീ. മാമ്മൻ മത്തായി: ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ പറയുന്നത് വളരെ കാര്യമായി എടുക്കേണ്ടതില്ല. അദ്ദേഹത്തിന്റെ ഒരു ധാരണ വളരെ ഉച്ചത്തിൽ പറഞ്ഞാൽ അദ്ദേഹം പറയുന്ന കാര്യങ്ങളൊക്കെ സത്യമാണെന്നു ധരിക്കും എന്നുള്ളതാണ്. കേരള കോൺഗ്രസ്സിനെ സംബന്ധിച്ചിടത്തോളം അതിന്റെ പ്രത്യയശാസ്ത്രം ഞാൻ പറയാതെതന്നെ ശ്രീ. കൃഷ്ണൻ കണിയാംപറമ്പിലിന് അറിയാമല്ലോ. അതുകൊണ്ട് എനിക്ക് പറയാനുള്ളത് അഴിമതി ആരോപണം ഉന്നയിച്ച് ഉന്നയിച്ച് ഇതിന്റെ ഗൗരവം കുറഞ്ഞുപോകുന്നു എന്നാണ്.

ശ്രീ. പി. ടി. തോമസ്: സർ, മഹത്തായ റഷ്യയിൽ മാററം ഉണ്ടാകുന്നതിന് മുമ്പുതന്നെ ആ മാററത്തെപ്പററി അങ്ങയുടെ നേതാവ് ശ്രീ. കെ. എം. മാണി പ്രവചിച്ചിരുന്നുവെന്ന കാര്യം അങ്ങ് മറന്നുപോയോ.

ശ്രീ. മാമ്മൻ മത്തായി: ഞാൻ അതാണ് നേരത്തെ സൂചിപ്പിച്ചത്. പക്ഷേ കൃഷ്ണൻ കണിയാംപറമ്പിലിന് അത് മനസ്സിലായില്ല. ഈ ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം ഇതിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തുന്നത് കാലാകാലങ്ങളിൽ...........

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ: റഷ്യയിൽ മാററം ഉണ്ടാകുന്നതിന് മുമ്പ് മാണിസാർ പ്രവചിച്ചുവെന്നു പറഞ്ഞു. മാണിയുടെ പ്രവചനം കേട്ടിട്ടാണോ പി. ടി. തോമസ് 'എ'-യിൽ നിന്നും 'ഐ' യിലേക്ക് മാറിയത്? മാണിയുടെ പ്രവചനം കേട്ടിട്ടാണോ മാണിയുടെ കൂടെ നിന്ന ജേക്കബ് മാറിയത്? അതിനെക്കുറിച്ചുകൂടി പറയണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മാമ്മൻ മത്തായി: മാണിസാർ പണ്ട് പ്രവചിച്ച പല കാര്യങ്ങളും ഇന്ന് നടന്നുകൊണ്ടിരിക്കുന്ന കാലഘട്ടമാണ്. അതു സംബന്ധിച്ച് ശ്രീ. കൃഷ്ണൻ കണിയാംപറമ്പിലിന് തർക്കം വേണ്ട.

ശ്രീ. പി. ടി. തോമസ്: 'എ' എന്നൊരു പാർട്ടി ഇല്ല എന്ന് ശ്രീ. എ. കെ. ആന്റണി തന്നെ വ്യക്തമാക്കിയിട്ടുണ്ട്. ഞങ്ങളൊക്കെ കോൺഗ്രസ് (ഐ) എം.എൽ.എ.-മാർ ആണെന്ന വിവരം അങ്ങേയ്ക്ക് അറിയാഞ്ഞിട്ടല്ലല്ലോ. അങ്ങനെയൊരു സാധനം ഇല്ലെന്ന് അങ്ങേയ്ക്ക് അറിയാമോ.

ശ്രീ. മാമ്മൻ മത്തായി: കോൺഗ്രസ് (എ)-യും (ഐ)-യും ഇല്ലെന്ന് എത്രയോ മുമ്പ് വ്യക്തമാക്കിയിട്ടുണ്ട്. ഇവിടുത്തെ പ്രസംഗം കേട്ടപ്പോൾ എനിക്ക് മനസ്സിലായത് പ്രതിപക്ഷങ്ങളെ സംബന്ധിച്ചിടത്തോളം അവരുടെ ഏറ്റവും വലിയ തൊഴിൽ എവിടെയൊക്കെ കോൺഗ്രസ്സുകാർ യോഗം കൂടുന്നുണ്ട് എന്നുള്ളതൊക്കെ അന്വേഷിക്കലാണ്. അല്ലാതെ ഈ നാട്ടിലെ ജനങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുള്ള നടപടികളുമായി സഹകരിക്കാൻ അവർക്ക് സമയം കിട്ടുന്നില്ല. കാലാകാലങ്ങളിൽ ഉണ്ടാകുന്ന പ്രശ്നങ്ങളോട് ഗവൺമെന്റിന്റെ സമീപനമനുസരിച്ചാണ് ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തുന്നത് കഴിഞ്ഞദിവസങ്ങളിലുണ്ടായ അതിഭയങ്കരമായ വെള്ളപ്പൊക്കം.—കഴിഞ്ഞ നാൽപ്പതു വർഷത്തിനുള്ളിൽ നടന്ന ഭയങ്കര വെള്ളപ്പൊക്കമാണ്. സംസ്ഥാനത്ത് 500 കോടി രൂപയുടെ നാശനഷ്ടം ഉണ്ടാക്കിയ ആ ദുരന്തം ഇവിടെ ഉണ്ടായപ്പോൾ ഗവൺമെന്റ് ഉണർന്ന് പ്രവർത്തിച്ചതിന്റെ ഫലമായിട്ടാണ് ആദ്യഘട്ട പ്രവർത്തനങ്ങൾ ഭംഗിയായി നടപ്പിലാക്കാൻ കഴിഞ്ഞത്. തുടർന്നുള്ള പ്രവർത്തനങ്ങൾ പൂർത്തീകരിക്കണമെങ്കിൽ കേന്ദ്രസഹായം കിട്ടിയേതീരൂ. കഴിഞ്ഞ കൊല്ലങ്ങളിൽ നമുക്ക് കിട്ടിയതുപോലെ ആകാൻ പാടില്ല. ഈ രാജ്യത്ത് ഇതുപോലുള്ള ദുരന്തങ്ങൾ ഉണ്ടാകുമ്പോൾ നമുക്ക് തരാറുള്ള തുക അഡ്വാൻസായിട്ട് തന്നുവെന്ന് പറഞ്ഞതുകൊണ്ട് പ്രശ്നങ്ങൾ പരിഹരിക്കുകയില്ല. തീർച്ചയായും കാർഷികമേഖലയ്ക്ക് ഉണ്ടായ നഷ്ടം നികത്തണമെങ്കിൽ, ഭവനരഹിതരായ ആളുകൾക്ക് ഭവനനിർമ്മാണം നടത്തണമെങ്കിൽ, റോഡുകൾ നന്നാക്കണമെങ്കിൽ, കോടിക്കണക്കിന് രൂപയുടെ സഹായം കേന്ദ്രഗവൺമെന്റ് തന്നേമതിയാകൂ. ഞാനും ശ്രീ. സക്കറിയ വച്ചതുപോലെയൊരു നിർദ്ദേശം വയ്ക്കുകയാണ്. ആവശ്യമെങ്കിൽ ഒരു പ്രമേയം പാസ്സാക്കി നമ്മുടെ ആവശ്യങ്ങൾ നേടിയെടുക്കാൻ നമ്മൾ ശ്രമിക്കണം. ഇങ്ങനെയൊരു സംഭവം ഉണ്ടായപ്പോൾ മുഖ്യമന്ത്രി ഡൽഹിയിൽ വിവരം ധരിപ്പിക്കുകയും ആവശ്യമായ സഹായങ്ങൾ ചെയ്യാൻ ഏർപ്പാടുകൾ ചെയ്യുകയും ചെയ്തു.

ശ്രീ. സത്യൻ മൊകേരി: ഇന്ത്യയിൽ പല സംസ്ഥാനങ്ങളിലും വെള്ളപ്പൊക്കമുണ്ടായപ്പോൾ കേന്ദ്രമന്ത്രിമാർ പല സ്ഥലങ്ങളും സന്ദർശിക്കുകയുണ്ടായി. കേരളത്തിലെ വെള്ളപ്പൊക്കക്കെടുതി കാണാൻ ഒരു കേന്ദ്രമന്ത്രിയും കേരളത്തിൽ വന്നില്ല എന്നുള്ള കാര്യം മെമ്പറുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ.

ശ്രീ. മാമ്മൻ മത്തായി: അതുതന്നെയാണ് നിങ്ങൾ മനസ്സിലാക്കേണ്ടത്. കേരള മുഖ്യമന്ത്രിയും കേരളത്തിലെ എം. പി.-മാരും വിവരം ധരിപ്പിച്ചപ്പോൾ അവിടെ നിന്നും ഒരാളെ വിടാതെ തന്നെ ഇവിടെ നടന്ന

കാര്യങ്ങൾ സത്യമാണെന്ന് ബോദ്ധ്യമുള്ളതുകൊണ്ടാണ് നമുക്ക് ആവശ്യമായ സഹായങ്ങൾ ചെയ്തുതരുന്നത്. കൂടുതൽ സഹായം കിട്ടാത്തപക്ഷം തീർച്ചയായും ഒററക്കെട്ടായി സഹായം വാങ്ങുന്നതിന് ആവശ്യമായ നടപടികളുമായി മുന്നോട്ടുപോകണമെന്നു പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, അഴിമതിയിൽ മുങ്ങിക്കുളിച്ച സർക്കാർ കൊണ്ടുവന്ന ഉപധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. ബഹുമാനപ്പെട്ട ഡെപ്യൂട്ടി ലീഡർ ശ്രീ. ഉമ്മൻ ചാണ്ടിക്ക് എന്താണ് ഇപ്പോൾ ഇങ്ങനെ തോന്നിയത്. ഈ മന്ത്രിസഭയിൽ നിന്ന് ഇറങ്ങുന്നതിന് മുമ്പുവരെ അദ്ദേഹം പറഞ്ഞിട്ടില്ല, അതിനുശേഷമാണ് പറയുന്നത് എന്തുകൊണ്ട് അദ്ദേഹം പറയേണ്ട വേദികളിൽ പറയുന്നില്ല? നിയമസഭയിൽ പറയുന്നില്ല, ക്യാബിനററിൽ പറയുന്നില്ല. ആരെ പററിക്കാനാണ് ഈ നടപടികളുമായി നീങ്ങുന്നതെന്നറിയണം. വെറുതെ ആളുകളെ പററിക്കാൻ. ഞങ്ങൾ അതിനെതിരാണെന്ന് വരുത്തുക, വേണ്ട സൗകര്യങ്ങൾ ഉപയോഗിക്കുക. ഈ മന്ത്രിസഭയിലെ ഏതു വകുപ്പിലാണ് അഴിമതി ഇല്ലാത്തത്? കഴിഞ്ഞ ഇലക്ട്രിസിററി ഡിമാൻറിൻെറ ചർച്ചയിൽ ഞാൻ തന്നെ എഴുതിക്കൊടുത്തതാണ് ബ്രഹ്മപുരം ഗ്രൗണ്ട് ലവലിംഗിലെ കരാറിലുള്ള അഴിമതിയെപ്പററി. മന്ത്രി മറുപടി പറഞ്ഞില്ല. ഇത്രയും ധിക്കാരപരമായി പെരുമാറുന്ന ഒരു മന്ത്രിയെ കണ്ടിട്ടില്ല. രണ്ടുവകുപ്പും കൂടി കിട്ടിയപ്പോൾ പത്മരാജൻ എവിടെയോ ആണെന്ന വിചാരമാണ്. മുഖ്യമന്ത്രിയുടെ കാലശേഷം താൻ മുഖ്യമന്ത്രി ആകുമെന്ന ധാരണയിലാണ് പെരുമാററം. അഴിമതിയാരോപണം വ്യക്തമായി എഴുതിക്കൊടുത്താൽ മറുപടിയില്ല. അത് അംഗീകരിക്കുന്ന ഒരു സ്ഥിതിയാണ്.

റവന്യൂ വകുപ്പിൽ എന്താണ് നടക്കുന്നത്? ഈ ഗവൺമെൻറ് പോകുമ്പോൾ ഈ രാജ്യത്തെ മുഴുവൻ ഭൂമിയും സ്വത്തുക്കളും വിററുമുടിക്കും എന്നുതോന്നുന്നു. റവന്യൂവകുപ്പിൽ വാഴിച്ചൽ വില്ലേജിൽ ചിന്നക്കരപാറയിൽ പഴയ സർവേ നമ്പർ 425/1-ലും റീസർവേ 233/13-ലും പെട്ട 3 ഏക്കർ ഭൂമി 31614/91-ാം നമ്പർ ഫയൽ പ്രകാരം 5-12-1991-ൽ പതിച്ചുകൊടുത്തു. അത് അന്വേഷിക്കേണ്ടേ? ഇത് സർക്കാരിൻെറ പാറയാണ്. ഗ്രാനൈററ് കുഴിച്ചെടുക്കാനും മററും വേണ്ടി കൊടുക്കുന്ന പാറകളാണ്, ശ്രീ. കാർത്തികേയന് സ്ഥലങ്ങൾ അറിയാമല്ലോ? ആ പാറ ഒരേക്കർ ഇപ്പോൾ ലേലം വിളിച്ച് വിററാൽ 15 ലക്ഷം ഉറുപ്പിക എങ്കിലും കിട്ടും. അതിൽ മൂന്ന് ഏക്കർ വിററു. അതുപോലെ വാഴിച്ചൽ ജില്ലയിലെ ബ്ലോക്ക് 30-ൽപ്പെട്ട പഴയ സർവെ നമ്പർ 425/1-ൽ റീ സർവേ 226-ാം വാർഡിൽപ്പെട്ട 5 ഏക്കർ 31615/91 ഫയൽ പ്രകാരം 5-12-1991-ൽ പതിച്ചുകൊടുത്തിട്ടുണ്ട്. ഇത് ആർക്കാണ് പതിച്ചുകൊടുത്തത്? കോടിക്കണക്കിന് ഉറുപ്പിക ഗവൺമെൻറിന് കിട്ടേണ്ട സ്വത്തിനെ ഇവിടെ അനാവശ്യമായി സ്വന്തക്കാർക്കും ബന്ധക്കാർക്കും പതിച്ചുകൊടുക്കുന്നു. ഇതിലെല്ലാം ഇവിടെ ഭരണകക്ഷി ഒന്നിച്ച് കൂട്ടു നിൽക്കുന്നു, അത് ചൂണ്ടിക്കാട്ടിയാൽ ഞങ്ങൾ അഴിമതിയാണെന്ന് പറഞ്ഞുകളയുന്നു എന്നാണ് ആക്ഷേപം. വാഴിച്ചൽ ജില്ലയിൽ പഴയ സർവെ നമ്പർ 421/1-ൽപ്പെട്ട 5 ഏക്കർ അതേ ഡേററിനുതന്നെ പതിച്ചുകൊടുത്തു. അങ്ങനെ 17 സ്ഥലത്തെ പാറ വെറുതെ പോയി. ഇത് ഇവരുടെ സ്വത്താണോ സർ? ഗവൺമെൻറിൻെറ സ്വത്ത് ഇങ്ങനെ വഴിവിട്ടുകൊണ്ട് വേണ്ടപ്പെട്ടവർക്ക് വളരെ ചുരുങ്ങിയ സംഖ്യയ്ക്ക് പതിച്ചുകൊടുക്കുന്നു. തിരുവനന്തപുരം

LIBRARY ARCHIVES Kerala Legislative Assembly

ജില്ലയിലെ ട്രാവൻകൂർ ഗ്രാനൈററ് ഉൾപ്പെടെയുള്ള നിരവധി സ്ഥാപനങ്ങളുടെ സ്ഥിതി വളരെ മോശമാണ്. ഇത് ജപ്പാനിലേക്ക് കയററി അയയ്ക്കുകയാണ്. കോടിക്കണക്കിന് ഉറുപ്പികയുടെ മുതൽ സർക്കാരിന്റെ ആളുകൾക്ക് പതിച്ചു കൊടുക്കുന്ന ഒരു സ്ഥിതിയാണിന്നുള്ളത്. ഇതിനെക്കുറിച്ച് അന്വേഷിക്കേണ്ടേ? ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയെ ഇവിടെ കാണുന്നില്ല. ഇതിൽ ആർക്കൊക്കെ പങ്കുണ്ടെന്ന് അന്വേഷിക്കാൻ തയ്യാറാണോ? ഭരണകക്ഷിയിലെ പലർക്കും ഇതിനെക്കുറിച്ച് അറിയാം; ആരും ഒന്നും മിണ്ടുന്നില്ലല്ലോ. കഴിഞ്ഞ പ്രാവശ്യം നിയമസഭയിലെ ചോദ്യോത്തരവേളയിൽ ബോൾഗാട്ടി പാലസിനെക്കുറിച്ച് ഇവിടെ ചോദ്യം വന്നു. അത് വിൽക്കാൻ ആലോചനയുണ്ടോ എന്ന് ഞാനാണ് ഇവിടെ ചോദ്യം ചോദിച്ചത്. അപ്പോൾ മുഖ്യമന്ത്രി വളരെ വികാരത്തോടുകൂടി പറഞ്ഞു, പണ്ട് ഞാനും സർദാർ വല്ലഭായി പട്ടേലുമായി ഈ കേരള സംസ്ഥാനം ഉണ്ടാകുന്നതിനുവേണ്ടി ചർച്ച നടത്തിയത് ബോൾഗാട്ടി പാലസിൽവച്ചാണ്. അതുകൊണ്ട് അത് വിൽക്കുന്ന പ്രശ്നമേ ഇല്ല എന്നാണ് അദ്ദേഹം വളരെ വികാരത്തോടുകൂടി പറഞ്ഞത്. എന്താണ് വസ്തുത. എന്തിനാണ് സർ വിൽക്കുന്നത്? വിററാൽ ആ കമ്പനിക്ക് ഈ ഗവൺമെൻറ് പണം കൊടുക്കണം. പണം കൊടുക്കാതെതന്നെ 99 കൊല്ലത്തിന് പാട്ടത്തിനു കിട്ടി. പാട്ടത്തിനു കിട്ടി എന്നാൽ ജീവിതകാലം അവർക്ക് കിട്ടി എന്നാണ് അർത്ഥം. ഒരു പൈസപോലും കൊടുക്കണ്ട. 25 ശതമാനം ഷെയർ ഗവൺമെൻറും 25 ശതമാനം താജ് ഗ്രൂപ്പും, ബാക്കി 50 ശതമാനം പബ്ലിക് ഷെയറും. ആ പബ്ലിക് ഷെയർകൂടി അവർ വാങ്ങിക്കഴിഞ്ഞാൽ അതുംകൂടി അവരുടെ കൈവശമാക്കാൻ നടപടി എടുക്കും. പെട്ടെന്ന് സാങ്കേതികമായിചോദിച്ചാൽ വിററോ, ഇല്ല. ഇപ്പോൾ മസ്ക്കററ് ഹോട്ടലിന്റെ സ്ഥിതി എന്താണ്? അതിനുള്ളിലാണ് കെ.ടി.ഡി.സി.-യുടെ ആഫീസ്, ആ ആഫീസ് ഇപ്പോൾ അവിടെനിന്ന് മാററാൻ ശ്രമിക്കുകയാണ്. ശ്രീ. എം. പി. ഗംഗാധരനാണ് അതിന്റെ ചെയർമാൻ. ആ ഗംഗാധരൻ ആർക്കുവേണ്ടിയാണ് കളിക്കുന്നത് എന്ന് നമുക്കറിയാം. അദ്ദേഹം ആ ആഫീസ് ഇപ്പോൾ മാററി സ്ഥാപിക്കാൻ പോകുകയാണ്. എന്തിനാണെന്നറിയാമോ? താജ് ഗ്രൂപ്പും ഏകദേശം കച്ചവടം ആയി എന്നാണ് അറിയുന്നത്. അതിനുള്ള ഒരു കണ്ടീഷനാണ് കെ.ടി.ഡി.സി.-യുടെ ആഫീസ് അവിടെനിന്ന് മാററണം എന്നുള്ളത്. എല്ലാ സൗകര്യങ്ങളുമുള്ള കെ.ടി.ഡി.സി.-യുടെ ആ ആഫീസ് എന്തിനാണ് സർ അവിടെനിന്ന് മാററുന്നത്? ആഫീസ് മാററാനുള്ള തീരുമാനവും മറെറാരു സ്ഥലം അന്വേഷിച്ചുകൊണ്ടുള്ള പരസ്യങ്ങളുമൊക്കെ പത്രത്തിൽ വന്നു. അത് മാററി മസ്ക്കററ് ഹോട്ടൽ വിൽക്കാൻ പോകുന്ന ഒരു സ്ഥിതിയാണോ കാണുന്നത്. ഇവർക്ക് അഴിമതി നടത്തണമെന്നല്ലാതെ ഈ രാജ്യത്തിലെ ജനങ്ങൾക്കുവേണ്ടി നല്ലതു ചെയ്യണമെന്നില്ല. പ്രളയക്കെടുതിക്ക് കഴിഞ്ഞ കൊല്ലം 143 കോടി ഉറുപ്പിക അനുവദിച്ചു. 112 കോടി രൂപയും ഇവർ ചിലവാക്കി. 30 കോടി രൂപ ലാപ്സാക്കി. അതിൽ 17 കോടി ഉറുപ്പിക തിരിച്ചടയ്ക്കാനുണ്ട്. ഇത് ഈ മന്ത്രിസഭയുടെ കഴിവുകേടല്ലേ? സമയത്തിന് സ്കീം അയയ്ക്കാത്തതുകൊണ്ടു വന്ന കഴിവുകേടല്ലേ? ഈ പ്രാവശ്യം ഇത് നമ്മളെ ബാധിക്കാൻ പോകുകയാണ്. കഴിഞ്ഞ പ്രാവശ്യം നിങ്ങൾക്ക് തന്ന 30 കോടി രൂപപോലും ചിലവാക്കാതെ ഈ പ്രാവശ്യം ചോദിച്ചാൽ കിട്ടുമോ? ഇപ്പോൾ മുഖ്യമന്ത്രിക്ക് വളരെയധികം സ്വാധീനമുണ്ട്, വളരെയധികം കഴിവുണ്ട് എന്നൊക്കെയാണ് പറയുന്നത്. പ്രളയക്കെടുതിക്ക് പൈസ കിട്ടുന്നില്ല. അദ്ദേഹം പരസ്യമായി അത്

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നില്ല. ഇത് വലിയ ഒരു പ്രക്ഷോഭണമാണ്. മഹാരാഷ്ട്രയിൽ ഉണ്ടായതുപോലുണ്ട് എന്ന് അദ്ദേഹം പറയുന്നില്ല. കാരണം പണം കിട്ടിയില്ലെങ്കിൽ തന്റെ കഴിവുകേട് വെളിയിലാകും എന്നുള്ള ഭയം കൊണ്ടാണ്. അല്ലെങ്കിൽ ഇത്രയും വലിയ ഒരു സംഭവം ഇവിടെ ഉണ്ടായി. ഇവിടെ പ്രതിപക്ഷവും ഭരണപക്ഷവും എല്ലാം ചേർന്ന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്താൻ സാധിക്കുമായിരുന്നില്ലേ? മഹാരാഷ്ട്ര സമ്മർദ്ദം ചെലുത്തിയില്ലേ. തമിഴ്നാട് സമ്മർദ്ദം ചെലുത്തിയില്ലേ. സർ, ഇതുമാത്രമല്ല, ഇപ്പോഴ് നിയമസഭാ കമ്മിററി ഇവിടെ നടക്കുന്ന അഴിമതികളെക്കുറിച്ചും, ഇവിടെ നടക്കുന്ന ഭരണവൈകല്യങ്ങളെ ക്കുറിച്ചുമൊക്കെ റിപ്പോർട്ട് ചെയ്തു. അതൊക്കെ അവർ പൂഴ്ത്തി വയ്ക്കുകയും, അവർക്ക് സൗകര്യമുള്ളതു മാത്രം എടുക്കുകയും ചെയ്തു. മല്ലപ്പെരിയാറിനെക്കുറിച്ച് റിപ്പോർട്ട് നൽകി. ഒരു കൊല്ലമായി ആ റിപ്പോർട്ട് നൽകിയിട്ട്; ഇതുവരെ യാതൊരു നടപടിയും അതിൻമേൽ എടുത്തിട്ടില്ല. ആകെ നടന്നത് അഡ്വക്കേററ് ജനറലുമായി സംസാരിച്ചു എന്ന് പറയുന്നതാണ്. ഈ നിയമസഭാ കമ്മിററി എത്ര ദിവസം ചർച്ച ചെയ്ത് എല്ലാ തെളിവുകളും എടുത്ത് കോടിക്കണക്കിന് ഉറുപ്പിക ഒരു ദിവസം നഷ്ടമുണ്ടാകുന്ന കേസ് പുറത്തുകൊണ്ടുവന്നു. മന്ത്രിതന്നെ കമ്മിററിയുടെ ചെയർമാനായിരുന്നു. എന്നിട്ട് അതിൽ ഒരു നടപടിയും എടുത്തില്ല. ഒരു ദിവസം മന്ത്രിസഭ കൂടി ചർച്ച ചെയ്തിരുന്നുവെങ്കിൽ ഈ കേരളത്തിന് കോടിക്കണക്കിന് ഉറുപ്പിക ലാഭമുണ്ടാകുമായിരുന്നു. ഇതെന്താണ്? തമിഴ്നാടിന്റെ ഏജൻറായിട്ട് ഇവർ പ്രവർത്തിക്കുക യാണോ? ശ്രീമതി ജയലളിതയെ കണ്ടു പേടിച്ചിട്ടുണ്ടോ അതോ ഇനി വേറെവല്ലതും കിട്ടിയിട്ടാണോ അർഹമായ വിഹിതം മേടിച്ചെടുക്കാത്തത് എന്ന് എനിക്ക് പറയാൻ സാധിക്കുന്നില്ല. അങ്ങനെ എല്ലാ നിലയിലും അഴിമതിയിൽ കുളിച്ചുനിൽക്കുന്ന ഒരു മന്ത്രിസഭയാണിവിടെയുള്ളത്. അതുപോലെ എം.പി.മാർക്ക് ലോക്കൽ ഏരിയാ ഡെവലപ്പ്മെൻറ് സ്കീം അനുസരിച്ച് 1·45 ലക്ഷം രൂപയാണ് അലോട്ട് ചെയ്തത്. ശരിക്കും എം.പി.-മാർക്ക് 29 കോടി ഉറുപ്പിക കിട്ടണം.

ശ്രീ. പി. രാജു: ഒരു കോടി നാൽപ്പത്തിയഞ്ച് ലക്ഷം ഉറുപ്പിക അലോട്ട് ചെയ്തെങ്കിലും ചെലവാക്കാൻ കഴിഞ്ഞില്ല.

ശ്രീ. കെ. കൃഷ്ണൻകുട്ടി: അത് ചെലവാക്കാൻ കഴിയാത്തതു കൊണ്ടല്ലേ 29 കോടി കിട്ടാത്തത്. മററ് സംസ്ഥാനങ്ങളും അത് വാങ്ങിയി രിക്കുന്നു. കേരളത്തിന് അത് വാങ്ങിച്ചെടുക്കാൻ സാധിക്കുന്നില്ല. അത് ഈ മന്ത്രിമാരുടെ കഴിവുകേടല്ലേ. ഈ മുഖ്യമന്ത്രിയുടെപ്പെടെയുള്ളവരുടെ സ്വാധീനം ഇതിൽ ഉപയോഗിച്ചിരുന്നെങ്കിൽ ഇത്രയും വലിയ ഒരു തുക നമുക്ക് കിട്ടാൻ സാധിക്കുമായിരുന്നില്ലേ? അതുപോലെതന്നെ പോലീസിന്റെ കാര്യമെടുക്കാം. പോലീസിലെ അഴിമതിയെക്കുറിച്ച് ഒററ കാര്യം. പാലക്കാട് ജില്ലയിലെ ഒരു സംഭവം നമ്മുടെ യൂത്ത് കോൺഗ്രസിന്റെ പ്രസിഡൻറ് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അവിടത്തെ ബോർഡർ സ്റേറഷനിൽ ഒരു പോസ്ററിംഗ് കിട്ടാൻ— മുഖ്യമന്ത്രി ഇപ്പോഴ് ഇവിടെയില്ല; അദ്ദേഹംകൂടി വേണ്ടതാണ് കൊഴിഞ്ഞാംപാറ പോലീസ് സ്റേറഷനിൽ ഒരു എസ്.ഐ.-യ്ക്ക് ഒരു പോസ്ററിംഗ് കിട്ടാൻ 2 ലക്ഷം ഉറുപ്പിക കൈക്കൂലി കൊടുത്തു എന്നാണ് പറയുന്നത്. എന്തായിരിക്കും അവിടത്തെ വരുമാനം! രണ്ട് ലക്ഷം രൂപ കൈക്കൂലി വാങ്ങിയിട്ടാണ് അവിടെ എസ്.ഐ.-യ്ക്ക് ഒരു പോസ്റ്റിംഗ് കൊടുത്തത്. ഇതിന്റെ ദുരിതമെന്താണെന്നറിയാമോ? രണ്ട് ദിവസത്തിനു

മുമ്പ് പത്രത്തിൽ വന്നു. 11 ചെറുപ്പക്കാരെ തമിഴ്നാട് ഗവൺമെന്റ് വെടിവച്ചു കൊന്നു, അവിടെ കള്ളക്കടത്തിന് ബലമുണ്ടായതെങ്ങനെയാണെന്നറിയാമോ? ദാരിദ്ര്യംകൊണ്ട് ചെറുപ്പക്കാർ കള്ളക്കടത്ത് സംഘത്തിൽ ചേരുന്നു; അവിടത്തെ വമ്പൻമാരായ ചന്ദനകള്ളക്കടത്തുകാരും, സ്പിരിറ്റ് കള്ളക്കടത്തുകാരും ഈ ചെറുപ്പക്കാരെ ഉപയോഗിച്ച് കള്ളക്കടത്ത് ബലപ്പെടുത്തുന്നു. എന്നിട്ട് ആ ചെറുപ്പക്കാരെ വെടിവച്ചു കൊല്ലുന്നു. എന്റെ നിയോജകമണ്ഡലത്തിലുൾപ്പെടെയുള്ള കേരളത്തിലെ 11 ചെറുപ്പക്കാരെ തമിഴ്നാട് പോലീസ് വെടിവച്ചു കൊന്നു എന്നാണ് പത്രത്തിൽ കാണുന്നത്, അവരെക്കുറിച്ച് ഒരു വിവരവുമില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടില്ല. അങ്ങ് അത് അന്വേഷിക്കണം. ഇനിയും ഈ കള്ളക്കടത്ത് ആവർത്തിക്കുകയാണെങ്കിൽ ഇവിടത്തെ ചെറുപ്പക്കാരെ മുഴുവൻ ഇത് വഴിതെറ്റിക്കും. ഇതുമാത്രമാണോ, ഇതിനും അപ്പുറത്താണ് ഇപ്പോൾ ഇവിടെ നടക്കുന്നത്. ഇപ്പോൾ ബ്രൗൺ ഷുഗർ വ്യാപകമായ ഒരു വ്യാപാരമാണ്. പോലീസ് ഉദ്യോഗസ്ഥൻമാരാണ് ഇതിനുവേണ്ടി കൂട്ടുനിൽക്കുന്നത്. അങ്ങനെയുള്ള ഉദ്യോഗസ്ഥൻമാരും ഇവരും തമ്മിലുള്ള അവിഹിത ബന്ധം അവസാനിപ്പിച്ചില്ലെങ്കിൽ, എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറയാനുള്ളത്, നമ്മുടെയൊക്കെ കുടുംബത്തിൽവരെ ബ്രൗൺ ഷുഗർ എത്തുന്ന സ്ഥിതിവരും എന്നാണ്. ആര്, എങ്ങനെ ഉപയോഗിക്കുന്നു എന്നല്ല. ചെറുപ്പക്കാരായ കുട്ടികളെ വഴിതെറ്റിക്കുന്ന ഒരു സമീപനം ഉണ്ടാകും എന്നാണ് എനിക്ക് പറയാനുള്ളത്. അതുകൊണ്ട് പോലീസിലുള്ള അഴിമതി ദയവായി ഒഴിവാക്കണം. അല്ലെങ്കിൽ നമ്മുടെ രാജ്യം നശിക്കും. സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

ശ്രീ. ജോണി നെല്ലൂർ: സർ, ബഹുമാന്യരായ മന്ത്രിമാർ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ധനാഭ്യർത്ഥനകളെ ഞാൻ പരിപൂർണ്ണമായും പിൻതാങ്ങുകയാണ്. നമ്മുടെ സംസ്ഥാനം ഈ കഴിഞ്ഞ 30 വർഷക്കാലത്തിനിടയ്ക്ക് ഇന്നുവരെ ഉണ്ടാകാത്ത രീതിയിൽ അത്ര ഭീകരമായ കാലവർഷക്കെടുതികളെ നേരിട്ടുകൊണ്ടിരുന്ന ഒരു സാഹചര്യമാണ് ഇപ്പോഴുള്ളത്. നമ്മുടെ സംസ്ഥാനത്തെ മുൻകാല അനുഭവം വച്ച് കണ്ടിൻജൻസി ഫണ്ടിലേക്ക് തുക കൂടുതൽ വകയിരുത്തണമെന്ന് ആവശ്യപ്പെടുന്നത് ഇത് ഇതുപോലുള്ള സാഹചര്യങ്ങളെ നേരിടുവാൻ വേണ്ടിയാണ്. അതുപോലെ നടന്നുകൊണ്ടിരിക്കുന്ന വർക്കുകൾക്ക് കൂടുതൽ തുക അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് സാധാരണ ഉപധനാഭ്യർത്ഥനകൾ വരാറുള്ളത്. സർ, നിർഭാഗ്യമെന്ന് പറയട്ടെ, ഇത്ര ഭീകരമായ കാലവർഷക്കെടുതിയും, അതുമൂലമുണ്ടായ ബുദ്ധിമുട്ടുകളും തരണം ചെയ്യുവാനായി കാര്യമായി യാതൊന്നും ഈ ഉപധനാഭ്യർത്ഥന അവതരിപ്പിച്ചുകൊണ്ട് വച്ചിരിക്കുന്ന രേഖകളിൽ കാണുന്നില്ല എന്നുള്ളത് വേദനാജനകമാണ്. ഞാൻ വേദനയോടുകൂടി പറയട്ടെ, വെള്ളപ്പൊക്ക ദുരന്തം കേരളത്തിൽ ഇത്ര ഭീകരമായ അവസ്ഥയുണ്ടാക്കുന്നത് ആദ്യമായിട്ടാണ്. ഇത് കണ്ട് മനുഷ്യമനസാക്ഷിയാകെ മരവിച്ചു നിൽക്കുകയാണ്. ഭരണ-പ്രതിപക്ഷ ഭേദമന്യേ ദുരിതാശ്വാസ പ്രവർത്തനങ്ങളുമായി മുമ്പോട്ടു പോകുന്നുണ്ട്. സംസ്ഥാനത്തുണ്ടായ പ്രളയദുരന്തം ദേശീയ ദുരന്തമായി കാണണം. ആ നിലയിൽത്തന്നെ ഇതിനുവേണ്ടിവരുന്ന മുഴുവൻ ചെലവുകളും കേന്ദ്രഗവൺമെന്റ് വഹിക്കുകയും വേണം. 10-ാം ധനകാര്യ കമ്മീഷൻ സംസ്ഥാനത്തുവന്നു ചർച്ച നടത്തുകയുണ്ടായി. അന്ന് മുഖ്യമന്ത്രിയും സംസ്ഥാനത്തെ മുഴുവൻ രാഷ്ട്രീയ കക്ഷികളും അവിടെ പോയി തെളിവ് കൊടുത്തു. അവർ ഈ കാര്യങ്ങളൊക്കെ ഉന്നയിച്ചുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

കമ്മീഷനു മുമ്പാകെ പ്രശ്നങ്ങൾ അവതരിപ്പിക്കുകയുണ്ടായി. അതിനോട് വളരെ നിഷേധാത്മകമായ നിലപാടാണ് ധനകാര്യകമ്മീഷൻ സ്വീകരിച്ചത്. കേരളത്തോട് കാണിക്കാവുന്ന ഏററവും വലിയ ക്രൂരതയായി അത് വിശേഷിപ്പിച്ചാൽ അധികമാകില്ല എന്നാണ് എന്റെ വിശ്വാസം. ഭീകരമായ വെള്ളപ്പൊക്കക്കെടുതികൾ ഉണ്ടായപ്പോഴും കേരളത്തിലെ ജനങ്ങൾ തെരഞ്ഞെടുത്തുവിട്ട ഉത്തരവാദിത്വബോധമുള്ള കേന്ദ്രമന്ത്രിമാരായ എ. കെ. ആൻറണിയും കൃഷ്ണകുമാറും ഇവിടെ ഓടിയെത്തുകയുണ്ടായില്ല. 170-ഓളം ആളുകൾ മരണപ്പെട്ടു. ആയിരക്കണക്കിനാളുകളെ മാററിപ്പാർപ്പിച്ചു. ഒരു ആശ്വാസവാക്ക് പറയാൻവേണ്ടി എങ്കിലും ഇവർ വരാതിരുന്നത് ഇന്നും ഒരു ചോദ്യചിഹ്നമായി നിൽക്കുകയാണ്. കേരളത്തിന്റെ സ്ഥിതി മനസ്സിലാക്കിക്കൊണ്ട് മതിയായ കേന്ദ്രസഹായം നൽകണം. ഇത് രാഷ്ട്രീയമായി പറയേണ്ട കാര്യമില്ല. ഇക്കാര്യത്തിൽ ഭരണ-പ്രതിപക്ഷവ്യത്യാസമില്ലാതെ നമ്മൾ ഒരുമിച്ച് ശബ്ദമുയർത്തേണ്ടിയിരിക്കുന്നു.

ശ്രീ. കെ. പ്രകാശ് ബാബു: ഈ വർഷത്തെ വെള്ളപ്പൊക്കക്കെടുതികളിൽ ഏററവും കൂടുതൽ കെടുതിയുണ്ടായ ജില്ല ഏത്, എത്ര രൂപ നഷ്ടമുണ്ടായി എന്നീ ചോദ്യങ്ങൾക്ക് സഭയിൽ നൽകിയ മറുപടി, കാസർകോട് ജില്ലയാണ് ഏററവും കൂടുതൽ നഷ്ടമുണ്ടായ ജില്ല എന്നും 16.06 കോടി രൂപയുടെ നഷ്ടം ആ ജില്ലയിൽ ഉണ്ടായിട്ടുണ്ട് എന്നും ആണ്. എന്നാൽ ഇതിനുവേണ്ടി കേന്ദ്രഗവൺമെൻറിൽനിന്നും കിട്ടിയ ധനസഹായം ഉപയോഗിച്ച് ഏററവും കൂടുതൽ തുക ചെലവാക്കിയത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടേയും റവന്യൂമന്ത്രിയുടേയും മണ്ഡലങ്ങളിലാണ്. അവിടെമാത്രം 1.44 കോടി രൂപ ചെലവാക്കിയപ്പോൾ ഏററവും കൂടുതൽ നഷ്ടമുണ്ടായ കാസർകോട് ജില്ലയിൽ ഇതുവരെ കൊടുത്തത് 47 ലക്ഷം രൂപയാണ്. ഗവൺമെൻറിന്റെ ഈ തീരുമാനത്തോടും നയത്തോടും അങ്ങേയ്ക്ക് യോജിപ്പുണ്ടോ?

ശ്രീ. ജോണി നെല്ലൂർ: ഇവിടെ നിയമസഭയിൽ തന്ന ഉത്തരത്തിൽ, ജില്ല തിരിച്ചുള്ള നാശനഷ്ടങ്ങളുടെ കണക്ക് വെളിപ്പെടുത്തിയിട്ടുണ്ട്. അതനുസരിച്ച് എല്ലാ ജില്ലകൾക്കും കൊടുത്തിട്ടില്ല എന്നുള്ളത് ഒരു വസ്തുതയാണ്, ഞാൻ അംഗീകരിക്കുന്നു. അതിനുള്ള ധനശേഷി എവിടെ നിന്നുണ്ടാകണമെന്ന് നാം ആലോചിക്കണം. വെള്ളപ്പൊക്കംമൂലം ഏത് പ്രദേശത്തുള്ള ആളുകൾക്ക് ദുരിതമുണ്ടായാലും അത് മാളയിലായാലും പാലായിലായാലും പത്തനാപുരത്തായാലും മൂവാററുപുഴയിലായാലും ഒന്നുപോലെ കാണണം എന്നാണ് എന്റെ അഭിപ്രായം. ഒരു വിവേചനവും ആ കാര്യത്തിൽ പാടില്ല. വെള്ളപ്പൊക്കക്കെടുതികളുടെ ഫലമായി റോഡുകൾ കുത്തിയൊലിച്ചുപോയിരിക്കുന്നു. വാഹനങ്ങൾക്ക് ഓടാൻ കഴിയാത്ത സ്ഥിതിയായിരിക്കുന്നു. വീടുകൾ നഷ്ടപ്പെട്ടവരുടേയും കൃഷി നശിച്ചവരുടേയും കണ്ണീര് കാണുന്നത് ഹൃദയഭേദകമാണ്. അവർക്ക് മതിയായ ആശ്വാസമെത്തിക്കാൻ നമുക്ക് കഴിയുന്നില്ല. അതിനാൽ ഈ ചർച്ചയുടെ അടിസ്ഥാനത്തിൽ ആവശ്യമായ തുക ഇതിലേക്ക് വകകൊള്ളിക്കണമെന്നുള്ളതാണ് എന്റെ ശക്തമായ അഭിപ്രായം.

ഇവിടെ അപ്പുറത്തുനിന്ന് സംസാരിച്ച സുഹൃത്തുക്കൾ കോൺഗ്രസിലെ ഗ്രൂപ്പിസത്തെക്കുറിച്ചൊക്കെ വാതോരാതെ പറയുകയുണ്ടായി. എന്നാൽ നിങ്ങളുടെ മുന്നണിയുടെ സ്ഥിതി എന്താണ്? ഞാൻ ബഹുമാനിക്കുന്ന ഒരു നേതാവാണ് സ. പി.കെ.വി. അദ്ദേഹം എന്റെ

LIBRARY ARCHIVES Kerala Legislative Assembly

അയൽവാസികൂടിയാണ്. അദ്ദേഹം പറയുന്നു 'നമ്പൂതിരിപ്പാട് ഇടതു മുന്നണിക്കെതിരെ സംസാരിക്കുന്നു' എന്ന്. സംസ്ഥാനത്തെ മുഴുവൻ പത്രങ്ങളിലും വന്ന വാർത്തയാണിത്. അപ്പോൾ നിങ്ങൾക്ക് പരസ്പരം പൊരുത്തപ്പെട്ടുപോകാൻ കഴിയുന്നുണ്ടോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ: ഞങ്ങളും മാർക്സിസ്റ്റ് പാർട്ടിയും എന്നു പറഞ്ഞാൽ രണ്ടു പാർട്ടികളാണ്. ആ നിലയിൽ വ്യത്യസ്ത അഭിപ്രായങ്ങളും ഞങ്ങൾക്കുണ്ട്. അതുപോലെയാണോ കോൺഗ്രസ് (ഐ)? പി.സി. തോമസ് ചോദിച്ചത് കോൺഗ്രസ് (ഐ) എന്നൊന്ന് ഉണ്ടോ എന്നാണ്. ശ്രീ. ഉമ്മൻചാണ്ടി പറഞ്ഞത് കോൺഗ്രസ് പാർട്ടി അഴിമതി പാർട്ടിയായിരിക്കുന്നുവെന്നാണ്.

ശ്രീ. ജോണി നെല്ലൂർ: കോൺഗ്രസ് (ഐ)-യെക്കുറിച്ചല്ല ഞാൻ പറഞ്ഞത്, തെററ് ആരുടെ ഭാഗത്തുനിന്നായാലും തെററായി കാണാനുള്ള വിശാലമനസ്ഥിതി നമുക്കുണ്ടാകണമെന്നാണ്. അതാണ് വേണ്ടത്. എന്നാൽ അപ്പുറത്ത് സ്ഥിതിയെന്താണ്? അച്യുതാനന്ദനും നായനാരും തമ്മിൽ കണ്ടാൽ മിണ്ടുമോ? ഒരു പാർട്ടിക്കാരല്ലേ? ഇവിടെ ഉമ്മൻചാണ്ടിയും കെ. കരുണാകരനും തമ്മിൽ അഭിപ്രായവ്യത്യാസമുണ്ടെന്ന് നിങ്ങൾ പറയുമ്പോഴാണ്. നിങ്ങൾ തമ്മിൽ കണ്ടാൽപോലും മിണ്ടാത്ത അവസ്ഥയാണുള്ളത്. അച്യുതാനന്ദൻ ഗ്രൂപ്പിൽപ്പെട്ട ഡി.വൈ.എഫ്.ഐ.-യുടേയും എസ്.എഫ്.ഐ.-യുടേയും നേതാക്കളെ പുറത്താക്കിയതായി പത്രവാർത്തയുണ്ട്. ഇതെല്ലാം നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുന്ന കാര്യങ്ങളാണ്. എങ്കിലും സംസ്ഥാനം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ നാം കൂട്ടായി നീങ്ങുകയാണ് ആവശ്യം. വികസന പ്രവർത്തനങ്ങൾ കൊതിക്കുന്ന ഒരു സംസ്ഥാനമാണ് നമ്മുടേത്. പല പ്രദേശങ്ങളും അവികസിത മേഖലകളാണ്. അവിടെയൊക്കെ വികസനം കടന്നുവരണമെങ്കിൽ കൂട്ടായ പരിശ്രമം ആവശ്യമാണ്. അതിനായി ഭരണ പ്രതിപക്ഷഭേദമന്യേ ഒരുമിച്ച് ചർച്ച ചെയ്യണം. യുദ്ധകാലാടിസ്ഥാനത്തിൽ റോഡുകൾ നന്നാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണം. ഒരു കളക്ടർ നൽകിയ ഉത്തരവിനെക്കുറിച്ച് ഉണ്ടായ വിവാദങ്ങളിലേക്കൊന്നും ഞാൻ കടക്കുന്നില്ല. നമുക്ക് പ്രായോഗികമായി കാര്യങ്ങൾ ചെയ്യാൻ കഴിയണം. റോഡിലൂടെ ജനങ്ങൾക്ക് സുഗമമായി യാത്രചെയ്യാൻ കഴിയണം. അതിനുവേണ്ടി ഏത് മാർഗ്ഗത്തിലൂടെ പണം കണ്ടെത്തിയും റോഡുകൾ നന്നാക്കണം. നമ്മുടെ സ്കൂൾ കെട്ടിടങ്ങൾ, ആശുപത്രികൾ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ എല്ലാം തകർന്നുവീഴാവുന്ന അവസ്ഥയിലാണ്. ഈ ഗവൺമെൻറ് ഒട്ടേറെ നല്ല കാര്യങ്ങൾ ചെയ്യുന്നുണ്ട്; ഒട്ടേറെ നല്ല പദ്ധതികൾ കൊണ്ടുവരുന്നുണ്ട്. അത് ഇംപ്ലിമെൻറു ചെയ്യേണ്ട സെക്രട്ടേറിയററ് മുതൽ വില്ലേജ് ഓഫീസ് വരെ ഉള്ള ഓഫീസുകളിലെ ഉദ്യോഗസ്ഥൻമാരുടെ സ്ഥിതിയെന്താണ്? ഒരു സാധാരണക്കാരൻ ഓഫീസിൽ കടന്നുചെന്നാൽ വളരെ മോശമായ പെരുമാററ മാണ് പല സർക്കാർ ഓഫീസുകളിൽനിന്നും ഉണ്ടാകുന്നത്. ഇതിനൊരു മാററം ഉണ്ടാകണം. ഇറിഗേഷൻ വകുപ്പ് ഉൾപ്പെടെ മുഴുവൻ വകുപ്പുകളുടേയും കാര്യമാണ് ഞാൻ പറയുന്നത്. നമ്മുടെ സർവ്വീസ് മേഖലയിൽ കടന്നുകൂടിയിരിക്കുന്ന ഈ ദുഷിച്ച പ്രവണതയ്ക്കെതിരെ ശക്തമായ നടപടി സ്വീകരിക്കാൻ ഗവൺമെൻറ് തയ്യാറാകണം. മാനംമര്യാദയായി സർക്കാർ ഓഫീസുകളിൽ കടന്നുചെല്ലുന്ന പാവപ്പെട്ട ആളുകളോട് നല്ല പെരുമാററമുണ്ടാകണം; അവരുടെ സങ്കടങ്ങൾ കേൾക്കാൻ തയ്യാറാകണം. സംസ്ഥാന സർക്കാർ ആവിഷ്കരിക്കുന്ന പരിപാടികൾ ജനങ്ങളിലേക്ക്



LIBRARY ARCHIVES Kerala Legislative Assembly

എത്തണം. അക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിമാർ കൂടുതൽ ശ്രദ്ധ പതിപ്പിക്കണം. ഞാൻ നേരത്തെ പറഞ്ഞതുപോലെ. പ്രകൃതിക്ഷോഭം മൂലമുള്ള ദുരന്തങ്ങൾ ദേശീയ ദുരന്തമായി കാണാൻ കഴിയണം. അതിനാവശ്യമായ നിലപാട് കേന്ദ്രഗവൺമെൻറിനെക്കൊണ്ട് സ്വീകരിപ്പിക്കുന്നതിന് നാം ഭരണപ്രതിപക്ഷഭേദമന്യേ ഒരുമിച്ചു നിൽക്കണം. ഉപധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി അനുകൂലിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ഡോ. കെ. സി. ജോസഫ്: സർ, ഈ സപ്ലിമെൻററി ഡിമാൻറ്സിനെ ഞാൻ എതിർക്കുന്നു. ഈ സപ്ലിമെൻററി ഡിമാൻറ്സ് ആകെ പരിശോധിച്ചാൽ സംസ്ഥാനത്തിൻെറ ഉത്തമതാൽപര്യം സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള വിപുലമായ നടപടികളൊന്നും ഉൾക്കൊള്ളിച്ചിട്ടില്ല എന്നാണ് കാണാൻ കഴിയുന്നത്. പ്രതിപക്ഷത്തുനിന്നുള്ള ബഹുമാന്യരായ നേതാക്കൾ പല വിഷയങ്ങളെ സംബന്ധിച്ച് സൂചിപ്പിക്കുകയുണ്ടായി. നമ്മുടെ ഫിനാൻഷ്യൽ കോഡ് നിർദ്ദേശിച്ചിരിക്കുന്നതിന് വിരുദ്ധമായ പല തുകകളും ഉൾക്കൊള്ളിച്ചിട്ടുള്ളതിനെക്കുറിച്ച് സൂചിപ്പിച്ചു. കണ്ടിൻജൻസി ഫണ്ടിൽനിന്ന് എടുക്കുവാനും അത് ഉപധനാഭ്യർത്ഥനകളിലൂടെ വീണ്ടും നിയമപ്രാബല്യം നൽകുവാനുമൊക്കെയുള്ള നടപടികൾ സ്വീകരിക്കുമ്പോൾ, ഏററവും പ്രധാനമായി സപ്ലിമെൻററി ഡിമാൻറിൽ ഉണ്ടാകുമെന്ന് എല്ലാവരും കരുതിയത് ഈ രാജ്യത്ത് ഉണ്ടായ പ്രളയദുരന്തം പരിഹരിക്കുന്നതിനാവശ്യമായ പണം നീക്കിവയ്ക്കുന്ന കാര്യമാണ്. എന്നാൽ നിർഭാഗ്യമെന്നു പറയട്ടെ, ഈ സപ്ലിമെൻററി ഡിമാൻറ് മൊത്തം എടുത്ത് പരിശോധിച്ചാൽ ഒരു നയാപൈസപോലും ഇത്തവണ പ്രളയ ദുരിതത്തിൽ കഷ്ടപ്പാടിനിരയായ ജനങ്ങൾക്ക് ആശ്വാസമരുളുന്നതിനു വേണ്ടി നീക്കിവച്ചിട്ടില്ല എന്നുള്ളതാണ് വസ്തുത. പ്രശ്നങ്ങളെ എത്ര ലാഘവത്തോടുകൂടിയാണ് ഈ ഗവൺമെൻറ് കാണുന്നത് എന്ന് മനസ്സിലാക്കാം. ഈ ദുരന്തത്തിന് പ്രതിപക്ഷത്തുള്ളവരും ഭരണപക്ഷത്തുള്ളവരും കേന്ദ്രസഹായം ലഭ്യമാക്കാൻവേണ്ടി ശ്രമിക്കണമെന്ന് ആവശ്യപ്പെട്ടപ്പോൾ അതിനുനേരെ വിരുദ്ധമായി, യാതൊന്നും കേന്ദ്രത്തിൽനിന്ന് ലഭിക്കുകയില്ല എന്നും അതിന് അർഹതയില്ല എന്നുമുള്ള നിലയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പരസ്യമായ നിലപാട് സ്വീകരിച്ചത് ഈ സംസ്ഥാനത്തിൻെറ താൽപ്പര്യങ്ങളെ എത്രമാത്രം ബാധിക്കുന്നുവെന്ന് ഞാൻ പറയാതെതന്നെ മനസ്സിലാക്കാൻ കഴിയും. ആഗസ്ററ് 1-ാം തീയതിമുതൽ ആരംഭിച്ച വെള്ളപ്പൊക്കമാണ് ഇത്തവണ ഉണ്ടായത്. 1985-ൽ ഉണ്ടായ വെള്ളപ്പൊക്കത്തെക്കാൾ ഏതാണ്ട് ഏററവും ചുരുങ്ങിയത് മൂന്നടിയെങ്കിലും വെള്ളം ഉയർന്നതായിട്ടാണ് കാണുന്നത്. അതിനെക്കാൾ കൂടുതൽ നഷ്ടവും ഉണ്ടായതായിട്ടാണ് കാണുന്നത്. അന്ന് സ്ററഡി ടീം വന്ന് പരിശോധിച്ചതിൻെറ ഫലമായി 135 കോടി രൂപ കേന്ദ്രത്തിൽനിന്ന് ലഭിച്ചു. അതായിരുന്നു അന്നത്തെ നിയമം. ഇന്ന് അതില്ല എന്ന് വാദിക്കുമെങ്കിലും അന്ന് ആ തന്ന തുകയുടെ 85 ശതമാനം കേന്ദ്രസഹായമായി മാററി. അന്നുണ്ടായിരുന്ന മാനദണ്ഡമനുസരിച്ച് കേന്ദ്രം നൽകേണ്ടിയിരുന്നത് 75 ശതമാനമാണ്. 25 ശതമാനം സംസ്ഥാനവും നൽകണം. അങ്ങനെയാണ് നാച്ചറൽ കലാമിററിയുടെ വിഹിതം ഷെയർ ചെയ്യുന്നത്. എന്നാൽ അന്നത്തെ ആ കലാമിററി A calamity of rare humidity എന്ന് കണ്ട് അംഗീകരിച്ചതിൻെറ ഫലമായി 75 ശതമാനം കേന്ദ്രവിഹിതം എന്നുള്ളത് 85 ശതമാനമാക്കി മാററി. 1985-ൽ ഉണ്ടായതിനെക്കാൾ മൂന്നടി ജലനിരപ്പുയരുകയും അതിനെക്കാൾ കൂടുതൽ നഷ്ടം ഉണ്ടാകുകയും ചെയ്തു ഇത്തവണത്തെ അതിവർഷത്തിൽ. ആ നഷ്ടം A natural calamity of rare humidity ആയി കാണണമെന്ന്

കേന്ദ്രത്തോട് ആവശ്യപ്പെടാൻ എന്തുകൊണ്ട് ഈ സംസ്ഥാന ഗവൺമെൻറ് മടിച്ചുനിൽക്കുന്നു എന്ന് വ്യക്തമാക്കണം. 9-ാം ധനകാര്യ കമ്മീഷൻെറ റിപ്പോർട്ടാണ് ചൂണ്ടിക്കാണിക്കുന്നത് എങ്കിൽ ആ റിപ്പോർട്ടിൽ അവർ അഞ്ചുകൊല്ലത്തെ ശരാശരിയെടുത്ത് ഒരു തുക നിശ്ചയിച്ചു. ആ നിശ്ചയിച്ചതിലുള്ള അപാകതയെക്കുറിച്ച് പറയുന്നില്ല. 1985-86-ൽ ഇന്ത്യയിലാകെ നാച്വറൽ കലാമിററിക്ക് വേണ്ടി 1006 കോടി രൂപ ചെലവാക്കി. 1986-87-ൽ 1023 കോടി രൂപ നീക്കിവച്ചു. 1987-88-ൽ 1658 കോടി രൂപ മാററിവച്ചു. ആ നിലയിൽ തുക ചെലവഴിക്കുകയാണ്. 9-ാം ധനകാര്യ കമ്മീഷൻ ഇന്ത്യയ്ക്കാകെ 804 കോടി രൂപ നീക്കിവച്ചു കൊണ്ടാണ് ഒരു തീരുമാനമെടുത്തത്. പക്ഷേ അത്തരം ഒരു തീരുമാനം ഫിനാൻസ് കമ്മീഷൻ എടുത്തപ്പോഴും ആ ഫിനാൻസ് കമ്മീഷൻ റിപ്പോർട്ടിൻെറ 26-ാമത്തെ പേജിൽ വളരെ വ്യക്തമായി പറഞ്ഞു ഈ അത്യാഹിത സന്ദർഭങ്ങളിൽ കേന്ദ്രഗവൺമെൻറ് ഇടപെടുമെന്നും അതിനനുസരിച്ച് പണം നൽകുമെന്നും. ആ റിപ്പോർട്ടിൽ അവർ പറയുന്നത്, During the period covered by our report 9-ാം ധനകാര്യ കമ്മീഷൻെറ റിപ്പോർട്ടിൻെറ പീരിയഡിൽ ......if any region faces a calamity of such dimension and humidity as to warrant its handling at the national level, we are confident that the Centre will take appropriate action as the situation demands, and incur the expenditure that is necessary. വളരെ വ്യക്തമായി ആ റിപ്പോർട്ടിൽ പറഞ്ഞിരിക്കുകയാണ്. ദേശീയ ദുരന്തമായി പരിഗണിക്കപ്പെടേണ്ട നാച്വറൽ കലാമിററിയായാൽ കേന്ദ്രം ഇടപെടും പണം നീക്കിവയ്ക്കും, എന്ന് ഈ തുക നീക്കിവച്ച, 31 കോടി രൂപയുടെ 75 ശതമാനമായ 23 കോടി രൂപ നീക്കിവച്ച ധനകാര്യ കമ്മീഷൻതന്നെ പറയുമ്പോൾ 1985-ലെ വെള്ളപ്പൊക്കം ദേശീയ ദുരന്തമായി സ്ഥാപിച്ചെടുക്കാൻ സാധിച്ച നിങ്ങൾക്ക് എന്തുകൊണ്ട് അതിനെക്കാൾ ഭീകരമായ ദുരിതം വിതച്ച ഈ ഭീകരമായ വെള്ളപ്പൊക്കത്തെ ദേശീയദുരന്തമാണെന്ന് സ്ഥാപിച്ചുകൊണ്ട് അർഹമായത് നേടിയെടുക്കാൻ സാധിച്ചില്ല എന്ന് പറയണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസ്ഥാനത്തോടു ചെയ്യുന്ന തെററ് എന്താണ്? അദ്ദേഹം പറയുന്നു, എട്ടൊൻപത് സംസ്ഥാനങ്ങളിൽ ഭീകരമായ ദുരന്തമുണ്ടായി; അതുകൊണ്ട് നമുക്ക് മാത്രം വേണമെന്ന് പറയുന്നത് ശരിയാണോ എന്ന്. ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ചോദിക്കട്ടെ. അങ്ങ് പറയുന്ന 9 സംസ്ഥാനങ്ങളിൽ 8 സംസ്ഥാനങ്ങളിലും കേന്ദ്രം പ്രതിനിധികളെയും മന്ത്രിമാരെയും അയച്ചു. ശ്രീ. ബൽറാംത്ധാക്കർ മഹാരാഷ്ട്രയിൽ പോയി. ശ്രീ. എ. കെ. ആൻറണി കിഴക്കൻ സംസ്ഥാനങ്ങളിലെ പല സ്ഥലങ്ങളിലും പോയി. എന്തുകൊണ്ട് ഇവിടത്തെ ദുരന്തങ്ങൾ കാണാൻവേണ്ടി ഒരു മന്ത്രിയെപ്പോലും അയയ്ക്കാൻ കേന്ദ്രത്തോട് ആവശ്യപ്പെടാൻ കഴിഞ്ഞില്ല? അത്ര ഭീകരമാണ് നമ്മുടെ ദുരന്തം എന്ന് സ്ഥാപിക്കാനുള്ള ശ്രമം നടത്താത്തത് എന്താണ്? ഇവിടെയുണ്ടായ ദുരന്തത്തിൻെറ ഭീകരത നമ്മുടെ സംസ്ഥാന ഗവൺമെൻറാ, ഉദ്യോഗസ്ഥൻമാരോ പൂർണ്ണമായി ഉൾക്കൊള്ളാൻ തയ്യാറായിട്ടുണ്ടോ എന്ന് ഞാൻ സംശയിക്കുകയാണ്. ഞാൻ പ്രതിനിധാനം ചെയ്യുന്ന മേഖല ആഗസ്ററ് 1-ാം തീയതി മുതൽ വലിയ ദുരിതത്തിൽ കഴിയുന്നു. ആൾക്കാരെ മാററിപ്പാർപ്പിച്ചിട്ടുള്ള ദുരിതാശ്വാസ ക്യാമ്പുകളിൽ മൂന്നിലൊന്നിലേറെ ക്യാമ്പുകളും ആലപ്പുഴ ജില്ലയിലാണ്. അവിടെ മാത്രം 721 ദുരിതാശ്വാസ ക്യാമ്പുകളിൽ ആൾക്കാരെ പാർപ്പിച്ചിരിക്കുന്നു. കുട്ടനാട് താലൂക്കിൽ മാത്രം 437 ക്യാമ്പുകളിലായി മുപ്പത്തിനാലായിരത്തിലേറെ കുടുംബങ്ങളെ മാററിപ്പാർപ്പിച്ചിരിക്കുന്നു. നെൽക്കൃഷി



LIBRARY ARCHIVES Kerala Legislative Assembly

മാത്രം 25,000 ഏക്കർ നശിച്ചു. കുട്ടനാട് താലൂക്കിലെ നെൽക്കൃഷിക്കുണ്ടായ നഷ്ടം മാത്രം പരിശോധിച്ചാൽ 25 കോടി രൂപയുടെ നാശം ഉണ്ടായി. നെൽപ്പാടങ്ങളുടെ ബണ്ടുകൾ പൊട്ടിപ്പോയതും ഓവർഫ്ളോ ചെയ്തപ്പോഴുണ്ടായ നഷ്ടങ്ങളും, വാഴയും തെങ്ങും പച്ചക്കറി കൃഷിയും ഉൾപ്പെടെയുള്ള കരകൃഷിയിലുണ്ടായ മുഴുവൻ നഷ്ടങ്ങളും കണക്കാക്കിയാൽ ഇതിനേക്കാൾ ഭീമമായ തുക വേണ്ടിവരും. ആ നിലയിൽ ഇത്രയും ഭീകരമായ ദുരിതം ഉണ്ടായി ഇപ്പോഴും ദുരിതാശ്വാസ ക്യാമ്പ് തുടരുമ്പോൾ അതിന് പരിഹാരമുണ്ടാക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചത്? ആഗസ്ററ് ഒന്നാം തീയതി മുതൽ ഇന്നുവരെ കുട്ടനാട് താലൂക്കിൽ 437 ക്യാമ്പുകളിലായി 34,000 കുടുംബങ്ങൾക്ക് ഭക്ഷണം നൽകാൻ, ആ ക്യാമ്പ് നടത്തുവാൻ വേണ്ടി ആകെ കൊടുത്തിട്ടുള്ളത് 5 ലക്ഷം രൂപയാണ്. എങ്ങനെ ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടുപോകാൻ കഴിയും? മരണപ്പെട്ടതിനെ സംബന്ധിച്ച് ഇവിടെ പറഞ്ഞു. ആശ്രിതർക്ക് 15,000 രൂപ വീതം കൊടുക്കും എന്നാണ് പറഞ്ഞത്. മററെല്ലാ സംസ്ഥാനങ്ങളിലും 50,000 രൂപ വച്ച് കൊടുക്കുന്നു. 1992-93-ലെ വെള്ളപ്പൊക്കത്തിൽ നമുക്ക് പ്രധാന മന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്ന് ആകെ ലഭിച്ചത് മരിക്കുന്നവർക്കുള്ള ആശ്വാസമാണ്. മരിച്ചവരുടെ ആശ്രിതർക്ക് 50,000 രൂപ വച്ച് അന്ന് കിട്ടി. ആ തുകയെങ്കിലും നേടിയെടുക്കാൻ ഈ ഗവൺമെൻറ് ശുഷ്ക്കാന്തി കാണിച്ചോ? മരിച്ചവരുടെ കുടുംബങ്ങൾക്കുള്ള തുകയെങ്കിലും തരണമെന്ന് ആവശ്യപ്പെടാൻ കഴിയുന്നില്ല. എത്രമാത്രം ലാഘവത്തോടുകൂടി നമ്മുടെ സംസ്ഥാനത്തിനുണ്ടായ ദുരന്തത്തെ ഈ ഗവൺമെൻറ് കാണുന്നു എന്നാണ് മനസ്സിലാക്കേണ്ടത്. ഈ ഗവൺമെൻറിന് അതിനെക്കുറിച്ച് ശ്രദ്ധിക്കാൻ സമയമില്ല. ഇവിടെ 17 മന്ത്രിമാർ ഇല്ലേ. ദുരന്തം ഉണ്ടായി ആ ദുരന്തം എത്രമാത്രമാണ് എന്ന് നേരിട്ട് കാണാൻ, ആ സമയത്ത് ഓടിയെത്താൻ എത്രപേർക്ക് കഴിഞ്ഞു? ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി കുട്ടനാട്ട് വന്നു. അത് ഞാൻ ഓർക്കുന്നു. വന്നില്ല എന്ന് ഞാൻ പറയുന്നില്ല. തിങ്കളാഴ്ച വെള്ളപ്പൊക്കം ആരംഭിച്ച് 8-ാമത്തെ ദിവസം അദ്ദേഹം വന്നു. ഇത്രമാത്രം ഭീകരമാണ് ഇവിടത്തെ സ്ഥിതിയെന്ന് പത്ര റിപ്പോർട്ടുകൊണ്ടോ അദ്ദേഹത്തിനു കിട്ടിയ റിപ്പോർട്ടുകൊണ്ടോ മനസ്സിലായില്ല എന്ന് അദ്ദേഹം പറഞ്ഞു. അവിടെ വന്നുനോക്കിയപ്പോഴാണ് ആ ഭീകരത അദ്ദേഹത്തിന് പൂർണ്ണമായി ഉൾക്കൊള്ളാൻ കഴിഞ്ഞതെന്ന് അദ്ദേഹം അവിടെവച്ച് പറയുകയുണ്ടായി.

അതുകൊണ്ടാണ് ഓരോ സ്ഥലത്തും മന്ത്രിമാർ പോയി ദുരിതങ്ങൾ കാണണം, എന്താണ് പ്രശ്നങ്ങൾ എന്ന് മനസ്സിലാക്കണം എന്ന് പറയുന്നത്. മന്ത്രിമാർ അവിടെ പോകുന്ന ആ പ്രത്യേകമായ സ്ഥിതിക്കു വേണ്ടിയല്ല. മററ് മന്ത്രിമാരൊന്നും പോയില്ല. ഇത്രമാത്രം ദേശീയ ദുരന്തമായിപ്പോലും വ്യാഖ്യാനിക്കാൻ കഴിയുന്ന ഒരു ദുരന്തമുണ്ടായപ്പോൾ ആലപ്പുഴയിലും മററ് പ്രദേശങ്ങളിലുമെല്ലാം തന്നെ മുൻകാലങ്ങളിൽ ചെയ്യുന്നതുപോലെ ഓരോ ജില്ലയിലെയും താലൂക്കിലെയും സീനിയറായ ഉദ്യോഗസ്ഥൻമാരെ നിയോഗിച്ചുകൊണ്ട് അവിടത്തെ പ്രശ്നങ്ങൾ മനസ്സിലാക്കി, അതിന് പരിഹാരമുണ്ടാക്കാനുള്ള നടപടികൾ ഈ ഗവൺമെൻറ് സ്വീകരിച്ചില്ല. ഇനിയെങ്കിലും യാഥാർത്ഥ്യബോധം ഉൾക്കൊണ്ടുകൊണ്ട് ഈ സംസ്ഥാനത്തെ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ശ്രമം നടത്തണം. അതിനാവശ്യമായ ധനസഹായം കേന്ദ്രത്തിൽനിന്നും നേടിയെടുക്കാൻ കഴിയണം. കേന്ദ്രസഹായമില്ലാതെ എങ്ങനെ ഇത്

LIBRARY ARCHIVES Kerala Legislative Assembly

പരിഹരിക്കാൻ കഴിയുമെന്നാണ് പറയുന്നത്? അങ്ങനെ കഴിഞ്ഞാൽ നമ്മുടെ പദ്ധതികൾ അവതാളത്തിലാകും. 1992-93-ൽ ശ്രീ. നരസിംഹറാവു ഇവിടെ വന്നു, ശ്രീ. ബൽറാം ത്ധാക്കർ വന്നു, എല്ലാവരും വന്നു. പക്ഷേ ഒരു നയാപൈസപോലും നമ്മുടെ പ്ലാനിൽ അനുവദിച്ച തുകയെക്കാൾ അധികം, മരിച്ചവരുടെ ആശ്രിതർക്ക് കൊടുത്ത ആശ്വാസമല്ലാതെ, ലഭിച്ചിട്ടില്ല. അതിന്റെ ഫലമായിട്ട് നമ്മുടെ ഓൺ-ഗോയിംഗ് സ്കീമുകളിൽ വെട്ടിക്കുറവ് വരുത്തി ചില കാര്യങ്ങൾ ചെയ്യേണ്ടിവന്നു. അന്ന് ഫ്ളഡ്ഡ് ഡാമേജിൽ ഉൾപ്പെടുത്തി തുടങ്ങിയ പി.ഡബ്ല്യു. ഡി. റോഡുകളുടേയും മററും പണികൾക്ക് ഇനിയും പണം കൊടുക്കാൻ ബാക്കി നിൽക്കുകയാണ്. വെള്ളപ്പൊക്കംമൂലം കേടുപാടുകൾ വന്ന പി. ഡബ്ല്യു. ഡി. റോഡുകളുടെ ബില്ലുകൾ ഇനിയും കൊടുക്കാനുണ്ട്. ആ നിലയിൽ വളരെ ലാഘവത്തോടുകൂടി ഇതിനെ നമുക്ക് കാണാൻ കഴിയുമോ? ആ രീതിയിൽ ഇതിനെ കണ്ടുകൊണ്ട്, ആലസ്യത്തിൽ കഴിയുന്ന ഈ ഗവൺമെൻറ് കേരളത്തോടും കേരള ജനതയോടും കടുത്ത അപരാധമാണ് ചെയ്യുന്നത്. ആ ക്രൂരത കാട്ടുന്ന ഇത്തരത്തിലുള്ള ഒരു സപ്ലിമെൻററി ഡിമാൻറ് കൊണ്ടുവരാൻ ഈ ഗവൺമെൻറിന് അർഹതയില്ല, അതുകൊണ്ട് ഞാൻ ഇതിനെ എതിർക്കുന്നു.

ശ്രീ. ജോർജ് മസ്ക്രീൻ: സർ, ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു കഴിഞ്ഞ മൂന്നുവർഷക്കാലമായിട്ട് കേരളത്തിൽ വമ്പിച്ച നേട്ടങ്ങൾ കാഴ്ചവച്ച സർക്കാർ അതിന്റെ നാലാം വർഷത്തെഭരണം തുടരുകയാണ്. നേട്ടങ്ങളുടെ ഗുണഭോക്താക്കളായി കേരളത്തിലെ ജനങ്ങൾ വീണ്ടും യു. ഡി. എഫ്-നെ അധികാരത്തിൽ കൊണ്ടുവരുമോ എന്നുള്ള ഭയപ്പാട് ഇടതുവശത്തിരിക്കുന്ന ആളുകൾക്ക് തോന്നിത്തുടങ്ങിയിരിക്കുന്നു. അതുകൊണ്ട് അടിസ്ഥാനരഹിതമായ ആരോപണങ്ങൾ തുടരെത്തുടരെ നിറുത്തിക്കൊണ്ട് പുകമറ സൃഷ്ടിക്കുകയാണ് പ്രതിപക്ഷത്തിരിക്കുന്നവരുടെ ലക്ഷ്യം. ക്രിമിനോളജിയിൽ ബെനിഫിററ് ഓഫ് ഡൗട്ട് എന്നൊരു ഏർപ്പാടുണ്ട്. അതുപോലെതന്നെ നിരന്തരമായി, ഇല്ലാത്ത, അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉന്നയിച്ച് ജനങ്ങളുടെ ഇടയിൽ നേരിയ സംശയമുണ്ടാക്കിയെടുത്ത്, അതിൽക്കൂടി രക്ഷപ്പെടാനാണ് കേരളത്തിലെ പ്രതിപക്ഷം ഇപ്പോൾ പകൽക്കിനാവ് കാണുന്നത്. പാമോയിലിനെ സംബന്ധിച്ച് ഇവിടെ പറഞ്ഞു. പാമോയിൽ സംബന്ധിച്ച കേസ് ഇവർ രണ്ട് കോടതികളിൽ ഫയൽ ചെയ്തു. സി. പി. ഐ.-കാരും സി. പി. എം.-കാരും ഒത്തുചേർന്ന് ഫയൽ ചെയ്ത കേസ്സാണ്. കോടതി അത് വിശദമായി പരിശോധിച്ചു. പാമോയിൽ ഇടപാടിൽ അഴിമതിയുണ്ടെങ്കിൽ അഴിമതിക്കാരായ എല്ലാവരേയും ശിക്ഷിക്കണം, നടപടിയെടുക്കണം എന്നാവശ്യപ്പെട്ടുകൊണ്ടായിരുന്നു കേസ് കൊടുത്തിരുന്നത്. കോടതി പറഞ്ഞത് ഇതിൽ അഴിമതിയുണ്ടെന്ന് കാണുന്നില്ലായെന്നു മാത്രമല്ല, ഇത് രാഷ്ട്രീയ പ്രേരിതമാണെന്നാണ്. അവിടെ വച്ച് നിറുത്തിയില്ല. വീണ്ടും അതിനൊരു ചെറിയ ഭാവഭേദം കൊണ്ടുവന്നു. Doctrine of resjudicata ഏൽക്കാതെ, വീണ്ടും അതൊരു ഡി. വൈ. എസ്. പി. യെക്കൊണ്ട് അന്വേഷിപ്പിക്കാൻ നിർദ്ദേശം നൽകണമെന്നു പറഞ്ഞുകൊണ്ട് വീണ്ടും അവതരിപ്പിച്ചു. അതിലും കോടതി പറഞ്ഞു, അഴിമതി ഇല്ലെന്ന്, അതിനുശേഷം, ഇന്നുപോലും, ശ്രീ. കൃഷ്ണൻ കണിയാംപറമ്പിലുൾപ്പെടെയുള്ള മെമ്പർമാർ വീണ്ടും പഴയ കാര്യങ്ങൾ അടിസ്ഥാനരഹിതമായി ഇവിടെ ആരോപിക്കുകയാണ്. കഴിഞ്ഞ ഗവൺമെൻറിന്റെ

കാഷ്യൂ ഡെവലപ്മെൻറ് കോർപ്പറേഷനിൽ അന്നത്തെ സി. ഐ. ടി. യു. നേതാവും ചെയർമാനുമായ പത്മലോചനനും അന്തരിച്ചുപോയ എം. ഡി. ഭട്ടാചാര്യയും ചേർന്നു കശുവണ്ടി ഇറക്കുമതിയിൽ നടത്തിയ വലിയ അഴിമതിയെക്കുറിച്ച് ഈ സഭയിൽ ശ്രീമതി ഗൗരിഅമ്മ തന്നെ പറഞ്ഞിട്ടുള്ളതാണ്. ഭട്ടാചാര്യ ആരായിരുന്നു? സഖാവ് ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടിൻെറ ചെറുമകളുടെ ഭർത്താവിൻെറ അടുത്ത ബന്ധുവായിരുന്ന ഭട്ടാചാര്യ. ഞാൻ വിശദമായിട്ട് എഴുതിക്കൊടുക്കാത്തതുകൊണ്ട് അതിൻെറ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഈ ഗവൺമെൻറ് സംസ്ഥാന-കേന്ദ്ര ബന്ധം വളരെ മെച്ചപ്പെടുത്തുകയും ഈ സംസ്ഥാനത്തിന് കൂടുതലായിട്ട് നേട്ടങ്ങളുണ്ടാക്കാൻ അവസരം ഉണ്ടാക്കുകയും ചെയ്തു. ശ്രീ. നരസിംഹറാവുവിൻെറ കഴിഞ്ഞകാലങ്ങളിലെ ബഡ്ജററുകൾ ഇൻഡ്യൻ സമ്പദ് വ്യവസ്ഥയെ ആഗോള സമ്പദ് വ്യവസ്ഥയുമായിട്ട് സംയോജിപ്പിക്കുന്നതായിരുന്നു. അതുമൂലം പണപ്പെരുപ്പം കുറഞ്ഞു, റേററ് ഓഫ് എക്കണോമിക് ഗ്രോത്ത് നാലര ശതമാനം കൂടി. വിദേശ നാണ്യശേഖരം വർദ്ധിച്ചു. നേരിട്ടുള്ള വിദേശ നിക്ഷേപം വർദ്ധിച്ചു, കേന്ദ്രത്തിൻെറ കമ്മി 1991-ൽ 8.4 ശതമാനമായിരുന്നത് ഇപ്പോൾ 5.7 ശതമാനമായി കുറഞ്ഞിരിക്കുന്നു. ലോകത്തെ വളർന്നുവരുന്ന സാമ്പത്തിക ശക്തിയായിട്ട് ഭാരതത്തെ അംഗീകരിക്കാൻ ലോകരാഷ്ട്രങ്ങൾ തയ്യാറായിരിക്കുന്നു. കേന്ദ്ര ബഡ്ജററിൻെറ ചുവടുപിടിച്ചുകൊണ്ടാണ് ഇവിടെ യു. ഡി. എഫ്. ഗവൺമെൻറ് കഴിഞ്ഞ കാലത്ത് ഈ ബഡ്ജററടക്കമുള്ള ബഡ്ജററുകൾ അവതരിപ്പിച്ചത്. അതുകൊണ്ട് ഈ സംസ്ഥാനത്തിൻെറ വരുമാനം വർദ്ധിച്ചിരിക്കുന്നു. ഈ സംസ്ഥാനത്തിൻെറ 'ഗ്രോത്ത് ഓഫ് ഇൻഡസ്ട്രിയൽ പ്രൊഡക്ഷൻ' വർദ്ധിച്ചിരിക്കുന്നു. വ്യാവസായികവികസനം കഴിഞ്ഞ ഗവൺമെൻറിൻെറ കാലത്ത് 10 ശതമാനമായിരുന്നത്, 12 ശതമാനമായിരിക്കുന്നു. ഇവിടെ ഫൈനാൻസ് മിസ് മാനേജ്മെൻറാണെന്ന് പ്രതിപക്ഷത്തിരിക്കുന്നവർ പറഞ്ഞു. നമ്മുടെ സ്റ്റേററിൻെറ ഇൻകം 5 ശതമാനം വർദ്ധിച്ചിരിക്കുന്നു. 1993-94-ൽ 7 ശതമാനം വർദ്ധനവുണ്ടായിരുന്നു. ഇൻഡ്യയിൽ ഏററവും കൂടുതൽ പ്രതിശീർഷ വരുമാനവർദ്ധന കേരളത്തിലാണ്; അതായത്, 5.4 ശതമാനമാണ്. ഇത് ദേശീയ നിരക്കിനെക്കാൾ കൂടുതലാണ്. ഇവിടെ കേന്ദ്രഗവൺമെൻറിൻെറ സാമ്പത്തിക ഉദാരവൽക്കരണത്തെ എതിർക്കുന്നവരുണ്ട്. വെസ്ററ് ബംഗാളിലും ബീഹാറിലും യു. പി. യിലുമൊക്കെ കോൺഗ്രസ് ഗവൺമെൻറുകളല്ല ഭരിക്കുന്നത്. പ്രതിപക്ഷത്തിരിക്കുന്നവരുമായിട്ട് ആശയപ്പൊരുത്തമുള്ള, അവരുടെ തന്നെ പാർട്ടിയുമായി സഹവാസമുള്ള പാർട്ടികൾ ഭരിക്കുന്ന സംസ്ഥാനങ്ങളാണ്. പഞ്ചാബിൽ സാമ്പത്തിക ഉദാരവൽക്കരണത്തിന് ഊന്നൽ നൽകിയിട്ടുണ്ട്. ഇവിടെ 'ദേശാഭിമാനി' പത്രത്തിൽ വന്ന വാർത്ത ശ്രീ. സക്കറിയ ഇവിടെ വായിക്കുകയുണ്ടായി. വെസ്ററ് ബംഗാൾ സംസ്ഥാനത്ത് പുത്തൻ വ്യവസായ നയത്തിന് ഉടനെ രൂപം നൽകാമെന്ന് പശ്ചിമബംഗാൾ മുഖ്യമന്ത്രി ജ്യോതി ബാസു പറഞ്ഞു. സംസ്ഥാനത്ത് കൂടുതൽ വ്യവസായികളെ ആകർഷിക്കാൻ തരത്തിൽ നിലവിലുള്ള വ്യവസായ നിയമങ്ങളുടെ ഘടന പൊളിച്ചെഴുതിയായിരിക്കും പുതിയ നയത്തിന് രൂപം നൽകുകയെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. കേന്ദ്രം നടപ്പിലാക്കുന്ന പുത്തൻ സാമ്പത്തിക നയത്തിൽ ഒട്ടേറെ കുഴപ്പങ്ങളും പാളിച്ചകളും കടന്നുകൂടിയിട്ടുണ്ടെങ്കിലും അതിൻെറ നല്ല വശങ്ങൾ ഉൾക്കൊള്ളാനും അതനുസരിച്ച് പ്രവർത്തിക്കാനും തയ്യാറാകണമെന്ന് ശ്രീ. ബാസു

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായികളോട് അഭ്യർത്ഥിച്ചു. അതുകൊണ്ട് കേന്ദ്രത്തിന്റെ പുത്തൻ നയത്തിന്റെ നല്ല വശങ്ങൾ നടപ്പിലാക്കാൻ സംസ്ഥാന ഗവൺമെന്റുകൾക്ക് ബാദ്ധ്യതയുണ്ട്.

ഈ സംസ്ഥാനത്ത് കഴിഞ്ഞ കാലത്തുണ്ടായിരുന്നത് ഒരു പാസ്സീവ് ഗവൺമെന്റായിരുന്നു. ഇന്നു ഒരു ആക്ടീവ് ഗവൺമെന്റ് ഉണ്ട്. ഒരു ആക്ടീവ് ഗവൺമെന്റിന്റെ ലക്ഷണം അതിന്റെ ഭരണ നിർവ്വഹണത്തിൽ കാണാൻ സാധിക്കും. വാർഷിക പദ്ധതിയുടെ അടങ്കലും ചെലവും മററു സംസ്ഥാനങ്ങളുമായി തുലനം ചെയ്താൽ അതു വളരെ വ്യക്തമായി മനസ്സിലാക്കാൻ കഴിയും. 1992-93-ൽ അടങ്കൽ തുകയുടെ 86·41 ശതമാനം കേരളം ചെലവഴിച്ചിരിക്കുന്നു; വെസ്ററ് ബംഗാളിൽ 46·9 ശതമാനം ചെലവഴിച്ചിരിക്കുന്നു; ബീഹാറിൽ 49·93 ശതമാനം ചെലവഴിച്ചിരിക്കുന്നു. റിസോഴ്സ് മൊബിലൈസേഷന്റെ കാര്യത്തിൽ കേരളത്തിൽ എഗ്രീഡ് ടാർജററ് 1992-93-ൽ 400 കോടി രൂപയായിരുന്ന സ്ഥാനത്ത് ആക്ച്വൽ റിയലൈസേഷൻ 421 കോടി രൂപയാണ്. വെസ്ററ് ബംഗാളിൽ എഗ്രീഡ് ടാർജററ് 236 കോടി രൂപ. ആക്ച്വൽ റിയലൈസേഷൻ 206 കോടി രൂപ. 1993-94-ൽ കേരളത്തിന്റെ ടാർജററ് 200 കോടി രൂപയായിരുന്നു. ഇവിടെ ആക്ച്വൽ റിയലൈസേഷൻ 300 കോടി രൂപയായിരിക്കുന്നു. ഇതു ഇൻഡ്യയിൽ രണ്ടാം റാങ്കാണ്. കേരളത്തിലെ 1994-95-ലെ പ്ലാൻ എക്സ്പെൻഡിച്ചർ 1260 കോടി രൂപ. അതിന് കേരളം 70 കോടി രൂപ മാത്രം കൂടുതലായി കണ്ടെത്തിയാൽ മതി. ഇതു മെച്ചപ്പെട്ട ഭരണ നിർവ്വഹണം കൊണ്ടല്ലേ സാധിച്ചത്? വ്യവസായ രംഗത്ത് സംസ്ഥാനത്ത് 2731 കോടി രൂപയുടെ മുതൽ മുടക്കുണ്ടാക്കാൻ പ്രൈവററ് സെക്ടറിൽ 1180 കോടി രൂപയും സെൻട്രൽ സെക്ടറിൽ 972 കോടി രൂപയും ജോയിൻറ് സെക്ടറിൽ 574 കോടി രൂപയും ഇൻവെസ്ററ് ചെയ്യാനുള്ള എല്ലാ സന്നാഹങ്ങളും കേരളത്തിൽ ഉണ്ടായിക്കഴിഞ്ഞിരിക്കുന്നു.

അതുപോലെ കേന്ദ്രത്തിൽ ഈ ഗവൺമെന്റ് സമർപ്പിച്ച എത്രയെത്ര പദ്ധതികളാണ് അംഗീകരിക്കപ്പെട്ടിരിക്കുന്നത്? കാർഷിക മേഖലയിൽ 12 പദ്ധതികൾ സമർപ്പിച്ചു; ആ 12 പദ്ധതികൾക്കും കേന്ദ്രം അനുമതി നൽകി. ഫിഷറീസ് മേഖലയിൽ 19 പദ്ധതികൾ സമർപ്പിച്ചു. അതിൽ 14 പദ്ധതികൾക്കും കേന്ദ്രം അനുമതി നൽകിക്കഴിഞ്ഞു. വ്യവസായ രംഗത്ത് 18 പദ്ധതികൾ സമർപ്പിച്ചു; ആറു പദ്ധതികൾക്ക് അനുമതി നൽകിക്കഴിഞ്ഞു. റെയിൽവേ രംഗത്ത് കേരളത്തിൽ വളരെ പെട്ടെന്നു വലിയ മാററങ്ങൾ ഉണ്ടാക്കാൻ കേരള ഗവൺമെന്റിന് സമ്മർദ്ദത്തിലൂടെ കഴിഞ്ഞു. മദ്രാസ് മെയിൽ വൈകിപ്പിച്ച ഒരു കാര്യം ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ ഇവിടെ പറഞ്ഞു. ആരോപണങ്ങൾ ഉന്നയിക്കുമ്പോൾ അതിന്റെ യാഥാർത്ഥ്യം മനസ്സിലാക്കിയിട്ടുവേണം പറയേണ്ടത് എന്ന മുഖ്യമന്ത്രിയുടെ മറുപടി അദ്ദേഹത്തിനു മനസ്സിലായിക്കാണുമെന്നു ഞാൻ കരുതുകയാണ്. ഡൽഹി-തിരുവനന്തപുരം രാജധാനി എക്സ്പ്രസ്, ബോംബേ-തിരുവനന്തപുരം പ്രതിവാര ട്രെയിൻ, തിരുവനന്തപുരം-നാഗർകോവിൽ-മധുര പുതിയ ട്രെയിൻ, നാഗർകോവിൽ-ഗുരുവായൂർ എക്സ്പ്രസ് ഒരു വർഷത്തിനുള്ളിൽ പെട്ടെന്നു

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിനു അനുവദിച്ച സൗഭാഗ്യങ്ങളാണ് അവ. അതുപോലെ നമ്മുടെ എസ്. സി./എസ്. ടി. ഡിപ്പാർട്ടുമെൻറ് കേന്ദ്രത്തിനു സമർപ്പിച്ച മൂന്നു പദ്ധതികളിൽ രണ്ടെണ്ണത്തിനും അനുമതി നൽകിക്കഴിഞ്ഞു. എന്തു കൊണ്ടാണ് ഇതൊക്കെ സംഭവിക്കുന്നത്? ഇവിടെ മുമ്പും ഗവൺമെൻറുകൾ ഉണ്ടായിരുന്നില്ലേ? ഗവൺമെൻറ് പദ്ധതികൾ സമർപ്പിക്കുമ്പോൾ ആ പദ്ധതികൾ അങ്ങനെ തന്നെ അംഗീകരിക്കുന്നത് കേരളത്തിൻെറ ഗവൺമെൻറിനെ നയിക്കുന്നത് ശ്രീ. കെ. കരുണാകരൻ ആണ് എന്നതു കൊണ്ടുതന്നെയാണ്. കേരളത്തിൻെറ ലാ ആൻറ് ഓർഡർ ഇന്നു വളരെ ഭദ്രമാണ്. ഞാൻ അതിൻെറ വിശദാംശങ്ങളിലേക്ക് പോകുന്നില്ല. ഇവിടെ ബഹുമാനപ്പെട്ട ബേബിജോൺ ഫൈനാൻസ് മിസ് മാനേജു മെൻറിനെപ്പററി പറഞ്ഞതാണ്. ഭരണച്ചെലവ് കുറയ്ക്കാൻ ശക്തമായ നടപടിയെടുക്കുക മാത്രമല്ല 1991–92–ൽ 2806 കോടി 38 ലക്ഷം രൂപ ഭരണച്ചെലവ് ഉണ്ടായിരുന്ന സംസ്ഥാനത്ത് നോൺ പ്ലാൻ എക്സ് പെൻറിച്ചർ 1992–93–ൽ ഏതാണ്ട് 500 കോടി രൂപയോളം അതായത് 2365·51 കോടി രൂപയായി കുറയ്ക്കാൻ ഈ സംസ്ഥാന ഗവൺമെൻറിന് കഴിഞ്ഞു. അതാണോ ഫൈനാൻഷ്യൽ മിസ്മാനേജ്മെൻറ്? അങ്ങനെ സംസ്ഥാനത്ത് വളരെയധികം നേട്ടങ്ങൾ കൈവരിച്ചുകൊണ്ട് മുന്നോട്ടു നീങ്ങുകയാണ്. വളരെ പ്രധാനപ്പെട്ട ഒരു കാര്യം, ഇവിടെ കേന്ദ്ര സംവരണത്തെക്കുറിച്ച്, ക്രീമിലെയറിനെക്കുറിച്ച്, വിവാദങ്ങളും ശബ്ദങ്ങളും ഉണ്ടാക്കുന്ന അവസരത്തിൽ കേരളത്തിലെ സംസ്ഥാന സർവ്വീസിലേക്കുള്ള സംവരണത്തിലെ അപാകതകളിലേക്ക് സഭയുടെയും ബഹുമാനപ്പെട്ട സ്പീക്കറുടെയും ശ്രദ്ധ ഞാൻ ക്ഷണിക്കുകയാണ്. കേരളത്തിലെ ലാററിൻ കാത്തലിക്ക് സമുദായം, നാടാർ സമുദായം, ധീവര സമുദായം, മുസ്ലീം സമുദായം എന്നീ സമുദായങ്ങൾക്ക് അർഹമായ സംവരണം.................

ശ്രീ. വി. വി. രാഘവൻ: സർ, സഭയെ മിസ്ലീഡ് ചെയ്യുകയാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത്, 1992–93–ൽ ഭരണച്ചെലവിൽ മുൻ വർഷത്തെക്കാൾ 500 കോടി രൂപ കുറവുണ്ടായി എന്നാണ്. എന്താണ് അതിൻെറ ആതൻറിക്കായിട്ടുള്ള റിപ്പോർട്ട്? എവിടെ നിന്നാണ് ഇത് അദ്ദേഹം ഉദ്ധരിച്ചത് എന്നു കൂടി വ്യക്തമാക്കണം.

ശ്രീ. ജോർജ് മസ്ക്രീൻ: സർക്കാർ എന്നു പറയുന്നത് ഒരു കണ്ടിന്യൂററിയാണ്. ബഹുമാനപ്പെട്ട വി. വി. രാഘവൻ മന്ത്രിയായിരുന്ന സർക്കാരും ഈ സർക്കാരും ഒക്കെ തുടർച്ചയായുള്ള സർക്കാരാണ്. ഈ സർക്കാരിൻെറ ഫൈനാൻഷ്യൽ രേഖകളിൽനിന്നും എടുത്തതാണ് ഈ കണക്ക്. സമയം തരാമെങ്കിൽ അതു ഞാൻ വായിക്കാം. ഞാൻ ഈ പറഞ്ഞ നോൺപ്ലാൻ എക്സ്പെൻറിച്ചർ 1991–92–ൽ 2806·38 കോടി രൂപയും 1992–93–ൽ 2365.51 കോടി രൂപയും എന്നത് ഒരു ചലഞ്ചായി വീണ്ടും ഞാൻ റിപ്പീററ് ചെയ്യുകയാണ്. ഇത് നോൺ പ്ലാൻ എക്സ്പെൻറിച്ചറിനെ സംബന്ധിച്ചാണ്. കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളിൽ, സഹകരണമേഖലയിൽ, സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ, യൂണിവേഴ്സിററികളിൽ ഒന്നും സംവരണതത്വം പാലിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

നാല്പതു ശതമാനം ഒ. ബി. സി.-യുടെ സംവരണം അവിടെ പാലിക്കുന്നില്ല. എന്തിനേറെ, നീതിന്യായ വകുപ്പിൽ പോലും സംവരണം പാലിക്കുന്നില്ല. നീതിന്യായ വകുപ്പിൽ കഴിഞ്ഞ 1987-നു ശേഷം നടന്ന നിയമനങ്ങളിൽ, മുനിസിഫുമാരായി 76 പേരെ നിയമിച്ചതിൽ സംവരണ തത്വം പൂർണ്ണമായി പാലിച്ചിട്ടില്ല. വിശ്വകർമ്മ, മുസ്ലീം, ലാററിൻ കാത്തലിക് സമുദായം എന്നീ സമുദായങ്ങൾക്ക് അർഹമായ സംവരണം ഈ നിയമനങ്ങളിൽ ലഭിച്ചിട്ടില്ല. അതുപോലെ 1987-ൽ മജിസ്ട്രേട്ടുമാരെ നിയമിച്ചതിലും സംവരണം പാലിക്കപ്പെട്ടിട്ടില്ല, രണ്ടു മജിസ്ട്രേട്ടുമാരെ നിയമിച്ചപ്പോഴും മുൻസിഫുമാരെ നിയമിച്ചപ്പോഴും ലാററിൻ കാത്തലിക് സമുദായത്തിൽപ്പെട്ട ഒരാളെപ്പോലും ഉൾപ്പെടുത്താൻ കഴിഞ്ഞില്ല.

ഇവിടെ രണ്ടു തരം നിയമനത്തിന്റെ കാര്യമാണ് ഞാൻ പറയുന്നത്. ഹൈക്കോടതിയിലേയ്ക്കുള്ള നിയമനവും ജുഡീഷ്യൽ സർവീസിലേയ്ക്കുള്ള നിയമനവും. ജുഡീഷ്യൽസർവീസിന്റെ കാര്യമാണ് ഞാൻ പറഞ്ഞത്. ഹൈക്കോടതിയിലും ഇപ്പോൾ സംവരണതത്വം പാലിക്കുന്നില്ല. 1959-ൽ റിസർവേഷൻ ഇല്ലാത്ത ഒരു നിയമമാണ് ഹൈക്കോടതിയിലെ ജീവനക്കാരെ നിയമിക്കുന്നതിനെ സംബന്ധിച്ച് ഉണ്ടാക്കിയത്. 1970-ൽ അതിൽ ഒരു ഭേദഗതി വരുത്തി. എസ്. സി/എസ്. ടി-യ്ക്ക് റിസർവേഷൻ കൊടുക്കാൻ തീരുമാനിച്ചു. പിന്നീട് അത് വീണ്ടും അമൻറ് ചെയ്ത് 28-6-1994-ൽ ഒ. ബി. സി. യ്ക്കുകൂടി റിസർവേഷൻ കൊടുക്കാൻ തീരുമാനിച്ചു. അത് 1-1-1986-ൽ പിൻവലിച്ചു. ഒ. ബി. സി.-യ്ക്ക് ഹൈക്കോടതിയിൽ ഒരു തരത്തിലുള്ള റിസർവേഷനും ഇല്ല, ഇത് വളരെ ഗുരുതരമായ ഒരു പ്രശ്നമാണ്. ഇപ്പോൾ മണ്ഡൽ കമ്മീഷന്റെ ക്രീമിലെയറിനെക്കുറിച്ച് പറഞ്ഞു സുപ്രീംകോടതി. കേരളത്തിലെ ഹൈക്കോടതി സംവരണതത്വം പാലിക്കുന്നില്ല. ഇത് സാധാരണക്കാരായ ജനങ്ങളുടെ കോടതിയിലുള്ള വിശ്വാസത്തെ വളരെ ഫേററലായി ഷേക്ക് ചെയ്യും. അതുകൊണ്ട് എനിക്ക് അവസാനമായി പറയാനുള്ളത് നമ്മുടെ ഭരണഘടനയിലെ ആർട്ടിക്കിൾ 229 (1) പ്രകാരം ഗവർണ്ണറാണ് അപ്പോയിൻറ് ചെയ്യാനുള്ള അധികാരി. ആ അധികാരം പണ്ട് വിട്ടു കൊടുത്തതാണ്. പക്ഷേ പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൺസൾട്ടേഷൻ നടത്താനുള്ള നിർദ്ദേശം നൽകാൻ ഗവർണ്ണർക്ക് അധികാരമുണ്ട്. പണ്ട് നമ്മുടെ സംസ്ഥാനത്ത് രാജഭരണ കാലത്ത് (1895 മുതൽ 1934 വരെ) അന്നത്തെ തിരുവിതാംകൂർ മഹാരാജാവ് സർക്കുലറുകൾ അയച്ചിട്ടുണ്ട്; അത് എന്തിനായിരുന്നു എന്ന് അറിയാമോ? സംവരണം നടപ്പിലാക്കാൻ. അതിനുവേണ്ടി പബ്ലിക് സർവ്വീസ് കമ്മീഷനെ 25-6-1935-ൽ മഹാരാജാവ് തന്നെ നിയമിക്കുകയുണ്ടായി. ഞാൻ അവസാനിപ്പിക്കുകയാണ്. 1961-ൽ ഇവിടെ കേരള ഗവൺമെൻറ് Special recruitment for O B C, Muslim and other backward Christians in this Secretariat—എന്ന ഒരു സ്പെഷ്യൽ നിയമം ഇറക്കി. 15-7-1961-ൽ റിട്ടൺ ടെസ്ററ് നടത്തി ഈ സെക്രട്ടേറിയററിൽ നിയമിച്ചിട്ടുണ്ട്. അതുകൊണ്ട് സംവരണം ലഭിക്കാത്ത പിന്നോക്കക്കാർക്ക് സ്പെഷ്യൽ റിക്രൂട്ട്മെൻറ് വഴി നിയമനം നൽകാൻ ഗവൺമെൻറ് തയ്യാറാകണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഉപധനാഭ്യർത്ഥനകളെ പൂർണ്ണമായി പിന്താങ്ങുന്നു.

4. p. m.]

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. വി. രാഘവൻ: സർ, ഒരു വർഷം, 1991-92-ൽ നിന്ന് 1992-93-ൽ 500 കോടി രൂപയുടെ കുറവുണ്ടായി, നോൺ പ്ലാൻ എക്സ്പെൻറിച്ചറിൽ, എന്നു പറഞ്ഞ് ശ്രീ. ജോർജ് മസ്ക്രീൻ ഉദ്ധരിച്ച രേഖ മേശപ്പുറത്തു വയ്ക്കണം.

ശ്രീ. ലോനപ്പൻ നമ്പാടൻ: സർ, ഞാൻ ഉപധനാഭ്യർത്ഥനകളെ ശക്തിയായി എതിർക്കുകയാണ്. മണ്ണാങ്കട്ടയും, കരിയിലയും കാശിക്കു പോയ പോലെയാണ് മാണിയും, കരുണാകരനും. മഴയും, കാററും ഒന്നിച്ചു വന്നപ്പോൾ മണ്ണാങ്കട്ട അലിഞ്ഞു പോയി, കരിയില പറന്നുംപോയി. ഇവിടെ മനുഷ്യരെല്ലാം ഒലിച്ചുപോയി, കരുണാകരൻ ഡൽഹിക്കും പോയി. ഇതുപോലൊരു കലികാലഭരണം കേരളത്തിലുണ്ടായിട്ടില്ല. കഴിഞ്ഞ 30 വർഷക്കാലത്തിനിടയിൽ ഉണ്ടാകാത്ത അത്രയും രൂക്ഷമായ വെള്ളപ്പൊക്കവും, കാലവർഷക്കെടുതികളും, കൂട്ടമരണങ്ങളുമാണുണ്ടായിട്ടുള്ളത്. രണ്ട് കൊല്ലം മുമ്പ് നൂറിലേറെ ആളുകൾ മരിച്ചു. രണ്ടായിരം കോടിയിലേറെ രൂപയുടെ നാശനഷ്ടങ്ങളുണ്ടായി. ഇപ്പോൾ രണ്ട് തവണകളായി ഇരുന്നൂറോളം മരണങ്ങളും, രണ്ടായിരം കോടി രൂപയുടെ നാശനഷ്ടങ്ങളും ഉണ്ടായിട്ടുണ്ട്. ഇനിയും രണ്ട് കൊല്ലം ബാക്കിയുണ്ട്. മുഖ്യമന്ത്രി ''പട്ടി ചന്തക്കു പോകുന്നതുപോലെ'' ഡൽഹിക്ക് പോകുന്നുണ്ട്. തലയിൽ തീപിടിച്ചിരിക്കുമ്പോൾ മലയിലെ തീ കെടുത്താൻ ആരും വരില്ല; കേന്ദ്രത്തിൽ നിന്നും നമുക്ക് പിച്ചക്കാശ് കിട്ടില്ല. തമിഴ്നാട്ടിലെ ഡോക്ടറാണെങ്കിൽ ''നരസിംഹം'' വിറയ്ക്കും. നമുക്കും ഒരു ഡോക്ടറില്ലേ? ഡൽഹിയിൽ ചെന്നാൽ കാൽമുട്ട് കൂട്ടിയിടിക്കും. മന്ത്രിമാരെല്ലാംകൂടി നമ്മുടെ ഖജനാവ് മാവേലിസ്റേറാർ പോലെ കാലിയാക്കി. മുഖ്യമന്ത്രിക്ക് ആയിരം കോടി രൂപയുടെ സ്വത്തുണ്ടെന്നാണ് ''കം.വി'' കൾ പറയുന്നത്. ആർക്കുവേണ്ടിയാണിതൊക്കെ സമ്പാദിച്ചു കൂട്ടുന്നത്? പാസ്പോർട്ട് കിട്ടി എൻ. ഒ. സി. കാത്ത് കിടക്കുകയാണ്. മുരളിയാണെങ്കിൽ അച്ഛനെവരെ വിററ് കാശാക്കും. 32 വയസ്സായപ്പോഴെക്കും 800 കിലോയുള്ള 32 പെട്ടി കടത്തിയെന്നാണ് പറയുന്നത്. 76 വയസ്സുള്ള മുഖ്യമന്ത്രി ഒരു പെട്ടി കണ്ടപ്പോൾതന്നെ ബോധംകെട്ട് വീണു. 76 വയസ്സാകുമ്പോൾ പൊന്നു മോൻ എത്രപെട്ടി കടത്തും?

''മരണം വരുമൊരുനാൾ  
ഓർക്കുക മർത്ത്യാ നീ  
കൂടെ പോരും നിൻ  
ജീവിത ചെയ്തികളും  
സൽകൃത്യങ്ങൾ ചെയ്യുക നീ  
അലസത കൂടാതെ.''

ഇതോർത്ത് 100 കോടി രൂപയെങ്കിലും മുഖ്യമന്ത്രി ദുരിതാശ്വാസത്തിനുവേണ്ടി ചിലവാക്കണം. എന്നാലും നാലഞ്ച് തലമുറയ്ക്കുള്ളത് ബാക്കിയുണ്ടല്ലോ?

LIBRARY ARCHIVES Kerala Legislative Assembly

കുഞ്ഞാലിക്കുട്ടിയുടെ തലയിലെ മുഴ പോയതും, കരുണാകരന് മുഴ വന്നതും ലീഗിന്റെ കഷ്ടകാലത്താണ്. കുഞ്ഞാലിക്കുട്ടിയും 500 കോടിയെങ്കിലും ഉണ്ടാക്കിയിട്ടുണ്ടെന്നാണ് കൂടുക്കില്ലാത്ത സേട്ടുമാർ പറയുന്നത്. 10 ശതമാനം സക്കാത്ത് കൊടുത്തില്ലെങ്കിൽ ''അള്ളാഹു'' ശിക്ഷിക്കും. മററ് മന്ത്രിമാർക്കും മാനസാന്തരം ഉണ്ടാകണം. എത്ര ''മുഖംമൂടികൾ'' വന്നാലും, ഉമ്മൻചാണ്ടി എത്ര ഷർട്ട് കീറിയാലും മുഖ്യമന്ത്രിയുടെ ശീലപോലും മാററാൻ കഴിയില്ല. ഇന്ന് 'എ'-ക്കാരാരും പ്രസംഗിക്കുന്നില്ല. നാണക്കേടാണ്. നടപ്പുള്ള കാര്യം ഞാൻ പറയാം.

പണ്ട് റഷ്യയുടെ മാനസാന്തരത്തിനുവേണ്ടി സത്യക്രിസ്ത്യാനികളായ ഞങ്ങൾ പള്ളികളിൽ കുറെയേറെ പ്രാർത്ഥിച്ചവരാണ്. വളരെക്കാലം കഴിഞ്ഞാണെങ്കിലും റഷ്യക്കാർക്ക് ഒരാശ്വാസം കിട്ടി! ദരിദ്രർ ഭാഗ്യവാൻമാർ എന്തുകൊണ്ടെന്നാൽ സ്വർഗ്ഗരാജ്യം അവർക്കുള്ളതാകുന്നു. കൊരട്ടി മദുരാ കോട്സ് തുറപ്പിക്കാൻ കുണ്ടുകുളം ബിഷപ്പും, എറണാകുളം ആർച്ച് ബിഷപ്പ് ആൻറണിപടിയറയും കമ്പനിപ്പടിക്കൽ സമരപ്പന്തലിൽ വന്ന് ഉള്ളുരുകി പ്രാർത്ഥിച്ചു. കേരളത്തിന്റെ ചരിത്രത്തിലെ ആദ്യ സംഭവമാണിത്. ഇപ്പോൾ കരുണാമയനായ കരുണാകരന്റെ കണ്ണ് തുറപ്പിക്കാൻ കൊരട്ടിമുത്തിയുടെ പള്ളിയിൽ നിരന്തരമായി കൂട്ടപ്രാർത്ഥന നടത്തുകയാണ്. 2600 തൊഴിലാളി കുടുംബങ്ങൾ മുഴുപട്ടിണിയിലാണ്. വിഷംമേടിക്കാൻ പോലും അവററകളുടെ കയ്യിൽ കാശില്ലാതെ വിഷമിക്കുകയാണ്.

മുഖ്യമന്ത്രിക്ക് സൽബുദ്ധി തോന്നാനും, കേരളത്തിന്റെ മാനസാന്തരത്തിനുംവേണ്ടി സംസ്ഥാനത്തെ മുഴുവൻ പള്ളികളിലും, അമ്പലങ്ങളിലും ഇനിയുള്ളകാലം കൂട്ടപ്രാർത്ഥന നടത്തണം. അല്ലെങ്കിൽ ദൈവം, സോദോം, ഗോമോറാ പട്ടണങ്ങൾ അഗ്നിയും, ഗന്ധകവും ഇറക്കി നശിപ്പിച്ചതുപോലെ അടുത്ത രണ്ട് കൊല്ലത്തിനുള്ളിൽ കേരളവും നശിപ്പിക്കും.

നാളെ സഭ പിരിയുകയാണ്. ഞങ്ങൾ എങ്ങിനെ ''ഫീൽഡിൽ'' ഇറങ്ങും? റോഡുകളെല്ലാം തോടുകളായി. വീടുകളെല്ലാം വെള്ളത്തിലായി. തൊഴിലാളികളെല്ലാം പട്ടിണിയിലായി. ഇടിവെട്ടിയവനെ പാമ്പ് കടിച്ചതുപോലെ തീരപ്രദേശങ്ങളിലൊക്കെ പകർച്ചവ്യാധികൾ പെരുകി. മന്ത്, മലമ്പനി, മസൂരി, കോളറ, എലിപ്പനി, എയ്ഡ്സ്, ക്യാൻസർ തുടങ്ങി എല്ലാ ''ഗ്രൂപ്പുകളും'' ഇപ്പോൾ സജീവമായി രംഗത്തുണ്ട്. ശവപ്പെട്ടി വ്യവസായം മാത്രം ഇപ്പോൾ ഉഷാറായിട്ട് നടക്കുന്നുണ്ട്. ദയവു ചെയ്ത് മലവെള്ളം ഇറങ്ങുന്നതുവരെ ഭരണകക്ഷിക്കാർ തമ്മിലടിയും കൊലവിളിയും വിഴുപ്പലക്കലും നിർത്തിവയ്ക്കണം. മന്ത്രിമാർ ജില്ലകളിൽ പോകണം, ആശ്വാസം എത്തിക്കണം. ഉമ്മൻചാണ്ടിയും കൂട്ടരും കുറച്ചുകാലം എന്റെ വീടിനടുത്തുള്ള പോട്ടയിലോ, മുരിങ്ങൂർ ധ്യാനമന്ദിരത്തിലൊ വന്ന് മുട്ടിപ്പായി പ്രാർത്ഥിക്കണം. മാണിയും ജേക്കബും മാറി മാറി അവിടെവരുന്നുണ്ട്. അതുകൊണ്ടാണവർ പിടിച്ചുനിൽക്കുന്നത്.

ഗുരുവായൂരിൽ നസ്രാണികൾക്ക് പ്രവേശനമില്ല. മുഖ്യമന്ത്രി അവിടെ സ്ഥിരതാമസമാക്കാൻ പോവുകയാണ്. പോട്ടയല്ലാതെ ലീഡറെ തട്ടാൻ വേറെ ഒരു വഴിയുമില്ല. ഹൈക്കമാണ്ടിൽ പോയി വണ്ടിക്കൂലി കളഞ്ഞിട്ട് ഒരു കാര്യവുമില്ല. കേരളത്തിലെ കോൺഗ്രസ്സിനെ കണ്ട് പഠിക്കാനാണ് പ്രധാനമന്ത്രി നരസിംഹറാവു മററുള്ളവരോട് പറഞ്ഞിരിക്കുന്നത്! അപ്പോൾ, മററ് സംസ്ഥാനങ്ങളിൽ കോൺഗ്രസ്സിന്റെ സ്ഥിതി ഉമ്മൻചാണ്ടിക്ക് ഊഹിക്കാമല്ലോ. എന്തായിരിക്കും അവിടത്തെ സ്ഥിതിയൊക്കെ? ഒന്ന് ആലോചിക്കാം.

കരുണാകര വിരുദ്ധരായിട്ടുള്ളവരെല്ലാം ഇപ്പോൾ 'കവി'-കൾ എന്നാണ് അറിയപ്പെടുന്നത്. അവരുടെ സമ്മേളനങ്ങളെല്ലാം ഇപ്പോൾ ''കവി'' സമ്മേളനങ്ങളാണ്. മററ് ഗ്രൂപ്പുകളെല്ലാം പിരിച്ചുവിട്ട് എല്ലാവരും ''കവി'' കളാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

രണ്ടുദിവസം ഞാൻ മെഡിക്കൽ കോളേജിലെ ഐ. സി. യൂണിററിലായിരുന്നു. അങ്ങേയ്ക്ക് അറിയാമല്ലോ. അവിടെ രണ്ടുപേർ ''മുഖ്യമന്ത്രി'' എന്ന് വിളിച്ചുപറയുന്നത് കേട്ടു. പിന്നെ അവർ മിണ്ടിയിട്ടില്ല! അവരുടെ ''ഫയൽ'' അതോടെ ക്ലോസ് ചെയ്തു. ഞാൻ രക്ഷപ്പെട്ടു. അവിടെ മുഖ്യമന്ത്രിയുടെ ''സ്പീഡ് പ്രോഗ്രാം'' കാര്യമായിട്ട് തന്നെ നടക്കുന്നുണ്ട്. തിരക്കൊന്നുമില്ല! വരുന്ന രോഗികൾ മിക്കവരും ''സമാധാനത്തോടെ'' മടങ്ങിപ്പോകുന്നുണ്ട്. ആശുപത്രിക്കെട്ടിടം ഏത്, സമയത്തും ഇടിഞ്ഞ് പൊളിഞ്ഞ് വീഴാവുന്ന സ്ഥിതിയാണ്. മെഡിക്കൽ കോളേജാശുപത്രിയിൽ പഞ്ഞിപോലും ഇല്ല. എനിക്ക് ഇഞ്ചക്ഷൻ എടുത്ത്, രക്തം വന്നപ്പോൾ മുറിഞ്ഞ ബഡ്ഷീററ് കൊണ്ടാണ്, നഴ്സ് അമർത്തിപ്പിടിച്ചത്. ഇതാണ് അവിടത്തെ സ്ഥിതി. അതുകൊണ്ട് ഈവക കാര്യങ്ങളൊക്കെ മന്ത്രിമാർ ശ്രദ്ധിക്കണം. മന്ത്രിമാർ 17 പേരുണ്ട്. രണ്ടു പേർ പോയല്ലോ. മൂന്നു പേർ ഇവിടെ ഇരിയ്ക്കുക. ബാക്കിയുള്ളവർ ജില്ലകളിൽ പോയി ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കണമെന്ന് വിനയപുരസരം അഭ്യർത്ഥിച്ചുകൊണ്ടും ഇത്രയും സമയം തന്നതിന് അങ്ങയോട് നന്ദി പ്രകാശിപ്പിച്ചുകൊണ്ടും ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീമതി കെ. സി. റോസക്കുട്ടി: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ സഭയിൽ അവതരിപ്പിച്ച ഉപധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു. ഈ സംസ്ഥാനത്ത് വിവിധ മേഖലകളിൽ കൈവരിച്ചിട്ടുള്ള ഈ ഗവൺമെന്റിന്റെ നേട്ടങ്ങളെ മറച്ചുപിടിക്കുന്നതിനു വേണ്ടിയാണ് പത്രങ്ങളിൽ അച്ചടിച്ചു വന്ന ചില സ്ക്കൂപ്പ് ന്യൂസുകൾ വായിച്ച് പ്രതിപക്ഷം ഈ ഉപധനാഭ്യർത്ഥനയുടെ ചർച്ചയിൽ കാര്യമായി പങ്ക് കൊള്ളാതെ മാറി നിന്നതെന്ന് ഞാൻ കരുതുന്നു. വിവിധ മേഖലകളിലായി ഈ ഗവൺമെന്റ് കൈവരിച്ചിട്ടുള്ള നേട്ടങ്ങൾ അത്ഭുതാ

വഹമാണ്. ആ നേട്ടങ്ങളെക്കുറിച്ച് പരാമർശിക്കാതെ, ധനകാര്യമന്ത്രി ഈ സഭയിൽ അവതരിപ്പിച്ച ഉപധനാഭ്യർത്ഥനകളെക്കുറിച്ചും കൂടുതലായി പരാമർശിക്കാതെ ഇത്തരത്തിലുള്ള രാഷ്ട്രീയ തേജോവധങ്ങൾക്കുവേണ്ടി ഇങ്ങനെയുള്ള വേദികളെ ഉപയോഗിക്കരുത് എന്നാണ് എനിക്ക് പറയാനുള്ളത്. ബഹുമാനപ്പെട്ട നമ്പാടൻ മാസ്റ്റർ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ആയിരംകോടിരൂപയുടെ സ്വത്ത് മുഖ്യമന്ത്രിക്കുള്ളതായി, അദ്ദേഹത്തിന് എവിടെനിന്നോ ലഭിച്ച കണക്കിലുണ്ടെന്ന് പറഞ്ഞു. ഇതൊന്നും ആരും ഉൽക്കണ്ഠപ്പെടേണ്ട ഒരു വിഷയമല്ല. ഈ സംസ്ഥാനത്തെ മുഖ്യമന്ത്രിയുടെ സ്വത്തുവിവരം കേരള ഗവർണ്ണറുടെ പക്കലുണ്ട്. ബഹുമാനപ്പെട്ട നമ്പാടൻ മാസ്റ്റർക്ക് ഏതെങ്കിലും തരത്തിൽ അതിൽ സംശയമുണ്ടെങ്കിൽ വേണ്ടരീതിയിൽ സമീപിച്ചാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സ്വത്തുവിവരം മനസ്സിലാക്കാവുന്നതേയുള്ളു. ഞാൻ ഇത് ഇവിടെ സൂചിപ്പിക്കാൻ കാരണം ഇന്ന് ഈ നിയമസഭയിൽ ഉപധനാഭ്യർത്ഥനകളെക്കുറിച്ചുള്ള ചർച്ചകൾ നടക്കുമ്പോൾ പ്രധാനമായി ഇവിടെ പരാമർശിക്കപ്പെട്ടു കണ്ടത് മുഖ്യമന്ത്രിയും അദ്ദേഹത്തിന്റെ കുടുംബവും ആണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയേയും അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളേയും ആക്ഷേപിക്കുന്നതിനുള്ള ഒരു വേദിയാക്കി സഭയെ മാററുന്നതാണ് കണ്ടത്. അതിനൊക്കെ ആധാരമാക്കി എടുത്തിട്ടുള്ളത് പത്രങ്ങളിൽ വന്ന റിപ്പോർട്ടാണ്. ഇവിടെ ബഹുമാനപ്പെട്ട ടി. കെ. ഹംസ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ സൂചിപ്പിച്ചു, ഇന്ന് കേരളത്തിൽ എവിടെയെങ്കിലും ഒരു കെട്ടിടം ഉയർന്നു വന്നാൽ അതിൽ ശ്രീ. കെ. മുരളീധരൻ എം. പി.-ക്ക് പങ്കുണ്ടോയെന്ന് ചിന്തിക്കുന്ന അവസ്ഥയാണുള്ളതെന്ന്. എനിക്ക് ഒരുകാര്യം പറയാനുള്ളത് ഇന്ന് കോഴിക്കോട് ആണ് അദ്ദേഹം താമസിക്കുന്നത്. ആ കോഴിക്കോട് എങ്കിലും അദ്ദേഹത്തിന് സ്വന്തമായിട്ട് ഒരു കെട്ടിടമുള്ളതായിട്ട് നിങ്ങൾക്ക് കാണാൻ കഴിഞ്ഞാൽ ഞങ്ങൾ അദ്ദേഹത്തെ കോൺഗ്രസ്സിൽ നിന്നുതന്നെ മാററിനിറുത്തി അദ്ദേഹത്തിന്റെ രാഷ്ട്രീയ പ്രവർത്തനത്തിനുതന്നെ തിരശ്ശീലയിടുവിക്കുന്നതിനുള്ള നീക്കങ്ങൾ ആരംഭിക്കാം. ഇത്തരത്തിലുള്ള ആരോപണങ്ങൾ ശരിയല്ല. മുഖ്യമന്ത്രിക്ക് കുടുംബാംഗങ്ങൾ ഉണ്ടായതിന്റെ പേരിൽ ആ കുടുംബാംഗങ്ങളെ മുഴുവൻ കരിതേച്ച് ആക്ഷേപിക്കുന്നതിനുള്ള ശ്രമങ്ങൾ ഇവിടെ നടത്തിയത് ഖേദകരമായിപ്പോയി. ഇവിടെ ഒരു അഴിമതിയെക്കുറിച്ച് പറഞ്ഞു. ശ്രീ. ടി. കെ. ഹംസ പറഞ്ഞപ്പോൾ വിജിലൻസ് അന്വേഷണം നടത്തുന്ന ഫയലിനെക്കുറിച്ച് പറഞ്ഞു. ആ ഫയൽ ആരുടെ കാലത്ത് ഉണ്ടായിരുന്നതാണെന്ന് നിങ്ങൾ ചിന്തിക്കണം. ബഹുമാനപ്പെട്ട ഹംസ പൊതുമരാമത്ത് വകുപ്പ് കൈകാര്യം ചെയ്തിരുന്ന കാലഘട്ടത്തിൽ അദ്ദേഹത്തിന്റെ കാലത്ത് നടത്തിയ ഒരു പ്രവൃത്തിയെക്കുറിച്ചുള്ള വിജിലൻസ് അന്വേഷണമാണ് നടക്കുന്നത്. ആ അന്വേഷണത്തെക്കുറിച്ച് രണ്ട് റിപ്പോർട്ടുകൾ പരസ്പരവിരുദ്ധമായിട്ട് വന്നപ്പോൾ ചീഫ് ടെക്നിക്കൽ എക്സാമിനറെക്കൊണ്ട് അന്വേഷിപ്പിക്കണമെന്നുള്ള ഒരു ഉത്തരവ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇട്ടതിനെയാണ് ഇവിടെ ദുരുദ്ദേശപരമായി വ്യാഖ്യാനിക്കപ്പെടുന്നത്. ഇതിൽ കഴമ്പുണ്ടോയെന്ന് ഏവർക്കും മനസ്സിലാക്കാം. 7 ലക്ഷത്തിന്റെ അഴിമതിയെക്കുറിച്ചാണ് ഇവിടെ പറയുന്നത്. 7 ലക്ഷത്തിന്റെ അഴിമതിയുമായി ബന്ധപ്പെടുത്തി ശ്രീ. കെ. മുരളീധരൻ എം. പി.-യുടെ പേര് ഇവിടെ പരാമർശിക്കുന്നത് ദുരുദ്ദേശപരമാണ്. പത്രത്തിൽ വന്ന റിപ്പോർട്ടുകളിലാണെങ്കിൽ ശ്രീ. കെ. മുരളീധരൻ എം. പി.-യെ ബന്ധപ്പെടുത്തി ഒന്നുംതന്നെ പറഞ്ഞിട്ടില്ലാത്ത സ്ഥിതിക്ക്, രണ്ട് വ്യക്തികളുടെ പേരിൽ പരാമർശമുണ്ടാ

LIBRARY ARCHIVES Kerala Legislative Assembly

യപ്പോൾ ഇൻഡ്യൻ നാഷണൽ കോൺഗ്രസ് ആ രണ്ട് വ്യക്തികളുടെ പേരിൽ നടപടിയെടുത്തിട്ടുള്ള ഒരു സാഹചര്യത്തിലാണ്, ഇതിൽ ബന്ധപ്പെടാത്ത ഒരു വ്യക്തിയെ തേജോവധം ചെയ്യുന്നതിനുവേണ്ടി ഈ വേദി ഇന്ന് രാവിലെ മുതൽ വിനിയോഗിച്ചതെന്ന കാര്യം മറന്നു പോകരുത്.

അതുപോലെതന്നെ അഴിമതിയെക്കുറിച്ച് ഇത്രയേറെ ഉൽക്കണ്ഠയിൽ പറയുമ്പോൾ, അഴിമതി ആരോപണങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിന് ഇടതുപക്ഷ ഗവൺമെൻറിൻെറ കാലത്തുതന്നെ ഉണ്ടാക്കിയിട്ടുള്ള സംവിധാനങ്ങളില്ലേ? അഴിമതി നിരോധന കമ്മീഷൻ ഇല്ലേ? അഴിമതി നിരോധന കമ്മീഷനിൽ 500 രൂപ കെട്ടിവച്ചാൽ ആർക്കും ഏതൊരാളുടേയും അഴിമതിയെക്കുറിച്ച് അന്വേഷിക്കുന്നതിനുള്ള അവകാശം ഇന്ന് നിലവിലുണ്ട്. ഇങ്ങനെ ഉത്തരവാദിത്വമുള്ള അന്വേഷണങ്ങൾ നടത്തുന്നതിന് പകരം ഏതെങ്കിലും പത്രങ്ങളിൽ വരുന്ന സ്ക്കൂപ്പ് ന്യൂസുകൾ നിയമസഭയിൽ കൊണ്ടുവന്ന്, അത് ആധാരമാക്കി രാഷ്ട്രീയ പ്രവർത്തനം നടത്തുന്ന ആളുകളെ തേജോവധം ചെയ്യുന്നതിനുള്ള ശ്രമങ്ങൾ നിറുത്തണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ബഹുമാനപ്പെട്ട കൃഷ്ണൻകുട്ടി അദ്ദേഹത്തിൻെറ പ്രസംഗത്തിൽ തിരുവനന്തപുരം ടൂറിസം പ്രൊമോഷൻ കൗൺസിലിൻെറ സെക്രട്ടറിയായിരിക്കുന്ന ശാന്താമോഹനനെക്കുറിച്ച് സൂചിപ്പിച്ചു. അദ്ദേഹത്തോടുതന്നെ എനിക്ക് അഭ്യർത്ഥിക്കാനുള്ളത് ആരുടെ കാലഘട്ടത്തിലാണ് ഈ ശാന്താമോഹനനെ തിരുവനന്തപുരം ടൂറിസം പ്രൊമോഷൻ കൗൺസിലിൻെറ സെക്രട്ടറിയായിട്ട് നിയമിച്ചിട്ടുള്ളത് എന്ന് ചിന്തിക്കണമെന്നാണ്. അദ്ദേഹത്തിന് അത് അറിഞ്ഞുകൂടെങ്കിൽ അദ്ദേഹത്തിൻെറ നേതാവായ ശ്രീ. പി. എസ്. ശ്രീനിവാസനോട് ചോദിച്ചാൽ ഇടതുപക്ഷ ഗവൺമെൻറിൻെറ കാലഘട്ടത്തിലാണ് നിയമിച്ചിട്ടുള്ളതെന്ന് മനസ്സിലാകും. മത്സ്യഫെഡിൽ നിന്ന് അദ്ദേഹത്തെ ടൂറിസം പ്രൊമോഷൻ കൗൺസിലിലേക്ക് ഡെപ്യൂട്ട് ചെയ്തു. ഈ ടൂറിസം പ്രൊമാഷൻ കൗൺസിലിൻെറ ചാർജ് കൊടുത്തിട്ടുള്ളത് ആ കാലഘട്ടത്തിലാണ്. ഈ ഗവൺമെൻറ് അത് എക്സ്ടെൻറ് ചെയ്തുവെന്നുള്ളത് ഞങ്ങൾ നിഷേധിക്കുന്നില്ല. പക്ഷേ, ആരുടെ കാലത്താണ് ഈ നിയമനം നടന്നിട്ടുള്ളതെന്ന് അദ്ദേഹം ഒന്നുകൂടി ചിന്തിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. കാരണം, ഇത്തരത്തിലുള്ള ബാലിശമായ കാര്യങ്ങൾ കൊണ്ടുവന്ന്.........

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ: ഞാനാണ് അത് പറഞ്ഞത്; ശ്രീ. കൃഷ്ണൻകുട്ടി അല്ല. ശാന്താമോഹനനെ ശ്രീ. പി. എസ്. ശ്രീനിവാസനാണ് നിയമിച്ചതെന്ന് ടീച്ചർ പറയുന്നു. ശരി. ഞങ്ങൾ അത് അംഗീകരിക്കുന്നു. ഇപ്പോൾ 3 വർഷമായില്ലേ? അന്ന് അദ്ദേഹം പിരിഞ്ഞുപോയതല്ലേ. ഈ 3 വർഷക്കാലത്തേക്ക് തുടർച്ചയായിട്ട് നിയമനം കൊടുത്തു. ആ നിയമനത്തിൻെറ കാലത്താണ് ഞാൻ പറഞ്ഞ ഈ 27 ലക്ഷം രൂപയുടെ കണക്കില്ലാത്തതും. അതിനെക്കുറിച്ച് ടീച്ചർക്ക് എന്താണ് പറയാനുള്ളത്? പൈസ പാസാക്കിക്കൊടുത്ത ഉത്തരവിൻെറ ശരിപ്പകർപ്പ് എൻെറ കയ്യിലുണ്ട്. ഞാൻ അത് ടീച്ചർക്ക് തരാം. അല്ലെങ്കിൽ ഞാൻ അത് മേശപ്പുറത്തുവയ്ക്കാം. അതിന് എന്താണ് മറുപടി പറയാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. സി. റോസക്കുട്ടി: സർ, ഈ ശാന്താമോഹനന് ഏതെങ്കിലും തരത്തിൽ അഴിമതി നടത്തുന്നതിനുള്ള സാഹചര്യമുണ്ടാക്കി കൊടുത്തിട്ടുണ്ടെങ്കിൽ അതിന്റെ ഉത്തരവാദിത്വം ഇടതുപക്ഷ ഗവൺമെന്റിനാണെന്ന് സൂചിപ്പിക്കുന്നതിനാണ് ഇവിടെ ഞാൻ അക്കാര്യം സ്പെസിഫിക്കായിട്ട് പറയാൻ കാരണം. അഴിമതിയെക്കുറിച്ച് അപ്പുറത്തും ഇപ്പുറത്തും ഇന്ന് ആരോപണം നടത്തിയതാണ്. ഇതുകൊണ്ട് യാതൊരു ഗുണവുമില്ല. അഴിമതിയെക്കുറിച്ച് അന്വേഷിക്കുന്നതിനുള്ള സംവിധാനങ്ങൾ പരമാവധി പ്രയോജനപ്പെടുത്തണമെന്നാണ് എനിക്ക് പറയാനുള്ളത്. ഈ കാലഘട്ടത്തെക്കുറിച്ച് നമ്മൾ ചിന്തിക്കണം. നമ്മുടെ സംസ്ഥാനം അതിരൂക്ഷമായ പ്രശ്നങ്ങളെ നേരിടുന്ന ഒരു കാലഘട്ടമാണിത്. അതിരൂക്ഷമായ പ്രശ്നങ്ങളെന്ന് ഞാൻ പറയുമ്പോൾ നമ്മുടെ സംസ്ഥാനത്ത് ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ഉണ്ടായിരുന്ന സാഹചര്യത്തെക്കുറിച്ച് ചിന്തിക്കണം. 101 കോടിരൂപയുടെ കമ്മിയാണ് ഈ ഗവൺമെന്റിന് ഏറ്റെടുക്കേണ്ടി വന്നത്. 101 കോടി രൂപയുടെ കമ്മിയുള്ളപ്പോൾ എസ്റ്റാബ്ലിഷ്മെന്റിന് വേണ്ടിയുള്ള ഒരൊററ പൈസപോലും കുറയ്ക്കാൻ വയ്യാത്ത അവസ്ഥയാണ് ഉള്ളത്. പക്ഷേ, എസ്റ്റാബ്ലിഷ്മെന്റ് കോസ്ററ് അതേരീതിയിൽത്തന്നെ നിലനിറുത്തിക്കൊണ്ട് അതിലും ഒന്നുകൂടി വർദ്ധിച്ച രീതിയിൽ എസ്റ്റാബ്ലിഷ്മെന്റ് കോസ്ററ് കൊടുത്തുകൊണ്ട് വീണ്ടും വികസന പദ്ധതികൾ നടപ്പിലാക്കേണ്ട ഒരു സാഹചര്യമായിരുന്നു നിലവിലുണ്ടായിരുന്നത്. ഇക്കഴിഞ്ഞ 3 വർഷങ്ങളിലെ രേഖകൾ പരിശോധിച്ചാൽ ഈ സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ള വികസന കാര്യങ്ങളെക്കുറിച്ച് ഏവർക്കും മനസ്സിലാകും.

(അദ്ധ്യക്ഷവേദിയിൽ ശ്രീ. സി. കെ. ചന്ദ്രപ്പൻ)

സർ, കേരളം കണ്ടിട്ടുള്ളതിൽവച്ച് അതിരൂക്ഷമായ വെള്ളപ്പൊക്കമാണ് ഈ അടുത്ത സമയത്ത് കേരളത്തിലുണ്ടായിട്ടുള്ളത്. ആ വെള്ളപ്പൊക്കക്കെടുതികളെക്കുറിച്ച് ഹൃദയഭേദകമായ രീതിയിൽത്തന്നെ പരാമർശിക്കുകയുണ്ടായി. ശരിയാണ്. സർ, 30 വർഷത്തിനുള്ളിൽ കേരളം കണ്ടിട്ടുള്ളതിൽവച്ച് ഏററവും ഭീകരമായ വെള്ളപ്പൊക്കക്കെടുതികളെയാണ് നാം നേരിട്ടുകൊണ്ടിരിക്കുന്നത്. ഈ കാലഘട്ടത്തിൽ ഈ ഗവൺമെന്റ് ഒന്നും ചെയ്തില്ലെന്ന് പറയുന്നത് ശരിയല്ല. അത്രയേറെ നാശനഷ്ടങ്ങളുണ്ടായപ്പോൾ ചെയ്ത കാര്യങ്ങൾ ഒരുപക്ഷേ ശ്രദ്ധിക്കപ്പെടാതെ പോയിട്ടുണ്ടായിരിക്കാം. ജനങ്ങൾക്ക് പ്രശ്നമുണ്ടായപ്പോൾ, പ്രകൃതിക്ഷോഭമുണ്ടായപ്പോൾ, പ്രവർത്തിക്കുന്ന ഒരു ഗവൺമെന്റാണ് ഇതെന്ന് ഈ ഗവൺമെന്റ് തെളിയിച്ചിട്ടുണ്ട്. ഓരോ മന്ത്രിമാരെ ഓരോ ജില്ലയിലേക്ക് ഡെപ്യൂട്ട് ചെയ്തുകൊണ്ട് പ്രകൃതിക്ഷോഭങ്ങളെക്കുറിച്ച് പഠിക്കുന്നതിനുള്ള സംവിധാനങ്ങളുണ്ടാക്കി. നിയമസഭതന്നെ പിരിച്ചുവിട്ടുകൊണ്ട് ഒന്നുരണ്ട് ദിവസം മന്ത്രിമാരും എം. എൽ. എ.-മാരും അവരവരുടെ നിയോജകമണ്ഡലങ്ങളിൽ പ്രകൃതിക്ഷോഭകാര്യങ്ങൾ നേരിൽ പഠിക്കണം, അതിനുള്ള പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കണം എന്ന് പറഞ്ഞുകൊണ്ട് ഇവിടെനിന്ന് പോവുകയുണ്ടായി. ആർക്കും നികത്താനാകാത്ത

LIBRARY ARCHIVES Kerala Legislative Assembly

നഷ്ടങ്ങളാണ് കേരള ജനതയ്ക്കുണ്ടായിട്ടുള്ളത്. കേരളത്തിലെ മുഖ്യ മന്ത്രി കഴിഞ്ഞ ദിവസം ഡൽഹിയിൽ പോയി. കേരളത്തിലെ മുഴുവൻ എം. പി.-മാരെയും കേന്ദ്ര മന്ത്രാലയത്തിലെ ഉത്തരവാദപ്പെട്ട കേന്ദ്ര മന്ത്രിമാരെയും ഉദ്യോഗസ്ഥൻമാരെയും വിളിച്ചിരുത്തിക്കൊണ്ട് കേരളത്തിന്റെ ദുരിതങ്ങളെക്കുറിച്ച്, കേരളത്തിൽ വന്നിട്ടുള്ള നാശ നഷ്ടങ്ങളെക്കുറിച്ച് വിശദമായ റിപ്പോർട്ട് കൊടുത്തതിനെക്കുറിച്ച് നമ്മൾ കണ്ടു. അതൊക്കെത്തന്നെ പ്രാവർത്തികമാക്കിക്കൊണ്ടിരിക്കുന്നു. ഈ സംസ്ഥാനത്ത് ഈ ഗവൺമെന്റ് ഒന്നും ചെയ്തില്ലെന്ന് പറയുന്നവർക്ക് ജനങ്ങൾ മാപ്പ് കൊടുക്കുകയില്ല. ജനങ്ങൾ അനുഭവിച്ചിട്ടുള്ളതാണ്, പ്രകൃതിക്ഷോഭമുണ്ടായപ്പോൾ അവിടെ ഓടിച്ചെന്ന് ദുരിതാശ്വാസപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്ത ഒരു ഗവൺമെന്റ് ആണ് ഇവിടെയുള്ളത്. ഈ ഗവൺമെന്റിനെ തേജോവധം ചെയ്യുന്നതിനു വേണ്ടി പ്രകൃതിക്ഷോഭം ഉണ്ടായപ്പോൾ അനങ്ങാതിരുന്ന ഒരു ഗവൺമെന്റ് ആണെന്ന് പറയുന്നത് ശരിയല്ലെന്ന് ഞാൻ സൂചിപ്പിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോഴുണ്ടായിരുന്ന സാമ്പത്തികാവസ്ഥയെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. ഇപ്പോഴുള്ള സാമ്പത്തികാവസ്ഥയെക്കുറിച്ച് ശ്രീ. ജോർജ് മസ്ക്രീൻ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ സവിസ്തരം പ്രതിപാദിക്കുകയുണ്ടായി. മെച്ചപ്പെട്ട ഒരു സാമ്പത്തികസ്ഥിതി കൈവരിക്കുന്നതിന് ഈ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. ശാസ്ത്രീയമായ സാമ്പത്തിക മാനേജുമെന്റു കൊണ്ടുമാത്രമാണ് അങ്ങനെയുള്ള ഒരവസ്ഥ ഇവിടെ നമുക്ക് നേടിയെടുക്കാൻ കഴിഞ്ഞത്. ഈ സംസ്ഥാനത്ത് പെർക്യാപിററാ ഇൻകം മറേറതു സംസ്ഥാനത്തേക്കാളും വർദ്ധിച്ചിരിക്കുന്നു. ബംഗാളിലെ പെർക്യാപിററാ ഇൻകവും ഈ സംസ്ഥാനത്തെ പെർക്യാപിററാ ഇൻകവും താരതമ്യം ചെയ്യുമ്പോൾ അത് നമുക്ക് മനസ്സിലാക്കാവുന്നതാണ്. സംസ്ഥാനത്ത് സാമ്പത്തികഭദ്രത കൈവരിക്കുന്നതിന വേണ്ടി ഈ ഗവൺമെന്റ് ആവിഷ്ക്കരിച്ചിട്ടുള്ള വിവിധങ്ങളായ പദ്ധതികളുണ്ട്. ഈ ഗവൺമെന്റ് ആവിഷ്ക്കരിച്ച വ്യവസായ നയംകൊണ്ട് എന്ത് ചെയ്യാൻ കഴിഞ്ഞുവെന്ന് ഇന്ന് രാവിലെ ആരോ സൂചിപ്പിക്കുന്നത് കേൾക്കാനിടയായി. നഷ്ടത്തിൽ ഓടിയിരുന്ന 13 വ്യവസായ സ്ഥാപനങ്ങൾ ലാഭത്തിലാക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. അതുപോലെതന്നെ പൊതുമേഖലാസ്ഥാപനങ്ങൾ പതിനൊന്നെണ്ണം പൂട്ടിയിട്ടിരുന്നത് തുറപ്പിച്ച് അവിടെ സമാധാനപരമായ അന്തരീക്ഷമുണ്ടാക്കുന്നതിനും തൊഴിലവസരങ്ങളുണ്ടാക്കുന്നതിനും ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. ഒട്ടേറെ ചെറുകിട വ്യവസായസംരംഭങ്ങൾ ഇവിടെ ആരംഭിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. ഈ സംസ്ഥാനത്ത് മുതൽമുടക്കുന്നതിനുവേണ്ടി ഈ രാജ്യത്തിനകത്തും പുറത്തുമുള്ള വ്യവസായികളെ ഇവിടേയ്ക്ക് ആകർഷിക്കുന്നതിന് പുതിയ വ്യവസായനയത്തിലൂടെ കഴിഞ്ഞിട്ടുണ്ട്. അതുപോലെതന്നെ ഈ ഗവൺമെന്റ് ഈ സംസ്ഥാനത്തെ ജനങ്ങൾക്കുവേണ്ടി ഒരു കാർഷികനയം ആവിഷ്ക്കരിച്ചിട്ടുണ്ട്. ഏതു് സംസ്ഥാനത്തെ ആളുകളും വളരെയേറെ താൽപ്പര്യത്തോടുകൂടി ശ്രദ്ധിക്കുന്ന ഒരു കാർഷികനയമാണ് ഈ ഗവൺമെന്റ് കൊണ്ടുവന്നിട്ടുള്ളത്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ കഴിഞ്ഞ സർക്കാരിന്റെ മിസ്മാനേജുമെന്റുകൊണ്ട് സഹകരണ സ്ഥാപനങ്ങളിലൂടെ എടുക്കുന്ന വായ്പകൾക്ക് കൊടുത്തിരുന്ന 5 ശതമാനം

പലിശ സബ്സിഡിപോലും നിറുത്തലാക്കിയ സാഹചര്യമാണുണ്ടായിരുന്നത്. ഈ നാട്ടിലെ ചെറുകിട കൃഷിക്കാർ സഹകരണ സ്ഥാപനങ്ങളിലൂടെ കടം എടുക്കുമ്പോൾ അവർക്ക് അനുവദിച്ചിരുന്ന 5 ശതമാനം പലിശ സബ്സിഡി പുനസ്ഥാപിച്ചത് ഈ ഗവൺമെൻറിൻെറ ഏററവും വലിയ നേട്ടമായി ഞാൻ കാണുകയാണ്. അതുപോലെതന്നെ കാർഷികകടം എഴുതിത്തള്ളിയ ഇനത്തിൽ 20 കോടി രൂപയാണ് ഈ സർക്കാർ കർഷകർക്കുവേണ്ടി ചെലവാക്കിയിട്ടുള്ളത്. അങ്ങനെ ഒരുപുതിയ കൃഷിനയം ആവിഷ്ക്കരിച്ചുകൊണ്ട് കർഷകന് ഊന്നൽ കൊടുത്തെങ്കിൽ മാത്രമേ, കൃഷിയെ പരിപോഷിപ്പിച്ചെങ്കിൽ മാത്രമേ, കാർഷിക മേഖലയ്ക്ക് ഊന്നൽ കൊടുത്തെങ്കിൽ മാത്രമേ ഈ സംസ്ഥാനത്ത് സാമ്പത്തിക ഭദ്രത കൈവരിക്കാൻ, സാമ്പത്തികമായി മെച്ചമുണ്ടാക്കാൻ കഴിയുകയുള്ളുവെന്ന് മനസ്സിലാക്കിക്കൊണ്ടാണ് ഈ ഗവൺമെൻറ് മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുന്നത്. കൃഷിയിനത്തിൽ കൂടുതലായിട്ട് നെല്ലുൽപ്പാദനം വർദ്ധിപ്പിച്ചതിനെക്കുറിച്ചൊക്കെ പറഞ്ഞു. പ്രധാന മന്ത്രിയുടെ പ്രത്യേക നെല്ലുൽപ്പാദനപദ്ധതി പ്രകാരം ഇവിടെ ഒരു പ്രാവശ്യം മാത്രം കൃഷി ചെയ്തിരുന്ന നിലങ്ങൾ ഇരുപ്പൂ നിലങ്ങളാക്കി മാററുന്നതിന് ഈ ഗവൺമെൻറിന് കഴിഞ്ഞിട്ടുണ്ട്. അതുപോലെതന്നെ പുതിയ ജലസേചനപദ്ധതികൾ, ഇവിടെ നിറുത്തലാക്കിയിരുന്ന ജലസേചന പദ്ധതികളൊക്കെത്തന്നെ പുനരുജ്ജീവിപ്പിച്ചുകൊണ്ട് പൂർത്തിയാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. ചെറുകിട ജലസേചനപദ്ധതികൾ പൂർത്തിയാക്കുന്നതിൽ വൻനേട്ടങ്ങൾ, അതായത് റെക്കോർഡ് നേട്ടങ്ങൾ ഈ ഗവൺമെൻറിന് കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ചെറുകിടജലസേചന പദ്ധതികളുടെ പ്രവർത്തനത്തിൽ വളരെയേറെ ബുദ്ധിമുട്ടുകൾ അനുഭവപ്പെട്ടപ്പോൾ, വളരെയേറെ കാലതാമസം അനുഭവപ്പെട്ടപ്പോൾ ജനകീയ സമിതികളിൽവച്ചുതന്നെ ജനങ്ങൾക്കുവേണ്ടി ജനങ്ങളെക്കൊണ്ടു തന്നെ പദ്ധതികൾക്ക് രൂപം കൊടുക്കുന്നതിനും അങ്ങനെയുള്ള പദ്ധതികൾ ജലധാര പദ്ധതികളെന്ന പേരിൽ എം. എൽ. എ.-മാർക്ക് പ്രാതിനിധ്യം കൊടുത്തുകൊണ്ട് ഈ ഗവൺമെൻറ് കൊണ്ടുവന്നിട്ടുള്ളത് ആർക്കാണ് നിഷേധിക്കാനാവുക? കൃഷിയുടെ കാര്യത്തിൽ ഈ ജലസേചന പദ്ധതികൾ വളരെയേറെ നല്ല സാഹചര്യമൊരുക്കിയിട്ടുണ്ടെന്നുള്ളത് നിഷേധിക്കാനാവുകയില്ല. ഈ ഗവൺമെൻറ് യാതൊരു വിധത്തിലുള്ള രാഷ്ട്രീയ കാഴ്ചപ്പാടും ഈ കാര്യത്തിലൊന്നുംതന്നെ കാണിച്ചിട്ടില്ല. ഈ നിയമസഭയിലെ 140 എം. എൽ. എ. മാരെയും ഒരു പോലെ കണ്ടുകൊണ്ട് ഓരോരുത്തർക്കും ഓരോ ജലധാരാപദ്ധതി കൊടുക്കുകയെന്നുള്ള വിശാലമായ സമീപനമാണ്, കേരളത്തിലെ ജനങ്ങളെ ഒന്നായിക്കാണുന്ന സമീപനമാണ് ഈ ഗവൺമെൻറ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് മറന്നുപോകരുത്. അതുപോലെതന്നെ ചുവപ്പുനാട ഈ സംസ്ഥാനത്തിൻെറ ഏററവും വലിയ തീരാശാപമായിരുന്ന കാലഘട്ടത്തിൽ താലൂക്ക് സഭകളും ഗ്രാമ സഭകളും ഉണ്ടാക്കിക്കൊണ്ട് ഈ താലൂക്ക് സഭകളിലൂടെയും ഗ്രാമസഭകളിലൂടെയും ഈ നാട്ടിലെ ജനങ്ങളുടെ പ്രശ്നങ്ങൾക്ക് എത്രയും പെട്ടെന്ന് തീർപ്പു കൽപ്പിക്കാനുണ്ടാക്കിയ സംവിധാനമാണ് റവന്യൂ സംവിധാനം. കെട്ടിക്കിടന്നിരുന്ന റെക്കോർഡുകൾ, ഫയലുകൾ എന്നിവ തീർക്കുന്നതിനുള്ള വർക്ക്ഷോപ്പ് സംസ്ഥാനതലത്തിൽത്തന്നെ ഇവിടെ അരങ്ങേറിയ സംഭവമുണ്ട്. അതുകൊണ്ട് ഒട്ടനവധി പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിഞ്ഞിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

ഭരണരംഗം കാര്യക്ഷമമാക്കുക, പ്രശ്നങ്ങൾക്ക് പരിഹാരം കാണുക, ഫയലുകളിൽ തീരുമാനമെടുക്കുക തുടങ്ങിയ കാര്യങ്ങളിൽ സ്പീഡ് പ്രോഗ്രാം, താലൂക്കു സഭ തുടങ്ങിയ സംവിധാനങ്ങളിലൂടെ കഴിഞ്ഞിട്ടുണ്ട്.

സർ, ഈ സംസ്ഥാനത്തെ പാവപ്പെട്ട ആളുകൾക്കുവേണ്ടി പാർപ്പിട പദ്ധതികൾ സംവിധാനം ചെയ്തിട്ടുള്ളത് ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിലാണെന്ന് മറന്നുപോകരുത്. നിങ്ങൾ ഏൽപ്പിച്ചിരുന്ന കാലിയായ ഖജനാവും 101 കോടി രൂപയുടെ റവന്യൂ കമ്മിയുംകൊണ്ട് ഈ സംസ്ഥാനത്ത് പുതിയ കാർഷികനയം, ജല നയം, വ്യവസായനയം, മൽസ്യനയം എന്നിവ ആവിഷ്ക്കരിച്ചുകൊണ്ട് ഈ ഗവൺമെന്റ് ജനങ്ങൾക്കുവേണ്ടി പ്രവർത്തിക്കുമ്പോൾ, ജനങ്ങളുടെ ഗവൺമെന്റാണെന്ന് തെളിയിക്കുമ്പോൾ ഏതെങ്കിലും പത്രക്കടലാസുകളിലെ വാർത്തകളിലൂടെ. ഉത്തരവാദിത്വമുള്ളവരെ കരിതേച്ചു കാണിക്കുന്നതിനുള്ള ഇത്തരം അഴിമതി ആരോപണശ്രമങ്ങൾ ഒരിക്കലും അഭികാമ്യമല്ലെന്ന് പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ അനുകൂലിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. വി. കേശവൻ: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ ശക്തിയായി എതിർക്കുകയാണ്. കാരണം ഈ ഉപധനാഭ്യർത്ഥനകളിലേയ്ക്ക് കടന്ന് ഓരോ വകുപ്പിലേക്കുമുള്ള ധനാഭ്യർത്ഥന പരിശോധിച്ചാൽ ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് മൂന്നുവർഷക്കാലമായി തുടർന്നുവരുന്ന, അതിന്റെ അഴിമതിയും ധൂർത്തും ഖജനാവ് കൊള്ളയും പൂർണ്ണതയിൽ എത്തിക്കാൻ വേണ്ടിയുള്ള ഒരു സപ്ലിമെന്ററി ഡിമാന്റാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നതെന്ന് കാണാൻ കഴിയും. അതുകൊണ്ട് ഞാൻ ഇതിനെ വിശേഷിപ്പിക്കുന്നത്, ഇത് അഴിമതി നടത്തുന്നതിനുവേണ്ടിയുള്ള അഴിമതി ധനാഭ്യർത്ഥനയാണ്. അപഹരണ ധനാഭ്യർത്ഥനയാണ് എന്നാണ്. അതുകൊണ്ട് ഇതിനെ ഞാൻ ശക്തിയായി എതിർക്കുന്നു. അങ്ങേയററം നാറുന്ന അഴിമതിക്കേസ്സുകളിൽ മുഖ്യമന്ത്രിയും ഇവിടത്തെ ഭരണക്കാരും മൂക്കററം മുങ്ങിക്കിടക്കുന്ന ചിത്രമാണ്, ഒരവസ്ഥയാണ് ഇവിടെയുള്ളത്. പാമോയിൽ കുംഭകോണത്തിലൂടെ ആറരക്കോടി രൂപ മുഖ്യമന്ത്രി കൈക്കലാക്കിയെന്നു മാത്രമല്ല, മുഖ്യമന്ത്രിയും കുടുംബവും നേടിയ അവിഹിത സമ്പാദ്യത്തെപ്പററി അന്വേഷിക്കണമെന്ന് കോൺഗ്രസ് (ഐ)-ക്കാർതന്നെ ആവശ്യപ്പെട്ടിരിക്കുന്ന ഒരു സ്ഥിതിവിശേഷമാണ് നമ്മുടെ രാജ്യത്ത് സംജാതമായിരിക്കുന്നത്. ഒരു ഭരണക്കാലത്തും ഇത്തരമൊരു സ്ഥിതിവിശേഷം നമ്മുടെ നാട്ടിലുണ്ടായിട്ടില്ല. ആരോപണങ്ങൾ അന്യോന്യം ഉന്നയിക്കുന്നത് നിസ്സാരക്കാരല്ല. കൃഷിവകുപ്പുമന്ത്രി ശ്രീ. പി. പി. ജോർജ്, കേന്ദ്രമന്ത്രി എ. കെ. ആന്റണി, മുൻ ധനകാര്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി, കോൺഗ്രസ്സിന്റെ സംസ്ഥാന ജനറൽ സെക്രട്ടറി മുരളീധരൻ തുടങ്ങിയ ഉന്നതൻമാരും അവരുടെ ഭാഗത്തുള്ളവരുമാണ് അന്യോന്യം ആരോപണപ്രത്യാരോപണങ്ങൾ ഉന്നയിച്ചിരിക്കുന്നത്. വളരെ ഗൗരവകരമായ സ്ഥിതിയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഇത്തരമൊരു സ്ഥിതിവിശേഷത്തിലാണ് ഈ സപ്ലിമെൻററി ഗ്രാൻറ് അനുവദിക്കുന്നതിനുവേണ്ടിയുള്ള ചർച്ച നടക്കുന്നത്. അത് ആകെ പരിശോധിച്ചാൽ മൂന്നുവർഷംകൊണ്ട് 300 വർഷം കൊണ്ട് നടത്താവുന്ന ഖജനാവ് കൊള്ളയും ധൂർത്തും അഴിമതിയും നടത്തിയ ഒരു സർക്കാരാണ് ഇതെന്ന് പറയുന്നതിൽ യാതൊരു അതിശയോക്തിയുമില്ല. വീണ്ടും അഴിമതിക്കും ധൂർത്തിനുമുള്ള ഈ ഉപധനാഭ്യർത്ഥന കൊണ്ടുവരാൻ ഇവർക്ക് യാതൊരു അർഹതയുമില്ല. 68 കോടി 32 ലക്ഷത്തി നാല്പത്തി മൂവായിരത്തി എഴുന്നൂറു രൂപയുടെ ഉപധനാഭ്യർത്ഥന പരിശോധിച്ചാൽ അതിൽ 22 കോടി അൻപത്തി മൂന്നു ലക്ഷം രൂപ മാത്രമാണ് പ്ലാൻ പദ്ധതികൾക്കുവേണ്ടി വകയിരുത്തിയിട്ടുള്ളത് എന്നു കാണാം. 45 കോടി എഴുപത്തഞ്ചു ലക്ഷം രൂപ നോൺ പ്ലാൻ സ്കീമിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതുതന്നെ പരിശോധിച്ചാൽ ഇവിടത്തെ വികസന പദ്ധതികളുടെ പൂർത്തീകരണത്തിനോ നാടിന്റെ അഭിവൃദ്ധിക്കോ ഉതകുന്ന തരത്തിലല്ല; നേരെ മറിച്ച് ഇവിടെ പലരും പരാമർശിച്ചതുപോലെ മററു ചില കാര്യങ്ങൾക്കാണ് ഈ പണം ഉപയോഗിച്ചുകൊണ്ടിരിക്കുന്നത് എന്ന് മനസ്സിലാകും. എനിക്ക് ആമുഖമായി പറയാനുള്ളത് ഇത്തരമൊരു ചർച്ച നടക്കുന്ന സമയത്ത് പല ബഹുമാനപ്പെട്ട മെമ്പർമാരും സൂചിപ്പിച്ചതുപോലെ നമ്മുടെ നാട് ഒരു കൊടിയ പ്രളയക്കെടുതിയിൽ അമർന്നു കഴിയുകയാണ്. ഈ പ്രളയക്കെടുതിയിൽ കൃഷി നാശമുണ്ടാകാത്ത ഒരു പ്രദേശവുമില്ല. അനേകം വീടുകൾ തകർന്നു. ഗ്രാമ റോഡുകൾ എല്ലാം തകർന്നു. പൊതുമരാമത്തു റോഡുകൾ, പാലങ്ങൾ, ബണ്ടുകൾ, സ്കൂൾ കെട്ടിടങ്ങൾ—അങ്ങനെ സത്വര പുനർ നിർമ്മാണം നടത്തേണ്ടവിധമുള്ള നാശനഷ്ടങ്ങൾ ഒട്ടനവധിയാണ്. വിശാലമായ കുട്ടനാടൻ നെല്ലറ വെള്ളത്തിനടിയിലാണ്. അത് കുട്ടനാട് മെമ്പർ ഇവിടെ സൂചിപ്പിച്ചതാണ്. എന്റെ നിയോജകമണ്ഡലത്തിൽ അൻപത്തി മൂന്നോളം ദുരിതാശ്വാസ ക്യാമ്പുകൾ തുറന്നിട്ടുണ്ട്; 2125 കുടുംബങ്ങൾ അവിടെയുണ്ട്. ആ ദുരിതാശ്വാസ ക്യാമ്പിൽ നിന്നാണ് ഞാൻ രാവിലെ വരുന്നത്. ആ ദുരിതാശ്വാസ ക്യാമ്പിൽ അവരെല്ലാം വളരെ പ്രയാസത്തിൽ കഴിഞ്ഞുകൂടുകയാണ്. അച്ചൻകോവിൽ ആറിന്റെ തീരമാണ് എന്റെ നിയോജകമണ്ഡലം. അതുപോലെ പമ്പാനദിയുണ്ട്. ബഹുമാനപ്പെട്ട ചെങ്ങന്നൂർ എം.എൽ.എ. ശോഭനാ ജോർജിനെപ്പോലെത്തന്നെ ചെങ്ങന്നൂരിന് പുളകച്ചാർത്ത് അണിയിച്ചു കൊണ്ട് ഒഴുകിപ്പോകുന്ന പമ്പാ നദി ഇരുകരകളും കവിഞ്ഞ് ഒഴുകിയതു കൊണ്ട് ഏഴു മരണമാണ് ഉണ്ടായത്. വമ്പിച്ച കൃഷിനാശമുണ്ടായി. അതുപോലെതന്നെയാണ് ആർത്തലച്ച് അട്ടഹസിച്ച് തിരുവഞ്ചൂർ രാധാകൃഷ്ണനെപ്പോലെയുള്ള കല്ലടയാറിന്റെ ഒഴുക്ക്. ആ കല്ലടയാറിന്റെ ഒഴുക്കാണ് അടൂർ മണ്ഡലത്തിൽ നാശനഷ്ടങ്ങളുണ്ടാക്കിയത്. അതുപോലെ ആലപ്പുഴ ജില്ല, മൊത്തം അങ്ങയുടെ പ്രദേശമായ ചേർത്തല ഉൾപ്പെടെ വളരെ കഷ്ടത്തിലാണ്. കയർത്തൊഴിലാളികൾ, മത്സ്യത്തൊഴിലാളികൾ, കുട്ടനാട്ടിലെ കർഷകത്തൊഴിലാളികൾ അടക്കം കാർഷിക മേഖലയിലും പരമ്പരാഗത വ്യവസായ മേഖലയിലും ആകെ ബുദ്ധിമുട്ടാണ്. പട്ടിണിയും പരിവട്ടവുമായി അവിടത്തെ ജനങ്ങൾ കഴിയുകയാണ്. അവിടെ ഈ കുടുംബങ്ങളെ സഹായിക്കാൻ വേണ്ടിയുള്ള നടപടികളില്ല. ഇപ്പോൾ അവർക്ക് ദുരിതാശ്വാസ ക്യാമ്പിൽ കൊടുക്കുന്ന ആഹാര സാധനങ്ങളെപ്പററി ഞാൻ പറയുന്നില്ല; പറയുന്നതു മോശമാണ്. 320 ഗ്രാം



LIBRARY ARCHIVES Kerala Legislative Assembly

അരി വീതം പ്രായപൂർത്തിയായ ഒരാളിന് ദുരിതാശ്വാസ ക്യാമ്പുകളിൽ കൊടുക്കാനുള്ള തീരുമാനം വർഷങ്ങളായി ഇവിടെ നിലനിൽക്കുകയാണ്. എന്നാൽ കൊടുക്കുന്നത് 250 ഗ്രാം വച്ചാണ്. അതിലും 70 ഗ്രാം പിടിക്കുകയാണ്. ഞാൻ ഓരോ ക്യാമ്പും സന്ദർശിച്ചു. ഇക്കാര്യങ്ങൾ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടേയും ജില്ലാ കളക്ടറുടേയും റവന്യൂ ഉദ്യോഗസ്ഥൻമാരുടേയും ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ കുറെ മാററങ്ങളുണ്ടായിട്ടുണ്ട്. അങ്ങനെ അവർ അനുഭവിക്കുന്ന ദുരിതത്തിനു പരിഹാരം കാണാനോ അവരെ സഹായിക്കാനോ ഉള്ള യാതൊരു നിർദ്ദേശവും ഇല്ല. അതിനുവേണ്ടി ചെലവാക്കുന്ന തുകയെപ്പററി യാതൊന്നും ഈ സപ്ലിമെൻററി ഡിമാൻറ്സിൽ ഇല്ല. 31 കോടി രൂപയുടെ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കുള്ള തുക കേന്ദ്രം അനുവദിക്കുമെന്നു പറയുന്നതല്ലാതെ അതിൻെറ യഥാർത്ഥ ഗുണം ഇവിടെ കിട്ടുന്നില്ല. കൃഷി നശിച്ചതിൻെറ കണക്കെടുത്തു കഴിഞ്ഞാൽ ഇവിടെ പറഞ്ഞ കണക്കൊന്നുമല്ല. ആയിരക്കണക്കിനു, കോടിക്കണക്കിനു രൂപയുടെ കൃഷിനാശമുണ്ടായിരിക്കുന്നു. അതിനു പരിഹാരം കാണാനുള്ള യാതൊരു നിർദ്ദേശവും ഇതിനകത്തില്ല. ഇവിടെ വെള്ളപ്പൊക്കത്തിൻെറ ഫലമായി മരിച്ചയാളുകളുടെ കുടുംബത്തിനു കൊടുത്തത് 15,000 രൂപ മാത്രമാണ്. മാളയിൽ 50,000 രൂപ കുടുംബസഹായനിധിയായി കൊടുത്തത് ടെലിവിഷനിൽ കാണാൻ കഴിഞ്ഞു. മററു സംസ്ഥാനങ്ങളിൽ കേന്ദ്ര ഗവൺമെൻറ് 50,000 രൂപ വച്ച് മരിച്ചവരുടെ കുടുംബത്തിനു കൊടുക്കുന്നുണ്ട്; 15,000 രൂപ സ്റേററ് ഗവൺമെൻറിൻെറ വകയായി കൊടുക്കുന്നുണ്ട്. അങ്ങനെ അവിടെ 65,000 രൂപ വെള്ളപ്പൊക്കത്തിൽ മരിച്ചവരുടെ കുടുംബത്തിനു കൊടുക്കുമ്പോൾ ഇവിടെ കിട്ടുന്നത് 15,000 രൂപ മാത്രമാണ്. അവിടെയും വിവേചനമാണ്. ആലപ്പുഴ, പത്തനംതിട്ട ജില്ലകളിലാണ് ഏററവും കൂടുതൽ വെള്ളപ്പൊക്കം മൂലമുള്ള നാശനഷ്ടങ്ങളുണ്ടായത്. ഈ രണ്ടു ജില്ലകളേയും പ്രളയബാധിത പ്രദേശമായി പ്രഖ്യാപിച്ചുകൊണ്ട് തദനുസൃതമായ സഹായം ഈ രണ്ടു ജില്ലകൾക്കും നൽകാൻ നടപടിയുണ്ടാകണമെന്ന് ആവശ്യപ്പെടുകയാണ്. റവന്യൂ വകുപ്പുമന്ത്രി രണ്ടു സ്ഥലങ്ങളിലും വന്ന് കാര്യങ്ങൾ ഏകദേശം മനസ്സിലാക്കിയതുകൊണ്ട് ഞങ്ങളുടെ ആവശ്യം പറഞ്ഞതിനോടൊക്കെ അദ്ദേഹത്തിന് അനുകൂലമായ അഭിപ്രായമാണ്. ഇവിടെ സംസ്ഥാന ഗവൺമെൻറ് ഏതെങ്കിലും പ്രദേശങ്ങളെ ദുരിതബാധിത പ്രദേശമായി പ്രഖ്യാപിക്കുകയാണെങ്കിൽ അതിൽ ആലപ്പുഴയും പത്തനംതിട്ടയും ഉൾപ്പെടുമെന്ന് അദ്ദേഹം ഉറപ്പു തന്നിട്ടുണ്ട്. ഇവിടെ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് ഒന്നിനുമല്ല ഈ പണം ഉപയോഗിക്കുന്നത്. പിന്നെ എന്തിനാണ്? സിവിൽ സപ്ലൈസ് വകുപ്പിന് ഡീസൽ ജീപ്പ് വാങ്ങാൻ പേജ് 23, 27 എന്നിവയിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. സിവിൽ സപ്ലൈസ് കോർപ്പറേഷന് വാഹനമില്ലേ? ഇന്നുള്ള വാഹനങ്ങൾ പൂർണ്ണമായും ഉപയോഗിക്കുന്നുണ്ടോ? പിന്നെ എന്തിനാണ് ഇതെല്ലാം കൊടുക്കുന്നത്? ഞാൻ കരുതുന്നത് 'ൻറുപ്പുപ്പാക്കൊരാനേണ്ടാർന്ന്'' എന്നു പറഞ്ഞതുപോലെ അദ്ദേഹത്തിന് മുൻപ് ആനയും 100 ലോറിയും 20 ഡീസൽ ജീപ്പും 5 ഡീസൽ കാറും ഉണ്ടായിരുന്നു എന്ന് അദ്ദേഹത്തിൻെറ കൊച്ചു മക്കൾക്ക് പറയാനുള്ള സംരംഭമുണ്ടാക്കുന്നു എന്നതിൽ കവിഞ്ഞ് ഇത് അഴിമതിയുടെയും ധൂർത്തിൻേറയും ഭാഗമാണ്. ഇവിടെ മുഖ്യമന്ത്രിയുടെ വകുപ്പിൽ മൂന്ന് ഡീസൽ കാറ് വാങ്ങാൻ തുക കൊള്ളിച്ചിരിക്കുന്നു. പേജ് 2. മററു

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മന്ത്രിമാർക്കു സഞ്ചരിക്കാൻ 6 കോണ്ടസ്സാ കാറുകൾ വാങ്ങാൻ വേണ്ടി പേജ് 40-ൽ തുക കൊള്ളിച്ചിട്ടുണ്ട്. റവന്യൂ വകുപ്പിന് 7 ഡീസൽ ജീപ്പു വാങ്ങാൻ നൂറു രൂപ ടോക്കൺ പ്രൊവിഷനുണ്ട്. പിന്നീട് റീ-അപ്രോപ്രിയേഷൻ കൊണ്ടുവന്ന് വെള്ളപ്പൊക്കത്തിന്റെ കേന്ദ്ര സഹായം കിട്ടുമ്പോൾ വകമാററി ചെലവഴിക്കാൻ വേണ്ടിയാണ് ഇത് കൊണ്ടുവന്നിരിക്കുന്നത്. അങ്ങനെ റവന്യൂ വകുപ്പിനു ഏഴ് ഡീസൽ ജീപ്പ് വാങ്ങാനുള്ള തന്ത്രമാണ് കൊണ്ടുവന്നിരിക്കുന്നത്. മറെറാരു കാര്യം യാതൊരു തത്വദീക്ഷയുമില്ലാതെ പുതിയ തസ്തികകൾ സൃഷ്ടിച്ച് ആശ്രിതരെ തിരുകിക്കയററാനുള്ള നീക്കമാണ് നടത്തുന്നത്. എക്സൈസ് വകുപ്പിൽ മുൻപ് കുറെ എക്സൈസ് ഇൻസ്പെക്ടർമാരെ നിയമിച്ചു. അത് ഇവിടെ ചർച്ച ചെയ്തതാണ്. വീണ്ടും 14 എക്സൈസ് ഇൻസ്പെക്ടർ മാരെ നിയമിക്കാനുള്ള പോസ്ററുകൾ സൃഷ്ടിക്കാനുള്ള നിർദ്ദേശമാണ്. 55 ലക്ഷം രൂപയാണ് അതിൽ വകയിരുത്തിയിരിക്കുന്നത്, പോലീസ് വകുപ്പിൽ 13 സബ് ഇൻസ്പെക്ടർമാരുടെ പോസ്ററുകൾ സൃഷ്ടിക്കാനുള്ള നടപടിയും. ലോക്കൽ ഫണ്ട് ആഡിററ് വകുപ്പിൽ 13 തസ്തികകൾ സൃഷ്ടിക്കാനുള്ള നടപടിയുമെടുക്കുന്നു. അതേസമയം കേന്ദ്രഗവൺമെൻറിന്റെ നിർദ്ദേശം നിലവിലുള്ളതിൽ 10 ശതമാനം വീതം കുറച്ചുകൊണ്ട് നമ്മുടെ ഭരണ ചെലവ് കുറയ്ക്കണമെന്ന നിർദ്ദേശം നിലവിലിരിക്കുകയാണ്. അതൊന്നും കണ്ടില്ലെന്നുള്ളതു പോകട്ടെ പുതിയ തസ്തിക സൃഷ്ടിച്ചുകൊണ്ട് സ്വന്തക്കാരേയും ബന്ധുക്കളേയും പാർശ്വവർത്തികളേയും വീട്ടുവേലക്കാരേയും നിയമിച്ചുകൊണ്ട് കടുത്ത അഴിമതി നടത്തുകയാണ്. ഇങ്ങനെ പല വകുപ്പിലും പുതിയ തസ്തികകൾ സൃഷ്ടിക്കുകയാണ്. ഇത്തരത്തിലുള്ള കാര്യങ്ങൾക്കു വേണ്ടിയാണ് ഈ പണം ഉപയോഗിക്കുന്നത്, റേഷൻ സബ്സിഡി കൊടുക്കാനോ വെള്ളപ്പൊക്ക ദുരിതാശ്വാസത്തിനോ കർഷകത്തൊഴിലാളി പെൻഷൻ അടക്കമുള്ള പെൻഷൻ കൊടുക്കാനോ തൊഴിലില്ലായ്മാ വേതനം കൊടുത്തു തീർക്കാനോ ആയിരുന്നെങ്കിൽ ഞാൻ അനുകൂലിക്കുമായിരുന്നു. ഇവിടെ എന്താണ് സ്ഥിതി? 31-7-1994-ൽ അസംബ്ലിയിൽ പറഞ്ഞ കണക്കാണ്. തൊഴിലില്ലായ്മാ വേതനം 70 കോടി രൂപ കുടിശ്ശിക. കർഷകത്തൊഴിലാളി പെൻഷൻ കുടിശ്ശിക 36 കോടി 81 ലക്ഷം രൂപ. കൈത്തറി റിബേററ് കുടിശ്ശിക 1986-75 ലക്ഷം രൂപ. കൈത്തറി തൊഴിലാളി പെൻഷൻ 20 ലക്ഷം രൂപ കുടിശ്ശിക. കയർത്തൊഴിലാളി പെൻഷൻ 6.59 ലക്ഷം രൂപ കുടിശ്ശിക. മൽസ്യത്തൊഴിലാളി പെൻഷൻ 296.43 ലക്ഷം രൂപ കുടിശ്ശിക. വികലാംഗ പെൻഷൻ 364.85 ലക്ഷം രൂപ കുടിശ്ശിക. മൽസ്യ തൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ കൊടുക്കാൻ ഒരു കോടി 59 ലക്ഷത്തി ഇരുപത്തിരായിരത്തി നാനൂററി എൺപത്തിയേഴു രൂപ കുടിശ്ശിക. എന്തിനാണ് പറയുന്നത്; ചങ്ങനാശേരിയിൽ കള്ളനെ പിടിക്കാൻപോയ ഒരു പോലീസുകാരൻ കള്ളന്റെ കുത്തേററ് മരിച്ചു കിടന്നു. അങ്ങനെ പ്രവർത്തിക്കുന്ന പോലീസുകാർക്ക് യാത്രാ ബത്ത 31 ലക്ഷത്തി മുപ്പത്തിനാലായിരത്തി എണ്ണൂററി നാല്പത്തെട്ട് രൂപ കുടിശ്ശിക വരുത്തിയിരിക്കുന്നു. അവർ എങ്ങനെ പ്രവർത്തിക്കും? അവർക്ക് യാത്രാബത്ത കിട്ടുന്നില്ല. 31 ലക്ഷമാണ് കുടിശ്ശിക. ശുദ്ധജലവിതരണ പദ്ധതികൾക്ക് കോൺട്രാക്ടർക്കു കൊടുക്കാനുള്ള ഒരു കോടി 90 ലക്ഷത്തി എൺപതിനായിരം രൂപ കുടിശ്ശിക കിടക്കുകയാണ്. ഇതൊന്നും കൊടുക്കാൻ തുകയില്ല. അതേ

സമയം മൂന്നു വർഷംകൊണ്ട് മുഖ്യമന്ത്രിക്കും മററുമന്ത്രിമാരും ടെലഫോൺ വിളിക്കാൻ മാത്രം 3 കോടി 55 ലക്ഷം രൂപ ചെലവാക്കി. ബഹുമാനപ്പെട്ട റോസക്കുട്ടിടീച്ചർ എം.എൽ.എ., ഈ ഗവൺമെൻറ് വമ്പിച്ച നേട്ടമുണ്ടാക്കി എന്ന് പറഞ്ഞ് നേട്ടത്തിൻെറ പട്ടിക ഇവിടെ നിരത്തിവച്ചു. ഇതെല്ലാമാണ് നേട്ടമെന്നു പറയുന്നത്. ഒരു പ്രവർത്തനവുമില്ല. യാതൊരു വകുപ്പിലും നടത്തുന്ന പണികൾക്ക് കാശ് കൊടുക്കുന്നില്ല. അഴിമതിയും ധൂർത്തു മല്ലാതെ ഒന്നും നടക്കുന്നില്ല. ഡി.ആർ.ഡി.എ. പ്രവർത്തനങ്ങൾക്കു പണമില്ല. ഗ്രാമ റോഡുകൾ നന്നാക്കുന്നില്ല. ശുദ്ധജലവിതരണ പദ്ധതികളുടെ നിർദ്ദേശമല്ലാതെ ഒന്നും പ്രവർത്തനക്ഷമമാകുന്നില്ല. അങ്ങനെ എല്ലാ വകുപ്പുകളുടെ പ്രവർത്തനങ്ങളും മരവിപ്പിച്ചിരിക്കുക യാണ്. നോൺ പ്ലാനിൽ പണമുൾപ്പെടുത്തിയിട്ട് മററു വഴികൾ കണ്ടു പിടിക്കാനുള്ള നീക്കമാണ് നടത്തുന്നത്. അഴിമതിയും ധൂർത്തും പെരുകുകയാണ്. അതേസമയം ജനങ്ങളുടെ വിഷമങ്ങൾക്ക് പരിഹാരം കാണാൻ കഴിയുന്നുമില്ല.

സർ, അതേസമയം ജനങ്ങളുടെ വിഷമപ്രശ്നങ്ങൾക്കൊന്നും പരിഹാരം കാണാൻ കഴിയുന്നില്ല. അതുകൊണ്ടാണ് ഞാൻ ഇതിനെ എതിർക്കുന്നത്. സർ, മറെറാരു കാര്യം, ഈ ഉപധനാഭ്യർത്ഥനകൾ കൊണ്ടുവന്നിരിക്കുന്നത് ഇവിടെ കുറെയധികം പ്രതിമകൾ സ്ഥാപിക്കാനാണ്. മഹാൻമാരുടെ പ്രതിമകളാണ്. അതുപോലെതന്നെ ദേശീയ നേതാക്കൻമാരടക്കമുള്ള വരുടേതുമുണ്ട്. ഞാൻ പ്രതിമകൾ സ്ഥാപിക്കുന്നതിനൊന്നും എതിരല്ല. ശ്രീ. മന്നത്ത് പത്മനാഭൻെറ പ്രതിമയ്ക്ക് 7 ലക്ഷം രൂപയാണ് ഇതിനകത്ത് പ്രൊപ്പോസൽ വച്ചിരിക്കുന്നത്. അത് എൻ.എസ്.എസ്.-നെ ഏൽപ്പിക്കുകയാണ്. അതുപോലെതന്നെ ഡോ. അംബേദ്ക്കറുടെ പ്രതിമ സ്ഥാപിക്കാൻ നാലുലക്ഷം രൂപയാണ് പ്രൊപ്പോസൽ വച്ചിരി ക്കുന്നത്. ശ്രീ. സി. കേശവൻെറ പ്രതിമ സ്ഥാപിക്കാൻ രണ്ടു ലക്ഷം രൂപയാണ് പ്രൊപ്പോസൽ വച്ചിരിക്കുന്നത്. പ്രതിമ സ്ഥാപിക്കുന്ന തിലും സവർണ്ണ അവർണ്ണ വ്യത്യാസം വേണമോയെന്ന് ഞാൻ ചോദിക്കുക യാണ്. എന്തിനാണ് അവിടെ ഈ വ്യത്യാസം? പ്രതിമകളിൽ ശ്രീ. മന്നത്ത് പത്മനാഭൻേറത് വെങ്കല പ്രതിമയായിരിക്കാമെന്ന് ഞാൻ സംശയിക്കുന്നു. മററുള്ളവരുടെ പ്രതിമ കളിമൺ പ്രതിമയാണോ? എന്താണ് ഈ വ്യത്യാസം? അതുപോലെതന്നെ എൻ.എസ്.എസ്.-ന് ഏഴ് ലക്ഷം രൂപ കൊടുക്കുന്നത് രാഷ്ട്രീയ അഴിമതിയാണ്. ഗവൺമെൻറ് മഹാൻമാരുടെ പ്രതിമ സ്ഥാപിക്കുന്നുണ്ടെന്ന് പറഞ്ഞതി നോട് യോജിക്കുന്നു, പക്ഷേ എൻ.ഡി.പി-ക്കോ, എൻ.എസ്.എസ്.-നോ ഖജനാവിൽനിന്ന് ഇങ്ങനെ പ്രതിമ സ്ഥാപിക്കാൻവേണ്ടി ഏഴു ലക്ഷം രൂപ കൊടുക്കുന്നത് രാഷ്ട്രീയ അഴിമതിയാണ്. ഇത് അവരെ പ്രീണി പ്പിക്കാൻവേണ്ടിയാണ്. മന്ത്രിസ്ഥാനം പോയതിന് പാരിതോഷികമായി കൊടുക്കുന്നതാണെന്ന് ഞാൻ സംശയിക്കുകയാണ്. അതുകൊണ്ട് ഇത്തര ത്തിലുള്ള വിവേചനം ആ കാര്യത്തിലും കൊണ്ടുവന്നിരിക്കുന്നത് ഖേദകര മാണ്; അത് തിരുത്തേണ്ടതാണ്. അതുപോലെതന്നെ മറെറാരു പ്രധാനപ്പെട്ട കാര്യം നമ്മുടെ സംസ്ഥാനത്ത് തൊഴിലില്ലായ്മ രൂക്ഷമായി പെരുകുകയാണ്. ഇവിടെ ഭരണകക്ഷിയിലെ ബഹുമാനപ്പെട്ട എം.എൽ.എ.-മാരുടെ പ്രസംഗത്തിൽ പറഞ്ഞുകേട്ടത് വ്യവസായം വളർന്നു കൊണ്ടിരിക്കുകയാണ്, വികസിച്ചുകൊണ്ടിരിക്കുകയാണെന്നാണ്. പക്ഷേ വ്യവസായം വളരുന്നില്ലെന്നുള്ളത് ഒരു സത്യമാണ്. തൊഴിൽ നൽകാനുള്ള വ്യവസായവൽക്കരണം വെറും പ്രചാരണത്തിൽ മാത്രം നിൽക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ വ്യവസായവൽക്കരണത്തിന് ഒന്നും ചെയ്യാൻ കഴിഞ്ഞിട്ടില്ല. ജൂലൈ 20-ാം തീയതിയിലെ 'മലയാള മനോരമ' യിൽ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി കൊടുത്തിരിക്കുന്ന ലേഖനത്തിലെ തലക്കെട്ട് ഇങ്ങനെയാണ്: ''വ്യവസായവൽക്കരണത്തിന് നേരിട്ട് സർക്കാരിന് ഏറെയൊന്നും ചെയ്യാനായില്ല എന്ന സത്യം ഇനിയെങ്കിലും നാം അംഗീകരിക്കണം''. അദ്ദേഹം തുറന്നു പറഞ്ഞിരിക്കുന്നു; സത്യസന്ധമായി പറഞ്ഞിരിക്കുന്നു. വ്യവസായവൽക്കരണത്തിനോ, തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണാനോ ഒന്നും നടപടിയുമുണ്ടായില്ല. നമ്മുടെ സംസ്ഥാനത്ത് തൊഴിലില്ലാത്തവരുടെ സംഖ്യ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് 29 ലക്ഷമുണ്ടായിരുന്നത് ഇപ്പോൾ നാൽപ്പത്തിയൊന്നോ, നാൽപ്പത്തിരണ്ടോ ലക്ഷമായി വളർന്നിരിക്കുന്നു. ഇത് വ്യവസായവൽക്കരണത്തിന്റേയും തൊഴിലില്ലായ്മാ പരിഹാരത്തിന്റേയും തെളിവാണോയെന്ന് വ്യവസായവൽക്കരണത്തിന്റെ നേട്ടങ്ങളെപ്പററിയും മൂന്നു വർഷത്തെ നേട്ടങ്ങളെപ്പററിയും പ്രതിപാദിക്കുന്ന അപ്പുറത്തുള്ള എം.എൽ എ-മാർ ഇനി സംസാരിക്കുമ്പോൾ വ്യക്തമാക്കണം. സംസ്ഥാനത്തിന്റെ രൂക്ഷമായ തൊഴിലില്ലായ്മാ പ്രശ്നം വ്യാപകമായി ചൂഷണം ചെയ്യപ്പെടുകയാണ്. എന്റെ മണ്ഡലത്തിലെ അതിപ്രസിദ്ധമായ മന്നം ഷുഗർ മില്ലിൽ വളരെ വർഷങ്ങളായി കരിമ്പ് ആട്ടില്ല; പഞ്ചസാര ഉൽപ്പാദനമില്ല. ആ മില്ലും സ്ഥലവും വെറുതെ കിടക്കുകയാണ്. 50 ഏക്കറോളം വരുന്ന ആ സ്ഥലം ഗവൺമെന്റ് ഉടമയിലെ, പൊതുമേഖലയിലെ, ഔഷധി എന്ന ആയുർവേദ മരുന്ന് നിർമ്മാണ സ്ഥാപനം പത്ത് വർഷത്തേക്കോ മററോ പാട്ടത്തിനു എടുത്തു. അതിന്റെ ചെയർമാൻ എൻ.ഡി.പി.-യുടെ ആളാണ്. അങ്ങനെ അവരെക്കൊണ്ട് എടുപ്പിച്ചിട്ട് അവിടെ 42.50 പൈസാ നിരക്കിൽ ഡെയിലി വേജസിന് ആളെ എടുക്കുന്നു. അവരെ സ്ഥിരപ്പെടുത്താമെന്നും അവർക്ക് ഉദ്യോഗമാകുമെന്നും പറഞ്ഞിട്ട് എൻ.ഡി.പി.-യും എൻ.എസ്.എസ്.-ഉം ആയിരം രൂപ മുതൽ മുകളിലോട്ട് തരാതരം പോലെ കോഴ വാങ്ങിക്കുകയാണ്. ഔഷധച്ചെടികൾ നട്ടുപിടിപ്പിക്കാനും, മരുന്നുണ്ടാക്കാനും വേണ്ടി അത്തരമൊരു സ്ഥാപനമെടുക്കുമ്പോൾ അതിൽ ഏററവും കുറഞ്ഞത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയെങ്കിലും നിയമനം നടത്താനുള്ള നടപടിയുണ്ടാകണം. അതുപോലെതന്നെ ഇവിടെ വ്യവസായവൽക്കരണത്തെപ്പററി പറയുന്നു. കായംകുളം താപവൈദ്യുത നിലയത്തിന്റെ ഇന്നത്തെ സ്ഥിതി എന്താണ്? എൻ.ടി.പി.സി. നടത്തുമോ? കേന്ദ്രഗവൺമെന്റ് പണം കൊടുക്കുമോ? വിദേശത്തുനിന്നോ, അമേരിക്കയിൽനിന്നോ കമ്പനികൾ വരുമോ? ആരുമില്ല. അനിശ്ചിതത്വത്തിലാണ്. മുഖ്യമന്ത്രിയും കേന്ദ്രവൈദ്യുതവകുപ്പുമന്ത്രിയുംകൂടി അവിടെ ശിലാസ്ഥാപനം നടത്തി, ഉദ്ഘാടനം നടത്തി, അവിടെ കല്ലിട്ടു. പക്ഷേ പണം വരുന്നില്ല, അതിന്റെ പ്രവർത്തനം നടക്കുന്നില്ല. എന്നുണ്ടാകുമെന്നും, ആര് നടത്തുമെന്നും ഉള്ളത് അനിശ്ചിതത്വത്തിലാണ്. പിന്നെ ഇവിടെ എങ്ങനെ വ്യവസായം വളരും? ഈ തരത്തിൽ ആളുകളെ പറഞ്ഞു പററിക്കുന്ന നടപടിയാണ് ഇവിടെയുണ്ടായിക്കൊണ്ടിരിക്കുന്നത്. അതുപോലെതന്നെ ക്രമസമാധാന നിലയാകെ തകർന്നിരിക്കുന്നു. വിവിധ കച്ചവടസ്ഥാപനങ്ങൾ, ബാങ്കുകൾ, വീടുകൾ എന്നിവിടങ്ങളിൽനിന്ന് മോഷണം പോയതിന്റെ ജൂലൈ 10-ാം തീയതി വരെയുള്ള കണക്ക് സംബന്ധിച്ച് അസംബ്ലിയിൽ ചോദ്യം ചോദിച്ചപ്പോൾ പറഞ്ഞത് ഇരുപത്തിയഞ്ചുകോടി ഒരുലക്ഷത്തി അൻപത്തി ഏഴായിരത്തി അറുനൂററി പതിനൊന്ന് രൂപയുടെ വസ്തുക്കൾ

മോഷണം പോയിയെന്നാണ്. അതിൽ തിരികെയെടുക്കാൻ കഴിഞ്ഞത് ഏഴുകോടി എൺപത്തിനാലുലക്ഷത്തി തൊണ്ണൂററിനാലായിരം രൂപയുടേത് മാത്രമാണ്. ബാക്കി എവിടെപ്പോയി? ജീവനും സ്വത്തിനും സംരക്ഷണ മാണോ? ആകെ താറുമാറായിക്കിടക്കുകയാണ്. പോലീസുകാരെപ്പോലും കുത്തിയിട്ടിട്ട് കള്ളൻമാർ മോഷണമുതലുമായി ധൈര്യത്തോടെ കടന്നു പോകുന്ന സ്ഥിതിവിശേഷമാണ് ചങ്ങനാശ്ശേരിയിലുണ്ടായിരിക്കുന്നത്. ധൂർത്തിനും അഴിമതിക്കുംവേണ്ടി കൊണ്ടുവന്നിട്ടുള്ള ഉപധനാഭ്യർത്ഥനകളെ ഞാൻ ശക്തമായി എതിർക്കുന്നു. ഇത് അപഹരണ ധനാഭ്യർത്ഥനയാണ്, ഇതൊരു അഴിമതി ധനാഭ്യർത്ഥനയാണ്. അതുകൊണ്ട് ഞാൻ ഇതിനെ ഒരിക്കൽക്കൂടി എതിർക്കുന്നു.

ശ്രീ. പുനലൂർ മധു: സർ, ഇവിടെ അവതരിപ്പിച്ച ഉപധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. ഈ ഗവൺമെൻറിൻെറ തുടർപ്രവർത്തനങ്ങൾക്ക് ആവശ്യമായിവരുന്ന മാററങ്ങളും അതിനുവേണ്ടി വരുന്ന ചെലവുകളുമൊക്കെ ഉൾക്കൊള്ളിച്ചുകൊണ്ട് കഴിഞ്ഞകാലത്തെ സ്ഥിതിപോലെതന്നെ ഈ വർഷവും ഉപധനാഭ്യർത്ഥനകൾ അവതരിപ്പിക്കുമ്പോൾ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുന്ന, ഐക്യജനാധിപത്യമുന്നണി ഗവൺമെൻറിനെ എതിർക്കുന്ന, അപ്പുറത്തിരിക്കുന്ന ആളുകൾ ഇത് ഒരു പുതിയ സംരംഭമാണെന്നുള്ള നിലയിലാണ് രാവിലെ ഇവിടെ സംസാരിച്ചു കേട്ടത്. ഇവിടെ ജൂൺമാസം പാഠപുസ്തകം സ്കൂളിൽ അച്ചടിച്ചു കൊടുക്കുന്നതുപോലെ ജൂൺമാസം 1-ാം തീയതി മുതൽ മാർച്ച് 31-ാം തീയതിവരെ 5-ാം ക്ലാസിൽ പഠിക്കുന്ന വിദ്യാർത്ഥി തലേ വർഷം തീരുമാനിച്ച പാഠഭാഗങ്ങൾ മാത്രം പഠിച്ചാൽ മതി എന്നുപറയുന്നതുപോലെ ബഡ്ജററ് അവതരിപ്പിക്കുന്ന വേളയിൽ ഒരു ഗവൺമെൻറിൻെറ പ്രവർത്തനങ്ങളെ അതിൻെറ നാല് മതിൽക്കെട്ടുകളിനുള്ളിൽ മാത്രം ഒതുക്കിനിറുത്തി മുന്നോട്ടുപോകാൻ കഴിയുകയില്ല. അതിനകത്ത് കാലോചിതമായ മാററങ്ങളും ഭേദഗതികളുമാവശ്യമാണ്. അതുകൊണ്ട് ഭരണഘടനാപരമായിത്തന്നെ അനുവദിച്ചുതന്നിട്ടുള്ള ഇത്തരം നടപടികളിൽ നിന്നുകൊണ്ടുതന്നെയാണ് ഈ ഗവൺമെൻറ് ഉപധനാഭ്യർത്ഥനകൾ അവതരിപ്പിച്ചിട്ടുള്ളത്. ആ മാററങ്ങൾ, ആ ഭേദഗതി ഉൾക്കൊള്ളാൻ അപ്പുറത്തിരിക്കുന്നവർക്ക് കഴിയുകയില്ല. അവരെ സംബന്ധിച്ചിടത്തോളം നിയമസഭാ സമ്മേളനം നടക്കുന്നത് കുറെ ദിവസങ്ങൾ നീണ്ടുപോയി. ഈ സമ്മേളനത്തിൽ ഒരു ദിവസം പോലും അഴിമതിയെക്കുറിച്ച് പറയാതെ കടന്നുപോകാൻ അവർക്ക് കഴിഞ്ഞില്ല; യാഥാർത്ഥ്യബോധം ഉൾക്കൊണ്ടുകൊണ്ട് കടന്നുപോകാൻ അവർക്ക് കഴിയുന്നില്ല. കേരളത്തിൽ മൂന്നുവർഷം കൊണ്ട് നേതൃത്വം കൊടുത്തുകൊണ്ട് കടന്നുപോയ ഒരു ഗവൺമെൻറിനേയും അതിൻെറ പ്രവർത്തനങ്ങളേയും നോക്കിക്കാണുന്നതിനപ്പുറമായി ദോഷൈകദൃക്കുകളെപ്പോലെ ഈ ഗവൺമെൻറിനെ തെററായി മാത്രം വ്യാഖ്യാനിച്ചുകൊണ്ട് കടന്നുപോകുന്ന നിരുത്തരവാദപരമായ പ്രവർത്തനം നടത്തുന്ന ഒരു പ്രതിപക്ഷമാണ് ഇവിടെയുള്ളത് എന്ന് മാത്രമേ എനിക്ക് അതിനെക്കുറിച്ച് പറയാനുള്ളു. മൂന്നു വർഷക്കാലം ഈ സംസ്ഥാനത്തിനുണ്ടായ മെച്ചമായ പ്രവർത്തനം അവർ നോക്കിക്കാണുകയും വിലയിരുത്തുകയും വേണം. ഈ വർഷം മാത്രമല്ല പ്രളയക്കെടുതികളുണ്ടായത്. 1992-ലുണ്ടായി. അതിനെയൊക്കെ അതിജീവിച്ചുകൊണ്ട് സംസ്ഥാനത്തിലെ ജനങ്ങൾക്ക് ആശ്വാസമെത്തിച്ചുകൊണ്ടാണ് ഈ ഗവൺമെൻറ് മുന്നോട്ടുപോയത്. ആ കാര്യങ്ങൾ ഉൾക്കൊള്ളാൻ അവർക്ക് കഴിയുന്നില്ല. പനിവന്ന കുട്ടികൾ പിച്ചും പേയും പറയുന്നതുപോലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെക്കുറിച്ചും

LIBRARY ARCHIVES Kerala Legislative Assembly

അദ്ദേഹത്തിന്റെ കുടുംബത്തെക്കുറിച്ചും രാവിലേയും വൈകുന്നേരവും ഉച്ചയ്ക്കും അഴിമതി ആരോപണം ഉന്നയിക്കുന്ന ഒരു പററം ആളുകൾ ഇവിടെയുണ്ട്. ഇന്നലെകളിലെ അഴിമതികളെക്കുറിച്ച് അവർ മറന്നു പോയിരിക്കുന്നു. ഇവിടെ ബഹുമാനപ്പെട്ട ടി. കെ. രാമകൃഷ്ണൻ പ്രസംഗിക്കുന്നുണ്ട്. ഒരു കുപ്പി ബീയറിന് രണ്ട് രൂപാ വച്ച് കമ്മീഷൻ വാങ്ങിച്ച ആളുകളുൾപ്പെടെ, അപ്പുറത്തിരിക്കുന്ന ആ മന്ത്രിസഭയിലെ അംഗമായിരുന്ന ആളുകൾ, ആ മുന്നണിയിൽ നിന്നും, ആ പാർട്ടിയിൽ നിന്നും പോയപ്പോൾ പറഞ്ഞിട്ടുള്ള കാര്യങ്ങൾ, ബഹുമാനപ്പെട്ട ഗൗരിയമ്മയെപ്പോലുള്ള ആളുകൾ പറഞ്ഞിട്ടുള്ള കാര്യങ്ങൾ ഞങ്ങൾ വിസ്മരിക്കുന്നില്ല. നിങ്ങളും വിസ്മരിക്കുമെന്ന് തോന്നുന്നില്ല. മന്ത്രിമാരായിരുന്നവർ ആ ഉത്തരവാദിത്വബോധം വെടിഞ്ഞുകൊണ്ട് പുറത്തുപോകുമ്പോൾ പറയുന്ന കാര്യങ്ങളല്ല, പലപ്പോഴും ആ യാഥാർത്ഥ്യം ഉൾക്കൊള്ളാൻ അപ്പുറത്തിരിക്കുന്നവർ തയ്യാറാകണം.

**ശ്രീ. കെ. കൃഷ്ണൻകുട്ടി:** സർ, അങ്ങ് തിരുത്തൽവാദി ഗ്രൂപ്പിലുണ്ടായിരുന്ന അവസരത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെക്കുറിച്ചും, അദ്ദേഹത്തിന്റെ കുടുംബത്തെക്കുറിച്ചും പറഞ്ഞത് അങ്ങ് മറന്നുപോയോ? ഇപ്പോൾ അതിനെക്കുറിച്ചുള്ള അങ്ങയുടെ അഭിപ്രായം മാറിയോ?

**ശ്രീ. പുനലൂർ മധു:** സർ, ഇത് കോൺഗ്രസാണ്. ഇതിനകത്ത് അഭിപ്രായങ്ങളുണ്ട്, അഭിപ്രായ വ്യത്യാസങ്ങളുണ്ട്. ഇത് ജനാധിപത്യ പ്രസ്ഥാനമാണ്., മുഖ്യമന്ത്രിയെക്കുറിച്ച് പറഞ്ഞിട്ടുള്ള കാര്യങ്ങൾ ആവർത്തിച്ചു പറയുന്നതിൽ ഞങ്ങൾക്ക് യാതൊരു വിഷമവുമില്ല. ബഹുമാനപ്പെട്ട കൃഷ്ണൻകുട്ടി പത്രം വായിക്കുന്ന ആളാണെങ്കിൽ അത് പരിശോധിച്ചുനോക്കണം. അതിനെക്കുറിച്ച് പറഞ്ഞിട്ടുള്ള ആളുകളുടെ പ്രസ്താവന അവരവർതന്നെ പറഞ്ഞിട്ടുണ്ട്. എന്താണ് പറഞ്ഞിട്ടുള്ളതെന്ന് സൂചിപ്പിച്ചാൽ ഞാൻ അതിന് മറുപടി പറയാം. ഞാൻ എന്താണ് പറഞ്ഞിട്ടുള്ളതെന്നു പറഞ്ഞാൽ അതിനെക്കുറിച്ച് മറുപടി പറയാൻ ഞാൻ തയ്യാറാണ്.

**ശ്രീ. കെ. കൃഷ്ണൻകുട്ടി:** സർ, അഴിമതിയിൽ മുങ്ങിക്കുളിച്ച മകൻ മുരളീധരനാണ് ഇതെല്ലാം കൊണ്ടുനടക്കുന്നതെന്നു പറഞ്ഞ് അങ്ങും കാർത്തികേയനും എം. വി. ഗോപിനാഥും ഉൾപ്പെടെയുള്ള മെമ്പർമാർ പാലക്കാടുവന്ന് മുഖ്യമന്ത്രിയേയും മകനേയും കുറിച്ച് പരാമർശങ്ങൾ നടത്തി പ്രസംഗിച്ചല്ലോ. അതിൽ ഇപ്പോഴും അങ്ങ് വിശ്വസിക്കുന്നുണ്ടോ? ഇപ്പോഴും അവർ അഴിമതി നടത്തിയെന്ന് പറയുന്നുണ്ടോ?

**ശ്രീ. പുനലൂർ മധു:** സർ, ഞാൻ പാലക്കാട് പ്രസംഗിച്ചില്ലെന്നു മാത്രമല്ല, പാലക്കാട് വന്നിട്ടുമില്ല. ബഹുമാനപ്പെട്ട കൃഷ്ണൻകുട്ടി കഥയറിയാതെ ആട്ടം കണ്ടതുകൊണ്ട് കാര്യമില്ല. ഞാൻ പാലക്കാടുവന്ന് പ്രസ ഗിച്ചിട്ടില്ല. ആവശ്യമില്ലാത്ത കാര്യങ്ങൾ ഇങ്ങോട്ടുമങ്ങോട്ടും പറയുന്നതുകൊണ്ട് ഒന്നും ചെയ്യാൻ കഴിയുകയില്ല. അത് പറയുന്ന കൃഷ്ണൻകുട്ടിയുടെ പാർട്ടിയുടെ സ്ഥിതിയെക്കുറിച്ച് ഞാൻ പറയുന്നില്ല. കൃഷ്ണൻകുട്ടിയുടെ പാർട്ടിയുടെ പ്രസിഡൻറ് ആരാണെന്ന് ഇപ്പോഴും കൃഷ്ണൻകുട്ടിക്ക് അറിയുകയില്ല. പ്രതിപക്ഷത്തിരുന്നിട്ടുകൂടി കേന്ദ്രത്തിൽ ബഹുമാനപ്പെട്ട പ്രധാനമന്ത്രിയെ എതിർക്കാൻ ബൊമ്മെയുടേയും വി. പി. സിംഗിന്റേയും നേതൃത്വം സ്വീകരിച്ച

ആളുകളാണ്. ഇപ്പോൾ പസ്വാൻ എവിടെ നിൽക്കുന്നു; ഫെർണാണ്ടസ് എവിടെ നിൽക്കുന്നു; ഹെഗ്ഡേ എവിടെ നിൽക്കുന്നു? അതിന് കൃഷ്ണൻ കുട്ടി മറുപടി പറയണം. അത് മറച്ചുവച്ചിട്ട് കണ്ണടച്ച് ഇരുട്ടാക്കരുത്, ആ യാഥാർത്ഥ്യ ബോധം ഉൾക്കൊള്ളണം. കേന്ദ്രത്തിൽ പ്രധാനമന്ത്രിയെ എതിർക്കാനും താഴെയിറക്കാനും പോയ ആളുകൾ ഇപ്പോൾ നാലും നാലുകൊമ്പിലാണ്. അർജുൻസിംഗ് ഇപ്പോൾ പ്രധാനമന്ത്രി നരസിംഹറാവുവിനുവേണ്ടി വോട്ട ചെയ്യാൻ പാർലമെന്റിൽ എത്തിയിരിക്കുന്നു. കൃഷ്ണൻകുട്ടിക്ക് നിഷേധിക്കാൻ കഴിയുമോ? അഭിപ്രായമുള്ളപ്പോൾ അഭിപ്രായം പറയുന്ന ഒരു ബഹുജന പ്രസ്ഥാനമാണ് ഞങ്ങളുടേത്. ഇന്നു രാവിലെ ശ്രീ. ടി. കെ. ഹംസ ഇവിടെ പറഞ്ഞു, അദ്ദേഹം മുൻപ് ഡി. സി. സി. പ്രസിഡൻറായിരുന്നുവെന്ന്. ഞങ്ങൾ അംഗീകരിക്കുന്നു. അദ്ദേഹം ഈ പാർട്ടിയിൽ ഇരുന്ന അവസരത്തിൽ ഡി. സി. സി. പ്രസിഡൻറായിരുന്നിട്ടുണ്ട്. അങ്ങനെ പലരും ഈ പാർട്ടിയിൽ പല സ്ഥാനങ്ങളിലിരുന്നിട്ടുണ്ട്. അവിടെയിരിക്കുമ്പോൾ ലാഭത്തിൻെറ കണക്ക് പറഞ്ഞുകൊണ്ടുപോയ ഹംസ പിൽകാലങ്ങളിൽ അങ്ങനെയിരുന്നത് ഒരംഗീകാരമായി പറയാൻ ഇന്ന് ഉപയോഗിച്ചു. അദ്ദേഹം പറഞ്ഞത് പത്മരാജൻ സാർ അന്ന് ബ്ലോക്ക് പ്രസിഡൻറായിരുന്നു എന്നാണ്. അത് സ്വാഭാവികമാണ്. സർ, തൃശൂർ പാഡി മാർക്കററിംഗ് ആൻറ് പ്രോസസ്സിംഗ് കോ-ഓപ്പറേററീവ് സൊസൈററിക്ക് 185 ലക്ഷം രൂപ അനുവദിച്ചതിനെക്കുറിച്ച് ഇവിടെ പറഞ്ഞു. നേരത്തെ കാർഷിക

5 p.m.]

നയത്തിൽ പറഞ്ഞിട്ടുള്ളതും അതനുസരിച്ച് കൊടുക്കുന്നതിനുവേണ്ടി തീരുമാനമെടുത്തിട്ടുള്ളതും അത് നടപ്പിലാക്കുമ്പോൾ അതിനനുസരിച്ചുള്ള എല്ലാ നടപടിക്രമങ്ങളും സ്വീകരിക്കേണ്ടതുമാണ്. ഒരു പക്ഷേ ബഡ്ജററിൽ വകകൊള്ളിക്കാൻ കഴിഞ്ഞില്ലെങ്കിൽ ഉപധനാഭ്യർത്ഥനകൾ വരുമ്പോൾ അതിന് അക്കൗണ്ടൻറ് ജനറലിന് കണക്ക് കൊടുത്തിട്ടുണ്ടോ എന്ന് ഉന്നതൻമാരായ നേതാക്കൻമാരാണ് ചോദിക്കുന്നത്. ഒരു ഗവൺമെൻറ് നടപടിയെന്നുള്ള നിലയിൽ അത് കൊടുക്കാതെ രക്ഷപ്പെടാൻ കഴിയുകയില്ല. ഇത് ബഹുമാന്യനായ കൃഷി മന്ത്രി ശ്രീ. പി. പി. ജോർജ്ജിന് പോക്കററിലിട്ടുകൊണ്ടു പോകാൻ കഴിയില്ല. അക്കൗണ്ടൻറ് ജനറലിന് ആവശ്യമാണ് എന്നു തോന്നുന്ന സമയങ്ങളിൽ, ആവശ്യപ്പെടുന്ന സമയങ്ങളിൽ ആ കണക്ക് കൊടുക്കാൻ ബാദ്ധ്യതയുണ്ട്. അത് കൊടുക്കേണ്ടി വരും. അത് കൊടുത്തിട്ടുണ്ടോയെന്ന് ബഹുമാന്യരായ ഉയർന്ന നേതാക്കൻമാർ ചോദിച്ചാൽ എന്താണ് അതിനെക്കുറിച്ച് പറയുക? ആ വസ്തുതകളൊക്കെ മറച്ചുവച്ചുകൊണ്ടാണ് ഓരോ കാര്യങ്ങളും ഇവിടെ പറയുന്നത്. എനിക്ക് ബഹുമാന്യരായ അപ്പുറത്തിരിക്കുന്ന മെംബർമാരോട് പറയുവാനുള്ളത് നിങ്ങളുടെ ഈ സമീപനം മാററണമെന്നാണ്. ഈ സമീപനം മാററി ഈ നാടിൻെറ പുരോഗതിക്കാവശ്യമായ നടപടികളുമായി, ചെറിയ ചെറിയ കാര്യങ്ങളിൽ ഊന്നി നിന്നുകൊണ്ടു മുന്നോട്ടു പോകാതെ, വികസന കാര്യങ്ങൾക്കുവേണ്ടി യോജിച്ചു നിൽക്കാൻ തയ്യാറാകണം. ഞാൻ മുൻപൊരിക്കൽ പറഞ്ഞതാണ്. പ്രാദേശിക തലത്തിൽ വരുമ്പോൾ ഇതൊക്കെ കൊള്ളാവുന്ന കാര്യങ്ങളാണെന്ന് അടിവരയിട്ടു പറയുകയും അത് അവിടെവച്ച് അവസാനിപ്പിക്കുകയും നിയമ സഭയിൽ വരുമ്പോൾ എന്തും പറയുകയും ചെയ്യുന്ന ഒരു സമീപനം അവസാനിപ്പിക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്. ഐക്യജനാധിപത്യ മുന്നണിയിൽനിന്ന് എന്തെങ്കിലും വീഴുന്നെങ്കിൽ അത് രുചിക്കാമെന്ന സമീപനവുമായിട്ടാണ് മുന്നോട്ടു

LIBRARY ARCHIVES Kerala Legislative Assembly

പോകുന്നതെങ്കിൽ അത് നിങ്ങൾക്ക് കിട്ടാൻ പോകുന്നില്ല. ഐക്യജനാധിപത്യമുന്നണി അതിശക്തമായിത്തന്നെ മുന്നോട്ടു പോകും. നിങ്ങൾക്ക് പലപ്പോഴും പല കാര്യങ്ങളും വീണുകിട്ടുമ്പോൾ അതിൽ ആശ്വാസം കൊള്ളാമെന്നു മാത്രമാണ് എനിക്ക് അതിനെക്കുറിച്ച് പറയാനുള്ളത്. ഞാൻ ദീർഘമായി മററു കാര്യങ്ങളിലേക്ക് കടക്കാനാഗ്രഹിക്കുന്നില്ല. കൃഷിയെ സംബന്ധിച്ച് ഒരു കാര്യം കൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുകയാണ്. കാർഷിക രംഗത്ത് വലിയൊരു പുരോഗതിക്കുവേണ്ടി കാത്തിരിക്കുന്ന ഒരു സംസ്ഥാനമെന്ന നിലയിൽ ഇവിടെ കൃഷി രംഗത്ത് ഒരു വലിയ മാററത്തിന് തുടക്കം കുറിയ്ക്കേണ്ടിയിരിക്കുന്നു. ബഹുമാന്യനായ കൃഷിമന്ത്രിയും മററു ബന്ധപ്പെട്ട മന്ത്രിമാരും അത് ശ്രദ്ധിച്ച് ആവശ്യമായ തീരുമാനം കൈക്കൊള്ളണമെന്ന നിർദ്ദേശമാണ് എനിക്ക് അതിൽ വയ്ക്കാനുള്ളത്. ഈ സംസ്ഥാനത്ത് കൃഷിക്കുവേണ്ടി സബ്സിഡി കൊടുക്കുന്നുണ്ട്. രണ്ടു ഹെക്ടർ നിലത്തിന് 280 രൂപ സബ്സിഡി ഒരുപ്പൂവിന് കൊടുക്കുന്നുണ്ട്. നമ്മുടെ നാട്ടിലെ കൃഷിക്കാർ പാവപ്പെട്ടവരാണ്. ഒരു ഹെക്ടറെന്നു പറയുമ്പോൾ രണ്ടര ഏക്കറാണ്. അത്രയും ഉള്ള ആളുകൾ അപൂർവ്വമാണ്. ഒരേക്കറും താഴെയുമുള്ള ആളുകളാണ് ഉള്ളത്. 100 രൂപയോ 50 രൂപയോ സബ്സിഡിക്കുവേണ്ടി കൃഷി ഓഫീസിനു മുൻപിൽ കാത്തുനിൽക്കാൻ ബുദ്ധിമുട്ടുണ്ട്. സ്വാഭാവികമായും ഒരു കൃഷിഭവന്റെ കീഴിൽ അല്ലെങ്കിൽ ഒരു പഞ്ചായത്തിന്റെ കീഴിലുള്ള വിസ്തൃതി കണക്കിലെടുത്ത് അതിനാവശ്യമായ തുക കൃഷിഭവനുകൾക്ക് കൊടുക്കാൻ നടപടി സ്വീകരിക്കണം. ആ കൃഷിഭവൻ ഉൾക്കൊള്ളുന്ന കൃഷി വികസനസമിതി അവിടത്തെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി തുക വിനിയോഗിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. ഒററപ്പെട്ട വ്യക്തികൾക്ക് നാൽപ്പതിനും അൻപതിനും അറുപതിനും നൂറിനും താഴ്ന്ന രൂപ ലഭിക്കുന്ന ഒരു നടപടിക്രമമാണ് ഇപ്പോഴുള്ളത്. അതവസാനിപ്പിക്കണം. അത പോലെ തന്നെ ഫെർട്ടിലൈസർ സബ്സിഡി. ഇതിന് ഈ ഉപധനാഭ്യർത്ഥനയിൽ 536 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. അത് കൊടുക്കുമ്പോൾ യഥാർത്ഥ കൃഷിക്കാർക്ക് ലഭിക്കാതെ പോകുന്ന ഒരു സ്ഥിതിവിശേഷം നമ്മുടെ നാട്ടിൽ ഇന്ന് നിലനിൽക്കുന്നു. അത് കാലോചിതമായി പരിഷ്ക്കരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം. അതാതു സ്ഥലത്തെ ആവശ്യങ്ങൾ പരിഗണിച്ച് ഇത് രണ്ടും കൃഷി വികസനസമിതികൾ വഴി നടപ്പിലാക്കണം. കൃഷി വികസനത്തിന് കാത്തിരിക്കുന്ന ഒരു സംസ്ഥാനത്ത് അത് നടപ്പിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമെന്ന വിശ്വാസത്തോടുകൂടി ഇവിടെ ബഹുമാന്യരായ മന്ത്രിമാർ അവതരിപ്പിച്ച ഉപധനാഭ്യർത്ഥനകളെ ഒരിക്കൽ കൂടി പിൻതാങ്ങിക്കൊണ്ട് ഞാനവസാനിപ്പിക്കുന്നു.

<u>ശ്രീ .എ. വി. അബ്ദുറഹിമാൻ ഹാജി:</u> സർ, ഇവിടെ അവതരിപ്പിച്ച ഉപധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം സമഗ്രമായ വിശകലനം നടത്തി നാടിന്റെ ഉൽപ്പാദന വർദ്ധനവിൽ കൂടിയുള്ള പുരോഗതിക്കുവേണ്ടി പദ്ധതികൾ ആവിഷ്ക്കരിച്ച് മുന്നോട്ടുപോകുകയാണ്. വ്യവസായ വകുപ്പും കൃഷി വകുപ്പും ജലസേചന വകുപ്പുമെല്ലാം ബൃഹത്തായ പദ്ധതികളാവിഷ്ക്കരിച്ചു. അതിന്റെ ഗുണങ്ങൾ അങ്ങിങ്ങായി കണ്ടുതുടങ്ങി. മുൻപ് നഷ്ടത്തിൽ നടത്തിയിരുന്ന പല വ്യവസായങ്ങളും ലാഭത്തിൽ നടക്കുന്ന ചുററുപാട് വന്നിരിക്കുന്നു. ലോകത്തിന്റെ പല ഭാഗങ്ങളിലുമുള്ള വ്യവസായികൾ കേരളത്തെ ശ്രദ്ധിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ചുററുപാടുകൾ വന്നിരിക്കുന്നു. തേങ്ങയും അടയ്ക്കയും ഉൽപ്പാദനം വർദ്ധിച്ചിരിക്കുന്നു. ഇങ്ങനെയെല്ലാമുണ്ടെങ്കിലും നമ്മുടെ നാട്ടിലെ മൊത്തത്തിലുള്ള സ്ഥിതിയെ സംബന്ധിച്ച് വിശകലനം ചെയ്യുമ്പോൾ ഒരു നല്ല ചിത്രമല്ല കാണാൻ കഴിയുന്നത്. ഈയിടെ എ. ജി. സമർപ്പിച്ച റിപ്പോർട്ടിൽ ഈ കാര്യങ്ങൾ എടുത്തു പറയുന്നുണ്ട്. റവന്യൂ കമ്മി കുറഞ്ഞുകൊണ്ടിരിക്കുന്നു; റവന്യൂ ചെലവുകൾ കൂടിക്കൊണ്ടിരിക്കുന്നു. പലിശ ഇനത്തിലെ വർദ്ധന നിത്യേന എന്നോണം സമ്പദ്ഘടനയെ കാർന്നു തിന്നുകൊണ്ടിരിക്കുകയാണ്. 1993 വരെ 1694 കോടി രൂപ നാം കടമായി കൊടുക്കാനുണ്ട്. ഇതിൻെറ പലിശ നിത്യേന എന്നോണം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഒരു കൊല്ലം പലിശ മാത്രം 543 കോടി രൂപയുണ്ട്. സംസ്ഥാന ഗവൺമെൻറ് സ്ററാററ്യൂട്ടറി കോർപ്പറേഷനുകൾ നടത്തുന്ന സ്ഥാപനങ്ങളിൽ മാത്രം ഭീമമായ സംഖ്യ മുതൽമുടക്കിയിരിക്കുന്നു. അതിൽ നിന്നു കിട്ടുന്ന ആദായം ഒരു ശതമാനത്തിൽ കുറവാണ്. ആ മുതൽമുടക്കിന് ഗവൺമെൻറ് കൊടുക്കേണ്ട പലിശ 12 ശതമാനത്തോളമാണ്. ഈ നിലയ്ക്ക് കാര്യങ്ങൾ മുന്നോട്ടു പോയാൽ എങ്ങനെ സമ്പുഷ്ടമായ ഒരു കേരളം ഉണ്ടാക്കിയെടുക്കുമെന്നുള്ള കാര്യം നാം പരിശോധിക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്. ചെലവു ചുരുക്കലിന് നാം പല പദ്ധതികളും ആവിഷ്ക്കരിച്ചിട്ടുണ്ട്. അത് അത്രയൊന്നും പ്രാവർത്തികമാക്കുവാൻ നമുക്ക് കഴിഞ്ഞിട്ടില്ല. ഒരേ പ്രവർത്തന ശൈലിയിലുള്ള കോർപ്പറേഷനുകൾ ഉണ്ടോയെന്ന് പരിശോധിക്കുകയും അവ സംയോജിപ്പിച്ച് കാര്യക്ഷമമായി പ്രവർത്തിപ്പിക്കുകയും പ്രവർത്തന മെഷിനറി കൂടുതൽ ശക്തിപ്പെടുത്തിയെടുക്കുകയും ഗവൺമെൻറ് കോർപ്പറേഷനുകൾ ലാഭകരമായി നടത്താനുള്ള പരിതസ്ഥിതിയുണ്ടാക്കുകയും ചെയ്യാൻ നാം ഇന്ന് യുദ്ധകാലാടിസ്ഥാനത്തിലുള്ള ജാഗരൂകത കാണിക്കണമെന്നാണ് എനിക്ക് അപേക്ഷിക്കാനുള്ളത്. ഇവിടെ പല കോർപ്പറേഷനുകളുമുണ്ട്. ഞാൻ കൃഷിയുമായി ബന്ധപ്പെട്ടുതന്നെ പറയുകയാണ്. ഞാനൊരു കൃഷിക്കാരനാണ്. കൃഷിക്കാരുടെ അഭിവൃദ്ധിക്കുവേണ്ടി പല കോർപ്പറേഷനുകളുണ്ട്. ഇവയുടെ പ്രവർത്തനം ഏകീകരിച്ചുകൊണ്ട് ഒരൊററ കോർപ്പറേഷൻെറ കീഴിൽ കൊണ്ടുവന്ന് നമുക്ക് കൃഷിക്കാരുമായി ബന്ധപ്പെട്ട് പ്രവർത്തിക്കാൻ സാധിക്കുന്ന ചുററുപാട് ഉണ്ടാക്കിക്കൂടെ? ഇന്ന് കാർഷികോൽപ്പന്നം കുറഞ്ഞു വരുന്നു; വിലയിൽ കൂടുതൽ കുറവുവരുന്നു; പദ്ധതികളാവിഷ്ക്കരിക്കുന്നു; പണം ചെലവാക്കുന്നു; വേണ്ടത്ര അഭിവൃദ്ധി ഉണ്ടാക്കാൻ കഴിയുന്നില്ല. ഇതിന് മാററം വരുത്താൻ ശ്രമിക്കണമെന്നാണ് എനിക്ക് അതിനെ സംബന്ധിച്ച് പറയുവാനുള്ളത്. അക്കൗണ്ടൻറ് ജനറലിൻെറ കണക്കുകൾ വച്ചു തന്നെ 1992-93-ൽ വനം വികസനത്തിനുവേണ്ടി നീക്കിവച്ചിരുന്ന ഒന്നര കോടി രൂപ ചെലവാക്കിയതായി കാണുന്നില്ല. വനങ്ങളുടെ അതിർത്തികൾ രേഖപ്പെടുത്തുക, ജണ്ടയിടുക, സ്വകാര്യ ഭൂമികളും പൊതുവനങ്ങളും തമ്മിൽ വേർതിരിക്കുന്ന സർവേ പരിപാടികൾ ഊർജ്ജിതപ്പെടുത്തുക; ഇതെല്ലാം കാര്യക്ഷമമായി നടത്തേണ്ടിയിരിക്കുന്നു. വന്യമൃഗങ്ങളുടെ സംരക്ഷണത്തിനുവേണ്ടി നാം ഒരുപാട് പണം ചെലവാക്കുന്നുണ്ട്. വന്യമൃഗങ്ങളുടെ പലതിൻെറയും വംശനാശം വന്നുകൊണ്ടിരിക്കുന്നു എന്നുള്ളതാണ് സർവേ തെളിയിക്കുന്നത്. അതിലും നാം മുന്നോട്ടു പോയിട്ടില്ലെന്നുള്ളതാണ് വസ്തുത. ഈ നിലയ്ക്ക് കാര്യക്ഷമമായ ചുററുപാട് ഉണ്ടാക്കണമെന്നാണ് എനിക്ക് അതിനെ സംബന്ധിച്ച് പറയാനുള്ളത്. ഇവിടെ വെള്ളപ്പൊക്കക്കെടുതിയെ സംബന്ധിച്ച് അതിൻെറ ഗൗരവത്തിൽ തന്നെ പരാമർശിക്കുകയുണ്ടായി. പ്രായമുള്ളവരൊക്കെ പറയുന്നത് കഴിഞ്ഞ നൂററാണ്ടിൽ

തന്നെ ഇങ്ങനെയുള്ള ഒരു വെള്ളപ്പൊക്കമുണ്ടായിട്ടില്ല എന്നാണ്. ഔദ്യോഗിക കണക്കു പ്രകാരം 33 കൊല്ലക്കാലത്തിനിടയിൽ ഉണ്ടായിട്ടില്ല. 33 കൊല്ലം മുൻപുണ്ടായത് എനിക്ക് ഓർമ്മയുള്ളതാണ്.

(അദ്ധ്യക്ഷവേദിയിൽ ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ)

200-ഓളം മരണം സംഭവിച്ചു. കോൺക്രീററ് വീടുകൾ ഉൾപ്പെടെ ആയിരക്കണക്കിന് വീടുകൾ തകർന്നു; പതിനായിരക്കണക്കിന് വീടുകൾക്ക് കേടുപററി. വെള്ളത്താൽ ചുററപ്പെട്ട് ബാഹ്യലോകവുമായിയുള്ള ബന്ധം വിച്ഛേദിച്ചുപോയി, ആയിരക്കണക്കിന് ഹെക്ടർ ഭൂമിയിലെ കൃഷി നശിച്ചു, താഴ്ന്നപ്രദേശങ്ങളത്രയും വെള്ളത്തിനടിയിലായി, മലയോരപ്രദേശത്തുള്ള ആളുകൾ കൊടുങ്കാററും ഉരുൾപൊട്ടലും കൊണ്ട് ഭയവിഹ്വലരായി കഴിയുകയാണ്. അത്രയും വനപ്രദേശത്ത് താമസിക്കുന്ന ആളുകളാണ്. ഗവൺമെൻറ് ജാഗരൂകരായി പ്രവർത്തിച്ചുവെന്ന് എനിക്ക് അഭിപ്രായമുണ്ട്. സഭയിൽ അത് ഉന്നയിച്ചപ്പോൾത്തന്നെ സഭ നിറുത്തിവച്ചു. പ്രളയബാധിത സ്ഥലങ്ങളിലൊക്കെ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി സന്ദർശിച്ചു, താൽക്കാലിക ദുരിതാശ്വാസത്തിനുള്ള നടപടികളെല്ലാം എടുത്തു; ആളുകൾ സംതൃപ്തരാണ്. പക്ഷേ ഈ മഹാവിപത്തിനെ ഡൽഹി എങ്ങനെ മനസ്സിലാക്കിയെന്നുള്ളതിൽ ഞാൻ ആശങ്കാകുലനാണ്. മുഴുവൻ എം. പി.-മാരും ഒന്നിച്ച് ശക്തിയായി ഗവൺമെൻറിനോട് അഭ്യർത്ഥിച്ചു; ആവശ്യപ്പെട്ടു; സമ്മർദ്ദം ചെലുത്തി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ദേഹത്തിനുള്ള സ്വാധീന ശക്തി മുഴുവൻ ഉപയോഗിച്ചു, എന്നാൽ അർഹിക്കുന്ന പരിഗണന ലഭിച്ചോയെന്നുള്ള കാര്യത്തിൽ ഞാൻ സന്ദേഹിക്കുകയാണ്. ഈ മഹാവിപത്ത് നേരിടുന്നതിന് കേന്ദ്രത്തിൽനിന്ന് ഈ സമീപനം പോരായെന്നുള്ളതിൽ സംശയത്തിന് അവകാശമില്ല. ഈ ഗവൺമെൻറിൻെറ പരമാവധി കഴിവുകൾ ഉപയോഗിച്ചിട്ടുണ്ട്. കോടിക്കണക്കിന് രൂപ ചെലവഴിച്ച് താഴ്ന്ന പ്രദേശങ്ങളിൽ മതിലുകൾ കെട്ടിയും മൺകൂനയിട്ടും സംരക്ഷിച്ച് എടുക്കണം. റോഡുകളുടെ അററകുററപ്പണികൾക്ക് ഭീമമായ സംഖ്യ ഡൽഹിയിൽ നിന്നും ലഭിക്കുകതന്നെ വേണം. 24 മണിക്കൂറിനുള്ളിൽ ചെയ്തുകൊള്ളണമെന്നുള്ള ക്രിമിനൽ ഓർഡറൊന്നും കളക്ടർ പുറപ്പെടുവിച്ചതുകൊണ്ട് കാര്യങ്ങൾ നടക്കുകയില്ല. അത് പ്രാവർത്തികമാക്കുന്ന ചുററുപാടുണ്ടാകണം. ഇതിൻെറ ഗൗരവം ഡൽഹിയെ ബോദ്ധ്യപ്പെടുത്തണം. അതിന് സർവ്വകക്ഷി സംഘം പോയതുകൊണ്ടു മാത്രമായില്ല; ശക്തമായി കേരളത്തിൻെറ വികാരം ഡൽഹിയെ ബോദ്ധ്യപ്പെടുത്തി ഈ മഹാവിപത്ത് നേരിടണം. വെള്ളപ്പൊക്കം ഉണ്ടായാലും 31 കോടി, ഉണ്ടായില്ലെങ്കിലും 31 കോടി, അതിലധികം വേണമെങ്കിൽ പദ്ധതികളിൽ ഉൾപ്പെടുത്തിയെന്നുള്ള സമീപനം. ഇതിന് രാഷ്ട്രീയ പരിഗണനയില്ലാതെ പരിശ്രമിക്കണമെന്നാണ് ഇതു സംബന്ധിച്ച് എനിക്ക് പറയാനുള്ളത്. ഇന്ന് പ്രതിപക്ഷം ഒരു അടിയന്തിര പ്രമേയം അവതരിപ്പിച്ചു. സുപ്രീംകോടതിയിൽ നടക്കുന്ന ഒരു കേസിനെ സംബന്ധിച്ച് ആശങ്കാകുലരാണ്. പ്രതിപക്ഷത്തിൻെറ ആകാംക്ഷ പൂർണ്ണമായി തെററാണെന്ന് എനിക്ക് തോന്നുന്നില്ല. ഈ സംഭവവികാസങ്ങളെ സംബന്ധിച്ചിടത്തോളം കേരള ഗവൺമെൻറാ വിദ്യാഭ്യാസവകുപ്പോ ഡൽഹിയിൽ ഒരു കേസ്സിന് തുടക്കമിട്ടതല്ലയെന്ന് പ്രതിപക്ഷത്തിന് അറിയാം, കേസുകൾ വന്നുചേർന്നിരിക്കുന്നു. ഇതിൽ ഇൻഡ്യൻ ഭരണഘടന അംഗീകരിച്ചിട്ടുള്ള ന്യൂനപക്ഷ അവകാശങ്ങൾ നേടിയെടുക്കുകയെന്നുള്ളത് ഭരണഘടന അനുസരിച്ച് സത്യപ്രതിജ്ഞ

ചെയ്തിട്ടുള്ള ഒരു ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം അഭികാമ്യ മാണ്. അതനുസരിച്ചിട്ടുള്ള വാദമുഖങ്ങളുമായി കോടതിയെ സമീപി ച്ചിരിക്കുന്നു. ഇതിൽ ആ ഭാഗത്തിന് ഒരാകാംക്ഷയും വേണ്ടയെന്നാണ് എനിക്ക് പറയാനുള്ളത്. നാം പിന്തുടരുന്ന ന്യൂനപക്ഷ പിന്നോക്ക-വിഭാഗങ്ങളുടെ സംരക്ഷണത്തിന് ഉതകുന്ന വിധത്തിൽ വിധിക്കുന്നതിനു വേണ്ടി, അല്ലെങ്കിൽ അംഗീകരണത്തിനുവേണ്ടി സുപ്രീംകോടതിയിൽ വാദിക്കുക എന്നുള്ളത് മാത്രമാണ് ഈ ഗവൺമെൻറ് ചെയ്യുന്നതെന്നുള്ള കാര്യം ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി അർത്ഥശങ്കയ്ക്ക് ഇടമില്ലാത്ത വിധത്തിൽ ഇവിടെ വ്യക്തമാക്കിയിരിക്കുകയാണ്. ന്യൂനപക്ഷസംരക്ഷണത്തിൻെറ മറവിൽ, വിദ്യാഭ്യാസക്കച്ചവടക്കാർക്ക് ലാഭമുണ്ടാക്കുന്ന വിധത്തിൽ, വിദ്യാഭ്യാസവകുപ്പ് പ്രവർത്തിക്കുകയില്ല എന്ന് അസന്നിഗ്ദ്ധമായി പറയാൻ ഞാൻ ഈ സന്ദർഭം ഉപയോഗിക്കുക യാണ്. വിദ്യാഭ്യാസം ഒരു കച്ചവടമാക്കാൻ ഒരു കാരണവശാലും ഞങ്ങൾ അനുവദിക്കുകയില്ലയെന്നുള്ളത് ഞാൻ ഉൾക്കൊള്ളുന്ന പാർട്ടിയുടെ നയമാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ബഹുമാനപ്പെട്ട ബേബി ജോൺ അദ്ദേഹത്തിൻെറ പ്രസംഗത്തിൽ മുസ്ലീംലീഗിനെ പരാമർശിക്കുകയും ചില കാര്യങ്ങൾ സഹോദരബുദ്ധ്യാ, അല്ലെങ്കിൽ സൗഹൃദബുദ്ധ്യാ ഞങ്ങളോട് ആവശ്യപ്പെടുകയുമുണ്ടായി. അദ്ദേഹം പറഞ്ഞിട്ടുള്ള കാര്യം, * മദ്ധ്യപ്രദേശ് ഹൈക്കോടതിയിൽ മതം അവലംബിച്ച് പ്രവർത്തിക്കുന്ന പാർട്ടികളെ സംബന്ധിച്ചിടത്തോളം പ്രതികൂലമായി ഒരു വിധിയുണ്ടായിട്ടുണ്ട്. വളരെ വ്യക്തമായും ഒരു സെക്കുലർ സ്റ്റേററിൽ ഉണ്ടാകേണ്ട കാര്യമാണ് മതത്തെ അവലംബിച്ച് പാർട്ടി പ്രവർത്തിച്ചുകൂടായെന്നുള്ളത്, മുസ്ലീംലീഗിനെ സംബന്ധി ച്ചിടത്തോളം ഇതഃപര്യന്തമുള്ള ചരിത്രത്തിൽ ഒരു പിന്തിരിപ്പൻ സ്വഭാവം, വർഗ്ഗീയ സ്വഭാവം, തീവ്രവാദിസ്വഭാവം മുസ്ലീംലീഗിൽനിന്നും ദർശിക്കാൻ കഴിഞ്ഞിട്ടില്ലയെന്ന് അദ്ദേഹം ഇവിടെ പറഞ്ഞു. അത് ഞാൻ വിവരിച്ചു പറയേണ്ട ആവശ്യമില്ല. മദ്ധ്യപ്രദേശ് ഹൈക്കോ ടതിയിൽ ഞങ്ങൾ കക്ഷിയല്ല, ഞങ്ങൾ കക്ഷിയല്ലാതെ ഒരു വിധി സമ്പാദിച്ച് മുസ്ലീംലീഗിനെ സംബന്ധിച്ചിടത്തോളം ഇവിടെ മതപരമായി എന്തെങ്കിലും നേടിയെടുക്കുകയെന്നുള്ള ലക്ഷ്യത്തിൽ പ്രവർത്തിക്കുന്നില്ല. ജനാധിപത്യ ഭരണഘടനയിൽ നല്കിയിട്ടുള്ള ന്യൂനപക്ഷാവകാശങ്ങൾ നേടിയെടുക്കുകയെന്നുള്ള പരിമിതമായ ലക്ഷ്യമാണ് അതിനുള്ളത്. ആ ലക്ഷ്യത്തിൽ പ്രവർത്തിക്കുമ്പോൾ ആ സംഘടനയെ സംബന്ധി ച്ചിടത്തോളം ന്യൂനപക്ഷങ്ങൾ സംതൃപ്തരാകുകയും ആകാംക്ഷയില്ലാതി രിക്കുകയും ചെയ്താൽ ആ പാർട്ടിയുടെ ആവശ്യമില്ല. ന്യൂനപക്ഷ ങ്ങളുടെ അവകാശം ന്യൂനപക്ഷത്തിന് ലഭിച്ചിട്ടില്ലായെന്നുള്ളത് വ്യക്ത മാണ്.

**ശ്രീ. ബേബി ജോൺ:** ഞാൻ പറഞ്ഞത് സംബന്ധിച്ചാണ് ബഹുമാനപ്പെട്ട ഹാജി പറയുന്നത്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പി ച്ചിട്ടുള്ള മദ്ധ്യപ്രദേശത്തിൻെറ തീരുമാനത്തിൻെറ അടിസ്ഥാനവും നരസിംഹറാവു ഗവൺമെൻറ് ബി. ജെ. പി.-യെയും ലീഗിനെയും ഒരുപോലെ ഗ്രൂപ്പ് ചെയ്ത് പറയുകയും ചെയ്ത സാഹചര്യത്തിൽ അപകടം പതിയിരിക്കുന്നു, എന്തുകൊണ്ടും അപകടത്തിന് പരിഹാരം കാണണമെന്ന് സ്നേഹപരമായിട്ടല്ലേ ഞാൻ പറഞ്ഞത്?

**ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി:** സ്നേഹബുദ്ധ്യാ അങ്ങ് ഉപദേശിച്ചുവെന്ന മുഖവുരയോടുകൂടിയാണ് ഞാൻ പറഞ്ഞത്. പക്ഷേ വളരെ വ്യക്തമായി എനിക്ക് അങ്ങയോട് പറയാനുള്ളത്, ഈ

LIBRARY ARCHIVES Kerala Legislative Assembly

സംഘടനയെ സംബന്ധിച്ചിടത്തോളം ഞങ്ങൾക്ക് ന്യൂനപക്ഷാവകാശം സംരക്ഷിച്ചെടുക്കേണ്ട ലക്ഷ്യം ന്യൂനപക്ഷത്തിന് പ്രശ്നങ്ങളുള്ളതുകൊണ്ടുമാത്രമാണ്, അതുകൊണ്ട് ജീവിക്കേണ്ടതില്ല. ജനാധിപത്യപ്രക്രിയയനുസരിച്ച്, മതേതര സ്വഭാവമനുസരിച്ച് ന്യൂനപക്ഷാവകാശം സുരക്ഷിതമാണെന്ന് ബോദ്ധ്യപ്പെടുത്താൻ ഈ സംഗതി ആവശ്യമില്ല. ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സ് ദീർഘകാലം ഇൻഡ്യ ഭരിച്ചു; മിക്കവാറും സംസ്ഥാനങ്ങളും ഭരിച്ചു. ചിലയിടത്തൊക്കെ പ്രതിപക്ഷങ്ങളും ഭരിച്ചു. ഇതിൽനിന്നെല്ലാം ന്യൂനപക്ഷങ്ങൾ സംതൃപ്തിപ്പെടേണ്ട ചുററുപാടുകൾ ഉണ്ടായിരുന്നെന്നോ, അങ്ങനെയുണ്ടായ കാര്യങ്ങൾ നടത്തിത്തരേണ്ട സിവിൽ സർവ്വീസ് അതിനനുസരിച്ച് പ്രവർത്തിച്ചു എന്നോ ഉള്ള അഭിപ്രായം അങ്ങേയ്ക്കുണ്ടോ?

<u>ശ്രീ. ബേബി ജോൺ:</u> ഭയാശങ്കകൾക്ക് ഇടവരുത്തുന്ന രീതിയിൽ യാതൊന്നും പ്രവർത്തിക്കരുതെന്ന പക്ഷമാണ് എനിക്കുള്ളത്.

<u>ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി:</u> സർ, ശ്രീ. നാരായണപിള്ള എഴുതിയ ലേഖനം ഞാൻ ഇപ്പോൾ ഓർമ്മിക്കുകയാണ്. അദ്ദേഹം എഴുതി, മുസ്ലീംലീഗുകൾക്കുവേണ്ടി നിയമങ്ങളും ചുററുപാടുകളും ഉണ്ടാക്കിയാൽ മുസ്ലീം ന്യൂനപക്ഷത്തിന് അത് ലഭിക്കില്ല കാരണം അത് നടപ്പാക്കേണ്ടവർ നടപ്പാക്കില്ല എന്ന്. ഇൻഡ്യൻ പ്രധാനമന്ത്രി 48 കൊല്ലം ഞങ്ങളുടെ ഈ നിഷ്ക്കളങ്കത വ്യക്തമായി കാണിച്ചിട്ടും ബി.ജെ.പി.-യോട് ഒപ്പം ഞങ്ങളെക്കൂടി പറയുന്ന ചുററുപാട് ഉണ്ടായിരിക്കുന്നു. ഞങ്ങൾ എന്തു വേണം? ഈ ന്യൂനപക്ഷ സംഘടന പിരിച്ചുവിട്ട് വ്യക്തിത്വം ഇല്ലാത്ത ഒരു ഇൻഡ്യ ഉണ്ടാവരുത് എന്ന് മാത്രമാണ് ഞങ്ങൾ പറയുന്നത്. ലോകരാഷ്ട്രങ്ങളുടെ ഇടയിൽ ഇൻഡ്യയുടെ സൽപ്പേര് നിലനിർത്തുന്നത് ഇൻഡ്യയുടെ ഐക്യത്തിനും കെട്ടുറപ്പിനും ആവശ്യമാണ്. ഈ നിലയ്ക്ക് നിങ്ങൾ പ്രവർത്തിക്കണം. ഒരു ഭൂരിപക്ഷ വർഗ്ഗത്തോട് ചേർന്നു എന്നുള്ളതുകൊണ്ട് അത് എങ്ങനെ ഒരു പ്രത്യേക സ്വഭാവത്തിന്റെ ആകുന്നു? ഈ രാജ്യത്തിന്റെ മതേതരത്വം അഭംഗുരം തുടരാൻവേണ്ടി ഞങ്ങൾ ഞങ്ങളുടെ ഐഡന്റിററിയിൽ പ്രവർത്തിക്കുന്നതല്ലാതെ എന്താണ് മാർഗ്ഗം എന്നുകൂടി ബഹുമാനപ്പെട്ട ബേബി ജോൺ പറയണം എന്നാണ് എനിക്ക് അപേക്ഷിക്കാനുള്ളത്. ഞങ്ങളുടെ ഐഡന്റിററിയോടുകൂടി ഞങ്ങൾ നിൽക്കുന്നു. മുസ്ലീം എന്നു പോയിട്ട് മറെറാരു പാർട്ടി ഉണ്ടാക്കണോ; ന്യൂനപക്ഷമുള്ള ഒരു പാർട്ടിയിൽ ചേർന്നാൽ പോരെ—ഈ ആകാംക്ഷയുള്ളതുകൊണ്ടാണ് അതുണ്ടാകുന്നത്. മററ് യാതൊന്നിനും അല്ല. ഇത് ഉൾക്കൊള്ളാൻ ഇവിടെ ഭരണപക്ഷത്തെപ്പോലെതന്നെ പ്രതിപക്ഷത്തിനും സാധിച്ചിട്ടില്ല എന്നാണ് എന്റെ വാദം. ഇൻഡ്യയിൽ പ്രതിപക്ഷം.......

<u>ശ്രീ. ബേബി ജോൺ:</u> അടുത്ത കാലത്തായി ശ്രീ. കൊരമ്പയിൽ അഹമ്മദ് ഹാജി നടത്തിയ പ്രസ്താവനയിൽ ഭൂരിപക്ഷ വർഗ്ഗീയതയും ന്യൂനപക്ഷ വർഗ്ഗീയതയും ലീഗ് എതിർക്കുന്നു എന്ന് പറഞ്ഞിരുന്നു; പത്രങ്ങളിൽ വന്നതാണ്. സുപ്രീംകോടതിയുടെ കേസും, നരസിംഹറാവുവിന്റെ സ്റേറററുമെന്റും ഇതെല്ലാംകൂടെ വച്ചുകൊണ്ട് വ്യക്തിത്വത്തിന്റെ പേരിൽ വ്യാഖ്യാനിക്കത്തക്ക രീതിയിൽ ആ പേര് നിലനിർത്തിക്കൊണ്ട് എന്തിനാണ് പോകുന്നതെന്ന് ചോദിച്ചെന്നേയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി: അങ്ങയുടെ അഭിപ്രായത്തിനെ മാനിച്ചുകൊണ്ടാണ് ഇത് പറയുന്നത്. ആകാംക്ഷ ഇവിടെ ബോദ്ധ്യപ്പെടുത്തുക മാത്രമാണ് ചെയ്യുന്നത്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): എല്ലാവിധ വർഗ്ഗീയതകൾക്കും ഞങ്ങൾ എതിരാണെന്നാണ് എ. വി. പറഞ്ഞത്. ഒരു കാര്യമുള്ളത് 'പ്രോളിറേററിയററു ഓഫ് ദി സ്റേററ്' വരുമ്പോൾ വർഗ്ഗം ഇല്ലാതാകുന്നതുപോലെ പരിപൂർണ്ണ സംരക്ഷണം വരുമ്പോൾ ഇങ്ങനെയുള്ള ഏർപ്പാടുകളുടെ ആവശ്യമില്ലാതെ വരും; അതുവരെ അങ്ങനെ തുടരും എന്നാണ് പറഞ്ഞത്.

ശ്രീ. ബേബി ജോൺ: അങ്ങനെ തുടരുന്നത് ദോഷമുണ്ടാക്കും എന്നു കണ്ടുകൊണ്ട് അങ്ങനെയൊരു ദോഷം നിങ്ങൾക്ക് ഉണ്ടാകണ്ട എന്ന ആഗ്രഹം കൊണ്ടാണ് നിർദ്ദേശം നൽകിയത്.

ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി: അങ്ങ് ഈ പറഞ്ഞകാര്യം ബഹുമാനപ്പെട്ട സുപ്രീം കോടതിയിലും ഹൈക്കോടതിയിലും ഞങ്ങൾ പറയും. എന്നിട്ടും കോടതിയെ ബോദ്ധ്യപ്പെടുത്താൻ കഴിഞ്ഞിട്ടില്ലെങ്കിൽ ഈ പേരിൽ ഞങ്ങൾ നിലനിൽക്കില്ല. അതാണ് ശരി.

ശ്രീ. സി. പി. ബാലൻ വൈദ്യർ: എ. വി.-യുടെ ഇപ്പോഴത്തെ പ്രസ്താവന എ. വി.-യുടെ പാർട്ടിക്കകത്ത് ഒരു പുനർചിന്തനം നടക്കുന്നു എന്നതിൻെറ തെളിവായി സ്വീകരിക്കാമോ?

ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി: അങ്ങ് മനസ്സിലാക്കാഞ്ഞിട്ടാണ്. മർഹും മുഹമ്മദ് ഇസ്മായിൽ സാഹിബ് ഇതുണ്ടാക്കിയതു തന്നെ ഇതിലധികം പുരോഗമനസ്വഭാവത്തോടുകൂടിയാണ്. ബഹുമാനപ്പെട്ട സേട്ട് ആണ് കുറെയധികം വൈകല്യങ്ങൾ ഉണ്ടാക്കിയത്; അദ്ദേഹത്തിൻെറ പ്രസംഗങ്ങളും. ഒരു കാര്യം പറയട്ടെ, റിപ്പബ്ലിക് ദിനം ബഹിഷ്ക്കരിക്കണം എന്ന് അദ്ദേഹം ഡൽഹിയിൽ വച്ച് തീരുമാനിച്ചു. കേരള സ്റേററ് മുസ്ലീംലീഗ് പറഞ്ഞു, മനസ്സില്ല എന്ന്. ഇതാണ് ഞങ്ങൾ. ഭീകരവാദിയുടെ വാൾതൊട്ട് പ്രതിജ്ഞയും ചെയ്തു. ഇത് തെററാണെന്ന് മുസ്ലീംലീഗ് പറഞ്ഞു. ബഹുമാനപ്പെട്ട വൈദ്യരോട് പറയട്ടെ, പാർട്ടിക്ക് ഏതെങ്കിലും ഒരു സന്ദർഭത്തിൽ പുനർചിന്തനമാണെന്ന് പറയാൻ സാധിക്കുകയില്ല. അങ്ങയുടെ പാർട്ടിക്കാണ് അബദ്ധം പററിയത്. ഞങ്ങളുടെ പാർട്ടിക്ക് അല്ല.

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ: സേട്ടുവിനെക്കുറിച്ച് പറഞ്ഞല്ലോ. അതുപോലെതന്നെ അങ്ങയുടെ ഇപ്പോഴത്തെ പ്രസിഡൻറിൻെറ പ്രസ്താവന ആണ്, ബോംബെ ബോംബുസ്ഫോടന കേസ്സിലെ പ്രതികളെ കണ്ടെത്താനും ശിക്ഷിക്കാനും അമിതാവേശം കാണിക്കുന്ന കേന്ദ്രഭരണകൂടം, ബാബറിമസ്ജിദ് തകർച്ചയ്ക്കും മുസ്ലീം കുരുതിയ്ക്കും നേതൃത്വം നൽകുന്നതിൽ മൗനംപാലിക്കുകയാണ് എന്ന്. കൂടാതെ 'ടാഡ' എന്ന കരിനിയമത്തിൻെറ കീഴിൽ മുസ്ലീങ്ങളെ വേട്ടയാടുകയാണ്. പള്ളി പൊളിച്ച പ്രതികൾ ടാഡയ്ക്ക് പുറത്ത് ന്യൂനപക്ഷങ്ങളെ കൊന്നുകൂട്ടിയവർക്കും ടാഡ ഇല്ല എന്ന അഭിപ്രായം സേട്ടു പറഞ്ഞതുപോലെതന്നെ ബനാത്ത്വാലയും പറഞ്ഞിട്ടുണ്ട്. അങ്ങയുടെ അഭിപ്രായം എന്താണ്?

ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി: സേട്ട് പറഞ്ഞതുപോലെ ബനാത്ത്‌വാല പറഞ്ഞിട്ടില്ല. ഞാൻ ഈ സഭയിൽ പറഞ്ഞതാണ്. സേട്ടു പറഞ്ഞത് ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സ്, ബി. ജെ. പി. പോലെ ഹിന്ദു വർഗ്ഗീയ സംഘടന അല്ല; മതേതര സംഘടന ആണ് എന്നാണ്. അതേ സമയത്ത് ഭരണകൂടത്തിൽ മുസ്ലീം ന്യൂനപക്ഷത്തിന് നീതി കിട്ടിയിട്ടില്ല; ഞങ്ങൾ വർഗ്ഗീയലഹളയിൽ പ്രയാസങ്ങൾ അനുഭവിച്ചിട്ടുണ്ട്. ഞങ്ങളുടെ പള്ളി പൊളിച്ചിട്ടുണ്ട്. ആസ്സാമിൽ ഞങ്ങൾ പ്രയാസങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്നുണ്ട്. ഒരുപാടു യാതനകൾ, ധാരാളം പള്ളികൾ പൊളിച്ചിട്ടുണ്ട്. ഞങ്ങൾക്ക് നീതികിട്ടിയിട്ടില്ല. അതുകൊണ്ട് ബി. ജെ. പി.-യെ ഹിന്ദു വർഗ്ഗീയ സംഘടന ആണെന്ന് ഞങ്ങൾ വിലയിരുത്തിയിട്ടില്ല; വിലയിരുത്തുന്നില്ല. മാത്രമല്ല ന്യൂനപക്ഷം തത്വശാസ്ത്രത്തിനെതിരാണ്. ഇവിടുത്തെ ഭൂരിപക്ഷം ഹിന്ദുക്കളും വർഗ്ഗീയവാദികളല്ല. ഇതാണ് ഞങ്ങളുടെ നിഗമനം. അവരുടെ സിമ്പതിയോടുകൂടി മാത്രമേ ന്യൂനപക്ഷ അവകാശങ്ങൾ സംരക്ഷിക്കപ്പെടാൻ കഴിയൂ എന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ഭീകരവാദവും വർഗ്ഗീയവാദവും ആപത്താണെന്ന് വിശ്വസിക്കുന്നു. ഈ അസന്നിഗ്ദ്ധമായ ചുററുപാടിൽ ഞങ്ങൾക്ക് നീതി ലഭിച്ചിട്ടില്ല. അത് നിങ്ങളുടെ ബീഹാറിലും കിട്ടിയിട്ടില്ല; ഇവരുടെ ബംഗാളിലും കിട്ടിയിട്ടില്ല. എല്ലാവരും ഏറെക്കുറെ ഒരുപോലെയാണെന്നാണ് ഞങ്ങളുടെ വാദം. അപ്പോൾ വളരെ വ്യക്തമായി എനിക്ക് പറയാനുള്ളത് വർഗ്ഗീയതയുടെ ലാഞ്ചന തീണ്ടിയിട്ടില്ലാത്ത ഈ സംഘടനയെ സംബന്ധിച്ചിടത്തോളം ഇൻഡ്യൻ പ്രധാനമന്ത്രിയും ചിലപ്പോഴൊക്കെ കോൺഗ്രസ്സ് നേതാക്കളും ഇവിടുത്തെ പ്രതിപക്ഷവും ഒക്കെ ഒരുപാട് തെററിദ്ധാരണാജനകമായ രൂപത്തിൽ ഞങ്ങളെ സമീപിച്ചിട്ടുണ്ട്. അതൊക്കെ മാററണം. യാഥാർത്ഥ്യങ്ങൾ കാണാൻ കഴിയണം എന്നാണ് എനിക്ക് പറയാനുള്ളത്. ഞാൻ ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിൻതാങ്ങുന്നു.

ശ്രീ. കെ. ഇ. ഇസ്മയിൽ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് കഴിഞ്ഞ രണ്ടുമൂന്നുവർഷക്കാലമായി തുടർന്നുവരുന്ന ഈ ഗവൺമെൻറിൻെറ നയങ്ങളെ വാനോളം പുകഴ്ത്തുന്ന പ്രസംഗങ്ങൾ ഇവിടെ നടന്നു. ഇവിടെ മുഖ്യമന്ത്രിയുടെ ഇംഗിതത്തിന് പ്രവർത്തിക്കുന്ന കുറെ മന്ത്രിമാരും അവരുടെ ഇംഗിതത്തിന് പ്രവർത്തിക്കുന്ന കുറെ ഉദ്യോഗസ്ഥൻമാരും, മുഖ്യമന്ത്രിയുടെ ഇഷ്ടപ്രകാരം പ്രവർത്തിക്കുന്ന ഒരു ഉപജാപകസംഘവും എന്ന നിലയിലേക്ക് നമ്മുടെ സംസ്ഥാനത്തെ ഒട്ടാകെ ചുരുക്കിക്കൊണ്ട് വന്നിരിക്കുകയാണ് ഇപ്പോൾ. കോൺഗ്രസ്സും കോൺഗ്രസ്സിലെ പിടലപ്പിണക്കവും, മുന്നണിക്കകത്തെ കുഴപ്പവും ഇന്ന് രാജ്യത്തെ ഒരു പൊതുപ്രശ്നമായി വളർന്ന് വിഹരിക്കുകയാണ്. ഇവിടെ നിയമസഭയ്ക്കകത്ത് സംസാരിക്കുമ്പോൾ ഇതിലൊന്നും ഒരു കഴമ്പില്ല എന്ന് ബോദ്ധ്യപ്പെടുത്താൻ ശ്രമിക്കുന്നുണ്ടെങ്കിലും ഇന്ന് നാടിൻെറ തന്നെ, കേരളത്തിൻെറ തന്നെ, പ്രശ്നമായി അത് മാറിക്കൊണ്ടിരിക്കുന്നു എന്നത് ഓരോ ദിവസം ചെല്ലുന്തോറുമുള്ള വാർത്തകളിലൂടെ മനസ്സിലാക്കാൻ കഴിയുന്നു. ഇന്നലെ ക്വിററ് ഇന്ത്യാ സമരത്തിൻെറ വാർഷികദിനം എന്ന നിലയിൽ പാലക്കാട് വലിയ യോഗം നടന്നു. പാലക്കാട് യോഗത്തിൽ പാലക്കാടിലെ കോൺഗ്രസ്സിലെ എല്ലാവരും ഉണ്ടായിരുന്നു. കരുണാകരൻ മുന്നണിയിലെ എല്ലാവിഭാഗവും ഉണ്ടായിരുന്നു. അവർ ഒന്നിച്ചുകൂടി പരസ്പരം പൊതുവേദിയിൽ ആരോപണപ്രത്യാരോപണം നടത്തി.

അതിന്റെ അടിസ്ഥാനത്തിൽ യൂത്ത് കോൺഗ്രസ്സിന്റെ സംസ്ഥാന സെക്രട്ടറി തങ്കപ്പൻ (പാലക്കാട്ടുകാരനാണ്) അവസാനം പറഞ്ഞു. വളരെ കർക്കശമായിട്ടുതന്നെ പറഞ്ഞു, ഇത്തരം നിലപാടുകൾ എടുക്കുന്നവരെ കൈകാര്യം ചെയ്യാൻ ഞങ്ങൾക്ക് അറിയാം എന്ന്. മലയാളം എക്സ്പ്രസ്സിലും, ചില പത്രങ്ങളിലും വന്ന വാർത്തകൾ അതേപടി പറയുകയാണ്. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിൽ നിന്നുകൊണ്ട് പ്രസ്ഥാനത്തെ അധിക്ഷേപിക്കുന്നവർക്ക് ലോകകപ്പ് ഫുട്ബോളിൽ സെൽഫ് ഗോൾ അടിച്ച കൊളംബിയൻ കളിക്കാരൻ എസ്കോബാറിന്റെ ഗതി വരുമെന്ന് സംസ്ഥാന ജനറൽ സെക്രട്ടറി തങ്കപ്പൻ പറഞ്ഞു. സെൽഫ് ഗോൾ അടിച്ചു എന്നതിന്റെ പേരിൽ ആ കൊളംബിയൻ കളിക്കാരനെ വെടി വച്ചുകൊന്നു. പാലക്കാട് ജില്ലയിൽ കൂടിയ കോൺഗ്രസ്സിനകത്തെ അനഭിമതൻമാരോട് ഈ കളിക്കാരന്റെ ഗതിയാണ് നിങ്ങൾക്ക് എന്നാണ് യൂത്ത് കോൺഗ്രസ്സിന്റെ സംസ്ഥാന സെക്രട്ടറി തങ്കപ്പൻ പറഞ്ഞത്. അതാണ് രണ്ടുമൂന്നു ദിവസം മുൻപ് കോഴിക്കോട് കണ്ടത്. കോഴിക്കോട്ടുള്ള കോൺഗ്രസ്സിലെ ചില നേതാക്കൻമാർ ഇപ്പോൾ ആശുപത്രിയിൽ ആണ്. കോൺഗ്രസ്സിലെ നേതാക്കൻമാരെ ആശുപത്രിയിലാക്കാനും അറസ്ററു ചെയ്യാനും ഇടവരുത്തിയത് ഇടതു പക്ഷ ജനാധിപത്യമുന്നണി ആണോ? കോൺഗ്രസ്സുകാർ തന്നെയാണ് കയ്യേററം ചെയ്തത്; അതാണ് നമ്മുടെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇപ്പോൾ നടക്കുന്നത്.

സർ, കഴിഞ്ഞ ദിവസങ്ങളിൽ ഒരു സംഭവമുണ്ടായി. നമ്മുടെ ശ്രീ. ടി. എച്ച്. മുസ്തഫയുടെ നാട്ടിൽ ശ്രീ. ആര്യാടൻ മുഹമ്മദ് ഒരു പൊതുയോഗത്തിൽ പ്രസംഗിക്കാൻ പോയി. കോൺഗ്രസ്സുകാർക്ക് പൊതുയോഗത്തിൽ പ്രസംഗിക്കാം, കോൺഗ്രസ്സിന്റെ നയപരിപാടികൾ വിശദീകരിക്കാം. ആ പ്രസംഗത്തിൽ ശ്രീ. ആര്യാടൻ മുഹമ്മദ് ഒരു കാര്യം പറഞ്ഞു. പത്രങ്ങളിൽ വന്നതാണ്. ശ്രീ. ആര്യാടൻ പറഞ്ഞതിനെ ഞാൻ ഇവിടെ ഉദ്ധരിക്കുകയാണ്. ശ്രീ. ആര്യാടൻ പറഞ്ഞത് ഇവിടെ ഒരാൾക്ക് 20 ലോറികളും 100 ആനകളുമുണ്ട് എന്ന്. ഇങ്ങനെ പലയിടത്തും പ്രസംഗിക്കുന്നുണ്ട്; അത് ശരിയാണ്. ഇതൊക്കെ പെരുമ്പാവൂരിലുണ്ട് എന്ന് എനിക്കറിയാം. പക്ഷേ ഇവിടെനിന്ന് ഒരു കഴുതയെ സെക്രട്ടേറിയററിലേക്ക് മന്ത്രിയായി വിട്ടിട്ടുണ്ട് എന്ന് പൊതുയോഗത്തിൽ പ്രസംഗിച്ചു. പൊതുയോഗത്തിൽ ഇങ്ങനെ പ്രസംഗിച്ചതായി പത്രത്തിൽ വാർത്ത വന്നതാണ്. കുന്നത്ത് നാട്ടിലാണ് പൊതുയോഗം നടന്നത്. അവിടെവച്ചാണ് ശ്രീ. ആര്യാടൻ ഇങ്ങനെ പ്രസംഗിച്ചത്. ആ യോഗത്തിൽ ആദ്ധ്യക്ഷം വഹിച്ചത് അവിടുത്തെ മണ്ഡലം സെക്രട്ടറിയായിട്ടുള്ള ഒരു ജനാർദ്ദനനാണ്. ശ്രീ. ആര്യാടൻ മുഹമ്മദ് പ്രസംഗിച്ചു കഴിഞ്ഞ് രാത്രി തിരിച്ചുവന്നു. എന്നാൽ കോൺഗ്രസ്സ് യോഗത്തിൽ അദ്ധ്യക്ഷനായിരുന്ന ശ്രീ. ജനാർദ്ദനൻ ഇപ്പോൾ കയ്യും കാലുമൊടിഞ്ഞ് ആശുപത്രിയിലാണ്. ആരാണ് ജനാർദ്ദനനെ മർദ്ദിച്ച് അവശനാക്കി കൈകാൽ ഒടിച്ച് ആശുപത്രിയിലാക്കിയത്? ഞങ്ങൾ ആരുമല്ല. ഞങ്ങൾക്കെതിരായി ഒരു കേസുമില്ല. അത് ചെയ്തത് കോൺഗ്രസ്സുകാർ തന്നെയാണ്. അത് ആരാണ് എന്നുള്ളത് ശ്രീ. മുഹമ്മദ് അലിക്ക് അറിയാം. ശ്രീ. ആര്യാടൻ മുഹമ്മദിനോട് ചോദിച്ചാലും അറിയാം. അവർക്കൊക്കെ അറിയാം ആരാണ് അത് ചെയ്തതെന്ന്. അവർ ഒരുപക്ഷെ കേസ് കൊടുത്തിട്ടുണ്ടാകും. എല്ലാവർക്കുമറിയാം. ഞാൻ പ്രതികളാരാണ് എന്നൊന്നും പറയുന്നില്ല. ഞാൻ ഇതൊക്കെ പറയുന്നത് ശ്രീ. തങ്കപ്പൻ ഇന്നലെ പ്രസംഗിച്ചപ്പോൾ എസ്കോബാറിന്റെ അനുഭവം വരുമെന്ന്

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞ ഒരു ചെറിയ ഉദാഹരണം ചൂണ്ടിക്കാണിക്കാനാണ്. ഇതൊക്കെ നമ്മുടെ നാട്ടിന് വളരെ മോശമാണ്. ഇത്തരം കാര്യങ്ങൾ വന്നുവന്ന് എവിടെയാണ് ചെന്നെത്തുന്നത്? ഇവിടെ ശ്രീ. കൃഷ്ണൻ കണിയാം പറമ്പിൽ സംസാരിച്ചപ്പോൾ ബോംബെ കലാപങ്ങളെക്കുറിച്ചും സംഘർഷങ്ങളെക്കുറിച്ചും പറഞ്ഞു. ബോംബെ നഗരത്തെ പ്രധാനമായും നിയന്ത്രിക്കുന്നത് അവിടുത്തെ അധോലോകനായകൻമാരാണ്. ഈ അധോലോകനായകൻമാർ വിചാരിച്ചാൽ അവിടെ എന്തും സംഭവിക്കും. പ്രബലരായ അധോലോകനായകൻമാർ തമ്മിലുള്ള മൽസരമാണ് നിരവധി സംഘട്ടനങ്ങൾക്കും സംഘർഷങ്ങൾക്കും ഇടവരുത്തുന്നത്. അതേപോലെ ഇപ്പോൾ കോൺഗ്രസ്സിനുള്ളിലുള്ള വഴക്ക് അധോലോക നായകൻമാരുടെ വഴക്കിന്റെ രൂപം കൈക്കൊള്ളുകയാണ്, വികാസം പ്രാപിച്ചുകൊണ്ടിരിക്കുകയാണ്. ഗുരുതരമായ പ്രതിസന്ധിയും പ്രത്യാഘാതവും നമ്മുടെ നാട്ടിൽ ഉണ്ടായിത്തുടങ്ങിയിട്ടുണ്ട്. ഇത് ഒരു നാടിന്റെ പ്രശ്നമാണ്. ഇത് വെറും കോൺഗ്രസ്സിന്റെ പ്രശ്നം എന്നുള്ള നിലയിൽ തള്ളിക്കളയാൻ ചില ബഹുമാനപ്പെട്ട അംഗങ്ങൾ ശ്രമിക്കുന്നുണ്ട്. അത് ശരിയല്ല. ആ തരത്തിൽ സ്ഥിതികൾ വളർന്നുവരുന്നുണ്ട്. ഇതിനൊക്കെ നേതൃത്വം കൊടുക്കുന്നത് കണ്ട് എനിക്ക് വളരെ ദുഃഖമുണ്ട്. ആ കാര്യത്തെക്കുറിച്ച് ഞാൻ ഇവിടെ പറഞ്ഞിട്ടുണ്ട്. ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ ഇവിടെ പറഞ്ഞിട്ടുണ്ട്, നിരവധി ബഹുമാനപ്പെട്ട അംഗങ്ങൾ പറഞ്ഞിട്ടുണ്ട്. കേരളത്തിന്റെ ചരിത്രത്തിൽ ഇല്ലാത്തവിധം ശ്രീ. കരുണാകരൻ മന്ത്രിസഭയെക്കുറിച്ച് മാത്രമല്ലേ ഇത്രയേറെ അഴിമതി ആരോപണങ്ങൾ വന്നത്? എന്തുകൊണ്ടാണ് ഇങ്ങനെ വരുന്നത്? ബോധപൂർവ്വമാണോ? ഇത് ബഹുജനമദ്ധ്യത്തിൽ ബോദ്ധ്യപ്പെടുത്താൻ ഉള്ള ബാദ്ധ്യതയില്ലേ? ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് അന്വേഷിക്കാൻ നിങ്ങൾ തയ്യാറായിട്ടുണ്ടോ? നൂറായിരം അനുഭവങ്ങൾ ഉണ്ടായല്ലോ. കേരളപ്പിറവിക്കുശേഷം തിരു-കൊച്ചിയുടെ ഭാഗമായിരുന്ന കാലങ്ങളിൽ പ്രഗൽഭൻമാരായ എത്രയോ മുഖ്യമന്ത്രിമാർ കേരളം ഭരിച്ചു. ശ്രീ. കരുണാകരനെതിരായി, ഈ കരുണാകരൻ മുന്നണിയിലെ ചില മന്ത്രിമാർക്കെതിരായി എത്ര ആരോപണങ്ങൾ ഇവിടെയുണ്ടായി? ഈ ആരോപണങ്ങളിൽ കഴമ്പില്ലായെന്നും, ഇവ അടിസ്ഥാനരഹിതമാണെന്നും ബോദ്ധ്യപ്പെടുത്താൻ ആവശ്യമായ എന്തു നടപടി ശ്രീമാൻ കരുണാകരനും ഈ മന്ത്രിസഭയിലെ അംഗങ്ങളും എടുത്തു? ഫലത്തിൽ ഇതെല്ലാം തനിക്കൊരു ഭൂഷണമാണ് എന്നുള്ള നിലയിൽ അത് മുഴുവൻ സ്വീകരിക്കുകയാണ് ചെയ്തത്. ഇത് നന്നായി പ്രയോജനപ്പെടുത്താൻ, ഉപയോഗപ്പെടുത്താൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. * * * * * * * * * * * * ......(ബഹളം)....

ഒരു കോക്കസായി ഇന്ന് പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ഇതിന് മുൻപ് ഈ സഭയിൽ പറഞ്ഞ നിരവധി ആരോപണങ്ങൾക്ക് പുറമെ പുതിയ പുതിയ ആരോപണങ്ങൾ ഓരോ ദിവസവും വരുന്നു. അത് കേൾക്കാനുള്ള സഹിഷ്ണുത ഇല്ല. അസഹിഷ്ണുതയാണ്. സംഭവങ്ങൾ നടക്കുമ്പോൾ, ജനങ്ങൾ നാട്ടിൽ ഈ കാര്യങ്ങളെക്കുറിച്ച് തുറന്ന് ചർച്ച ചെയ്യുമ്പോൾ ജനങ്ങളുടെ പ്രതിനിധി എന്നുള്ള നിലയിൽ ഈ സഭയിൽ ആ വിഷയങ്ങൾ ഉന്നയിക്കേണ്ടതായി വരും. അസംതൃപ്തികൊണ്ട് കാര്യമില്ല, അസ്ഹിഷ്ണുതകൊണ്ട് കാര്യമില്ല. ഇപ്പോൾ നാട്ടിൽ

*** ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം രേഖയിൽനിന്ന് നീക്കം ചെയ്തു.



LIBRARY ARCHIVES Kerala Legislative Assembly

കേരംക്കുന്ന ഒരു വാർത്ത ഞാൻ പറയാം. സത്യമാണോ എന്ന് എനിക്കറിയില്ല. * * * * * * * * *
ഇപ്പോരം വെക്കേഷൻ പീരീഡാണ്. ധാരാളം ആളുകരം ഗരംഫിൽ നിന്നും വരുന്നുണ്ട്. അവർ പറയുന്നത് അവിടെ വലിയ ഹോസ്പിററൽ കോംപ്ലക്സ് പണിയുന്നുണ്ട് എന്നാണ്. ഇപ്പോരം ഗുരുവായൂർ ടൗൺഷിപ്പിൽ 13 സെൻറ് സ്ഥലം 13 ലക്ഷം രൂപയ്ക്ക് വാങ്ങിയത് നിങ്ങരംക്ക് നിഷേധിക്കാൻ കഴിയുമോ? .......... (ബഹളം) ...... വാങ്ങിയിട്ടില്ലേ? അതുപോലെതന്നെ എറണാകുളത്ത്............

മി. ചെയർമാൻ: ഈ വക കാര്യങ്ങളൊന്നും അങ്ങ് ഇവിടെ എഴുതി തന്നിട്ടില്ല. ഈ ആരോപണങ്ങരം ഇവിടെ ഉന്നയിക്കാൻ പാറുകയില്ല. ഇതൊന്നും രേഖയിൽ കാണുകയില്ല.

ശ്രീ. കെ. ഇ. ഇസ്മയിൽ: സർ, ബഹുമാനപ്പെട്ട ചെയർ ഒരു കാര്യം ശ്രദ്ധിക്കണം. ഞാൻ പറഞ്ഞു ഇത്തരം കാര്യങ്ങരം ഇന്ന് ജനങ്ങരംക്കിടയിൽ പ്രചാരത്തിലുള്ള ഒരു വിഷയമാണ്, പത്രത്തിൽ വന്നതാണ്,. അത് പരിശോധിക്കപ്പെടണം എന്ന്..........(ബഹളം)........

ശ്രീ. ജി. കാർത്തികേയൻ: സർ, നാട്ടിൽ ആളുകരം പറയുന്നു എന്നും പറഞ്ഞുകൊണ്ട് ഈ നിയമസഭയ്ക്കകത്ത് നിയമസഭയിലെ അംഗം എന്നുള്ള സംരക്ഷണം ഉപയോഗിച്ചുകൊണ്ട് ഈ സഭയിൽ ഇല്ലാത്തവരുടെ പേരുപറഞ്ഞ് അടിസ്ഥാനരഹിതമായ ആരോപണം ഉന്നയിക്കുന്നത് ഓർഡറിലാണോ? അത് രേഖയിൽ കാണുമോ?

ശ്രീ. ഇ. എം. അഗസ്തി: സർ, I am raising a point of order. റൂരം 285 അനുസരിച്ച് ഒരു ആരോപണം ഉന്നയിക്കുന്നതിന് വ്യക്തമായ തെളിവുകരം ഹാജരാക്കണം. ഒന്നാമതായി സ്പീക്കർക്ക് എഴുതി കൊടുക്കണം. രണ്ടാമതായി എഴുതിക്കൊടുക്കുന്നത് എന്തെങ്കിലും തെളിവിന്റെ അടിസ്ഥാനത്തിൽ bonafi es-ലുള്ള വിശ്വാസം ചെയറിനേയും സഭയേയും ബോദ്ധ്യപ്പെടുത്താൻ അദ്ദേഹം ബാദ്ധ്യസ്ഥനാണ്. ഇവിടെ വളരെയേറെ ആക്ഷേപങ്ങരം പറയുന്നുണ്ട്; രേഖകളൊന്നും ഹാജരാക്കിയിട്ടില്ല. ഈ കാര്യത്തെ സംബന്ധിച്ച് ഞാൻ വായിക്കാം ..... (ബഹളം)............

സർ, Shakdher and Kaul, A member has to be careful while making an allegation. He has to satisfy himself that the source is reliable and the allegation is based on facts. In effect, he is required to make prima facie investigation into the matter before he writes to the Speaker or the Ministers and more so, before he speaks in the House. A police relating to an allegation based on newspaper reports is not allowed.

ഇവിടെ ന്യൂസ്പേപ്പർ റിപ്പോർട്ടുപോലുമില്ല. ഇവിടെ അലിഗേഷൻ മൂവ് ചെയ്യാനുള്ള കാര്യമെന്താണ് എന്ന് ചെയറിനെയോ സഭയെയോ അറിയിച്ചിട്ടില്ല. മന്ത്രിക്ക് തെളിവ് ശേഖരിക്കാൻ കഴിഞ്ഞിട്ടില്ല. പറഞ്ഞ് അറിയുന്ന കാര്യങ്ങളെ സംബന്ധിച്ച് സഭയിൽ അലിഗേഷൻ ഉന്നയിക്കാൻ

***ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം രേഖയിൽനിന്ന് നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

കഴിയുകയില്ല എന്ന് Shakdhar and Kaul-ൽ പ്രതിപാദിക്കുന്നു. അതുകൊണ്ട് സഭാരേഖയിൽനിന്നും ശ്രീ. കെ. ഇ. ഇസ്മയിൽ ഉന്നയിച്ച ആരോപണം നീക്കം ചെയ്യണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർ, മുഖ്യമന്ത്രിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ മാത്രമേ ഇവിടെ പറഞ്ഞിട്ടുള്ളു. മുഖ്യമന്ത്രി ഇവിടെയുണ്ട്. അതിനോട് ബന്ധപ്പെട്ട കാര്യങ്ങൾ പറയാൻ ഒരു മെമ്പർക്ക് അധികാരമുണ്ട്.

ശ്രീ. വി. വി. രാഘവൻ: സർ, സഭാനടപടികൾ നിയന്ത്രിക്കുന്നതിനും ചട്ടപ്രകാരം കൊണ്ടുപോകുന്നതിനും അങ്ങേയ്ക്കുള്ള അധികാരത്തെ ഞാൻ ചോദ്യം ചെയ്യുന്നില്ല. ഒരു മെമ്പർ പ്രസംഗിക്കുമ്പോൾ കൂട്ടത്തോടെ എണ്ണീററുനിന്ന് അലങ്കോലപ്പെടുത്താൻ ശ്രമിക്കുന്നത് ഈ ചട്ടപ്രകാരം തെററാണ്. ബംഗാളിയായ ഒരു ഉദ്യോഗസ്ഥൻ ഇ. എം. എസ്സ്.-ന്റെ ബന്ധുവാണ് എന്നുവരെ ഇവിടെ പ്രസംഗിച്ചു. അതിൽ ആരും ഇടപെട്ടില്ലല്ലോ. അത് ഏത് ചട്ടപ്രകാരം ആണ്. അതുകൊണ്ട് കൂട്ടത്തോടെ എണീററുനിന്ന് രാജാവിനേക്കാൾ കൂടുതൽ രാജഭക്തി പ്രകടിപ്പിക്കാനുള്ള ഒരു വെമ്പലുണ്ടല്ലോ ആ വെമ്പൽ ഞങ്ങൾക്ക് മനസ്സിലാകുന്നുണ്ട്.

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ: സർ, ഇവിടെ ശ്രീ. കെ. ഇ. ഇസ്മയിൽ ഉന്നയിച്ച പ്രശ്നം—ഇന്ന് ദേശാഭിമാനി പത്രത്തിൽ വന്നതും............(ബഹളം)..,........ ദേശാഭിമാനിപത്രം വളരെ ഉത്തരവാദിത്വത്തോടുകൂടി .. റിപ്പോർട്ട് .. .. ചെയ്തിട്ടുള്ളത് ശ്രീ. കരുണാകരന് ഗുരുവായൂരിൽ മണിമാളിക പണിയുന്നു എന്ന തലവാചകത്തിൽ 13 സെൻറ് സ്ഥലം............(ബഹളം)............

മി. ചെയർമാൻ: പ്രസംഗം പററുകയില്ല. What is your point of order? You raise your point of order........ബഹളം..............
What is your point of order?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ: ഈ പത്രവാർത്തയുടെ അടിസ്ഥാനത്തിലാണ് ശ്രീ. കെ. ഇ. ഇസ്മയിൽ ഇത് ഉന്നയിച്ചത്. അതൊരു മെമ്പറുടെ അവകാശമാണ്.

മി. ചെയർമാൻ: Ismail, please take your seat.

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ: സർ, പത്രവാർത്തയുടെ അടിസ്ഥാനത്തിലാണ് ശ്രീ. കെ. ഇ. ഇസ്മയിൽ ഈ പ്രശ്നം ഉന്നയിച്ചത്. അത് ഒരു മെമ്പറുടെ അവകാശമല്ലേ?

മി. ചെയർമാൻ: ശ്രീ. ഇസ്മയിൽ ഇവിടെ എഴുതിത്തരാത്ത പല ആരോപണങ്ങളും hearsay-യുടെ പേരിൽ ഇവിടെ ഉന്നയിച്ചിരിക്കുകയാണ്. അത് അനുവദനീയമല്ല. പ്രത്യേകിച്ചും ശ്രീ. വർക്കല രാധാകൃഷ്ണൻ സ്പീക്കറായിരുന്ന കാലത്ത് ശ്രീ. കുര്യനെ സംബന്ധിച്ച് ഇവിടെ ഇതുപോലെ ആരോപണങ്ങൾ വന്നപ്പോൾ സുചിന്തിതമായ ഒരു റൂളിംഗ് നൽകിയിട്ടുണ്ട്. സഭയിലുള്ള ആളെ സംബന്ധിച്ച് വെറുതേ എഴുതി തന്നതുകൊണ്ടുമാത്രം പത്രവാർത്തകളുടെ അടിസ്ഥാനത്തിൽ ആരോപണങ്ങൾ ഉന്നയിക്കാൻ പാടില്ല.

LIBRARY ARCHIVES Kerala Legislative Assembly

എന്നും മെമ്പർ അതിനെപ്പററി ഇൻവെസ്റ്റിഗേഷൻ നടത്തി ഫാക്ച്വലായിട്ടുള്ള അടിസ്ഥാനമുണ്ടെന്ന് ബോദ്ധ്യപ്പെട്ട് അതിനെപ്പററി ബ്രീഫായി കാര്യങ്ങൾ മുൻകൂട്ടി എഴുതി തന്നതിനുശേഷം മാത്രമേ ഉന്നയിക്കാവൂ എന്നും ഒരു റൂളിംഗ് ഉണ്ട്. ആ റൂളിംഗ് ഇന്നും വാലിഡ് ആണ്. എഴുതിത്തന്നതുകൊണ്ടുമാത്രം എന്ത് വൈൽഡ് ആയിട്ടുള്ള ആരോപണങ്ങളും പറയാൻ പററുകയില്ല. എഴുതി തരിക എന്നത് ഒരു പ്രൊസീഡ്യുവർ ആണ്. പക്ഷേ അതിന്റെ ആതൻറിസിററിയെ സംബന്ധിച്ചിടത്തോളം വ്യക്തമായ, പ്രഥമദൃഷ്ട്യാ തെളിവ് ഉണ്ടെന്നുള്ള സബ്സ്ററാൻഷ്യൽ പ്രൂഫ് കൊണ്ടുവരേണ്ടതാണ്. അതുകൊണ്ട് എഴുതിത്തരാത്ത ഒരാരോപണത്തെപ്പററി ഇവിടെ നടത്തിയ പരാമർശനങ്ങൾ, സഭയിൽ ഇല്ലാത്ത ആളുകളെപ്പററി പറഞ്ഞ ആരോപണങ്ങൾ സഭയുടെ റിക്കാർഡിൽ കാണുന്നതല്ല.

ശ്രീ. കെ. പി. എ. മജീദ്: ചട്ടവിരുദ്ധമായി ഇവിടെ വന്ന പരാമർശനങ്ങൾ അങ്ങയുടെ റൂളിംഗിന്റെ അടിസ്ഥാനത്തിൽ നീക്കം ചെയ്തു. ഇനി അത് പത്രങ്ങളിലും വരാൻ പാടില്ല.

മി. ചെയർമാൻ: അതെ, അത് പത്രങ്ങളിലും വരാൻ പാടില്ല.

ശ്രീ. ബേബിജോൺ: അങ്ങയുടെ റൂളിംഗിനെ ഞാൻ ആദരിക്കുന്നു. ഇവിടെ ആരോപണം ഉന്നയിച്ചില്ല.........ബഹളം.................. ബഹളം ഉണ്ടാക്കുകയാണ് ചെയ്തത്. ശ്രീ. ഇസ്മയിൽ പറഞ്ഞത് 13 സെൻറ് സ്ഥലം 13 ലക്ഷം രൂപയ്ക്ക് വാങ്ങിയിരിക്കുന്നു എന്നാണ് ഞാൻ കേട്ടത്............ബഹളം..........

ശ്രീ. കെ. ഇ. ഇസ്മയിൽ: സർ, താങ്കളുടെ റൂളിംഗ് ഞാൻ അംഗീകരിക്കുന്നു. ഇവിടെ ഞാൻ പറഞ്ഞ വിഷയം, ഇവിടെ കഴിഞ്ഞ കാലങ്ങളിൽ സഭയിൽ കഴിഞ്ഞ സന്ദർഭങ്ങളിൽ മെമ്പർമാർ പറഞ്ഞ വിഷയങ്ങൾ, അഴിമതിയുടെ പ്രശ്നങ്ങൾ, പത്രങ്ങളിൽ വന്ന വാർത്തകൾ, ഇവിടെ ഇന്ന് അവതരിപ്പിച്ച പ്രശ്നങ്ങൾ, പത്രങ്ങളിൽ വരുന്നതും, നാട്ടിൽ പറയുന്നതുമായ വിഷയങ്ങൾ ഇവിടെ പറയാൻ പററുകയില്ലെങ്കിൽ പിന്നെ ഞങ്ങൾ ഇവിടെ വരേണ്ട ആവശ്യമില്ല. ഞങ്ങൾ വരുന്നത് നാട്ടിലെ ജനങ്ങളുടെ വികാരങ്ങൾ പ്രകടിപ്പിക്കാനാണ്. അത് ഇവിടെ പറയും. അത് പറയാൻ പാടില്ലായെന്ന് ആര് വിലക്കിയാലും ശരി, അത് ശരിയല്ല. ഞാൻ ഇവിടെ പറഞ്ഞ പ്രശ്നങ്ങൾ, ഇവിടെ കഴിഞ്ഞ കാലങ്ങളിൽ നടന്ന അഴിമതികൾ, ഇത്തരം ഇടപെടലുകളിലെല്ലാം

* * * * * *

എന്ന് നാട്ടിൽ സംസാരമുണ്ട്. അത് അന്വേഷിക്കാൻ എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ എന്നാണ് ഞാൻ ചോദിച്ചത്. ......ബഹളം ..........അതും പറയാൻ പാടില്ലേ? അങ്ങനെ ഒന്നും പറയാൻ പാടില്ലേ? അതിനെ സംബന്ധിച്ച് റൂളിംഗ് വേണം. അല്ലെങ്കിൽ പിന്നെ നമുക്ക് ഇവിടെ വായ് തുറക്കാൻ പററില്ല. ആ ഒരു ബുദ്ധിമുട്ടുണ്ട്. അതുകൊണ്ട് ഞാൻ പറയുന്നത്, ഇത്തരം വാർത്തകൾ രാജ്യത്ത് പ്രബലമായി പ്രചരിക്കുന്നു. ആ വാർത്തകൾ സജീവമായി പ്രചരിക്കുന്ന ഒരു സന്ദർഭത്തിൽ അതിനെക്കുറിച്ച് അന്വേഷിക്കാനും

*സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം രേഖയിൽനിന്ന് നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

നിരപരാധിത്വം തെളിയിക്കുവാനും നാളിതുവരെ മുഖ്യമന്ത്രി ശ്രമിച്ചിട്ടില്ലായെന്നാണ്. ഈ മൂന്നുകൊല്ലമായി ഏതെങ്കിലുമൊരു സംഭവത്തിൽ, അതും തനിക്ക് ഭൂഷണമാണെന്ന് കരുതുന്ന ഒരു മുഖ്യമന്ത്രി, ആ മുഖ്യമന്ത്രിക്ക് ചില അനുചാരകവൃന്ദങ്ങൾ! മുഖ്യമന്ത്രി കണ്ണുരുട്ടിയാൽ മൂത്രമൊഴിക്കുന്ന ചില ആളുകൾ, മുഖ്യമന്ത്രിയുടെ ഇംഗിതത്തിന് അനുസരിച്ച് കാര്യങ്ങൾ പോകുന്നു എന്നാണ് ഞാൻ ഇവിടെ പറഞ്ഞത്. ഞാൻ ഇവിടെ എഴുതിക്കൊടുത്ത ഒരു വിഷയം, കേരളത്തിൽ പുതുതായി വിദേശ മദ്യഷാപ്പുകൾ അനുവദിക്കാൻ പാടില്ല എന്ന ഒരു നിയമം ഉണ്ട്. ജി. ഒ. ആർ. ടി. 807/91 ഇ. ഡി. ഡേററഡ് 11–12–1991 ഈ ഓർഡർ പ്രകാരം പുതുതായി കേരളത്തിൽ ബാർ ലൈസൻസ് കൊടുക്കേണ്ടതില്ല എന്ന് ഈ ഗവൺമെൻറ് തീരുമാനിച്ചു. ടാക്സസ് ഡിപ്പാർട്ടുമെൻറിനുവേണ്ടി ഗവൺമെൻറ് പുറപ്പെടുവിച്ച ഉത്തരവിലാണ് ഇത്തരം ബാർ ലൈസൻസ് പുതുതായി കൊടുക്കേണ്ടതില്ലായെന്ന് തീരുമാനിച്ചത്. ഈ ഉത്തരവിനെ മറികടന്ന്, ലംഘിച്ച്, ചില കുറുക്കുവഴികൾ ഉപയോഗിച്ച്, ഇപ്പോൾ ബാർ ലൈസൻസ് കൊടുക്കാനുള്ള ശ്രമങ്ങൾ നടക്കുന്നു. ആ വിഷയം സംബന്ധിച്ചാണ് ഞാൻ പറയുന്നത്. ഒരു ഉദാഹരണം ഞാൻ പറയാം. കേരളത്തിൽ ഇത്തരം നിരവധി അനുഭവങ്ങൾ ഉണ്ടാകുന്നു, പക്ഷേ നേരിട്ട് അതിൻെറ മുഴുവൻ വിശദാംശങ്ങളും കിട്ടിയ ഒരു കേസ് ഞാൻ പറയാം. ചാവക്കാട് താലൂക്കിലെ എടവള്ളി പഞ്ചായത്തിൽ കൂവത്തൂരിൽ ഒരു ബാർ ഹോട്ടൽ ഉണ്ടായിരുന്നു; വളരെ വർഷങ്ങൾക്ക് മുമ്പാണ്. 'ധന്യ' ബാർ എന്നാണ് അതിൻെറ പേര്. ലൈസൻസ് നമ്പർ എഫ്. എൽ.-3. 1988 മുതൽ ആ ബാർ പ്രവർത്തിക്കാതായി. പിന്നീട് ആ ബാർ അവിടെ ഇല്ല. 'ധന്യ' ബാർ പ്രവർത്തിച്ചിരുന്ന കെട്ടിടം കുറേ വർഷങ്ങൾക്കുശേഷം റേഷൻ ഹോൾസെയിൽ ഗോഡൗൺ ആയി ജില്ലാ കളക്ടർ മാററുകയും ജില്ലാ കളക്ടർ ലൈസൻസ് കൊടുക്കുകയും ചെയ്തു. ഇപ്പോൾ അത് റേഷൻ ഹോൾസെയിൽ ഗോഡൗൺ ആണ്. അവിടെ അത്തരമൊരു ബാറോ, ബാറിന് ആസ്പദമായ സ്ഥലമോ ഇപ്പോൾ നിലനിൽക്കുന്നില്ല. എന്നാൽ ആ 'ധന്യ ബാറി'ൻെറ ലൈസൻസ് പുതുക്കിക്കൊടുക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. നിലവിൽ നടന്നുകൊണ്ടിരിക്കുന്ന ബാറുകൾ തന്നെ 'two star hotel'-കളുടെ സ്ററാൻേറർഡിൽ ഉയർത്തിയിരിക്കണം, അതിൻെറ പ്രവർത്തനങ്ങൾ പൂർത്തിയായിരിക്കണം എന്ന് ഈ ഗവൺമെൻറ് നോട്ടിഫൈ ചെയ്തിട്ടുണ്ട്. ജി. ഒ. എം. എസ്. നമ്പർ 35/92 ഡി. ഡി., ഡേററഡ് 18–2–1992. ഈ ഉത്തരവ് പ്രകാരം പറയുന്നത്, two star ഹോട്ടലുകളുടെ എല്ലാവിധ സൗകര്യങ്ങളും ഉള്ള സ്ഥലങ്ങളിൽ മാത്രമേ ബാർ പ്രവർത്തിക്കാൻ പാടുള്ളൂ എന്നാണ്. നിലവിലുള്ള ബാറുകൾക്ക് തന്നെ 30–6–1992-നുള്ളിൽ two star സൗകര്യമുണ്ടാക്കിയിരിക്കണം. അതല്ലാ എങ്കിൽ ലൈസൻസ് ക്യാൻസൽ ചെയ്യും. അതിൻെറ ഉത്തരവും ഇതിനോടൊപ്പം തന്നെ പോയിട്ടുണ്ട്; ബോർഡിൻെറ കത്തും അയച്ചിട്ടുണ്ട്. എന്നാൽ ഇത്രയേറെ നിബന്ധനകളെല്ലാം നിലനിൽക്കുമ്പോൾ അരി ഗോഡൗൺ പ്രവർത്തിക്കുന്ന ഈ സ്ഥലത്ത് ഉണ്ടായിരുന്ന ബാറിൻെറ ലൈസൻസ് വീണ്ടും പുതുക്കിക്കൊടുക്കാനുള്ള ശ്രമങ്ങൾ നടക്കുകയാണ്, ലൈസൻസ് പുതുക്കിക്കൊടുക്കുന്നതിനുതന്നെ ചില നിബന്ധനകളുണ്ട്. ആ പുതുക്കിക്കൊടുക്കുന്ന നിബന്ധനകളിലും, ബോർഡിൻെറ കത്തിലും അത് വിശദമായി വിശദീകരിക്കുന്നുണ്ട്. അതിൻെറ എല്ലാ ഓർഡറുകളും എൻെറ കയ്യിലുണ്ട്. അത് വായിച്ചാൽ ഒരുപാട് സമയം പോകുമെന്നുള്ളതിനാൽ ഞാൻ വായിക്കുന്നില്ല. ജി. ഒ. ആർ. ടി.

255/82 സി.ഡി. 15–4–1982-ൽ ഇറക്കിയ ഉത്തരവും ബോർഡിന്റേതായ 10 എ 3/22754/81, ഡേററഡ് 4–5–1992 കത്തും ഇത് വിശദീകരിക്കുന്ന കാര്യങ്ങൾ പരാമർശിക്കുന്നതാണ്. two star സ്ററാൻേർഡ് േ ണമെന്ന് ബോർഡ് നിർദ്ദേശിക്കുമ്പോൾ പഴയ ലൈസൻസ് പുതുക്കുന്നതിന്റെ പേരിൽ ഈ റേഷൻ ഹോൾസെയിൽ ഗോഡൗണിന് ലൈസൻസ് കൊടുക്കുന്നതിനുള്ള നടപടിയാണ് ഈ ഗവൺമെന്റ് എടുത്തുകൊണ്ടിരിക്കുന്നത്. എങ്ങനെയാണ് ഇത് സാധിക്കുക? നിലവിലുള്ള ഒരു ഗവൺമെന്റിന്റെ എല്ലാ നിയമങ്ങളേയും ലംഘിച്ചുകൊണ്ട്, ഒരു റേഷൻ ഹോൾസെയിൽ ഗോഡൗണിന് ബാർ ലൈസൻസ് കൊടുക്കാൻ ഇപ്പോൾ ശ്രമിക്കുന്നു. അത് മാത്രമല്ല ഗുരുതരമായ, അതിലെ ഗൗരവകരമായ പ്രശ്നം, എലവള്ളി കൂവത്തൂരിൽനിന്നും ഇത് ഗുരുവായൂർ ടൗൺഷിപ്പിലേക്ക് മാററാനും ഇപ്പോൾ ശ്രമം നടക്കുകയാണ് എന്നതാണ്.

സർ, ഗുരുവായൂരപ്പന്റെ സന്നിധിയിൽ ഇനിയൊരു ബാർ ഹോട്ടൽ വേണോ? ബാർ ലൈസൻസ് കൊടുത്ത് അവിടെ ഇതുകൂടി പ്രവർത്തിക്കേണ്ടതുണ്ടോ? അതിനും ഇവിടെ വ്യവസ്ഥാപിതമായ ചില നിയമങ്ങളുണ്ട്. അത് ഈ ഗവൺമെന്റുതന്നെ പ്രഖ്യാപിച്ചിട്ടുണ്ട്. ഒരു പഞ്ചായത്ത് ഏരിയായിൽനിന്ന് ഒരു ടൗൺ ഷിപ്പിലേക്ക് ബാറുകൾ മാററാൻ പാടില്ല; ഇപ്പോൾ നിലവിൽ വ്യവസ്ഥയുണ്ട്. ബോർഡിന്റെ കത്ത് 10 എ 3/292/92 ഡേററഡ് 20–1–1992. ഈ കത്തിൽ വ്യക്തമാക്കുന്നത് ഒരു പഞ്ചായത്ത് ഏരിയായിൽനിന്ന് മറെറാരു സ്ഥലത്തേക്ക് ഇത് മാററാൻ പാടില്ല എന്നാണ്. ബാർ ലൈസൻസ് കൊടുക്കാൻ കേരളത്തിൽ വ്യവസ്ഥയില്ലാതിരിക്കെ ബാറുകൾ നടത്തുന്നവർ പാലിക്കേണ്ട സംസ്ഥാന ഗവൺമെന്റിന്റെ എല്ലാ നിബന്ധനകളും ലംഘിച്ചുകൊണ്ട് റേഷൻ ഹോൾസെയിൽ ഗോഡൗണിന് കളക്ടർ ലൈസൻസ് നൽകിയ സ്ഥലത്ത് പിഴഫീസ് വാങ്ങി എന്ന രേഖയുണ്ടാക്കി ധന്യാ ബാറിന് ലൈസൻസ് നൽകാൻ തീരുമാനിച്ചിരിക്കുന്നു. പഞ്ചായത്ത് ഏരിയായിൽനിന്ന് ടൗൺഷിപ്പിലേക്ക് മാററിക്കൊടുക്കാൻ വ്യവസ്ഥ ഇല്ലാതിരിക്കെ ഗുരുവായൂർ ടൗൺഷിപ്പിലേക്ക് ഈ ബാറ് മാററിക്കൊടുക്കാൻ പോകുന്നു. ഇത്രയേറെ വഴിവിട്ട രീതിയിൽ ഗവൺമെന്റിന്റെ പ്രഖ്യാപിത തീരുമാനങ്ങൾ ലംഘിച്ചുകൊണ്ട് ഈ ബാർ ലൈസൻസ് കൊടുക്കുന്നതിൽ ശ്രീമാൻ കരുണാകരൻ 10 ലക്ഷം ഉറുപ്പിക കൈപ്പററി എന്നതാണ് എന്റെ ആക്ഷേപം. അതിന്റെ എല്ലാ രേഖകളും സവിസ്തരം പരിശോധിച്ച് ഇതിനാവശ്യമായ അന്വേഷണം നടത്തണം. സർ, ഞാൻ നേരത്തെ പറഞ്ഞപ്പോൾ ഒരുപാട് അസഹിഷ്ണുത ആ ഭാഗത്തുള്ള സുഹൃത്തുക്കൾ കാണിച്ചു. ഇതുപോലെ ഒരുപാട് പ്രശ്നങ്ങൾ ഇതിനുമുമ്പ് വന്നിട്ടുണ്ട്. പാമോയിൽ തുടങ്ങി ഒത്തിരി പ്രശ്നങ്ങൾ. ഇത്തരം വഴിവിട്ട പ്രവർത്തനങ്ങളാണ് നമ്മുടെ സംസ്ഥാനത്തിലെ കീ പോസ്ററുകളിലുള്ള ഉദ്യോഗസ്ഥൻമാരെപ്പോലും ഇന്ന് ആ വഴിയിലേക്ക് എത്തിച്ചിട്ടുള്ളത്. അതുകൊണ്ടാണ് ഞാൻ പറയുന്നത് ഇതെല്ലാം ഒരു കോക്കസിന്റെ കൈകളിൽ അമർന്നിരിക്കുന്നു എന്നാണ്. അതുകൊണ്ട് മുഖ്യമന്ത്രി ശ്രീമാൻ കരുണാകരന്റേയും കുടുംബത്തിന്റേയും സ്വത്തു വിവരം പ്രഖ്യാപിക്കണം, വരുമാനത്തെക്കുറിച്ച് അന്വേഷണം ഉണ്ടാകണം. ഈ രാജ്യത്തെ ജനങ്ങളുടെ മുൻപിൽ ഇത് ബോദ്ധ്യപ്പെടുത്താനുള്ള ബാദ്ധ്യത ഈ ഗവൺമെന്റിനുണ്ട്. അതുകൊണ്ട് ഞാൻ ഉന്നയിച്ച ഈ പ്രശ്നങ്ങൾ അന്വേഷിക്കാൻ ഗവൺമെന്റ് തയ്യാറാകണം; അതിനാവശ്യമായ തെളിവുകൾ നൽകാൻ ഞാൻ തയ്യാറാണ്. ഇതിന്

മുമ്പുവന്ന കാര്യങ്ങളെക്കുറിച്ചും അന്വേഷിക്കണം. ഇതുപോലെ സംശയത്തിന്റെ മുമ്പിൽ നിൽക്കുന്ന ഈ മുഖ്യമന്ത്രിയും കേരളാ ഗവൺമെന്റും തരിമ്പെങ്കിലും സംശുദ്ധമാണെന്ന് അവരുടെ മനസാക്ഷിയോട് പറയാൻ സാധിക്കണമെങ്കിൽ ഒരന്വേഷണത്തിന് ഈ ഗവൺമെന്റ് പരസ്യമായി ഉത്തരവിടണം. എല്ലാ പ്രശ്നങ്ങളെ സംബന്ധിച്ചും. അല്ലാതെ ഇതുമായി മുന്നോട്ട് പോകുന്നത് ഭൂഷണമല്ല. നമ്മുടെ നാട്ടിൽ ഒരു പഴഞ്ചൊല്ലുണ്ട്. 'ചൊല്ലിക്കൊട്, തല്ലിക്കൊട്, തള്ളിക്കള' എന്ന്. ചൊല്ലിക്കൊടുത്തു, ഞങ്ങൾ ഒരുപാട് ശ്രമിച്ചു. തല്ലി നോക്കി. ഇനി തള്ളിക്കളയുകയല്ലാതെ മാർഗ്ഗമില്ലാത്ത ഒരു പതനത്തിൽ എത്തി നിൽക്കുന്ന ഒരു ഗവൺമെന്റാണിത്. അതുകൊണ്ട് ഈ ഗവൺമെന്റിന്റെ ഉപധനാഭ്യർത്ഥനകളെ ഞാൻ അംഗീകരിക്കുന്നില്ല. ഇതിനൊരന്വേഷണം നടത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ഇ. എം. അഗസ്തി: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ പിന്താങ്ങുകയാണ്. ചർച്ച തുടങ്ങിവച്ച ശ്രീ. ടി. കെ. ഹംസ മുതൽ എനിക്ക് മുമ്പ് സംസാരിച്ച ശ്രീ. ഇസ്മയിൽ വരെയുള്ള ആളുകൾ സംസാരിച്ചപ്പോൾ ഉപധനാഭ്യർത്ഥന എന്നു പറഞ്ഞാൽ എന്താണെന്ന് യഥാർത്ഥത്തിൽ മറച്ചുവച്ചുകൊണ്ടാണ് സംസാരിച്ചത് എന്നാണ് എനിക്ക് തോന്നുന്നത്. ഇവിടെ കുറെയേറെ ആക്ഷേപങ്ങൾ നിരത്തുന്നതിനുവേണ്ടിയാണ് പ്രതിപക്ഷം മൽസരപൂർവ്വം ശ്രമിക്കുന്നത്. ഇവിടെ ഉന്നയിച്ച ആക്ഷേപങ്ങളുടെ വിശദാംശത്തിലേയ്ക്കോ അതിന്റെ മറുപടിയിലേയ്ക്കോ ഒന്നും പോകാനല്ല തയ്യാറാകുന്നത്. തൃശ്ശൂരിലെ പാഡി പ്രോസസിംഗ് മില്ലിന്റെ കാര്യവും അതുപോലെതന്നെ ബ്രഹ്മപുരത്ത് 220 കെ. വി. സബ്സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനത്തിന്റെ കാര്യവും സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ജീപ്പും കാറുകളും വാങ്ങിച്ച കാര്യങ്ങളുമൊക്കെ പ്രതിപക്ഷത്തുള്ള അംഗങ്ങൾ ഉയർത്തിക്കൊണ്ടു വന്നു. ഇതിൽ രാഷ്ട്രീയ അഴിമതിയുടെ പുകമറ സൃഷ്ടിക്കാനാണ് പ്രതിപക്ഷ അംഗങ്ങൾ ശ്രമിച്ചതെന്ന് കാര്യം ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. ഇതൊക്കെ ചൂണ്ടിക്കാണിക്കാനുള്ള അവകാശം പ്രതിപക്ഷത്തിനുണ്ടെന്ന കാര്യം അംഗീകരിച്ചുകൊണ്ടാണ് ഞാൻ പറയുന്നത്. പക്ഷേ എന്തുകൊണ്ടാണ് ഈ കാര്യങ്ങളൊക്കെ ചെയ്യേണ്ടിവരുന്നത് എന്ന കാര്യത്തെ സംബന്ധിച്ച് പ്രതിപക്ഷം പറഞ്ഞില്ല എന്നതാണ് എന്റെ തർക്കം. ഇതിന്റെ കാര്യങ്ങൾ പറഞ്ഞത്, ബഡ്ജററ് തയ്യാറാക്കുന്ന സമയത്ത് ഗവൺമെന്റിന്റെ മുമ്പാകെ പരിഗണനയിൽ വരാതിരിക്കുകയോ, മുൻകൂട്ടി കണക്കുകൾ കാണാതിരിക്കുന്നതോ ആയ കാര്യങ്ങൾക്ക് ഡിപ്പാർട്ടുമെന്റുകളുടെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ പണം അനുവദിക്കുന്നതിനുള്ള ഉദ്ദേശമാണ് കണ്ടിൻജൻസി ഫണ്ടുകൊണ്ടുള്ളത്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്കൊന്നും പോകുന്നില്ല. ഞാൻ ഒരു വാചകം വായിക്കാം. The contingency fund has been created under Article 267 (2) of Constitution. It may sometimes become necessary during the course of the year to incur expenditure over and above the amount already authorised by the Legislature on a particular service or on a new service not contemplated in the Annual Budget even before obtaining the approval of the Legislature for exceeding the budget grant incurring new expenditure. സർ, ബഡ്ജററിന്റെ പ്രാഥമികമായ ജോലികൾ ആരംഭിക്കുന്നത് ഡിസംബർ, ജനുവരി മാസങ്ങളിലാണ്,

LIBRARY ARCHIVES Kerala Legislative Assembly

ഈ ഗവൺമെൻറിന് മുൻകൂട്ടി കാണാൻ കഴിയാതിരുന്ന അധികമായ ചെലവുകളും ചുമതലകളും നിർവ്വഹിക്കുന്നതിനുവേണ്ടിയുള്ള ബിൽ വരുമ്പോൾ തീർച്ചയായും അതിന്റെ ഉദ്ദേശശുദ്ധിയെ മാനിക്കാൻ ഈ ചർച്ചയിൽ പങ്കെടുത്ത ആളുകൾ തയ്യാറാകേണ്ടതായിരുന്നു എന്നാണ് എന്റെ അഭിപ്രായം. ഇവിടെ രണ്ടുമൂന്ന് പ്രധാനപ്പെട്ട ആക്ഷേപങ്ങൾ പ്രതിപക്ഷത്തുനിന്ന് ഉന്നയിക്കുകയുണ്ടായി. അതിൽ ഏററവും പ്രധാനപ്പെട്ടത് തൃശ്ശൂരിൽ സ്ഥാപിതമാകാൻ പോകുന്ന പാഡി പ്രോസസിംഗ് മില്ലിന് ഗ്രാൻറ് നൽകിയ നടപടിയെ സംബന്ധിച്ചാണ്. പാഡി പ്രോസസിംഗ് മിൽ എന്നു പറയുന്നത് കർഷക നയത്തിന്റെ ഭാഗമാണ്. ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം കേരളത്തിലെ കാർഷിക മേഖലയിൽ വലിയ പ്രതീക്ഷയുണ്ടാക്കിയ, ഉണർവുണ്ടാക്കിയ സംസ്ഥാന ഗവൺമെൻറിന് അഭിമാനകരമായ കാർഷിക നയത്തിൽ എടുത്തുപറഞ്ഞിരുന്ന ഒരു കാര്യമാണ് തൃശ്ശൂരിൽ പാഡി പ്രോസസിംഗ് മിൽ ഉണ്ടാക്കുക എന്നത്. ആ പാഡി പ്രോസസിംഗ് മിൽ സ്ഥാപിക്കുന്നതിനാവശ്യമായ ഇൻവെസ്ററിഗേഷൻ സംബന്ധമായ കാര്യങ്ങൾ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്ന സമയത്ത്, ഈ ബഡ്ജററ് തയ്യാറാക്കുന്ന സമയത്ത് ഇല്ലാതിരുന്നതുകൊണ്ടാണ് ഇവിടെ ഇപ്പോൾ ഈ സപ്ലിമെൻററി ഡിമാൻറിലൂടെ ഇതിന് പണം സമ്പാദിക്കേണ്ടിവന്നത്. ഇത് സദുദ്ദേശത്തോടുകൂടി കാണേണ്ടതായിരുന്നു എന്നാണ് എന്റെ അഭിപ്രായം. ബഹുമാനപ്പെട്ട ബേബിജോൺ ഇവിടെ ബ്രഹ്മപുരം പ്രോജക്ടിനെപ്പററി വലിയ ഒരു അഴിമതി ആരോപണം ഉന്നയിക്കുകയുണ്ടായി. ഈ അഴിമതി ആരോപണം ഉന്നയിച്ചപ്പോൾ ശ്രീ. ബേബിജോണിനെപ്പോലെയുള്ള ആളുകൾ പ്രതിപക്ഷത്ത് ഇരുന്നാലും ഭരണപക്ഷത്തിരുന്നാലും ശരി, സംസ്ഥാനത്തിന്റെ വികസന കാര്യത്തെ സംബന്ധിച്ച് താൽപര്യമുള്ള ആളുകൾ ആയിരിക്കും എന്ന പ്രതീക്ഷയിൽ വളരെ ശ്രദ്ധാപൂർവ്വം ഞാൻ ആദ്ദേഹത്തിന്റെ പ്രസംഗം കേൾക്കുകയായിരുന്നു. പക്ഷേ എനിക്ക് പ്രസംഗം കേട്ടപ്പോൾ ദുഃഖമാണ് തോന്നിയത്. എന്താണ് അദ്ദേഹം പറയുന്ന ആക്ഷേപങ്ങൾ? ബ്രഹ്മപുരം പ്രോജക്ടിന്റെ സബ്സ്റേറഷന് ഗ്രൗണ്ട് ലെവലിംഗിന് ആവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾക്ക് കരാർ കൊടുത്തതിൽ അഴിമതി നടന്നിട്ടുണ്ടെന്ന് സ്ഥാപിക്കുന്നതിന് ഒരു വിഫലശ്രമമാണ് നടത്തിക്കൊണ്ടിരുന്നത്. ഇവിടെ അദ്ദേഹം പറഞ്ഞ ആക്ഷേപം, നമ്മുടെ ബ്രഹ്മപുരം 220 കെ. വി. സബ്സ്റേറഷന്റെ ഗ്രൗണ്ട് ലെവലിംഗിനുള്ള കരാറിന്റെ എസ്ററിമേററ് തുകയിൽനിന്ന് 15 ശതമാനം കുറച്ചു കൊടുത്തു എന്നാണ്. ഒരു കരാർ എസ്ററിമേററ് തുകയ്ക്ക് കൊടുത്താൽ അതിൽ അഴിമതിയുണ്ടെന്നു കണ്ടുപിടിക്കാൻ കഴിയത്തക്ക രാഷ്ട്രീയബുദ്ധി ഞാൻ ആദ്യമായി കേൾക്കുകയാണ്. അഴിമതിയാരോപണം ഉന്നയിച്ചില്ലെങ്കിൽ ഈ നിയമസഭയിൽ ചർച്ചയിൽ പങ്കെടുത്തതായി തോന്നത്തില്ല എന്ന ധാരണ പ്രതിപക്ഷത്തിനുള്ളതുകൊണ്ടാണ് അഴിമതിയാരോപണങ്ങളുടെ പുകമറ സൃഷ്ടിക്കാൻ ഇവർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. എന്താണ് ഇവിടത്തെ യഥാർത്ഥ പ്രശ്നം? ഈ കരാർ ഉറപ്പിക്കുന്നതിനെ സംബന്ധിച്ച് പത്രങ്ങളിൽ വന്ന വാർത്തയെ സംബന്ധിച്ച് ഒരു വാചകം ഞാൻ വായിക്കാം: the condition that the work w ll be executed at the estimate rate for the balance portion beyond the originally contracted quantity provided that the work is completed before the onset of the South-west monsoon. സൗത്ത് വെസ്ററ് മൺസൂൺ ആരംഭിക്കുന്നതിനു മുമ്പ് പൂർത്തീകരിക്കണമെന്ന

വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ 9–5–1994–ൽ എസ്റ്റിമേററ് തുകയ്ക്ക് കരാർ കൊടുത്തു. അതനുസരിച്ച് 98 ശതമാനം വർക്ക് പൂർത്തീകരിക്കുകയാണുണ്ടായത്. കേരളത്തിലാദ്യമായി ഒരു ഡീസൽ വൈദ്യുതി നിലയം സ്ഥാപിക്കാനുള്ള നടപടിക്രമവുമായി ഈ ഗവൺമെൻറിന് മുന്നോട്ടുപോകാൻ കഴിഞ്ഞപ്പോൾ ഈ ഗവൺമെൻറിന്റെ നേട്ടം ജനങ്ങളുടെ മുമ്പാകെ മറച്ചുവയ്ക്കുന്നതിനുവേണ്ടി ബോധപൂർവ്വമായി അഴിമതിയുടെ പുകമറ സൃഷ്ടിക്കാനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. എന്താണ് നമ്മുടെ കേരളത്തിന്റെ പ്രശ്നം? വൈദ്യുതി രംഗത്ത് കേരളത്തിന്റെ പ്രശ്നം പരിശോധിക്കേണ്ടതാണ്. പ്രതിദിനം കേരളത്തിനാവശ്യമായ വൈദ്യുതി 2000 മെഗാവാട്ടാണ്. 2000 മെഗാവാട്ട് വൈദ്യുതി ആവശ്യമുള്ള കേരളത്തിൽ ആകെ ഉൽപ്പാദിപ്പിക്കുന്നത് 1000 മെഗാവാട്ട് വൈദ്യുതിയാണ്. കേന്ദ്രപൂളിൽനിന്ന് മൊത്തം ലഭ്യമാകുന്നത് 1450 മെഗാവാട്ട് വൈദ്യുതിയാണ്, പ്രഖ്യാപിതവും അപ്രഖ്യാപിതവുമായ ലോഡ് ഷെഡിംഗിലൂടെ നമ്മൾ 1700 മെഗാവാട്ടാക്കി ഇത് സൂക്ഷിക്കുന്നു. പക്ഷേ 2000 മെഗാവാട്ട് ഡിമാൻറ് അങ്ങനെ ഇവിടെ നിൽക്കുകയാണ്. ഇങ്ങനെ നമ്മുടെ സംസ്ഥാനം ഊർജ്ജ രംഗത്ത് വലിയ പ്രതിസന്ധിയുമായി മുന്നോട്ടുപോകുമ്പോൾ നമ്മുടെ സംസ്ഥാനത്ത് 1987–ൽ ഐക്യജനാധിപത്യമുന്നണി ഗവൺമെൻറ് ഇടമലയാർ പദ്ധതി കമ്മീഷൻ ചെയ്തതിനുശേഷം കേരളത്തിൽ ഒരു മെഗാവാട്ട് വൈദ്യുതിപോലും കൂടുതലായി ഉൽപ്പാദിപ്പിക്കാനുള്ള നടപടി സ്വീകരിക്കാൻ ഈ കാലമത്രയും നാടുഭരിച്ചിരുന്ന ആളുകൾക്ക് കഴിഞ്ഞിട്ടില്ല. ഇപ്പോൾ ഇവിടെ വിമർശിക്കുന്നുണ്ടല്ലോ. നാലര വർഷക്കാലം ഇടതുപക്ഷ മുന്നണി സംസ്ഥാനം ഭരിച്ചിട്ട് ഒരു യൂണിററ് വൈദ്യുതി കൂടുതലായി ഉൽപ്പാദിപ്പിക്കാൻപോലും അവർക്ക് കഴിഞ്ഞിട്ടില്ല. ഐക്യജനാധിപത്യ മുന്നണി ഗവൺമെൻറ് അധികാരത്തിൽ വന്നു, ശ്രീ. കെ. കരുണാകരൻ മുഖ്യമന്ത്രിയായി. ശ്രീ. പത്മരാജൻ വൈദ്യുതിവകുപ്പിന്റെ മന്ത്രിയായി; വൈദ്യുതി രംഗത്ത്

6 p. m.] ചലനമുണ്ടാക്കാൻ കഴിഞ്ഞിരിക്കുന്നു. സർ, ലോവർപെരിയാർ ഉൾപ്പെടെ, കേരള സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ആദ്യമായി ബ്രഹ്മപുരം ഡീസൽ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം ആരംഭിക്കാൻ കഴിഞ്ഞിരിക്കുന്നു. കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായി കാലാവധിക്കുള്ളിൽ 98 ശതമാനം ജോലികൾ പൂർത്തീകരിച്ചുകൊണ്ട് സമയബന്ധിതമായി ഈ പദ്ധതി പൂർത്തീകരിക്കാൻ കഴിയുമെന്നുള്ള അഭിമാനത്തോടുകൂടി ഈ ഗവൺമെൻറ് നിൽക്കുകയാണ്. ഈ ഗവൺമെൻറിനെപ്പററി, ഈ പ്രോജക്ടിനെപ്പററി എന്ത് ആക്ഷേപമാണ് പറയുന്നത്? അടിസ്ഥാനരഹിതമായ ആരോപണം ഉന്നയിച്ച് ഗവൺമെൻറിന്റെ പ്രതിച്ഛായ തകർക്കാൻ ശ്രമിക്കുന്നതിലൂടെ 6 മാസമായി ജോലിയെടുത്ത ഉദ്യോഗസ്ഥൻമാരേയും കേരള സംസ്ഥാനത്തിന്റെ പൊതുസമീപനത്തേയും സൽപ്പേരിനേയും കളങ്കപ്പെടുത്താനാണ് പ്രതിപക്ഷം ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഞാൻ ഇവിടെ ഈ ചർച്ച വന്നപ്പോൾ ശ്രദ്ധിച്ചുകൊണ്ടിരിക്കുകയായിരുന്നു. പ്രതിപക്ഷത്തു നിന്നുള്ള പ്രധാന ആക്ഷേപങ്ങൾ ഇവിടെ രാഷ്ട്രീയ രംഗത്തുള്ള അഴിമതിയെ സംബന്ധിച്ചുള്ളതായിരുന്നു. ഇവിടെ അഴിമതി ആരോപണം എന്തുകൊണ്ട് പ്രതിപക്ഷം പറയുന്നു? പ്രതിപക്ഷം അഴിമതിയാരോപണം പറയുന്നതിൽ ഉള്ള ഒരു കാര്യം, ഇവിടെ എനിക്ക് മുമ്പ് സംസാരിച്ച ബഹുമാനപ്പെട്ട ഇസ്മയിൽ സൂചിപ്പിച്ചതുപോലെ ദിവസവും രണ്ട് അഴിമതിയാരോപണം വേണം. ദേശാഭിമാനി പത്രത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

വന്ന വാർത്തയെന്നുപറഞ്ഞാണ് ആക്ഷേപം വരുന്നത്. മൂന്നുവർഷം ആയില്ലേ? നിങ്ങൾക്ക് കാര്യകാരണസഹിതം തെളിയിക്കാൻ കഴിയുന്ന ഏതെങ്കിലും ഒരു ആരോപണം നിയമാനുസൃതമായി ഇവിടെ എഴുതി കൊടുത്ത് തെളിയിക്കാൻ കഴിയട്ടെ. അന്വേഷണം നടക്കുമല്ലോ. പക്ഷേ എല്ലാ പ്രശ്നത്തിലും അഴിമതിയാരോപണം എന്നു പറഞ്ഞ് ഗവൺമെൻറിൻെറ സൽപ്പേരിന് കളങ്കം ചാർത്താൻ ശ്രമിക്കുന്ന കാര്യം ഞാൻ ഇവിടെ സൂചിപ്പിക്കുകയാണ്. ഇവിടെ പലരും സംസാരിക്കുമ്പോൾ പല നിയമമാണ്. പ്രതിപക്ഷത്തുള്ള ആളുകൾ സംസാരിക്കുമ്പോൾ പല സ്വരവും പല ശബ്ദവും പല ഈണവും ആണ്. കേരളത്തിൽ വികസനം നടക്കുന്നില്ല, പുരോഗതിയില്ല എന്ന് മാർക്സിസ്ററ് പാർട്ടി പറയുന്നു. കേന്ദ്ര ഗവൺമെൻറിൻെറ തെററായ നയങ്ങൾ കൊണ്ട് വികസനം ആകെ മുരടിച്ചുവെന്നാണ് പറയുന്നത്. കേരളത്തിലേക്ക് പദ്ധതികൾ വരുന്നില്ലായെന്നാണ് മാർക്സിസ്ററ് പാർട്ടിയുടെ ആക്ഷേപം. അവർ ഭരിക്കുന്ന പശ്ചിമ ബംഗാളിലോ? പശ്ചിമ ബംഗാളിലെ മുഖ്യമന്ത്രി ശ്രീ. ജോതിബസു ആ രാജ്യത്തിലേക്ക് കുത്തകകളേയും ബഹുരാഷ്ട്ര കുത്തകകളേയും സ്വാഗതം ചെയ്യുകയാണ്. ഇവിടെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സംസാരിച്ച ബഹുമാനപ്പെട്ട സക്കറിയ ഒരു വാചകം പറയുകയുണ്ടായി. ഞാൻ അത് ഇവിടെ സൂചിപ്പിക്കുന്നില്ല. പശ്ചിമ ബംഗാളിലെ മുഖ്യമന്ത്രി, ഏതു വ്യവസായം ആണെങ്കിലും ശരി—ദേശീയ കുത്തകയാണെങ്കിലും ശരി, അന്തർദ്ദേശീയ കുത്തകകയാണെങ്കിലും ശരി, പശ്ചിമ ബംഗാളിൽ മുതൽ മുടക്കാൻ തയ്യാറുള്ള എല്ലാവരേയും സ്വാഗതം ചെയ്യുമെന്ന് പറഞ്ഞിരിക്കുന്നു. ആ രംഗത്ത് മാർക്സിസ്ററ് പാർട്ടിയുടെ സമീപനം എന്താണ്? ജോതിബസുവിൻെറ സമീപനം കൂടുതൽ മുതൽമുടക്കും വ്യവസായ പുരോഗതിയും ആണെങ്കിൽ മാർക്സിസ്ററ് പാർട്ടിയുടെ സമീപനം കേന്ദ്രത്തിലെ സമരവും വ്യവസായ സമരവും ആണ്. മാർക്സിസ്ററ് കമ്മ്യൂണിസ്ററ് പാർട്ടിയുടെ ആശയദാരിദ്ര്യം പ്രകടമാകുന്നു. ഇന്നത്തെ 'ദീപിക' പത്രത്തിൽ ഒരു വാർത്തയുണ്ട്. ഞാൻ അത് വായിക്കാം. കൽക്കട്ടായിൽ സി. ഐ. ററി. യു. ഒരു സമ്മേളനം വിളിച്ചുകൂട്ടി. ആ സമ്മേളനത്തിൽ പങ്കെടുത്തുകൊണ്ട് സി. ഐ. ടി. യു. അഖിലേന്ത്യാ സെക്രട്ടറി ശ്രീ. എം. കെ. പാണ്ഡെയും പശ്ചിമബംഗാളിലെ മുഖ്യമന്ത്രി ജോതിബസുവും സംസാരിച്ചു. ശ്രീ. പാണ്ഡെയുടെ പ്രസംഗം കേന്ദ്രത്തിലെ വ്യവസായ നയങ്ങൾക്കെതിരെ ശക്തമായ പ്രക്ഷോഭത്തിന് തൊഴിലാളികളെ ഉദ്ബോധിപ്പിക്കുന്നതായിരുന്നു. അതാണ് അദ്ദേഹം അവിടെവച്ച് ആഹ്വാനം ചെയ്തത്. അതിനു ശേഷം ബഹുമാന്യനായ പശ്ചിമബംഗാൾ മുഖ്യമന്ത്രി ശ്രീ. ജോതിബസു പ്രസംഗിച്ചു. അദ്ദേഹം പ്രസംഗിച്ച ചില വാചകങ്ങൾ ഈ പത്രത്തിൽ ഉണ്ട്. ഇത് പൂർണ്ണമല്ല, ഇത് മലയാളം പത്രമാണ്. അത് ബംഗാളി പത്രത്തിൽ വന്നിട്ടുണ്ടാകും. മാർക്സിസ്ററുകാർ അത് വായിക്കണം. മലയാളം പത്രത്തിലെ വാചകം ഞാൻ വായിക്കാം. ഒരുകാര്യം ഞാൻ ഓർമ്മിപ്പിക്കുകയാണ്. ഇത് പശ്ചിമബംഗാൾ എന്ന രാജ്യമല്ല, ഇൻഡ്യയിലെ ഒരു സംസ്ഥാനമാണ്, ഇൻഡ്യയിലെ ദേശീയ ഗവൺമെൻറിൻെറ നയങ്ങളാണ് സംസ്ഥാന ഗവൺമെൻറ് നടപ്പിലാക്കേണ്ടത് എന്ന് ശ്രീ. ബസു പറയുന്നു. അദ്ദേഹം അവസാനിപ്പിക്കുന്നില്ല. തൊഴിലാളികളെ തങ്ങളുടെ ചേരിയിൽ പിടിച്ചുനിറുത്താൻ അവരെ സമരരംഗത്തേക്ക് തള്ളിവിടുന്ന പണി തൊഴിലാളി യൂണിയനുകൾ അവസാനിപ്പിക്കണമെന്ന് ശ്രീ. ജോതിബസു ആവശ്യപ്പെട്ടു.

LIBRARY ARCHIVES Kerala Legislative Assembly

കൽക്കട്ടയിലെ മഹാറാലിയിൽ ശ്രീ. ജോതിബസു പ്രസംഗിക്കുന്നു. തൊഴിലാളികളെ തങ്ങളുടെ ചേരിയിൽ ഉറപ്പിച്ചുനിറുത്തുന്നതിനുവേണ്ടി അവരെ സമര രംഗത്തേക്ക് തള്ളിവിടുന്ന പ്രവണത യൂണിയനുകൾ അവസാനിപ്പിക്കണം എന്ന്. ജോതിബസുവിന്റെ സമീപനം കേരളത്തിലെ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്കുണ്ടോ? കേരളത്തിലെ പ്രതിപക്ഷത്തിനുണ്ടോ? അത് പറയാൻ നമുക്ക് അവകാശമില്ലേ? കേരളത്തിലെ പ്രധാന കക്ഷിയെന്നുള്ള നിലയിൽ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സമീപനം കേരളത്തിലെ വ്യവസായ പുരോഗതിക്ക് തീർച്ചയായും സ്വാധീനിക്കാവുന്ന കാര്യമാണെന്ന് നമുക്കറിയാം. അപ്പോൾ തീർച്ചയായും ഭരണപക്ഷത്തിരിക്കുന്ന ജോതിബസുവിന്റെ നയമാണോ കേരളത്തിൽ പ്രതിപക്ഷത്തിരിക്കുന്ന മാർക്സിസ്റ്റ് പാർട്ടിക്കുള്ളതെന്നുള്ള കാര്യം അറിയാൻ ഞങ്ങൾക്ക് താൽപ്പര്യം ഉണ്ട്. മാർക്സിസ്റ്റ് പാർട്ടിയുടെ ഈ സമീപനം ഇന്നും ഇന്നലെയും തുടങ്ങിയതാണോ? പണ്ട് മുതലേ മാർക്സിസ്റ്റ് പാർട്ടിയുടെ സമീപനം അതാണ്. പക്ഷേ ഇവിടെ നമ്മുടെ ചില സുഹൃത്തുക്കൾ സംസാരിച്ചപ്പോൾ പറഞ്ഞു, ഭരണപക്ഷത്തിരിക്കുന്നവർക്ക് സഹിഷ്ണുതയില്ല, വിമർശനം കേൾക്കുന്നില്ല എന്നൊക്കെ പ്രതിപക്ഷത്തിനുണ്ടോ ഈ സഹിഷ്ണുതയെന്ന് നിങ്ങൾ ആലോചിക്കണം. ബഹുമാനപ്പെട്ട ഗൗരിയമ്മ ഇന്നലെ ആലപ്പുഴയിൽ പ്രസംഗിച്ചത് ഇന്നത്തെ പത്രത്തിൽ റിപ്പോർട്ട് ചെയ്ത് വന്നിട്ടുണ്ട്. അത് ദേശാഭിമാനിയിൽ ഇല്ല. ചില ആളുകളുടെ കയ്യിൽ ദേശാഭിമാനി മാത്രമേ കിട്ടുകയുള്ളൂ, മംഗളം പത്രത്തിൽ ഗൗരിയമ്മയുടെ ഇന്നലത്തെ പ്രസംഗമുണ്ട്. ആ ഗൗരിയമ്മ പറയുന്നു മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് ഇപ്പോഴും രണ്ട് മുഖം ഉണ്ട് എന്ന്. അവർ പറയുകയാണ്, ''നെടുമ്പാശ്ശേരി വിമാനത്താവള സംഘാടകസമിതിയിൽ എസ്. ശർമ്മ എം. എൽ. എ. അംഗമായി പ്രവർത്തിക്കുന്നു. മററ് പല ജില്ലകളിലും സി. പി. എം. നേതൃത്വ വികസനസമിതികളിൽ അംഗമായിട്ട് പ്രവർത്തിക്കുമ്പോൾ ആലപ്പുഴ ജില്ലാ വികസന സമിതിയിൽ താൻ അംഗമായി എന്ന ഒററക്കാരണത്താൽ സി. പി. എം. വികസന സമിതിക്കെതിരെ രംഗത്ത് വരികയും തന്റെ പേരിൽ നടപടി സ്വീകരിക്കുകയും ചെയ്തു'' എന്ന്. ഇങ്ങനെയാണ് ഗൗരിയമ്മ പറഞ്ഞത്. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ രണ്ടുമുഖത്തെപ്പററി ഇതിൽ കൂടുതൽ ആരെങ്കിലും പറയാനുണ്ടോ? ജീവിതകാലം മുഴുവൻ ആ പാർട്ടിക്കുവേണ്ടി പ്രവർത്തിച്ച, ആ പാർട്ടിയിൽ ഉണ്ടായിരുന്ന ശ്രീമതി ഗൗരിയമ്മ പറയുന്നതിൽ രാഷ്ട്രീയമായ ആക്ഷേപമുണ്ടോയെന്ന് പ്രതിപക്ഷത്തിരിക്കുന്നവർ ആലോചിക്കണം. അതുകൊണ്ടും അവസാനിക്കുന്നില്ല. സംസ്ഥാനത്തിന്റെ വികസനം, ലോകബാങ്കിന്റെ സഹായം തുടങ്ങിയ ലോവർ പെരിയാർ ആയാലും നെടുമ്പാശ്ശേരി വിമാനത്താവളം ആയാലും കേരളത്തിലേക്ക് മുതൽമുടക്കുള്ള പദ്ധതികൾ ഏറെ വരുന്നു. ഈ ഗവൺമെന്റ് വരുമ്പോൾ ഇവിടെ ശ്രീ. നായനാരും മാർക്സിസ്റ്റ് പാർട്ടിയും ചോദിക്കുന്നത് കരുണാകരൻ ദേശീയ നേതാവല്ലേ, എന്നിട്ട് കേരളത്തിന് എന്തു നേട്ടമാണ് ഉണ്ടായത് എന്നാണ്. അതിനെപ്പററിയും ഗൗരിയമ്മ പറയുന്നു. ഞങ്ങൾ പറയുമ്പോഴേ നിങ്ങൾക്ക് ആക്ഷേപമുള്ളൂ. പഴയ അനുഭവത്തിൽനിന്ന് ഗൗരിയമ്മ പറയുന്നു. ശ്രീ. നായനാർ ഈ സംസ്ഥാനത്ത് മുഖ്യമന്ത്രിയായിരുന്നു. അദ്ദേഹം പറയുമായിരുന്നല്ലോ കേന്ദ്രത്തിൽ ദേശീയ മുന്നണി ഗവൺമെന്റ് ആയിരുന്നപ്പോൾ ആ ദേശീയ മുന്നണി ഗവൺമെന്റിനെപ്പററി മാർക്സിസ്റ്റ് പാർട്ടിക്കും കേരളത്തിലെ പ്രതിപക്ഷത്തിനും എന്തൊരു അഭിമാനമായിരുന്നു. മുഖ്യമന്ത്രിയായിരുന്ന

LIBRARY ARCHIVES Kerala Legislative Assembly

നായനാർക്ക് പ്രധാനമന്ത്രിയുമായി ഉണ്ടായിരുന്ന ബന്ധത്തെപ്പററി സൂചിപ്പിക്കാൻ പറയുന്നത് ''മൈ ഫ്രണ്ട് വി. പി.'' എന്നായിരുന്നു. അദ്ദേഹത്തിന്റെ ഫ്രണ്ട് വി. പി. സിംഗ് പ്രധാനമന്ത്രിയായിരുന്നപ്പോൾ കേരളത്തിലെ മുഖ്യമന്ത്രി അദ്ദേഹമായിരുന്നു. അദ്ദേഹത്തിന്റെ കാലത്ത് കേരളം ഒരു പദ്ധതി സമർപ്പിച്ചു. ഇതൊക്കെ ഗൗരിയമ്മ പറയുന്നതാണ്. 1990-ൽ 110 കോടിയുടെ ടൂറിസം വികസന പ്രോജക്ട് തയ്യാറാക്കി മുഖ്യമന്ത്രി നായനാർ പ്രധാനമന്ത്രി വി. പി. സിംഗിന് സമർപ്പിച്ചു. ആ കാലത്ത് തന്നെ ജോതിബസു 1100 കോടി രൂപയുടെ വികസന പദ്ധതിയും സമർപ്പിച്ചു. എന്നാൽ കേന്ദ്രത്തിൽനിന്ന് ജോതിബസു പണവും വാങ്ങി പോയപ്പോൾ കേരള മുഖ്യമന്ത്രി വെറും കയ്യോടെ മടങ്ങിയെന്ന് ഗൗരിയമ്മ ചൂണ്ടിക്കാട്ടി. ആരാണ് മടങ്ങിവന്നത്? വി. പി.-യെ കാണാൻവേണ്ടി 110 കോടി രൂപയുടെ പദ്ധതിയുമായി പോയ നായനാർ വെറുംകയ്യോടെ മടങ്ങിവന്നപ്പോൾ അത്ര സൗഹൃദമില്ലാത്ത ജോതിബസു 1100 കോടിയുടെ പദ്ധതിയുമായി ചെന്ന് പണവുമായി മടങ്ങിപ്പോയി എന്ന് ഗൗരിയമ്മ പറയുന്നു. നിങ്ങളുടെ ഭരണകാലത്ത് കേരളത്തിലേക്ക് വരാതിരുന്ന പദ്ധതികൾ ഒന്നൊന്നായി വരികയും കേരളത്തിൽ വികസനം ഉണ്ടാകുകയും ചെയ്യുമ്പോൾ ആ വികസനത്തെ മറച്ചുവയ്ക്കുന്നതിന് മാർക്സിസ്ററ് കമ്മ്യൂണിസ്ററ് പാർട്ടിയും പ്രതിപക്ഷവും ശ്രമിക്കുന്നുവെന്നാണ് പരിതി. ഇവിടെ പ്രതിപക്ഷ ഐക്യത്തെപ്പററി പലരും പറയുന്നു.

ശ്രീ. ലോനപ്പൻ നമ്പാടൻ: സർ, മന്ത്രി വിശ്വനാഥന്റെ വീട്ടിൽ 24 കോൺഗ്രസ്സ് (എ) എം. എൽ. എ.-മാർ യോഗം ചേർന്ന് മുഖ്യമന്ത്രിയെ മാററണമെന്നു തീരുമാനിച്ച വിവരം ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ; ഇന്ന് ഇവിടെ നടക്കുന്ന ചർച്ച 'എ' കോൺഗ്രസ്സ് എം. എൽ. എ.-മാർ ബഹിഷ്ക്കരിച്ച വിവരവും അങ്ങയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. ഇ. എം. അഗസ്തി: ബഹുമാനപ്പെട്ട നമ്പാടൻ മാസ്ററർക്ക് പല കാര്യത്തിലും പരിചയക്കുറവ് ഉണ്ടെന്ന് എനിക്ക് അറിയാം. 'എ' കോൺഗ്രസ്സ് എന്നു പറയുന്ന ഒരു പാർട്ടി ഇല്ലെന്ന് ഈ സഭയിൽ തന്നെ, ഇന്നത്തെ ചർച്ചയിലും വ്യക്തമായി പറഞ്ഞിട്ടുള്ളതാണ്. യോഗം ചേർന്നതിനെപ്പററി എനിക്ക് അറിയില്ല. 18 പേർ ഒരുമിച്ച് കൂടി മുഖ്യമന്ത്രിയെ മാററണമെന്നു പറയുന്നു. ഞങ്ങളുടെ പാർട്ടി 57 എം. എൽ. എ.-മാരുള്ള പാർട്ടിയാണ്. 57 എം. എൽ. എ.-മാർ ഉള്ള പാർട്ടി യോഗം ചേർന്നില്ല. ഞങ്ങൾ മുഖ്യമന്ത്രിയെ മാററണം എന്നു പറഞ്ഞില്ല. 18 പേർ യോഗം കൂടിയതിനെപ്പററി ഞങ്ങൾക്ക് അറിയില്ല. നമ്പാടൻ മാസ്ററർക്ക് അങ്ങനെ ഒരു വിവരം ഉണ്ടെങ്കിൽ അത് അദ്ദേഹത്തിന്റെ ആത്മസുഖത്തിനുവേണ്ടി ഉപയോഗിക്കാം എന്നല്ലാതെ വേറെ ഒന്നും പറയുന്നില്ല.

ഇവിടെ ഇടതുപക്ഷ മുന്നണിയുടെ ഐക്യത്തെപ്പററി നിങ്ങൾ ഒത്തിരി പ്രസംഗിക്കുന്നല്ലോ. ഞങ്ങൾ ഒരു പാർട്ടിയാണ്. മുന്നണിയിൽ അഭിപ്രായ വ്യത്യാസം ഉണ്ടാകും, എന്തൊക്കെയാണ് പറയുന്നത്. മുന്നണിയിൽ ചെറിയ കാര്യങ്ങളെ കുറിച്ച് അഭിപ്രായ വ്യത്യാസം ഉണ്ടാകും. പക്ഷെ നയപരമായ കാര്യത്തെക്കുറിച്ച്, പൊതു കാര്യത്തെക്കുറിച്ച് അഭിപ്രായ വ്യത്യാസം ഉണ്ടാക്കാൻ കഴിയുമോ? മുന്നണിക്ക് നേതൃത്വം കൊടുക്കുന്ന ഒരു പാർട്ടി വേണ്ടേ? ആ പാർട്ടി മററ്

LIBRARY ARCHIVES Kerala Legislative Assembly

പാർട്ടികളുടെ മേൽ അധീശാവകാശം സ്ഥാപിക്കാൻ ശ്രമിക്കുന്നു എന്ന് ഒരു ഘടകകക്ഷി പറഞ്ഞാൽ പിന്നെ മുന്നണിയുണ്ടോ? ബഹുമാനപ്പെട്ട വി. വി. രാഘവനോട് ആദരപൂർവ്വം ചോദിക്കുകയാണ്, ഇത് ഇൻഡ്യാ ടുഡേ ആണ്. ഏററവും അവസാനത്തെ ലക്കമാണ്, എല്ലാ പത്ര മാസികകളും കൊണ്ടുവരുന്ന നിങ്ങൾ ഈ ഇൻഡ്യാ ടുഡേ വായിക്കണം. ബഹുമാനപ്പെട്ട പി. കെ. വി.-യുടെ അഭിമുഖം ഇതിലുണ്ട്. ജേക്കബ് ജോർജ്ജുമായി നടത്തിയ അഭിമുഖത്തിൽ കമ്മ്യൂണിസ്ററ് പാർട്ടിയുടെ സംസ്ഥാന ജനറൽ സെക്രട്ടറി, മുൻ മുഖ്യമന്ത്രി ശ്രീ. പി. കെ. വാസുദേവൻ നായർ പറയുകയാണ്, സൗഹൃദ പൂർവ്വം ചോദ്യം—സി. പി. എം.-ഉം സി. പി. ഐ.-യും തമ്മിൽ അകൽച്ച ഉണ്ടായിട്ടില്ലേ? അദ്ദേഹം മറുപടി പറയുകയാണ്—അഭിപ്രായ വ്യത്യാസങ്ങൾ സൗഹൃദപൂർവ്വം കൈകാര്യം ചെയ്യണം. എന്റെ വാക്യ മൊന്നുമല്ല, പി. കെ. വി.-യുടെ വാചകങ്ങൾ ഞാൻ ആവർത്തിക്കുക യാണ്. പക്ഷെ സി. പി. എം. പലപ്പോഴും അങ്ങനെയല്ല പെരുമാറുന്നത്. പാർലമെൻറ് തെരഞ്ഞെടുപ്പ് ബില്ലിനെ ഞങ്ങൾ എതിർത്തപ്പോൾ സി. പി. ഐ. പിന്നിൽനിന്ന് കുത്തിയെന്ന് ദേശാഭിമാനി എഴുതി. ലയനത്തെ കുറിച്ച് ദേശാഭിമാനി എഴുതിയ മുഖപ്രസംഗം അങ്ങേയററം പ്രയോജനകരമായിരുന്നു, സൗഹൃദത്തിന്റെ ഭാഷയിലല്ല. സൗഹൃദത്തി ലല്ലാത്ത ആളുകൾക്ക് എങ്ങനെ ഒരു മുന്നണിയിൽ നിൽക്കാൻ കഴിയും? അഭിപ്രായ വ്യത്യാസമല്ല, സൗഹൃദമാണ് പ്രശ്നം. ഒരു മുന്നണിയിൽ സൗഹൃദത്തോടെ മുന്നോട്ടുപോകാൻ കഴിയില്ല എന്ന് പി. കെ. വി. പറഞ്ഞാൽ ആ മുന്നണിക്ക് മുന്നോട്ട് പോകാൻ കഴിയുമോ. സി.പി.എം. ഇടഞ്ഞു നിൽക്കുന്നതിന്റെ കാരണം എന്താണ്? പി. കെ. വി.-യുടെ മറുപടി സി. പി. എം. സെക്ട്ടേറിയൻ, അല്ലെങ്കിൽ വിഭാഗീയ പൈതൃകമുള്ള ഒരു പാർട്ടിയാണ് എന്ന് പണ്ടു മുതലേ ഞങ്ങൾക്ക് അഭിപ്രായമുണ്ട്; ആ പാർട്ടി സൗഹൃദപരമായിട്ടല്ല പെരുമാറുന്നത് എന്ന ആക്ഷേപം ഞങ്ങൾക്കുണ്ട് എന്നാണ്. പിന്നെ എങ്ങനെ നിങ്ങൾക്ക് ഒരു മുന്നണിയിൽ നിൽക്കാൻ കഴിയും, ഇതാണെന്റെ ചോദ്യം.

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ: സർ, സി. പി. ഐ.-യും, സി. പി. എം.-ഉം രണ്ടു പാർട്ടിയാണ്, നയപരമായ പ്രശ്നങ്ങളിൽ തർക്കങ്ങൾ ഉണ്ട്. അത് സത്യമാണ്. എന്നാൽ നിങ്ങൾ ഒരു പാർട്ടി അല്ലേ? അഴിമതിയിൽ കൈക്കൂലി വാങ്ങിച്ച പണം പങ്കിടുന്നതല്ലേ നിങ്ങൾ തമ്മിലുള്ള തർക്കം? അതുപോലെയാണോ സി. പി. ഐ.-യും, സി. പി. എം. ഉം തമ്മിലുള്ള തർക്കം? അഗസ്തി അതിന് മറുപടി പറയാമോ?

ശ്രീ. ഇ. എം. അഗസ്തി: എനിക്കു മുമ്പ് സംസാരിച്ച ശ്രീ. ഇസ്മയിൽ, അദ്ദേഹം പറഞ്ഞു, കൊടുക്കാത്ത ബാറിന് വേണ്ടി 10 ലക്ഷം വാങ്ങിച്ചു എന്ന്. അത് കമ്മ്യൂണിസ്ററ് പാരമ്പര്യമാണ്. നിങ്ങളാണ് മുൻകൂട്ടി അഡ്വാൻസ് പണം വാങ്ങിക്കുന്നത്. ആ പാരമ്പര്യം വച്ചാണ് നിങ്ങൾ സംസാരിക്കുന്നത്. നിങ്ങൾ പറയുന്നു ഞങ്ങൾ, അഴിമതിയുടെ പണം പങ്ക് വയ്ക്കുന്നതിനെ പററിയാണ് തർക്കമെന്ന്. ഇത് നിങ്ങളുടെ പാരമ്പര്യമാണ്. അങ്ങനെയല്ലേ? ടി. വി. തോമസിനെയും, എം. എൻ. ഗോവിന്ദൻ നായരേയും അഴിമതിക്കാർ എന്ന് മാർക്സിസ്ററുകാർ വിളിച്ചത്. നിങ്ങൾ അത് മറന്നുപോയോ? നിങ്ങൾ പഴയ അനുഭവം വച്ച് കോൺഗ്രസ്സുകാരെ

LIBRARY ARCHIVES Kerala Legislative Assembly

അളക്കാൻ ശ്രമിക്കുന്നു. അത് നിങ്ങളുടെ ബുദ്ധിപരമായ പാപ്പരത്തം ആണ്. ആ പാപ്പരത്തത്തിന് സഭയിലെ പ്രതീകമാണ് എന്റെ സുഹൃത്ത് ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ. അദ്ദേഹത്തോട് ഞാൻ സഹതപിക്കുന്നു. ബഹുമാനപ്പെട്ട ബേബിജോൺ ഇന്നു രാവിലെ ചർച്ചയിൽ അദ്ദേഹം സംസാരിച്ചപ്പോൾ മുസ്ലീം ലീഗിനോട് സൗഹൃദം കാണിച്ചു. തീർച്ചയായും നല്ലതാണ്. എനിക്ക് വളരെ സന്തോഷം തോന്നി. കഴിഞ്ഞ പ്രാവശ്യം അദ്ദേഹം സംസാരിച്ചപ്പോൾ സഭാ രേഖയിൽനിന്ന് നീക്കം ചെയ്യേണ്ടിവന്ന ഒരു വാക്ക് ഞാൻ എങ്ങനെ ഉപയോഗിക്കാതിരിക്കും എന്ന ധർമ്മസങ്കടം കൊണ്ടാണ് അത് വീണ്ടും ആവർത്തിച്ചത്. നക്കാപ്പിച്ചക്കുവേണ്ടി ആണ് മുന്നണി നില നിൽക്കുന്നത് എന്ന്. അത് ശരിയല്ല. എങ്കിലും ഞാൻ അത് പറയാ തിരുന്നാൽ കൃത്യവിലോപമാകും, ഹൃദയവേദനയാകും എന്നൊക്കെ പറഞ്ഞ് വളരെ സൗമ്യമായി അദ്ദേഹം അത് അവതരിപ്പിച്ചു. എനിക്ക് വളരെ ബഹുമാനവും ആദരവും അദ്ദേഹത്തോടുണ്ട്. അങ്ങ് കൂടി ഇടതുമുന്നണിയുടെ ഭാഗമല്ലേ. അങ്ങു കൂടി ഇടതുപക്ഷ ജനാധിപത്യ മുന്നണിയിൽ നിന്നാണ് അഖിലേന്ത്യാ മുസ്ലീം ലീഗിനെ ആട്ടി പുറത്താക്കിയത്, അപമാനിച്ച് പുറത്താക്കിയത്, ശരിഅത്തിന്റെ പേരിൽ. മുസ്ലീം സമുദായത്തിലെ താൽപ്പര്യങ്ങളെ പരിരക്ഷിക്കാനുള്ള നിലപാട് അഖിലേന്ത്യാ മുസ്ലീലീഗ് എടുത്തപ്പോൾ ആ നിലപാടിനെ അധിക്ഷേപിച്ചു കൊണ്ട് നമ്പൂതിരിപ്പാട് പുറത്താക്കിയപ്പോൾ, അങ്ങ് ഈ മുന്നണിയിൽ ഇല്ലായിരുന്നോ? അങ്ങേയ്ക്ക് അവരോട് സൗഹൃദപൂർവ്വമായ സമീപനം സ്വീകരിച്ചു കൂടായിരുന്നോ? അങ്ങേയ്ക്ക് അന്നും മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്കെതിരായി സംസാരിക്കാൻ ഭയം തോന്നിയെങ്കിൽ മുസ്ലീം ലീഗിനെപ്പററി പറഞ്ഞ വാക്ക് ഞാൻ പറഞ്ഞാൽ അത് പകത കേടാകും എന്ന് ആളുകൾ കരുതും എന്നുള്ളതുകൊണ്ട് ഞാൻ പറയുന്നില്ല. പക്ഷെ അത് യാഥാർത്ഥ്യമല്ലേ എന്ന് അങ്ങ് ഒന്ന് ആലോചിക്കണം. ഈ ധനാഭ്യർത്ഥനയെ ഒരിക്കൽകൂടി പിൻതാങ്ങി ക്കൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർ, ഈ ഉപധനാഭ്യർത്ഥനയെ ഞാൻ എതിർക്കുന്നു. ബഡ്ജററ് പാസ്സാക്കി ഏതാണ്ട് ഒരാഴ്ചക്കുള്ളിൽ തന്നെയാണ് ഈ 68·32 കോടി രൂപയുടെ ഉപധനാഭ്യർത്ഥന കൊണ്ടു വന്നിട്ടുള്ളത്. ബഡ്ജററ് തയ്യാറാക്കുന്ന സമയത്ത് കൂട്ടിയ കണക്കുകൾ എല്ലാം തെററി എന്നല്ലേ കാണിക്കുന്നത്? കമ്മി കുറച്ചു കാണിക്കാൻ വേണ്ടി ആദ്യം ബഡ്ജററ് തയ്യാറാക്കുക, അതിനുശേഷം ചെലവ് വീണ്ടും വർദ്ധിപ്പിച്ചുകൊണ്ടുള്ള ഉപധനാഭ്യർത്ഥനകൾ കൊണ്ടുവരിക, ഗവൺ മെൻറ് തുടർന്നുപോകുന്ന നയത്തിന്റെ ഫലമാണ് അത്. ഇവിടെ രണ്ടുഭാഗത്തുനിന്നും സംസാരിച്ച മെമ്പർമാർ ചൂണ്ടിക്കാണിച്ച പ്രധാനപ്പെട്ട കാര്യം ഇത്രയേറെ കടുത്ത നാശനഷ്ടങ്ങൾ ഉണ്ടായിട്ടും കാലണകൂടി കേന്ദ്രത്തിൽനിന്ന് വാങ്ങിക്കാൻ ഗവൺമെൻറിന് കഴിഞ്ഞില്ല. ഇവിടെ മുൻപ് സംസാരിച്ച സമയത്തും പറഞ്ഞിരുന്ന ഈ 31 കോടി രൂപയല്ലാതെ പുതിയതായി എന്തെങ്കിലും നേടിയെടുക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് കഴിഞ്ഞില്ല. അത് കഴിയുന്നില്ല എന്നു മാത്രമല്ല അദ്ദേഹം ഇവിടെ വന്ന് പറഞ്ഞത് അങ്ങനെ കൂടുതൽ വന്നില്ലെങ്കിൽ അതിൽ യാതൊരു തെററും ഇല്ല എന്നാണ്. പട്ടിയെ വിട്ട് കടിപ്പിക്കേണ്ട കാര്യമുണ്ടോ, പിച്ച തരില്ല എന്ന് പറഞ്ഞാൽ പോരെ? എന്തുകൊണ്ട് ഇങ്ങനെ വന്നു? അതിലേക്ക് ശ്രദ്ധ തിരിക്കുന്നതിനുവേണ്ടിയാണ് ഞാൻ ഈ കാര്യം പറയുന്നത്. ഇവിടെ അവസാനം പ്രസംഗിച്ച

LIBRARY ARCHIVES Kerala Legislative Assembly

കോൺഗ്രസ്സിലെ രണ്ടുമൂന്നു മെമ്പർമാർ ഇവിടെ ഭരണം അതിഗംഭീരമായി നടക്കുന്നു എന്നാണ് പറഞ്ഞത്, പററിയ ആളിനെ നോക്കിയാണ് പ്രസംഗിപ്പിച്ചത്. പ്രസംഗിക്കാൻ കൊടുത്ത ലിസ്ററിൽനിന്നും ചിലരുടെ പേര് വെട്ടിമാററി എന്ന് ഇവിടെ വർത്തമാനമുണ്ട്. ചിലരെ പ്രസംഗിപ്പിക്കാനായി ക്ഷണിച്ചിട്ടുമില്ല. രാമചന്ദ്രൻ മാസ്ററർ കഴിഞ്ഞ പ്രാവശ്യം പ്രസംഗിപ്പിച്ച ആൾ ആണ്. ഇപ്പോൾ പ്രസംഗിപ്പിക്കാൻ പററില്ല. ഇവരെല്ലാം പറഞ്ഞ കൂട്ടത്തിൽ പ്രളയത്തിന്റെ കാര്യം പറഞ്ഞു. ഇത്രയേറെ കടുത്ത പ്രളയം ഉണ്ടായിട്ടും ഇവിടെ ജാക്കർ വരുമെന്നു പറഞ്ഞു, ജാക്കർ വന്നിട്ടെന്താണ് കാര്യം എന്ന് ഞങ്ങൾ കഴിഞ്ഞ പ്രാവശ്യം പറഞ്ഞതാണ്. ഇപ്പോൾ അദ്ദേഹം വരുന്നില്ല; വരാത്തതിന് ന്യായം കണ്ടുപിടിക്കുകയാണ്. വരാതെ തന്നെ അദ്ദേഹത്തിന് ഈ കാര്യം അറിയാം എന്നാണ് പറയുന്നത്. സഹായം നേടിയെടുക്കാൻ നമുക്ക് സാധിക്കാത്തതിന്റെ പിന്നിൽ ഭരണമുന്നണിക്കകത്തുള്ള കുഴപ്പങ്ങൾ തന്നെയാണ്. ഇതൊന്നും തന്നില്ലെങ്കിലും കുഴപ്പമില്ല എന്നുള്ള രീതിയിൽ കേന്ദ്രം ചിന്തിക്കാൻ തുടങ്ങിയിട്ടുണ്ട്. അഴിമതിയുടെ കാര്യത്തെ സംബന്ധിച്ച് പറയുമ്പോൾ എന്തെങ്കിലും പുതിയ കാര്യങ്ങൾ പറയണ്ടേ, പഴയ കാര്യങ്ങളിൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് കഴിഞ്ഞ ബഡ്ജററ് ചർച്ചയുടെ അവസാനം സംസാരിച്ചു; ആദ്യം മുതൽക്ക് ഞങ്ങൾ പറഞ്ഞ കാര്യങ്ങൾ ഒന്നുകൂടി ആവർത്തിച്ച് പറഞ്ഞു. അതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടി എന്തായിരുന്നു? അദ്ദേഹം പറഞ്ഞതിനെപ്പററി പ്രധാനപ്പെട്ട ഒരു പത്രത്തിന്റെ മുഖപ്രസംഗം ഞാൻ കണ്ടു, ഒരു ഹരിശ്ചന്ദ്രൻ വന്നിരിക്കുന്നു, എന്റെ മന്ത്രിസഭയിൽ ഉള്ളവരോ, ഞാനോ യാതൊരു അഴിമതിയും നടത്തിയിട്ടില്ല. ഈ രാജ്യത്ത് ആരെങ്കിലും വിശ്വസിക്കുമോ. ഞങ്ങൾ പാംഓയിൽ തുടങ്ങി നിരവധി കാര്യങ്ങൾ പറഞ്ഞു. ഞങ്ങൾ ആദ്യം പറഞ്ഞുതുടങ്ങിയ സമയത്ത് കൂട്ടമായിട്ട് എതിർത്തിരുന്നു അപ്പുറത്തുള്ള സ്നേഹിതൻമാർ. ഇപ്പോൾ ശ്രീ. ഇസ്മയിൽ സംസാരിച്ച സമയത്ത് ബഹളംകൂട്ടാൻ എത്രപേരാണ് ഉണ്ടായിരുന്നത്? മററുള്ള ആളുകളെല്ലാം അവരുടെ സീററിൽ ഇരിക്കുന്നില്ലേ? അവരുടെ വാചാലമായ നിശബ്ദത മാത്രം മതി. ആ വാചാലതയും വിട്ട് അവർ പുറത്തേക്ക് കടക്കാൻ തുടങ്ങിയിരിക്കുന്നു. അവരുടെ യോഗത്തിൽ പറഞ്ഞ കാര്യങ്ങൾ അല്ലേ എല്ലാ പത്രങ്ങളിലും വരുന്നത്? പത്രങ്ങളിൽ വന്ന കാര്യം ഇവിടെ പറയാൻ പാടില്ല എന്നാണോ? ഇവിടെ രേഖയിലില്ല എന്നുപറഞ്ഞാൽ ലോകത്ത് ഒരു രേഖയും ഇല്ലെന്ന് വരുമോ? സകല പത്രങ്ങളും നിങ്ങളെ അനുകൂലിക്കുന്ന പത്രങ്ങളടക്കം ഏതെങ്കിലും ഒരു പത്രം എഴുതാതെയുണ്ടോ? കോഴിക്കോട്ടെ സംഗതിയെ സംബന്ധിച്ച് എത്ര ലക്ഷം രൂപ എവിടെ കൊണ്ടുപോയി കൊടുത്തു, ആരുടെ കൈവശം കൊടുത്തു—ആവക കാര്യങ്ങൾ ഒക്കെ പറഞ്ഞ് അതുമായി ബന്ധപ്പെട്ട ചില ആളുകളെ സസ്പെൻറ് ചെയ്തു. ചില ആളുകൾ പ്രസ് കോൺഫറൻസ് നടത്തി. ഈ രാജ്യത്തെ ജനങ്ങൾ അറിയുന്ന കാര്യങ്ങൾ ഒന്നും ഇവിടെ പറയാൻ പാടില്ല എന്നുണ്ടോ? ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇവിടെ പറയാൻ പാടില്ലേ. കേന്ദ്ര പാർലമെൻറിൽ ഇപ്പോൾ എന്താണ് നടക്കുന്നത്? കേന്ദ്ര പാർലമെൻറിന്റെ ചരിത്രത്തിൽ ആദ്യമായി തുടർച്ചയായി അഞ്ചാറുദിവസം പാർലമെൻറ് കൂടാൻ വയ്യാത്ത സ്ഥിതിയുണ്ടായി. അഴിമതി തന്നെയല്ലേ പ്രശ്നം. കോൺഗ്രസ് നേതാവായിട്ടുള്ള ചെയർമാൻ കോൺഗ്രസ്സിന് ഭൂരിപക്ഷമുള്ള കമ്മററിയിൽ ഏകകണ്ഠമായി സമർപ്പിച്ച റിപ്പോർട്ടിൽ കുററക്കാരെന്ന് കണ്ട് മന്ത്രിമാരെ ഒഴിവാക്കിക്കൊണ്ട്

റിപ്പോർട്ട് സമർപ്പിച്ചതിന് എതിരായിട്ടാണ് കോൺഗ്രസ്സിന്റെ എം. പി. മാരിൽ നിന്ന് പലരും ഒപ്പുശേഖരണം നടത്തിയെന്നുള്ള വാർത്ത പത്രത്തിലുണ്ടായിരുന്നു. റാവുവിന്റെ മകൻ പ്രഭാകര റാവുവുമായി ബന്ധപ്പെട്ട 2 കോടി. 200 കോടിയുടേത് മറെറാരു മന്ത്രി, ഇതുപോലെയുള്ള കാര്യങ്ങൾ അവിടെ പറയാം; ഇവിടെ മിണ്ടാൻ പാടില്ല. ഇവിടെ മിണ്ടില്ല എന്നു പറഞ്ഞ് രാജ്യത്തെ പത്രങ്ങളിൽ എല്ലാം ഉണ്ട്, രാജ്യത്തെ മുഴുവൻ ജനങ്ങൾക്കും അറിയാം. അവസാനം നിങ്ങളുടെ ഭാഗത്തു നിന്നുതന്നെ വിമർശനം ഉണ്ടായി. 7 ലക്ഷത്തിന്റെ കാര്യം നിങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടായി. അത് പത്രത്തിൽ വന്നു, ആരും നിഷേധിച്ചില്ല. അതിനുശേഷം ചിലരെ സസ്പെൻററ് ചെയ്തു. പ്രസ് കോൺഫറൻസ് നടത്തി സുബ്രഹ്മണ്യൻ, ഇതിൽപരം തെളിവെന്തു വേണം? ഈ വക കാര്യങ്ങൾ ആർക്കാണ് അറിയാത്തത്? നമ്മുടെ മുഖ്യമന്ത്രിയുമായി ബന്ധപ്പെട്ടും മുഖ്യമന്ത്രിയുടെ ബന്ധത്തിൽ പെട്ടവരും—പേര് പറയാൻ പാടില്ല—എന്തെല്ലാം അഴിമതികളാണ് നടത്തിയത്! ഇവിടെ ആരോപണം പറയാൻ പാടില്ല. ആരോ പണം വാങ്ങി എന്നുള്ള അടിസ്ഥാനത്തിൽ ആണ് ഞങ്ങൾ ഈ ആരോപണം എന്നു പറയുന്നത്. ഭരണ ബാഹ്യ ശക്തികൾ ഇവിടത്തെ ഗവൺമെന്റിനെ നിയന്ത്രിക്കുന്നു. ആ നിയന്ത്രിക്കുന്ന ശക്തികളെ നിയന്ത്രിക്കേണ്ടആൾ അവർക്ക് വിധേയനായി പോകുന്നു, അല്ലെങ്കിൽ അവർക്ക് നേതൃത്വം കൊടുക്കുന്നു. അതല്ലേ ഇവിടത്തെ സ്ഥിതി? വയലാർ രാമവർമ്മ എഴുതിയതുപോലെ ''അവന്റെ കട്ടിലിൽ അവരുടെ ഉടലുകൾ ആകെ വലിഞ്ഞു ഞെരുക്കും'' അങ്ങനെ ആകെ ഞെരുക്കിക്കൊണ്ട് അതിനെപ്പററി മിണ്ടാനേ പാടില്ല എന്ന നയമല്ലേ നിങ്ങൾ സ്വീകരിച്ചിരിക്കുന്നത്? മിണ്ടുന്നതുകൊണ്ട് എന്താണ് കുഴപ്പം? മിണ്ടാതിരിക്കുന്നതുകൊണ്ടാണ് കുഴപ്പം. നിങ്ങൾ ഇതൊക്കെ ഡിപ്പെൻററ് ചെയ്യുന്നതാണ് കുഴപ്പം. ചെറുപ്പക്കാരായിട്ടുള്ള അഗസ്തിയും മററ് അംഗങ്ങളും ഇതിനൊക്കെ കൂട്ടു നിൽക്കുകയല്ലേ? നിങ്ങൾ ഏത് യുഗത്തിലാണ് ജീവിക്കുന്നത്? ഈ മുഖ്യമന്ത്രിയും യാതൊരു പാരമ്പര്യവും ഇല്ലാത്ത ആളുകളും ചേർന്ന് ഇത്തരം അഴിമതികൾ നടത്തുമ്പോൾ അതിനെ കുറിച്ച് പാർട്ടിയിൽ നിങ്ങൾ ഫൈററ് ചെയ്യാതിരിക്കുന്നതാണ് കുഴപ്പം. ഇത് കീഴടങ്ങലാണ്. ഗൗരിയമ്മ പറഞ്ഞുവെന്ന് പറഞ്ഞാണല്ലോ കരുണാകരൻ ലോവർ പെരിയാർ സംബന്ധിച്ച് രണ്ടാമതും ഓർഡർ ഇട്ടത്. എന്നാൽ ഇപ്പോൾ ഉമ്മൻചാണ്ടി പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ എന്താണ് ഓർഡർ ഇടാത്തത്? ഇങ്ങനെ നിങ്ങൾ പോയാൽ തീർച്ചയായും ജനങ്ങളിൽനിന്നും ഒററപ്പെടും. അഴിമതി ചെയ്യാം; ഞങ്ങൾക്ക് പറയാൻ പാടില്ല—ഇതാണ് നിങ്ങളുടെ നിലപാട്. കോൺഗ്രസ് അഴിമതിപ്പാർട്ടിയായി മാറിയിരിക്കുന്നു. അതിനുദാഹരണമല്ലേ നാലായിരം ക്യൂബിക് അടിക്ക് ആദ്യം ടെൻറർ കൊടുത്തിട്ട് പിന്നീട് എണ്ണായിരം ക്യൂബിക് അടി കൂടെ വർക്ക് നടത്തണമെന്നു പറഞ്ഞപ്പോൾ ആദ്യത്തേതിനെക്കാൾ ഉയർന്ന സംഖ്യയ്ക്ക് എക്സ്ററൻഷൻ നൽകിയത്? റീടെൻഡർ അല്ല. എക്സ്ററൻഷനാണെങ്കിൽ ആ തുകയ്ക്ക് നൽകിയാൽ പോരെ? ഇതിനേക്കാൾ വലിയ അഴിമതിയെന്തുണ്ട്? ഈ അഴിമതി നടത്താം; പറയാൻ പാടില്ല. എന്താ കൈമളേ വഴിയിൽനിന്നും മൂത്രം ഒഴിക്കുന്നതെന്നു ചോദിച്ചപ്പോൾ; നിങ്ങളോട് ആരാ ഇവിടെ വരാൻ പറഞ്ഞത് എന്ന് ചോദിച്ചതുപോലെയാണിത്. നിങ്ങൾക്ക് അഴിമതി നടത്താം; ഞങ്ങൾക്ക് പറയാൻ പാടില്ല. അതുകൊണ്ട് ശ്രീ. ഉമ്മൻചാണ്ടിയോടും മററ് സ്നേഹിതൻമാരോടും എനിക്ക് പറയാനുള്ളത് നിങ്ങൾ ഈ പോക്ക് പോയാൽ ''വണ്ടേ നീ തുലയുന്നു

വീണയിൽ വിളക്കും നീ കെടുത്തുന്നിതോ'' എന്നു പറയേണ്ടിവരും. നിങ്ങൾ ജനങ്ങളുടെ പ്രശ്നങ്ങൾ കാണണം. ശൈലി മാററണമെന്നു വി. എം. സുധീരനെപ്പോലുള്ളവർ ആവശ്യപ്പെട്ടപ്പോൾ മുഖ്യമന്ത്രി പറഞ്ഞത് ''വയസ്സുകാലത്ത് എന്തു ശൈലി മാററാൻ, ഇതിൽത്തന്നെ യാണ് ഞാൻ ഇത്രത്തോളം വളർന്നത്'', എന്നാണ്. എന്താണ് ജനങ്ങളുടെ പ്രശ്നങ്ങൾ? വെള്ളപ്പൊക്കംമൂലം ഇത്രയും നാശനഷ്ടങ്ങൾ ഉണ്ടായിട്ടും കാലണ നമുക്ക് കൂടുതൽ കിട്ടിയിട്ടില്ല. ആറുദിവസം വേണ്ടിവന്നു ഈ കേടുപാടുകൾ വന്ന സ്ഥലത്ത് എത്തിച്ചേരാൻ. വെള്ളപ്പൊക്കംമൂലം കൃഷി നശിച്ചവർക്ക് ഈ ഗവൺമെൻറ് ഒന്നും ചെയ്തിട്ടില്ല. കൃഷി മന്ത്രി അങ്ങനെ ചെയ്യും ഇങ്ങനെ ചെയ്യും എന്നൊക്കെ പറഞ്ഞു. കാശ് കിട്ടാതെ നിങ്ങൾ എന്തു ചെയ്യും? ഇപ്പോൾ എന്താണ് ചെയ്തിരി ക്കുന്നത്? കൃഷിനാശം ഉണ്ടായതിനുപുറമേ സകല കാർഷികോൽപ്പന്ന ങ്ങൾക്കും വിലയിടിയുകയും ചെയ്തു. നാളികേരത്തിൻെറ വിലയിടി വിനെക്കുറിച്ച് മുഖ്യമന്ത്രി പ്രധാനമന്ത്രിയോട് പറഞ്ഞപ്പോൾ എന്തിനാണ് നിങ്ങൾ തെങ്ങ് വയ്ക്കുന്നതെന്നാണ് അദ്ദേഹം ചോദിച്ചത്. അത് കൊളസ്ട്രോൾ ഉണ്ടാക്കുന്നതാണല്ലോ. പണ്ടൊരു ജൻമി ഒരു കൃഷിക്കാരൻ അയാൾ കല്യാണം കഴിഞ്ഞു ചെന്നപ്പോൾ അയാളോട് ചോദിച്ചു, 'രാമാ നിനക്ക് എന്തിനാണ് പെണ്ണ്; നീ ഒരു പശുക്കിടാവിനെ കൊണ്ടുപോ, പെണ്ണ് ഇവിടെ നിൽക്കട്ടെ' എന്ന്. അതുപോലെ നിങ്ങൾ തെങ്ങ് വയ്ക്കേണ്ട, അത് ആന്ധ്രയിലേക്കും, കർണ്ണാടകത്തിലേക്കും, തമിഴ്നാട്ടിലേക്കും വ്യാപിച്ചു കൊള്ളട്ടെയെന്ന്.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ഇപ്പോൾ ഈ പറഞ്ഞത് പണ്ട് ടി. വി. ഇ. എം. എസ്സിന് എതിരെ പറഞ്ഞ ഉപമയല്ലേ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഇതൊക്കെ വിലകുറഞ്ഞ കാര്യങ്ങ ളാണ്. അപ്പുറത്തിരിക്കുന്നവർ കൈപൊക്കുമെന്നു കരുതി മാണിസാർ പറയണ്ട. നിങ്ങളൊക്കെ പഴയ ആളുകളാണ്; ആദ്യം കോൺഗ്രസ്സും പിന്നെ കേരളാ കോൺഗ്രസ്സും ആയിയെങ്കിലും. അപ്പോൾ ഞാൻ പറഞ്ഞുവന്നത് കൃഷിനാശംമൂലം തകർന്ന കർഷകരെ രക്ഷിക്കാനായി എന്ത് നടപടിയാണ് നിങ്ങളുടെ മുൻപിലുള്ളത്? ഇപ്പോൾ ഗാർഹിക ആവശ്യങ്ങൾക്കുള്ള വിദ്യുച്ഛക്തി ചാർജ് വർദ്ധിപ്പിക്കാൻ പോകുന്നു. എങ്കിൽ അത് നിയമസഭയിൽ പറയണ്ടേ?, നെൽക്കൃഷിയുടെ നിലനിൽപ്പിനുവേണ്ടി ഒരു കമ്മിററിയുണ്ടാക്കിയെന്നു പറഞ്ഞു. എന്താണ് കമ്മിററിയുടെ റിപ്പോർട്ട് നടപ്പാക്കിയാൽ? സബ്സിഡി നൽകുമെ ന്നൊക്കെ പത്രത്തിൽ കണ്ടു. അരിക്ക് വിലവർദ്ധിപ്പിച്ചപ്പോൾ ആദ്യം സബ്സിഡി നൽകി. അത് ഒരുകൊല്ലം കഴിഞ്ഞപ്പോൾ എടുത്തുകളഞ്ഞു. എന്നുമാത്രമല്ല വിലയും വർദ്ധിപ്പിച്ചു. അബ്കാരി ലേലത്തിൻെറ സംഗതി പറഞ്ഞു. 7 മാസക്കാലമായി അയ്യായിരത്തോളം തൊഴിലാളി കൾക്ക് പണിയില്ല. മൂന്നുപ്രാവശ്യം ചർച്ച നടന്നു. മുഖ്യമന്ത്രിയുടെ അടുത്തുപോയി സംസാരിച്ചു. പാലം കുലുങ്ങിയാലും കേളൻ കുലുങ്ങില്ല. അതാണ് അവസ്ഥ. ഞാനും വി. എം. സുധീരനുമുണ്ടാ യിരുന്ന സബ്ജക്ററ് കമ്മിററി ഈ ഗവൺമെൻറിൻെറ ചില തെററായ നടപടികളെ വിമർശിച്ചിരുന്നു. തെററായ മദ്യനയംമൂലം കിസ്ത് അടയ്ക്കാൻ കഴിയാതെയും ജോലിചെയ്യാൻ നിവൃത്തിയില്ലാതെയും ചാരായം കിട്ടാത്തതിൻെറ പേരിലും മററും വിഷമിക്കുന്ന സംഗതിയുടെ പേരിൽ 102 കോടി രൂപ ഗവൺമെൻറിന് കിട്ടാനുള്ളത് കിട്ടാതെ വന്ന



LIBRARY ARCHIVES Kerala Legislative Assembly

കാര്യം ഞങ്ങൾ ചൂണ്ടിക്കാണിച്ചിരുന്നു. തൊഴിലാളികൾക്ക് പണിയുണ്ട് സർക്കാരിന് കിട്ടേണ്ടത് കിട്ടുന്നുമില്ല. ഇത് പ്രശ്നമല്ലേ? ഇത് നെഗോഷിയേറ്റ് ചെയ്തുകൊടുത്താൽ മതിയെന്നു ഞങ്ങൾ പറഞ്ഞു. എന്തുപറഞ്ഞാലും പരബ്രഹ്മം പോലെ ഇരിക്കുകയാണ്. ജനകീയ പ്രശ്നങ്ങളിൽ മാത്രമേ ഈ പരബ്രഹ്മത്വമുള്ളു. മറ്റ് പ്രശ്നങ്ങളിൽ, കൈനീട്ടി വാങ്ങിക്കുന്ന കാര്യത്തിലൊന്നും ഈ പരബ്രഹ്മത്വമില്ല. അത് അങ്ങനെ സുഗമമായി നടക്കുന്നുണ്ട്. ഇവരെ അനുകൂലിക്കുന്ന പത്രങ്ങൾ തന്നെ ഇതെല്ലാം ശക്തമായി എഴുതാൻ തുടങ്ങിയിട്ടുണ്ട്. പക്ഷേ നിയമസഭയിൽമാത്രം പറയാൻ പാടില്ല. പണ്ട് ചാഴിക്കാടൻ ഉണ്ടായിരുന്ന സമയത്തു പറയും 'തെരഞ്ഞെടുപ്പിൽ നിൽക്കാം, ലക്ഷക്കണക്കിന് ആളുകളെ സമീപിക്കാം. പണം ചെലവ് ചെയ്യാം, വോട്ട് വാങ്ങാം, ജയിക്കാം, ഇവിടെ വന്നാൽ വർത്തമാനം പറയാൻ പാടില്ല' എന്ന്. ഇത്തരം കാര്യങ്ങൾ പിന്നെ എവിടെ പറയും? ഇതെല്ലാം പറയാനുള്ള വേദിയാണിത്. ജനങ്ങളുടെ ആശയാഭിലാഷങ്ങൾ സുഖദുഃഖങ്ങൾ എല്ലാം പ്രതിധ്വനിപ്പിക്കാനുള്ള വേദിയാണിത്. അതിനൊന്നും വിലക്കു കൽപ്പിച്ചതുകൊണ്ടോ കുറെപ്പേർ ബഹളം കൂട്ടിയതുകൊണ്ടോ കാര്യമില്ല. ഇവിടെ ഒരു മെമ്പർ എഴുന്നേറ്റ് പറയുന്നു 'ഇതൊന്നും പത്രത്തിൽ എഴുതരുത്, വിലക്കണം എന്ന്'. ഇവിടെനിന്നും കിട്ടീട്ടാണോ പത്രങ്ങൾ എഴുതുന്നത്? പത്രങ്ങൾ ബഹുജനജിഹ്വകളാണ്. ഉത്തരവാദിത്വമുള്ള പത്രങ്ങൾ എഴുതും. അതിൽ ചിലതെല്ലാം ഇവിടെ എടുക്കുമ്പോൾ അതിന് പരിഹാരം കാണാനും കഴിയും. എക്സൈസ് വകുപ്പിലെ ട്രാൻസ്ഫർ കാര്യം സംബന്ധിച്ച് സമ്മേളനം അവസാനിക്കുമ്പോൾ പ്രഖ്യാപിക്കുമെന്നു പറഞ്ഞതാണ്. അതിനുശേഷം പല സമ്മേളനങ്ങളും കഴിഞ്ഞു, ഇതുവരെ പ്രഖ്യാപിച്ചില്ല. എല്ലാ സമ്മേളനത്തിലും ഞങ്ങളിത് ഉന്നയിക്കുന്നുണ്ട്. ബഡ്ജററ് ചർച്ചയ്ക്കിടയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പ്രതിപക്ഷനേതാവ് ചോദിച്ചു. അപ്പോൾ പറഞ്ഞത് അതിനെപ്പററി അന്വേഷിക്കാൻ ഏർപ്പാട് ചെയ്തിട്ടുണ്ടെന്നാണ്. അതേപോലെ എത്രയെത്ര കാര്യങ്ങൾ! ജനകീയ പ്രശ്നങ്ങളുടെ കാര്യത്തിൽ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. ഞങ്ങളുടേത് പല പാർട്ടികൾ ഉൾക്കൊള്ളുന്ന ഒരു മുന്നണിയാണ്. നയപ്രശ്നങ്ങളിൽ ഞങ്ങൾക്ക് അഭിപ്രായവ്യത്യാസമുണ്ട്. അല്ലാതെ കട്ടെടുക്കുന്ന കാര്യത്തിലല്ല. നയപ്രശ്നങ്ങളിൽ അഭിപ്രായ വ്യത്യാസമുള്ളതുകൊണ്ടല്ലേ ഞങ്ങൾ പല പാർട്ടികളായിട്ട് നിൽക്കുന്നത്. ക്രീമിലെയർ സംബന്ധിച്ച് ഞങ്ങളുടെ പാർട്ടിയും മററ് പാർട്ടികളും തമ്മിൽ അഭിപ്രായ വ്യത്യാസമുണ്ട്. ഞങ്ങളുടെ പാർട്ടിയെക്കുറിച്ച് പറയുമ്പോൾ ഇവിടെ ചിലർ ഇ.എം.എസ്സിനെക്കുറിച്ച് പറഞ്ഞു. പാർട്ടിയുടെ തീരുമാനങ്ങളും കാര്യങ്ങളുമാണ് ഇ.എം.എസ്. പറയുന്നത്. ഇത് ഞങ്ങളുടെ പാർട്ടിയുടെ 14-ാം കോൺഗ്രസ്സിലെ പ്രമേയമാണ്. അതിലെ പേജ് 32-ൽ സാമൂഹ്യനീതിയുടെ പ്രശ്നം എന്നുള്ളതിലാണ് ഇതിനെപ്പററി പറയുന്നത്. പിന്നോക്കവിഭാഗങ്ങൾക്ക് കേന്ദ്രസർവ്വീസിൽ ജോലി സംവരണം ചെയ്യുന്ന മണ്ഡൽകമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നതിനെ സി.പി.ഐ പിന്താങ്ങുന്നു. പിന്നോക്കവിഭാഗങ്ങൾക്ക് സംവരണം നടപ്പാക്കപ്പെടുമെന്ന് ഉറപ്പുവരുത്താൻ അഭിപ്രായഐക്യം എഴുതിയുണ്ടാക്കുന്നതിനായി അടിത്തറയാക്കാവുന്ന, ഒരു ദശകത്തിലേറെക്കാലമായി നിലവിലുള്ള ചില കാര്യങ്ങൾ എടുക്കുന്നത് നന്നായിരിക്കും എന്നാണ് ഞങ്ങളുടെ അഭിപ്രായം. ഇന്നത്തെ സാമൂഹിക-സാമ്പത്തികക്രമം മാററുന്നതിന് എല്ലാ സമുദായത്തിലുംപെട്ട എല്ലാവിഭാഗം അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളുടേയും പൊതുവായ സമരങ്ങൾ ആവശ്യമാണ്. ഇതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ബേസിസിൽ ഈ മാനദണ്ഡമനുസരിച്ച് ഒഴിവുകരം നികത്താൻ കഴിയുന്നില്ലെങ്കിൽ ആ തസ്തികയിലേക്ക് പിന്നോക്കവിഭാഗങ്ങളിലെ മററംഗങ്ങരം നിയമിക്കപ്പെടാൻ അർഹതയുണ്ടാകും. മററ് സമുദായങ്ങളിലെ പാവപ്പെട്ടവർക്കായി 10 ശതമാനം സംവരണം ചെയ്യപ്പെട്ടിരിക്കുന്നു. ഈ അടിസ്ഥാനത്തിൽ പ്രശ്നം പരിഹരിക്കണമെന്നുള്ളതാണ് ഞങ്ങളുടെ അഭിപ്രായം. ഇതിനോട് യോജിക്കാത്ത ആളുകളുണ്ട്. ജനകീയ പ്രശ്നങ്ങളെടുത്ത് സമരം ചെയ്യുന്ന കാര്യത്തിൽ ഞങ്ങരംക്കിടയിൽ യാതൊരു അഭിപ്രായവ്യത്യാസവുമില്ല. ഞങ്ങരം വർഗ്ഗാടിസ്ഥാനത്തിലാണ് ഇതിനെ കാണുന്നത്. ഈ പിന്നോക്ക സമുദായത്തിൻെറയും—മററും പ്രശ്നം സംവരണംകൊണ്ടുമാത്രം തീരില്ല എന്ന് ഞങ്ങരംക്ക് അറിയാം. പക്ഷേ സംവരണം പ്രധാനപ്പെട്ട പ്രശ്നമാണ്. സാമൂഹ്യ നീതിയാണ് അതിൻെറ അടിസ്ഥാനമായി നിൽക്കുന്നത്. ആ സാമൂഹ്യനീതി നടപ്പാക്കുമ്പോരം അന്ന് വയ്ക്കാത്ത ചില മുദ്രാവാക്യങ്ങരം ഇന്ന് വയ്ക്കേണ്ടി വരുന്നു. പിന്നോക്ക സമുദായത്തിൽ ഒരുവിഭാഗം സമ്പന്നൻമാർക്ക് ഈ സംവരണാനുകൂല്യം കൊടുക്കേണ്ടതില്ല. അതുകൂടെ ആ സമുദായത്തിൽ പെട്ട പാവപ്പെട്ടവർക്ക് കൊടുക്കണം. അപ്പോരം മറെറാരു പ്രശ്നം ഉയർന്നുവരുന്നു. ഒരു പ്രശ്നം ഉയർന്നുവരുമ്പോഴാണ് അതിന് പരിഹാരം നിർദ്ദേശിക്കേണ്ടിവരുന്നത്. അങ്ങനെ വരുമ്പോരം പാവപ്പെട്ടവരിൽ യോഗ്യതയുള്ളവർ ഇല്ലാതെവന്നാൽ അത് അവർക്ക് നഷ്ടപ്പെടും, സമുദായത്തിന് നഷ്ടപ്പെടും. സമുദായത്തിന് നഷ്ടപ്പെടാൻ പാടില്ല. അങ്ങിനെയായാൽ അത് ആ സമുദായത്തിൽപ്പെട്ട സമ്പന്നവിഭാഗത്തിൽപ്പെട്ട ആളുകരംക്ക് കിട്ടണം; അപ്പോരം ആ സമുദായത്തിന് കിട്ടും. ഇത് ഞങ്ങരം ഇപ്പോരം പറയുന്നതല്ല. ഇതാണ് ഈ പ്രമേയത്തിൽ പറയുന്നത്. 14-ാം പാർട്ടി കോൺഗ്രസ്സിൻെറ പ്രമേയത്തിൽ അച്ചടിച്ചു വന്നിട്ടുള്ളതാണ്. അങ്ങനെ കാലാനുസൃതമായിട്ടുള്ള കാര്യങ്ങരം ചെയ്ത് മുന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്ക് പിന്നോക്ക വിഭാഗത്തിൻെറ സംവരണ വിഹിതം എടുക്കാതെ തന്നെ 10 ശതമാനം പാവപ്പെട്ടവർക്ക് കൊടുക്കണം. മുന്നോക്ക-പിന്നോക്ക വിഭാഗത്തിൽപ്പെട്ട ആളുകരം ഇന്നത്തെ ബുദ്ധിമുട്ട് പരിഹരിക്കുന്നതിനും കോൺഗ്രസ്സിൻെറ ഭരണം അവസാനിപ്പിക്കുന്നതിനും ,ബി.ജെ.പി.-യുടെ വർഗ്ഗീയത അവസാനിപ്പിക്കുന്നതിനും തയ്യാറാകണം. ബി.ജെ.പി.-യുടെ വർഗ്ഗീയതയുടെ ബുദ്ധിമുട്ട് അനുഭവിക്കുന്ന വിവരം ഹാജിയാർ ഇവിടെ പറഞ്ഞു. അത്തരം കാര്യങ്ങരംക്കുവേണ്ടി യോജിച്ച് പ്രസ്ഥാനം ശക്തിപ്പെടുമെങ്കിൽ പിന്നോക്ക-മുന്നോക്ക വിഭാഗത്തിലെ പാവപ്പെട്ടവരുടെ സമരശക്തി വളർത്തിക്കൊണ്ടുവരണം. ഞങ്ങരം ഇപ്പോരം ചെയ്യാൻ പോകുന്നത് മാർച്ച് 16-ാം തീയതി മുതൽ അഖിലേന്ത്യാ വ്യാപകമായ സമരത്തിൻെറ ഭാഗമായി കേരളത്തിൽ സമരം നടത്താൻ പോവുകയാണ്. ഗാട്ട് നിർദ്ദേശങ്ങരം, പുതിയ സാമ്പത്തിക നയം ഇതിനെല്ലാം എതിരായി അതിശക്തമായ സമരം നടത്താൻ പോവുകയാണ്. അങ്ങനെ ഞങ്ങരം നമ്മുടെ അഭിപ്രായ വ്യത്യാസം നിലനിർത്തിക്കൊണ്ട് അടിസ്ഥാനപ്രശ്നങ്ങളിലുള്ള യോജിപ്പിൻെറ അടിസ്ഥാനത്തിൽ ശക്തിയായി സമരം ചെയ്യാനാണ് പോകുന്നത്. നിങ്ങരം എന്ത് സമരമാണ് നടത്താൻ പോകുന്നത്? നിങ്ങരംക്ക് വോട്ട് ചെയ്തവരല്ലേ ഈ പാവപ്പെട്ടവർ? കാർഷിക ഉൽപ്പന്നങ്ങളുടെ വിലയിടിവും വ്യവസായ തകർച്ചയും അതുപോലെതന്നെ എല്ലാ ബുദ്ധിമുട്ടുകളും അനുഭവിക്കുന്നത് ഇവരല്ലേ? ഇതെല്ലാം ഒന്നിനൊന്ന് വർദ്ധിച്ചുവരികയല്ലേ? ശ്രീമതി റോസക്കുട്ടി തുടങ്ങിയവർ ഇവിടെ പ്രസംഗിച്ചപ്പോരം തകർപ്പനായിരിക്കുന്നു എന്നു പറഞ്ഞു. കൊച്ചി രാജ്യത്ത് ഈ മഹാരാജാവിൻെറ

LIBRARY ARCHIVES Kerala Legislative Assembly

കാലത്താണ് വടവൃക്ഷങ്ങൾ വളർന്നതും തെങ്ങുകൾ കായ്ക്കാൻ തുടങ്ങിയതും തേങ്ങയ്ക്കകത്ത് ദൈവത്തിന്റെ വകയായ വെള്ളം ഉണ്ടായതും എന്ന് പ്രസംഗിച്ചിട്ട് വല്ല കാര്യവുമുണ്ടോ? നിങ്ങൾക്ക് നിങ്ങളുടെ നാട്ടിലും വീട്ടിലും ചെന്നാൽ അറിയില്ലേ? ഈ വസ്തുത പറയുമ്പോൾ യാഥാർത്ഥ്യ ബോധത്തോടുകൂടി അത് കണ്ടുകൊണ്ട് നിൽക്കേണ്ട കാര്യത്തിൽ ഒററക്കെട്ടായിനിന്ന് കേന്ദ്രത്തിന്റെ ഭാഗത്തുനിന്ന് വാങ്ങേണ്ടത് വാങ്ങണം. കേന്ദ്രം തരാതിരുന്നാൽ—തരാതിരിക്കുന്നതിന്റെ പിന്നിൽ കേന്ദ്രത്തിന് ഒരു നയമുണ്ട്—ആ നയത്തിനെതിരായി പോരാടിയാലേ കേരളത്തിന് രക്ഷയുളളൂ. ഗാട്ട് കരാറും മററും മറേറത് സംസ്ഥാനത്തേക്കാൾ കൂടുതൽ കേരളത്തിലെ സമ്പദ്‌വ്യവസ്ഥയെയാണ് തകർക്കുന്നത്. സബ്സിഡി എടുത്തുകളഞ്ഞു; മാർക്കററിൽ പ്രവേശനം ഇല്ലാതാക്കി. ഇവിടെ വിദ്യുച്ഛക്തിക്കു വില വർദ്ധിപ്പിക്കാൻ സാധിക്കുമോ? വിദ്യുച്ഛക്തി ചാർജ് വർദ്ധിപ്പിക്കണം എന്നല്ലേ കേന്ദ്ര നിർദ്ദേശം? ഇതിനെല്ലാമെതിരായി ഒരുമിച്ചു നിൽക്കണം. അല്ലാതെ നിങ്ങൾ ഞങ്ങളുടെ പാർട്ടിയിലേക്ക് വരണമെന്ന് പറയില്ല. ഞങ്ങൾ അങ്ങോട്ടും വരുന്നില്ല. ഓരോ പാർട്ടിയിലെയും അഭിപ്രായങ്ങളിൽ അടിയുറച്ചുനിന്നുകൊണ്ടുതന്നെ പൊതുവായി യോജിക്കാൻ കഴിയണം. അല്ലെങ്കിൽ ഭിന്നവേദികളിൽ ഓരോരുത്തരും പറയുന്ന കാര്യങ്ങളിൽ യോജിച്ചുനിൽക്കണം. അതിനും നിങ്ങൾ തയ്യാറല്ല. തയ്യാറാകാത്തതിന്റെ വിമ്മിഷ്ടം അനുഭവിക്കുന്ന ശ്രീ. ഉമ്മൻചാണ്ടിയും സ്നേഹിതൻമാരും തയ്യാറല്ല. ശൈലി മാററാൻ പററില്ല എന്ന് പറയുകയാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: അങ്ങ് ഇപ്പോൾ ഗാട്ട് കരാറിനെ കുറിച്ചും സാമ്പത്തിക നയങ്ങളെക്കുറിച്ചും പറഞ്ഞല്ലോ. ഇന്നത്തെ ദേശാഭിമാനി പത്രത്തിലും ഇന്നലത്തെ ഹിന്ദു പത്രത്തിലും പശ്ചിമ ബംഗാൾ മുഖ്യമന്ത്രി ശ്രീ. ജോതിബാസു ചേംബർ ഓഫ് കോമേഴ്സിൽ പ്രസംഗിച്ച ഒരു പ്രസംഗമുണ്ട്. ആ പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞത് കേന്ദ്ര ഗവൺമെൻറിന്റെ പുതിയ സാമ്പത്തിക നയത്തിലെ നല്ല വശങ്ങൾ ഉൾക്കൊണ്ടുകൊണ്ട് റീ-സ്ട്രക്ചറിംഗിനുവേണ്ടി പശ്ചിമബംഗാൾ മുന്നോട്ടുപോകുന്നു എന്നാണ്. ആ പോയിൻറിൽ എങ്കിലും യോജിക്കാൻ അങ്ങയും അങ്ങയുടെ പാർട്ടിയും കേരളത്തിൽ തയ്യാറാണോ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ശ്രീ. ജ്യോതിബാസു പോളിററ് ബ്യൂറോ മെമ്പറും ഞങ്ങൾ പി. സി. മെമ്പറും ആണ്. ഞങ്ങളെല്ലാം ഒരുമിച്ചിരുന്ന് പാസ്സാക്കിയ നയത്തിന്റെ അടിസ്ഥാനത്തിലാണ്. ഏതെങ്കിലും പത്രത്തിൽ അതിലുണ്ട് ഇതിലുണ്ട് എന്ന് പറഞ്ഞിട്ട് കാര്യമില്ല. കേന്ദ്രം ഗാട്ട് കരാറിലെ വ്യവസ്ഥകൾക്ക് കീഴടങ്ങാതെ നിന്നാൽ ഞങ്ങൾ അതിനെ സപ്പോർട്ട് ചെയ്യും. അതുകൊണ്ടാണ് നെഹ്റുവിന്റെ വിദേശനയത്തെ സപ്പോർട്ട് ചെയ്തത്. അതിനെ മുഴുവൻ കളഞ്ഞുകുളിച്ച് തകർക്കുന്നവരുടെ കൂടെ നിങ്ങൾ എന്തിനാണ് പോയത്? ശ്രീ. സുധീരൻ കുറെ കാര്യങ്ങൾ പറഞ്ഞു. ഇപ്പോൾ നിങ്ങളുടെ കൂട്ടത്തിൽ ശ്രീ. സുധീരനെ കിട്ടില്ല. സമ്മർദ്ദതന്ത്രം ഉപയോഗിച്ച്, അങ്ങനെ ഇടയ്ക്കൊന്ന് സുധീരനുമായി യോജിച്ചല്ലോ മി. രാധാകൃഷ്ണൻ. ആ യോജിപ്പ് കുറെക്കാലം തുടർന്നിട്ടും രക്ഷയില്ലെന്നു വന്നു. ഇനി ഇങ്ങനെ ഇരുന്നാൽ പോര എന്നുള്ള രീതിയിൽ ഇപ്പോൾ പറയാൻ തുടങ്ങിയിരിക്കുകയാണ്. അത് ഇനി

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞാൽ മതിയോ? ജനങ്ങളുടെ താൽപ്പര്യത്തിന്റെ കാര്യത്തിൽ കേന്ദ്രം എടുക്കുന്ന നയത്തിനെതിരായി, ആ നയത്തെ അനുകൂലിച്ചുകൊണ്ട് കിട്ടാത്തതുകിട്ടി എന്നു പറയുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നയത്തിനെതിരായി, മുഖ്യമന്ത്രിയും കൂട്ടരും നടത്തുന്ന അഴിമതിക്കെതിരായി പോരാടാൻ നിങ്ങൾ തയ്യാറാണോ? അതാണ് ഈ രാജ്യത്തെ ജനങ്ങൾ ഇന്ന് ആഗ്രഹിക്കുന്ന കാര്യം. അതിനുവേണ്ടി നിൽക്കാതെ നിങ്ങൾ പ്രസംഗിച്ചത് എന്താണ്? ഗാട്ട് കരാറിനെപ്പററി പറയുമ്പോൾ ചൈന അംഗീകരിച്ചു എന്നു പറയുന്നു. ചൈന 1948-ൽ അംഗീകരിച്ചു; പിന്നെ മാറി. ചൈന പറഞ്ഞു ഞങ്ങളുടെ വ്യവസ്ഥയിൽ ഗാട്ട് കരാറിൽ വരാൻ ഞങ്ങൾ തയ്യാറാണ് എന്ന്. ഇവിടെ അവരുടെ വ്യവസ്ഥയിൽ വന്നു; അതാണ് കുഴപ്പം. ഇവിടെ കുഴപ്പം ഉണ്ട് എന്ന് പറയുമ്പോൾ കുഴപ്പം അവിടെയില്ലേ എന്ന് പറഞ്ഞുകൊണ്ട് പോകരുത്. ഇവിടെ നിങ്ങൾ ഭരിക്കുന്നവരല്ലേ? ഭരിക്കുന്നവരുടെ കുഴപ്പം രാജ്യത്തെ എങ്ങനെ ബാധിക്കും എന്നുള്ളതുനോക്കി അതിനെതിരായുള്ള സമരത്തിന്റെ പാതയിലേക്കാണ് ഞങ്ങൾ നീങ്ങുന്നത്. ആ പാതയിലേക്ക് വരാതെ കേരളത്തിന് രക്ഷയില്ല. നമ്മുടെ മുഖ്യമന്ത്രിയുടെ കീഴിൽ അദ്ദേഹത്തിന്റെ വിദഗ്ദ്ധോപദേശത്തിന്റെ കീഴിൽ, വിദഗ്ദ്ധം എന്നുവച്ചാൽ ''ഈ കേരളം രക്ഷപ്പെടുകയില്ല'' എന്നാണ്. ഇവിടെ പലരും മുഴക്കിയിട്ടുള്ള രണ്ട് മുദ്രാവാക്യങ്ങൾ ഒന്ന് ഇടതുപക്ഷ ജനാധിപത്യമുന്നണി പാസ്സാക്കിയ പ്രമേയത്തിൽ ഇപ്പോൾ വന്നു. മുഖ്യമന്ത്രിയുടെയും കുടുംബത്തിന്റെയും സ്വത്തിനെപ്പററി അന്വേഷിക്കണം. കോഴിക്കോട് പ്രമേയം വന്നതിനുശേഷമാണ് ഞങ്ങൾ ഈ മുദ്രാവാക്യം എടുക്കുന്നത്. ആ സ്വത്തുക്കളെപ്പററി അന്വേഷിക്കാൻ ഏർപ്പാടുണ്ടാക്കണം. നിങ്ങളുടെ പാർട്ടിയിൽപ്പെട്ട ആളുകൾക്കും അപകടകാരിയായിത്തീർന്നിട്ടുള്ള മുഖ്യമന്ത്രി രാജിവയ്ക്കണം. അതിനുവേണ്ടിയുള്ള പോരാട്ടം ഈ സംസ്ഥാനത്തിൽ ഉയർന്നുവരും എന്നുള്ള കാര്യത്തിൽ സംശയമില്ല. പിന്നെ അഹങ്കാരം മൂത്തുവരുന്ന ഒരു സ്ഥിതിയിലേക്ക് നിങ്ങൾ എത്തി.

എന്റെ സ്നേഹിതൻ ശ്രീ. സി. വി. പത്മരാജനിൽനിന്നും ഇന്നു ഞാൻ തീരെ പ്രതീക്ഷിച്ചതല്ല ഉണ്ടായത്. നിങ്ങൾ തമ്മിൽ നാട്ടുകാരായിരിക്കാം, നാട്ടുകാരാകുമ്പോൾ കുടുതൽ അടുക്കേണ്ട ആളുകളല്ലേ? ആ സമയത്ത് ഞാൻ ഇവിടെ ഉണ്ടായിരുന്നു. ശ്രീ. ബേബിജോൺ സംസാരിച്ചപ്പോൾ ശ്രീ. പത്മരാജൻ അവിടെയിരുന്ന് വലിയ ദേഷ്യം കാണിച്ചു. ദേഷ്യപ്പെട്ടിട്ട് കാര്യമുണ്ടായിരുന്നില്ല. ഞാനിവിടെയിരുന്ന് ചോദിച്ചു, എന്താണ് ഇങ്ങനെയെന്ന്. പ്രതിപക്ഷം പറഞ്ഞതിനോട് ഒരു സഹിഷ്ണുതാപരമായ സമീപനം, സമചിത്തമായ സമീപനം അംഗീകരിക്കാൻ അസാദ്ധ്യമാകുന്ന രൂപത്തിലേയ്ക്ക് നമ്മൾ എത്തി. അപ്രമാദിത്വം നമ്മുടെ മുഖ്യമന്ത്രിയെ ബാധിച്ചിട്ടുള്ള കാര്യമാണ്, എന്നെക്കാൾ വലിയ ഒരാളുണ്ടോ, കേന്ദ്രത്തിലും ഞാൻ ലീഡർ, രാജ്യത്താകെ ലീഡർ, പക്ഷേ പാർട്ടിയിൽ മാത്രം ഇപ്പോൾ ലീഡറല്ല, എം. എൽ. എ.-മാരായ ഇത്രയും പേർ ഒരുമിച്ച് പറയുന്നതാണ്. അതുകൊണ്ട് അഹങ്കാരം തുടങ്ങിയ കാര്യങ്ങളെല്ലാം ഉപേക്ഷിച്ച് രാജ്യത്തെ പൊതുവായിട്ടുള്ള ജനങ്ങളുടെ താൽപര്യങ്ങൾക്കുവേണ്ടി നിങ്ങൾ ഭരണം നടത്തുന്നതിൽ പരാജയപ്പെട്ടിരിക്കുന്നു. അതുകൊണ്ട് നിങ്ങൾ രാജിവച്ച് ജനവിധി തേടണം. അതിനുമുമ്പ് മുഖ്യമന്ത്രിയുടേ സ്വത്തിനേക്കുറിച്ച് അന്വേഷി

ക്കാനുള്ള സംവിധാനമുണ്ടാക്കണം, അതിന് ഇപ്പോൾ അഭിപ്രായവ്യത്യാസത്തിൽ നിൽക്കുന്ന ആളുകൾ തയ്യാറുണ്ടോ, എന്നാൽ രാജ്യത്തെ ജനങ്ങൾ നിങ്ങളുടെ കൂടെയുണ്ടാകും. ഞാൻ ഈ ഉപധനാഭ്യർത്ഥനയെ എതിർക്കുന്നു.

വിദ്യുച്ഛക്തിയും കയറും വകുപ്പുമന്ത്രി (ശ്രീ. സി. വി. പത്മരാജൻ): സർ, ഈ ഉപധനാഭ്യർത്ഥനകളെക്കുറിച്ച് നടന്ന ചർച്ചകളിൽ ഉയർന്നുവന്ന അഭിപ്രായഗതികൾ വളരെ ശ്രദ്ധയോടുകൂടി ഞാൻ കേൾക്കുകയായിരുന്നു. നമ്മുടെ സംസ്ഥാനത്തെ അടിസ്ഥാനപരമായ ചില പ്രശ്നങ്ങളെ സംബന്ധിച്ച് ഇവിടെ ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി പറഞ്ഞിട്ടുള്ള ചില കാര്യങ്ങളുണ്ട്. അദ്ദേഹം പറഞ്ഞത് ഇന്ന് റവന്യൂ എക്സ്പെൻറിച്ചർ റവന്യൂ റെസീററ്സിനെക്കാൾ കൂടുതൽ വരുന്നു എന്നാണ്. നമ്മുടെ സംസ്ഥാനത്ത് പലപ്പോഴും നമുക്ക് അനുഭവപ്പെട്ടിട്ടുള്ളതും സഭയിൽ സമ്മതിച്ചിട്ടുള്ളതുമായ കാര്യമാണ്. നോൺപ്ലാൻ എക്സ്പെൻറിച്ചറും റവന്യൂ എക്സ്പെൻറിച്ചറും വർദ്ധിക്കുകയും റവന്യൂ റസീററ്സ് അതിന് ആനുപാതികമായിട്ട് വളരാതിരിക്കുകയും ചെയ്യുന്ന ഒരു സാഹചര്യമുണ്ട്. ബഹുമാനപ്പെട്ട ടി. കെ. രാമകൃഷ്ണൻ പറഞ്ഞത്, സപ്ലിമെൻററി ഗ്രാൻറ് അവതരിപ്പിച്ചപ്പോൾ ഒറിജിനൽ ഡിമാൻറിൽ ഉൾക്കൊള്ളിക്കാൻ കഴിയുമായിരുന്ന കാര്യം ഉൾക്കൊള്ളിക്കാൻ കഴിയാതെ മനഃപൂർവ്വം മാററിവച്ചു എന്നാണ്. അത് ശരിയല്ല. എല്ലാ കാലഘട്ടങ്ങളിലും സപ്ലിമെൻററി ഗ്രാൻറ്സ് അവതരിപ്പിക്കാറുണ്ട്. അങ്ങനെ സപ്ലിമെൻററി ഗ്രാൻറ് അവതരിപ്പിക്കുമ്പോൾ, സ്വാഭാവികമായും പാസ്സാക്കുമ്പോൾ കമ്മി കുറച്ച് വർദ്ധിക്കുകയും ചെയ്യും. ഇപ്രാവശ്യവും കമ്മിവർദ്ധനവ് ഉണ്ടാകും. കഴിഞ്ഞവർഷം ചെയ്തതുപോലെ ഈ കമ്മി എപ്പോഴും നമ്മുടെ പ്ലാൻ പരിപാടിയെ ബാധിക്കാത്ത രീതിയിൽ വളരെ ചെലവു ചുരുക്കി കൂടുതൽ പ്ലാനിനു വേണ്ടി ചെലവഴിച്ച് നല്ല രീതിയിൽ ഫിനാൻസ് മാനേജ് ചെയ്ത് മുന്നോട്ടു പോകണമെന്നാണ് ഗവൺമെൻറ് ഉദ്ദേശിക്കുന്നത്. ഇക്കാര്യത്തിൽ എല്ലാവരുടേയും സഹകരണം ഉണ്ടാകണം എന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ബഡ്ജററിനെ സംബന്ധിച്ചും ഗ്രാൻറിനെ സംബന്ധിച്ചും ചില പരാമർശനങ്ങൾമാത്രം ചൂണ്ടിക്കാണിക്കുകയുണ്ടായി. ഇന്നു രാവിലെ ശ്രീ. വർക്കല രാധാകൃഷ്ണനും ശ്രീ. കെ. പ്രകാശ് ബാബുവും മററു ചില മെമ്പർമാരും ചില പ്രശ്നങ്ങൾ ഉന്നയിച്ചപ്പോൾ അതിനെക്കുറിച്ച് ചില വിശദാംശങ്ങൾ അപ്പോൾത്തന്നെ മറുപടിയായി പറയേണ്ടിവന്നു. ഇവിടെ സപ്ലിമെൻററി ഗ്രാൻറ് അവതരിപ്പിച്ചതിനെ സംബന്ധിച്ചും കണ്ടിൻജൻസി ഫണ്ടിൽനിന്നും ചെലവഴിച്ചതിനെ സംബന്ധിച്ചുമുള്ള തത്വങ്ങളെക്കുറിച്ച് ചിലർ വ്യാഖ്യാനിക്കുകയുണ്ടായി. വ്യാഖ്യാനങ്ങളിൽ എനിക്ക് തർക്കമൊന്നുമില്ല- പക്ഷേ ഒരു ഭാഗം മറന്നാണ് അത് ചെയ്യുന്നത് "Contingency Fund has been created under Article 267 of the Constitution and is in the nature of an imprest placed at the disposal of the Governor to enable him to make advances for meeting unforeseen, but unavoidable expenditure" ......അടുത്ത വാചകത്തിൽ പറയുന്നുണ്ട്, "........It may sometimes become necessary in the course of the year to incur expenditure over and above the amount already authorised by the Legislature for a particular service or of a new service" എന്നാണ്. സാധാരണ ഗതിയിൽ അൺഫോർസീൻ, അൺഅവോയ്ഡബിൾ എക്സ്പെൻറിച്ചർ

LIBRARY ARCHIVES Kerala Legislative Assembly

എന്നുപറയുന്നത് നാചാറൽ കലാമിററിയോ മററു കാര്യങ്ങളോ അല്ല ബഡ്ജററ് അവതരിപ്പിച്ചപ്പോരം ഇല്ലാതിരുന്ന ഒരു പരിപാടിക്ക് അടുത്ത നിയമസഭ കൂടുന്നതിനുമുമ്പ് പണം കണ്ടെത്തുന്നതിനുവേണ്ടിയുള്ള ചെലവാണ്. അതിനകത്ത് യാതൊരു ക്രമക്കേടും നടന്നിട്ടില്ലെന്ന് ചൂണ്ടി കാണിക്കുകയാണ്. രണ്ട് കാര്യങ്ങളാണ് ഇവിടെ ചൂണ്ടിക്കാണിച്ചത്. ഒന്ന് Trichur Paddy Marketing and Processing Co-operative Society to set up a modern rice mill-നുവേണ്ടി ഒരു കോടിയിൽപ്പരം രൂപ കണ്ടിൻജൻസി ഫണ്ടിൽ നിന്നും എടുത്തുകൊടുത്ത കാര്യം പലപ്രാവശ്യം ഇവിടെ ആവർത്തിച്ചാവർത്തിച്ച് ഉന്നയിക്കുകയുണ്ടായി. അതിനെക്കുറിച്ച് കൃഷിവകുപ്പുമന്ത്രിയും ബന്ധപ്പെട്ട മന്ത്രിമാരും ഉത്തരം പറഞ്ഞിട്ടുള്ള താണ്. ആവർത്തിച്ചാവർത്തിച്ച് സഭയിൽ പറഞ്ഞാൽ പിന്നെ അത് പറയേണ്ടകാര്യമില്ല. ഇന്നൊരു പുതിയ പോയിൻറ് അതിനെക്കുറിച്ച് ഉന്ന യിക്കുകയുണ്ടായി. ഈ തുക അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് അക്കൗണ്ടൻറ് ജനറലിന് അയച്ചുകൊടുത്തിട്ടില്ലെന്നായിരുന്നു പുതിയ പോയിൻറ്. അത് അപ്പോരംത്തന്നെ ഞാൻ വെരിഫൈ ചെയ്തു. അത് ശരിയല്ല. യഥാസമയം ഉത്തരവിൻെറ പകർപ്പ് അക്കൗണ്ടൻറ് ജനറലിന് അയച്ചുകൊടുത്തിട്ടുണ്ട്. വേറൊരുകാര്യത്തെക്കുറിച്ച് ഇവിടെ പറഞ്ഞത്, എനിക്കു മനസ്സിലായിടത്തോളം, ആ പ്രോജക്ട് കാർഷിക മേഖലയിൽ പ്രഖ്യാപിച്ചതാണ്; അത് വളരെ വേഗം പൂർത്തിയായിക്കൊണ്ടിരിക്കു കയാണ്. വേറൊരുകാര്യം ശ്രീ. രാഘവൻ ഉന്നയിച്ചത് സിവിൽ സപ്ലൈസ് വകുപ്പിനുവേണ്ടി സോഷ്യൽ വെൽഫയറിലേയും ഹരിജൻ വെൽഫയറി ലേയും പണം എടുത്തു ചെലവാക്കിയെന്നാണ്. അതിന് വിശദീകരണം നൽകിയെങ്കിലും ആ വിശദീകരണം ബോദ്ധ്യപ്പെടുത്താൻ കഴിയാതെ പോയതുകൊണ്ട് വീണ്ടും ബഹുമാനപ്പെട്ട ഹംസ അതാവർത്തിക്കുകയും ചെയ്തു. എനിക്ക് അതിനെക്കുറിച്ച് ഒരു കാര്യമേ പറയാനുള്ളു. സപ്ലിമെൻററി ഡിമാൻറ്സ് ഫോർ ഗ്രാൻറ്സ് എന്നുള്ള പുസ്തകം എല്ലാവരുടേയും കൈവശമുണ്ട്. അതിൻെറ 22-ാമത്തെ പേജിൽ ഡിമാൻറ് 25-നു ശേഷം താഴെയായിട്ട് സപ്ലിമെൻററി എസ്ററിമേററ് എല്ലാം കഴിഞ്ഞിട്ട് 3456-ൽ സിവിൽ സപ്ലൈസിനുവേണ്ടിയുള്ള എക്സ് പെൻറിച്ചർ അതിലാണ് കൊടുത്തിരിക്കുന്നത്. ആ കോമ്പിനേഷൻ കൊടു ത്തപ്പോരം തെററായിരിക്കാം, ചിലപ്പോരം ബുദ്ധിമുട്ടുണ്ടാക്കുന്നതാ യിരിക്കാം. അതിലാണ് സിവിൽ സപ്ലൈസ്സിൻെറ ഡയറക്ഷൻ ആൻറ് അഡ്മിനിസ്ട്രേഷൻ. സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെൻറിൻെറ ഓഫീസ് എക്സ്പെൻറിച്ചർ ആണ് പത്തുലക്ഷം രൂപ ചെലവാക്കിയിരി ക്കുന്നത്. 30-ാമത്തെ ധനാഭ്യർത്ഥന ഫുഡ്ഡിനെ സംബന്ധിച്ചുള്ള താണ്. അതിലാണ് ബാക്കി ചെലവാക്കിയിരിക്കുന്നത്. അത് സംബ ന്ധിച്ച് ശ്രീ. അഗസ്തി സംസാരിച്ചപ്പോരം വിശദീകരിക്കുകയുണ്ടായി. അതിന് കാരണം കൂടി പറഞ്ഞിട്ടുണ്ട്. മാവേലിസ്റേറാറുകളിൽനിന്നും കൂടുതലായിട്ട് തുകയെടുത്ത് വിതരണം നടത്തുന്നതിനാവശ്യമായ വാഹനം വേണമെന്നുള്ളതാണ്, ഈ പ്രശ്നങ്ങരം ഫുഡ് ആൻറ് സിവിൽ സപ്ലൈസ് വകുപ്പിൻെറ ധനാഭ്യർത്ഥനയുടെ ചർച്ചാ വേളയിൽ ചർച്ച ചെയ്തിട്ടുള്ളതാണ്. സാധാരണഗതിയിൽ ബഡ്ജററിൽ പണമില്ലാത്തതു കൊണ്ട് അടുത്ത നിയമസഭവരെ കാത്തിരിക്കാതെ, പൊതുതാൽപര്യത്തിനു വേണ്ടി ആവശ്യമാണെന്നുകണ്ടുകൊണ്ട് മന്ത്രിസഭയുടെ തീരുമാനത്തോടു കൂടി ന്യൂസർവ്വീസ് പ്രൊസീഡുവറിൽ ഉരംപ്പെടുത്തി കണ്ടിൻജൻസി ഫണ്ടിൽനിന്നും ചെലവാക്കുകയും അത് സഭയിൽ അവതരിപ്പിക്കുകയു മാണ് ചെയ്തിട്ടുള്ളത്. അതിൽ ക്രമക്കേടൊന്നുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. രാമകൃഷ്ണൻ പറഞ്ഞതുപോലെ മനഃപൂർവ്വം കാണിക്കുന്ന കൃത്രിമമൊന്നുമില്ല. എല്ലാഭരണകാലത്തും സപ്ലിമെൻററി ഡിമാൻറ് അവതരിപ്പിക്കാറുണ്ട്. അതനുസരിച്ച് കമ്മി കൂടാറുണ്ട്. ഇടയ്ക്കിടയ്ക്ക് വരുന്ന ചെലവുകൾക്ക് അനുസരിച്ച് കൂടാറുണ്ട്. ചില കാര്യങ്ങൾ കൂടി പറയാനാഗ്രഹിക്കുന്നു ഒന്ന്, പ്രതിമകൾക്ക് അനുവദിക്കുന്ന തുകയുടെ കാര്യത്തെക്കുറിച്ചാണ് സദുദ്ദേശപരമായ സമീപനമാണോയെന്നെനിക്ക് സംശയമുണ്ട്. ശ്രീ. സി. കേശവന്റെ പ്രതിമയ്ക്കുവേണ്ടി രണ്ടു ലക്ഷം രൂപയും ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോന്റെ പ്രതിമയ്ക്കുവേണ്ടി രണ്ടു ലക്ഷം രൂപയും സ്വാതന്ത്ര്യസമരസേനാനിയായിരുന്ന ശ്രീ. കെ. കെ. കുഞ്ചുപിള്ളയുടെ പ്രതിമയ്ക്കുവേണ്ടി രണ്ടു ലക്ഷം രൂപയും കൊടുത്തപ്പോൾ ശ്രീ. മന്നത്തു പത്മനാഭന്റെ പ്രതിമയ്ക്കുവേണ്ടി ഏഴു ലക്ഷം രൂപ കൊടുത്തത് ശരിയാണോയെന്ന് ചോദിച്ചു. ഈ തുകയെല്ലാം അനുവദിച്ചപ്പോൾ ഈ പ്രതിമകൾ സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള കമ്മിററി രൂപീകരിച്ച് അവരുടെ റിക്വസ്ററ് അനുസരിച്ചാണ് കൊടുത്തത്. ഇതിനകത്തെന്തെങ്കിലും മാററം വരുത്തണമെങ്കിൽ, ഏതെങ്കിലും പ്രതിമയ്ക്ക് തുക പോരാതെ വരുന്നുവെങ്കിൽ ആ കമ്മിററി വീണ്ടും അഭ്യർത്ഥിച്ചാൽ കൊടുക്കാവുന്നതേയുള്ളു. ശ്രീ. കേശവനോടോ, ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോനോടോ, ശ്രീ. കെ. കെ. കുഞ്ചുപിള്ളയോടോ യാതൊരുവിധ അനാദരവിന്റെ പ്രശ്നമില്ല. ജനങ്ങളെ തെററിദ്ധരിപ്പിക്കാൻവേണ്ടി, വളരെ ലോലമായ വികാരങ്ങളെ ഇളക്കിവിടാനുള്ള മാർഗ്ഗമായിട്ട് ഇതിനെ ഉപയോഗിക്കുന്നത് ശരിയല്ലെന്നാണ് എനിക്ക് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്. ശ്രീ.സി. കേശവൻ ഒരു കോൺഗ്രസ്സ് നേതാവായിരുന്നു, ആ രീതിയിൽ അദ്ദേഹത്തെ ഞങ്ങൾ അംഗീകരിക്കുന്നു. അതുപോലെതന്നെ ശ്രീ. കെ. കെ. കുഞ്ചുപിള്ള ഒരു വലിയ സ്വാതന്ത്ര്യസമരസേനാനിയായിരുന്നു. അദ്ദേഹത്തിന്റെ നൂറാം ജൻമവാർഷികം ആചരിക്കാൻ പോകുകയാണ്. ഓരോ കമ്മിററികളും ആവശ്യപ്പെട്ട തുക കൊടുത്തിട്ടുണ്ട്. ശ്രീ. മന്നത്തുപത്മനാഭന്റെ പ്രതിമ വൈക്കം സത്യാഗ്രഹത്തോടനുബന്ധിച്ച് വൈക്കത്ത് സ്ഥാപിക്കുന്നതിനുവേണ്ടി 7 ലക്ഷം രൂപ ആവശ്യപ്പെട്ടു, അത് കൊടുക്കുകയും ചെയ്തു. പിന്നെ ഇവിടെ ഫുഡിനെക്കുറിച്ച് ഡോ. കെ. സി. ജോസഫ് പറഞ്ഞു. അതിനെക്കുറിച്ച് വളരെ വിശദമായിട്ട് ചർച്ച നടത്തിയതാണ്. വെള്ളപ്പൊക്ക ദുരിതാശ്വാസത്തിന് കിട്ടിയ ധനസഹായം അപര്യാപ്തമാണെന്ന് അഭിപ്രായപ്പെട്ടു. അതിനെക്കുറിച്ച് വിശദമായ ചർച്ച നടന്നിട്ടുണ്ട്. അതുകൊണ്ട് ആവർത്തിക്കാനാഗ്രഹിക്കുന്നില്ല. ഇവിടെ ബഹുമാനപ്പെട്ട ബേബിജോൺ ആവർത്തനവിരസമായ രണ്ടു കാര്യങ്ങൾ പറഞ്ഞു. മുമ്പിവിടെ എല്ലാവരെക്കൊണ്ടും പറയിച്ചു. അപ്രോപ്രിയേഷൻ ബില്ലിന്റെ ചർച്ചാവേളയിൽ പറഞ്ഞു, അടുത്ത ദിവസവും പറഞ്ഞു, ഇന്നും പറഞ്ഞു. അദ്ദേഹം പറഞ്ഞത്, ബ്രഹ്മപുരം പ്രോജക്ടിനെക്കുറിച്ചാണ്. അതിനെക്കുറിച്ച് ഞാൻ അന്വേഷിച്ചു. അത് വിദ്യുച്ഛക്തി ബോർഡിന്റെ തീരുമാനമാണ്, ഗവൺമെൻറിന് അതിൽ പങ്കില്ല. എനിക്ക് വ്യക്തിപരമായിട്ട് പങ്കില്ല; ഗവൺമെൻറിന് അതിൽ പങ്കെടുക്കാൻ ഒക്കുകയുമില്ല.

ശ്രീ. ബേബിജോൺ: നിങ്ങൾക്ക് പങ്കുണ്ടെന്ന് ഞാൻ പറഞ്ഞില്ല.

ശ്രീ. സി. വി. പത്മരാജൻ: അങ്ങ് പറഞ്ഞു എന്നു ഞാൻ പറഞ്ഞില്ല. അങ്ങ് ഇക്കാര്യം രണ്ടുമൂന്നു പ്രാവശ്യം ആവർത്തിച്ചു. ഇന്ന് ബ്രഹ്മപുരം പ്രോജക്ടിനെ സംബന്ധിച്ച് വേറൊരു കാര്യം പറഞ്ഞു. ശ്രീ. ശിവദാസ മേനോനില്ലാത്തതുകൊണ്ട് ഞാൻ കൂടുതൽ അതിലേയ്ക്ക് കടക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

